ഗ്രന്ഥകാരപരിചയം

## ലിയോ ടൈറ്റസ് പനയ്ക്കൽ

**എ**റണാകുളത്തെ ഒരു യാഥാസ്ഥിതിക റോമൻ കാതലിക് കുടുംബത്തിൽ ജനിക്കുകയും പിന്നീട് പഠനാന്വേഷണങ്ങളിലൂടെ സനാതനധർമ്മം സ്വീകരിക്കുകയും ചെയ്തയാൾ; മതാന്തരനാമധേയം കാർത്തിക് ശിവകുമാർ.

പത്രപ്രവർത്തകനും സ്വതന്ത്ര സാംസ്കാരികചിന്തകനും റോയിട്ടേഴ്സ് കറസ്പോണ്ടന്റുമായിരുന്ന ലിയോ പനക്കലിന്റെയും ജാനറ്റ് പനയ്ക്കലിന്റെയും പുത്രൻ. എറണാകുളം ചാത്തിയാത്ത് സെന്റ് ജോസഫ്സ് ഹൈസ്കൂളിലെ പ്രധാന അധ്യാപകനായിരുന്ന ആന്റണി പനയ്ക്കൽ മുത്തശ്ശനാണ്. സ്കൂൾവിദ്യാഭ്യാസം ഫോർട്ട്കൊച്ചിയിലെ സാന്താക്രൂസ് ഹൈസ്കൂളിൽ. പിന്നീട് എറണാകുളം സെന്റ് ആൽബർട്സ് കോളേജിൽ പ്രീഡിഗ്രി പഠനശേഷം സ്വിറ്റ്സർലൻഡിൽ പ്രവാസ ജീവിതമാരംഭിച്ചു. കഴിഞ്ഞ 3 പതിറ്റാണ്ടുകളായി സ്വിറ്റ്സർലൻഡിൽ സ്ഥിരതാമസം. ഇടയ്ക്ക് അല്പകാലം ലണ്ടനിൽ കമ്പ്യൂട്ടർ (CCNA) പഠനവും നടത്തി.

സ്വപിതാവിന്റെ സ്വാധീനത്താൽ ബൈബിളിന്റെ ചരിത്രപരവും ദൈവശാസ്ത്രപരവുമായ പഠനങ്ങളിലും പാഠവിമർശനത്തിലും ആകൃഷ്ടനായി. കഴിഞ്ഞ 28 വർഷമായി ബൈബിൾപഠനങ്ങളും തദനുബന്ധമായ അന്വേഷണങ്ങളിലും വ്യാപൃതനായിരിക്കുന്നു. ഈ വിഷയത്തിൽ സാമൂഹ്യമാധ്യമരംഗങ്ങളിൽ നടക്കുന്ന അക്കാദമിക ചർച്ചകളിലും സംവാദങ്ങളിലും കേരളത്തിലും യൂറോപ്പിലും സജീവമായി പങ്കെടുക്കുന്നു.

*Malayalam/ Religious Studies*
**ANTHICHRISTHUVINTE SUVISHESHAM**
*by*
**Leo Titus Panackal (Karthik Sivakumar)**
*Published by*
Viswahindu Books, Kaloor, Kochi
*Published in*
October 2026
*Typesetting & Page Layout*
Jayasree/Mathangi Arts, Kochi
*Cover*
B.S. Sathyaraj
*Printed at*
Print Express, Ernakulam

©All rights are reserved
This book should not be reproduced or transmitted
in any form or by any means in whole or in part without prior written
permission from the publisher.

**Price: ₹ 280**

# അന്തിക്രിസ്തുവിന്റെ സുവിശേഷം

## യേശുവും ബൈബിളും വിമർശനാത്മകദൃഷ്ടിയിൽ

ലിയോ ടൈറ്റസ് പനയ്ക്കൽ

വിശ്വഹിന്ദു ബുക്സ്
കൊച്ചി – 17

# പ്രസാധകക്കുറിപ്പ്

**ഏ**റെ ഗൗരവത്തോടെയാണ് ഞങ്ങൾ '**അന്തിക്രിസ്തുവിന്റെ സുവിശേഷം**' എന്ന ഈ പുസ്തകം വായനക്കാർക്കു സമർപ്പിക്കുന്നത്. ഇത് ക്രിസ്തുവിനെയും ക്രിസ്തുമതത്തെയും ബൈബിളിനെയാകെത്തന്നെയും വിമർശനാത്മകമായ കാഴ്ചപ്പാടിൽ പരിശോധിക്കുന്ന മതവിമർശനഗ്രന്ഥമാണ്.

ജനാധിപത്യപരമായി എന്തിനെയും ഏതിനെയും വിമർശനാത്മകമായി പഠിക്കുവാനും അതേപ്പറ്റി എഴുതുവാനും ആശയസംവാദം നടത്തുവാനും പൗരന്മാർക്കവകാശമുള്ള ഈ നാട്ടിൽ ധാരാളം മതവിമർശനഗ്രന്ഥങ്ങൾ നിത്യേന പ്രകാശിതമാകുന്നുണ്ട്. ക്രിസ്തുമതവിമർശനങ്ങളും ധാരാളമായി പുറത്തുവരുന്നുണ്ട്. പിന്നെ എന്താണ് ഒരു ഹിന്ദുസാംസ്കാരികകൂട്ടായ്മ പ്രസിദ്ധീകരിക്കുന്ന ഈ പഠനഗ്രന്ഥത്തിന്റെ പ്രസക്തിയും പ്രത്യേകതയും?

ഒന്നാമതായി, ഇന്നു പുറത്തെത്തുന്ന ക്രിസ്തുമതവിമർശനങ്ങളിലേറെയും ഇസ്ലാമികപണ്ഡിതന്മാരുടേതാണ്. ഈ പഠനങ്ങളിലൂടെ അവർ ഏകപക്ഷീയമായി ശ്രമിക്കുന്നത് ഇസ്ലാമിനെ കലവറയില്ലാതെ പുകഴ്ത്താനും ക്രിസ്തുമതത്തെ അത്രത്തോളം ഇകഴ്ത്താനുമാണ്!

രണ്ടാമതു വിഭാഗം രചനകളുടെ പ്രത്യേകത, അവ പ്രസിദ്ധപ്പെടുത്തുന്നത് മതവിശ്വാസമില്ലാത്ത യുക്തിവാദികളാണ് എന്നതത്രെ. അവരുടെ ലക്ഷ്യം ശരിയായ ആധ്യാത്മികതയെ കണ്ടെത്തുക എന്നതിലുപരി കണ്ണടച്ചുള്ള ഈശ്വരനിഷേധമാണ്.

ഈ രണ്ടുതരം മതവിമർശനങ്ങളുടെയും പോരായ്മ ക്രൈസ്തവ ആധ്യാത്മികതയെ അതിന്റെ പ്രഭവസ്ഥാനമായ ബൈബിൾവച്ചുകൊണ്ടു പഠിക്കാൻ പരാജയപ്പെടുന്നു എന്നതാണ്. സത്യത്തിൽ മേൽപ്പറഞ്ഞ രണ്ടുകൂട്ടരുടെയും ലക്ഷ്യം ബൈബിൾനിഷേധം മാത്രമാണ്, പഠനമല്ല. നിഷേധിക്കാൻ വേണ്ടി മാത്രം പഠിക്കുന്നതും അവധാനതയോടെ പഠിച്ചിട്ട് നിഷേധിക്കുന്നതും തമ്മിൽ ഏറെ അന്തരമുണ്ടല്ലോ! ഇതുതന്നെയാണ് ഈ പുസ്തകത്തെ വ്യത്യസ്തമാക്കുന്നത്.

ഈ പഠനം നിർവ്വഹിച്ചിരിക്കുന്ന ശ്രീ ലിയോ ടൈറ്റസ് ഒരു യാഥാസ്ഥിതിക ക്രൈസ്തവകുടുംബത്തിൽ ജനിച്ച്, അഗാധമായ മതപഠന

ങ്ങൾക്കു ശേഷം തന്റേതായ ആധ്യാത്മികവഴി കണ്ടെത്തിയ ഒരാളാണ്. അങ്ങനെയൊരന്വേഷകന്, തന്റെ മതത്തിൽ താൻ കണ്ട പോരായ്മകളെന്തൊക്കെയാണെന്നു ലോകത്തോടു പറയാൻ ബാധ്യതയുണ്ട്. ആ ഉത്തരവാദിത്വം സധൈര്യം, സയുക്തികം ശ്രീ ലിയോ നിർവ്വഹിച്ചതിന്റെ വാഗ്‌രേഖയാണ് ഈ പുസ്തകം; അതുതന്നെ ഇതിന്റെ മഹത്വവും.

ഈ പുസ്തകം തയ്യാറാക്കി കേരളത്തിലെ പല പ്രമുഖ പ്രസാധകരെയും അദ്ദേഹം സമീപിച്ചുവത്രെ. കേരളത്തിലെ സവിശേഷമായ 'മതേതരപ്രഭാവം' കാരണം അവരാരും അതിനു തയ്യാറായില്ല! വിശ്വഹിന്ദു ബുക്സ് എഡിറ്റോറിയൽ പുസ്തകത്തിന്റെ അക്കാദമികമഹിമ തിരിച്ചറിഞ്ഞ് ഈ കൃത്യത്തിനു തയ്യാറാവുകയാണ് ചെയ്തത്.

ഈ പഠനത്തിൽ അന്യൂനമായ ഒരു നൂതനശൈലിയാണ് ഗ്രന്ഥകാരൻ സ്വീകരിച്ചിരിക്കുന്നത്. പല ദൈവശാസ്ത്രവിമർശകരെയും പോലെ ആധുനിക സയൻസിന്റെയോ, മറ്റ് ജ്ഞാനധാരകളുടെയോ വാദമുഖങ്ങൾ വച്ചല്ല ബൈബിളിനെ അദ്ദേഹം പഠിക്കുന്നത്; ബൈബിൾ വാക്യങ്ങൾ വച്ചുമാത്രമാണ്. അതെ, ഈ പഠനത്തിൽ ബൈബിൾ മാത്രമാണ് അദ്ദേഹത്തിന്റെ ഉപാദാനം. അതുകൊണ്ടുതന്നെ മലയാളത്തിലെ ഏറ്റവും മികച്ച ബൈബിൾവിമർശനഗ്രന്ഥങ്ങളിലൊന്നായി ഇതു മാറുന്നു.

അക്കാദമികമായും ജനാധിപത്യപരമായും മേന്മയുറ്റ ആശയസംവാദങ്ങൾക്കു വഴിവെക്കട്ടെ എന്നാഗ്രഹിച്ചുകൊണ്ട് ഈ കൃതി കൈരളിക്ക് സമർപ്പിക്കുന്നു.

കലൂർ-17<br>ഒക്ടോബർ 2, 2026

**എഡിറ്റർ**<br>വിശ്വഹിന്ദു ബുക്സ്

മുഖവുര

# പുസ്തകം വായിക്കാനെടുത്തവരോട് ഒരു വാക്ക്...

**ഈ** ലോകത്തെ ഗ്രസിച്ചിരിക്കുന്ന അർബുദമായ സെമിറ്റിക്ക്മതങ്ങളെ കുറിച്ചുള്ള തിരിച്ചറിവ് വായനക്കാർക്ക് നൽകുകയാണ് ഈ ഗ്രന്ഥത്തിന്റെ ആത്യന്തികമായ ലക്ഷ്യം.

ആയിരം വർഷങ്ങൾക്ക് മുന്നേ ലോകത്തിലെ ബഹുഭൂരിപക്ഷം മനുഷ്യരും ഭൂമി പരന്നാണ് ഇരിക്കുന്നത് എന്ന തെറ്റിദ്ധാരണയിൽ കഴിഞ്ഞിരുന്ന കാലഘട്ടത്തിൽ ഒരു മനുഷ്യൻ തന്റെ ബുദ്ധിസാമർത്ഥ്യത്താൽ ഭൂമി ഉരുണ്ടാണിരിക്കുന്നത് എന്ന് തിരിച്ചറിയുന്നു. പ്രസ്തുത അറിവ് തന്റെ സഹജീവികൾക്ക് പകർന്നു നൽകാൻ അദ്ദേഹം ന്യായമായും ശ്രമിക്കുന്നു. ദൃഷ്ടിഗോചരമായത് മാത്രമാണ് സത്യം എന്ന് കരുതുന്ന അവർക്കാകട്ടെ അയാളുടെ വാക്കുകളിലെ യുക്തി ഗ്രഹിക്കാൻ കഴിയുന്നില്ല. എന്നാൽനൂറ്റാണ്ടുകൾക്കിപ്പുറം ഭൂമി ഉരുണ്ടാണിരിക്കുന്നതെന്നയാൾ പറഞ്ഞത് തന്നെയായിരുന്നു സത്യമെന്ന് അയാളെ അംഗീകരിക്കാതിരുന്നവരുടെ പിൻതലമുറക്കാർക്ക് സമ്മതിക്കേണ്ടി വരുന്നു.

ചരിത്രത്തിൽ നിന്നും നാം പഠിക്കുന്ന പാഠം ചരിത്രത്തിൽ നിന്നും നാം പാഠം പഠിക്കുന്നില്ല (We learn from history that we do not learn from history) എന്നതാണെന്ന് വിൽഹെൽമ് ഫ്രഡറിക് എന്ന ജർമ്മൻ തത്വചിന്തകൻ പറഞ്ഞതായി കേട്ടിട്ടുണ്ട്.

ഭൂമി ഉരുണ്ടാണിരിക്കുന്നത് എന്നറിയാത്ത ധാരാളം മനുഷ്യർ ഇന്നും ഈ ഭൂമുഖത്ത് സന്തോഷമായി കഴിയുന്നുണ്ട്. ഭൂമി ഉരുണ്ടാണിരിക്കുന്നത് എന്ന അറിവ് എല്ലാ മനുഷ്യരെയും ബാധിക്കുന്ന കാര്യമല്ല എന്നാണ് ഇതിൽ നിന്നും വ്യക്തമാവുന്നത്. എന്നാൽ അതുപോലല്ല സെമിറ്റിക്ക് മതങ്ങളുടെ കാര്യം. സെമിറ്റിക്ക് മതങ്ങളായ യഹൂദ ക്രിസ്ത്യൻ ഇസ്ലാം മതങ്ങൾ ഉയർത്തുന്ന വെല്ലുവിളി ഈ ലോകത്തിലെ മനുഷ്യരെ മാത്രമല്ല ഭൂമിയിലെ സകല പ്രാണികളെയും ബാധിക്കുന്ന കാര്യമാണ്. ലോകാവസാനം സ്വപ്നം കണ്ടു കഴിയുന്ന, ഇരിക്കുന്ന കൊമ്പു മുറിക്കുന്ന ഭോഷന്മാരെ സൃഷ്ടിക്കുന്ന മതങ്ങളാണ് സെമിറ്റിക്ക് മതങ്ങൾ. നമ്മുടെ പൂർവികർ ജീവിച്ചു മരിച്ച നാം ജീവിക്കുന്ന നമ്മുടെ സന്തതിപരമ്പരകളുടെ ഭാവി വാസസ്ഥലമായ വൃക്ഷങ്ങളും ജലാശയങ്ങളും പർവ്വതനിരകളുമൊക്കെ ചേർന്ന അതിമനോ

ഹരിയായ ഈ ഭൂമിയുടെ അന്ത്യം തന്നെയാണ് ലോകാവസാനം എന്നത് കൊണ്ട് സെമിറ്റിക്ക് മതങ്ങൾ ഉദ്ദേശിക്കുന്നത്. ലോകാവസാനം എന്നാൽ ഭൂമിയിലെ സകലജീവജാലങ്ങളുടെയും അന്ത്യം എന്ന് തന്നെയാണ് വിവക്ഷ.

ഹേ മനുഷ്യരെ ഭൂമി നശിച്ചാൽ എന്താ നിങ്ങൾക്ക് പാർക്കാൻ നാം നിത്യസ്വർഗ്ഗമൊരുക്കിയിട്ടുണ്ടല്ലോ എന്നാണ് സെമിറ്റിക്ക് മതഗ്രന്ഥങ്ങൾ പ്രസ്തുത മതാനുയായികൾക്ക് നൽകുന്ന മധുരമോഹന വാഗ്ദാനം. ഇത്തരമൊരു വാഗ്ദാനത്തിൽ വിശ്വാസമർപ്പിക്കുന്നത് ലോകത്തിന്റെ നിലനിൽപ്പിന് തന്നെ ഭീഷണിയല്ലേ എന്നാണ് ഗ്രന്ഥകാരൻ വായനക്കാരോട് ചോദിക്കുന്നത്.

ഭാരതീയ സനാതന ചിന്താധാരയിൽ ലോകാവസാനം എന്നൊരു ആശയമില്ല. കല്പാന്തമാണുള്ളത് ഒരു കല്പം അവസാനിക്കുന്നിടത്ത് പുതിയൊരു കല്പം ആരംഭിക്കുന്നു പത്മകല്പം അവസാനിച്ചു ശ്വേത വരാഹകല്പം ആരംഭിച്ചു അങ്ങിനെ അനാദിയായി അനന്തകോടി കല്പങ്ങൾ.

ഏതാണ്ട് ആറായിരം വർഷങ്ങൾക്ക് മുന്നേ സെമിറ്റിക്ക് ദൈവമായ യഹോവ ആകാശവും ഭൂമിയും അതിലെ സകലചരാചരങ്ങളും സൃഷ്ടിച്ചു എന്നാണ് ബൈബിൾ പറയുന്നത്. സനാതനധർമ്മമാകട്ടെ ഒരു കൽപ്പത്തിന് നാന്നൂറ് കോടിയിലേറെ മനുഷ്യവർഷ ദൈർഘ്യമുണ്ട് എന്നാണ് പറയുന്നത്. ഇവ തമ്മിൽ എന്തെങ്കിലും സമാനതകളുണ്ടോ? ഇത്തരം ഒട്ടനവധി വൈരുദ്ധ്യങ്ങൾ സനാതനധർമ്മവും സെമിറ്റിക്ക് മതഗ്രന്ഥങ്ങളും തമ്മിൽ ഉണ്ടെന്നിരിക്കെ എല്ലാ മതങ്ങളും പറയുന്നത് ഒന്നു തന്നെ എന്ന മതേതരവാദികളുടെ പഞ്ചാരവാക്ക് എത്ര വസ്തുതാവിരുദ്ധമാണ് എന്ന തിരിച്ചറിവ് വായനക്കാർക്ക് നൽകുക എന്നതും ഈ ഗ്രന്ഥത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങളിൽ ഒന്നാണ്.

ബൈബിൾ സർവ്വശക്തനായ ദൈവം നേരിട്ടെഴുതിയ വിശുദ്ധ ഗ്രന്ഥമാണെന്നോ, അല്ലെങ്കിൽ ദൈവത്തെയും അവിടുത്തെ പുത്രനായ യേശുക്രിസ്തുവിനെയും കുറിച്ച് ദൈവപ്രവാചകന്മാരും യേശുവിന്റെ ശിഷ്യരും എഴുതിയതാണെന്നോ വിശ്വസിക്കുന്നവർക്ക് വേണ്ടിയുള്ളതാണ് ഈ പുസ്തകം. ബൈബിൾ ദൈവവചനമാണെന്നും, അതിലെ കേന്ദ്ര കഥാപാത്രം ദൈവപുത്രനാണെന്നും ലോകരക്ഷകനാണെന്നും ഉള്ള അന്ധവിശ്വാസത്തെ ഈ പുസ്തകം ആദ്യന്തം ചോദ്യം ചെയ്യുന്നു. അതിനാൽ, ക്രിസ്തീയദൈവത്തിലോ ദൈവപുത്രനിലോ ഉള്ള വിശ്വാസം നഷ്ടപ്പെടുത്താൻ ആഗ്രഹിക്കാത്തവർ ഈ പുസ്തകം വായിക്കാതിരിക്കുന്നതാണ് ഉചിതം; കാരണം, ഇതിലെ യുക്തിസഹമായ വാദങ്ങൾ നിങ്ങളുടെ വിശ്വാസം ഉപേക്ഷിക്കാൻ കാരണമായേക്കാനുള്ള സാധ്യത വളരെ കൂടുതലാണ്. ഈ പുസ്തകം മൂലം തങ്ങളുടെ സർവ്വശക്തനായ ദൈവം അനിഷ്ടം പ്രകടിപ്പിക്കുമെന്ന് കരുതുന്നവരോ, അതല്ല, ഈ പുസ്തകത്തെ അതിജീവിക്കാൻ തങ്ങളുടെ ദൈവത്തിന് ശേഷിയില്ലെ

ന്ന് വിശ്വസിക്കുന്നവരോ ആയ ആളുകൾ ഈ പുസ്തകം തൊടുകയോ, ഇങ്ങിനൊരു ഗ്രന്ഥമേയല്ല എന്ന മട്ടിൽ പെരുമാറുകയോ ചെയ്യുന്ന താണ് ഉചിതം. കാരണം, ഏതൊരു ക്രിസ്തീയവിശ്വാസിയും ഈ പുസ്തകം ശ്രദ്ധാപൂർവ്വം വായിച്ചാൽ, അത് അയാളുടെ വിശ്വാസത്തെ തകിടം മറിക്കുകയും, ആ വിശ്വാസത്തിനായി അയാൾ ഇതുവരെ ചെ യ്തുകൂട്ടിയതെല്ലാം വ്യർത്ഥമാക്കുകയും ചെയ്തേക്കാം.

ആരെയും വേദനിപ്പിക്കാനല്ല, മറിച്ച് അറിവ് പകർന്നു നൽകാനായി തയ്യാറാക്കിയ ഗൗരവമേറിയ ഒരു പുസ്തകമാണിത്; അതിനാൽ ഓരോ വായനക്കാരനും ഇതിനെ അതീവ ഗൗരവത്തോടെ സമീപിക്കാൻ അഭ്യർത്ഥിച്ചു കൊള്ളുന്നു.

എന്ന്

കൊച്ചി **ലിയോ ടൈറ്റസ് പനയ്ക്കൽ**

ഒക്ടോബർ 1, 2026

# ഉള്ളടക്കം


1. അയാൾ എന്തിനിതെഴുതുന്നു? 13
2. കുരിശുമരണം: ബൈബിൾകഥയിലെ പ്രഹേളികകൾ 27
3. രണ്ടാംവരവ് എന്ന വാഗ്ദാനം വിശ്വസിക്കാനാകുമോ? 42
4. സത്യമായും ഞാൻ നിങ്ങളോട് പറയുന്നു! 54
5. ആരായിരുന്നു ഏദൻതോട്ടത്തിലെ സത്യവാൻ - സർപ്പമോ, കർത്താവോ? 68
6. അത്ഭുതപ്രവർത്തനങ്ങളിൽ പിശാചിന്റെ സഹായങ്ങൾ! 78
7. സുവിശേഷങ്ങൾ രചിച്ചത് നാലു ശിഷ്യന്മാരോ? 98
8. യൂദാസ്: വഞ്ചകനോ വഞ്ചിതനോ? 126
9. ഇങ്ങനെയോ, ഒരു ദൈവപുത്രന്റെ ജനനം? 144
10. ദാവീദുപുത്രന്റെ വംശമഹിമ പഴയനിയമത്തിൽ 154
11. ഉയിർത്തെഴുന്നേൽപ്പ് എന്ന നാടകം 173
12. ദൈവപുത്രനോ, കലഹപ്രിയനായ കലിയോ? 200
13. പിതാവും പുത്രനും അഥവാ ഗുരുവും ശിഷ്യനും 202



**ഓം ശ്രീ ശിവായ നമഃ**

**വാഗർത്ഥാവിവസംപൃക്തൗ**
**വാഗർത്ഥപ്രതിപത്തയേ**
**ജഗതഃപിതരൗ വന്ദേ**
**പാർവ്വതീപരമേശ്വരൗ!**

# 1. അയാൾ എന്തിനിതെഴുതുന്നു?

എഴുതുന്നത് അയാൾക്കിഷ്ടമല്ല! ഒറ്റയ്ക്ക് ഒരിടത്തിരുന്നുകൊണ്ട് എഴുതുന്നത് വളരെ മുഷിച്ചിലുളവാക്കുന്ന കാര്യമാണയാൾക്ക്. എഴുത്തിനേക്കാളും എത്രയോ ലളിതമാണ് മുഖത്തോടു മുഖം നോക്കി സംസാരിക്കുന്നത്. മനുഷ്യർ ചെയ്യുന്ന കാര്യങ്ങൾ ഒക്കെത്തന്നെയും മനുഷ്യർക്ക് ഇഷ്ടമുള്ള കാര്യങ്ങളാണോ? മലിനജലം ഒഴുകുന്ന കാനകൾ വൃത്തിയാക്കുന്നയാൾ അതിഷ്ടപ്പെട്ടു ചെയ്യുന്നതാണോ? ഗതികേട്കൊണ്ട് ചെയ്യുന്നതല്ലേ? സാഹചര്യത്തിന്റെ സമ്മർദ്ദംകൊണ്ട് ചെയ്യുന്നതല്ലേ? ഇങ്ങനെയൊക്കെ ചിന്തിച്ച് സ്വയം സമാധാനിച്ചുകൊണ്ട് അയാളും എഴുതാൻ തുടങ്ങി.

അയാളെക്കുറിച്ച് ചില കാര്യങ്ങൾ: അയാളുടെ ഗുരു അയാളുടെ പിതാവാണ്, പിതാവു മാത്രമാണ്. തത്സമയം അയാളുടെ പ്രായം 56 വയസ്സ് 4 മാസം 11 ദിവസം. ഭാരതീയനാണ്, മലയാളിയാണെന്ന് പ്രത്യേകം പറയേണ്ടല്ലോ – കാരണം മലയാളത്തിൽ ആണല്ലോ അയാൾ കുത്തികുറിക്കുന്നത്. കഴിഞ്ഞ മൂന്നുപതിറ്റാണ്ടുകളായി പശ്ചിമയൂറോപ്പിലെ സ്വിറ്റ്സർലന്റിലാണ് താമസം. ഐ ടി മേഖലയിലാണ് തൊഴിൽ.

ഈ വരികൾ കുറിക്കുന്ന സമയം രാത്രി പത്തുമണി കഴിഞ്ഞു 18 മിനിറ്റ്, പുറത്ത് മഞ്ഞു പെയ്തുകൊണ്ടേയിരിക്കുന്നു. അതിരാവിലെ തുടങ്ങിയ മഞ്ഞുപെയ്ത്ത് ഇതുവരെയും നിലച്ചിട്ടില്ല. തണുപ്പത്ത് മനുഷ്യർ സന്തോഷമായി മൂടിപ്പുതച്ചു കിടന്നുറങ്ങുന്ന സമയത്ത് അയാൾ എന്തിനെകുറിച്ചാണ് എഴുതുന്നത് എന്ന് പറയാം. അയാളുടെ പ്രതിപാദ്യവിഷയം അയാൾക്ക് അയാളുടെ പിതാവിൽ നിന്നും കിട്ടിയ ഒരു അറിവാണ്. പണ്ടൊരു ശിഷ്യൻ ഗുരുവിനോട് ഗുരോ ഏതൊന്നറിഞ്ഞാലാണ് എല്ലാം അറിയാൻ കഴിയുന്നത് എന്ന് ചോദിച്ചപ്പോൾ, 'തത്വമസി – അത് നീ തന്നെയാവുന്നു; നീ നിന്നെ തന്നെ അറിയുക അപ്പോൾ മറ്റെല്ലാം അറിയാൻ കഴിയും' എന്ന് മറുപടി നൽകിയതായി കേട്ടിട്ടുണ്ടാവുമല്ലോ? അതുപോലെ ഈ ഘോരകലിയുഗത്തിൽ ഏതൊന്നറിഞ്ഞാലാണ് മറ്റെല്ലാം അറിയാൻ കഴിയുന്നത് എന്ന ചോദ്യത്തിന്റെ ഉത്തരമാണ് ഈ ഗ്രന്ഥത്തിന്റെ ചർച്ചാവിഷയം. ലോകത്തിൽ ഇന്ന് ഈ ഗ്രന്ഥം ചർച്ചചെയ്യുന്നതിനേക്കാൾ ഗൗരവതരമായ വിഷയം മറ്റൊന്ന് ഇല്ലേയില്ല.

## മനുഷ്യകുലശത്രുവിനെ തിരിച്ചറിയുന്ന പോരാട്ടം

സുഖദുഃഖങ്ങളെ അനുഭവിച്ചറിയുന്ന ആത്മാവിനെ ജീവനെന്നും, ജനനം മുതൽ മരണം വരെയുള്ള ജീവന്റെ കഥനത്തെ ജീവിതമെന്നും നാം വിളിക്കുന്നു. സുഖദുഃഖങ്ങളുടെ ഏക കാരണം അനാദിയായ കർമ്മമാണ് സത്കർമ്മത്തിൽ നിന്നു സുഖവും ദുഷ്കർമ്മത്തിൽ നിന്നും ദുഃഖവും പ്രാണികൾ വിലകൊടുത്തു വാങ്ങുന്നു. സുഖം കാംക്ഷിച്ചുകൊണ്ടാണ് സാധാരണഗതിയിൽ മനുഷ്യർ കർമ്മം ചെയ്യുന്നത് എങ്കിലും സുഖത്തിന്റെ കൂടെ നിഴലുപോലെ ദുഃഖവും ഉണ്ടാകും എന്നതാണ് സത്യം. എത്രയെത്ര ദുഃഖങ്ങളാണ് മനുഷ്യർക്ക്? ദാരിദ്ര്യദുഃഖം, മഹാരോഗങ്ങൾ മൂലമുണ്ടാകുന്ന ദുഃഖം, അതിലേറെ നമ്മെ സ്നേഹിക്കുന്ന നാം സ്നേഹിക്കുന്ന മനുഷ്യരുടെ വേർപാടിന്റെ ദുഃഖം.

അങ്ങനെ ദുഃഖത്തിനു മനുഷ്യർക്ക് സ്വതവേ ധാരാളം കാരണങ്ങളുണ്ട് അതിന്റെകൂടെ കൂനിന്മേൽ കുരു എന്ന് പറയുന്നതുപോലെ ഇന്ന് മറ്റൊരു ദുഃഖകാരണവും കൂടിയുണ്ട്, അതാണ് മനുഷ്യർക്കിടയിലെ മതപരമായ അഭിപ്രായഭിന്നതയുണ്ടാക്കുന്ന കലഹത്തിന്റെ ദുഃഖം. മതപരമായ അഭിപ്രായഭിന്നത ഒരു മതക്കാരനെ അന്യമതസ്ഥനെ വെറുക്കാനും ശത്രുവായി കാണാനും പഠിപ്പിച്ചു. മനുഷ്യമനസ്സിൽ കൊടിയ വിദ്വേഷത്തിന്റെയും ശത്രുതയുടെയും വിത്തുകൾ പാകി. കഴിഞ്ഞ 2000 വർഷങ്ങൾക്കുള്ളിൽ മതപരമായ അഭിപ്രായ ഭിന്നതമൂലം ആയിരക്കണക്കിനു യുദ്ധങ്ങൾ മനുഷ്യർ തമ്മിലുണ്ടായിട്ടുണ്ട് എന്നു പറഞ്ഞാൽ വിശ്വസിക്കുവാൻ കഴിയുമോ?

വ്യത്യസ്ത മതക്കാർ തമ്മിലുള്ള വെറുപ്പും വിദ്വേഷവും മൂലമുള്ള കലഹങ്ങൾ ഇന്നും തുടർന്നുകൊണ്ടേയിരിക്കുന്നു എന്നതാണ് ഏറെ പരിതാപകരവും ദുഃഖകരവും അതിലേറെ ഭയാനകവുമായ സത്യം. മനുഷ്യരുടെ ഈ ദുരവസ്ഥയ്ക്ക് ഒരു മാറ്റം ഉണ്ടാവണ്ടേ?

ഒരു മനുഷ്യന്റെ തലച്ചോറിനകത്ത് ഒരു Tumor അഥവാ മാംസമുഴ വളരുന്നു എന്ന് സങ്കൽപ്പിക്കുക, ആയതിനാൽതന്നെ അയാൾക്ക് ഇടയ്ക്കിടെ തലവേദനയും തലകറക്കവും ഒക്കെ ഉണ്ടാകുന്നു. അയാളുടെ വൈദ്യൻ അയാൾക്ക് തലവേദനയും തലകറക്കവും മാറാനുള്ള എന്തെങ്കിലും പ്രതിവിധി നൽകിയതുകൊണ്ട് അയാളുടെ തലച്ചോറിനകത്തുള്ള ട്യൂമർ ഇല്ലാതാകുമോ? ട്യൂമർ ഇല്ലാതാവാതെ അയാളുടെ തലവേദനയും തലകറക്കവും മാറുമോ? ഇല്ലേയില്ല. അയാളുടെ തലവേദനയും തലകറക്കവും അയാളുടെ തലച്ചോറിൽ വളരുന്ന ട്യൂമറിന്റെ ലക്ഷണങ്ങൾ മാത്രമാണ്. ലക്ഷണത്തിനല്ല രോഗത്തിനാണ് ചികിത്സ നൽകേണ്ടത്. തമ്മിലടിക്കുന്ന വ്യത്യസ്ത മതക്കാർ കൂടിയിരുന്നുള്ള സമാധാന വട്ടമേശചർച്ചകൾ എക്കാലവും ധാരാളം ഉണ്ടായിട്ടുണ്ട് പക്ഷേ സമാധാനം മാത്രം ഉണ്ടാകുന്നില്ല. എന്താവാം കാരണം? പ്രശ്നങ്ങളുടെ മൂലകാരണത്തെ അവരുടെ ചർച്ച സ്പർശിക്കുന്നേയില്ല. തലവേദനയെ കുറിച്ചും തലകറക്കത്തെ കുറിച്ചുമാണ് ചർച്ച ട്യൂമറിനെ കുറിച്ച് അവർ

സംസാരിക്കുന്നേയില്ല. ട്യൂമറിനെ കുറിച്ചുള്ള അവരുടെ അജ്ഞതയാണ് അതിന്റെ കാരണം. അതുകൊണ്ടുതന്നെ ഉപരിപ്ലവമായ കാര്യങ്ങളെക്കുറിച്ച് ഒരു ചർച്ച ഇവിടെ ഉദ്ദേശിക്കുന്നില്ല.

മനുഷ്യർ എന്തുകൊണ്ട് മതത്തിന്റെ പേരിൽ ഭിന്നിച്ച് പരസ്പരം കലഹിക്കുന്നു? മനുഷ്യരെ ഇവ്വിധം മതത്തിന്റെ പേരിൽ ഭിന്നിപ്പിക്കുന്ന ഒരുവനുണ്ടോ? ഉണ്ടെങ്കിൽ ആരാണയാൾ? അയാൾ എന്തിന് ഇങ്ങനെ ചെയ്യുന്നു? മനുഷ്യർ തമ്മിലടിച്ചു മരിക്കുന്നതുകൊണ്ട് അയാൾക്ക് എന്തു നേട്ടം? പുസ്തകത്തിന്റെ ഇനിയുള്ള ചർച്ചകൾ ഈ ദിശയിലാവും പോവുക.

വ്യത്യസ്ത മതങ്ങളുടെ പേരിൽ തമ്മിലടിച്ച് മനുഷ്യൻ അല്പായുസ്സായി ഒടുങ്ങണം എന്ന് കരുതുന്നവൻ തീർച്ചയായും മനുഷ്യന്റെ ശത്രു തന്നെയാവണം. ഈ ലോകത്തിൽ പക്ഷികൾ, മൃഗങ്ങൾ, ഉരഗങ്ങൾ എന്നിങ്ങനെ നാനാവിധത്തിലുള്ള പ്രാണികൾ ഉണ്ട്. ഓരോ പ്രാണികൾക്കും ഓരോ ശത്രുവും ഉണ്ട്. കൊതുകിനു തവള, തവളയ്ക്ക് പാമ്പ്, പാമ്പിന് കീരി അല്ലെങ്കിൽ ഗരുഡൻ എന്നിങ്ങനെ. എങ്കിൽ പ്രാണികളിൽ മുമ്പനായ മനുഷ്യനും ഒരു ശത്രു കാണില്ലേ?

മനു ശബ്ദത്തിൽ നിന്നാണ് മനുഷ്യൻ എന്ന പദം ഉണ്ടാകുന്നത്. മനു ശബ്ദത്തിന് മനനം ചെയ്യുന്നവൻ എന്നാണർത്ഥം. മനനം ചെയ്യുവാനുള്ള കഴിവ്, ചിന്താശക്തി അഥവാ ബുദ്ധിശക്തി തന്നെയാണ് മനുഷ്യനെ വ്യത്യസ്തനാക്കുന്നതും പ്രാണികളിൽ മുമ്പൻ എന്ന വിശേഷണത്തിന് അർഹനാക്കുന്നതും. മനുഷ്യനെ പ്രാണികളിൽ മുമ്പനാക്കുന്നത് അവന്റെ മനോബലമാണ് അല്ലാതെ കായികബലമല്ല. കായികബലത്തിൽ സിംഹവും കടുവയും ആനയും ഒക്കെ മനുഷ്യനെക്കാൾ ഒത്തിരി മുന്നിലാണ്.

കായികബലത്തിന് പരിമിതികളുണ്ട് ബുദ്ധിശക്തിക്ക് പരിമിതികൾ ഇല്ല. ഏറ്റവും വേഗതയേറിയ വാഹനം ഏതാണെന്ന് ചോദിച്ചപ്പോൾ മനസ്സ് എന്നല്ലേ ദ്വാപരയുഗത്തിൽ പണ്ടൊരു മഹാൻ മറുപടി നൽകിയത്? അതെ, മനുഷ്യരും മറ്റു പ്രാണികളും തമ്മിലുള്ള വ്യത്യാസം മനസ്സ് തന്നെയാണ്. ഗ്രഹണം, ധാരണം, ഊഹാപോഹം, അർത്ഥബോധം, തത്വജ്ഞാനം, ഭാവനാ നൈപുണ്യം എന്നിങ്ങനെ മനുഷ്യമനസിന്റെ കഴിവുകൾ എണ്ണിയാലൊടുങ്ങാത്തതാണ്.

ഉത്തരോത്തരം ഉൽകൃഷ്ടരായ പ്രാണികളിൽ പരമോൽകൃഷ്ടനായി വാഴുന്ന മനുഷ്യനെ നശിപ്പിക്കാൻ പോന്നവണ്ണം ഒരു ശത്രു ഉണ്ടെങ്കിൽ അവന്റെ caliber/ശേഷി അല്ലെങ്കിൽ merit/യോഗ്യത എന്തായിരിക്കും? അത്തരമൊരു ശത്രുവിനെ തേടിയുള്ള യാത്രയാണ് ഈ ഗ്രന്ഥം.

തന്റെ മനോബലത്താൽ പ്രാണികളിൽ മുമ്പനായ മനുഷ്യനെ മുന്നിൽനിന്ന് ആക്രമിച്ചു കീഴ്പ്പെടുത്തുക എന്നത് ദുഷ്കരമായ കാര്യമാണ്. എന്നാൽ ഒരുവൻ എത്ര തന്നെ ശക്തിമാനും ബുദ്ധിമാനും ആയിരു

ന്നാലും അവനെ വഞ്ചനകൊണ്ട് കീഴ്പ്പെടുത്താൻ കഴിയും. വഞ്ചകൻ ഒരിക്കലും മുന്നിൽനിന്ന് ആക്രമിക്കില്ല അവൻ പിന്നിൽനിന്നേ ആക്രമിക്കൂ. മുന്നിൽനിന്ന് വരുന്ന ആക്രമണം പ്രതിരോധിക്കാൻ എളുപ്പമാണ്. പിന്നിൽ നിന്നുള്ള ആക്രമണം പ്രതിരോധിക്കാൻ ആവില്ല. പിന്നിൽ നിന്ന് ആക്രമിക്കുന്ന ശത്രു അവനെ കാണാൻ കഴിയില്ല ആക്രമിക്കപ്പെടുന്നത് വരെ അക്രമി അദൃശ്യൻ ആയിരിക്കും. മനുഷ്യവംശത്തിന്റെ നാശം കൊതിക്കുന്ന ഇരുട്ടത്ത് ഒളിഞ്ഞിരുന്നു മനുഷ്യരെ നിരന്തരം പീഡിപ്പിക്കുന്ന മഹാകൗശലക്കാരനായ ആ ശത്രുവിനെ വെളിച്ചത്തു കൊണ്ടുവന്ന് അവന്റെ മുഖംമൂടി വലിച്ചു കീറി മാലോകർക്ക് കാട്ടിക്കൊടുക്കുവാനാണ് അയാൾ ഈ ഗ്രന്ഥം എഴുതുന്നത്.

മനുഷ്യരുടെ നാവ് നിത്യം നാഴികയ്ക്ക് നാല്പതുവട്ടം 'ഈശ്വരാ ദൈവമേ' എന്നു പറയുന്നു. മനുഷ്യരെ സംബന്ധിച്ചിടത്തോളം ഈശ്വരൻ അഭ്യുദയകാംക്ഷിയായ മിത്രത്തെപോലെ നിരുപദ്രവകാരിയാണ്. ഒരുവൻ ആകുലനാവേണ്ടത് തനിക്കു നല്ലതുവരണമെന്നാഗ്രഹിക്കുന്ന മിത്രത്തെ കുറിച്ചാണോ അതോ തന്റെ നാശം ആഗ്രഹിക്കുന്ന ശത്രുവിനെ കുറിച്ചാണോ? അക്കാരണംകൊണ്ടുതന്നെ ഈ ഗ്രന്ഥം ഈശ്വരനെ കുറിച്ച് വിപുലമായ ചർച്ചചെയ്യാൻ ഉദ്ദേശിക്കുന്നില്ല സന്ദർഭവശാൽ അങ്ങിങ്ങ് ചില പരാമർശങ്ങൾ കടന്നുവന്നേക്കാം എന്നു മാത്രം.

## സെമറ്റിക് ആരാധന സത്യദൈവത്തെയോ?

ഈ ഗ്രന്ഥത്തിന്റെ പരമമായ ലക്ഷ്യം മനുഷ്യർക്ക് തങ്ങളുടെ ശത്രു ആരെന്ന തിരിച്ചറിവ് നൽകുകയാണ്. ഇത് കലിയുഗം ആണെന്ന് അറിയാമല്ലോ. 'ഘോരകൃതയുഗം', 'ഘോരത്രേതായുഗം' എന്നൊന്നും പറഞ്ഞു കേട്ടിട്ടില്ല എന്നാൽ കലിയുഗത്തെ 'ഘോരകലിയുഗമെന്ന്' സനാതനധർമ്മം വിശേഷിപ്പിക്കുന്നുണ്ട്. കാരണം ചതുർയുഗങ്ങളിൽ ഏറ്റവും യുദ്ധകലുഷിതവും ഭയാനകവുമായ യുഗം കലിയുഗമാണ്. സൂത്രശാലിയായ കലിക്ക് കലഹപ്രിയൻ എന്നൊരു പേരുണ്ട്. ഇന്ന് ലോകത്തിൽ ഏറ്റവും അധികം കലഹം ഉള്ളത് എവിടെയാണ്? ആര് തമ്മിലാണ്? അത് പാലസ്തീൻ/ഇസ്രായേൽ മേഖലയിലാണ്. കലി തന്റെ പ്രവർത്തനം ഏറ്റവും ഊർജ്ജിതപ്പെടുത്തിയിരിക്കുന്നത് ആ മേഖലയിലാണ് എന്നതല്ലേ ഇതിൽനിന്ന് നാം തിരിച്ചറിയേണ്ടത്?

പാലസ്തീൻ മേഖലയിൽ എന്തുകൊണ്ട് സമാധാനം സംജാതമാകുന്നില്ല എന്ന് ചോദിച്ചാൽ അതിന് ഒരേ ഒരു ഉത്തരം ആ മേഖലയിൽ വസിക്കുന്ന ജനങ്ങളുടെ തീവ്ര മതവികാരം എന്നതാണ്.

മുസ്ലിങ്ങളും യഹൂദരും അവരെ തമ്മിലടിപ്പിച്ചു ചോര കുടിക്കുന്ന ക്രിസ്ത്യാനികളുമാണോ അവിടുത്തെ സകലപ്രശ്നങ്ങൾക്കും കാരണം? യഹൂദരും മുസ്ലീങ്ങളും ക്രിസ്ത്യാനികളും ആരാധിക്കുന്നത് ഒരേ ദൈവത്തെയാണ് എന്നാണു പറയാറ്. എങ്കിൽ ഒരേ ദൈവത്തെ ആരാധിക്കുന്ന മനുഷ്യർ തമ്മിൽ എങ്ങനെയാണ് ഇത്രയേറെ വെറുപ്പും

വിദ്വേഷവും ഉണ്ടായത്? യഹൂദർ മുസ്ലിങ്ങളെ വെറുക്കുന്നു, മുസ്ലീങ്ങൾ യഹൂദരെ വെറുക്കുന്നു, യഹൂദരും ക്രിസ്ത്യാനികളും മുസ്ലീങ്ങളെ വെറുക്കുന്നു. സത്യത്തിൽ ഇക്കൂട്ടർ ആരാധിക്കുന്നത് ദൈവത്തെയാണെങ്കിൽ ഇവർക്കിടയിൽ ദൈവികഭാവങ്ങളായ സ്നേഹവും സാഹോദര്യവും സഹിഷ്ണുതയും അല്ലേ പ്രകടമാവേണ്ടത്? ഈ വിരോധാഭാസമാണ് ഇവർ ആരാധിക്കുന്നത് സത്യത്തിൽ ദൈവത്തെ തന്നെയാണോ എന്ന സംശയത്തിന് ആക്കം കൂട്ടുന്നത്.

സംശയങ്ങൾ സത്യത്തിലേക്കുള്ള ചൂണ്ടുപലകയാണ്. സംശയം ആരംഭിക്കുന്നിടത്ത് വിശ്വാസം അവസാനിക്കുന്നു. യഹൂദനും ക്രിസ്ത്യാനിയും മുസ്ലിമും ഒക്കെ കേവലം വിശ്വാസികളാണ് സത്യമറിയുന്ന ജ്ഞാനികളല്ല. എന്താണ് വിശ്വാസവും അറിവും തമ്മിലുള്ള വ്യത്യാസം? കള്ളും പാലും തമ്മിൽ എന്താണ് വ്യത്യാസം? കാഴ്ചയ്ക്ക് രണ്ടും ഏതാണ്ടൊരുപോലിരിക്കുമെങ്കിലും രണ്ടിന്റെയും ഗുണം വ്യത്യസ്തമല്ലേ? അതുപോലെ തന്നെയാണ് വിശ്വാസവും അറിവും. ഒന്ന് ആരോഗ്യത്തിനു ഹാനികരവും മറ്റൊന്ന് ആരോഗ്യപ്രദവും.

**യേശുവും കലിയുടെ അഞ്ച് ഇരിപ്പിടങ്ങളും**

കലിയുഗാരംഭത്തിൽ ഭാരതചക്രവർത്തി പരീക്ഷിത്ത് കലിക്ക് 5 ഇരിപ്പിടങ്ങൾ വരമായി നൽകിയതിൽ ഒന്ന് മദ്യമായിരുന്നു. മറ്റൊന്ന് വ്യഭിചാരവും. ബൈബിൾപുസ്തകപ്രകാരം യേശുവിന്റെ ആദ്യത്തെ അത്ഭുതപ്രവൃത്തി തന്നെ വെള്ളം വീഞ്ഞാക്കുക അഥവാ മദ്യമാക്കുകയായിരുന്നു എന്നത് ഈ അവസരത്തിൽ ഓർമ്മിപ്പിച്ചു കൊള്ളട്ടെ. മാത്രമല്ല അന്നാട്ടുകാർ യേശുവിനെ മദ്യപാനി എന്ന് വിളിച്ചിരുന്നതായി യേശു തന്നെ പറയുന്നുമുണ്ട്.[1]

യേശുവിന്റെ ജീവിതം ആദ്യന്തം വ്യഭിചാരിണികളുടെകൂടെയായിരുന്നില്ലേ?

എന്താണ് വ്യഭിചാരം? സദാചാരമല്ലാത്തത് എന്താണോ അതാണ് വ്യഭിചാരം. അപ്പോൾ എന്താണ് സദാചാരം? എന്താണ് ആചാരം? ഒരുവന്റെ പെരുമാറ്റമാണ് ആചാരം. അപ്പോൾ സദാചാരം എന്നാൽ നല്ല പെരുമാറ്റം. വ്യഭിചാരം എന്നാൽ നല്ലതല്ലാത്ത അഥവാ തെറ്റായ പെരുമാറ്റം എന്നാണർത്ഥം. ഒരു സ്ത്രീയുടെ തെറ്റായ പെരുമാറ്റത്തിലൂടെ ജനിച്ചയാളാണ് യേശു. യേശുവിന്റെ ജനനത്തെക്കുറിച്ച് ബൈബിൾ പുസ്തകം പറയുന്നത് ഇപ്രകാരമാണ്: യേശുവിന്റെ അമ്മയായ മറിയം ജോസഫിന് പ്രതിശ്രുതവധുവായിരിക്കെ എന്നാൽ അവർ തമ്മിൽ വിവാഹം കഴിക്കുന്നതിനു മുന്നേ ഗർഭിണിയായി കാണപ്പെട്ടു എന്നാണ്.[2]

ഒരു സ്ത്രീയെ സംബന്ധിച്ചിടത്തോളം വിവാഹത്തിനുശേഷം ഭർത്താവിൽ നിന്ന് ഗർഭിണിയാകുന്നത് ശരിയായ പെരുമാറ്റം. വിവാഹത്തി

1. മത്തായി 11:19
2. മത്തായി 1:18

നുമുന്നേ അന്യനിൽനിന്ന് ഗർഭിണിയാകുന്നത് തെറ്റായ പെരുമാറ്റം അഥവാ വ്യഭിചാരം. ഒരുവൻ ദരിദ്രനായി ജനിക്കുന്നത് അവന് തടയാനാവില്ല എന്നാൽ ദരിദ്രനായി മരിക്കുന്നത് അവന്റെ കുറ്റം തന്നെയാണ്. ഈ സിദ്ധാന്തം വെച്ച് നോക്കിയാൽ യേശു മറിയയുടെ മകനായി പിറക്കുന്നത് യേശുവിന് തടയാനാവില്ല. പക്ഷേ യേശു വ്യഭിചാരിണിയുടെ പുത്രനായി പിറക്കുക മാത്രമല്ല യേശുവിന്റെ അന്ത്യനാൾ വരെയും അന്നാട്ടിലെ വ്യഭിചാരിണികളുടെകൂടെയായിരുന്നു സഹവാസം.

യേശുവിന്റെ കുരിശുമരണത്തിനുശേഷം യേശുവിന്റെ ജഡം അരിമധ്യക്കാരൻ ജോസഫും നിക്കോദാമസും ചേർന്ന് കുരിശിൽനിന്ന് താഴെയിറക്കി ഗോൽഗോത്തയിലെ കല്ലറയിൽ പാതിരാനേരത്ത് മറവ് ചെയ്യുമ്പോഴും യേശുവിനെ ശുശ്രൂഷിക്കാൻ യേശുവിനെ ഗലീലിയിൽ നിന്നും അനുഗമിച്ചിരുന്ന മഗ്ദലെനക്കാരി മറിയയും മറ്റേ മറിയയും എന്ന് ബൈബിളിൽ വിളിക്കുന്ന രണ്ട് സ്ത്രീകൾ എല്ലാം ഉറ്റുനോക്കിക്കൊണ്ട് ഇരുട്ടിന്റെ മറവിൽ ഗോൽഗോത്തായിൽ തന്നെ ഇരിപ്പുണ്ടായിരുന്നു എന്ന് പറയുന്നുണ്ട്.[3]

ദൈവപുത്രൻ എന്ന് ക്രിസ്ത്യാനികൾ വിശ്വസിക്കുന്ന യേശുവിന്റെ ജനനകഥ തുടങ്ങുന്നതുതന്നെ ഒരു വിവാഹമോചനത്തിൽ നിന്നാണ്. അതായത് യേശുവിന്റെ അമ്മയായിരുന്ന മറിയയെ അവളുടെ ഭർത്താവായിരുന്ന ജോസഫ് ഉപേക്ഷിക്കാൻ തീരുമാനിച്ചു[4] എന്ന് പറഞ്ഞുകൊണ്ട്.

ജോസഫിനെ വിവാഹം കഴിക്കുന്നതിനു മുന്നേ മറിയ ഗർഭിണിയായിരുന്നു എന്ന തിരിച്ചറിവ് ജോസഫിന് ഉണ്ടായതാണ് മറിയയെ ഉപേക്ഷിക്കാൻ ജോസഫിനെ പ്രേരിപ്പിച്ചത്[5] എന്നാണ് ബൈബിൾ പറയുന്നത്.

നേരം ഇരുട്ടിയപ്പോൾ അവൻ ശിഷ്യന്മാരുമൊത്ത് ബഥനിയിലേക്ക് പോയി എന്ന് ബൈബിൾ പറയുന്നുണ്ട്.[6] യേശു അന്തിയുറങ്ങിയിരുന്നത് വേശ്യാഗൃഹത്തിൽ ആയിരുന്നു എന്നാണ് അതിൽ നിന്നും മനസ്സിലാക്കേണ്ടത്. കാരണം, ബൈബിൾ യേശുവിന്റെ സുഹൃത്ത് എന്ന് വിശേഷിപ്പിക്കുന്ന ഏക വ്യക്തി ബെഥനിയിലുള്ള ലാസറാണ്. ഈ ലാസറിന് രണ്ട് സഹോദരിമാരാണുള്ളത് – മാർത്തയും മറിയയും. ഇതിൽ മറിയ വേശ്യയായിരുന്നുവെന്ന് ബൈബിളിൽ വ്യക്തമായ സൂചനയുണ്ട്. അവർ കഴിഞ്ഞിരുന്നത് ലാസറിന്റെ വീട്ടിലും. അതായത് സ്വന്തം സഹോദരിയെ വേശ്യാവൃത്തിക്ക് വിട്ട് ഉപജീവനം നടത്തിയിരുന്ന ലാസർ ആയിരുന്നു യേശുവിന്റെ ഏക സുഹൃത്ത്.

വ്യഭിചാരിണിയുടെ വീട്ടിൽ അന്തിയുറങ്ങുക മാത്രമല്ല വ്യഭിചാരി

3. മത്തായി 27:61
4. മത്തായി 1:19
5. മത്തായി 1:19
6. മത്തായി 21:17

ണികളുടെ ദല്ലാളായി കഴിഞ്ഞിരുന്ന ലാസറുമായി സൗഹാർദവും യേശു വിന് ഉണ്ടായിരുന്നു. അപ്പോൾ മദ്യപാനവും വേശ്യാസംസർഗ്ഗവും യേ ശുവിന്റെ ജീവിതത്തിൽ നിറഞ്ഞുനിന്നിരുന്ന രണ്ട് കാര്യങ്ങളായിരുന്നു. ഇതിൽനിന്ന് യേശു ദൈവപുത്രൻ ആണെന്നാണോ അതോ കലിപു രുഷനാണെന്നാണോ മനസ്സിലാക്കേണ്ടത്?

ഞാൻ ദൈവപുത്രനാണ്, ഞാനും ദൈവവും ഒന്നാണ്, ഞാൻ ലോ കത്തിന്റെ പ്രകാശമാണ്, ഞാൻ വഴിയും സത്യവും ജീവനും ആണ് എന്നൊക്കെ യേശുവിനെപോലെ അവകാശവാദങ്ങൾ ഉന്നയിക്കാൻ നിങ്ങൾക്കും കഴിയും ആർക്കും കഴിയും. പക്ഷേ അത്തരം അവകാശ വാദങ്ങൾ സത്യമാണെന്നു സ്ഥാപിക്കാൻ ഏറെ വിയർപ്പൊഴുക്കേണ്ടി വരും. ദൈവപുത്രൻ എന്നാൽ ഈശ്വരന്റെ പുത്രൻ ശിവന്റെ പുത്രൻ കാർത്തികേയൻ എന്നാണർത്ഥം. ഈ ലോകത്തിലെ സകല പ്രാണിക ളെയും സൃഷ്ടിച്ചത് ഈശ്വരനാണെന്നാണ് സങ്കല്പം. "ജഗതഃ പിതരൗ വന്ദേ പാർവ്വതീപരമേശ്വരൗ" എന്ന രഘുവംശത്തിലെ കാളിദാസ സ്തുതി അർത്ഥമാക്കുന്നത് പാർവതീപരമേശ്വരന്മാർ ജഗത്തിന്റെ മാതാപിതാക്ക ളാണ് എന്നാണ്.

എത്ര വിശന്നാലും ഏതേലും മാതാപിതാക്കൾ സ്വന്തം കുഞ്ഞുങ്ങ ളെ കൊന്നു തിന്നുമോ? അല്ലെങ്കിൽ കൊന്നു തിന്നാൻ മനുഷ്യരോട് പറയുമോ? ഈശ്വരൻ ഒരിക്കലും മാംസഭുക്കാവില്ല എന്ന് ഇതിലും ലളിതമായി എങ്ങനെയാണു പറയാനാവുക? എന്നാൽ യേശു മാംസ ഭുക്കായിരുന്നു.

അന്യജീവികളുടെ മാംസം കൊണ്ട് സ്വന്തം മാംസം വർദ്ധിപ്പിക്കുന്ന വൻ നരകശിക്ഷ അനുഭവിക്കും എന്നും അതാത് മൃഗങ്ങളുടെ മാംസം തിന്നുന്ന മനുഷ്യർക്ക് ആ മൃഗങ്ങളുടെ മാംസം തിന്നതിനുള്ള ശിക്ഷ ലഭിക്കുമെന്നും എന്നാൽ മത്സ്യമാംസം തിന്നുന്നവന് സകല പ്രാണിക ളെയും കൊന്നുതിന്നതിനുള്ള ശിക്ഷയാവും ലഭിക്കുക എന്നും മനു സ്മൃതിയിൽ പറയുന്നുണ്ട്. യേശു മത്സ്യമാംസമാണ് കഴിച്ചിരുന്നതെന്ന് ബൈബിൾ പറയുന്നു. അപ്പോൾ സ്വയം പാപിയായ യേശു എങ്ങനെയാ ണ് മറ്റുള്ളവരെ തങ്ങളുടെ പാപത്തിൽ നിന്നു രക്ഷിക്കുക?

"വൈദ്യാ, ആദ്യം സ്വയം സുഖപ്പെടുത്തുക"[7] എന്ന് യേശു യഹൂദ രെ ആക്ഷേപിക്കാൻ പറഞ്ഞ വാചകം സത്യത്തിൽ യേശു ഒരു കണ്ണാടി നോക്കി തന്നോടു തന്നെ പറയേണ്ട വചനമല്ലേ?

**വലിയ മുക്കുവന്റെ വല?**

യേശുവിന്റെ ശിഷ്യന്മാരിൽ സിംഹഭാഗവും മീൻപിടുത്തക്കാരാ യിരുന്നു. മീൻപിടുത്തക്കാരായ കുറെ മനുഷ്യരും മദ്യപാനിയും വേശ്യ കളുടെയും കൂട്ടികൊടുപ്പുകാരുടെയും തോഴനുമായ യേശുവും ചേർന്ന്

---

7. ലൂക്കോസ് 4:23

ലോകത്തെ എങ്ങനെ രക്ഷിക്കും എന്നാണ് നാം മനസ്സിലാക്കേണ്ടത്? മീൻപിടുത്തക്കാരായ തന്റെ ശിഷ്യന്മാരോട് യേശു ആദ്യം പറയുന്ന കാര്യം തന്നെ 'വരൂ എന്നെ അനുഗമിക്കുവിൻ, ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കാം'[8] എന്നാണ്.

അരയൻ മീൻ പിടിക്കുന്നത് എന്തിനാണ്? അവയെ രക്ഷിച്ച് സ്വർഗ്ഗത്തിൽ കൊണ്ടുപോകാൻ ആണോ? അതോ കൊന്നുതിന്നാൻ ആണോ? അപ്പോൾ സത്യത്തിൽ യേശു അവരോടു പറഞ്ഞത് മീൻ പിടിച്ചു കൊന്നു തിന്നുന്നത് നിർത്തുക, എന്റെ പിന്നാലെ വരൂ, ഞാൻ നിങ്ങളെ മനുഷ്യരെ കൊല്ലുന്ന വിദ്യ പഠിപ്പിച്ചു തരാം എന്നല്ലേ?

മീൻ ജീവിക്കുന്നത് വെള്ളത്തിലാണ്. മീനിന് പ്രാണവായു കിട്ടുന്നത് വെള്ളത്തിൽ നിന്നാണ്. മീനിനെ അതിന്റെ പ്രകൃതിദത്തമായ വാസസ്ഥാനത്തുനിന്നു വേർപെടുത്തുന്ന പ്രക്രിയയുടെ പേരാണ് മൽസ്യബന്ധനം. വെള്ളത്തിൽനിന്ന് വേർപ്പെട്ട മത്സ്യം തൽക്ഷണം ശ്വാസം കിട്ടാതെ നരകയാതന അനുഭവിക്കാൻ തുടങ്ങുന്നു. സത്യം ഇങ്ങനെയിരിക്കെ മീൻപിടുത്തക്കാരോട് യേശു എന്നെ അനുഗമിക്കുവിൻ ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കാം എന്നു പറഞ്ഞതിന്റെ പൊരുൾ എന്തായിരിക്കും? മനുഷ്യരെ തങ്ങളുടെ നൈസർഗിക വാസസ്ഥലമായ ഭൂമിയിൽനിന്നു വേർപെടുത്തി സ്വർഗ്ഗത്തിൽ കൊണ്ടുപോകാം എന്നായിരിക്കുമോ അതോ നരകത്തിൽ എത്തിക്കാമെന്നാണോ ഉദ്ദേശിച്ചത്?

യേശു എന്തുകൊണ്ടാണ് ഗലീലിയിലെ മീൻപിടുത്തക്കാരെ തന്റെ ശിഷ്യന്മാരാക്കാൻ ആഗ്രഹിച്ചത്? 2000 വർഷങ്ങൾക്കു മുൻപ് ഏറ്റവും അധികം ആത്മീയത നിറഞ്ഞുനിന്നിരുന്ന ഭൂപ്രദേശം ഭാരതമാണ്. അത് അന്നും ഇന്നും അങ്ങനെ തന്നെയാണ്. അപ്പോൾ യേശു സത്യത്തിൽ ദൈവപുത്രൻ ആയിരുന്നുവെങ്കിൽ അതു വെളിപ്പെടുത്തേണ്ടത് ഗലീലിയിലെ മീൻപിടുത്തക്കാരുടെ ഇടയിൽ അല്ലല്ലോ? ഭാരതത്തിൽ വന്ന് ഭാരതത്തിലെ ബ്രാഹ്മണസമൂഹത്തെയല്ലേ യേശു താൻ ദൈവപുത്രനാണെന്നു വെളിപ്പെടുത്തേണ്ടിയിരുന്നത്?

2000 വർഷങ്ങൾക്കുമുന്നേ യേശു ഭാരതത്തിൽ വന്നു താൻ ദൈവപുത്രൻ ആണെന്ന് ബ്രാഹ്മണരോട് പറയുന്നത് ഒന്ന് സങ്കൽപ്പിച്ചു നോക്കുക.

യേശുവിന്റെ സംഭാഷണം ബൈബിളിനെ ആധാരമാക്കി ആയിരിക്കുമല്ലോ. ബൈബിൾ ആരംഭിക്കുന്നത് തന്നെ ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു എന്ന് പറഞ്ഞുകൊണ്ടാണ്.

ബൈബിൾകണക്കു പ്രകാരം നോക്കിയാൽ ഇത് ഏതാണ്ട് 6000 വർഷം മുന്നേ സംഭവിച്ചു എന്നാണ് പറയുന്നത്. കലിയുഗം ആരംഭിച്ചതിനുശേഷം 5100 വർഷം പിന്നിട്ടുവെന്ന് സനാതനധർമ്മം. കലിയുഗ

8. മത്തായി 4:19

ത്തിനു മിന്നേ 10000 കണക്കിന് വർഷം ദ്വാപരയുഗം, അതിന് മുന്നേ ത്രേതായുഗവും സത്യയുഗവും. അതായത് ദ്വാപരയുഗത്തിന്റെ സിംഹ ഭാഗവും ത്രേതായുഗവും സത്യയുഗവും പൂർണ്ണമായും നിരാകരിച്ചു കൊണ്ടുള്ള കണക്കാണ് ബൈബിൾ മുന്നോട്ടുവയ്ക്കുന്നത്.

ത്രേതായുഗത്തിലെ രാമനും സീതയും ജീവിച്ചിരുന്നിട്ടേയില്ല എന്ന് പറയാതെ പറയുകയാണ് ബൈബിൾ, കാരണം ബൈബിൾ പ്രകാരം ഭൂമിയും അതിലെ സകല ചരാചരങ്ങളും ഉണ്ടായിട്ട് 6000 വർഷങ്ങളല്ലേ ആയിട്ടുള്ളൂ?

**പാപവിമോചനസിദ്ധാന്തത്തിലെ കൊടും പാപങ്ങൾ!**

ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടാണ് [9] യേശു എന്നതാണ് ബൈബിൾ മുന്നോട്ടു വയ്ക്കുന്ന ആശയം. യേശുവിന്റെ കുരിശുമരണത്തോടുകൂടി ലോകത്തിന്റെ പാപങ്ങൾ എല്ലാം നീക്കപ്പെട്ടു എന്നതാണ് ക്രിസ്ത്യൻവിശ്വാസത്തിന്റെ കാതൽ. എന്നാൽ അനന്തകോടികൽപ്പങ്ങൾ കഴിഞ്ഞാലും കർമ്മഫലം അനുഭവിക്കാതെ തീരില്ല എന്നാണ് സനാതനധർമ്മം പറയുന്നത്.

For every action in nature there is an equal and opposite reaction – ഭൗതികശാസ്ത്രത്തിലെ മൂന്നാം ചലനനിയമം സനാതനധർമ്മത്തിന്റെ പ്രബോധനവുമായി ഒത്തുപോവുകയും ക്രിസ്ത്യൻ വിശ്വാസത്തെ പാടെ നിരാകരിക്കുകയുമാണ് ചെയ്യുന്നത്. സനാതനധർമ്മം ശാസ്ത്രീയവും ക്രിസ്ത്യൻ വിശ്വാസം ശാസ്ത്രവിരുദ്ധവും എന്നല്ലേ ഇത് വ്യക്തമാക്കുന്നത്?

'കാരണം വിനാ കാര്യം നോല്പാദ്യതി' കാരണമില്ലാതെ കാര്യം ഉണ്ടാകുന്നില്ല എന്നത് ഒരു സനാതനധർമ്മതത്വമാണ്. വിത്തിൽ നിന്ന് വൃക്ഷം ഉണ്ടാകുന്നതുപോലെ സൽകർമ്മദുഷ്കർമ്മങ്ങളിൽ നിന്ന് സുഖദുഃഖങ്ങളും ഉണ്ടാകുന്നു. മനസ്സ് കടലുപോലെയാണെന്നും അതിൽ വികാരമാകുന്ന കാറ്റടിച്ച് എപ്പോഴും ചിന്തകളാകുന്ന തിരമാലകൾ ഉണ്ടായിക്കൊണ്ടേയിരിക്കുന്നു എന്ന് സനാതനധർമ്മം.

മനസ്സിന്റെ പ്രേരണയിൽ നിന്നാണ് കർമ്മം ഉണ്ടാകുന്നത്. ബന്ധനത്തിനും മോക്ഷത്തിനും കാരണം മനസ്സ് തന്നെയാണ് എന്ന സനാതന ധർമ്മപ്രബോധനം എത്ര വലിയ സത്യമാണ്.

സനാതനധർമ്മത്തിൽ മനസ്സിന്റെ മേൽ വിജയം നേടിയവർ മാത്രമാണ് ജീവിത വിജയം കൈവരിച്ചവർ. യമനിയമാദി യോഗമാർഗ്ഗത്തിലൂടെയാണ് മനുഷ്യർ മനസ്സിനെ വരുതിക്ക് കൊണ്ടുവരുന്നത്. കാണുകയും കേൾക്കുകയും ചെയ്യുന്ന സകലകാര്യങ്ങളിൽനിന്നും മനസ്സ് പിൻവാങ്ങിയ ആൾക്കാണു യോഗത്തിൽ അധികാരം ഉള്ളത്, മറ്റാർക്കും അല്ല എന്ന് സാക്ഷാൽ വായുദേവനാണ് ശ്രീ ശിവമഹാപുരാണത്തിലൂടെ

---

9. യോഹന്നാൻ 1:29

നമ്മെ പഠിപ്പിക്കുന്നത്. എന്നാൽ ഇന്ന് നമ്മുടെ നാട്ടിൽ പലരും ജോലി എന്താണെന്ന് ചോദിച്ചാൽ ഞാൻ 'യോഗാ' അധ്യാപകനാണ് എന്നാണു പറയുന്നത്. യോഗവിദ്യ പഠിച്ചാൽ അല്ലേ യോഗവിദ്യ പഠിപ്പിക്കാൻ കഴിയൂ. വിദ്യാലയത്തിന്റെ പടിവാതിൽ കണ്ടിട്ടില്ലാത്തയാൾ എന്താണ് ജോലി എന്ന് ചോദിക്കുമ്പോൾ കോളേജ് പ്രൊഫസർ ആണ് എന്ന് പറയുന്നതുപോലാണിത്. കലികാലവൈഭവം എന്നല്ലാതെ മറ്റെന്തു പറയാൻ!

കാണുകയും കേൾക്കുകയും ചെയ്യുന്ന സകലകാര്യങ്ങളിൽനിന്നും മനസ്സ് പിൻവാങ്ങുക എന്നതാണ് യോഗവിദ്യ പഠിക്കാനുള്ള അടിസ്ഥാന യോഗ്യതയായി വായുദേവൻ കല്പിച്ചിരിക്കുന്നത്. സന്യാസം സ്വീകരിക്കാതെ യോഗവിദ്യ പഠിക്കാനാവില്ല എന്നല്ലേ ഇതിൽ നിന്ന് മനസ്സിലാക്കേണ്ടത്?

പരമമായ ജ്ഞാനം അഥവാ മോക്ഷം അതിലേക്കുള്ള മാർഗ്ഗമാണ് അഷ്ടാംഗ യോഗവിദ്യ. മനസ്സിന് ആശ്രയം കൂടാതെ നിലനിൽപ്പില്ല എന്നാണ് സനാതനധർമ്മം പഠിപ്പിക്കുന്നത്. ഭാര്യയെയും മക്കളെയും ഒക്കെ നല്ലതുപോലെ പരിപാലിച്ചാൽ എല്ലാം ഭംഗിയായി എന്ന് മനുഷ്യർ വ്യാമോഹിക്കുന്നു എന്ന ശ്രീശങ്കരാചാര്യരുടെ പ്രബോധനം ഇവിടെ അന്വർത്ഥമാണ്. ഒരു മനുഷ്യൻ തന്റെ ജീവിതകാലംകൊണ്ട് നേടേണ്ട അറിവ് ആത്മാനാത്മ/നിത്യാനിത്യവസ്തു വിവേകമാണ് എന്ന് സനാതനധർമ്മം. നിത്യാനിത്യവസ്തുവിവേകം എന്നാൽ നിത്യമായ വസ്തുവും അനിത്യമായ വസ്തുക്കളും തമ്മിൽ വേർതിരിച്ച് അറിയാനുള്ള വിവേകബുദ്ധി എന്നാണ് ഇവിടെ അർത്ഥമാക്കുന്നത്.

ആത്മാവു മാത്രമാണ് സ്വന്തം ധനവും സ്വാർത്ഥവും എന്ന് സനാതനധർമ്മം. ആത്മാവ് അല്ലാത്തതെല്ലാം അനിത്യമാണ്. മനസ്സിന് ആശ്രയം കൂടാതെ നിലനിൽപ്പില്ല എന്ന് സൂചിപ്പിച്ചുവല്ലോ. മനസ്സ് ആത്മാവേതര കാര്യങ്ങൾ ആയ പുത്രകളത്രാദികളിലും ആഡംബര സുഖലോലുപതയിലേക്കും ചായുന്നതോടുകൂടി ബന്ധനത്തിന്റെ ആരംഭം ആകുന്നു. ഇത്തരം ആത്മാവേതര കാര്യങ്ങളിലുള്ള വിരക്തി അഥവാ വൈരാഗ്യത്തിൽ നിന്നാണ് ആത്മജ്ഞാനം ജനിക്കുന്നത്. സ്ത്രീ ജ്ഞാനവൈരാഗ്യനാശിനി എന്ന് സനാതനധർമ്മം. സ്ത്രീയുടെ വരവോടുകൂടി ആണല്ലോ പുത്രകളത്രാദികൾ ഉണ്ടാവുന്നത്. ഒരുവന്റെ മരണത്തിൽ പുത്രകളത്രാദികൾ അവനെ അനുധാവനം ചെയ്യുന്നില്ല. മരണത്തെയും താണ്ടി ഒരുവനെ പിന്തുടരുന്നത് അവന്റെ കർമ്മഫലം ഒന്ന് മാത്രമാണ്. ഈശ്വരൻ പരമാത്മാവാണ് പ്രാണികൾ ജീവാത്മാക്കളും.

യഹൂദ-ക്രിസ്ത്യൻ-ഇസ്ലാം സെമിറ്റിക്മതങ്ങളിൽ മേല്പറഞ്ഞ ആത്മീയകാര്യങ്ങളെക്കുറിച്ച് യാതൊരു പരാമർശവും ഇല്ല. യഹൂദമതത്തിലെ ദൈവസങ്കൽപ്പമായ യഹോവ പറയുന്നത് “നിങ്ങളുടെ പാപങ്ങൾ കടുഞ്ചുവപ്പായിരുന്നാലും ഹിമംപോലെ വെളുക്കും; രക്താംബ

രംപോലെ ചുവപ്പായിരുന്നാലും പഞ്ഞിപോലെ ആയിത്തീരും"[10] എന്നാണ്. 'മനുഷ്യന്റെ എല്ലാ പാപവും ദൈവദൂഷണവും ക്ഷമിക്കപ്പെടും'[11] എന്ന് യേശുവും ബൈബിളിൽ പറയുന്നുണ്ട്. അള്ളാഹു അന്യദേവന്മാരെ ആരാധിക്കുന്നത് ഒഴിച്ചുള്ള മറ്റു പാപങ്ങളെല്ലാം പൊറുത്തു തരും എന്ന് പറയുന്നുണ്ട്. 'തന്നോട് പങ്കുചേർക്കപ്പെടുന്നത് അല്ലാഹു ഒരിക്കലും പൊറുക്കുകയില്ല. അതൊഴിച്ചുള്ളതെല്ലാം അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുന്നതാണ്.[12] 'യഹൂദ-ക്രിസ്തീയ-ഇസ്ലാം മതങ്ങളെ സംബന്ധിച്ചിടത്തോളം അന്യദേവന്മാരെ ആരാധിക്കുന്നതാണ് അക്ഷന്തവ്യമായ തെറ്റ് അഥവാ മഹാപാപം. എന്നാൽ സനാതനധർമ്മം പറയുന്നത് അക്ഷന്തവ്യമായ പാപം കൃതഘ്നത ഒന്നേ ഒന്ന് മാത്രം എന്നാണ്. സകലപാപകർമ്മങ്ങളിൽ നിന്നും പ്രായശ്ചിത്തത്താൽ മനുഷ്യർക്കു മോചനം നേടാൻ ആവും എന്നാൽ അനന്തകോടി കൽപ്പങ്ങൾ കഴിഞ്ഞാലും കൃതഘ്നൻ അഥവാ നന്ദികേട് കാട്ടുന്നവൻ ഉപകാരസ്മരണയില്ലാത്തവൻ കർമ്മഫലം അനുഭവിക്കുകതന്നെ ചെയ്യും എന്നാണ്.

സനാതനധർമ്മത്തിന്റെ പുണ്യപാപനിർവചനവും സെമിറ്റിക്മതങ്ങളുടെ പുണ്യപാപനിർവചനവും രണ്ടും രണ്ടാണ്. സനാതനധർമ്മം വളരെ ലളിതമായി 'പരോപകാരം പുണ്യം, പരോപദ്രവം പാപം' എന്ന് പാപപുണ്യങ്ങളെ നിർവചിച്ചിരിക്കുന്നു. അന്യർക്ക് ഉപകാരം ചെയ്യുന്നത് പുണ്യമെന്നും അന്യരെ ഉപദ്രവിക്കുന്നത് പാപമെന്നും സാരം.

അതായത് ഒരു സനാതനധർമ്മിയെ അഥവാ ഹിന്ദുവിനെ സംബന്ധിച്ചിടത്തോളം അവൻ തിങ്കളാഴ്ച അമ്പലത്തിൽ പോകാതിരിക്കുന്നത് പാപമല്ല. ഈശ്വരപൂജ ചെയ്യാതിരിക്കുന്നതും പാപമല്ല. അവനെ സംബന്ധിച്ചിടത്തോളം പരോപദ്രവം മാത്രമാണ് പാപം. എന്നാൽ സെമിറ്റിക്മതക്കാരുടെ കാര്യം വ്യത്യസ്തമാണ്. ഞായറാഴ്ച പള്ളിയിൽ പോയില്ലെങ്കിൽ ക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളം അത് പാപമാണ്. മുസ്ലിമിനെ സംബന്ധിച്ചിടത്തോളം വെള്ളിയാഴ്ച പള്ളിയിൽ പോയി നിസ്കരിച്ചില്ലെങ്കിൽ അത് പാപമാണ്. വിഗ്രഹാരാധന മഹാപാപവുമാണ്. ഇവിടെ പരോപദ്രവമല്ല മറിച്ച്, അല്ലാഹുവിനെയും യേശുവിനെയും ആരാധിക്കാതിരിക്കുന്നതാണ് പാപം. മനുഷ്യരോട് ചെയ്യുന്ന സകല പാപങ്ങളും യേശുവിനെയും അല്ലാഹുവിനെയും വിളിച്ചപേക്ഷിച്ചാൽ പൊറുത്തുതരും എന്നാണ് ബൈബിളും ഖുർആനും അസന്ദിഗ്ധമായി പറയുന്നത്.

ഞായറാഴ്ച മുതൽ വെള്ളിയാഴ്ച വരെ ചെയ്യുന്ന പാപങ്ങൾ ശനിയാഴ്ച പള്ളിയിൽപോയി വികാരിയുടെ മുന്നിൽ മുട്ടുകുത്തിനിന്ന് ഏറ്റു പറഞ്ഞാൽ ക്ഷമിക്കപ്പെടും എന്നതാണ് ക്രിസ്ത്യൻ വിശ്വാസം. എത്ര

---

10. യെശയ്യാ 1:18
11. മത്തായി 12:30
12. അൻനിസ 4:48

മനോഹരമായ ആചാരം അല്ലേ? എന്നാൽ സനാതനധർമ്മത്തിൽ ഇത്തരം ഒരാചാരം ഇല്ല. സനാതനധർമ്മത്തെ സംബന്ധിച്ചിടത്തോളം ചെയ്ത പാപത്തിന് പ്രായശ്ചിത്തം ചെയ്യാതെ പാപം ഇല്ലാതാവില്ല.

ഉദാഹരണത്തിന് നിങ്ങൾ ആരുടെയെങ്കിലും 100 രൂപ മോഷ്ടിച്ചാൽ മോഷണം പാപകർമ്മം ആണെന്ന കുറ്റബോധം നിങ്ങൾക്കുണ്ടാവുകയും നിങ്ങൾ ചെയ്ത നികൃഷ്ടകർമ്മത്തിൽ നിങ്ങൾ പരിതപിക്കുകയും ആരിൽ നിന്നാണോ നിങ്ങൾ പണം മോഷ്ടിച്ചത് അയാൾക്ക് ആ പണം തിരികെ നൽകി അയാളോട് ആത്മാർത്ഥമായി ക്ഷമാപണം ചെയ്യുകയും അയാൾ നിങ്ങളോട് ക്ഷമിക്കുകയും ചെയ്യുമ്പോഴാണ് നിങ്ങൾക്ക് പാപമോചനം ലഭിക്കുന്നത്. അല്ലാതെ അമ്പലത്തിൽ പോയി പൂജാരിയുടെ മുന്നിൽ മുട്ടുകുത്തി നിന്നുകൊണ്ട് ഞാൻ 100 രൂപ മോഷ്ടിച്ചു എന്നോട് പൊറുക്കാൻ ഈശ്വരനോടു പറയണേ എന്ന് പറഞ്ഞതുകൊണ്ട് പാപപരിഹാരം ആകുന്നില്ല.

ക്രിസ്ത്യൻവിശ്വാസം ബൈബിളിൽ അധിഷ്ഠിതമാണ്. 'മനുഷ്യമക്കളുടെ എല്ലാ പാപങ്ങളും അവർ പറയുന്ന ദൂഷണങ്ങളും ക്ഷമിക്കപ്പെടും'[13] എന്നാണ് യേശു പറയുന്നത്. 100 രൂപ മോഷ്ടിച്ചിട്ട് വികാരിയോടു ചെന്ന് പാപം ഏറ്റുപറഞ്ഞാൽ പാപമില്ലാതായി എന്നാണ് ക്രിസ്ത്യൻവിശ്വാസം. പക്ഷേ ഇവിടെ ഒരു പ്രശ്നമുണ്ട്. വികാരിയോട് പാപം ഏറ്റുപറയുന്നതുകൊണ്ട് 100 രൂപ നഷ്ടപ്പെട്ടയാൾക്ക് ആ പണം തിരിച്ചു കിട്ടുമോ? ഇല്ല. അപ്പോൾ പിന്നെ അതെങ്ങനെ ന്യായമാകും? എങ്ങനെ പാപപരിഹാരമാകും? ആരോടാണോ തെറ്റു ചെയ്യുന്നത് അയാളോടു വേണ്ടേ ക്ഷമാപണം നടത്താൻ? മനുഷ്യരോടു തെറ്റു ചെയ്തിട്ട് യേശുവിനോടു ക്ഷമാപണം നടത്തിയിട്ട് എന്തു പ്രയോജനം? അപ്പോൾ 'മനുഷ്യരുടെ സകലപാപങ്ങളും ക്ഷമിക്കപ്പെടും' എന്ന യേശുവിന്റെ വചനം സത്യത്തിൽ പാപത്തെ പ്രോത്സാഹിപ്പിക്കുകയല്ലേ ചെയ്യുന്നത്?

**മനുഷ്യൻ തോറ്റു, ക്രിസ്തുമതം ജയിച്ചു!**

1700 വർഷങ്ങൾക്കുമുന്നേ റോമാസാമ്രാജ്യം ഭരിച്ചിരുന്ന കോൺസ്റ്റന്റൈൻ മാമോദിസ മുങ്ങിയത് അയാളുടെ മരണനാളിലായിരുന്നു. മരിക്കുന്നതിന് വർഷങ്ങൾക്കുമുന്നേ അയാൾ മനപരിവർത്തനം വന്ന ക്രിസ്ത്യാനി ആയിരുന്നുവെങ്കിലും മാമോദിസ മുങ്ങി ഔദ്യോഗിക ക്രിസ്ത്യാനി ആയിരുന്നില്ല. 'മാമോദിസ വെള്ളം വീഴുമ്പോൾ എന്റെ അതുവരെയുള്ള പാപങ്ങളൊക്കെ ക്ഷമിക്കപ്പെടും എങ്കിൽ പിന്നെ മരണനാൾ വരെ പാപം ചെയ്തിട്ട് എല്ലാം കൂടി മൊത്തത്തിൽ മരണദിവസം അങ്ങ് കഴുകികളയാമല്ലോ' എന്നായിരുന്നു അയാളുടെ അഭിപ്രായം എന്ന് അമേരിക്കൻ എഴുത്തുകാരി ഹെലൻ എല്ലെർബെ അവരുടെ 'The Dark Side of Christian History' എന്ന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

---

13. മാർക്കോസ് 3:28

ക്രിസ്തുമതത്തെ റോമാസാമ്രാജ്യത്തിന്റെ ഔദ്യോഗിക മതമായി പ്രഖ്യാപിച്ചത് കോൺസ്റ്റന്റൈൻ ആണ്. വിഗ്രഹാരാധനയും ബഹുദൈവാരാധനയും വൃക്ഷപൂജയും ഒക്കെ നിലനിന്നിരുന്ന യൂറോപ്പിൽ ക്രിസ്തുമതം ഉടലെടുത്തത് വംശഹത്യയിലൂടെയാണ് എന്ന് യൂറോപ്യൻ ചരിത്രകാരന്മാർ പറയുന്നു.

യൂറോപ്പിലും റോമൻ സാമ്രാജ്യത്തിലും ക്രിസ്തുമതം വ്യാപകമാകാൻ തുടങ്ങിയപ്പോൾ, ഗ്രീസ് മുതൽ ബ്രിട്ടീഷ് ദ്വീപുകൾ വരെയും സ്കാൻഡിനേവിയ വരെയും അക്കാലത്തുണ്ടായിരുന്ന വൃക്ഷാരാധകരും ബഹുദൈവാരാധകരുമായിരുന്ന പേഗൺ മതക്കാർക്കെതിരെ നിരവധി കൂട്ട വംശഹത്യകൾക്ക് സഭ നേതൃത്വം നൽകി. നിർബന്ധിത മതപരിവർത്തനങ്ങളും, വധശിക്ഷകളും, യൂറോപ്പിൽ അക്കാലത്തുണ്ടായിരുന്ന ബഹുദൈവാരാധകരുടെ പേഗൺ മതഗ്രന്ഥങ്ങൾ കത്തിച്ചതും ഇതിൽ ഉൾപ്പെടുന്നു.

റിച്ചാർഡ് ഫ്ലെച്ചർ എഴുതിയ 'യൂറോപ്പിന്റെ പരിവർത്തനം: പാഗനിസത്തിൽനിന്ന് ക്രിസ്തുമതത്തിലേക്ക്, 371–1386 എ.ഡി.' ഈ പുസ്തകം യൂറോപ്പിലുടനീളമുള്ള ക്രിസ്തുമതത്തിന്റെ അക്രമാസക്തമായ വ്യാപനത്തിന്റെ ചരിത്രം ഉൾക്കൊള്ളുന്നു.

റോബർട്ട് ബാർട്ട്ലെറ്റ് എഴുതിയ 'ദി മേക്കിംഗ് ഓഫ് യൂറോപ്പ്: കോൺക്വസ്റ്റ്, കൊളോണിയലൈസേഷൻ ആൻഡ്കൾച്ചറൽ ചേഞ്ച്, 950–1350.' വടക്കൻ കുരിശുയുദ്ധങ്ങളെക്കുറിച്ചും ബാൾട്ടിക് പ്രദേശങ്ങളുടെ നിർബന്ധിത ക്രിസ്തുമതപരിവർത്തനത്തെക്കുറിച്ചും ആഴത്തിലുള്ള ഉൾക്കാഴ്ച നൽകുന്നതാണ്.

മനുഷ്യരെ കൊന്ന് ക്രിസ്ത്യാനികൾ ആക്കുന്ന പ്രക്രിയയ്ക്ക് നാന്ദി കുറിച്ച നീചനായിരുന്നു ഫ്ലാവിയൂസ് കോൺസ്റ്റന്റൈൻ. ദോഷം പറയരുതല്ലോ, ഉദ്ദിഷ്ടകാര്യത്തിന് ഉപകാരസ്മരണ എന്നു പറയും പോലെ പൗരസ്ത്യ ഓർത്തഡോക്സ് കത്തോലിക്കാസഭ കോൺസ്റ്റന്റൈനിന്റെ മരണശേഷം അയാളെ വിശുദ്ധനായി വാഴ്ത്തുകയും ചെയ്തു. അങ്ങനെ ഈ നീചൻ കത്തോലിക്കരുടെ പ്രാർത്ഥനയിൽ ഇടം പിടിക്കുകയും ചെയ്തു.

'വിശുദ്ധ കോൺസ്റ്റന്റൈനേ ഞങ്ങൾക്ക് വേണ്ടി അപേക്ഷിക്കേണമേ, ആമേൻ!' എന്ന് കത്തോലിക്കർ ഇന്നും പ്രാർത്ഥിക്കുന്നു! സത്യത്തിൽ കോൺസ്റ്റൻറ്റൈൻ ചെയ്ത പാപകർമ്മങ്ങളുടെ ലക്ഷത്തിൽ ഒരു അംശംപോലും പാപം ചെയ്യാത്ത പാവം മനുഷ്യരാണ് അയാളെ വിളിച്ച് അപേക്ഷിക്കുന്നത്! വല്ലപ്പോഴുമൊക്കെ പുകവലിക്കുന്നയാൾ നിത്യവും ഇടതടവില്ലാതെ പുകവലിക്കുന്ന ഒരുവനോട് 'എന്നെ പുകവലിയിൽ നിന്ന് രക്ഷിക്കണേ' എന്ന് അപേക്ഷിക്കുന്നതു പോലാണിത്. കത്തോലിക്കരുടെ വാഴ്ത്തപ്പെട്ടവരുടെ മാളത്തിൽ കോൺസ്റ്റന്റൈനേക്കാൾ വലിയ വിഷസർപ്പങ്ങൾ വേറെയുമുണ്ട് എന്നതാണ് സത്യം.

വിസ്താരഭയത്താൽ ആ വിഷയത്തിലേക്ക് കടക്കാൻ തല്ക്കാലം അയാൾ ആഗ്രഹിക്കുന്നില്ല.

പക്ഷെ, ഇതുവരെ ചുരുക്കി സൂചിപ്പിച്ച ദൈവശാസ്ത്രപ്രശ്നങ്ങൾ അയാൾക്ക് ആത്മാവു നോവുന്ന കാര്യങ്ങളാണ്. ആഗോള മനുഷ്യകുലത്തെ ശുദ്ധമായ, സ്നേഹമസൃണമായ ദൈവശാസ്ത്രത്തിൽനിന്നും ആധ്യാത്മികതയിൽനിന്നും അകറ്റിയ പാപബിന്ദുക്കളാണ് അവയെന്ന് അയാൾ വിശ്വസിക്കുന്നു. അതുകൊണ്ടുതന്നെ അവയെ ചിന്തകൊണ്ടും വാക്കുകൊണ്ടും തുറന്നുകാട്ടുന്നത് ശരിയായ ഈശ്വരാരാധനമാണെന്നും അയാൾ വിശ്വസിക്കുന്നു. അതെ, ഈ രചനയിലെ ഓരോ വാക്കും അയാൾക്ക് വാക്പൂജയാണ് — മികച്ച ആധ്യാത്മികത പുലരുന്ന ഒരു ഭാവിയെ സ്വപ്നം കണ്ടു നടത്തുന്ന വാക്പൂജ!

■

# 2. കുരിശുമരണം: ബൈബിൾകഥയിലെ പ്രഹേളികകൾ

**മതേതരത്വവും കപടമതേതരത്വവും**

**മ**തേതരഭരണം എന്നാൽ ഏതെങ്കിലും ഒരു മതത്തിന് പ്രത്യേക പരിഗണന നൽകാതെ എല്ലാ മതക്കാരെയും ഒരുപോലെ കണക്കാക്കികൊണ്ടുള്ള ഭരണം എന്നാണല്ലോ അർത്ഥം? ഭാരതം ബ്രിട്ടീഷ് ഭരണത്തിൽ നിന്ന് സ്വതന്ത്രമായ അന്നുതന്നെ വിഭജനവും ഉണ്ടായി. അക്കാലത്ത് ഭാരതത്തിലെ ഹിന്ദു ജനസംഖ്യ 85% ആയിരുന്നു. ബഹുദൈവാരാധകരും വിഗ്രഹാരാധകരുമായ ഹിന്ദുവിനോടൊപ്പം കഴിയാനാവില്ല എന്ന മുസ്ലിംപിടിവാശിക്ക് മുന്നിൽ ഭാരതം വെട്ടിമുറിക്കപ്പെട്ടു ഇന്നത്തെ ഇസ്ലാമിക രാജ്യമായ ഇസ്ലാമിക തീവ്രവാദത്തിന്റെ ഈറ്റില്ലമായ പാക്കിസ്ഥാൻ ഉണ്ടായി.

പല യൂറോപ്യൻ രാജ്യങ്ങളുടെയും അവകാശവാദം തങ്ങൾ മതേതര രാജ്യങ്ങളാണെന്നാണ്. സ്വിറ്റ്സർലൻഡിന്റെ കാര്യമെടുക്കാം. സ്വിറ്റ്സർലൻഡിൽ ജനസംഖ്യയുടെ 6% മുസ്ലീങ്ങളാണ്. 45 വർഷംമുന്നേ 1% ത്തിൽ താഴെയായിരുന്ന മുസ്ലിം ജനസംഖ്യ ഇന്ന് 6%ൽ ഏറെയായി ബാൽക്കൺ രാജ്യങ്ങളായ ബോസ്നിയ, അൽബാനിയ തുടങ്ങിയ രാജ്യങ്ങളിൽനിന്നും തുർക്കിയിൽനിന്നും കുടിയേറിപ്പാർത്തവരാണ് ഇവരിൽ കൂടുതലും. ഇവർക്കുപുറമേ ഈ അടുത്തകാലത്തായി ലക്ഷക്കണക്കിന് മുസ്ലീങ്ങൾ സിറിയയിൽ നിന്നും ഇറാക്കിൽ നിന്നും അഫ്ഗാനിൽ നിന്നും ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും അഭയാർത്ഥികളായി ഇവിടെ വന്നുചേർന്നിട്ടുണ്ട്. അവരെ കൂടി ചേർത്താൽ 10% ലേറെ മുസ്ലിങ്ങൾ ഇന്ന് സ്വിറ്റ്സർലൻഡിൽ ഉണ്ടാവാം. എങ്കിലും സ്വിറ്റ്സർലൻഡിലെ അവധിദിവസങ്ങൾ ക്രിസ്ത്യൻ പെരുന്നാളുകളായ ഈസ്റ്റർ ക്രിസ്തുമസ് ദിവസങ്ങളാണ്. മുസ്ലിം പെരുന്നാളുകളായ റംസാനും ബക്രീദിനുമൊന്നും സ്വിറ്റ്സർലൻഡിൽ അവധിയില്ല.

ഇവിടെ ദീപാവലിയും ഇല്ല, ശ്രീകൃഷ്ണജയന്തിയുമില്ല, ശിവരാത്രിയും ഇല്ല, ഉള്ളത് ക്രിസ്ത്യൻ അവധിദിനങ്ങൾ മാത്രം. എല്ലാ മതങ്ങളെയും തുല്യമായി കാണുന്ന മതേതരത്വം ഒരു യൂറോപ്യൻനാട്ടിലും ഇല്ല. എന്നുവെച്ചാൽ അക്രൈസ്തവരോട് ഇവിടുള്ളവർ ഹീനമായി പെരുമാറുന്നു എന്നല്ല അർത്ഥമാക്കുന്നത്. ഭൂരിപക്ഷമതമായ ക്രിസ്തുമതം

കഴിഞ്ഞുള്ള മതേതരത്വമേ ഈ നാട്ടിലുള്ളൂ എന്നാണ് പറയുന്നത്. ഭാരതത്തിൽ മാത്രമാണ് അതിരുകവിഞ്ഞ അന്യമതസ്നേഹവും മതേതരത്വവും ഉള്ളത്.

ഇന്നു ഭാരതത്തിലെ ചില സംസ്ഥാനങ്ങളിൽ ക്ഷേത്രങ്ങളേക്കാൾ ഏറെ മുസ്ലിംപള്ളികളും അതിലേറെ ക്രിസ്ത്യൻപള്ളികളുമുണ്ട്. മുസ്ലിം പള്ളിയിലും ക്രിസ്ത്യൻപള്ളിയിലും വീഴുന്ന പണം മുസ്ലീങ്ങളും ക്രിസ്ത്യാനികളും, ഹിന്ദുക്ഷേത്രങ്ങളിൽ വീഴുന്ന പണം സർക്കാരുമാണ് കൊണ്ടുപോകുന്നത്. ചുരുക്കി പറഞ്ഞാൽ ഭാരതത്തിൽ നടപ്പിലാക്കുന്നത് മതേതരത്വമല്ല മറിച്ച് ഇസ്ലാം — ക്രിസ്ത്യൻ മതപ്രീണനമാണ് അഥവാ കപടമതേതരത്വമാണ്. ഇവിടെ വഞ്ചിതരാകുന്നത് ഹൈന്ദവരാണ്. ഭാരതത്തിന്റെ മതേതരത്വത്തിന്റെ മുഖമുദ്ര ക്രിസ്ത്യൻ - മുസ്ലീംമത പ്രീണനവും ഹിന്ദുമതദ്രോഹവും അവഗണനയുമാണ്. കാര്യങ്ങൾ പകൽപോലെ വ്യക്തമാണെങ്കിലും ഭാരതത്തിലെ ഭൂരിപക്ഷ ഹിന്ദുസമൂഹം ഇന്നും മതേതരത്വമന്ത്രം ജപിച്ചുകൊണ്ടേയിരിക്കുന്നവരാണ് എന്നതാണ് ഏറെ പരിതാപകരം! ഈ കപടമതേതരബോധം മാറ്റിവെക്കാതെ ആധുനികഭാരതത്തിൽ യുക്ത്യധിഷ്ഠിതമായ മതാവബോധം വേരൂന്നുകയില്ല.

'വലതുകരണത്തടിക്കുന്നവൻ മറ്റേ കരണവും കൂടി കാണിച്ചു കൊടുക്കുക'[14] എന്ന യേശുവിന്റെ വചനമാണ് എം. കെ. ഗാന്ധി പിന്തുടർന്നിരുന്നത്. ഇത്തരം ബൈബിൾവചനങ്ങളുടെ സ്വാധീനത്താലാണ് ഗാന്ധിയൻചിന്ത നപുംസകത്വമാർന്ന് നിഷ്ഫലമായതും. പറയുന്നതും പ്രവർത്തിക്കുന്നതും തമ്മിൽ യാതൊരു ബന്ധവുമില്ലാത്ത, വാക്കിന് സ്ഥിരതയില്ലാത്ത വ്യക്തിയായിരുന്നു യേശുവെന്ന് ഗാന്ധിയുണ്ടോ അറിയുന്നു?

**കരണത്തടിച്ചവന് മറുകരണം കാട്ടിക്കൊടുത്തോ?**

വലത് കരണത്തടിക്കുന്നവന് മറ്റേ കരണം കൂടി കാണിച്ചുകൊടുക്കുക എന്നു പറഞ്ഞ യേശുവിന് അടി കിട്ടുന്ന ഒരു രംഗം ബൈബിളിൽ ഉണ്ട്. ജറുസലേമിലെ ഗെത്സമെനിതോട്ടത്തിൽവച്ച് യേശുവിനെ അറസ്റ്റു ചെയ്തതിനുശേഷം യഹൂദർ യേശുവിനെ യഹൂദരുടെ പ്രധാന പുരോഹിതന്മാരുടെ അടുക്കലേക്ക് കൊണ്ടുപോയി (അപ്പോൾ സമയം വ്യാഴാഴ്ച അർദ്ധരാത്രി കഴിഞ്ഞു ഒരു മണി അല്ലെങ്കിൽ രണ്ടു മണി) 'പ്രധാന പുരോഹിതൻ യേശുവിനെ അവന്റെ ശിഷ്യരെയും പ്രബോധനത്തെയും കുറിച്ച് ചോദ്യംചെയ്തു. യേശു മറുപടി പറഞ്ഞു: ഞാൻ പരസ്യമായിട്ടാണ് ലോകത്തോട് സംസാരിച്ചത്. എല്ലാ യഹൂദരും ഒത്തുകൂടുന്ന സിനഗോഗിലും ദേവാലയത്തിലും ആണ് എപ്പോഴും ഞാൻ പഠിപ്പിച്ചിട്ടുള്ളത്. രഹസ്യമായി ഞാൻ ഒന്നും സംസാരിച്ചിട്ടില്ല എന്നോട് ചോദിക്കുന്നത് എന്തിന്? ഞാൻ പറഞ്ഞത് എന്താണെന്ന് അത് കേട്ട

14. മത്തായി 5:39

വരോട് ചോദിക്കുക. ഞാൻ എന്താണ് പറഞ്ഞതെന്ന് അവർക്കറിയാം. അവൻ ഇതു പറഞ്ഞപ്പോൾ അടുത്ത് നിൽക്കുന്ന സേവകന്മാരിൽ ഒരുവൻ ഇങ്ങനെയാണോ പ്രധാന പുരോഹിതനോട് മറുപടി പറയുന്നതെന്ന് ചോദിച്ചുകൊണ്ട് യേശുവിനെ അടിച്ചു. യേശു അവനോട് പറഞ്ഞു ഞാൻ പറഞ്ഞത് തെറ്റാണെങ്കിൽ അത് തെളിയിക്കുക ശരിയാണെങ്കിൽ എന്തിന് നീ എന്നെ അടിക്കുന്നു?' [15]

ഒരു കരണത്തടിച്ചാൽ മറുകരണം കാട്ടി കൊടുക്കണം എന്ന് പഠിപ്പിച്ച യേശു മറുകരണം കാട്ടിക്കൊടുക്കുന്നില്ല എന്നു മാത്രമല്ല ഞാൻ പറഞ്ഞത് ശരിയാണെങ്കിൽ എന്തിന് നീ എന്നെ അടിക്കുന്നു എന്ന് അടിച്ചയാളെ ചോദ്യം ചെയ്യുകയാണ് ചെയ്യുന്നത്. അതായത് യേശുവിന്റെ ഉപദേശവും പെരുമാറ്റവും തമ്മിൽ യാതൊരു ബന്ധവുമില്ലെന്നർത്ഥം.

**അവസാനനിമിഷം യേശു വാസസ്ഥലം മാറിയതെന്തിന്?**

യേശുവിനെ ബന്ധനസ്ഥനാക്കിയപ്പോൾ നാലുപാടും ചിതറി ഓടിയ ശിഷ്യന്മാർ ഏതാനും മണിക്കൂറുകൾക്കുമുന്നേ അവരോടൊത്ത് യേശു അവസാന അത്താഴം കഴിച്ച ജെറുസലേമിൽ തന്നെയുള്ള മാളിക വീട്ടിലേക്ക് പോയിട്ടുണ്ടെന്ന് യേശുവിനറിയാം. ഇവിടെ മറ്റൊരു കാര്യം സൂചിപ്പിക്കേണ്ടതുണ്ട്. യേശു യൂദാസിനോട് നീ ചെയ്യാനിരിക്കുന്നത് വേഗം പോയി ചെയ്യുക എന്ന് പറഞ്ഞുവിടുമ്പോൾ ഉടൻതന്നെ യൂദാസ് അവർ അത്താഴം കഴിച്ചിരുന്ന മാളികമുറി സ്ഥിതിചെയ്യുന്ന വീട്ടിൽനിന്ന് പുറത്തേക്കു പോയി. അപ്പോൾ രാത്രിയായിരുന്നു എന്ന് ബൈബിളിൽ വചനം ഉണ്ട്.[16] യൂദാസ് യഹൂദരെ കൂട്ടിക്കൊണ്ടുവരുന്നതും യേശുവിനെ ബന്ധനസ്ഥനാക്കുന്നതും പക്ഷേ അവസാന അത്താഴം കഴിച്ച മാളിക വീട്ടിലല്ല മറിച്ച് ഗെത്സമേനി തോട്ടത്തിലാണ്. യൂദാസ് യഹൂദരെ കൂട്ടിക്കൊണ്ടുവരാൻ പോയതിനുശേഷം മണിക്കൂറുകൾ യേശു അവസാന അത്താഴം കഴിച്ച മുറിയിൽ ഇരുന്നുകൊണ്ട് ശിഷ്യന്മാരോട് സംസാരിക്കുന്നുണ്ട്, അഥവാ അവരെ മസ്തിഷ്കപ്രക്ഷാളനം ചെയ്യുന്നുണ്ട്. അതിനുശേഷം പൊടുന്നനെ യേശു 'വരൂ, നമുക്ക് ഇവിടെ നിന്നു പോകാം' എന്ന് ശിഷ്യന്മാരോട് പറയുന്നു.[17] അവിടെനിന്ന് ഗെത്സമേനിതോട്ടത്തിൽ വരുന്നു. ഗെത്സമേനിതോട്ടത്തിൽ വച്ചാണ് യേശുവിനെ യഹൂദർ പിടികൂടുന്നത് അഥവാ യേശു യഹൂദർക്ക് പിടികൊടുക്കുന്നത്. വരൂ നമുക്ക് ഇവിടെനിന്ന് പോകാം എന്ന് ശിഷ്യന്മാരോട് പറഞ്ഞു ശിഷ്യന്മാരെയും കൂട്ടി യേശു ഗെത്സമേനിയിൽ പോയില്ലായിരുന്നുവെങ്കിൽ എന്ത് സംഭവിച്ചേനെ? അത് സംഭവിക്കാതിരിക്കാനാണ് അല്ലെങ്കിൽ അത് ഒഴിവാക്കാനാണ് വരൂ നമുക്ക് ഇവിടെ നിന്ന് പോകാം എന്ന് യേശു പറഞ്ഞത്.

15. യോഹന്നാൻ 18:19-23
16. യോഹന്നാൻ 13:30
17. യോഹന്നാൻ 14:31

യേശു ശിഷ്യന്മാരെയും കൂട്ടി തങ്ങളുടെ ജെറുസലേമിലെ ഒളിത്താവളമായ മാളികവീട്ടിൽനിന്ന് പോയില്ലായിരുന്നുവെങ്കിൽ യൂദാസ് യേശുവിനെ പിടികൂടാൻ യഹൂദരെയും റോമൻ അധികാരികളെയും കൂട്ടി മാളികവീട്ടിൽ വന്നേനെ. മാളികവീട്ടിൽ വച്ച് യേശുവിനെ പിടി കൂടുകയും ചെയ്തേനെ. അങ്ങനെ സംഭവിച്ചാൽ യേശുവിനോടൊപ്പം യേശുവിന്റെ ശിഷ്യന്മാരെയും യഹൂദർ പിടികൂടിയേനെ. എന്നാൽ ഗെത്സമേനിയിൽവച്ച് യേശുവിന്റെ അറസ്റ്റു നടന്നപ്പോൾ അത് തുറസ്സായ സ്ഥലം ആയതിനാൽ ശിഷ്യന്മാർക്ക് എളുപ്പത്തിൽ ഓടി രക്ഷപ്പെടുവാനും ജെറുസലേമിൽ തന്നെയുള്ള മാളികവീട്ടിൽ അഭയം തേടുവാനും കഴിഞ്ഞു.

യേശുവിന്റെ ലക്ഷ്യം ക്രിസ്തുമതം സ്ഥാപിക്കുകയാണ് അതിന് തൽക്കാലം ശിഷ്യന്മാർ ജീവനോടെ ഇരുന്നേ മതിയാകൂ. അതുകൊണ്ടാണ് ശിഷ്യന്മാരുടെ അറസ്റ്റ് യേശു തന്ത്രപൂർവ്വം ഒഴിവാക്കിയത്. അല്ലാതെ ശിഷ്യന്മാരോടുള്ള സ്നേഹം കൊണ്ടാണ് യേശു അവർക്ക് രക്ഷപെടുവാനുള്ള സാഹചര്യം ഒരുക്കിയത് എന്ന് നാം തെറ്റിദ്ധരിക്കരുത്. അറവുകാരന് അറവുമൃഗത്തോടുള്ള കപടസ്നേഹം മാത്രമേ യേശുവിന് തന്റെ ശിഷ്യന്മാരോട് ഉണ്ടായിരുന്നുള്ളൂ എന്നതാണ് സത്യം. കാരണം ഇതേ ശിഷ്യന്മാർ പിൽക്കാലത്ത് ക്രിസ്തുമതം സ്ഥാപിക്കാനുള്ള യേശുവിന്റെ തത്രപ്പാടിൽ ഓരോരുത്തരായി കൊല്ലപ്പെടുന്നുണ്ട്.

എങ്കിലും യൂദാസ് അവസാന അത്താഴം നടന്ന മാളികവീട്ടിൽനിന്ന് യഹൂദരെ കൊണ്ടുവരാൻ പുറപ്പെടുമ്പോൾ യേശു അവിടെ നിന്ന് ഗെത്സമേനി തോട്ടത്തിലേക്കാണ് പോകുന്നത് എന്ന് അയാൾക്ക് അറിയില്ലല്ലോ? അപ്പോൾ പിന്നെ അയാൾ എങ്ങനെ കൃത്യമായി യേശുവിനെ പിടികൂടാൻ അധികൃതരുമായി ഗെത്സമേനിതോട്ടത്തിൽ വന്നു എന്ന ചോദ്യം അവശേഷിക്കുന്നുണ്ട്. ഈ ചോദ്യത്തിനുള്ള മറുപടി ഇതേ ഗ്രന്ഥത്തിൽ തന്നെയുള്ള 'യൂദാസ്: വഞ്ചകനോ വഞ്ചിതനോ?' എന്ന അദ്ധ്യായത്തിൽ വെളിപ്പെടുന്നതായിരിക്കും.

**രാത്രിയിൽ നഗ്നനായ യോഹന്നാൻ!**

ഗെത്സമേനിയിലെ തോട്ടത്തിൽ അർദ്ധരാത്രി സമയത്ത് റോമാക്കാരുമായിവന്ന യഹൂദർ യേശുവിനെ ബന്ധിച്ചപ്പോൾ യേശുവിന്റെ കൂടെയുണ്ടായിരുന്ന യൂദാസ് ഒഴികെയുള്ള 11 ശിഷ്യന്മാർ അറസ്റ്റു ഭയന്ന് യേശുവിനെ ഉപേക്ഷിച്ച് ഓടിപ്പോയി എന്നാണ് ബൈബിൾ പറയുന്നത്.[18] എന്നാൽ യേശുവിനെ മുഖ്യ പുരോഹിതരുടെ അടുക്കലേക്ക് കൊണ്ടുപോകുന്ന വഴിയിൽ ഒരുവൻ യേശുവിനെ പിന്തുടർന്നുവെന്നും അയാൾ ഒരു ചെറുപ്പക്കാരനായിരുന്നു എന്നും നഗ്നനായിരുന്നു എന്നും ദേഹത്ത് ഒരു ലിനൻ പുതപ്പ് മാത്രം പുതച്ചിരുന്നുവെന്നും ബൈബിൾ പറയുന്നുണ്ട്, എന്നാൽ റോമൻപടയാളികൾ അയാളെ പിടികൂടിയപ്പോ

18. മാർക്കോസ് 14:50

ൾ അയാൾ ലിനൻപുതപ്പ് ഉപേക്ഷിച്ച് പൂർണ്ണനഗ്നനായി ഓടിക്കള ഞ്ഞു എന്നും എഴുതിയിട്ടുണ്ട്.[19]

2000 വർഷങ്ങൾക്കുമുന്നേ അർദ്ധരാത്രി സമയത്ത് ഗെത്സമേനി തോട്ടത്തിൽ യേശുവും ശിഷ്യന്മാരും അല്ലാതെ മറ്റാരുമുണ്ടായിരുന്നില്ല. യേശുവിന്റെ ശിഷ്യന്മാരിൽ ഏറ്റവും ഇളയവൻ എന്ന് കണക്കാക്കപ്പെടു ന്നത് യോഹന്നാനെയാണ്. യേശുവിനെ റോമൻ പടയാളികൾ ബന്ധി ക്കുന്നതിന് ഏതാനും മണിക്കൂറുകൾ മുൻപ് യേശുവിന്റെ മാറിടത്തിൽ ചാഞ്ഞു കിടന്നിരുന്നത് ഇതേ യോഹന്നാൻ ആയിരുന്നുവെന്നും ബൈ ബിൾ പറയുന്നുണ്ട്.[20] യോഹന്നാനെ യേശു സ്നേഹിച്ചിരുന്ന ശിഷ്യൻ എന്നാണ് ബൈബിൾ വിളിക്കുന്നത്. യേശു സ്നേഹിച്ചിരുന്ന ശിഷ്യൻ, വീഞ്ഞ് കുടിച്ച് ഉന്മത്തനായി യേശുവിന്റെ മാറിൽ ചാഞ്ഞു കിടന്നിരുന്ന ശിഷ്യൻ എല്ലാം ചേർത്തു വായിക്കുമ്പോൾ യേശുവിനെ റോമൻ പടയാ ളികൾ ബന്ധിക്കുന്ന നേരത്ത് നഗ്നനായിരുന്ന ശിഷ്യൻ യോഹന്നാൻ തന്നെ ആയിരുന്നു എന്നുവേണം കരുതുവാൻ. പക്ഷേ ഇവിടെ പ്രസ ക്തമായ മറ്റൊരു ചോദ്യമുണ്ട്. അയാൾ നഗ്നനായിരുന്നു ഒരു ലിനൻ പുതപ്പ് മാത്രമാണ് ദേഹത്ത് ചുറ്റിയിരുന്നത് എന്ന് ബൈബിൾ പറയുന്നു ണ്ട്. രാത്രി ഏറെയായതിനാൽ മറ്റെല്ലാ ശിഷ്യന്മാരും തളർന്നുറങ്ങുക യായിരുന്നു എന്നും ബൈബിൾ പറയുന്നുണ്ട്. എങ്കിൽ യോഹന്നാൻ മാത്രം എങ്ങനെ നഗ്നനായി? അയാളുടെ അടിവസ്ത്രം എങ്ങോട്ടു പോയി? ഇരുട്ടിന്റെ മറവിൽ യോഹന്നാന്റെ അടിവസ്ത്രം ഊരി മാറ്റി അയാളെ നഗ്നനാക്കിയത് ആരാണ്? എന്തിനാണ്? എന്നൊക്കെ ചോദ്യ ങ്ങൾ ഒത്തിരിയുണ്ട്. വിഷയം മ്ലേച്ഛമായതിനാലും ഈ ഗ്രന്ഥം സഭ്യത യുടെ അതിർവരമ്പുകൾ ഭേദിക്കാൻ പാടില്ല എന്ന് നിർബന്ധമുള്ളതു കൊണ്ടും ഈ വിഷയത്തെക്കുറിച്ച് ഇതിൽ കൂടുതൽ ഇവിടെ പറയാൻ നിർവ്വാഹമില്ല! എന്തായാലും യേശു ബന്ധനസ്ഥനാകുന്നതിനുമുന്നേ ഗെത്സമേനി തോട്ടത്തിൽ വച്ച് യോഹന്നാനെയും യോഹന്നാന്റെ സ ഹോദരൻ യാക്കോബിനെയും പത്രോസിനെയും യേശു മറ്റു ശിഷ്യ ന്മാരിൽനിന്ന് അകറ്റി അല്പം ദൂരേക്ക് കൊണ്ടുപോയി എന്ന് ബൈ ബിൾ പറയുന്നുണ്ട്.[21] അതിനുശേഷം ആവണം യോഹന്നാന് അടിവ സ്ത്രം നഷ്ടമായത്. ഇത്രയും മ്ലേച്ഛമായ ഒരു കഥ, ദൈവപുത്രന്റെ കഥ യാണ് എന്ന് പറയുന്നതാണ് സത്യത്തിൽ അസഹനീയം!

**കല്ലറയും ഒളിസങ്കേതവും**

വ്യാഴാഴ്ച അർദ്ധരാത്രിയിൽ യേശുവിനെ ബന്ധനസ്ഥനാക്കിയ പ്പോൾ നാലുപാടും ചിതറി ഓടിയ യേശുവിന്റെ ശിഷ്യന്മാർ ഞായറാ ഴ്ച വൈകുന്നേരം ഒരേ സ്ഥലത്ത് ഒത്തുകൂടിയിരുന്നതായി ബൈബി

19. മാർക്കോസ് 14:51-52
20. യോഹന്നാൻ 13:23
21. മാർക്കോസ് 14:33

ളിൽ വചനം ഉണ്ട്. യേശുവും ശിഷ്യന്മാരും യേശുവിനെ ശുശ്രൂഷിക്കാൻ ഗലീലിയിൽ നിന്ന് അവനെ അനുഗമിച്ചിരുന്ന സ്ത്രീകളും എല്ലാം ഒത്തൊരുമിച്ച് യേശുവുമായി അവസാന അത്താഴം കഴിച്ച അതേ ഭവന ത്തിൽ അതേ മുറിയിൽ ആയിരുന്നു യേശുവിന്റെ ശിഷ്യന്മാരൊക്കെ ഉണ്ടായിരുന്നത്. ഞായറാഴ്ച രാത്രിസമയത്ത് പോലും യേശുവിന്റെ ശിഷ്യന്മാർ യഹൂദരെ ഭയന്ന് കതകടച്ചിരുന്നിരുന്നു എന്ന് ബൈബിൾ പറയുന്നുണ്ട്.[22] അതായത് വ്യാഴാഴ്ച അർദ്ധരാത്രി യേശുവിനെ ബ ന്ധനസ്ഥനാക്കിയതു കണ്ടപ്പോൾ ശിഷ്യന്മാരെ ഗ്രസിച്ചിരുന്ന ഭയം വെള്ളിയാഴ്ച യേശുവിനെ കുരിശിൽ തറച്ചതിനുശേഷം ശനിയാഴ്ച യും അതിന് ശേഷം ഞായറാഴ്ച രാത്രി വരെയും വിട്ടു മാറിയിരുന്നില്ല എന്നാണ് ബൈബിൾ പറയുന്നത്.

ഞായറാഴ്ച അതിരാവിലെ യേശുവിന്റെ കല്ലറയിലേക്കു പോയ മഗ്ദലനക്കാരി മറിയ കല്ലറയുടെ വാതിൽ മൂടിയിരുന്ന കല്ല് ആരോ ഉരുട്ടി മാറ്റിയിരിക്കുന്നതായി കണ്ട് ശിഷ്യന്മാരുടെ അടുത്തേക്ക് ഓടി ച്ചെന്ന് വിവരമറിയിക്കുമ്പോൾ പത്രോസും യോഹന്നാനും മാത്രമാണ് കല്ലറയിലേക്ക് ഓടിപ്പോയത്. യോഹന്നാൻ പത്രോസിനെക്കാൾ വേഗ ത്തിലോടി എന്നാണ് എഴുതിയിരിക്കുന്നത്.[23] എന്തുകൊണ്ട് അവർ നട ന്നു പോയില്ല അല്ലെങ്കിൽ എന്തുകൊണ്ടാണ് ഓടിപ്പോയത്? ഈ സംഭ വം അരങ്ങേറുന്നത് നേരം പുലരുന്ന സമയത്താണ്. നേരം പുലർന്ന് യഹൂദർ ഉണരുന്നതിനു മുന്നേ ഗോൽഗോത്തായിൽ ഉള്ള കല്ലറയിൽ പോയി തിരിച്ച് അവരുടെ ഒളിസങ്കേതത്തിൽ എത്താനാണ് അവർ രണ്ടാ ളും ഓടിപ്പോയത് എന്ന കാര്യം വ്യക്തമാണ്. ഇതിൽനിന്ന് രണ്ട് കാര്യ ങ്ങൾ വ്യക്തമാണ്. ഞായറാഴ്ച രാവിലെയും ശിഷ്യന്മാർ യഹൂദരെ ഭയന്നിരുന്നുവെന്നും, യേശുവിന്റെ കല്ലറ സ്ഥിതി ചെയ്തിരുന്ന ഇടവും അതായത് ഗോൽഗോത്തായും, വ്യാഴാഴ്ച അർദ്ധരാത്രി മുതൽ യേശു വിന്റെ ശിഷ്യന്മാരുടെ ഒളിസങ്കേതമായ യേശു അവസാന അത്താഴം കഴിച്ച ഇടവും തമ്മിൽ വലിയ ദൂരമില്ലായിരുന്നു എന്നും.

യേശു ഉയർത്തെഴുന്നേറ്റു എന്ന് പറയപ്പെടുന്ന ഞായറാഴ്ച രാത്രി യോഹന്നാൻ അടക്കം 11 ശിഷ്യന്മാരും യഹൂദരെ ഭയന്ന് കതകടച്ചിരി ക്കുകയായിരുന്നു എന്നാണ് ബൈബിൾ പറയുന്നത്[24] എന്നാൽ അതേ യോഹന്നാന്റെ പുസ്തകത്തിൽ തന്നെ യേശുവിനെ കുരിശിൽ തറച്ച വെള്ളിയാഴ്ച ഉച്ചസമയത്ത് യോഹന്നാൻ യേശുവിന്റെ കുരിശിനടു ത്ത് നിൽപ്പുണ്ടായിരുന്നു എന്നും പറയുന്നുണ്ട്.[25] യേശുവിനെ കുരിശിൽ തറയ്ക്കുന്ന സമയത്ത് തൽസ്ഥാനത്ത് യഹൂദരും റോമൻപടയാളികളും ഒക്കെയുണ്ട്. ഏതാനും മണിക്കൂറുകൾക്ക് മുന്നേ വ്യാഴാഴ്ച അർദ്ധരാ

22. ലൂക്കോസ് 24:33; യോഹന്നാൻ 20:19
23. യോഹന്നാൻ 20:4
24. യോഹന്നാൻ 20:19
25. യോഹന്നാൻ 19:26

ത്രി യേശുവിനെ റോമൻപടയാളികൾ ബന്ധിച്ചപ്പോൾ അടിവസ്ത്രം പോലും ഇടാതെ പേടിച്ചോടിയ യോഹന്നാൻ ഇതാ യാതൊരു ഭയവുമി ല്ലാതെ യേശുവിന്റെ കുരിശിന് തൊട്ടടുത്ത് നിൽക്കുന്നു! വ്യാഴാഴ്ച അർദ്ധരാത്രി ഭയം, വെള്ളിയാഴ്ച ഉച്ചയ്ക്ക് ഭയമില്ല, ഞായറാഴ്ച വീ ണ്ടും ഭയം! എങ്ങനെയുണ്ട് വിശുദ്ധ യോഹന്നാന്റെ സുവിശേഷം?

**ബുദ്ധിതോറ്റുപോകുന്ന വൈരുദ്ധ്യങ്ങൾ!**

ഈ സന്ദർഭത്തിലെ മറ്റൊരു വൈരുദ്ധ്യവും കൂടി ചൂണ്ടിക്കാട്ടാൻ ആഗ്രഹിക്കുകയാണ്. യേശുവിന്റെ കുരിശിനടുത്ത് നിൽക്കുന്ന യോഹ ന്നാനോട് തൊട്ടടുത്ത് നിൽക്കുന്ന യേശുവിനെ പ്രസവിച്ച സ്ത്രീയായ മറിയയെ കാട്ടി 'ഇതാ നിന്റെ അമ്മ' എന്ന് യേശു പറയുന്നുണ്ട്. ആ നാഴികമുതൽ ആ ശിഷ്യൻ അവളെ തന്റെ വീട്ടിൽ കൈക്കൊണ്ടു[26] വെന്നും.

ഇവിടെ രണ്ട് പ്രശ്നങ്ങളാണ് ഉള്ളത്, ആ നാഴിക മുതൽ അതായ ത് യേശുവിനെ കുരിശിൽ തറച്ച വെള്ളിയാഴ്ച ഉച്ച മുതൽ മറിയ യോഹ ന്നാന്റെ ഭവനത്തിലാണ് പൊറുതിയെങ്കിൽ യോഹന്നാൻ മറിയയെയും കൂട്ടി അപ്പോൾ തന്നെ യോഹന്നാന്റെ ഭവനം സ്ഥിതി ചെയ്യുന്ന ഗലീലി യിലേക്ക് പോയിട്ടുണ്ടാവണം. ഗോൽഗോത്തായിൽ നിന്ന് ഗലീലിയിലേ ക്ക് ഏതാണ്ട് 150 കിലോമീറ്റർ ദൂരമുണ്ട്. ബൈബിൾവചനം സത്യമാവാ ൻ യോഹന്നാൻ മറിയയെയും കൊണ്ട് വെള്ളിയാഴ്ച ഉച്ചയ്ക്കു തന്നെ ഗലീലിയിലേക്ക് പുറപ്പെട്ടു എന്ന് കരുതുക. അക്കാലത്ത് 150 കിലോമീ റ്റർ തരണം ചെയ്യാൻ ദിവസങ്ങൾ എടുക്കും. വെള്ളിയാഴ്ച ഉച്ചയ്ക്ക് മറിയയെയും കൂട്ടി ഗലീലിലേക്ക് യോഹന്നാൻ പോയിട്ടുണ്ടെങ്കിൽ ഞാ യറാഴ്ച അതിരാവിലെ മഗ്ദലനക്കാരി മറിയയുടെ വാക്കു കേട്ട് ഗോൽ ഗോത്തായിലെ കല്ലറയിലേക്ക് ഓടിപ്പോയ യോഹന്നാൻ ആരാണ്? രണ്ട് യോഹന്നാൻ ഉണ്ടോ? പരസ്പരവിരുദ്ധമായ ഈ രണ്ടു വിവരണങ്ങളും രേഖപ്പെടുത്തിയിരിക്കുന്ന പുസ്തകം എഴുതിയത് യോഹന്നാൻ ആണെ ന്ന് കോടിക്കണക്കിനു വരുന്ന ക്രിസ്ത്യാനികൾ ഇന്നും വിശ്വസിക്കുന്നു എന്നതാണ് ഏറ്റവും വിചിത്രം!

മറ്റൊരു സംഗതി കൂടി ഇത്തരുണത്തിൽ വെളിപ്പെടുത്തുവാൻ ആ ഗ്രഹിക്കുന്നു. അത് പറയുന്നതിനു മുന്നേ ആദ്യം തന്നെ 2000 വർഷം മുമ്പുള്ള പാലസ്തീന്റെ ഭൂമിശാസ്ത്രത്തെക്കുറിച്ച് ഒരു ചെറിയ കാര്യം പറയാൻ ആഗ്രഹിക്കുകയാണ്. പതിറ്റാണ്ടുകൾക്കു മുൻപ് കേരളം എ ങ്ങനെയാണോ തെക്കു തിരുവിതാംകൂർ, മദ്ധ്യത്തിൽ കൊച്ചി, വടക്കു മലബാർ എന്ന മൂന്ന് പ്രവിശ്യകളായിരുന്നിരുന്നത് അതുപോലെ തന്നെ യൂദാ, സമരിയ, ഗലീലിയ എന്ന് മൂന്ന് പ്രവിശ്യകൾ ആയിരുന്നു അക്കാ ലത്ത് യേശു സഞ്ചരിച്ചിരുന്ന പാലസ്തീൻമേഖല. ഇന്ന് ഈ നാടു കൾ വ്യത്യസ്ത പേരിലാണ് അറിയപ്പെടുന്നതെങ്കിലും. ജെറുസലേം,

26. യോഹന്നാൻ 19:27

എമ്മാവൂസ്, ബെഥനിയ, ബെത്ലഹേം എന്നീ സ്ഥലങ്ങൾ യൂദാ ദേശത്തും, നസ്രത്ത്, കഫർണാം ബെത്സയിദ തുടങ്ങിയ സ്ഥലങ്ങൾ ഗലീലിയിലും നടുക്ക് സമരിയ പ്രദേശവും ആയിരുന്നു.

യേശു വളർന്നത് ഗലീലിയിലുള്ള നസ്രത്തിൽ ആയിരുന്നു. പിന്നീട് യേശു ഗലീലി കടൽത്തീരത്തിനടുത്തുള്ള കഫർണാമിൽ പോയി പാർത്തു എന്ന് ബൈബിൾ പറയുന്നുണ്ട്[27] ഗലീലിയെ വിജാതീയരുടെ നാട് എന്നാണ് ബൈബിൾ വിളിക്കുന്നത്.

വിജാതീയർ എന്നാൽ യഹൂദർ അല്ലാത്തവർ എന്നാണ് ഇവിടെ ഉദ്ദേശിക്കുന്നത്. ബ്രാഹ്മണർ അല്ലാത്തവരെ അബ്രാഹ്മണർ എന്നു പറയില്ലേ അതുപോലെ. യൂദാദേശത്താണ് യഹൂദർ തിങ്ങിപ്പാർക്കുന്നത്. യഹൂദരുടെ ജെറുസലേം പള്ളിയും അവിടെയാണ്. ഗലീലി ദേശത്ത് ഭൂരിപക്ഷവും വിജാതീയരാണ്. എന്നാൽ യഹൂദർ ഉണ്ട് താനും. ഗലീലി കടലിൽ മീൻപിടിച്ചിരുന്ന മീൻപിടുത്തക്കാരായിരുന്ന യഹൂദർ അവിടെ ഉണ്ടായിരുന്നു. അവരെയാണ് യേശു ശിഷ്യന്മാർ ആക്കിയത്. യേശുവും ശിഷ്യന്മാരും ഇടയ്ക്കിടെ യൂദാ ദേശത്തു വരാറുണ്ടായിരുന്നു. എന്നാൽ അപ്പോഴൊന്നും സ്ത്രീകളെ കൂടെ കൂട്ടില്ലായിരുന്നു. എന്നാൽ യേശു തന്റെ അവസാന യാത്രയിൽ അവനെ ശുശ്രൂഷിക്കാൻ ഗലീലിയിൽ നിന്ന് അവനെ അനുഗമിച്ചിരുന്ന സ്ത്രീകളെയും കൂടെ കൂട്ടിയിരുന്നു. അതായത് ഇതു തന്റെ അവസാനയാത്രയാണെന്ന് യേശുവിന് ബോധ്യമായിരുന്നു. ഗലീലിയിൽ നിന്ന് യേശുവിനെ ശുശ്രൂഷിക്കാൻ അനുഗമിച്ചിരുന്ന സ്ത്രീകളാണ് യേശുവിന്റെ ഉയർത്തെഴുന്നേൽപ്പ് നാടകത്തിന് തുടക്കം കുറിച്ചത്. ആ വിഷയം വിശദമായി മറ്റൊരു അദ്ധ്യായത്തിൽ ഈ ഗ്രന്ഥത്തിൽ തന്നെ അയാൾ പ്രതിപാദിക്കുന്നതായിരിക്കും.

ഇവിടെ ചർച്ച ചെയ്യുന്ന വിഷയം മറ്റൊന്നാണ്.

ഗലീലിയിൽ നിന്ന് സ്ത്രീകളെയും കൂട്ടി യൂദാദേശത്തു വന്നത് തന്റെ അവസാനയാത്രയാണെന്ന് യേശുവിന് എങ്ങനെ ബോധ്യമായി എന്നതാണ് ഇവിടെ പ്രസക്തമായ ചോദ്യം. ഈ ചോദ്യത്തിന്റെ ഉത്തരം ബോധ്യപ്പെടുത്തണമെങ്കിൽ മറ്റൊരു വിഷയത്തിലേക്ക് ശ്രദ്ധ ക്ഷണിക്കേണ്ടത് ആവശ്യമാണ്. യേശുവിനെ കുരിശിൽ തറച്ച അതേ ദിവസം തന്നെ അവന്റെ ഇടതും വലതും രണ്ടുപേരെ കുരിശിൽ തറച്ചിരുന്നു. വെള്ളിയാഴ്ച ഉച്ചയ്ക്ക് ഏതാണ്ട് 3 മണിയായപ്പോൾ യേശുവിന്റെ മരണം സംഭവിച്ചു. അന്ന് വൈകിട്ട് ഏതാണ്ട് 7 മണിയായപ്പോൾ യേശുവിന്റെ തന്നെ രണ്ട് രഹസ്യശിഷ്യന്മാരായിരുന്ന അരിമധ്യക്കാരൻ ജോസഫും നിക്കോദാമോസും ഗോൽഗോത്തായിൽ വന്നു, അതിനുശേഷം ജെറുസലേമിൽ പോയി പീലാത്തോസിന്റെ അനുവാദം വാങ്ങി തിരികെ ഗോൽഗോത്തായിൽ വന്നു യേശുവിന്റെ ജഢം കുരിശിൽ നിന്ന് വേർപെടുത്തി താഴെ ഇറക്കി. ഗോൽഗോത്തായിൽ തന്നെ ഉണ്ടായിരുന്ന അതു

27. മത്തായി 4:12-13

വരെ ആരെയും മറവു ചെയ്തിട്ടില്ലാത്ത അരിമധ്യാക്കാരൻ ജോസഫ് തന്റെ സ്വന്തം കൈകൊണ്ട് പാറ ചെത്തി ഉണ്ടാക്കിയ കല്ലറയിൽ മറവ് ചെയ്തു എന്ന് ബൈബിൾ പറയുന്നുണ്ട്.

അരിമധ്യക്കാരൻ ജോസഫിനെ കുറിച്ച് ഒന്നുരണ്ട് കാര്യങ്ങൾകൂടി ബൈബിൾ പറയുന്നുണ്ട് അതുകൂടി വിശദമാക്കാം. അരിമധ്യാക്കാരൻ ജോസഫ് ധനികനായിരുന്നു, യഹൂദരുടെ ആലോചനാസമിതി അംഗം ആയിരുന്നു, നല്ലവൻ ആയിരുന്നു, യേശുവിന്റെ ശിഷ്യനായിരുന്നു എന്നെല്ലാം ബൈബിൾ പറയുന്നുണ്ട്.[28]*

പ്രസ്തുത അരിമദ്ധ്യക്കാരൻ ജോസഫും നിക്കോദാമോസും ചേർന്ന് യേശുവിന്റെ ജഡം കുരിശിൽനിന്ന് താഴെയിറക്കി മറവു ചെയ്തത് കൊണ്ട് ജഡത്തിന് കേടുപാടുകൾ ഒന്നും സംഭവിച്ചില്ല. എന്നാൽ യേശുവിന്റെകൂടെ കുരിശിൽ തറക്കപ്പെട്ട മറ്റ് രണ്ടുപേരുടെ കാര്യം നമുക്കൊന്ന് ഭാവനയിൽ കാണാം. അവർക്ക് യേശുവിനുള്ളതുപോലെ രഹസ്യ ശിഷ്യന്മാർ ഒന്നുമില്ലല്ലോ. അവരുടെ ജഡം കുരിശിൽ നിന്ന് താഴെയിറക്കാൻ ആരും വന്നും കാണില്ല. അപ്പോൾ ആ ജഡങ്ങൾക്ക് എന്ത് സംഭവിച്ചിട്ടുണ്ടാകും എന്ന ചോദ്യത്തിന് ഉത്തരം ആ ജഡങ്ങൾ നിന്നിരുന്ന സ്ഥലത്തിന്റെ പേരിൽ നിന്നുതന്നെ വ്യക്തമാണ്. ഗോൽഗോത്ത എന്നാൽ തലയോട്ടിയുടെ ഇടം എന്നാണർത്ഥം.

എങ്ങനെയായിരിക്കും ആ സ്ഥലത്തിന് തലയോട്ടിയുടെ ഇടം എന്ന പേര് സിദ്ധിച്ചത് എന്ന് മനസിലാക്കുവാൻ ശ്രമിക്കാം. വെള്ളിയാഴ്ച രാത്രി മുഴുവനും അവരുടെ ജഡങ്ങൾ കുരിശിൽ തന്നെ കിടക്കും പിറ്റേ ദിവസം ആകുമ്പോഴേക്കും ജഡം ചീഞ്ഞുനാറാൻ തുടങ്ങും. റോമാക്കാർ കുറ്റവാളികൾക്ക് മരണശിക്ഷ നടപ്പാക്കിയിരുന്ന ഗോൽഗോത്ത ഒരു കുന്നിൻമുകളിൽ ആയിരുന്നു കുന്നിൻമുകളിൽ കുരിശിൽ തറച്ചുവെച്ചിരിക്കുന്ന ചീഞ്ഞ ദുർഗന്ധം വമിക്കുന്ന ജഡം തീർച്ചയായും കഴുകന്മാരെ ആകർഷിക്കും.

'ശവമുള്ളിടത്ത് കഴുകന്മാർ വന്നു കൂടും'[29] എന്ന് യേശു പറഞ്ഞതുപോലെ തന്നെ ശവങ്ങൾ തിന്ന് തീർത്ത് വിശപ്പടക്കാൻ കഴുകന്മാർ വരും. ആ ജഡങ്ങളുടെ മാംസഭാഗമൊക്കെ അവറ്റകൾ തിന്നു തീർക്കും തലയോട്ടി താഴെ വീഴും. യേശുവിനെ കുരിശിൽ തറച്ചിരുന്ന സ്ഥലത്തി

---

28. യോഹന്നാൻ 19:38–40, മത്തായി 27:60
29. മത്തായി 24:28

**ഹരിമാഥേയി (Harimathea) എന്ന് ഗ്രീക്കുഭാഷയിലും റമാഥയീം (Remathaim) എന്ന് എബ്രായഭാഷയിലും വ്യവഹരിക്കപ്പെട്ട പുരാതന യൂദാദേശത്തെ നഗരമാണ് മലയാളബൈബിളിൽ 'അരിമദ്ധ്യ' എന്നു വ്യവഹരിക്കുന്നത്. ജറുസലേമിനു വടക്കുള്ള ഇന്നത്തെ റമല്ല ആണിതെന്ന് ചില പണ്ഡിതർ പറയുന്നു.*

ന് ഗോൽഗോത്ത അഥവാ തലയോട്ടിയുടെ ഇടം എന്ന പേര് എങ്ങനെ സിദ്ധിച്ചു എന്ന് ഇപ്പോൾ വ്യക്തമായി കാണുമെന്ന് കരുതട്ടെ.

യേശുവിന്റെ ജഡവും കഴുകന്മാർ തിന്നു തീർത്തേനെ. അങ്ങനെ സംഭവിക്കാതിരുന്നത് യേശുവിന്റെ രഹസ്യശിഷ്യന്മാരുടെ ഇരുട്ടിന്റെ മറവിലുള്ള ഇടപെടൽ മൂലമാണ്. രഹസ്യശിഷ്യന്മാർ രംഗപ്രവേശം ചെയ്തില്ലായിരുന്നെങ്കിൽ യേശുവിന്റെ ജഡവും കഴുകന്മാർ തിന്നുതീർത്തേനെ. അങ്ങനെ സംഭവിച്ചിരുന്നുവെങ്കിൽ യേശു ഉടലോടെ ഉയർത്തെഴുന്നേറ്റു എന്ന പ്രചരണം അസാധ്യമായി തീർന്നേനെ.

യേശുവിന്റെ രഹസ്യശിഷ്യന്മാരായ അരിമദ്ധ്യക്കാരൻ ജോസഫും നിക്കോദാമോസും യേശുവിനെ കുരിശിൽ തറച്ച ഗോൽഗോത്തായിൽ എത്തുന്ന സമയമാണ് പ്രധാനം. വെള്ളിയാഴ്ച ഏതാണ്ട് ഉച്ചയ്ക്ക് 12 മണിയോടടുത്ത് യേശുവിനെ കുരിശിൽ തറച്ചു. ലംബമായിരിക്കുന്ന കുരിശ് അതിന്മേൽ വലിയ ആണികൾ കൊണ്ട് അടിച്ചു ബന്ധിച്ചു നിർത്തിയിരിക്കുന്ന യേശുവിന്റെ ശരീരം. ഇവിടെ യേശുവിന്റെ ശരീരഭാരം പ്രസക്തമാണ്. യേശു സ്ഥൂലകായനായിരുന്നുവെന്നോ കൃശഗാത്രനായിരുന്നുവെന്നോ ബൈബിൾ വ്യക്തമായി പറയുന്നില്ല എന്നാൽ യേശുവിനെ യഹൂദർ പെരുവയറൻ എന്നു വിളിച്ചിരുന്നു എന്ന് യേശു തന്നെ പറയുന്നുണ്ട്.[30] പെരുവയറനായ ഒരുവന് സാമാന്യത്തിൽ അധികം തൂക്കമുണ്ടാവും. എഴുപതോ എൺപതോ കിലോ തൂക്കമുള്ള ഒരുവന്റെ ശരീരം ലംബമായി നിൽക്കുന്ന ഒരു കുരിശിൽ ആണിയടിച്ച് ഉറപ്പിക്കണമെങ്കിൽ എത്ര വലിയ ആണിയായിരിക്കണം യേശുവിന്റെ കൈകളും കാലുകളും തുളച്ചുകയറ്റിയിട്ടുണ്ടാവുക? ഏതായാലും ഉച്ചയ്ക്ക് മൂന്ന് മണിക്ക് യേശു അന്ത്യശ്വാസം വലിച്ചു എന്ന് ബൈബിൾ വചനം ഉണ്ട്. അതിനുശേഷം അല്പനേരം കഴിഞ്ഞ് ഭടന്മാർ യേശു മരിച്ചു എന്ന് ഉറപ്പുവരുത്തുവാൻ യേശുവിന്റെ പാർശ്വഭാഗത്തിൽ കുന്തം കൊണ്ട് കുത്തി നോക്കുന്നുണ്ട്. അപ്പോൾ ഏതാണ്ട് മൂന്നര നാലുമണി സമയം. മരിച്ചുവെന്ന് ഉറപ്പായപ്പോൾ റോമൻ പടയാളികളും യഹൂദരും ഒന്നൊന്നായി ഗോൽഗോത്തായിൽ നിന്ന് പിൻവാങ്ങി.

അങ്ങനെ എല്ലാവരും പിൻവാങ്ങിയപ്പോൾ വൈകുന്നേരം ആയി നേരം ഇരുട്ടി. ആ ഇരുട്ടിന്റെ മറവിലാണ് രഹസ്യശിഷ്യന്മാരുടെ രംഗപ്രവേശം. അരിമദ്ധ്യക്കാരൻ ജോസഫ് ധനികനായിരുന്നുവെന്നും നല്ലവൻ ആയിരുന്നു എന്നും യേശുവിന്റെ ശിഷ്യൻ ആയിരുന്നുവെന്നും ബൈബിൾ പറയുന്നുണ്ടെന്ന്[31] മുൻപ് സൂചിപ്പിച്ചുവല്ലോ. ഇക്കാര്യത്തിലും ധാരാളം വൈരുദ്ധ്യങ്ങളുണ്ട്. യേശുവിനെ ബന്ധനസ്ഥനാക്കി മുഖ്യപുരോഹിതന്മാരുടെ അടുത്തെത്തിച്ചപ്പോൾ മുഖ്യ പുരോഹിതനോട് യേശു പറഞ്ഞത് ഞാൻ എപ്പോഴും യഹൂദരുടെ സിനഗോഗിലാണ്

30. മത്തായി 11:19
31. മത്തായി 27:57, ലൂക്കോസ് 23:50

പഠിപ്പിച്ചിട്ടുള്ളത് രഹസ്യമായി ഞാൻ ഒന്നും പറഞ്ഞിട്ടില്ല എന്നാണ്.[32] പരസ്യമായി മാത്രം ശിഷ്യന്മാരോട് സംസാരിച്ച യേശുവിന് എങ്ങനെ രഹസ്യശിഷ്യന്മാർ ഉണ്ടായി?

അരിമദ്ധ്യക്കാരൻ ജോസഫും നിക്കോദാമോസും മാത്രമായിരുന്നില്ല യേശുവിന് വേറെയും ധാരാളം രഹസ്യശിഷ്യന്മാർ ഉണ്ടായിരുന്നു എന്നതിന് ബൈബിളിൽ തെളിവുകളുണ്ട്. ഉദാഹരണത്തിന് യേശു അവസാനമായി ഗലീലിയിൽ നിന്ന് ജെറുസലേമിലേക്ക് വരുമ്പോൾ യേശു തനിക്കുമുമ്പേ രണ്ട് ശിഷ്യന്മാരെ ഒരു കാര്യത്തിന് നിയോഗിക്കുന്നുണ്ട്. 'അവർ ജെറുസലേമിനെ സമീപിക്കവേ ഒലിവുമലയ്ക്ക് അരികിലുള്ള ബധ്ഫഗയിലെത്തി. അപ്പോൾ യേശു തന്റെ രണ്ട് ശിഷ്യന്മാരെ ഇപ്രകാരം നിർദ്ദേശിച്ചയച്ചു. എതിരെ കാണുന്ന ഗ്രാമത്തിലേക്ക് പോകുവിൻ അവിടെ ഒരു കഴുതയെയും അതിന്റെ കുട്ടിയെയും കെട്ടിയിരിക്കുന്നത് ഉടനെ നിങ്ങൾ കാണും അവയെ അഴിച്ച് എന്റെ അടുക്കൽ കൊണ്ടുവരിക. ആരെങ്കിലും എന്തെങ്കിലും ചോദിച്ചാൽ കർത്താവിന് അതിനെക്കൊണ്ട് ആവശ്യമുണ്ടെന്ന് പറയുക. അവൻ ഉടനെ തന്നെ അവയെ വിട്ടുതരും.'[33]

പിന്നീട് അവർ യേശു കൽപ്പിച്ചതുപോലെ പ്രവർത്തിച്ചു എന്നും രേഖപ്പെടുത്തിയിട്ടുണ്ട്.[34]

കർത്താവിന് കഴുതകളെ ആവശ്യമുണ്ട് എന്നു പറയുമ്പോൾ കഴുതയുടെ ഉടമസ്ഥൻ ആ കഴുതകളെ വിട്ടുനൽകണമെങ്കിൽ അയാൾ തീർച്ചയായും യേശുവിന്റെ മറ്റൊരു ശിഷ്യനായിരിക്കണം.

ഏതാണ്ട് മുൻപറഞ്ഞ സംഭവത്തിന് സമാനമായ രീതിയിലാണ് അവസാന അത്താഴം കഴിക്കാനുള്ള മുറിയും ഭക്ഷണവും വീഞ്ഞും ഒക്കെ തയ്യാറായത്. 'നിങ്ങൾ പട്ടണത്തിൽ എത്തുമ്പോൾ ഒരു കുടം വെള്ളം ചുമന്നുകൊണ്ടു ഒരു മനുഷ്യൻ നിങ്ങൾക്കു എതിർപെടും; അവൻ കടക്കുന്ന വീട്ടിലേക്കു പിൻചെന്നു വീട്ടുടയവനോടു: ഞാൻ എന്റെ ശിഷ്യന്മാരുമായി പെസഹ കഴിപ്പാനുള്ള ശാല എവിടെ എന്നു ഗുരു നിന്നോടുചോദിക്കുന്നു എന്നു പറവിൻ. അവൻ വിരിച്ചൊരുക്കിയൊരു വൻ മാളിക കാണിച്ചുതരും; അവിടെ ഒരുക്കുവിൻ "എന്നവരോടു പറഞ്ഞു. അവർ പോയി തങ്ങളോടു പറഞ്ഞതുപോലെ കണ്ടു പെസഹ ഒരുക്കി.[35]

ലിയനാർഡോ ഡാവിഞ്ചി വരച്ച യേശുവിന്റെ അവസാന അത്താഴവിരുന്നിന്റെ പ്രസിദ്ധമായ ഒരു ചിത്രം ഉണ്ട്. ഈ ചിത്രം പക്ഷേ വസ്തുതകൾക്ക് നിരക്കുന്നതല്ല. ഈ ചിത്രത്തിൽ യേശുവും തന്റെ 12 അപ്പോസ്തലന്മാരും മാത്രമേയുള്ളൂ. സത്യത്തിൽ യേശുവിനെ ശുശ്രൂ

32. യോഹന്നാൻ 18:20
33. മത്തായി 21:1–4
34. മത്തായി 21:6
35. ലൂക്കാ 22:10–13

ഷിക്കാൻ ഗലീലിയിൽ നിന്ന് അനുഗമിച്ച മഗ്ദലനകാരി മറിയ, ബഥനിക്കാരി മറിയ ഇത്യാദി ധാരാളം വ്യഭിചാരിണികളും തദവസരത്തിൽ അവിടെ സന്നിഹിതരായിരുന്നു. യേശുവും 12 അപ്പോസ്തലന്മാരും ഇസ്രായേലിലെ വ്യഭിചാരിണികളും ക്ലെയൊപ്പാസ് തുടങ്ങിയ മറ്റു ശിഷ്യന്മാരടക്കം വലിയൊരു ജനക്കൂട്ടം തന്നെ യേശുവിന്റെ അത്താഴവിരുന്നിനും വീഞ്ഞുസൽക്കാരത്തിനും പങ്കെടുത്തിരുന്നു എന്നതാണ് യാഥാർത്ഥ്യം.

യേശു രണ്ടു ശിഷ്യന്മാരെ അയച്ചു ഗുരുവിനും കൂട്ടർക്കും വിരുന്നൊരുക്കാൻ വേണ്ട ഏർപ്പാടുകൾ ചെയ്യാൻ പറഞ്ഞപ്പോൾ തന്നെ ഇത്രയേറെപേർക്ക് വിരുന്നൊരുക്കിയ ആ മാളിക വീടിന്റെ ഉടമസ്ഥൻ ധനികനല്ലേ? അയാൾ ധനികനുമാണ് യേശുവിന്റെ രഹസ്യശിഷ്യനുമാണ്. ധനികൻ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതിനേക്കാൾ എളുപ്പത്തിൽ ഒട്ടകം സൂചികുഴലിലൂടെ കടന്നുപോകും എന്ന് പറഞ്ഞ യേശുവിന് എങ്ങനെയാണ് ധനികരായ ശിഷ്യന്മാർ ഉണ്ടായത്? അരിമദ്ധ്യാകാരൻ ജോസഫ് യേശുവിന്റെ ശിഷ്യനായിരുന്നു എന്നും ധനികനായിരുന്നു എന്നും ബൈബിൾ രേഖപ്പെടുത്തുന്നു. അതായത് യേശു പകൽവെളിച്ചത്തിൽ സമൂഹത്തിലെ താരതമ്യേന താഴേക്കിടയിലുള്ള മീൻപിടുത്തക്കാർക്കും വേശ്യകൾക്കും ഒക്കെ ശിഷ്യത്വം നൽകിയിരുന്നു എന്നും രാത്രിയിൽ ഇരുട്ടിന്റെ മറവിൽ അരിമദ്ധ്യാ ജോസഫ്, നിക്കോദാമോസ്, മാളിക വീടിന്റെ ഉടമസ്ഥൻ ഇത്യാദി ധനികർക്കും ശിഷ്യത്വം നൽകിയിരുന്നു എന്ന് വേണ്ടേ മനസ്സിലാക്കുവാൻ?

അരിമദ്ധ്യക്കാരൻ ജോസഫ് ധനികനായിരുന്നു എന്നു മാത്രമല്ല അയാൾ നല്ലവൻ ആയിരുന്നു എന്നും ബൈബിൾ രേഖപ്പെടുത്തുന്നു.[36] ഒരിക്കൽ ഒരു യഹൂദൻ യേശുവിന്റെ അടുക്കൽ വന്നു നല്ലവനായ ഗുരോ നിത്യജീവൻ നേടാൻ ഞാൻ എന്തു ചെയ്യണം എന്ന് ചോദിച്ചപ്പോൾ യേശു നൽകിയ മറുപടി 'നീ എന്തിന് എന്നെ നല്ലവൻ എന്ന് വിളിക്കുന്നു, നല്ലവരായി ആരുമില്ല ദൈവം മാത്രം' എന്നാണ്.[37]

യേശുവിന്റെ വാക്കുകൾ സത്യമാണെങ്കിൽ ജോസഫ് ആവണം ക്രിസ്ത്യാനികളുടെ ദൈവം കാരണം യേശു നല്ലവനായി ആരുമില്ല ദൈവം മാത്രമെന്നും ബൈബിൾ അരിമധ്യാക്കാരൻ ജോസഫ് നല്ലവനായിരുന്നു എന്നും പറയുന്നു. നീ എന്തിന് എന്നെ നല്ലവൻ എന്ന് വിളിക്കുന്നു എന്നു പറയുന്നതിലൂടെ യേശു താൻ നല്ലവനല്ല എന്ന് സമ്മതിക്കുകയാണ്. അപ്പോൾ പിന്നെ 'ആടുകൾക്കുള്ള നല്ല ഇടയൻ ഞാനാകുന്നു'[38] എന്ന് യേശു പറഞ്ഞതും കള്ളമല്ലേ? എന്നെ എന്തിന് നല്ലവൻ എന്ന് വിളിക്കുന്നു ദൈവം മാത്രമാണ് നല്ലവൻ എന്ന് യേശു പറയു

36. മത്തായി 27:57, ലൂക്കോസ് 23:50
37. ലൂക്കാ 18:18-19
38. യോഹന്നാൻ 10:11

ന്നുണ്ട്. ദൈവപുത്രനായ യേശുക്രിസ്തുവിന്റെ കഥയുടെ ആരംഭം എന്ന് പറഞ്ഞുകൊണ്ടാണ് മാർക്കോസിന്റെ 'സുവിശേഷം' ഒന്നാം അദ്ധ്യായം ആരംഭിക്കുന്നത് തന്നെ. ഞാനും എന്റെ പിതാവും ഒന്നാകുന്നു എന്നും യേശു പറയുന്നുണ്ട്.[39] അതായത് യേശു ദൈവപുത്രൻ മാത്രമല്ല ദൈവവും യേശുവും ഒന്നുതന്നെ എന്നാണ് ബൈബിൾ പറയുന്നത്. അങ്ങനെയാണെങ്കിൽ എന്നെ എന്തിന് നല്ലവൻ എന്ന് വിളിക്കുന്നു നല്ലവനായി ദൈവം മാത്രം എന്ന് യേശു പറഞ്ഞത് കള്ളമല്ലേ? യേശു തന്നെയാണല്ലോ ദൈവം?

ഇനി അതെല്ലാം നമുക്ക് മാറ്റിവയ്ക്കാം. 'നല്ല വൃക്ഷത്തിനു ചീത്ത ഫലങ്ങളോ ചീത്ത വൃക്ഷത്തിനു നല്ല ഫലങ്ങളോ പുറപ്പെടുവിക്കാൻ സാധിക്കുകയില്ല' എന്ന് യേശു പറയുന്നുണ്ടല്ലോ[40] യേശു ദൈവപുത്രൻ ആണെങ്കിൽ ദൈവം മാത്രമാണ് നല്ലവനെങ്കിൽ നല്ല വൃക്ഷത്തിന് ചീത്തഫലം പുറപ്പെടുവിക്കുവാൻ കഴിയില്ലെങ്കിൽ യേശുവിന്റെ പിതാവായ ദൈവം നല്ലവൻ ആയിരിക്കുകയും പുത്രനായ ദൈവം നല്ലവനല്ലാതായിരിക്കുകയും ചെയ്യുന്നതെങ്ങനെ? യേശുവിന്റെ പ്രസ്താവനകളിലെ പരസ്പരവൈരുദ്ധ്യം യേശുവിൽ സത്യത്തിന്റെ കണികപോലുമില്ല എന്നല്ലേ സൂചിപ്പിക്കുന്നത്?

യേശുവിന്റെ ഒരു വചനം വായിക്കുമ്പോൾ അതിലെ ഒന്നിലധികം വൈരുദ്ധ്യങ്ങൾ നമ്മുടെ മനസ്സിലേക്കു വരും. അപ്പോൾ ആ വൈരുദ്ധ്യങ്ങൾക്കെല്ലാം പിന്നാലെ പോകാനും ഒരു നല്ല അന്വേഷകൻ പ്രേരിതനാകും. ആ വഴിയിൽ തെളിയുന്ന ഓരോ വൈരുദ്ധ്യങ്ങളും വായനക്കാരുടെ ശ്രദ്ധയിലേക്കു കൊണ്ടുവരിക എന്നതാണ് ലക്ഷ്യം. അങ്ങനെ ചെയ്യുമ്പോൾ പറഞ്ഞു വന്ന വിഷയത്തിൽനിന്ന് വഴുതിമാറി, മറ്റു വിഷയങ്ങളിലേക്കു കടക്കാൻ ഇടയാകും. എന്നാൽ ഏതൊരു വിഷയത്തിൽ നിന്നാണോ വഴുതിമാറി പോയത് ആ വിഷയത്തിലേക്കു തന്നെ ചുറ്റിത്തിരിഞ്ഞ് എത്തിച്ചേരും.

ജെറുസലേമിനടുത്തുള്ള മാളികവീട്ടിൽ അവസാന അത്താഴം കഴിക്കാനായി ഗലീലിയിൽ നിന്ന് യേശുവും അപ്പോസ്തലന്മാരും വന്നപ്പോൾ യേശു സ്ത്രീകളെയും കൂടെക്കൂട്ടി എന്നാണല്ലോ പറഞ്ഞു തുടങ്ങിയത് അതിന്റെ കാരണം യേശുവിന് ഇത്തവണ താൻ യൂദാദേശത്തേക്ക് വരുന്നത് തന്റെ അവസാനവരവാണ് എന്ന നിശ്ചയം ഉണ്ടായിരുന്നതിനാലാണ്. ഇത് അവസാനത്തെ വരവാണെന്ന് യേശുവിന് എങ്ങനെയാണ് ബോധ്യമായത് എന്നതായിരുന്നല്ലോ ചർച്ചാവിഷയം? താഴെ പ്പറയുന്നതാണ് അതിന്റെ കാരണം.

യഹൂദരെ നിരന്തരം കുത്തുവാക്കുകളിലൂടെ പ്രകോപിപ്പിക്കുന്നതിലൂടെ അവരുടെ കൈകളാൽ യേശുവിന്റെ മരണം യേശു ഉറപ്പുവരുത്തി

---

39. യോഹന്നാൻ 10:30
40. മത്തായി 7:18

യിരുന്നു. അക്കാലത്ത് യഹൂദർ റോമാസാമ്രാജ്യത്തിനു കീഴിലാണു കഴിഞ്ഞിരുന്നത്. ആളുകളെ വധിക്കാൻ ഞങ്ങൾക്ക് അധികാരമില്ലല്ലോ എന്ന് യഹൂദർ പീലാത്തോസിനോട് പറയുന്നുണ്ട്.[41]

റോമൻ ഭരണാധികാരിയായ പീലാത്തോസിനാണ് വധശിക്ഷ വിധിക്കാനുള്ള അധികാരമുള്ളത്. റോമൻ ഗവർണർ യേശുവിനെ വധശിക്ഷയ്ക്കു വിധിച്ചാലും യേശുവിന്റെ ജഡം ഗോൽഗോത്തായിൽ കുരിശിൽ കിടക്കും. പിറ്റേന്നു മുതൽ കഴുകന്മാർ കൊത്തിത്തിന്നുകയും ചെയ്യും. അപ്പോൾ പിന്നെ യേശു ഉടലോടെ ഉയർത്തെഴുന്നേറ്റു എന്ന് ശിഷ്യന്മാർക്ക് എങ്ങനെ പ്രചരിപ്പിക്കുവാൻ കഴിയും? ഈ പ്രശ്നം മറികടക്കുവാൻ യേശു നിയോഗിച്ചിരുന്ന രണ്ടുപേരാണ് അരിമദ്ധ്യക്കാരൻ ജോസഫും നിക്കോദാമോസും. എല്ലാവരും ഗോൽഗോത്തയിൽ നിന്ന് പിൻവാങ്ങിയപ്പോൾ ഇരുട്ടിന്റെ മറവിൽ അവർ വന്ന് യേശുവിന്റെ ജഡം കുരിശിൽ നിന്നു വേർപ്പെടുത്തുകയും തൽസ്ഥാനത്തുതന്നെ ഉണ്ടായിരുന്ന ഒരു കല്ലറയിൽ മറവു ചെയ്യുകയും ചെയ്തു. പ്രസ്തുത കല്ലറ അരിമദ്ധ്യാക്കാരൻ ജോസഫ് പാറ ചെത്തി ഉണ്ടാക്കിയതാണ് എന്ന് ബൈബിളിൽ വചനമുണ്ട്.[42]

യഹൂദരുടെ സമിതിയംഗമായിരുന്ന പ്രമാണിയായിരുന്ന അരിമദ്ധ്യാക്കാരൻ ജോസഫ് എന്തിനുവേണ്ടി ആർക്കുവേണ്ടിയാണ് കൊടുംകുറ്റവാളികളെ കുരിശിൽ തറച്ച് കൊല്ലുന്ന തലയോട്ടിയുടെ ഇടം എന്ന് പേരുള്ള ഗോൽഗോത്തായിൽ പാറ ചെത്തി അത്തരമൊരു കല്ലറ ഉണ്ടാക്കിയത്?

ഗോൽഗോത്താ ജെറുസലേമിനടുത്താണ് അരിമദ്ധ്യ ജെറുസലേമിൽ നിന്നും ഏതാണ്ട് 30 കിലോമീറ്റർ അകലത്തിലാണ്. ജെറുസലേമിൽ നിന്ന് 30 കിലോമീറ്റർ അകലത്തിൽ കഴിയുന്ന അരിമദ്ധ്യകാരൻ ജോസഫ് എന്തിനാണ് ഗോൽഗോത്തായിൽ കല്ലറ പണിതത്? സാധാരണ കല്ലറ പണിയുന്നത് കുടുംബത്തിൽ മരണാസന്നരായ വൃദ്ധരായ ബന്ധുജനങ്ങൾക്കു വേണ്ടിയാവണം. ഉദാഹരണത്തിന് ജോസഫിന്റെ വൃദ്ധനായ മുത്തശ്ശനു വേണ്ടി ജോസഫ് കല്ലറ പണിതു എന്ന് കരുതുക. എങ്കിൽ അയാൾ കല്ലറ പണിയേണ്ടത് അരിമദ്ധ്യയിലോ അതിനടുത്തുള്ള ഏതെങ്കിലും പ്രദേശത്തോ അല്ലേ?

എന്തിനാണ് അയാൾ ഏതാണ്ടു 30 കിലോമീറ്ററുകൾ അകലെ യേശുവിനെ കുരിശിൽ തറച്ച ഗോൽഗോത്തായിൽ കല്ലറ ഉണ്ടാക്കിയത്? മുത്തശ്ശനോടുള്ള സ്നേഹാധിക്യം കൊണ്ടാണ് ജോസഫ് കല്ലറ പണിതതെങ്കിൽ അത് യാതൊരു കാരണവശാലും കൊടുംകുറ്റവാളികളെ കൊന്ന് കുരിശിൽ തറച്ചുനിർത്തുന്ന തലയോട്ടിയുടെ ഇടം എന്ന പേര് സിദ്ധിച്ച ഭയാനകമായ ഒരു സ്ഥലത്ത് ആവില്ലായിരുന്നു.

---

41. യോഹന്നാൻ 18:31
42. മത്തായി 27:60

ഇത്തരം വൈരുദ്ധ്യങ്ങൾ വിരൽചൂണ്ടുന്നത് അരിമദ്ധ്യാക്കാരൻ ജോസഫ് ഗോൽഗോത്തായിൽ കല്ലറയുണ്ടാക്കിയതേ യേശുവിനുവേണ്ടിയായിരുന്നു, യേശുവിന് വേണ്ടി മാത്രമായിരുന്നു എന്ന സത്യത്തിലേക്കാണ്. കല്ലറയുടെ പണി പൂർത്തിയാകാതെ യേശുവിന് യഹൂദർക്ക് പിടികൊടുക്കുവാനും കഴിയില്ല. കല്ലറയുടെ പണി പൂർത്തിയായി എന്ന് ജോസഫ് യേശുവിനെ അറിയിച്ചതിനെതുടർന്നാണ് യേശു അവസാന അത്താഴത്തിനും കുരിശുമരണത്തിനുമായി ഗലീലിയിൽ നിന്ന് തന്റെ അപ്പോസ്തലന്മാരെയും മറ്റു ശിഷ്യന്മാരെയും സ്ത്രീകളെയും കൂട്ടി യൂദാദേശത്തേക്ക് അഥവാ ജെറുസലേമിലേക്കു പുറപ്പെട്ടത് എന്നാണ് ഇതിൽ നിന്നും മനസ്സിലാകുന്നത്. കാരണം കല്ലറയില്ലാതെ യേശുവിന്റെ കുരിശുമരണം നടന്നിരുന്നുവെങ്കിൽ യേശുവിന്റെ ജഡം കഴുകന്മാർ ഭക്ഷണമാക്കിയേനെ. ജോസഫ് പണിത കല്ലറ ഇല്ലായിരുന്നുവെങ്കിൽ യേശുവിന്റെ ജഡം കുരിശിൽനിന്ന് താഴെയിറക്കാൻ ജോസഫും നിക്കോദാമോസും ഗോൽഗോത്തായിൽ വരിക പോലുമില്ലായിരുന്നു. കാരണം യേശുവിന്റെ ജഡം കുരിശിൽ നിന്ന് താഴെ ഇറക്കി വെച്ചതുകൊണ്ടു മാത്രം ഉദ്ദിഷ്ടകാര്യം നടക്കില്ല. ജഡം താഴെയിറക്കി വെച്ചാലും പിറ്റേന്ന് കഴുകന്മാർ അത് ആഹാരമാക്കുമായിരുന്നു.

■

# 3. രണ്ടാംവരവ് എന്ന വാഗ്ദാനം വിശ്വസിക്കാനാകുമോ?

## സുവിശേഷമറിയിക്കൽ എന്ന തട്ടിപ്പ് !

തന്റെ പ്രേഷിത പ്രവർത്തനങ്ങൾ ആരംഭിക്കുമ്പോൾ യേശുവിന് ഏതാണ്ട് 30 വയസ്സിനോട് അടുത്തായിരുന്നു പ്രായം.[43]

'സമയം പൂർത്തിയായി സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ.'[44] ഇപ്രകാരം പറഞ്ഞുകൊണ്ടാണ് യേശു തന്റെ അവകാശവാദങ്ങളുടെ മാലപ്പടക്കത്തിന് തിരികൊളുത്തുന്നത്. ഈ വചനം മുടിനാരിഴകീറി നമുക്കൊന്ന് പരിശോധിച്ച് നോക്കാം. എന്തെല്ലാം കാര്യങ്ങളാണ് യേശു ഇവിടെ പറയുന്നത് അതിൽ എന്തെങ്കിലും സത്യമുണ്ടോ? സമയം പൂർത്തിയായി എന്നാണ് ആദ്യം പറയുന്നത്. ആരുടെ സമയം? എന്തിന്റെ സമയം?എന്നൊന്നും വ്യക്തമാക്കുന്നില്ല. സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു എന്നും അതോടൊപ്പം പറയുന്നുണ്ട്. അതായത് മനുഷ്യർക്ക് സ്വർഗ്ഗരാജ്യത്തിലേക്ക് പോകാനുള്ള സമയം സമീപിച്ചിരിക്കുന്നു അഥവാ സ്വർഗ്ഗരാജ്യത്തിലേക്ക് പോകാനുള്ള സമയം പൂർത്തിയായി. എന്നാൽ അതിന് ഒരു നിബന്ധനയുണ്ട് മനുഷ്യർ അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കണം. എന്താണ് സുവിശേഷം?

സംക്ഷിപ്തമായി പറഞ്ഞാൽ മനുഷ്യരുടെ ആദ്യപിതാവായ ആദമിനോട് ദൈവം അറിവിന്റെ കനി തിന്നരുതെന്ന് പറയുകയും ആദം അനുസരണക്കേട് കാട്ടി അത് തിന്നുകയും അതിനെ തുടർന്ന് പ്രകോപിതനായ ദൈവം ആദമിനെ പറുദീസയിൽ നിന്ന് ആട്ടിപ്പായിക്കുകയും പിന്നീട് എപ്പോഴോ തന്റെ പ്രവർത്തിയിൽ മാനസാന്തരം വന്ന് മനുഷ്യരെ തങ്ങളുടെ പാപങ്ങളിൽ നിന്ന് വീണ്ടെടുത്ത് പറുദീസയിലേക്ക് കൂട്ടിക്കൊണ്ടുപോകാൻ ഭൂമിയിലേക്ക് അയച്ച പിതാവായ ദൈവത്തിന്റെ സൽപുത്രനാണ് യേശു എന്നതാണ് സുവിശേഷം.

മേൽപ്പറഞ്ഞ പ്രകാരം വിശ്വസിക്കുന്നവർക്ക് മാത്രം പറുദീസയിലേക്ക് പുനപ്രവേശനം അനുവദിക്കുന്നതായിരിക്കും. പറുദീസയിലെ

---

43. ലൂക്കോസ് 3:23
44. മാർക്കോസ് 1:15

ഏദൻതോട്ടത്തിൽ നിത്യജീവന്റെ വൃക്ഷം ഇപ്പോഴുമുണ്ട് എന്നാണ് ബൈബിൾ പറയുന്നത്[45]. പറുദീസയിലേക്ക് പുനപ്രവേശനം ലഭിക്കുന്നവർക്ക് നിത്യജീവന്റെ കനി തിന്നാം അതിലൂടെ എന്നെന്നും ജീവിക്കാം. പക്ഷേ അതിന് ആദ്യം യേശു ദൈവപുത്രനാണെന്നും ലോക രക്ഷകൻ ആണെന്നും മനുഷ്യർ വിശ്വസിക്കണം.

യേശു ദൈവപുത്രൻ ആണെന്നും ലോകരക്ഷകൻ ആണെന്നും വിശ്വസിക്കുന്നവൻ ആരാണോ അവൻ അത്രെ ക്രിസ്ത്യാനി അതായത് സ്വർഗ്ഗത്തിൽ പോകണമെങ്കിൽ നിങ്ങൾ ക്രിസ്ത്യാനി ആകണം എന്ന് വളച്ചുചുറ്റി കൗശലപൂർവ്വം പറയുകയാണ് യേശു.

'അവൻ അവരോടു പറഞ്ഞു: നിങ്ങൾ ലോകമെങ്ങും പോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ. വിശ്വസിച്ച് സ്നാനം സ്വീകരിക്കുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷിക്കപ്പെടും'[46]

മർക്കോസിന്റെ പുസ്തകപ്രകാരം യേശുവിന്റെ ഏറ്റവും അവസാനത്തെ കല്പനയാണിത്. വിശ്വസിച്ച് സ്നാനം സ്വീകരിക്കുന്നവർ അതായത് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ മാമോദീസ മുങ്ങുന്നവർ അതായത് ക്രിസ്ത്യാനിയാകുന്നവർ മാത്രം രക്ഷപ്പെടും. യേശു ദൈവപുത്രനാണെന്ന് വിശ്വസിക്കാത്തവൻ ശിക്ഷിക്കപ്പെടും. വിശ്വസിച്ച് മാമോദിസ മുങ്ങാത്തവൻ ശിക്ഷിക്കപ്പെടും എന്ന് പറയുന്നുണ്ടോ? ഇല്ല. എന്നാൽ വിശ്വസിക്കാത്തവൻ ശിക്ഷിക്കപ്പെടും എന്ന് പറയുന്നുണ്ട്. മാമോദിസ മുങ്ങുന്നവൻ രക്ഷപ്പെടും എന്നു പറയുന്നതിനർത്ഥം വിശ്വസിച്ച് മാമോദിസ മുങ്ങാത്തവൻ രക്ഷപ്പെടില്ല എന്നല്ലേ? അതായത് യേശു ദൈവപുത്രൻ ആണെന്നും തന്റെ രക്ഷകൻ ആണെന്നും വിശ്വസിക്കാത്ത അക്രൈസ്തവരാരും രക്ഷപ്പെടില്ല അഥവാ സ്വർഗ്ഗരാജ്യത്തിന് അവകാശിയാവില്ല. സ്വർഗ്ഗത്തിൽ പോകണോ എങ്കിൽ നിങ്ങൾ യേശു ലോകരക്ഷകനാണെന്നു വിശ്വസിച്ച് മാമോദീസ മുങ്ങിയെ തീരൂ.

### സ്വർഗ്ഗസങ്കല്പത്തിലെ വിഡ്ഢിത്തരം

എന്താണ് സ്വർഗ്ഗനരകങ്ങൾ? സുഖദുഃഖങ്ങളാണ് സ്വർഗ്ഗനരകങ്ങൾ. ജരാനരകളില്ലാത്ത, ആമയങ്ങളില്ലാത്ത, ദുഃഖങ്ങൾ ഇല്ലാത്ത ഇടം സ്വർഗ്ഗവും, സുഖം അശേഷമില്ലാത്ത ദുഃഖം മാത്രമുള്ള ഇടം നരകവും. സ്വർഗ്ഗനരകങ്ങൾ എന്നത് സൽകർമ്മ — ദുഷ്കർമ്മഹേതുവായി ഉണ്ടാകുന്ന മനസ്സിന്റെ അവസ്ഥാന്തരങ്ങളാണ്.

ദുഃഖമില്ലാത്ത അവസ്ഥയെയാണ് സുഖമെന്ന് വിളിക്കുന്നത്, ഏതൊരവസ്ഥയിൽ നിന്നാണോ ഒരുവൻ മോചനം ആഗ്രഹിക്കുന്നത് ആ അവസ്ഥയുടെ പേരാണ് ദുഃഖം. ഉദാഹരണത്തിന്, മനുഷ്യമനസ്സ്

45. വെളിപാട് 22:2
46. മാർക്കോസ് 15:15-16

സ്വാതന്ത്ര്യം ഇച്ഛിക്കുന്നു എന്നാൽ തടവറയിൽ അകപ്പെട്ട ഒരു വ്യക്തിയുടെ മനസ്സ് ദുഃഖിതമായിരിക്കും ആ അവസ്ഥയിൽ നിന്ന് അഥവാ തടവറയിൽ നിന്ന് മോചിതൻ ആകുമ്പോഴാണ് അയാളുടെ ദുഃഖത്തിന് നിവാരണമുണ്ടാകുന്നത്. ഏതൊരു അവസ്ഥയിൽ നിന്നാണോ ഒരുവൻ മോചനം ആഗ്രഹിക്കുന്നത് ആ അവസ്ഥയുടെ പേരാണ് ദുഃഖം എന്നതിന് ഒരു ചെറിയ ഉദാഹരണം പറഞ്ഞു എന്ന് മാത്രം.

ദുഃഖമില്ലാത്ത അവസ്ഥയാണ് സുഖം. അതായത് ഒരുവന് പ്രത്യേകിച്ച് ശാരീരികമാനസിക ബുദ്ധിമുട്ടുകൾ ഒന്നും ഇല്ലാതിരുന്നാൽ അവൻ ദുഃഖിതൻ അല്ല അതായത് സന്തോഷവാനാണ്. ഒരുവൻ സന്തോഷവാനായി ഇരിക്കുവാൻ നല്ല ഭക്ഷണം കഴിക്കുകയോ പാനീയം കുടിക്കുകയോ ചെയ്യേണ്ട ആവശ്യമില്ല അവനെ അലട്ടുന്ന ദുഃഖം ഇല്ലാതിരുന്നാൽ മാത്രം മതി.

സൽകർമ്മത്തിൽ നിന്ന് സുഖവും ദുഷ്കർമ്മത്തിൽ നിന്ന് ദുഃഖവും ജനിക്കുന്നു എന്ന് സനാതനധർമ്മം. എന്നാൽ ബൈബിൾപ്രകാരം യേശു ദൈവപുത്രൻ ആണെന്ന് വിശ്വസിച്ച് മാമോദിസ മുങ്ങി ക്രിസ്ത്യാനിയായാൽ മാത്രമാണ് സുഖം. യേശു ദൈവപുത്രൻ ആണെന്നും ലോകരക്ഷകൻ ആണെന്നും വിശ്വസിക്കാതിരിക്കുന്നവർക്ക് നിത്യനരകവും. ഇതിൽ എന്തെങ്കിലും നീതിയുണ്ടോ? ഇവിടെ നീതിയുടെ സ്വരമല്ല മറിച്ച് ഭീഷണിയുടെ സ്വരമാണ് നിഴലിക്കുന്നത്.

ബൈബിളിനു ശേഷം ഏതാണ്ട് 600 വർഷങ്ങൾ കഴിഞ്ഞ് എഴുതപ്പെട്ട ഖുർആനിൽ പക്ഷേ കഥ വേറെ മാതിരിയാണ്. അവിടെ യേശു ദൈവപുത്രനാണെന്ന് വിശ്വസിക്കുന്നവർക്ക് നിത്യ നരകമാണ്. ഖുർആൻ പ്രകാരം അല്ലാഹു മാത്രമാണ് ഏകദൈവം എന്നും മുഹമ്മദ് അല്ലാഹുവിന്റെ അന്ത്യപ്രവാചകൻ ആണെന്ന് വിശ്വസിക്കുകയും ചെയ്യുന്നവർക്കും മാത്രമാണ് സ്വർഗം. വിശ്വാസത്തിൽനിന്ന് സുഖവും അവിശ്വാസത്തിൽനിന്ന് ദുഃഖവും.

അതെന്തു തന്നെയായാലും രണ്ട് ഗ്രന്ഥങ്ങളും ഉയർത്തിക്കാട്ടുന്നത് പ്രോത്സാഹിപ്പിക്കുന്നത് വിശ്വാസമാണ്. സനാതനധർമ്മം പറയുന്നതുപോലെ സുഖദുഃഖങ്ങൾക്കു കാരണം സ്വകർമ്മഫലമാണെന്ന അറിവല്ല.

പ്രസ്തുത മതഗ്രന്ഥവിശ്വാസികളുടെ കർമ്മം എന്തുമായിക്കൊള്ളട്ടെ അതൊക്കെ യഹോവയും യേശുവും അല്ലാഹുവും തന്നിൽ വിശ്വസിക്കുന്നവർക്ക് പൊറുത്തു നൽകും. സൗജന്യ പാപമോചനമാണ് വിശ്വാസികൾക്കായി മുന്നോട്ട് വെക്കുന്ന പാരിതോഷികം. മനുഷ്യരെക്കൊണ്ട് യഥേഷ്ടം പാപം ചെയ്യിക്കുവാനുള്ള കലിയുടെ കൗശലമാണ് ഇതെന്ന് വിശ്വാസികൾ അറിഞ്ഞിരുന്നുവെങ്കിൽ.

യേശുവിശ്വാസികൾക്കും അല്ലാഹുവിശ്വാസികൾക്കും ലോകമെങ്ങും പോയി നിഷ്കളങ്കരായ മനുഷ്യരെ കൂട്ടക്കൊല ചെയ്യാം, സ്ത്രീ

കളെ ബലാത്സംഗം ചെയ്യാം, കൊള്ളയടിക്കാം, അന്യമതസ്ഥരുടെ ആരാധനാലയങ്ങൾ നശിപ്പിക്കാം, വിഗ്രഹങ്ങൾ തച്ചു തകർക്കാം എന്തു നെറികേടും ചെയ്യാം പക്ഷേ യേശു ദൈവപുത്രൻ ആണെന്നും ലോകരക്ഷകൻ ആണെന്നും വിശ്വസിക്കുന്ന ക്രിസ്ത്യാനികളുടെ സകല കൊള്ളരുതായ്മകളും, അള്ളാഹു ദൈവമാണെന്നും മുഹമ്മദ് അന്ത്യപ്രവാചകൻ ആണെന്നും വിശ്വസിക്കുന്ന മുസ്ലിങ്ങളുടെ സർവ്വകൊള്ളരുതായ്മകളും പൊറുത്തു നൽകുന്നതായിരിക്കും. പാപമോചനം ലഭിക്കപ്പെട്ട അവർ നിത്യസ്വർഗത്തിന് അവകാശികൾ ആവുകയും ചെയ്യും എന്നാണ് ബൈബിൾ ഖുർആൻ പ്രബോധനം. ഇത്തരം പ്രബോധനങ്ങളും വിശ്വാസങ്ങളും മാനവരാശിക്ക് എത്ര അപകടകരമാണെന്ന് അറിയാൻ ഈ രണ്ട് മതക്കാരുടെ നാളിതുവരെയുള്ള ചരിത്രത്തിലൂടെ ഒന്ന് കണ്ണോടിച്ചുനോക്കിയാൽ മാത്രം മതിയാകും.

**'ഇതാ സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു'! — എന്ന്?**

സമയം പൂർത്തിയായി സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു എന്ന് യേശു പറഞ്ഞിട്ട് 2000 വർഷങ്ങൾ പിന്നിട്ടു സ്വർഗ്ഗരാജ്യം മാത്രം ഇതുവരെ സമീപിച്ചില്ല. അപ്പോൾ യേശു കള്ളം പറയുകയായിരുന്നില്ലേ എന്ന് ചോദിക്കുന്നതിൽ എവിടെയാണ് തെറ്റ്?

സമയം പൂർത്തിയായി സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു എന്ന് പറയുന്ന യേശുവിനോട് ശിഷ്യന്മാർ നിന്റെ രണ്ടാം വരവിന്റെയും ലോകാവസാനത്തിന്റെയും തീയതിയും മണിക്കൂറും എപ്പോഴാണ് എന്ന് ചോദിക്കുന്നുണ്ട്.[47]

അതിനുപക്ഷേ യേശു നൽകുന്ന മറുപടി 'തീയതിയും മണിക്കൂറും സ്വർഗ്ഗത്തിലെ മാലാഖമാർക്ക് പോലും അറിയില്ല പുത്രനും അറിയില്ല പിതാവിന് മാത്രം അറിയാം എന്നാണ്.'[48] യേശുവിന്റെ രണ്ടാം വരവും കാത്തിരിക്കുകയാണ് ജീവിച്ചിരിക്കുന്നവരും മരിച്ചവരുമായ ക്രിസ്ത്യാനികൾ. യേശുവിന്റെ രണ്ടാം വരവിലാണ് അന്ത്യവിധിയുണ്ടാവുക. വിധി അനുകൂലമായാൽ നിത്യസ്വർഗ്ഗം പ്രതികൂലമായാൽ നിത്യനരകം ഇതാണ് ക്രിസ്ത്യൻ വിശ്വാസം. നിന്റെ രണ്ടാം വരവിന്റെയും ലോകാവസാനത്തിന്റെയും തീയതിയും മണിക്കൂറും എപ്പോഴാണ് എന്ന് അപ്പോസ്തലന്മാർ ചോദിക്കുമ്പോൾ അത് തനിക്കറിയില്ല തന്റെ പിതാവിന് മാത്രമേ അറിയൂ എന്നാണ് യേശു മറുപടി പറഞ്ഞത്. അപ്പോൾ സമയം പൂർത്തിയായി സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു എന്ന് യേശു ആദ്യം പറഞ്ഞത് കള്ളമല്ലേ?

ഇസ്രായേലിലെ പട്ടണങ്ങളിലുടനീളം സുവിശേഷം അറിയിക്കാൻ യേശു ശിഷ്യന്മാരെ അയക്കുന്ന ഒരു രംഗമുണ്ട്. അവിടെ യേശു ശിഷ്യന്മാരോട് പറയുന്നത് 'എന്റെ നാമം മൂലം നിങ്ങൾ സർവ്വരാലും ദ്വേഷി

47. മത്തായി 24:3
48. മത്തായി 24:36

ക്കപ്പെടും. അവസാനം വരെ സഹിച്ചു നില്ക്കുന്നവൻ രക്ഷപെടും. ഒരു പട്ടണത്തിൽ അവർ നിങ്ങളെ പീഡിപ്പിക്കുമ്പോൾ മറ്റൊന്നിലേക്ക് ഓടിപ്പോകുവിൻ. സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: മനുഷ്യ പുത്രന്റെ ആഗമനത്തിനുമുമ്പ്, നിങ്ങൾ ഇസ്രായേലിലെ പട്ടണങ്ങളെ ല്ലാം ഇങ്ങനെ ഓടി പൂർത്തിയാക്കുകയില്ല'[49] എന്നാണ്. യേശു ദൈവ പുത്രനാണ്, ലോകരക്ഷകനാണ്, സമാധാനത്തിന്റെ രാജകുമാരനാണ് എന്നൊക്കെയാണ് ക്രിസ്ത്യാനികൾ വിശ്വസിക്കുന്നത് എന്നാൽ അത്ത രം ഒരാളുടെ നാമം മൂലം അയാളുടെ സമാധാനത്തിന്റെ സുവിശേഷം അറിയിക്കുവാൻ വന്ന ശിഷ്യന്മാർ ലോകം മുഴുവനും വെറുക്കപ്പെടുന്ന തും പീഡിപ്പിക്കപ്പെടുന്നതും എങ്ങനെ ന്യായീകരിക്കാൻ കഴിയും?

ഒരു പട്ടണത്തിൽ നിങ്ങൾ പീഡിപ്പിക്കപ്പെടുമ്പോൾ അടുത്ത പട്ടണ ത്തിലേക്ക് ഓടിപ്പോകുവിൻ എന്നാണ് യേശു നൽകുന്ന ഉപദേശം. അതായത് ഒരു പട്ടണത്തിൽ നിങ്ങൾ തല്ലു കൊണ്ട് കഴിയുമ്പോൾ അ ടുത്ത പട്ടണത്തിൽ പോയി തല്ലു കൊള്ളാൻ! ഗലീലികടലിൽ മീൻ പി ടിച്ചു കഴിഞ്ഞിരുന്നവരോട് എന്റെ പിന്നാലെ വരുവിൻ ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കാം എന്നു പറഞ്ഞ് കൂടെ കൂട്ടിയിട്ട് മനു ഷ്യരുടെ വെറുപ്പും വിദ്വേഷവും സമ്പാദിച്ച് മനുഷ്യരാൽ പീഡിപ്പിക്ക പ്പെടുന്ന വിദ്യയാണല്ലോ പഠിപ്പിക്കുന്നത്?

പത്രോസും അന്ത്രയോസും യോഹന്നാനും യാക്കോബും അവരു ടെ പിതാക്കന്മാരോടൊത്ത് മീൻ വല നന്നാക്കി കൊണ്ടിരിക്കുമ്പോൾ വരു ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കാം എന്ന് അവർക്ക് നൽകിയ വാഗ്ദാനത്തിനു കടകവിരുദ്ധമായി മനുഷ്യർ അവരെ പിടിക്കു കയും പീഡിപ്പിക്കുകയും ചെയ്യുന്ന കഥയല്ലേ യേശു ഇപ്പോൾ പറയു ന്നത്?

നിങ്ങൾ ഇസ്രയേലിലെ സകല പട്ടണങ്ങളിലും ഇങ്ങനെ സുവി ശേഷം പറഞ്ഞു തല്ലുകൊണ്ട് ഓടിത്തീരുന്നതിനു മുന്നേ മനുഷ്യപുത്ര ന്റെ ആഗമനം ഉണ്ടാകും എന്ന് സത്യമായും ഞാൻ നിങ്ങളോട് പറയു ന്നു എന്നാണ് യേശു പറഞ്ഞത്. മനുഷ്യപുത്രന്റെ ആഗമനത്തിന്റെ തീയതിയും മണിക്കൂറും ചോദിച്ചപ്പോൾ അത് തനിക്കറിയില്ല സ്വർഗ്ഗ ത്തിലെ മാലാഖമാർക്ക് പോലും അറിയില്ല തന്റെ പിതാവിനു മാത്രം അറിയാം എന്നും യേശു പറയുന്നുണ്ട്. അപ്പോൾ പിന്നെ ശിഷ്യന്മാർ ഇസ്രായേലിയരുടെ തല്ലുകൊണ്ട് തീരുന്നതിനുമുന്നേ സത്യമായും മ നുഷ്യപുത്രന്റെ ആഗമനം ഉണ്ടാകുമെന്ന് യേശു പറഞ്ഞത് കള്ളമല്ലേ?

അവസാന അത്താഴത്തിന് ശേഷം നടന്ന സംഭാഷണവേളയിൽ ഫിലിപ്പോസ് യേശുവിനോട് 'കർത്താവേ, പിതാവിനെ ഞങ്ങൾക്കു കാണിച്ചു തരുക, ഞങ്ങൾക്ക് അതുമതി' എന്ന് പറയുകയുണ്ടായി അ തിന് യേശു നൽകുന്ന മറുപടി: ഇക്കാലമത്രയും ഞാൻ നിങ്ങളോടു

---

49. മത്തായി 10:23

കൂടെയായിരുന്നിട്ടും പീലിപ്പോസേ, നീ എന്നെ അറിയുന്നില്ലേ? എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു. പിന്നെ, പിതാവിനെ ഞങ്ങൾക്കു കാണിച്ചുതരുക എന്നു നീ പറയുന്നതെങ്ങനെ? ഞാൻ പിതാവിലും പിതാവ് എന്നിലും ആണെന്നു നീ വിശ്വസിക്കുന്നില്ലേ?'[50] എന്നാണ്.

പിതാവിനെ ഞങ്ങൾക്ക് കാണിച്ചു തരിക എന്നു പറയുമ്പോൾ എന്നെ കാണുന്നവർ പിതാവിനെയാണ് കാണുന്നത് ഞാൻ എന്റെ പിതാവിന്റെ ഉള്ളിലും പിതാവ് എന്റെ ഉള്ളിലും ആണെന്നും നിന്റെ രണ്ടാം വരവിന്റെ ദിവസവും മണിക്കൂറും ഞങ്ങളോട് പറയുക എന്നു പറയുമ്പോൾ ആ ദിവസവും മണിക്കൂറും എനിക്കറിയില്ല പിതാവിന് മാത്രമേ അറിയൂ എന്നുമാണ് യേശു പറയുന്നത്. രണ്ടു വചനങ്ങളും പരസ്പരവിരുദ്ധങ്ങളാകയാൽ രണ്ടിടത്തും യേശു കള്ളം പറയുകയാണെന്നാണു മനസ്സിലാക്കേണ്ടത്.

ഞാൻ എന്റെ പിതാവിന്റെ ഉള്ളിലും എന്റെ പിതാവ് എന്റെ ഉള്ളിലും ആണ് എന്ന് യേശു പറഞ്ഞത് സത്യമായിരുന്നുവെങ്കിൽ പിതാവ് അറിയുന്നത് ഒക്കെയും യേശുവും അറിയുമായിരുന്നു. മാത്രമല്ല ഞാനും എന്റെ പിതാവും ഒന്നാകുന്നു എന്നും യേശു പറയുന്നുണ്ട്.[51]

യേശുവും യേശുവിന്റെ പിതാവും ഒന്നാകുന്നു, യേശു യേശുവിന്റെ പിതാവിന്റെ ഉള്ളിലും യേശുവിന്റെ പിതാവ് യേശുവിന്റെ ഉള്ളിലുമാണ്. പക്ഷേ യേശുവിന്റെ രണ്ടാം വരവ് എന്നാണെന്ന് യേശുവിന് അറിയില്ല പിതാവിന് മാത്രമേ അറിയുപോലും. ഇങ്ങനെ നുണകൾ മാത്രം പറയുന്ന യേശുവാണ് 'ഞാനാകുന്നു വഴിയും സത്യവും ജീവനും'[52] എന്ന് കഥയറിയാത്ത മീൻപിടുത്തക്കാരോട് വീമ്പിളക്കിയതെന്നോർക്കണം!

അവസാന അത്താഴത്തിനുശേഷം നടന്ന സംഭാഷണവേളയിൽ 'എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങളുണ്ട്. ഇല്ലായിരുന്നെങ്കിൽ നിങ്ങൾക്കു സ്ഥലമൊരുക്കാൻ പോകുന്നുവെന്നു ഞാൻ നിങ്ങളോടു പറയുമായിരുന്നോ? ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിക്കഴിയുമ്പോൾ ഞാൻ ആയിരിക്കുന്നിടത്തു നിങ്ങളും ആയിരിക്കേണ്ടതിനു ഞാൻ വീണ്ടും വന്ന് കൂട്ടിക്കൊണ്ടുപോകും.'[53] എന്ന് യേശു മറ്റൊരു വാഗ്ദാനം നൽകുന്നുണ്ട്.

തന്റെ പിതാവിന്റെ ഭവനത്തിൽ അതായത് സ്വർഗ്ഗത്തിൽ ധാരാളം വാസസ്ഥലങ്ങൾ ഉണ്ട് ഇല്ലായിരുന്നുവെങ്കിൽ നിങ്ങൾക്ക് സ്ഥലം ഒരുക്കാൻ ഞാൻ അങ്ങോട്ട് പോകുന്നു എന്ന് പറയുമായിരുന്നോ എന്നാണ് യേശു ശിഷ്യന്മാരോട് ചോദിക്കുന്നത്. അതായത് നിങ്ങളുടെ ഒരു

50. യോഹന്നാൻ 14:8-10
51. യോഹന്നാൻ 10:30
52. യോഹന്നാൻ 15-6
53. യോഹന്നാൻ 14:2-3

പരിചയക്കാരൻ അയാൾക്ക് സ്വന്തമായി വീടില്ല വാടക കൊടുക്കാൻ വരുമാനമില്ലാത്തതുകൊണ്ട് വാടകവീടും ഇല്ല തെരുവിലാണ് ഉറക്കം എന്ന് സങ്കൽപ്പിക്കുക. അയാൾ നിങ്ങളോട് എന്റെ പിതാവിന് ധാരാളം പഞ്ചനക്ഷത്ര ഹോട്ടലുകൾ ഉണ്ട്. ഹോട്ടലുകൾ ഇല്ലായിരുന്നുവെങ്കിൽ ഉണ്ട് എന്ന് ഞാൻ പറയുമായിരുന്നോ എന്ന് ചോദിക്കുന്നതുപോലെയാണ് യേശു തന്റെ പിതാവിന്റെ ഭവനത്തിൽ ധാരാളം വാസസ്ഥലങ്ങൾ ഉണ്ട് ഇല്ലായിരുന്നുവെങ്കിൽ ഞാൻ നിങ്ങളോട് പറയുമായിരുന്നോ എന്ന് ചോദിക്കുന്നത്. ഒരു കള്ളം പറഞ്ഞിട്ട് അത് വിശ്വസിപ്പിക്കാൻ മറ്റൊരു കള്ളം കൂടി പറയുന്ന പെരുങ്കള്ളന്റെ കൗശലം മാത്രമാണിത്.

ഉടലോടെ സ്വർഗ്ഗത്തിൽ നിത്യം വസിക്കാനുള്ള അതിമോഹത്തിൽ യേശുവിന്റെ വാക്കുകളിലെ കൗശലം ആ യഹൂദർക്ക് ഗ്രഹിക്കാനായില്ല. ഗർഭസ്ഥശിശു ആയിരിക്കുമ്പോൾ തന്നെ ശ്രീകൃഷ്ണന്റെ അനുഗ്രഹം ലഭിച്ച പാർത്ഥപൗത്രനായ പരീക്ഷിത്ത് മഹാരാജാവിനെപ്പോലും തന്റെ കൗശലംകൊണ്ട് കഥകഴിച്ച സാക്ഷാൽ കലിയാണ് തങ്ങളോട് സംസാരിക്കുന്നതെന്ന് ആ പാവങ്ങൾ ഉണ്ടോ അറിയുന്നു?

തന്റെ പിതാവിന്റെ ഭവനത്തിൽ ധാരാളം വാസസ്ഥലങ്ങൾ ഉണ്ട് അവിടെ പോയി നിങ്ങൾക്ക് സ്ഥലം ഒരുക്കിയതിനുശേഷം തിരികെ വന്നു നിങ്ങളെ കൂട്ടിക്കൊണ്ടുപോകാം എന്നാണ് യേശു തന്റെ ശിഷ്യന്മാർക്ക് അവസാന അത്താഴസമയത്ത് നൽകിയ വാഗ്ദാനം. അതായത് ഞാൻ സ്വർഗ്ഗത്തിൽ പോയിട്ട് കാലതാമസം ഒന്നും ഇല്ലാതെ തിരികെ വന്നു നിങ്ങളെ ഞാൻ ആയിരിക്കുന്നിടത്ത് അതായത് സ്വർഗത്തിലേക്ക് കൂട്ടിക്കൊണ്ടു പോകാം എന്നാണ് യേശു പറഞ്ഞത്.

യേശുവിന്റെ ഈ വാക്കുകൾ വിശ്വസിച്ച് യേശുവിന്റെ ശിഷ്യന്മാർ ലോകത്തിന്റെ നാനാഭാഗങ്ങളിലും പോയി യേശു ദൈവപുത്രൻ ആണെന്നും ലോകരക്ഷകൻ ആണെന്നും ഉള്ള 'സു'വിശേഷം പ്രചരിപ്പിച്ചു ആ കാരണത്താൽ തന്നെ ധാരാളം പീഡനങ്ങൾ അനുഭവിച്ചു കൊല്ലപ്പെടുകയും ഉണ്ടായി. തന്റെ പിതാവിന്റെ ഭവനത്തിൽ വാസസ്ഥലങ്ങൾ ഒരുക്കിയിട്ടു തിരികെ വന്ന് ശിഷ്യന്മാരെ സ്വർഗ്ഗത്തിലേക്ക് കൂട്ടിക്കൊണ്ടുപോകാം എന്നു പറഞ്ഞുപോയ യേശു മാത്രം തിരികെ വന്നില്ല.

യേശുവിന്റെ വാഗ്ദാനങ്ങളിൽ വിശ്വസിച്ച് ലോകമെങ്ങും പോയി ക്രിസ്തുമതം പ്രചരിപ്പിച്ച ശിഷ്യന്മാരൊക്കെ മരിച്ചു മണ്ണടിഞ്ഞു പോയിട്ട് സഹസ്രാബ്ദങ്ങൾക്കിപ്പുറവും ലോകമെങ്ങും യേശു ഇതാ വേഗം വരുന്നു എന്ന് ചുവരെഴുത്ത് നടത്തി വിശ്വാസത്തിന്റെ മായിക ചുഴിയിൽ അകപ്പെട്ട് മനോരോഗികളെപോലെ പെരുമാറുന്ന ക്രിസ്ത്യാനികളുടെ പെരുമാറ്റത്തോട് അയാൾക്ക് പരിതാപം മാത്രം.

യേശു വരുമെന്നും തങ്ങളെ സ്വർഗ്ഗരാജ്യത്തിലേക്ക് കൂട്ടിക്കൊണ്ടുപോകുമെന്നും വിശ്വസിച്ചുകൊണ്ട് ഇന്നും ക്രിസ്ത്യാനികൾ തങ്ങളുടെ ബന്ധുജനങ്ങളുടെ മൃതദേഹം കുഴിച്ചിട്ട് കാത്തിരിക്കുന്നു. ജഡങ്ങൾ

പുഴുതിന്ന് പോകുന്നതല്ലാതെ യേശുവിന്റെ വരവ് മാത്രം ഉണ്ടാകുന്നില്ല.

ശിഷ്യന്മാരെ സുവിശേഷവേലയ്ക്ക് അയക്കുമ്പോൾ നിങ്ങൾ ഇസ്രായേലിൽ മുഴുവനും തല്ലുകൊണ്ട് തീരുന്നതിനു മുമ്പേ ഞാൻ വരുമെന്ന് സത്യമായും നിങ്ങളോടു പറയുന്നു എന്നു പറഞ്ഞ യേശു പക്ഷേ ഗ്രന്ഥത്തിന്റെ അവസാന ഭാഗത്ത് പറയുന്നത് 'നിങ്ങൾ ലോകമെങ്ങും പോയി സകലജാതി മനുഷ്യരെയും പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ മാമോദിസ മുക്കുവിൻ[54] എന്നാണ്. ഇസ്രായേലിൽ മുഴുവനും സുവിശേഷം പറഞ്ഞു തീരുന്നതിനു മുന്നേ തന്റെ വരവും ശിഷ്യന്മാരുടെ സ്വർഗ്ഗവാസവും ഉണ്ടാകും എന്ന് പറഞ്ഞ യേശു വീണ്ടും മലക്കംമറിഞ്ഞു ലോകമെങ്ങും പോയി സകലമനുഷ്യരെയും മാമോദിസ മുക്കി ക്രിസ്ത്യാനികളാക്കിയാലേ താൻ വരൂ എന്നാണ് പറയുന്നത്.

തന്റെ പ്രവർത്തനമാരംഭിക്കുമ്പോൾ യേശു ആദ്യം പറഞ്ഞത് സമയം പൂർത്തിയായി സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു എന്നാണെങ്കിൽ പിന്നീട് പറയുന്നത് ഇസ്രായേലിൽ മുഴുവനും ശിഷ്യന്മാർ തല്ലുകൊണ്ട് ഓടി തീരുന്നതിനു മുന്നേ സ്വർഗ്ഗരാജ്യം വരുമെന്നാണ് എന്നാൽ ഏറ്റവും ഒടുവിൽ അതേ അപ്പോസ്തലന്മാരോട് തന്നെ പറയുന്നത് നിങ്ങൾ ലോകമെങ്ങും പോയി സകലജാതി മനുഷ്യരെയും മാമോദിസ മുക്കി ക്രിസ്ത്യാനിയാക്കണം എന്നാണ്. യേശുവിന്റെ വാഗ്ദാനങ്ങളിൽ വിശ്വസിച്ച് ശിഷ്യന്മാർ ഇസ്രായേൽ മുഴുവനും ഓടിനടന്ന് സുവിശേഷവേല ചെയ്തു തല്ലുകൊണ്ടു. പിന്നീട് ലോകം മുഴുവനും പോയി ഒത്തിരി മനുഷ്യരെ ക്രിസ്ത്യാനികൾ ആക്കി, യേശു മാത്രം വന്നില്ല. തന്റെ രണ്ടാം വരവിന്റെയും ലോകാവസാനത്തിന്റെയും തീയതിയും മണിക്കൂറും തനിക്കറിയില്ല പിതാവിനു മാത്രമേ അറിയൂ എന്നു പറഞ്ഞ യേശുവിനോട് ഒരിക്കൽ മീൻപിടുത്തക്കാരൻ പത്രോസ് 'നീ എല്ലാം അറിയുന്നുവല്ലോ'[55] എന്ന് പറയുകയുണ്ടായി. പത്രോസും കൂട്ടരും യേശുവിനോട് നിന്റെ രണ്ടാം വരവിന്റെ തീയതിയും മണിക്കൂറും ഞങ്ങളോട് പറഞ്ഞുതരുക എന്ന് പറഞ്ഞപ്പോൾ യേശു പറഞ്ഞത് തീയതിയും മണിക്കൂറും എനിക്ക് അറിയില്ല എന്റെ പിതാവിന് മാത്രമേ അറിയൂ എന്നാണ്. യേശുവിന് അറിഞ്ഞുകൂടാത്ത ചില കാര്യങ്ങൾ ഉണ്ടെന്ന് യേശുതന്നെ പത്രോസിനോട് പറഞ്ഞിട്ടുണ്ടായിരുന്നു എന്ന് പാവം പത്രോസ് മറന്നുപോയി കാണും അല്ലേ?

### യേശുവിന്റെ ഒരു ചോദ്യവും പില്ക്കാല ചരിത്രസംഭവങ്ങളും

താൻ തിരിച്ചു വരുന്നത് എപ്പോഴാണ് എന്ന് തനിക്ക് അറിഞ്ഞുകൂടാ എന്ന് പറഞ്ഞ യേശു ഒടുവിൽ പത്രോസിനോട് 'ഞാൻ വരുവോളം ഇവൻ (യോഹന്നാൻ) ഇരിക്കേണമെന്ന് എനിക്കിഷ്ടം ഉണ്ടെങ്കിൽ അതു

---

54. മത്തായി 28:19-20
55. യോഹന്നാൻ 21:17

നിനക്കു എന്ത്?" എന്ന് ചോദിക്കുന്നുണ്ട്.[56] യേശു എപ്പോഴാണ് തിരിച്ചുവരുന്നതെന്ന് യേശുവിന് അറിയില്ല, യേശുവിന്റെ പിതാവിന് മാത്രമേ അറിയൂ എന്ന് യേശുതന്നെ പറഞ്ഞതാണ്. അങ്ങനെയുള്ളപ്പോൾ ഞാൻ തിരിച്ചുവരുവോളം യോഹന്നാൻ ജീവനോടിരിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നുവെങ്കിൽ നിനക്കെന്ത് എന്ന് പത്രോസിനോട് ചോദിച്ചതിൽ കള്ളമില്ലേ?

ഈ ചോദ്യത്തിന്റെ പൊരുൾ മനസ്സിലാക്കണമെങ്കിൽ ഇങ്ങനെയൊരു ചോദ്യം യേശു തൊടുത്തുവിടാനുള്ള സന്ദർഭവും ചോദ്യത്തിന്റെ പരിണിതഫലവും വായനക്കാരൻ അറിഞ്ഞിരിക്കേണ്ടത് ആവശ്യമാണ്.

യേശു പത്രോസിനോട് ഞാൻ തിരിച്ചുവരുവോളം യോഹന്നാൻ ജീവനോടിരിക്കണം എന്നാണ് എന്റെ ഹിതമെങ്കിൽ നിനക്കെന്ത്? എന്ന് ചോദിക്കുന്നതിന് തൊട്ടു മുന്നേ പത്രോസിനോട് "സത്യം സത്യമായി ഞാൻ നിന്നോടു പറയുന്നു, ചെറുപ്പമായിരുന്നപ്പോൾ നീ സ്വയം അര മുറുക്കുകയും ഇഷ്ടമുള്ളിടത്തേക്കു പോവുകയും ചെയ്തിരുന്നു. എന്നാൽ, പ്രായമാകുമ്പോൾ നീ നിന്റെ കൈകൾ നീട്ടുകയും മറ്റൊരുവൻ നിന്റെ അര മുറുക്കുകയും നീ ആഗ്രഹിക്കാത്തിടത്തേക്കു നിന്നെ കൊണ്ടുപോവുകയും ചെയ്യും."[56] എന്ന് പറയുന്നുണ്ട്. പത്രോസിന് പ്രായമാകുമ്പോൾ പത്രോസിനെ അയാൾ പോകാൻ ആഗ്രഹിക്കാത്ത ഇടത്തേക്ക് കൊണ്ടുപോകും എന്നാണ് യേശു പറയുന്നത്.

പത്രോസ് പോകാൻ ആഗ്രഹിച്ച ഇടം സ്വർഗ്ഗം, പത്രോസ് പോകാൻ ആഗ്രഹിക്കാത്ത ഇടം നരകം. പത്രോസ് വയസ്സാകുമ്പോൾ പത്രോസ് പോകാൻ ആഗ്രഹിക്കാത്ത ഇടത്തേക്ക് കൊണ്ടുപോകപ്പെടും എന്നാൽ പത്രോസിന്റെ മരണശേഷം പത്രോസ് സ്വർഗ്ഗത്തിലേക്കല്ല മറിച്ച് നരകത്തിലേക്കാണ് പോകുന്നത് എന്നൊരു ധ്വനിയും യേശുവിന്റെ വാക്കുകളിൽ ഉണ്ട്.

അതെന്തുമായിക്കൊള്ളട്ടെ, പത്രോസിന്റെ ജീവിതകാലത്ത് യേശുവിന്റെ തിരിച്ചുവരവും ശിഷ്യന്മാരുടെ സ്വർഗ്ഗാരോഹണവും ഉണ്ടാവില്ലെന്ന് പത്രോസിന് ബോധ്യമായി. അപ്പോൾ "പത്രോസ് തിരിഞ്ഞു യേശു സ്നേഹിച്ച ശിഷ്യൻ പിൻചെല്ലുന്നതുകണ്ടു; അത്താഴത്തിൽ അവന്റെ നെഞ്ചോടു ചാഞ്ഞുകൊണ്ടു: കർത്താവേ, നിന്നെ കാണിച്ചുകൊടുക്കുന്നവൻ ആർ എന്നു ചോദിച്ചതു ഇവൻ തന്നേ.

അവനെ പത്രോസ് കണ്ടിട്ടു: കർത്താവേ, ഇവന്നു എന്തു ഭവിക്കും എന്നു യേശുവിനോടു ചോദിച്ചു.[57]

യേശു പത്രോസിന്റെ ഭാവി പ്രവചിക്കുന്നു. പത്രോസിന്റെ ജീവിതകാലത്ത് യേശുവിന്റെ തിരിച്ചുവരവും ശിഷ്യന്മാരുടെ സ്വർഗ്ഗാരോഹണവും ഉണ്ടാവില്ല എന്ന് പത്രോസിനെ ധരിപ്പിക്കുന്നു. പത്രോസ് തിരി

56. യോഹന്നാൻ 20:22
57. യോഹന്നാൻ 21:20-21

ഞ്ഞു നോക്കുമ്പോൾ യേശു സ്നേഹിച്ചിരുന്ന ശിഷ്യൻ അതായത് യോഹന്നാൻ അവരുടെ പിന്നാലെ വരുന്നത് കാണുന്നു. ഉടൻ തന്നെ പത്രോസ് യേശുവിനോട് "ഇവന്നു എന്തു ഭവിക്കും" എന്ന് ചോദിക്കുന്നു? അതായത് യേശു തിരിച്ചു വരുന്നതിനു മുന്നേ ഇയാളും മരിച്ചിട്ടുണ്ടാവുമോ, അതോ ഇയാളുടെ ജീവിതകാലത്ത് തന്നെ യേശു തിരിച്ചുവരുമോ എന്നാണ് പത്രോസിന്റെ ചോദ്യത്തിന്റെ പൊരുൾ. പ്രസ്തുത ചോദ്യത്തിന് മറുപടിയായിട്ടാണ് യേശു പത്രോസിനോട് ഞാൻ വരുവോളം ഇവൻ (യോഹന്നാൻ) ഇരിക്കേണമെന്നു എനിക്കു ഇഷ്ടം ഉണ്ടെങ്കിൽ അതു നിനക്ക് എന്തു?" എന്ന മറുപടി നൽകിയത്.

പത്രോസ് യേശുവിനോട് ചോദിച്ച ചോദ്യത്തിന് യേശു കൗശലപൂർവ്വം അങ്ങുമിങ്ങും തൊടാതെ നൽകിയ മറുപടിയിൽ നിന്നും പത്രോസ് എന്താണ് മനസിലാക്കിയതെന്ന് ഇതിനു താഴെ രേഖപ്പെടുത്തിയിരിക്കുന്ന വചനത്തിൽ നിന്നും വളരെ സ്പഷ്ടമാണ്: "ആകയാൽ ആ ശിഷ്യൻ മരിക്കുകയില്ല എന്നൊരു ശ്രുതി സഹോദരന്മാരുടെ ഇടയിൽ പരന്നു"[58]

പ്രസ്തുത വചനം വായിക്കലും അല്പസ്വല്പം ചരിത്രവും അത്യാവശ്യം ഭാവനാ നൈപുണ്യവും കൈമുതലായുള്ള അയാൾക്ക് തൽക്ഷണം കാര്യം മനസിലായി.

അതായത് യേശുവിന്റെ 12 അപ്പോസ്തലന്മാരിൽ ആദ്യം മരിക്കുന്നത് യൂദാസ്, പക്ഷേ യൂദാസ് യേശുവിനെ എതിർത്തവനായതുകൊണ്ട് അപ്പോസ്തലനായി കണക്കാക്കേണ്ടതില്ല. ശേഷിച്ച 11 പേരിൽ ആദ്യം മരിക്കുന്നത് യോഹന്നാന്റെ സഹോദരൻ യാക്കോബാണ്.[59] തന്റെ പിതാവിന്റെ ഭവനത്തിൽ ധാരാളം വാസസ്ഥലങ്ങൾ ഉണ്ട് ഞാൻ അവിടെ പോയി നിങ്ങൾക്കും വാസസ്ഥലം തയ്യാറാക്കിയിട്ട് ഞാൻ ഇരിക്കുന്നയിടത്ത് നിങ്ങളും ആയിരിക്കേണ്ടതിന് തിരിച്ചുവന്ന് നിങ്ങളെയും കൂട്ടിക്കൊണ്ടു പോകാം എന്ന് പറഞ്ഞു പോയ യേശു ഒടുക്കം പത്രോസിനോട് പറയുന്നത് ഞാൻ തിരിച്ചു വരുന്നതുവരെ യോഹന്നാൻ ജീവനോടിരിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു എങ്കിൽ നിനക്കെന്ത് എന്നാണ്. അക്കാരണത്താൽ, അതായത് യേശു യോഹന്നാനെ കുറിച്ച് ഇങ്ങനെ പറഞ്ഞതിനാൽ യേശുവിന്റെ ശിഷ്യന്മാരുടെ ഇടയിൽ ആ ശിഷ്യൻ മരിക്കുകയില്ല അതായത് യോഹന്നാൻ മരിക്കുകയില്ല എന്ന ശ്രുതി പരന്നു എന്നാണ് എഴുതിയിരിക്കുന്നത്.

യോഹന്നാന്റെ സഹോദരനും യേശുവിന്റെ അപ്പോസ്തലനുമായ യാക്കോബിനെ ഹെറോദോസ് രാജാവ് വാളിന് തലവെട്ടി കൊല്ലുന്നുണ്ട്. അപ്പോസ്തലന്മാരിൽ ഒരാൾ ദാരുണമായി കൊല്ലപ്പെടുന്നു. എന്നാൽ യേശു ശിഷ്യന്മാരെ സ്വർഗത്തിലേക്ക് കൂട്ടികൊണ്ടുപോകാൻ തിരികെ

58. യോഹന്നാൻ 21:23
59. അപ്പോസ്തല പ്രവർത്തനങ്ങൾ 12:1-2

വരുന്നുമില്ല. സ്വാഭാവികമായും ശിഷ്യന്മാരുടെ ഇടയിൽ യേശുവിനെ കുറിച്ച് സംശയം ജനിപ്പിക്കുവാൻ യാക്കോബിന്റെ മരണം ഇടയാക്കിയിട്ടുണ്ട്. യാക്കോബിന്റെ വിധി തന്നെയായിരിക്കുമോ തങ്ങൾക്കും, തങ്ങളും വധിക്കപ്പെടുമോ? യേശു കള്ളം പറയുകയായിരുന്നോ? എന്നൊക്കെ ശിഷ്യന്മാരുടെ ഇടയിൽ ചർച്ച ഉണ്ടാകുന്നു. ഉടൻ പത്രോസ് ഭയപ്പെടേണ്ട യേശു തന്നോട് യേശു തിരിച്ചുവരുന്നതുവരെ യോഹന്നാൻ ജീവനോടെ ഉണ്ടാകും എന്ന് പറഞ്ഞിട്ടുണ്ട് എന്ന് പറയുന്നു. അങ്ങനെ ശിഷ്യന്മാർക്ക് യേശുവിനെക്കുറിച്ചുണ്ടായ സംശയത്തിന് പത്രോസ് മുഖാന്തിരം യേശു തടയിടുന്നു.

അപ്പോസ്തലന്മാർ ഓരോരുത്തരായി മരിച്ചുവീഴുമ്പോഴും ബാക്കിയുള്ളവർ ആ ശിഷ്യൻ, അതായത് യോഹന്നാൻ ജീവനോടുണ്ടല്ലോ എന്ന് കരുതി സമാധാനിക്കും. യോഹന്നാന്റെ മരണത്തിനുമുന്നേ യേശു വരും എന്ന് യേശു പത്രോസിനോട് പറഞ്ഞ വാക്കിൽ വിശ്വസിച്ച് യേശുവിന്റെ പദ്ധതിപ്രകാരം സുവിശേഷവേല തുടരും. ഒടുക്കം ശിഷ്യന്മാർ ഓരോരുത്തരായി ലോകത്തിന്റെ നാനാഭാഗങ്ങളിൽ വച്ച് ദാരുണമായി വധിക്കപ്പെട്ടു. പത്രോസ് റോമിലും തോമാസ് ഭാരതത്തിലും കൊല്ലപ്പെട്ടു എന്നാണ് ക്രൈസ്തവകഥ പറയുന്നത്.

ലോകമെങ്ങും പോയി സകലജാതി മനുഷ്യരെയും മാമോദിസമുക്കാൻ യേശു പറഞ്ഞത് അനുസരിച്ച് പുറപ്പെട്ടുപോയ ശിഷ്യന്മാർ ഓരോരുത്തരായി കൊല്ലപ്പെട്ടു ഒടുവിൽ പത്രോസും കൊല്ലപ്പെട്ടു, യോഹന്നാനും മരിച്ചു, യേശു മാത്രം തിരികെ വന്നില്ല! യോഹന്നാൻ ജീവനോടിരിക്കുമ്പോൾ താൻ തിരികെ വരുമെന്ന് യേശു പറഞ്ഞതുകൊണ്ടാണ് ശിഷ്യന്മാർ ഓരോരുത്തരായി കൊല്ലപ്പെടുമ്പോഴും യേശുവിലുള്ള വിശ്വാസം നഷ്ടപ്പെടാതെ അവർ സുവിശേഷ വേലയുമായി മുന്നോട്ടുപോയത്. അങ്ങനെയൊരു വാഗ്ദാനം നൽകിയില്ലായിരുന്നുവെങ്കിൽ യാക്കോബിന്റെ മരണത്തോടു കൂടിത്തന്നെ ശിഷ്യന്മാർ സുവിശേഷ വേല നിർത്തി താന്താങ്ങളുടെ വഴിക്ക് പോയേനെ.

യേശുവിന്റെ 12 അപ്പോസ്തലന്മാരിൽ അവസാനം മരിക്കുന്നത് യോഹന്നാൻ ആണെന്നാണ് ചരിത്രം പറയുന്നത്. മറ്റു ശിഷ്യന്മാരൊക്കെ കൊല്ലപ്പെട്ടപ്പോൾ യോഹന്നാനെ ഗ്രീക്ക് ദ്വീപായ പദ്മോസിലേക്ക് നാടുകടത്തുകയാണുണ്ടായത്. ഒടുക്കം തുർക്കിയിലെ എഫോസോസിൽ വെച്ചായിരുന്നു യോഹന്നാന്റെ മരണം എന്ന് ചരിത്രം. യോഹന്നാൻ മരിക്കുന്നതിന് മുന്നേ തന്റെ തിരിച്ചു വരവുണ്ടാകുമെന്ന് അങ്ങുമിങ്ങും തൊടാതെ പത്രോസിനുനൽകിയ മറുപടിയും, യേശുവിന്റെ 12 അപ്പോസ്തലന്മാരിൽ അവസാനം മരിക്കുന്നത് യോഹന്നാൻ ആണെന്നതും വിരൽ ചൂണ്ടുന്നത് മറ്റു ശിഷ്യന്മാരുടെയും ദാരുണാന്ത്യത്തിനു പിന്നിൽ യേശുവിന്റെ ഗൂഢാലോചന തന്നെയായിരുന്നു എന്ന സത്യത്തിലേക്കാണ്.

മത്തായി, മാർക്കോസ്, ലൂക്കാസ്, യോഹന്നാൻ എന്നീ നാലു പേരു

കളിലാണ് യേശുവിന്റെ ജീവചരിത്രം രേഖപ്പെടുത്തിയിരിക്കുന്നത്. 'ഞാൻ തിരിച്ചു വരുവോളം യോഹന്നാൻ ജീവനോടിരിക്കണം എന്ന് ഞാൻ ആഗ്രഹിക്കുന്നു എങ്കിൽ നിനക്കെന്ത് പത്രോസേ?" എന്ന യേശുവിന്റെ വചനം അതിൽ അവസാനത്തെ പുസ്തകമായ യോഹന്നാനിലെ അവസാനത്തെ വാഗ്ദാനമാണ്. ഈ ഒരൊറ്റ വചനത്തിലൂടെ 11 മനുഷ്യരുടെ ജീവൻ അപഹരിച്ച യേശുവിനോളം കൗശലക്കാരൻ ആരുണ്ടുലകിൽ?

'നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ്'[60] എന്ന് പത്രോസ് പറയുമ്പോൾ യേശു പത്രോസിനോട് പത്രോസേ നീ പാറയാകുന്നു നീ ആകുന്ന പാറമേൽ ഞാൻ എന്റെ ഭവനം പണിയും[61] എന്നാണ് പ്രതിവചിക്കുന്നത്. യോഹന്നാൻ ജീവനോടിരിക്കുമ്പോൾ തന്നെ താൻ തിരിച്ചുവരുമെന്ന കള്ള വാഗ്ദാനത്തിലൂടെ പത്രോസിനെ കൊന്ന് അയാളുടെ ജഡത്തിനുമേൽ യേശു പണിത ഭവനത്തിന്റെ പേരാണ് റോമൻ കാത്തലിക് ചർച്ച്.

ഇവ്വിധം ഓരോ അപ്പോസ്തലന്മാരെയും കൊന്ന് അവരുടെ ജഡത്തിനുമേൽ വ്യത്യസ്തങ്ങളായ സഭകൾ യേശു പണിതു. ബന്ധുജനങ്ങളുടെ ജഡവും കുഴിച്ചിട്ട് യേശുവിന്റെ വരവും കാത്തിരിക്കുന്ന വിശ്വാസികൾ ഉണ്ടോ അറിയുന്നു യേശു ഒരിക്കലും വരാൻ പോകുന്നില്ലെന്ന്!

'രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ ഒരുമിച്ചു കൂടുന്നിടത്ത് അവരുടെ മധ്യേ ഞാൻ ഉണ്ടായിരിക്കും'[62] എന്ന് പറഞ്ഞ യേശു എങ്ങോട്ടെങ്കിലും പോയിട്ടു വേണ്ടേ സുഹൃത്തേ വരാൻ?

■

60. മത്തായി 16:16
61. മത്തായി 16:18
62. മത്തായി 18:20

# 4. സത്യമായും ഞാൻ നിങ്ങളോട് പറയുന്നു !

**കള്ളസത്യം മാത്രം ചെയ്തയാൾ!**

**ചി**ല കള്ളന്മാർക്ക് അവരുടേതായ ചില പ്രത്യേക ശൈലിയുണ്ടാകും, അതുപോലെ യേശുവിനും ഉണ്ടായിരുന്നു തനതായ ഒരു ശൈലി. വലിയൊരു കള്ളം പറയുന്നതിനു മുന്നേ 'സത്യമായും ഞാൻ നിങ്ങളോട് പറയുന്നു' എന്ന് പറയുന്നതായിരുന്നു ആ ശൈലി. യേശു 'സത്യമായും' പറഞ്ഞ അത്തരം ചില കള്ളങ്ങളിലേക്കുള്ള എത്തിനോട്ടമാണ് ഈ അദ്ധ്യായം.

കള്ളം പറയുന്നവന് ചില മുൻതൂക്കമുണ്ട്. കള്ളം പറയുന്നവന്റെ മുന്നിൽ ഒരുപാട് വഴികളുണ്ട്, സത്യം പറയുന്നവനാകട്ടെ ഒരേ ഒരു വഴി മാത്രമേ ഉള്ളൂ. ഉദാഹരണത്തിന് ഒന്നും ഒന്നും രണ്ടാണെന്ന് നമുക്കറിയാം. എന്നാൽ ഒന്നും ഒന്നും എത്രയാണെന്ന ചോദ്യത്തിന് കള്ളം പറയാൻ തീരുമാനിച്ചിരിക്കുന്നവന്റെ മുന്നിൽ അനന്തകോടിസാധ്യതകളുണ്ട്. ഒന്നും ഒന്നും മൂന്ന് ആണെന്നു പറയാം നാലാണെന്നു പറയാം, അങ്ങനെ ഏത് സംഖ്യ വേണമെങ്കിലും പറയാം. ഒന്നും ഒന്നും എത്രയാണ് എന്നതിന്റെ ശരിയുത്തരം രണ്ട് എന്ന സംഖ്യ മാത്രമാണ്.

ഇതിവിടെ പറയാൻ കാരണം കുറച്ചു മനുഷ്യരെ വാഗ്ദാനങ്ങൾ നൽകി വഞ്ചിച്ചു അവരുടെ വിയർപ്പും രക്തവും ഊറ്റിക്കുടിച്ച് അവരാൽ ക്രിസ്തുമതം എന്ന ഒരു പ്രസ്ഥാനം കെട്ടിപ്പടുക്കുവാൻ യേശു തീരുമാനിക്കുന്നു. എന്നാൽ സത്യത്തിൽ അവർക്ക് യാതൊരു പ്രതിഫലവും നൽകാൻ ഉദ്ദേശിക്കുന്നില്ല. പ്രതിഫലത്തിന് പകരം മധുരമനോജ്ഞ വാഗ്ദാനങ്ങൾ മാത്രം നൽകാനാണ് യേശു ഉദ്ദേശിച്ചത്. ആകാശവും ഭൂമിയും കടന്നുപോകുന്നതുവരെ, സമസ്തവും നിറവേറുവോളം നിയമത്തിൽനിന്നു വള്ളിയോ പുള്ളിയോ മാറുകയില്ലെന്നു സത്യമായി ഞാൻ നിങ്ങളോടു പറയുന്നു[63] എന്ന് യേശു പറയുന്നുണ്ട്. ബൈബിൾ പുറപ്പാട് പുസ്തകം ഇരുപതാം അദ്ധ്യായത്തിലെ പത്തു കല്പനകളിലെ അഞ്ചാമത്തെ കല്പന മാതാപിതാക്കളെ ബഹുമാനിക്കുക എന്നതാണ്. ഒരിക്കൽ യേശു ഒരു യഹൂദനോട് പത്തു പ്രമാണങ്ങൾ ഉദ്ധരിച്ചു

63. മത്തായി: 5:18

കൊണ്ട് 'പ്രമാണങ്ങൾ നിനക്കറിയാമല്ലോ: വ്യഭിചാരം ചെയ്യരുത്; കൊല്ലരുത്; മോഷ്ടിക്കരുത്; കള്ളസാക്ഷ്യം നല്കരുത്; പിതാവിനെയും മാതാവിനെയും ബഹുമാനിക്കുക.'[64] എന്ന് പറയുന്നുമുണ്ട്:

അഞ്ചാം പ്രമാണത്തിന്റെ ലംഘനം കൂടാതെ ആർക്കും യേശുവിന്റെ ശിഷ്യനാകാൻ കഴിയില്ല എന്നും യേശു പറയുന്നുണ്ട്: 'സ്വന്തം പിതാവിനെയും മാതാവിനെയും ഭാര്യയെയും മക്കളെയും സഹോദരന്മാരെയും സഹോദരിമാരെയും എന്നല്ല, സ്വജീവനെത്തന്നെയും വെറുക്കാതെ എന്റെ അടുത്തുവരുന്ന ആർക്കും എന്റെ ശിഷ്യനായിരിക്കുവാൻ സാധിക്കുകയില്ല.'[65] മാതാപിതാക്കളെ ബഹുമാനിക്കുക എന്ന് പ്രമാണത്തിൽ പറഞ്ഞിട്ടുണ്ട് എന്ന് പറയുന്നതും നിയമത്തിൽനിന്ന് വള്ളിയോ പുള്ളിയോ മാറുകയില്ല എന്ന് പറയുന്നതും മാതാപിതാക്കളെ വെറുക്കാതെ എന്റെ ശിഷ്യനായിരിക്കുവാൻ സാധിക്കുകയില്ല എന്ന് പറയുന്നതും യേശു തന്നെയാണ്!

"സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ദൈവരാജ്യത്തിനുവേണ്ടി വീടിനെയോ ഭാര്യയെയോ സഹോദരന്മാരെയോ മാതാപിതാക്കളെയോ സന്താനങ്ങളെയോ ഉപേക്ഷിച്ചവരിലാർക്കും ഇക്കാലത്തുതന്നെ അവ അനേകമടങ്ങു ലഭിക്കാതിരിക്കുകയില്ല; വരാനിരിക്കുന്ന കാലത്തു നിത്യജീവനും." [66]

ദൈവരാജ്യത്തിനു വേണ്ടി ഭാര്യയെയും മക്കളെയും വീടും ഉപേക്ഷിച്ച് ലോകം മുഴുവനും പോയി യേശു ദൈവപുത്രൻ ആണെന്നും യേശുവിൽ വിശ്വസിച്ചു മാമോദിസ മുങ്ങി ക്രിസ്ത്യാനിയായാൽ മാത്രമേ ദൈവരാജ്യത്തിൽ പോകാൻ കഴിയൂ എന്നു പറഞ്ഞു നടക്കുന്ന ശിഷ്യന്മാർക്ക്, അവർ ഉപേക്ഷിച്ചു പോയ വീടും ഭാര്യയും മക്കളും ഒക്കെ അനേക മടങ്ങായി ഈ കാലഘട്ടത്തിൽ തന്നെ തിരിച്ചുകിട്ടും എന്ന് സത്യമായും ഞാൻ നിങ്ങളോട് പറയുന്നു എന്നാണ് യേശു പറഞ്ഞത്. എന്നിട്ട് അവർക്ക് മേല്പറഞ്ഞ കാര്യങ്ങൾ എന്തേലും തിരിച്ചുകിട്ടിയോ? യേശുവിന്റെ പൊള്ളയായ വാഗ്ദാനങ്ങളിൽ വിശ്വസിച്ച് ക്രിസ്തുമതം സ്ഥാപിക്കാൻ പുറപ്പെട്ട അപ്പോസ്തലന്മാർ ലോകത്തിന്റെ നാനാഭാഗത്ത് കിടന്നു പലരുടെയും തല്ലുകൊണ്ടും, കല്ലേറുകൊണ്ടും, കുന്തമുന കൊണ്ടും, വാളുകൊണ്ടും ഒക്കെ കൊല്ലപ്പെടുകയാണ് ഉണ്ടായത്. അപ്പോൾ യേശു അവരോട് സത്യമായി ഞാൻ നിങ്ങളോട് പറയുന്നു എന്ന് പറഞ്ഞതൊക്കെയും പച്ച കള്ളങ്ങളായിരുന്നില്ലേ?

**നിത്യജീവൻ യേശുവിന്റെ കുത്തകയോ?**

ഈ കാലഘട്ടത്തിൽതന്നെ ഭാര്യയെയും, വയലും വീടും അനേകമടങ്ങായി ലഭിക്കുകയും വരുംയുഗത്തിൽ നിത്യജീവനും അതായിരു

64. ലൂക്കോസ് 18:20
65. ലൂക്കോസ് 18:20
66. ലൂക്കോസ് 18:29-30

ന്നുവല്ലോ യേശുവിന്റെ വാഗ്ദാനം? എന്നിട്ട് യേശുവിന്റെ ശിഷ്യന്മാർക്ക് ആർക്കെങ്കിലും യേശു നിത്യജീവൻ നൽകിയോ?

നിത്യജീവൻ ആർക്കും നൽകാൻ ആവില്ല. ജീവൻ എന്നാൽ ആത്മാവാണ്. ആത്മാവ് നിരാകാരനാണ് അതുകൊണ്ട് തന്നെ അമർത്ത്യനാണ് - ജനിക്കുന്നുമില്ല, മരിക്കുന്നുമില്ല. ശരീരമില്ലാത്ത ഒരു സംഗതിയെ ആർക്കാണ്, എങ്ങനെയാണ് കൊല്ലാൻ കഴിയുക? അല്ലെങ്കിൽ തന്നെ ശരീരമില്ലാത്ത ഒരു സംഗതിയുടെ മരണം എങ്ങിനെയാണ്, ആർക്കാണ് ഉറപ്പു വരുത്താൻ കഴിയുക? ജനനവും മരണവും ശരീരത്തെ സംബന്ധിക്കുന്ന കാര്യങ്ങളാണ്, ജനിച്ചാൽ മരണം ഉറപ്പാണ്. ജീവനുള്ള ഒരു ശരീരവും ജീവനില്ലാത്ത ജഡവും തമ്മിലുള്ള വ്യത്യാസം നമുക്കറിയില്ലേ? ജീവൻ വേർപെട്ടുപോയ ശരീരത്തെയാണ് ജഡമെന്ന് വിളിക്കുന്നത്. വാസ്തവത്തിൽ ശരീരം ജഡം തന്നെയാണ്. ജീവനുള്ള ശരീരത്തിൽ കാണപ്പെടുന്ന പ്രഭാവലയത്തിന് കാരണം ജീവാത്മാവാണ്. ആത്മാവ് എന്നൊന്നുണ്ടോ എന്നത് ഇന്നും സ്ഥിരീകരിക്കാനാവാത്ത തർക്കവിഷയമാണ്. നിരാകാരനായ ആത്മാവ് അപ്രത്യക്ഷനാണ്, ദൃഷ്ടിഗോചരമല്ല എന്നിരിക്കെ, ആത്മാവിന് പ്രത്യക്ഷ തെളിവ് അഥവാ ഭൗതികമായ തെളിവ് നൽകുക അസാധ്യമാണ്. പക്ഷേ മനുഷ്യർ പ്രത്യക്ഷ തെളിവിന്റെ അഭാവത്തിലും സത്യത്തിലേക്ക് എത്തിച്ചേർന്നതിന്, വസ്തുനിർണ്ണയം നടത്തിയതിന് ധാരാളം ദൃഷ്ടാന്തങ്ങളുണ്ട്.

ഉദാഹരണത്തിന് ഏതാണ്ട് 500 വർഷങ്ങൾക്കുമുന്നേ ഭൂമി സൂര്യനെ ചുറ്റുന്നു എന്ന് കോപ്പർനിക്കസ് എന്ന പോളിഷ് ജ്യോതിശാസ്ത്രജ്ഞൻ പറയുമ്പോൾ ഇന്നുള്ളതുപോലെ നാസയുടെ ജെയിംസ് വെബ്ബ് ക്യാമറ (James Webb Space Telescope) ഇല്ലായിരുന്നു. എങ്കിലും നഗ്ന നേത്രങ്ങൾ കൊണ്ടോ ക്യാമറകണ്ണുകൾ കൊണ്ടോ ഒന്നും കാണാതെ ഉൾക്കണ്ണുകൊണ്ട് അദ്ദേഹം അറിഞ്ഞ കാര്യങ്ങൾ സത്യമായിരുന്നു എന്ന് ഇന്ന് നമുക്ക് ഉത്തമ ബോധ്യമുണ്ട്. അങ്ങനെ പ്രത്യക്ഷ തെളിവില്ലാത്ത എത്രയെത്ര അറിവുകൾ കേവലം അനുമാനങ്ങൾ കൊണ്ട് മാത്രം മനുഷ്യർ തിരിച്ചറിഞ്ഞിരിക്കുന്നു.

ആത്മാവിനെ നഗ്നനേത്രങ്ങൾ കൊണ്ടു കാണാൻ കഴിയില്ല എങ്കിലും യുക്തിവിചാരംകൊണ്ട് അറിയാൻ കഴിയും, ജ്ഞാനദൃഷ്ടികൊണ്ട്, അകക്കണ്ണു കൊണ്ട് ആത്മാവിന്റെ അസ്തിത്വം സ്ഥിരീകരിക്കുവാൻ കഴിയും.

ഉദാഹരണത്തിന്, മരണാസന്നനായ പിതാവിന്റെ തൊട്ടരികിൽ കൈ ചേർത്ത് പിടിച്ചുകൊണ്ടിരിക്കുന്ന ഒരു വ്യക്തി പൊടുന്നനെ വൃദ്ധന്റെ കൈ താഴേക്ക് വഴുതിവീഴുന്നത് കാണുന്നു. "അച്ഛാ അച്ഛാ"എന്ന് വിളിച്ചിട്ടും അയാൾ വിളി കേൾക്കുന്നില്ല, സംസാരിക്കുവാനോ കാണുവാനോ കേൾക്കുവാനോ ചലിക്കുവാനോ കഴിയുന്നില്ല. അയാളുടെ ഹൃദയമിടിപ്പും ശ്വാസോച്ഛ്വാസവും നിലച്ചു അയാൾ മരിച്ചു എന്ന് ബന്ധുജനങ്ങൾക്ക് ബോധ്യമാകുന്നു. അയാളുടെ ശരീരത്തിന് എന്തോ

ഒരു മാറ്റം സംഭവിച്ചിരിക്കുന്നു. അയാളുടെ ശരീരത്തിൽ അതുവരെ നിലനിന്നിരുന്ന ജീവൻ എന്ന ജീവാത്മാവ് അഥവാ പ്രാണനാകുന്ന കിളി ആ കൂടുവിട്ട് പോയിരിക്കുന്നു. ആ ശരീരത്തിലേക്ക് അതിനിനിയൊരു മടങ്ങി വരവില്ല. 'ദേഹമാകുന്ന വസ്ത്രം മാറി ദേഹി തുടരുന്നു യാത്ര അനന്തം അജ്ഞാതമീ യാത്ര' എന്ന് പറയുന്നത് വെറുതെയല്ല.

ശരീരത്തിന് സംഭവിച്ച മാറ്റം ശരീരത്തിന് ജീവൻ നഷ്ടപ്പെട്ടു എന്നതാണ്. ജീവൻ നഷ്ടപ്പെട്ടതോടുകൂടി ശരീരത്തിന് അതുവരെ ഉണ്ടായിരുന്ന സകല കഴിവുകളും നഷ്ടമായി. കേൾവിശക്തി, കാഴ്ചശക്തി, ചലനശക്തി ഇത്യാദിശക്തികൾ. ജീവൻ നഷ്ടമാകുന്നതോടുകൂടി ശരീരത്തിൽ മുമ്പ് പ്രകടമായിരുന്ന സകല ശക്തികളും ഇല്ലാതാകുന്നുവെങ്കിൽ അതിനർത്ഥം ആ ശക്തികളൊക്കെ ശരീരത്തിന് നൽകിയത് ജീവൻ ആണെന്നാണ്. സത്യത്തിൽ കാണുകയും കേൾക്കുകയും ഒക്കെ ചെയ്തിരുന്നത് ശരീരമല്ല മറിച്ച് ജീവനാണെന്നാണ് ഇതിൽനിന്ന് തിരിച്ചറിയേണ്ടത്.

ശരീരത്തെ ഉപേക്ഷിച്ച് ജീവൻ പോകുമ്പോൾ ചുറ്റിനും ധാരാളം ബന്ധുജനങ്ങൾ നിൽപ്പുണ്ട് എന്നാൽ അവരാരും തന്നെ ജീവൻ ശരീരത്തെ ഉപേക്ഷിച്ചു പോകുന്നത് കാണുന്നില്ല. പക്ഷെ ശരീരത്തെ ഉപേക്ഷിച്ച് ജീവൻ പോയി എന്ന് ലക്ഷണങ്ങളിൽ നിന്ന് മനസ്സിലാകുന്നു. ഒത്തിരി മനുഷ്യരുടെ സാന്നിധ്യത്തിൽ ജീവൻ കടന്നുപോയിട്ടും ആരും ആ ജീവനെ കണ്ടില്ല അതിന് കാരണം ജീവൻ ആത്മാവായതുകൊണ്ടും ആത്മാവ് നിരാകാരൻ ആയതുകൊണ്ടുമാണ്.

ഒരു സംഗതിക്ക് അത് എന്തുമായിക്കൊള്ളട്ടെ ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേക്ക് ചലിക്കണമെങ്കിൽ ശക്തി ആവശ്യമാണ് എന്ന കാര്യത്തിൽ സംശയമില്ലല്ലോ? ആത്മാവ് ശരീരത്തെ ഉപേക്ഷിച്ചു പോയി എന്നാൽ ആത്മാവ് ശരീരത്തിൽ നിന്നും വ്യതിചലിച്ചിരിക്കുന്നു എന്നും ശരീരത്തെ കൂടാതെ തന്നെ ആത്മാവിന് തനതായ ശക്തി ഉണ്ടെന്നുമാണ് തെളിയിക്കപ്പെടുന്നത്. ചുരുക്കിപ്പറഞ്ഞാൽ ജീവികളുടെ മരണം തന്നെയാണ് ആത്മാവിന്റെ അസ്തിത്വദൃഷ്ടാന്തം. ആത്മാവ് തന്നെയാണ് ശക്തിയും ശരീരത്തിന്റെ എല്ലാ ശക്തി സ്രോതസ്സുമെന്നും പ്രാണികളുടെ മരണം തെളിയിക്കുന്നു. ശരീരം വെറും ജഢമാണ്. പ്രകൃതിയും പുരുഷനും ജഡവും ചേതനയുമാണ്.

**യുക്തിഭദ്രമായ ഭാരതീയസിദ്ധാന്തം**

പാരത്രികജ്ഞാനം മനുഷ്യർക്ക് നൽകുന്ന സനാതനധർമ്മം ഒന്ന് മാത്രമാണ് അല്ലാതെ ബൈബിളും ഖുറാനുമല്ല എന്നത് ഇവിടെ സൂചിപ്പിച്ചുകൊള്ളട്ടെ. നിത്യം ഉപയോഗിക്കുന്ന പാത്രങ്ങളിൽ അഴുക്കു പുരളുന്നതുപോലെ പലവിധ സുഖത്തെ കാംക്ഷിച്ച് കർമ്മം ചെയ്യുന്ന മനസ്സ് അജ്ഞാനന്ധകാരത്താൽ ജീവാത്മാവിനെ മൂടി മറച്ചിരിക്കുന്നു. വെള്ളവും ചാരവും ചകിരിയും ഉപയോഗിച്ച് പാത്രം കഴുകി തേച്ചുമിനുക്കുമ്പോൾ പാത്രത്തെ മൂടിയിരുന്ന അഴുക്കൊക്കെ പോയി പാത്രം വെട്ടി

ത്തിളങ്ങുന്നതുപോലെ ജ്ഞാനവൈരാഗ്യത്തിന്റെ തീച്ചൂളയിൽ ആത്മ ജ്ഞാനമാകുന്ന അഗ്നിയിൽ സ്ഫുടംചെയ്യുമ്പോൾ ആത്മാവിനെ മൂടി യിരുന്ന കല്മഷമൊക്കെ നീങ്ങി മനുഷ്യൻ ജീവൻമുക്തനായിതീരുന്നു. ജീവന്മുക്തനായ സമാധിസ്ഥനായ ഒരുവന്റെ ചിത്തം കാറ്റില്ലാത്ത മുറി യിൽ വെച്ച വിളക്കിന്റെ നാളം പോലെയെന്നും സനാതനധർമ്മം നമ്മെ ഉദ്ബോധിപ്പിക്കുന്നു.

യേശുവിലോ അല്ലാഹുവിലോ വിശ്വസിച്ചാൽ ഉടലോടെ സ്വർഗ്ഗ ത്തിൽ നിത്യം വസിക്കും എന്ന് ഘോഷിക്കുന്ന ക്രിസ്തുമതവും ഇസ്ലാ മും എവിടെ? ഒരു ജീവാത്മാവും അനന്തകാലം ഒരേ ശരീരത്തിൽ വസി ക്കുന്നില്ല എന്നും ആത്മാവ് മാത്രമാണ് സ്വന്തം ധനവും സ്വാർത്ഥവും എന്ന പാരത്രികജ്ഞാനം പ്രദാനം ചെയ്യുന്ന സനാതനധർമ്മമെവിടെ? അന്യദേവന്മാരെയും വിഗ്രഹങ്ങളെയും ആരാധിക്കുന്നവരെ കൊല്ലുക എന്നു പറയുന്ന സെമിറ്റിക്മതങ്ങൾ എവിടെ? അഹിംസ പരമോ ധർമ്മ എന്ന് പഠിപ്പിക്കുന്ന സനാതനധർമ്മമെവിടെ?

**ആ മരണമൊഴിയിലെ കൊടുംകാപട്യങ്ങൾ**

നമ്മുടെ നീതിന്യായവ്യവസ്ഥയിൽ മരണമൊഴിക്ക് പ്രത്യേക പരിഗ ണനയുണ്ട്. മരണസമയത്ത് ഒരുവൻ സത്യസന്ധമായി മാത്രമേ സംസാ രിക്കൂ എന്ന ചിന്തയാണ് ഈ പരിഗണനയ്ക്കു കാരണം. യേശു എന്നാ ൽ ഇതിനൊരപവാദമാണ്. യേശുവിന്റെ മരണമൊഴികളിലൂടെ നമുക്കൊ ന്ന് കണ്ണോടിക്കാം.

യേശുവിന്റെ മരണസമയത്ത് യേശുവിന്റെ ഇരുവശങ്ങളിലുമായി കുരിശിൽ തറക്കപ്പെട്ട രണ്ട് കുറ്റവാളികൾ കൂടി ഉണ്ടായിരുന്നു. അവരിൽ ഒരുവൻ തന്റെ മരണത്തിന് തൊട്ടുമുമ്പ് യേശുവിൽ വിശ്വാസം പ്രകടി പ്പിക്കുകയും യേശു അവനോട് സത്യമായും ഞാൻ നിന്നോട് പറയു ന്നു ഇന്ന് നീ എന്നോട് കൂടി പറുദീസയിൽ ആയിരിക്കും[67] എന്നു പറയുകയുമുണ്ടായി.

ഇന്ന് നീ എന്നോടുകൂടി പറുദീസയിൽ ആയിരിക്കും എന്നു പറയു ന്നതിലൂടെ മരണശേഷം യേശു ആ വിശ്വാസിയോടൊപ്പം നേരെ പറുദീ സയിലേക്ക് പോകും എന്നാണല്ലോ അർത്ഥമാക്കുന്നത്.

ഒരിക്കൽ നിന്നിൽ നിന്ന് ഒരു അടയാളം കാണാൻ ഞങ്ങൾ ആഗ്ര ഹിക്കുന്നു എന്ന് യേശുവിനോട് യഹൂദരിൽ ചിലർ പറയുമ്പോൾ യേശു അവരോട് പറയുന്നത് യോനാ പ്രവാചകന്റെ അടയാളമല്ലാതെ മറ്റൊര ടയാളവും നിങ്ങൾക്ക് നൽകപ്പെടുകയില്ല, യോനാ മൂന്നു രാവും മൂന്നു പകലും തിമിംഗലത്തിന്റെ ഉദരത്തിൽ കിടന്നതുപോലെ യേശുവും മൂന്നുരാവും മൂന്നു പകലും ഭൂമിക്കുള്ളിലായിരിക്കും[68] എന്നാണ്. ബൈബിളിൽ ഇങ്ങനെ യേശു പറഞ്ഞിരിക്കുന്ന ഏക കാരണത്താൽ

67. ലൂക്കോസ് 23:43
68. മത്തായി 12:38-40

മരണശേഷം യേശു മൂന്നു രാവും മൂന്നു പകലും ഭൂമിക്കുള്ളിൽ അഥവാ പാതാളത്തിൽ ആയിരുന്നു എന്നാണ് ക്രിസ്ത്യാനികൾ വിശ്വസിക്കുന്നത്.

തന്റെ മരണശേഷം യേശു മൂന്ന് രാവും മൂന്നു പകലും പാതാളത്തിലായിരുന്നുവെങ്കിൽ അതിനർത്ഥം മരിക്കുന്നതിന് തൊട്ടുമുമ്പ് പോലും തന്നിൽ വിശ്വാസമർപ്പിച്ചവനോട് യേശു ഇന്ന് നീ എന്നോട് കൂടി പറുദീസയിൽ ആയിരിക്കും എന്ന് പറഞ്ഞത് കള്ളമായിരുന്നു എന്നാണ്.

യഹൂദരോട് യോനാപ്രവാചകൻ തിമിംഗലത്തിനുള്ളിൽ ഇരുന്നതു പോലെ യേശുവും മൂന്നു രാവും മൂന്നു പകലും ഭൂമിക്കുള്ളിൽ ആയിരിക്കും എന്ന് പറഞ്ഞതും കള്ളമാണ്.

കാരണം വിശദമാക്കാം:

യേശുവിന്റെ മരണം വെള്ളിയാഴ്ച ഉച്ചയ്ക്ക് മൂന്ന് മണിക്കാണ് സംഭവിക്കുന്നത്. മരണശേഷം ഏതാനും മണിക്കൂറുകൾ കൂടി യേശുവിന്റെ ജഡം കുരിശിൽ തന്നെ കിടക്കുന്നുണ്ട്. വൈകുന്നേരമായപ്പോൾ ആളുകളൊക്കെ യേശുവിനെ കുരിശിൽ തറച്ചിരുന്ന ഗോൽഗോത്തായിൽനിന്ന് അവരവരുടെ വസതികളിലേക്ക് പിൻവാങ്ങി. അതിനുശേഷം യേശുവിന്റെ രഹസ്യശിഷ്യന്മാരായിരുന്ന നിക്കോദാമോസും അരിമദ്ധ്യക്കാരൻ ജോസഫും ഗോൽഗോത്തായിൽ വന്നുചേരുന്നു. അതിനെ തുടർന്ന് ജെറുസലേമിൽ യേശുവിനെ കുരിശിൽ തറച്ചു കൊല്ലാൻ വിധിച്ച റോമൻ ഭരണാധികാരി പീലാത്തോസിന്റെ അടുക്കൽ പോയി യേശുവിന്റെ ജഡം കുരിശിൽനിന്ന് താഴെ ഇറക്കുവാൻ അനുവാദം വാങ്ങുന്നു. പീലാത്തോസ് പരിചാരകരെ വിളിച്ച് യേശുവിന്റെ മരണം ഉറപ്പുവരുത്തിയതിനു ശേഷം ജഡം കുരിശിൽനിന്ന് താഴെ ഇറക്കുവാനുള്ള അനുവാദം നൽകുന്നു.

ശേഷം അരിമദ്ധ്യ ജോസഫ് വീണ്ടും ജെറുസലേമിൽ നിന്ന് ഗോൽഗോത്തായിൽ വരുന്നു. അപ്പോഴേക്കും സമയം രാത്രി 9 അല്ലെങ്കിൽ 10 മണി എങ്കിലും ആയിക്കാണും. നിക്കോദാമോസും അരിമദ്ധ്യാക്കാരൻ ജോസഫും ചേർന്ന് കുരിശിൽ വലിയ ആണിയടിച്ച് തറച്ചുവെച്ചിരിക്കുന്ന യേശുവിന്റെ ജഡം ഏറെ പണിപെട്ട് താഴെയിറക്കുന്നു അപ്പോൾ സമയം രാത്രി ഏതാണ്ട് പത്തിനും 11 നും ഇടയ്ക്ക്. അതിനുശേഷം യേശുവിന്റെ ജഡം യഹൂദരുടെ ആചാരപ്രകാരം സുഗന്ധദ്രവ്യങ്ങൾ കൊണ്ടു പൂശി അവർ കൊണ്ടുവന്ന തുണികൊണ്ട് പൊതിഞ്ഞുകെട്ടി അരിമദ്ധ്യാ ജോസഫ് തന്റെ സ്വന്തം കൈകൊണ്ട് പാറ ചെത്തി ഉണ്ടാക്കിയ ഗോൽഗോത്തായിൽ തന്നെയുള്ള കല്ലറയിൽ വെക്കുന്നു, സ്ഥലം വിടുന്നു. അപ്പോൾ സമയം വ്യാഴാഴ്ച അർദ്ധരാത്രി. അതായത് വ്യാഴാഴ്ച അർദ്ധരാത്രി വരെ യേശു ഒരു പാതാളത്തിലും പോയിട്ടില്ല.

പിന്നീട് യേശുവിനെ കാണുന്നത് ഞായറാഴ്ച അതിരാവിലെയാണ്. വ്യാഴാഴ്ച അർദ്ധരാത്രി മുതൽ ഞായറാഴ്ച അതിരാവിലെ വരെ മാത്ര

മാണ് യേശു ഇനി അഥവാ പാതാളത്തിൽ പോയിട്ടുണ്ടെങ്കിൽ പോയി ട്ടുണ്ടാവാൻ സാധ്യത. വെള്ളിയാഴ്ച്ച അർദ്ധരാത്രി മുതൽ ശനിയാഴ്ച അർദ്ധരാത്രി വരെ 24 മണിക്കൂർ, ശനിയാഴ്ച അർദ്ധരാത്രി മുതൽ ഞായറാഴ്ച അതിരാവിലെ വരെ ഒരു ആറു മണിക്കൂർ കൂടി അതായത് 24 കൂട്ടണം 6 സമം 30 മണിക്കൂർ മാത്രമാണ് ഭൂതലത്തിൽ യേശുവിന്റെ അഭാവം.

മൂന്ന് രാവും മൂന്നു പകലും എന്ന് പറഞ്ഞാൽ ഈ ലോകത്തിന്റെ ഏതു കോണിലാണെങ്കിലും അത് 24 കൂട്ടണം 24 കൂട്ടണം 24 സമം 72 മണിക്കൂറുകളാണ്. യേശുവിന്റെ അഭാവം ആകട്ടെ കേവലം 30 മണി ക്കൂർ മാത്രം. യഹൂദരോട് താൻ മൂന്ന് രാവും മൂന്നു പകലും ഭൂമിക്കു ള്ളിൽ ആയിരിക്കും എന്ന് പറഞ്ഞതുപോലും കള്ളമായിരുന്നുവെന്ന് ഇപ്പോൾ വ്യക്തമായികാണുമെന്നു കരുതട്ടെ.

ഇനി മറ്റൊരു കാര്യം വിശദമാക്കാം. പറുദീസ എന്നാൽ ജീവന്റെ വൃക്ഷം സ്ഥിതി ചെയ്യുന്ന ഇടം അഥവാ ഏദൻതോട്ടം എവിടെയാണോ അവിടം ആണ് പറുദീസ. 'വിജയംവരിക്കുന്നവന് ദൈവത്തിന്റെ പറു ദീസായിലുള്ള ജീവവൃക്ഷത്തിൽനിന്ന് ഞാൻ ഭക്ഷിക്കാൻ കൊടുക്കും'[69] എന്ന ബൈബിൾവചനത്തിൽനിന്ന് ഇത് വ്യക്തമാണ്.

ഈ പറുദീസയിലാണ് യേശുവിന്റെ പിതാവ് എന്ന് വിളിക്കപ്പെടു ന്ന യഹോവ സായാഹ്നസവാരിക്കു പോകുന്നതെന്ന് ഉല്പത്തിപ്പുസ്ത കം മൂന്നാം അദ്ധ്യായത്തിൽ[70] നിന്നും മനസിലാക്കാവുന്നതാണ്.

ഇത്രയും കാര്യങ്ങൾ ഇവിടെ പറയുവാൻ കാരണം വ്യാഴാഴ്ച ഉച്ച സമയത്ത് തന്റെ മരണത്തിനു ഏതാനും മിനിറ്റുകൾക്ക് മുമ്പ് ഒരു വിശ്വാ സിയോട് യേശു പറഞ്ഞത് ഇന്ന് നീ എന്നോട് കൂടി പറുദീസയിൽ ആയിരിക്കും എന്നാണ്, എന്നാൽ ഞായറാഴ്ച അതിരാവിലെ മറിയം മഗ്ദലനയുടെ മുന്നിൽ പ്രത്യക്ഷനാകുന്ന യേശു അവളോട് പറയുന്നത് 'എന്നെ തൊടരുത്, എന്തുകൊണ്ടെന്നാൽ ഞാൻ ഇതുവരെ എന്റെ പിതാവിന്റെ അടുക്കൽ പോയിട്ടില്ല' എന്നാണ്. അതിനർത്ഥം യേശു ഞായറാഴ്ച രാവിലെ വരെ പറുദീസായിൽ പോയിട്ടില്ല എന്നാണ്. അതാ യത് വെള്ളിയാഴ്ച ഉച്ചയ്ക്ക് മരണസമയത്ത് ഇന്ന് നീ എന്നോട് കൂടി പറുദീസയിൽ ആയിരിക്കും എന്ന് ഒരു വിശ്വാസിയോട് പറഞ്ഞത് പച്ച ക്കള്ളം ആയിരുന്നുവെന്ന്.

### കുരിശിലെ നിലവിളി സത്യമെങ്കിൽ മറ്റു പലതും കള്ളം!

ഇതുവരെ പറഞ്ഞത് ലൂക്കായുടെ പുസ്തകപ്രകാരമുള്ള യേശുവി ന്റെ മരണമൊഴിയാണ്. എന്നാൽ മത്തായിയുടെയും മാർക്കോസി ന്റെയും പേരിലുള്ള പുസ്തകങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന യേശു

69. വെളിപാട് 2:7
70. ഉല്പത്തി 3:8
71. മത്തായി 27:46, മാർക്കോസ് 15:34

വിന്റെ മരണമൊഴി ലൂക്കായുടേതിൽനിന്ന് തികച്ചും വ്യത്യസ്തമാണ്. അവിടെ യേശു "ഏലി ഏലി ലമ്മ ശബക്താനി (എന്റെ ദൈവമേ എന്റെ ദൈവമേ എന്തുകൊണ്ട് നീ എന്നെ ഉപേക്ഷിച്ചു?)"[71] എന്ന് നിലവിളിച്ചു എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

ഈ മരണമൊഴിയിൽ ധാരാളം വൈരുദ്ധ്യങ്ങളുണ്ട്. ഓരോന്നോരോന്നായി വിശദീകരിക്കാം. ഈ മരണമൊഴി വ്യക്തമാക്കുന്നത് യേശുവിനെ കുരിശിൽ മരിക്കുവാൻ യാതൊരു താൽപര്യവും ഇല്ലായിരുന്നു എന്നാണ്. മരിക്കുന്നതിന് ഏതാനും നിമിഷങ്ങൾക്കു മുൻപ് പോലും യേശു ആഗ്രഹിച്ചിരുന്നതും, വിശ്വസിച്ചിരുന്നതും യേശുവിനെ തന്റെ പിതാവായ ദൈവം കുരിശുമരണത്തിൽനിന്നും രക്ഷിക്കും എന്നാണ്.

ബേഥനിക്കാരൻ ലാസറിന്റെ സഹോദരിയും വേശ്യയുമായിരുന്ന മറിയ യേശുവിന്റെ പാദങ്ങളിൽ 300 ദിനാറ വിലയുള്ള സുഗന്ധതൈലം പൂശിയ നേരത്ത് യേശു വേശ്യയുടെ തത്പ്രവൃത്തിയെ ന്യായീകരിച്ചു കൊണ്ട് പറഞ്ഞത് അവൾ ഈ തൈലം എന്റെ ദേഹത്തിന്മേൽ ഒഴിച്ചതു എന്റെ ശവസംസ്ക്കാരത്തിന്നായി ചെയ്തതാകുന്നു എന്നാണ്.[72] തന്റെ മരണവും ശവസംസ്കാരവുമെല്ലാം മുൻകൂട്ടി കണ്ടിരുന്ന യേശുവാണ് കുരിശിൽ കിടന്നു എന്റെ പിതാവായ ദൈവമേ എന്നെ എന്തിന് നീ ഉപേക്ഷിച്ചു എന്ന് വിലപിക്കുന്നത്! ഇതിൽ അപാകതയില്ലേ?

ബൈബിൾ പറയുന്നത് യേശു ദൈവപുത്രൻ ആണെന്നാണ്. യേശു ആകട്ടെ, തന്നെ കാണുന്നവർ തന്റെ പിതാവായ ദൈവത്തെയാണ് കാണുന്നത്, തന്റെ പിതാവായ ദൈവം തന്റെ ഉള്ളിലും താൻ തന്റെ പിതാവായ ദൈവത്തിന്റെ ഉള്ളിലുമാണ്, താനും തന്റെ പിതാവായ ദൈവവും ഒന്നുതന്നെയാണ് എന്നൊക്കെയാണ് അപ്പോസ്തലന്മാരോട് പറഞ്ഞു വെച്ചിട്ടുള്ളത്. യേശുവും ദൈവവും ഒന്നാണെങ്കിൽ യേശു പിതാവായ ദൈവത്തിന്റെ ഉള്ളിലും പിതാവായ ദൈവം യേശുവിന്റെ ഉള്ളിലും ആണെങ്കിൽ യേശു കുരിശിൽ കിടന്നുകൊണ്ട് ദൈവമേ എന്നെ നീ ഉപേക്ഷിച്ചത് എന്തിന് എന്ന് വിലപിക്കുന്നത് ആരോടാണ്? യേശുവിന്റേത് കള്ള മരണമൊഴിയാണ് എന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്.

മാത്രമല്ല യേശു തന്റെ പ്രേഷിത/കുൽസിതപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുമ്പ് തന്നെ സ്നാപകയോഹന്നാൻ യേശുവിനെകുറിച്ച് പറയുന്നത് 'ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടാണ്" യേശു എന്നാണ്.[73] കൂടാതെ 'ശുശ്രൂഷിക്കപ്പെടാൻ അല്ല ശുശ്രൂഷിക്കാനും അനേകരുടെ മോചനദ്രവ്യമായി സ്വജീവൻ കൊടുക്കാനുമാണ് മനുഷ്യപുത്രൻ വന്നിരിക്കുന്നത്"[74] എന്നും യേശു പറഞ്ഞിട്ടുണ്ട്.

72. മത്തായി 26:12
73. യോഹന്നാൻ 3:16
74. മത്തായി 20.28

യേശു വന്നിരിക്കുന്നത് അനേകരുടെ മോചനദ്രവ്യമായി സ്വജീവൻ നൽകാനാണെന്ന് പറയുന്നത് ആത്മാർത്ഥമായിട്ടാണെങ്കിൽ തന്റെ മരണസമയത്ത് എന്റെ ദൈവമേ എന്നെ നീ ഉപേക്ഷിച്ചത് എന്തിന് എന്ന് നിലവിളിക്കുമായിരുന്നോ?

ശുശ്രൂഷിക്കപ്പെടാൻ അല്ല ശുശ്രൂഷിക്കാൻ ആണ് യേശു വന്നിരിക്കുന്നത് എന്ന് പറയുന്നുണ്ട്. യേശുവിന്റെ പ്രസ്തുത വചനവും പച്ചക്കള്ളമാണെന്നാണ് ബൈബിൾ പറയുന്നത്, കാരണം യേശുവിന്റെ കുരിശുമരണസമയത്ത് 'ഗലീലിയിൽ നിന്ന് യേശുവിനെ അനുഗമിച്ചവരും അവനെ ശുശ്രൂഷ ചെയ്തിരുന്നവരുമായ അനേകം സ്ത്രീകൾ അകലെ കാര്യങ്ങൾ നോക്കിക്കൊണ്ട് നിന്നിരുന്നു'[75] എന്ന് ബൈബിൾ പറയുന്നുണ്ട്. യേശുവിന് ധാരാളം സ്ത്രീകളുടെ ശുശ്രൂഷ നല്ലതുപോലെ കിട്ടിയിരുന്നു എന്ന് ബൈബിൾ പറയുമ്പോൾ ശുശ്രൂഷിക്കപ്പെടാൻ അല്ല ശുശ്രൂഷിക്കുവാനാണ് താൻ വന്നിരിക്കുന്നത് എന്ന് യേശു പറഞ്ഞത് കള്ളമായിരുന്നില്ലേ?

'തിരിച്ചെടുക്കുന്നതിനു വേണ്ടി ഞാൻ ജീവൻ അർപ്പിക്കുന്നതിനാൽ പിതാവ് എന്നെ സ്നേഹിക്കുന്നു. ആരും എന്നിൽ നിന്ന് അത് പിടിച്ചെടുക്കുകയല്ല, ഞാൻ അത് സ്വമനസാ സമർപ്പിക്കുകയാണ്, അത് സമർപ്പിക്കുവാനും തിരികെ എടുക്കാനും എനിക്കധികാരമുണ്ട്'[76] തിരിച്ചെടുക്കാൻ വേണ്ടി യേശു തന്റെ ജീവൻ അർപ്പിക്കുന്നതിനാൽ യേശുവിന്റെ പിതാവ് യേശുവിനെ സ്നേഹിക്കുന്നു, ആരും യേശുവിൽ നിന്ന് യേശുവിന്റെ ജീവൻ പിടിച്ചെടുക്കുകയല്ല, മറിച്ച് യേശു സ്വമനസ്സാ ജീവൻ സമർപ്പിക്കുകയാണ്, ജീവൻ സമർപ്പിക്കുവാനും ജീവൻ തിരികെ എടുക്കാനും യേശുവിന് അധികാരം ഉണ്ട് എന്നൊക്കെ സമ്മതിക്കാമായിരുന്നു മരണസമയത്ത് എന്റെ ദൈവമേ എന്നെ നീ ഉപേക്ഷിച്ചു കളഞ്ഞത് എന്തിനെന്ന് വിലപിക്കുകയും 'പിതാവിനെ' കുറ്റപ്പെടുത്തുകയും ചെയ്തില്ലായിരുന്നുവെങ്കിൽ!

ഒരു വെള്ളിയാഴ്ച ദിവസം ഉച്ചയ്ക്ക് 3 മണിക്കാണ് യേശുവിന്റെ മരണം എന്നാൽ ഏതാനും മണിക്കൂറുകൾക്കുമുന്നേ വ്യാഴാഴ്ച പാതിരാ നേരത്ത് യെരുശലേമിനടുത്തുള്ള ഗെത്സമെനി എന്ന തോട്ടത്തിൽ വെച്ച് യേശുവിന്റെ ഒരു പ്രാർത്ഥനാനാടകം അരങ്ങേറുന്നുണ്ട്. താഴെപ്പറയുന്ന പ്രകാരമാണ് ആ പ്രാർത്ഥന: 'പിതാവേ എന്നിൽനിന്നും ഈ പാനപാത്രം അകന്നു പോകട്ടെ. എങ്കിലും എന്റെ ഹിതംപോലെയല്ല അവിടുത്തെ ഹിതംപോലെ ആകട്ടെ.'[77] മരിക്കുന്നതിന്റെ തലേദിവസം പോലും തന്റെ പിതാവിന്റെ ഹിതം നിറവേറട്ടെ എന്നു പ്രാർത്ഥിച്ച യേശുവാണ് മരണസമയത്ത് എങ്കിലും എന്റെ പിതാവായ ദൈവമേ

75. മത്തായി 27:55
76. യോഹന്നാൻ 10:18
77. മത്തായി 26:39

നീ എന്നെ ഉപേക്ഷിച്ചു കളഞ്ഞത് എന്തിന് എന്ന് മുതലക്കണ്ണീർ വാർക്കുന്നതെന്നോർക്കണം.

യേശുവിന്റെ മരണമൊഴിയെ സംബന്ധിച്ച വൈരുദ്ധ്യങ്ങൾ നിരവധിയാണ് എങ്കിലും വിസ്താരഭയത്താൽ ഒരു കാര്യവും കൂടി സൂചിപ്പിച്ചുകൊണ്ട് ഈ വിഷയം ഇവിടംകൊണ്ട് അവസാനിപ്പിക്കുവാൻ വിചാരിക്കുന്നു.

**പാവം മലയും അത്തിമരവും**

യേശു താൻ വധിക്കപ്പെടുമെന്ന് അപ്പോസ്തോലന്മാരോട് പറയുമ്പോൾ 'പത്രോസ് അവനെ മാറ്റി നിർത്തി തടസ്സം പറയാൻ തുടങ്ങി ദൈവം കനിയട്ടെ! കർത്താവേ ഇതൊരിക്കലും നിനക്ക് സംഭവിക്കാതിരിക്കട്ടെ. യേശു തിരിഞ്ഞ് പത്രോസിനോട് പറഞ്ഞു: സാത്താനേ എന്റെ മുമ്പിൽ നിന്ന് പോകൂ. നീ എനിക്ക് പ്രതിബന്ധമാണ്. നിന്റെ ചിന്ത ദൈവികമല്ല, മാനുഷികമാണ്.'[78] എന്ന് പറയുന്നുണ്ട്. യേശു ഒരിക്കലും കൊല്ലപ്പെടാതിരിക്കട്ടെ എന്നു പറഞ്ഞ പത്രോസിനോട് 'സാത്താനേ എന്റെ മുമ്പിൽനിന്ന് പോകൂ' എന്ന് കയർത്ത യേശു കുരിശിൽ കിടന്ന് മരണസമയത്ത് 'എങ്കിലും നീ എന്നെ ഉപേക്ഷിച്ചു കളഞ്ഞല്ലോ' എന്ന് വിലപിക്കുന്നതിൽ എന്ത് ന്യായമാണുള്ളത്? നിന്റെ വാക്കുകളാൽ നീ നീതീകരിക്കപ്പെടും നിന്റെ വാക്കുകളാൽ നീ കുറ്റം വിധിക്കപ്പെടുകയും ചെയ്യും'[79] എന്നു പറഞ്ഞ യേശു തന്നെയല്ലേ യേശു മരിക്കരുത് എന്ന് പറഞ്ഞ പത്രോസിനെ സാത്താൻ എന്ന് വിളിക്കുന്നതും ഒടുവിൽ തന്റെ മരണസമയത്ത് എങ്കിലും എന്റെ ദൈവമേ നീ എന്നെ ഉപേക്ഷിച്ചുകളഞ്ഞത് എന്തിന് എന്ന് ചോദിക്കുന്നതും? യേശു മരിക്കരുതെന്ന് ആഗ്രഹം പ്രകടിപ്പിച്ച പത്രോസിന്റെ ഉള്ളിൽ സാത്താനായിരുന്നുവെങ്കിൽ അതേ ആഗ്രഹം മരണസമയത്ത് പോലും പ്രകടിപ്പിച്ച യേശുവിന്റെ ഉള്ളിലും സാത്താൻ തന്നെയല്ലേ?

പത്രോസ് നിന്റെ ചിന്ത ദൈവികമല്ല, മാനുഷികമാണ് എന്നത്രേ യേശു പറയുന്നത്. പത്രോസ് ഒരു മനുഷ്യനാണ്. അപ്പോൾ അയാളുടെ ചിന്തയും മാനുഷികം ആയിരിക്കും. ഒരു മനുഷ്യൻ മാനുഷികമായി ചിന്തിക്കുന്നതിൽ എവിടെയാണ് തെറ്റ്? പത്രോസ് അയാളുടെ ആരാധ്യ പുരുഷനായ യേശു വധിക്കപ്പെടരുതെന്ന് ആഗ്രഹിക്കുന്നത് തികച്ചും മാനുഷികമായ ഒരു പ്രതികരണം മാത്രമാണ്. ഒരു തെറ്റും ചെയ്യാത്ത പത്രോസിനെ 'സാത്താനേ' എന്ന് വിളിക്കുന്ന യേശു തന്നെയല്ലേ ഇവിടെ സാത്താനെപ്പോലെ പെരുമാറുന്നത്? മാത്രമല്ല പത്രോസിന്റെ ചിന്ത മാനുഷികം ആണെങ്കിൽ അയാൾ എങ്ങനെ സാത്താനാകും? അയാൾ മനുഷ്യൻ അല്ലേ ആകൂ? മനുഷ്യൻ തന്നെയാണ് സാത്താൻ എന്നതല്ലേ യേശുവിന്റെ ജല്പനത്തിലെ വ്യംഗ്യാർത്ഥം?

78. മത്തായി 16:22-23
79. മത്തായി 10:37

ചുരുക്കത്തിൽ 'സത്യമായും ഞാൻ നിങ്ങളോട് പറയുന്നു' എന്ന് ആദ്യമേ ഒരു നുണ പറഞ്ഞാൽ അതിനു പിന്നാലെ എത്ര വലിയ നുണ വേണമെങ്കിലും പറയാം എന്നതായിരുന്നു യേശുവിന്റെ ധാരണ! "സത്യ മായി ഞാൻ നിങ്ങളോട് പറയുന്നു ആരെങ്കിലും ഈ മലയോട് ഇവിടെ നിന്നു മാറി കടലിൽ ചെന്ന് വീഴുക എന്ന് പറയുകയും ഹൃദയത്തിൽ ശങ്കിക്കാതെ താൻ പറയുന്നത് സംഭവിക്കുമെന്ന് വിശ്വസിക്കുകയും ചെയ്താൽ അവന് അത് സാധിച്ചു കിട്ടും"[80]

വിശ്വസിച്ചാൽ മലയോടു കടലിൽ ചെന്ന് വീഴാൻ പറഞ്ഞാൽ അത് സാധിച്ചു കിട്ടും എന്നാണല്ലോ യേശു തന്റെ കുഞ്ഞാടുകളെ ഉദ്ബോ ധിപ്പിക്കുന്നത്. സാധിച്ചുകിട്ടും എന്നാൽ യേശു തന്റെ പിതാവിനോട് പറഞ്ഞു സാധിച്ചു കൊടുക്കും എന്ന്. യേശു പറയുന്ന പ്രകാരം സംഭ വിച്ചു എന്ന് തന്നെ ഇരിക്കട്ടെ. ഒരു വലിയ മല പൊക്കിയെടുത്ത് കട ലിൽ ഇടുന്നു. മലയെന്നു പറഞ്ഞാൽ അതിൽ വൃക്ഷങ്ങൾ ഇല്ലേ, വൃക്ഷ ങ്ങളെ ആശ്രയിച്ചു കഴിയുന്ന പക്ഷികളില്ലേ? മലയിൽ മൃഗങ്ങൾ ഇല്ലേ? അപ്പോൾ മല പൊക്കി കടലിൽ ഇട്ടാൽ ഈ മൃഗങ്ങളുടെയും വൃക്ഷങ്ങ ളുടെയും അവസ്ഥ എന്താവും? വൃക്ഷങ്ങളുടെ ചില്ലയിൽ കൂടുകൂട്ടി കഴിയുന്ന പക്ഷികൾ അവ അടയിരുന്നു വിരിയിച്ച പറക്കമുറ്റാത്തകു ഞ്ഞുങ്ങൾ ഒക്കെ മലയോടൊപ്പം തന്നെ കടലിൽ മുങ്ങി ചാകും. അതൊ ന്നും സാരമാക്കേണ്ടതില്ല, യേശുവിൽ വിശ്വസിച്ചാൽ അത്ഭുതങ്ങൾ പ്രവർത്തിക്കാം എന്ന് ഉറപ്പുവരുത്താമല്ലോ? പക്ഷികളെക്കാളും മൃഗ ങ്ങളെക്കാളും വൃക്ഷങ്ങളെക്കാളും യേശുവിലുള്ള വിശ്വാസമല്ലേ വലു ത്? വിശ്വാസം – അതല്ലേ എല്ലാം?

ഇനി ഇത്തരമൊരു ആനമണ്ടത്തരം യേശു പുറപ്പെടുവിക്കുവാൻ ഇടയാക്കിയ സന്ദർഭം വിവരിക്കാം. യേശുവും ശിഷ്യന്മാരും ജെറുസലേം സിനഗോഗ് സ്ഥിതി ചെയ്യുന്ന യൂദാദേശത്തുള്ളപ്പോൾ അന്തിയുറങ്ങി യിരുന്നത് യൂദാദേശത്തുതന്നെയുള്ള ബെഥാന്യ എന്ന സ്ഥലത്ത് യേശു വിന്റെ ചങ്ങാതിയായിരുന്ന ലാസറിന്റെ വീട്ടിലായിരുന്നു. ലാസറിന്റെ വീട്ടിൽ ലാസറിനെ കൂടാതെ ലാസറിന്റെ രണ്ടു സഹോദരിമാരുണ്ട്, മാർത്തായും മറിയയും. ഇതിൽ മറിയ വേശ്യാസ്ത്രീ ആണെന്ന് ബൈബിൾ സൂചിപ്പിക്കുന്നുണ്ട്. അതായത് സ്വന്തം സഹോദരിമാരെ വേശ്യാവൃത്തിക്കയച്ചു ഉപജീവനം നടത്തിയിരുന്ന ലാസർ ആയിരുന്നു യേശുവിന്റെ ഏക കൂട്ടുകാരൻ! യേശു എന്ന മാതൃകാപുരുഷന്റെ സംസർഗ്ഗഗുണത്തിന് ഇതിൽപരം തെളിവെന്തുവേണം? യേശുവും ശിഷ്യന്മാരും അന്തിയുറങ്ങിയിരുന്നത് ഈ ലാസറിന്റെ വീട്ടിലായിരു ന്നു, അതായത് വേശ്യാഗൃഹത്തിൽ!

"അവൻ യെരൂശലേമിൽ ദൈവാലയത്തിലേക്കു ചെന്നു സകലവും ചുറ്റും നോക്കിയ ശേഷം നേരം വൈകിയതുകൊണ്ടു പന്തിരുവരോടും

80. മാർക്കോസ് 11:23

കൂടെ ബെഥാന്യയിലേക്കു പോയി. പിറ്റെന്നാൾ അവർ ബേഥാന്യ വിട്ടു പോരുമ്പോൾ അവന്നു വിശന്നു; അവൻ ഇലയുള്ളോരു അത്തിവൃക്ഷം ദൂരത്തുനിന്നു കണ്ടു, അതിൽ വല്ലതും കണ്ടുകിട്ടുമോ എന്നു വെച്ചു ചെന്നു, അതിന്നരികെ എത്തിയപ്പോൾ ഇല അല്ലാതെ ഒന്നും കണ്ടില്ല; അതു അത്തിപ്പഴത്തിന്റെ കാലമല്ലാഞ്ഞു. അവൻ അതിനോടു; ഇനി നിങ്കൽനിന്നു എന്നേക്കും ആരും ഫലം തിന്നാതിരിക്കട്ടെ എന്നു പറഞ്ഞു; അതു ശിഷ്യന്മാർ കേട്ടു."[81] അത്തിപ്പഴത്തിന്റെ കാലമല്ലാഞ്ഞ തുകൊണ്ട് അതിൽ പഴങ്ങൾ ഉണ്ടായിരുന്നില്ല. അത്തിമരത്തിൽ പഴങ്ങൾ ഉണ്ടാകുന്ന കാലം ഏതാണെന്നുപോലും നിശ്ചയമില്ലാത്ത ദൈവപുത്രൻ, കഷ്ടം!

ഒന്നാലോചിച്ചു നോക്കൂ, നിങ്ങൾ നടന്നുപോകുമ്പോൾ വഴിയരികിൽ ഒരുവൻ ഒരു വൃക്ഷത്തെ ശപിക്കുന്നത് നിങ്ങൾ കാണുന്നു എന്നിരിക്കട്ടെ, അത്തരമൊരു വിചിത്രമായ കാഴ്ച കാണുന്ന നിങ്ങളുടെ പ്രതികരണം എന്തായിരിക്കും? ഉടനെ തന്നെ നിങ്ങൾ പോയി അയാളുടെ മുന്നിൽ മുട്ട് കുത്തിനിന്ന് നീ ദൈവപുത്രനാണെന്നു പറയുമോ? അതോ ഏതാണീ വൃക്ഷത്തെ ശപിക്കുന്ന ഭ്രാന്തൻ എന്ന് വിചാരിക്കുമോ? ദൈവപുത്രൻ എന്നതു പോകട്ടെ, ബുദ്ധിസ്ഥിരതയുള്ള ആരേലും ഒരു വൃക്ഷത്തെ ശപിക്കുമോ? യേശുവല്ലാതെ മറ്റാരെങ്കിലും വൃക്ഷത്തെ ശപിച്ചതായി നിങ്ങൾ കേട്ടിട്ടുണ്ടോ?

ബൈബിൾ ഉദ്ഘോഷിക്കുന്നതുപോലെ യേശു ദൈവപുത്രനായിരുന്നെങ്കിൽ അത്തിമരത്തെ ശപിക്കുന്നതിനു പകരം അതിനെ അനുഗ്രഹിച്ച് അതിൽനിന്നും പഴങ്ങൾ പുറപ്പെടുവിച്ച്, സന്തോഷമായി ഭക്ഷിക്കുകയും കൂടെയുണ്ടായിരുന്ന ശിഷ്യന്മാർക്കു നൽകുകയുമല്ലേ ചെയ്യേണ്ടിയിരുന്നത്?

ഭാരതീയ സംസ്കാരത്തിൽ വൃക്ഷങ്ങളുടെയും പരിസ്ഥിതിയുടെയും പ്രാധാന്യം മനുഷ്യരെ ബോധവൽക്കരിക്കാനാണ് "ദശപുത്രസമോ ദ്രുമഃ" എന്ന് സനാതനധർമ്മം പഠിപ്പിക്കുന്നത്. പത്തു പുത്രനു സമമാണ് ഒരു വൃക്ഷം എന്നാണർത്ഥം. പ്രാണികൾക്കു നന്മ മാത്രം ചെയ്യുന്ന വൃക്ഷത്തെ ശപിക്കുന്നത് ദൈവത്തിന്റെ ലക്ഷണമാണോ സമചിത്തത നഷ്ടപെട്ട പിശാചിന്റെ ലക്ഷണമാണോ എന്നത് ചിന്തനീയമായ വിഷയമാണ്.

യേശു അത്തിമരത്തെ ശപിക്കുന്നത് ശിഷ്യന്മാർ കേട്ടു. പക്ഷെ, അവർ യേശുവിനോടു ഒന്നും ഉരിയാടിയില്ല എന്നാൽ വേശ്യാഗൃഹത്തിലെ അന്തിയുറക്കം കഴിഞ്ഞു പിറ്റേന്ന് "രാവിലെ അവർ (യേശുവും അപ്പോസ്തോലന്മാരും ബെഥാന്യയിൽ നിന്നും യെരൂശലേമിലേക്കു) കടന്നുപോരുമ്പോൾ അത്തിവൃക്ഷം വേരോടെ ഉണങ്ങിപ്പോയതുകണ്ടു. അപ്പോൾ പത്രൊസിനു ഓർമ്മവന്നു: റബ്ബീ, നീ ശപിച്ച അത്തി ഉണങ്ങി

81. മാർക്കോസ് 11:11–14

പ്പോയല്ലോ എന്നു അവനോടു പറഞ്ഞു."[82] പത്രോസ് പറഞ്ഞതു കേട്ടിട്ട് അതിനു മറുപടിയായിട്ടാണ് "ദൈവത്തിൽ വിശ്വാസമുള്ളവർ ആയിരിപ്പിൻ. ആരെങ്കിലും തന്റെ ഹൃദയത്തിൽ സംശയിക്കാതെ താൻ പറയുന്നതു സംഭവിക്കും എന്നു വിശ്വസിച്ചുംകൊണ്ടു ഈ മലയോടു: നീ നീങ്ങി കടലിൽ ചാടിപ്പോക എന്നു പറഞ്ഞാൽ അവൻ പറഞ്ഞതുപോലെ സംഭവിക്കും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു."[83] എന്ന് യേശു പറഞ്ഞതായി ബൈബിളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഈ ബൈബിൾകഥയിൽ സത്യത്തിന്റെ അംശംപോലുമില്ല! അത്തിമരത്തെ ശപിച്ചതു തെറ്റ്. ആ ശാപമേറ്റ് അത്തിമരം വേരോടെ ഉണങ്ങിപോയതു പത്രോസ് കണ്ടു എന്ന് പറഞ്ഞിരിക്കുന്നത് വെറും നുണ! യേശുവിൽ വിശ്വസിച്ചാൽ അത്തിമരത്തെ മാത്രമല്ല അത് നിൽക്കുന്ന മല മൊത്തമായി കടലിൽ പോയി വീഴാൻ പറഞ്ഞാൽ അതും പിതാവ് വഴി യേശു സാധിച്ചു തരും എന്ന് പറയുന്നതും നുണ! ഇതിൽ ഏതു നുണയാണ് വലിയ നുണ എന്ന ആശയകുഴപ്പം മാത്രമേ ഒരു ചിന്താശാലിക്കുണ്ടാകൂ. ഇത്തരം നുണകൾ എഴുതിവെച്ചിരിക്കുന്ന പുസ്തകത്തെ 'വിശുദ്ധഗ്രന്ഥം' എന്നും ദൈവവചനമെന്നും വിളിക്കുന്നതിൽ പരം ഗുരുതരമായ തെറ്റുണ്ടോ?

■

82. മാർക്കോസ് 11:20–21
83. മാർക്കോസ് 11:22–23

# 5. ആരായിരുന്നു ഏദൻതോട്ടത്തിലെ സത്യവാൻ – സർപ്പമോ, കർത്താവോ?

## കഥാകൃത്തായ ബൈബിൾദൈവം!

ഒരു ത്രാസെടുത്ത് അതിന്റെ ഒരു തട്ടിൽ മാവോ സേതുങ്ങിനെയും ജോസഫ് സ്റ്റാലിനെയും വിൻസ്റ്റൺ ചർച്ചിലിനെയും അഡോൾഫ് ഹിറ്റ്ലറെയും മറുതട്ടിൽ ക്രിസ്തുമതത്തെയും ഇസ്ലാമിനെയും വെച്ചപ്പോൾ ക്രിസ്തുമതവും ഇസ്ലാമും ഇരിക്കുന്ന തട്ടിന് ഭാരക്കൂടുതലായി ഇതെഴുതുന്നയാൾ കണ്ടു!

ഒരു മതത്തിന്റെ ഗുണമേന്മ അറിയാൻ ആ മതത്തിന്റെ അനുയായികളുടെ ചരിത്രം മാത്രം പരിശോധിച്ചാൽ മതിയാകും. ഈ ലോകത്തിൽ കോടിക്കണക്കിന് നിരപരാധികളെ കൊന്നൊടുക്കിയ മതങ്ങളാണ് ക്രിസ്തുമതവും ഇസ്ലാമും. പ്രസ്തുത മതങ്ങളുടെ പൈശാചിക ചരിത്രംതന്നെ ഈ മതങ്ങളിൽ യാതൊരു ദൈവികതയും ഇല്ല എന്ന് വിളിച്ചോതുന്നുണ്ട്.

മോശയെന്നൊരു കൊലയാളിയിൽ നിന്നുമാണ് യഹൂദമതം ആരംഭിക്കുന്നത്. യഹൂദമതത്തിന്റെ ആദ്യ അഞ്ച് ഗ്രന്ഥങ്ങളായ ഉല്പത്തി, പുറപ്പാട്. ലേവിയർ, സംഖ്യ, ആവർത്തനം ഇവ എഴുതിയത് മോശ ആണെന്നാണ് കണക്കാക്കപ്പെടുന്നത്.

ബൈബിളിലെ ആദ്യ അഞ്ചു പുസ്തകങ്ങൾ എഴുതിയത് മോശയാണെന്ന് വിശ്വസിക്കുന്ന യഹൂദരും ക്രിസ്ത്യാനികളും ഒരു കാര്യം വിസ്മരിക്കരുത് 'യഹോവയുടെ ദാസനായ മോശെ യഹോവയുടെ വാക്കിനാൽ മോവാബുദേശത്തു വെച്ച് മരിച്ചു' എന്നും മോശെ എഴുതി എന്ന് അവർ കരുതുന്ന പുസ്തകത്തിൽ എഴുതപ്പെട്ടിട്ടുണ്ട്.[84]

മോശെ എഴുതിയെന്നു വിശ്വസിക്കുന്ന ഈ പുസ്തകത്തിൽ മോശയുടെ മരണം രേഖപ്പെടുത്തിയിരിക്കുന്നതിനാൽ അയാൾ ഈ പുസ്തകങ്ങൾ എഴുതിയത് അയാളുടെ മരണത്തിനു ശേഷമാണോ എന്നുകൂടി ചിന്തിക്കുന്നത് നന്നായിരിക്കും. മോശെ മരിച്ചതും അയാളുടെ ശവം മറവ് ചെയ്തതും അയാൾ എഴുതിയ പുസ്തകത്തിൽ എങ്ങനെയാണ് വരിക?

---

84. ആവർത്തനം 34:5

ഈ ചോദ്യത്തിന് അല്ലെങ്കിൽ ഇത്തരം ചോദ്യങ്ങൾക്ക് ബൈബിൾ ദൈവനിവേശിതമാണ് എന്നാണ് വിശ്വാസികൾ പൊതുവെ നൽകുന്ന ഒരു മറുപടി. അതായത് മോശയുടെ വിരലുകൾ ചലിക്കുന്നു; പക്ഷേ അയാൾ എന്താണ് എഴുതുന്നതെന്ന് അയാൾ അറിയുന്നില്ല. ബൈബിൾ ദൈവം മോശയുടെ വിരലുകൾ ഉപയോഗിച്ചുകൊണ്ട് എഴുതിയ പുസ്തകമാണ് ബൈബിൾ എന്ന വാദം മുഖവിലക്കെടുത്താൽ ഒരു കാര്യം വിശ്വാസികൾ സമ്മതിക്കേണ്ടതായി വരും. ഈ പുസ്തകങ്ങളുടെ രചയിതാവ് മോശയല്ല മറിച്ച് ബൈബിൾദൈവമാണ് എന്ന കാര്യം. അതായത് ഉല്പത്തിപ്പുസ്തകത്തിലെ ആദ്യ കഥ ആദാമിന്റെയും ഹവ്വയുടെയും കഥ എഴുതുന്നതും ബൈബിൾദൈവമാണ് എന്നും അംഗീകരിക്കേണ്ടതായി വരും.

### ആദിപാപത്തിന്റെ തിരക്കഥ

എങ്കിൽ ക്രിസ്ത്യാനികളുടെ ദൈവമെഴുതി എന്ന് വിശ്വസിക്കുന്ന ആ കഥയിലൂടെ നമുക്കൊന്ന് കണ്ണോടിക്കാം.

ആദമിനെ ബൈബിൾ ദൈവം കേവലം പൊടിയിൽ നിന്നും സൃഷ്ടിച്ചു എന്നിട്ട് അവന്റെ നാസാരന്ധ്രങ്ങളിലേക്ക് ഊതി അവന് ജീവൻ നൽകി എന്നാണ് പറയുന്നത്.[85] ആദം എന്ന ഹീബ്രു പദത്തിന്റെ അർത്ഥം ചുവന്ന മണ്ണ് എന്നാണ്.

അതിനുശേഷം ബൈബിൾ ദൈവം പറുദീസയുടെ കിഴക്കുഭാഗത്ത് ഏദനിൽ ഒരു തോട്ടം ഉണ്ടാക്കി. പ്രസ്തുത തോട്ടത്തിന്റെ നടുവിൽ ജീവന്റെ വൃക്ഷവും നന്മതിന്മകളെകുറിച്ചുള്ള അറിവിന്റെ വൃക്ഷവും യഹോവ നട്ടുവളർത്തി ആദമിനെ താൻ സൃഷ്ടിച്ച ഏദൻ തോട്ടത്തിൽ താമസിപ്പിച്ചു.

സംഭവങ്ങളെ കഴിവതും കാലാനുക്രമത്തിൽ വിവരിക്കാൻ ശ്രമിക്കാം. ഏദൻതോട്ടത്തിലെ ആദമിന്റെയും ഹവ്വയുടെയും കഥയ്ക്ക് പിന്നിലെ നിഗൂഢതകൾ അനാവരണം ചെയ്യുന്നതിന് സംഭവങ്ങളുടെ കാലാനുക്രമമായ ധാരണ വായനക്കാരന് ആവശ്യമാണ്.

താൻ സൃഷ്ടിച്ച ആദമിനെ ഏദൻ തോട്ടത്തിൽ താമസിക്കാൻ അനുവദിച്ചതിനുശേഷം യഹോവ ആദമിനോട് ഇങ്ങനെ പറയുകയുണ്ടായി: 'ഈ തോട്ടത്തിലെ സകല വൃക്ഷങ്ങളുടെയും കനി നിനക്ക് ഭക്ഷിക്കാം എന്നാൽ നന്മതിന്മകളുടെ അറിവിന്റെ കനി നീ തിന്നരുത് തിന്നുന്ന ദിവസം നീ മരിക്കും.'[86] അതിനുശേഷം ബൈബിൾദൈവം ആദം ഏകനായിരിക്കുന്നത് നന്നല്ല എന്ന് കണ്ട് അവന് ഇണയായി ഹവ്വയെന്ന സ്ത്രീയെ സൃഷ്ടിച്ചു എന്നും പറയുന്നുണ്ട്. പ്രസ്തുത സ്ത്രീയോടാണ്

85. ഉല്പത്തി 2:7
86. ഉല്പത്തി 2:16-17

സർപ്പം 'തോട്ടത്തിലെ വൃക്ഷത്തിന്റെ ഫലം തിന്നരുതെന്ന് ദൈവം കൽപ്പിച്ചിട്ടുണ്ടോ'[87] എന്ന് ചോദിക്കുന്നത്.

ഈ ചോദ്യത്തിനു മറുപടിയായി 'തോട്ടത്തിലെ വൃക്ഷങ്ങളുടെ ഫലങ്ങൾ ഞങ്ങൾക്ക് ഭക്ഷിക്കാം എന്നാൽ തോട്ടത്തിന്റെ നടുവിലുള്ള വൃക്ഷത്തിന്റെ ഫലം ഭക്ഷിക്കുകയോ തൊടുക പോലുമോ അരുത് ഭക്ഷിച്ചാൽ നിങ്ങൾ മരിക്കും എന്ന് ദൈവം പറഞ്ഞിട്ടുണ്ട്.'[88] എന്നാണ് സ്ത്രീ പറയുന്നത്. ഇതു കേട്ടയുടനെ സർപ്പം സ്ത്രീയോട് 'നിങ്ങൾ മരിക്കുകയില്ല അതു തിന്നാൽ നിങ്ങളുടെ കണ്ണുകൾ തുറക്കും എന്നും നന്മതിന്മകൾ അറിഞ്ഞ് നിങ്ങൾ ദൈവത്തെ പോലെയാകും എന്നും ദൈവത്തിനറിയാം'[89] എന്ന് പറയുന്നു. സർപ്പത്തിന്റെ ഈ വാക്കുകൾ കേട്ട സ്ത്രീ അറിവിന്റെ കനി പറിച്ചു തിന്നുന്നു, ആദമിനും നൽകുന്നു. ആദവും അത് തിന്നുന്നു ഉടനെ രണ്ടുപേരുടെയും കണ്ണുകൾ തുറക്കുന്നു തങ്ങൾ നഗ്നരാണെന്ന് അവർ തിരിച്ചറിയുന്നു. അത്തി ഇലകൾ കൂട്ടിതുന്നി അരക്കച്ചയുണ്ടാക്കി തങ്ങളുടെ നഗ്നത മറക്കുന്നു. [90]

ആദവും ഹവ്വയും പാപികൾ ആവുന്നത് ഇവിടം മുതൽക്കാണ്. ബൈബിൾപ്രകാരവും ക്രിസ്ത്യൻവിശ്വാസപ്രകാരവും അരക്കച്ച ഉണ്ടാക്കി നഗ്നത മറച്ചതാണ് മനുഷ്യർ ചെയ്ത ആദ്യ പാപം! സർപ്പത്തിന്റെ പ്രേരണയാൽ നന്മതിന്മകളുടെ അറിവിന്റെ കനി തിന്നുന്നതിനു മുന്നേ ആദവും ഹവ്വയും നഗ്നരായിരുന്നുവെങ്കിലും അവർക്ക് ലജ്ജ തോന്നിയിരുന്നില്ല[91] എന്ന് ബൈബിൾ പറയുന്നുണ്ട്. ഉടുതുണി ഇല്ലാതെ നാണവും മാനവുമില്ലാതെ കഴിഞ്ഞിരുന്ന കാലത്ത് മനുഷ്യർ പാപികൾ ആയിരുന്നില്ല. എന്നാൽ നന്മതിന്മകൾ അറിഞ്ഞ് അവർക്ക് തങ്ങളുടെ നഗ്നതയിൽ ലജ്ജയുണ്ടാവുകയും അത്തിമരത്തിന്റെ ഇലകൾ തുന്നി അരക്കച്ചയുണ്ടാക്കുകയും ചെയ്തപ്പോൾ മനുഷ്യർ പാപികളായി എന്ന സന്ദേശമാണ് ബൈബിൾ നൽകുന്നത്.

മനുഷ്യരും മൃഗങ്ങളും തമ്മിലുള്ള പ്രകടമായ ഒരു വ്യത്യാസം മനുഷ്യർ വസ്ത്രം ധരിക്കുന്നു നഗ്നത മറക്കുന്നു എന്നതാണ്. ബൈബിൾ നൽകുന്ന സന്ദേശം മനുഷ്യർ മൃഗങ്ങളെപോലെ നാണമില്ലാതെ കഴിഞ്ഞിരുന്ന കാലത്ത് പാപരഹിതരായിരുന്നുവെന്നും മനുഷ്യർക്ക് നാണം വന്നതോടുകൂടി മനുഷ്യർ പാപികളായി എന്നുമല്ലേ?

### അറിവിന്റെ കനിയും നിത്യജീവന്റെ കനിയും

ഇനി വിഷയത്തിലേക്കു കടക്കാം.

ആദ്യം ബൈബിൾ ദൈവം ആദമിനോട് പറയുന്നത് നന്മതിന്മക

87. ഉല്പത്തി 3:1
88. ഉല്പത്തി 3:2–3
89. ഉല്പത്തി 3:4–5
90. ഉല്പത്തി 3:6–7
91. ഉല്പത്തി 2:26

ളുടെ അറിവിന്റെ കനി തിന്നാൽ നീ മരിക്കും എന്നാണ് അതായത് നന്മതിന്മകളുടെ അറിവിന്റെ കനി തിന്നില്ലെങ്കിൽ നീ മരിക്കില്ല എന്ന്. 'പാപത്തിന്റെ ശമ്പളം മരണം' എന്നാണല്ലോ ബൈബിൾ പറയുന്നത്?[92] എന്താണ് പാപം? നന്മതിന്മകളെ കുറിച്ചുള്ള അറിവിന്റെ കനി തിന്നതും സ്വകാര്യഭാഗങ്ങൾ മൂടി മറച്ചതുമാണ് ബൈബിൾപ്രകാരം മനുഷ്യർ ചെയ്ത ആദ്യപാപം.

അപ്പോൾ പ്രസ്തുതപാപം മനുഷ്യർ ചെയ്തില്ലായിരുന്നുവെങ്കിൽ മനുഷ്യർ മരിക്കുകയുമില്ലായിരുന്നു. ഇവിടെ ചോദ്യമിതാണ് — കേവലം നന്മതിന്മകളെ കുറിച്ചുള്ള അറിവിന്റെ കനി തിന്നാതിരിക്കുന്നത് കൊണ്ട് മാത്രം മനുഷ്യർക്ക് മരണമില്ലാതെ നിത്യം ജീവിക്കാൻ കഴിയുമെങ്കിൽ ഏദൻതോട്ടത്തിന്റെ നടുവിലുള്ള ജീവന്റെ വൃക്ഷത്തിന്റെ പ്രസക്തി എന്താണ്?

മനുഷ്യരോട് അറിവിന്റെ കനി തിന്നരുത് എന്നു പറഞ്ഞത് അവർ മരിക്കാതിരിക്കാൻ വേണ്ടിയാണ്. ദൈവത്തിന്റെ സ്നേഹമാണ് അതിലൂടെ പ്രകടമാകുന്നത് എന്നാണ് ചില ക്രിസ്ത്യാനികൾ പറയുന്നത്. ബൈബിൾദൈവത്തിന്റെ ആഗ്രഹം മനുഷ്യർ മരിക്കരുത് എന്നാണെങ്കിൽ അറിവിന്റെ കനി തിന്നരുത് എന്നു പറയുന്നതിനു പകരം നിത്യജീവന്റെ കനി തിന്നുക എന്നു പറയുകയല്ലേ യഹോവ ചെയ്യേണ്ടിയിരുന്നത്?

ഉല്പത്തിപ്പുസ്തകപ്രകാരം തോട്ടത്തിന്റെ നടുക്ക് നിത്യജീവന്റെ കനി ഉണ്ടെന്നു പോലും ആദമിനും ഹവയ്ക്കും അറിയില്ലായിരുന്നു കാരണം ബൈബിൾ ദൈവം അവരോടു പറഞ്ഞിരിക്കുന്നത് തോട്ടത്തിന്റെ നടുക്ക് ഒരു വൃക്ഷമുണ്ട് അതിന്റെ കനി നിങ്ങൾ തിന്നരുത് തൊടുക പോലും അരുത് എന്നാണ്. തോട്ടത്തിന്റെ നടുക്ക് അറിവിന്റെ വൃക്ഷം മാത്രമല്ല ജീവന്റെ വൃക്ഷവും ഉണ്ട് എന്ന് പറയുന്നത് ബൈബിളാണ്. യഹോവ ആദമിനോടും ഹവ്വയോടും നിത്യജീവന്റെകനിയെക്കുറിച്ച് പറയുന്നേയില്ല. പരമപ്രധാനമായ ആ വിവരം ആദമിൽ നിന്നും ഹവ്വയിൽ നിന്നും ബോധപൂർവ്വം ബൈബിൾ ദൈവം മറച്ചുവയ്ക്കുന്നതായാണ് കാണാൻ കഴിയുന്നത്.

ബൈബിൾ ഉല്പത്തിപ്പുസ്തകപ്രകാരം നിത്യജീവന്റെ കനി നൽകുന്ന വൃക്ഷത്തിന്റെ സമീപം ചെല്ലാതെ നിത്യജീവന്റെ കനി പറിച്ചു തിന്നാതെ മനുഷ്യർക്ക് നിത്യജീവൻ ഉണ്ടാവുകയില്ല. അതായത് ആദവും ഹവ്വയും നിത്യം ജീവിക്കില്ല. ലളിതമായി പറഞ്ഞാൽ ആദവും ഹവ്വയും മരിക്കും. മനുഷ്യർ എന്നെന്നും ജീവിക്കാൻ ഉതകുന്ന നിത്യജീവന്റെ വൃക്ഷവും വിലക്കപ്പെട്ട വൃക്ഷവും ഒരേ സ്ഥലത്ത് വെച്ചതും നിത്യജീവന്റെ വൃക്ഷം തോട്ടത്തിന്റെ നടുവിൽ ആണെന്ന സത്യം മനുഷ്യരിൽ നിന്നു മറച്ചുവെച്ചതും തോട്ടത്തിന്റെ നടുവിൽ ഒരു വൃക്ഷം

92. റോമാ 6:23.

മാത്രമേയുള്ളൂ എന്ന് മനുഷ്യരോട് ബൈബിൾ ദൈവം കള്ളം പറയുന്നതും, തോട്ടത്തിന്റെ നടുവിലുള്ള വൃക്ഷത്തിന്റെ കനി തിന്നുകയോ തൊടുകയോ ചെയ്താൽ നിങ്ങൾ മരിക്കുമെന്നും കള്ളം പറയുന്നതിൽ നിന്നും ബൈബിൾ ദൈവത്തിന്റെ ലക്ഷ്യം മനുഷ്യരെ നിത്യജീവൻ നേടുന്നതിൽ നിന്ന് തടയുക എന്നതാണെന്ന് സ്പഷ്ടമല്ലേ?

**മനുഷ്യരിൽ മരണം അടിച്ചേൽപ്പിച്ച കർത്താവ്!**

മനുഷ്യർ അറിവിന്റെ കനി തിന്നതിനുശേഷം യഹോവ പറയുന്നത് 'മനുഷ്യൻ കൈനീട്ടി ജീവന്റെ കനി കൂടി പറിച്ച് തിന്ന് എന്നെന്നും ജീവിക്കാൻ ഇടവരരുത്'[93] എന്നാണ്. യഹോവ ആദ്യം മനുഷ്യനോടു പറഞ്ഞതിനു കടകവിരുദ്ധമായിട്ടാണ് ഇവിടെ സംസാരിക്കുന്നത്. ആദ്യം പറഞ്ഞത് ഈ തോട്ടത്തിലെ സകല വൃക്ഷങ്ങളുടെയും കനി നിനക്ക് തിന്നാം നന്മതിന്മകളുടെ അറിവിന്റെ കനി ഒഴികെ എന്നാണ്. ഈ വചനപ്രകാരം നിത്യജീവന്റെ കനി തിന്നുന്നതിൽ മനുഷ്യർക്ക് വിലക്കില്ല. പക്ഷേ കൗശലക്കാരനായ യഹോവ നിത്യജീവന്റെ കനി എവിടെയാണ് സ്ഥിതി ചെയ്യുന്നത് എന്ന് മനുഷ്യനോട് പറയുന്നില്ല.

നിത്യജീവന്റെ കനി തോട്ടത്തിന്റെ നടുക്ക് നട്ടുവളർത്തുകയും തോട്ടത്തിന്റെ നടുക്ക് ഒരു വൃക്ഷമുണ്ട് അതിന്റെ കനി തിന്നാൽ നീ മരിക്കും എന്ന് പറഞ്ഞു മനുഷ്യരുടെ ഉള്ളിൽ മരണഭയത്തെ ചെലുത്തി തോട്ടത്തിന്റെ നടുവിലേക്കു പോകുന്നതിൽ നിന്ന് മനുഷ്യനെ കൗശലപൂർവ്വം തടയുകയുമാണ് ചെയ്തത്. ആദവും ഹവ്വയും തോട്ടത്തിന്റെ നടുവിൽ പോകാതെ നിത്യജീവന്റെ കനി അവർക്ക് നേടാനാവില്ല നിത്യജീവന്റെ കനി തിന്നാതെ എന്നെന്നും ജീവിക്കാനും കഴിയില്ല.

ബൈബിൾദൈവം മനുഷ്യൻ എന്നെന്നും ജീവിക്കാൻ ഇടവരരുത് എന്നു പറയുന്നതിൽനിന്നും അവന്റെ ഉള്ളിലെ ആഗ്രഹം മനുഷ്യൻ മരിക്കണം എന്നാണെന്നു സുവ്യക്തമല്ലേ? മനുഷ്യൻ എന്നെന്നും ജീവിക്കാൻ ഇടവരരുത് എന്ന വാക്കുകൾ യഹോവയുടെ ഉള്ളിൽ നിന്നാണ് വരുന്നത്. 'ഹൃദയത്തിന്റെ കനിവിൽ നിന്നാണല്ലോ അധരം സംസാരിക്കുന്നത്'[94] എന്ന യേശുവിന്റെ വചനം സത്യമാണെങ്കിൽ യേശുവിന്റെ പിതാവായ യഹോവയുടെ ഉള്ളിൽ മനുഷ്യൻ എന്നെന്നും ജീവിക്കണമെന്നല്ല മറിച്ച് മനുഷ്യൻ എന്നെന്നും ജീവിക്കരുത് എന്നാണാഗ്രഹമെന്നു വ്യക്തമല്ലേ?

ഒന്നാലോചിച്ചാൽ മരണത്തെക്കാൾ വലിയ ദുഃഖം മനുഷ്യർക്ക് മറ്റെന്താണുള്ളത്? നമ്മെ സ്നേഹിക്കുന്നവരുടെ നാം സ്നേഹിക്കുന്നവരുടെ വേർപാടിനേക്കാൾ വലിയ ദുഃഖം മറ്റെന്താണുള്ളത്? മരണം എന്ന പ്രഹേളികയുടെ പൊരുളറിയാതെ അന്തംവിട്ട് നിൽക്കുന്നവൻ അല്ലേ മനുഷ്യൻ? രംഗബോധമില്ലാത്ത കോമാളിയെ പോലെയാണ്

93. ഉല്പത്തി 3:22
94. മത്തായി 12:34

മരണമെന്നൊക്കെ പറഞ്ഞ് മനുഷ്യർ മരണത്തെ നോക്കി കൊഞ്ഞനം കുത്തുന്നു.

ഒന്നോർത്താൽ മനുഷ്യൻ എന്നെന്നും ജീവിക്കാൻ ഇടവരരുത് എന്ന് കരുതുന്ന യഹോവ ദൈവമാണെന്നും, നാണവും മാനവും ഇല്ലാതെ തുണിയില്ലാതെ നടന്നിരുന്ന തങ്ങൾ ആദിമാതാവായി കണക്കാക്കുന്ന ഹവ്വയെ തുണിയുടുക്കാൻ സഹായിച്ച സർപ്പം പിശാചുമാണെന്ന് വിശ്വസിക്കുന്ന ക്രിസ്ത്യാനികളെക്കാൾ വിഡ്ഢികളാക്കപ്പെട്ടവർ, വഞ്ചിതർ മറ്റാരാണുള്ളത്?

**ദൈവമോ സർപ്പമോ മനുഷ്യകുലത്തിന് ആരാധ്യൻ ?**

ആദമിനോടു പറയുന്നത് അറിവിന്റെ കനി തിന്നുന്ന നാളിൽ നീ മരിക്കും എന്നാണ്. സർപ്പം ആകട്ടെ നിങ്ങൾ മരിക്കുകയില്ല മറിച്ച് നിങ്ങളുടെ കണ്ണുകൾ തുറക്കപ്പെടും എന്നും പറയുകയുണ്ടായി. അറിവിന്റെ കനി തിന്ന നാളിൽ ആദം മരിച്ചില്ലയെന്നും ആദമിന്റെയും ഹവ്വയുടെയും കണ്ണുകൾ തുറക്കപ്പെട്ടുവെന്നും ബൈബിൾ പറയുന്നതിൽനിന്നും യഹോവ പറഞ്ഞത് നുണയും സർപ്പം പറഞ്ഞത് സത്യവുമാണെന്ന് സ്പഷ്ടമല്ലേ?

'ആദമിന്റെ ജീവിതകാലം 930 വർഷമാണ് അതിനുശേഷം അവൻ മരിച്ചു'[95] എന്ന് ബൈബിൾ പറയുന്നു. അറിവിന്റെ കനി തിന്നുന്ന നാളിൽ മരിക്കും എന്ന് ബൈബിൾദൈവം പറഞ്ഞ ആദമാണ് 930 വർഷം ജീവിച്ചിരുന്നു എന്ന് ബൈബിൾ പറയുന്നത്. അപ്പോൾ യഹോവ നുണയൻ ആണെന്നു പറയുന്നത് ബൈബിൾ തന്നെയല്ലേ?

മേൽപ്പറഞ്ഞ വൈരുദ്ധ്യം ചൂണ്ടിക്കാട്ടുമ്പോൾ സാധാരണ വിശ്വാസികളായ ക്രിസ്ത്യാനികൾ ഉയർത്തിക്കാട്ടുന്ന ഒരു വിയോജിപ്പുണ്ട്, അതായത് 'കർത്താവിന്റെ മുമ്പിൽ ഒരു ദിവസം ആയിരം വർഷങ്ങൾ പോലെയും ആയിരം വർഷങ്ങൾ ഒരു ദിവസം പോലെയുമാണ്' എന്ന് പത്രോസ് തന്റെ രണ്ടാം ലേഖനത്തിൽ പറഞ്ഞിട്ടുണ്ട്.[96] ആയതിനാൽ യഹോവ നിങ്ങൾ അറിവിന്റെ കനി തിന്നുന്ന നാളിൽ മരിക്കും എന്നു പറഞ്ഞതിനർത്ഥം അവർ ആയിരം വർഷത്തിലധികം ജീവിച്ചിരിക്കില്ല എന്നാണ്. ആദം 1000 വർഷം ജീവിക്കുന്നതിനു മുന്നേ മരിക്കുകയും ചെയ്തല്ലോ, അതിനാൽ യഹോവ പറഞ്ഞത് തികച്ചും സത്യമായ കാര്യമാണ്.

പക്ഷേ ഇവിടെയും ഒരു പ്രശ്നമുണ്ട്. പത്രോസ് പറഞ്ഞതുപോലെ യഹോവയുടെ ഒരു ദിവസം മനുഷ്യർക്ക് ആയിരം വർഷം എന്ന് തന്നെ ഇരിക്കട്ടെ. യഹോവ മനുഷ്യരെ സൃഷ്ടിക്കുന്നത് ആറാം ദിവസത്തിലാണ്. ഏഴാം ദിവസത്തിൽ അവൻ വിശ്രമിച്ചു. അതിനുശേഷമാണ് ആദമിനോട് അറിവിന്റെ കനി തിന്നരുത് എന്ന് പറയുന്നത്. അതാ

95. ഉല്പത്തി 5:5
96. 2പീറ്റർ 3:8.

യത് യഹോവയുടെ ആറാം ദിവസവും ഏഴാം ദിവസവും ആദം ജീവനോടെ ഉണ്ടായിരുന്നു. യഹോവയുടെ ഒരു ദിവസം മനുഷ്യനായ ആദമിന്റെ ആയിരം വർഷമാണെങ്കിൽ എട്ടാം ദിവസം ആകുമ്പോൾ ആദമിന് 2000 ത്തിലധികംവർഷം വയസ്സായി കഴിഞ്ഞു. എന്നാൽ ആദം മരിക്കുമ്പോൾ ആദമിന് 930 വയസ്സ് മാത്രമേ പ്രായമുണ്ടായിരുന്നുള്ളൂ എന്നാണ് ബൈബിൾ പറയുന്നത്.

യഹോവ മനുഷ്യരോട് ഏദൻതോട്ടത്തിന്റെ നടുവിൽ ഒരു വൃക്ഷമുണ്ട് ആ വൃക്ഷത്തിന്റെ കനി തിന്നുകയോ തൊടുകയോ ചെയ്താൽ നിങ്ങൾ മരിക്കും എന്ന് നുണ പറഞ്ഞ് മനുഷ്യരുടെ ഉള്ളിൽ മരണഭയത്തെ ചെലുത്തി മനുഷ്യരെ നിത്യജീവൻ സ്ഥിതി ചെയ്യുന്ന തോട്ടത്തിന്റെ നടുവിലേക്ക് പോകുന്നതിൽനിന്നും കൗശലപൂർവ്വം തടഞ്ഞു. ഇതറിഞ്ഞ ജ്ഞാനമൂർത്തിയായ, മൃത്യുഞ്ജയനായ സർപ്പം മനുഷ്യരുടെ ഉള്ളിലെ മരണഭയത്തെ നീക്കി അവർ സധൈര്യം തോട്ടത്തിന്റെ നടുവിലേക്കു ചെന്ന് അറിവിന്റെ കനി തിന്നുവാൻ ഇടയാക്കി.

'I think, therefore I am' (ഞാൻ ചിന്തിക്കുന്നു ആയതിനാൽ എനിക്ക് അസ്തിത്വമുണ്ട്) എന്ന് ഫ്രഞ്ച് തത്ത്വചിന്തകനായ നേനോ ദെക്കാർത്തേ നാനൂറു വർഷങ്ങൾക്കുമുന്നേ പറഞ്ഞിട്ടുണ്ട്. ചിന്തകളുടെ അടിസ്ഥാനം അല്ലെങ്കിൽ സ്രോതസ്സ് എന്നു പറയുന്നത് അറിവാണ്. ഒരുവന്റെ അറിവിന് ആനുപാതികമാവും അവന്റെ ചിന്ത. അറിവ് കുറയുമ്പോൾ ചിന്തകൾ സങ്കുചിതമാവും, അറിവു കൂടുമ്പോൾ ചിന്തകൾ വിശാലമാവും. അറിവിന്റെയും ചിന്തകളുടെയും ജീവതന്തു വാക്കാണ്. വാക്കുകൾ അഥവാ പദങ്ങൾ ഇല്ലെങ്കിൽ അറിവുമില്ല ചിന്തയുമില്ല. വാക്കുകൾ ഉൾക്കൊള്ളുന്നത് ഭാഷയാണ് പദവൃന്ദമാണ് ഭാഷ. ഒരുവന്റെ ഭാഷാപരിജ്ഞാനവും ജ്ഞാനവും ആനുപാതികമായിരിക്കും. ഇതൊരു സാമാന്യനിയമമായി പറഞ്ഞതാണ് അപവാദങ്ങൾ ഉണ്ടാകാം.

മനുഷ്യൻ എന്നാൽ മനുവിന്റെ വംശത്തിൽ പിറന്നവൻ എന്നും മനു എന്നാൽ മനനം ചെയ്യുന്നവൻ അഥവാ ചിന്തിക്കുന്നവൻ എന്നുമാണർത്ഥം. മനുഷ്യനെ മനുഷ്യനാക്കുന്നത് അവന്റെ ചിന്തകളാണ്. അവന്റെ അറിവാണ്. മനുഷ്യനും ഭൂമിയിലെ ഇതര ജീവജാലങ്ങളും തമ്മിലുള്ള പ്രകടമായ വ്യത്യാസം എന്ന് പറയുന്നത് വസ്ത്രധാരണമാണ്. മറ്റു ജീവജാലങ്ങൾക്ക് പ്രകൃത്യാ ഉള്ള വസ്ത്രങ്ങളേയുള്ളൂ മനുഷ്യർ ആകട്ടെ സ്വയം നിർമിച്ചവസ്ത്രങ്ങൾ ധരിക്കുന്നു. വസ്ത്രധാരണത്തിനു രണ്ടു കാരണങ്ങളാണുള്ളത് ഒന്ന് നഗ്നത മറയ്ക്കുക രണ്ട് പ്രതികൂല കാലാവസ്ഥയിൽ നിന്നും രക്ഷനേടുക. ഇതിൽ ആദ്യം പറഞ്ഞ കാരണമാണ് പ്രബലം. കാരണം കാലാവസ്ഥ അനുകൂലമായ സന്ദർഭങ്ങളിലും മനുഷ്യർ വസ്ത്രം ധരിക്കുന്നുണ്ട്. സ്വകാര്യഭാഗങ്ങൾ അന്യർ കാണുന്നതിലുള്ള ലജ്ജയാണ് മനുഷ്യർ വസ്ത്രം ധരിക്കാനുള്ള പരമപ്രധാനകാരണം.

ആയതിനാൽ മനുഷ്യൻ മനുഷ്യനാവുന്നത് അവനു ലജ്ജയുണ്ടാ

കുമ്പോഴാണ്. ശിശുക്കൾക്ക് ലജ്ജയില്ല കാരണം അവർക്ക് അറിവില്ല. അതുകൊണ്ടുതന്നെ പ്രതികൂലമായ കാലാവസ്ഥയിൽനിന്നും സ്വയരക്ഷനൽകുന്ന വസ്ത്രധാരണവും അവർക്കാവില്ല. അറിവില്ലാത്ത ശിശുക്കളെ അറിവുള്ള മാതാപിതാക്കൾ വസ്ത്രം ധരിപ്പിക്കുകയാണ് ചെയ്യുന്നത്. അവിടെ ശിശുക്കളുടെ രക്ഷയ്ക്കെത്തുന്നത് മാതാപിതാക്കളുടെ അറിവാണ്.

ചുരുക്കിപ്പറഞ്ഞാൽ അറിവാണ് രക്ഷ. രക്ഷ എന്നത് ഒരു വ്യക്തിയല്ല മറിച്ച് ആശയമാണ്, തത്വമാണ്. ഇനി രക്ഷയെ ഒരു വ്യക്തിയിൽ ദർശിക്കണമെങ്കിൽ ഒരു വ്യക്തിയെ രക്ഷകനായി സങ്കൽപ്പിക്കണമെങ്കിൽ സംശയിക്കേണ്ട, അറിവു നൽകുന്ന ഗുരു തന്നെയാണ് ആ രക്ഷകൻ. ഭഗവാൻ ശിവന് ജ്ഞാനമൂർത്തിയെന്നും ആദിഗുരുവിനും ഗുരുവായിരുന്നവൻ എന്നും വിശേഷണങ്ങളുള്ളത് വെറുതെയല്ല.

എന്നാൽ ബൈബിൾ ദൈവം ആരംഭിക്കുന്നത് തന്നെ മനുഷ്യൻ അറിവ് നേടുന്ന നാളിൽ മരിക്കുമെന്നും മനുഷ്യർക്ക് അറിവ് നൽകിയ 'ആദിയിലെ സർപ്പം പിശാചാണെന്നും'[97] പറഞ്ഞുകൊണ്ടാണ്.

എന്നാൽ പിശാചിനെ കുറിച്ച് യേശു പറയുന്നത് 'അവൻ ഒരിക്കലും സത്യത്തിൽ നിലനിന്നിട്ടില്ല. എന്തെന്നാൽ, അവനിൽ സത്യമില്ല.'[98] എന്നാണ്. അതായത് ബൈബിൾ പറയുന്നത് മനുഷ്യർക്ക് അറിവ് നൽകിയ മനുഷ്യനെ മനുഷ്യനാക്കിയ സർപ്പം പിശാചാണെന്നും, യേശു പറയുന്നത് പിശാച് ഒരിക്കലും സത്യത്തിൽ നിലനിന്നിട്ടില്ല എന്തെന്നാൽ അവനിൽ സത്യമില്ല എന്നുമാണ്.

ഉല്പത്തിപ്പുസ്തകം പരിശോധിക്കുമ്പോൾ സർപ്പം പറഞ്ഞ ഓരോ വാക്കുകളും അക്ഷരംപ്രതി സത്യമായിരുന്നു എന്നാണ് മനസിലാക്കാൻ കഴിയുന്നത്. സർപ്പം സ്ത്രീയോട് പറഞ്ഞു അറിവിന്റെ കനി 'തിന്നുന്ന ദിവസം നിങ്ങളുടെ കണ്ണുകൾ തുറക്കും'[99] അത് കേട്ടയുടനെ 'അവൾ അതു പറിച്ചുതിന്നു. ഭർത്താവിനും കൊടുത്തു; അവനും തിന്നു. ഉടനെ ഇരുവരുടെയും കണ്ണുകൾ തുറന്നു.[100] സർപ്പം സ്ത്രീയോട് അറിവിന്റെ കനി തിന്നാൽ നന്മയും തിന്മയും അറിഞ്ഞു നിങ്ങൾ ദൈവത്തെപ്പോലെ ആകുമെന്നു പറഞ്ഞു. മാത്രമല്ല, അത് ദൈവത്തിനറിയാം എന്നും പറഞ്ഞു. ഈ വാക്കുകളും സത്യമാണെന്ന് ബൈബിൾ ദൈവം തന്നെ സമ്മതിക്കുന്നുണ്ട്: 'അനന്തരം അവിടുന്നു പറഞ്ഞു: മനുഷ്യനിതാ നന്മയും തിന്മയും അറിഞ്ഞു നമ്മിലൊരുവനെപ്പോലെയായിരിക്കുന്നു.[101] 'അതായത് സർപ്പം പറഞ്ഞതെല്ലാം സത്യം, യഹോവ പറഞ്ഞതത്രയും

97. വെളിപാട് 12:9
98. യോഹന്നാൻ 8:44
99. ഉല്പത്തി 3:5
100. ഉല്പത്തി 3:6-7
101. ഉല്പത്തി 3:22

നുണ! എങ്കിലും യഹോവ ദൈവവും സർപ്പം പിശാചുമാണ് എന്നതാണ് ക്രിസ്ത്യൻവിശ്വാസം, ഇതു തന്നെയാണ് തെളിവിനു വിപരീതമായ വിശ്വാസം അഥവാ അന്ധവിശ്വാസം.

**സ്ത്രീവർഗ്ഗത്തിന്റെ കുലശത്രുവായ യഹോവ!**

യഹോവ ആദമിനോട് അറിവിന്റെ കനി തിന്നരുത് അത് തിന്നുന്ന നാളിൽ നീ മരിക്കും എന്നു പറയുന്നത് ഉല്പത്തിപ്പുസ്തകം 2:17 ലാണ് തത്സമയം ഹവ്വ സൃഷ്ടിക്കപ്പെട്ടിട്ടില്ല ഹവ്വയുടെ സൃഷ്ടി ഉല്പത്തിപുസ്തകം 2:22 ലാണ്. ഹവ്വ സൃഷ്ടിക്കപ്പെട്ടതിനു ശേഷം യഹോവ ഹവ്വയോട് അറിവിന്റെ കനി തിന്നരുത് എന്ന് പറയുന്നതായി വചനമില്ല. അപ്പോൾ പിന്നെ അറിവിന്റെ കനി തിന്നതിന് ഹവ്വയെ ബൈബിൾദൈവം ശപിക്കുന്നതെന്തിന്? 'നിന്റെ ഗർഭാരിഷ്ടതകൾ ഞാൻ വർധിപ്പിക്കും'[102] എന്നുവച്ചാൽ പ്രസവവേദന വർധിപ്പിക്കും എന്നല്ലേ അർത്ഥമാക്കുന്നത്? ഒരു സ്ത്രീ അനുഭവിക്കുന്ന ഏറ്റവും വലിയ വേദന അത് പ്രസവവേദന തന്നെയാണ്. ആ വേദന ഞാൻ വർധിപ്പിക്കുമെന്ന് പറയുന്ന യഹോവയെയാണ് വിശ്വാസികൾ 'കാരുണ്യവാനായ ദൈവമേ' എന്ന് വിളിക്കുന്നതെന്നോർക്കണം!

**ആദിപാപകഥയിലെ പടുവങ്കത്തം**

ഇനി ആദവും ഹവ്വയും തോട്ടത്തിന്റെ നടുവിലേക്ക് അറിവിന്റെ കനി തിന്നുവാൻ പോകുന്ന രംഗം നമുക്കൊന്നു ഭാവനയിൽ കണ്ടുനോക്കാം. തോട്ടത്തിന്റെ നടുവിലെത്തിയ ആദവും ഹവ്വയും അവിടെ കാണുന്ന കാഴ്ച എന്തായിരിക്കും? യഹോവ അവരോടു പറഞ്ഞത് തോട്ടത്തിന്റെ നടുവിൽ ഒരു വൃക്ഷമുണ്ട് എന്നാണ്. പക്ഷേ തോട്ടത്തിന്റെ നടുവിൽ എത്തിച്ചേർന്ന അവർ അവിടെ രണ്ടു ഫലവൃക്ഷങ്ങൾ നിൽക്കുന്നതു കാണില്ലേ?

തോട്ടത്തിന്റെ നടുവിൽ ഒരു വൃക്ഷം മാത്രം പ്രതീക്ഷിക്കുന്ന അവർ തങ്ങളുടെ മുന്നിൽ കാണുന്ന രണ്ടു വൃക്ഷങ്ങളിൽ അറിവിന്റെ കനി ഏതാണെന്ന് എങ്ങനെ തിരിച്ചറിയും? ഇത്തരമൊരു അവസ്ഥ ഒരുവൻ നേരിട്ടാൽ അവൻ എങ്ങനെയായിരിക്കും പ്രതികരിക്കുക? തീർച്ചയായും കൺമുന്നിൽ കാണുന്ന രണ്ടു വൃക്ഷങ്ങളിൽ അറിവിന്റെ വൃക്ഷം ഏതെന്ന് അറിഞ്ഞുകൂടാത്ത ഹവ്വ രണ്ടു വൃക്ഷങ്ങളുടെയും ഫലം തിന്നും അങ്ങനെ നിത്യജീവന്റെ കനി ഭക്ഷിച്ചാൽ ആദമിനും ഹവയ്ക്കും എങ്ങനെയാണ് മരണം ഉണ്ടാവുക?

അറിവിന്റെ കനി തിന്നുന്നതിനു മുന്നേ തിന്നുന്നത് നിത്യജീവന്റെ കനിയാണെങ്കിൽ അവർ അറിവിന്റെ കനി തിന്നാലും നിത്യം ജീവിക്കില്ലേ? നിങ്ങൾക്ക് ഈ തോട്ടത്തിലെ സകല കനികളും തിന്നാം, അറിവിന്റെ കനി ഒഴിച്ച് എന്നു പറയുമ്പോൾ തന്നെ നിത്യജീവന്റെ കനി തിന്നാം എന്നല്ലേ അർത്ഥമാക്കുന്നത്?

---

102. ഉല്പത്തി 3:16

അതായത് ആദമിനോട് യഹോവ ആദ്യം പറയുന്നത് നീ നിത്യ ജീവന്റെ കനി തിന്നോളൂ, അത് നിനക്ക് നിഷിദ്ധമല്ല, നിഷിദ്ധമായ കനി അറിവിന്റെ കനി ഒന്നുമാത്രം, എന്നാണ്. നിത്യജീവന്റെ കനിതിന്ന് നീ നിത്യജീവൻ നേടിക്കൊള്ളൂ അതായത്, നിത്യജീവന്റെ കനി തിന്ന് മനുഷ്യൻ അമർത്ത്യനായാലും അറിവിന്റെ കനി തിന്നാൽ മരിച്ചുപോകും എന്നു പറയുന്നത് എന്തൊരു വിരോധാഭാസമാണ്!

**സത്യവേദപുസ്തകമോ, കപടവേദപുസ്തകമോ?**

ക്രൂരത ഇതുവരെ പറഞ്ഞതുമല്ല! ഈ വങ്കത്തമെല്ലാം എഴുതിപിടിപ്പിച്ചിരിക്കുന്ന പുസ്തകത്തിനിട്ടിരിക്കുന്ന മലയാളനാമമാണ് — സത്യവേദപുസ്തകം!

വേദം എന്ന വാക്കിന്റെ അർത്ഥം തന്നെ അറിവ് എന്നാണ്. ധർമ്മാധർമ്മനിർവചനമാണ് വേദം എന്നാണ് പറയുന്നത്. ധർമ്മം എന്നാൽ കടമ ഏതൊന്നാണോ ഒഴിച്ചുകൂടാൻ ആവാത്തത് അഥവാ എപ്പോഴും മുറുകെ പിടിക്കേണ്ടത് അതത്രെ ധർമ്മം, അധർമ്മം അതിന്റെ വിപരീതവും. അതായത് അരുതാത്തത്, ചെയ്തുകൂടാത്തത് എന്താണോ അതാണ് അധർമ്മം. മനുഷ്യർ എന്താണു ചെയ്യേണ്ടതെന്നും എന്താണ് ചെയ്തുകൂടാത്തത് എന്നും മനുഷ്യരെ ബോധ്യപ്പെടുത്തുവാൻ ആണ് ഈശ്വരപ്രോക്തമായ വേദം. ബൈബിൾ ആകട്ടെ ആരംഭിക്കുന്നതുതന്നെ നന്മതിന്മകളെ കുറിച്ചുള്ള അറിവ് മനുഷ്യർക്കു വിലക്കി കൊണ്ടാണ്. അതായത് നന്മതിന്മകൾ എന്താണെന്ന്, മനുഷ്യർ ചെയ്യേണ്ടത് എന്താണെന്നും ചെയ്യരുതാത്തത് എന്താണെന്നും അറിയുവാനുള്ള മനുഷ്യരുടെ ന്യായമായ അവകാശം നിഷേധിച്ചുകൊണ്ടാണ് ബൈബിൾ ആരംഭിക്കുന്നതുതന്നെ. വേദങ്ങളുടെ ലക്ഷ്യം മനുഷ്യർക്ക് അറിവു നൽകുക എന്നതാണെങ്കിൽ മനുഷ്യർ അറിവു നേടാതിരിക്കുക എന്നതാണ് ബൈബിളിന്റെ ലക്ഷ്യം!

'ബൈബിൾ' എന്ന വാക്ക് 'ബിബ്ലിയ' എന്ന ഗ്രീക്കുപദത്തിൽനിന്ന് ഉണ്ടായതാണ്. ബിബ്ലിയ എന്നാൽ പുസ്തകങ്ങൾ എന്നാണർത്ഥം. പുസ്തകങ്ങൾ അറിവ് നൽകുന്നു എന്ന് ആർക്കാണ് അറിഞ്ഞുകൂടാത്തത്? എന്നാൽ ഇവിടെ ഒരു പുസ്തകത്തിന്റെ പേരു തന്നെ പുസ്തകം എന്നാണ്! പക്ഷേ അത് ആരംഭിക്കുന്നതു തന്നെ അറിവ് നിരോധിച്ചുകൊണ്ടാണെങ്കിൽ പിന്നെ ഈ പുസ്തകം രചിച്ചതിന്റെ ഉദ്ദേശം എന്താണ്?

അറിവിന് യുക്തിയുടെ പിൻബലം ആവശ്യമാണ് വിശ്വാസത്തിന് യുക്തി ആവശ്യമില്ല. ഉദാഹരണത്തിന് ഭൂമി പരന്നാണിരിക്കുന്നത് എന്ന് പണ്ട് മനുഷ്യർ വിശ്വസിച്ചിരുന്നു എന്നാൽ പിൽക്കാലത്ത് മനുഷ്യന് തന്റെ യുക്തിബലത്താൽ ഭൂമി ഉരുണ്ടാണിരിക്കുന്നതെന്ന തിരിച്ചറിവുണ്ടായി.

അറിവ് വളർന്നപ്പോൾ യുക്തിരഹിതവിശ്വാസം ഇല്ലാതായി. അറി

വും വിശ്വാസവും പ്രകാശവും അന്ധകാരവും പോലെയാണ് അവ തമ്മിൽ സഹവർത്തിത്വം അസാധ്യമാണ്. ഒന്നുള്ളിടത്ത് മറ്റൊന്നുണ്ടാവില്ല. പ്രകാശമുള്ളിടത്ത് അന്ധകാരമില്ല, അന്ധകാരമുള്ളിടത്ത് പ്രകാശവുമില്ല. യുക്ത്യധിഷ്ഠിത അറിവുള്ളിടത്ത് യുക്തിരഹിതവിശ്വാസങ്ങൾക്കും നിലനില്പില്ല. ജ്ഞാനത്തിലൂടെയുള്ള ഈ മോക്ഷത്തെയാണ് സനാതനധർമ്മം പരമപുരുഷാർത്ഥമായി ഉദ്ഘോഷിക്കുന്നത്. സെമിറ്റിക്മതഗ്രന്ഥങ്ങൾ ആവട്ടെ ശരീരത്തോട് കൂടി സ്വർഗത്തിലെ നിത്യവാസമാണ് മുന്നോട്ടുവയ്ക്കുന്നത്.

ഒരു ജീവാത്മാവും ഒരേ ശരീരത്തിൽ അനന്തകാലം വസിക്കുന്നില്ല എന്നത് സനാതനധർമ്മപ്രമാണമാണ്. ശരീരം പഞ്ചഭൂതനിർമ്മിതമാണ് പഞ്ചഭൂതങ്ങൾ പ്രകൃതിതത്വങ്ങളാണ്. മാറ്റം പ്രകൃതി നിയമമാണ് എന്നാണ് സനാതനധർമ്മം പഠിപ്പിക്കുന്നത്. അപ്പോൾപിന്നെ ഒരേ ശരീരത്തിൽ സ്വർഗ്ഗത്തിൽ നിത്യം വസിക്കുക എന്നത് എങ്ങനെ സാധ്യമാകും?

ബൈബിളിന്റെ ലക്ഷ്യം അറിവിനെ നിരോധിച്ച് തൽസ്ഥാനത്ത് വിശ്വാസത്തെ പ്രതിഷ്ഠിക്കുകയാണ്. എങ്ങനെ?

അറിവു നേടിയതിനാൽ മനുഷ്യർ പാപികളായി പറുദീസയിൽ നിന്നും പുറന്തള്ളപ്പെട്ടുവത്രേ. വീണ്ടും പറുദീസയിൽ പ്രവേശിക്കണമെങ്കിൽ ഏദൻതോട്ടത്തിലെ ജീവന്റെ വൃക്ഷത്തിന്റെ കനി പറിച്ചുതിന്ന് എന്നെന്നും ജീവിക്കണമെങ്കിൽ യേശു ദൈവപുത്രനാണെന്നു വിശ്വസിക്കുക മാത്രമാണ് ഏക പോംവഴി എന്നാണ് ബൈബിൾ പറയുന്നത്. അറിവ് നേടുന്ന നാളിൽ നിങ്ങൾ മരിക്കും എന്നാൽ 'യേശുവിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും'[103] ഇതാണ് ബൈബിൾ മുന്നോട്ടുവയ്ക്കുന്ന ആശയം! ഇതെന്തുതരം സത്യവിശ്വാസം ആണ്? സത്യവിശ്വാസികൾ തന്നെ ചിന്തിക്കുക!

■

103. യോഹന്നാൻ 11:25

# 6. അത്ഭുതപ്രവർത്തനങ്ങളിൽ പിശാചിന്റെ സഹായങ്ങൾ!

**ചീഞ്ഞ പഴത്തിന്റെ ചീയാത്തഭാഗം മാത്രം കാട്ടുമ്പോൾ!**

യഹൂദരുടെ ഇടയിൽ ഭിന്നിപ്പുണ്ടാക്കി കലക്കവെള്ളത്തിൽ മീൻ പിടിക്കുകയായിരുന്നു യേശുവിന്റെ ലക്ഷ്യം. വിജാതീയരുടെ ഗലീലിദേശം തന്റെ പ്രവർത്തനമേഖലയായി യേശു തിരഞ്ഞെടുത്തത് ഈ ഉദ്ദേശലക്ഷ്യത്തോടുകൂടിയായിരുന്നു.

ഉല്പത്തിപ്പുസ്തകം മുതൽ മലാക്കി വരെയുള്ള പഴയനിയമത്തിലെ ഗ്രന്ഥങ്ങളൊക്കെ അക്കാലത്ത് ഉണ്ടായിരുന്നുവെങ്കിലും അത് ചുരുളുകൾ ആയിരുന്നു. ഇന്നുള്ളതുപോലെ എളുപ്പത്തിൽ ലഭ്യമായ പുസ്തകരൂപത്തിൽ ആയിരുന്നില്ല.

യഹൂദമതപണ്ഡിതൻമാരുടെ കൈവശമായിരുന്ന അത് സാധാരണ ജനങ്ങൾക്ക് അപ്രാപ്യവും ആയിരുന്നു. യഹൂദമതഗ്രന്ഥങ്ങളിൽ എന്താണ് എഴുതിയിരിക്കുന്നതെന്ന ഗ്രാഹ്യം അക്കാലത്ത് മതപണ്ഡിതന്മാർക്ക് മാത്രമാണുണ്ടായിരുന്നത്.

യഹൂദരുടെ രക്ഷയ്ക്ക് അവരുടെ രാജാവ് മിശിഹാ വരുമെന്ന പ്രതീക്ഷ അവർക്കുണ്ടായിരുന്നു. എന്നാൽ ആ മിശിഹാ അഥവാ ക്രിസ്തു വരുന്നത് യൂദാദേശത്തുള്ള ബെത്‌ലഹേമിൽ നിന്നാവണമെന്ന് ഗലീലി കടലിൽ മീൻപിടിച്ചു കഴിഞ്ഞിരുന്ന പത്രോസിനും അന്ത്രയോസിനും യാക്കോബിനും യോഹന്നാനുമൊന്നും യാതൊരു ധാരണയും ഉണ്ടായിരുന്നില്ല. യേശുവിന്റെ ശിഷ്യന്മാർ യേശുവിന്റെ ശിഷ്യർ ആവുന്നതിനു മുന്നേ സ്നാപകയോഹന്നാന്റെ ശിഷ്യന്മാരായിരുന്നു.[104] സ്നാപകയോഹന്നാൻ ആവട്ടെ ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട് യേശുവാണെന്ന് ഇവരെയൊക്കെ ധരിപ്പിച്ചിരുന്നു.[105]

തനിക്കുമുമ്പേ വരുന്ന യേശു തന്നെക്കാൾ വലിയവൻ ആണെന്നും യോഹന്നാൻ തന്റെ ശിഷ്യന്മാരോടു പറഞ്ഞ് വിശ്വസിപ്പിച്ചിരുന്നു. സ്നാപകയോഹന്നാൻ തന്നാൽ കഴിയുന്നത്രയും യേശുവിനെ ഉയർത്തിക്കാട്ടി അവരോടു സംസാരിക്കുകയും ചെയ്തിരുന്നു. യേശുവിന്റെ കാലിലെ

---

104. യോഹന്നാൻ 1:35-40
105. യോഹന്നാൻ 1:29

ചെരുപ്പിലെ വാറഴിക്കാനുള്ള യോഗ്യത പോലും തനിക്കില്ല[106] എന്നു പോലും സ്നാപകയോഹന്നാൻ ശിഷ്യന്മാരോടു പറയുന്നുണ്ട്.

തന്റെ പിതാക്കന്മാരുമൊത്ത് മീൻ വല നന്നാക്കി കൊണ്ടിരുന്ന പത്രോസും അന്ത്രയോസും യോഹന്നാനും യാക്കോബുമൊക്കെ എന്നെ അനുഗമിക്കുക ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കാം എന്ന് യേശു അവരോടു പറഞ്ഞ തൽക്ഷണം അവർ തങ്ങളുടെ പിതാക്കന്മാരെയും വലകളും ഉപേക്ഷിച്ച് യേശുവിന്റെ പിന്നാലെ പോയി എന്ന് ബൈബിൾ[107] പറയുന്നത് കേട്ടാൽ മറ്റുള്ളവരെ ആകർഷിക്കാൻ തക്ക വണ്ണം ദൈവികമായ കഴിവുള്ള മഹാവ്യക്തിത്വമായിരുന്നു യേശു എന്ന് തോന്നും. എന്നാൽ സത്യം അതൊന്നുമായിരുന്നില്ല. യേശുവിനെ കുറിച്ച് സ്നാപകയോഹന്നാൻ അങ്ങേയറ്റം പുകഴ്ത്തി സംസാരിച്ചിരുന്നത് കൊണ്ടാണ് സ്നാപകന്റെ ശിഷ്യന്മാരായിരുന്ന മീൻപിടുത്തക്കാർ യേശു വിളിച്ചപ്പോൾ തൽക്ഷണം വലകൾ ഉപേക്ഷിച്ച് യേശുവിന്റെ പിന്നാലെ പോയത്, അല്ലാതെ ഇത് യേശുവിന്റെ അത്ഭുതപ്രവർത്തിഗുന്നുമായിരുന്നില്ല.

സത്യത്തിൽ യേശു യാതൊരു അത്ഭുതപ്രവൃത്തിയും കാട്ടിയിട്ടില്ല. യേശു തന്റെ അടുത്തേക്കു നടന്നുവരുന്നത് കണ്ട മാത്രയിൽ ഇതാ ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട് എന്ന് പറഞ്ഞ സ്നാപകയോഹന്നാൻ താൻ വധിക്കപ്പെടുന്നതിന് മുമ്പ് കാരാഗ്രഹത്തിലിരിക്കെ തന്റെ ചില ശിഷ്യന്മാരെ യേശുവിന്റെ അടുക്കലേക്ക് ഒരു ചോദ്യം ചോദിക്കാൻ അയക്കുന്ന ഒരു രംഗമുണ്ട്. ചോദ്യം ഇതാണ് 'വരാനിരിക്കുന്നവൻ നീ തന്നെയോ അതോ ഞങ്ങൾ മറ്റൊരുവനെ പ്രതീക്ഷിക്കണമോ?'[108] സ്നാപകയോഹന്നാന്റെ ഈയൊരു ഒറ്റ ചോദ്യത്തിൽ നിഷ്പ്രഭമാകുന്നത് ബൈബിളിലെ എത്രയെത്ര അത്ഭുതകഥകളാണെന്നറിയാമോ?

വിശദീകരിക്കാം.

എലിസബത്തിന്റെ ഉദരത്തിൽ സ്നാപകയോഹന്നാൻ കേവലം 6 മാസം ഗർഭസ്ഥശിശുവായിരിക്കെ യേശുവിനെ പ്രസവിച്ച സ്ത്രീയായ മറിയ എലിസബത്തിനെ കാണാൻ ചെല്ലുന്നുണ്ട്. 'മറിയയുടെ അഭിവാദനം കേട്ട് എലിസബത്തിന്റെ ഉദരത്തിൽ ശിശു (സ്നാപകയോഹന്നാൻ) കുതിച്ചുചാടി'[109] എന്നും എലിസബത്ത് പരിശുദ്ധാത്മാവ് നിറഞ്ഞവളായി 'നിന്റെ അഭിവാദനസ്വരം എന്റെ കാതിൽ പതിച്ചപ്പോൾ ശിശു എന്റെ ഉദരത്തിൽ സന്തോഷത്താൽ കുതിച്ചുചാടി' എന്നും പറയുന്നുണ്ട്.

106. യോഹന്നാൻ 1:27
107. മത്തായി 4:19-20
108. മത്തായി 11:2.
109. ലൂക്കാ 1: 43-44

സ്നാപകയോഹന്നാന് അയാൾ അയാളുടെ മാതാവിന്റെ ഉദര ത്തിൽ ആറുമാസം ഗർഭസ്ഥശിശു ആയിരിക്കുമ്പോഴേ യേശുവിനെയും മറിയയെയും തിരിച്ചറിയാമായിരുന്നു. കേവലം ആറുമാസം മാത്രം പ്രാ യമുള്ള ഒരു ഗർഭസ്ഥശിശു യേശുവിനെ തിരിച്ചറിയുക എന്നത് മഹാ അത്ഭുതം തന്നെയാണ്. പക്ഷേ, അതേ യോഹന്നാൻ തന്നെ, 'നീ തന്നെ യാണോ ക്രിസ്തു അതോ ഞങ്ങൾ മറ്റൊരുവനെ പ്രതീക്ഷിക്കണോ' എന്ന് ചോദിക്കുമ്പോൾ അമ്മയുടെ ഉദരത്തിലിരുന്ന് തുള്ളിച്ചാടി എന്ന് പറയുന്നത് വെറും കള്ളകഥയാണെന്നല്ലേ തെളിയുന്നത്?

ഇനി സ്നാപകയോഹന്നാനുമായി ബന്ധപ്പെട്ട മറ്റൊരു അത്ഭുത ത്തിലേക്കു വരാം. യേശുവിന് ഏതാണ്ട് 30 വയസ്സ് പ്രായമുള്ളപ്പോൾ യേശു യോഹന്നാനിൽ നിന്ന് സ്നാനം സ്വീകരിക്കുവാൻ ഗലീലിയിൽ നിന്ന് ജോർദാനിലേക്ക് വന്നു. സ്നാനം കഴിഞ്ഞയുടനെ യേശു വെള്ള ത്തിൽ നിന്ന് കയറി അപ്പോൾ സ്വർഗ്ഗം തുറക്കപ്പെട്ട് ദൈവാത്മാവ് പ്രാവി ന്റെ രൂപത്തിൽ യേശുവിന്റെ മേൽ ഇറങ്ങിവരുന്നത് സ്നാപകയോഹ ന്നാൻ കണ്ടു. മാത്രമല്ല, 'ഇവൻ എന്റെ പ്രിയപുത്രൻ! ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു' എന്ന ഒരു അശരീരിയും കേട്ടു[110] എന്നെഴുതിയി ട്ടുണ്ട്. സ്വർഗ്ഗം തുറക്കപ്പെടുന്നതും യേശുവിന്റെ മേൽ ദൈവത്തിന്റെ ആത്മാവ് പ്രാവിന്റെ രൂപത്തിൽ വന്നിറങ്ങുന്നതും സ്വർഗ്ഗത്തിൽനിന്ന് 'ഇവൻ എന്റെ പ്രിയപുത്രൻ ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു' എന്ന ദൈവത്തിന്റെ അശരീരിയും സ്നാപകയോഹന്നാൻ കേട്ടു എന്ന് ബൈബിൾ പറയുന്നുണ്ട്. പക്ഷേ സ്നാപകയോഹന്നാന് യേശു തന്നെ യാണ് ക്രിസ്തു എന്ന കാര്യത്തിൽ തന്റെ മരണം വരെയും സംശയമാ യിരുന്നു എന്നും ബൈബിൾ പറയുന്നിടത്താണ് ഇത്തരം അത്ഭുതങ്ങ ളുടെ കഥകളൊക്കെ ചീട്ടുകൊട്ടാരം പോലെ തകർന്നുവീഴുന്നത്.

എങ്കിലും 'നീ തന്നെയാണോ ക്രിസ്തു' എന്ന് ചോദിച്ച സ്നാപക യോഹന്നാന്റെ ശിഷ്യന്മാരോട് യേശു, 'നിങ്ങൾ കേൾക്കുകയും കാണു കയും ചെയ്യുന്നത് യോഹന്നാനെ പോയി അറിയിക്കുക, മുടന്തന്മാർ നടക്കുന്നു, അന്ധന്മാർക്ക് കാഴ്ച ശക്തി ലഭിക്കുന്നു, ബധിരർക്ക് കേൾ വിശക്തി ലഭിക്കുന്നു' എന്നൊക്കെ പറയുന്നുണ്ട്.[111]

യേശു അന്ധർക്ക് കാഴ്ചശക്തി നൽകിയത് ബധിരക്ക് കേൾവിശ ക്തി നൽകിയത് മുതലായ കാര്യങ്ങളുടെ പിന്നിലെ രഹസ്യവും ബൈ ബിളിൽ നിന്ന് തന്നെ മനസിലാക്കാവുന്നതാണ്.

ആ വിഷയത്തിലേക്കു കടക്കുന്നതിന് മുന്നേ നിങ്ങൾ മറ്റു ചില കാര്യങ്ങൾ മനസിലാക്കേണ്ടതായിട്ടുണ്ട്. ഇനി പറയുന്ന കാര്യങ്ങൾ ഒരുപക്ഷേ നിരീശ്വരവാദിയായ ഒരാൾക്ക് അംഗീകരിക്കാൻ കഴി ഞ്ഞെന്നു വരില്ല. ഈശ്വരൻ എന്നൊരു ശക്തി ഈ പ്രപഞ്ചത്തിലുണ്ട്

110. മത്തായി 3:16–17
111. മത്തായി 11:4–5

എന്ന് കരുതുന്നവർക്കു മാത്രം മനസിലാവുന്ന കാര്യങ്ങളാവാം. ഈ ലോകത്തിൽ നന്മയുള്ള മനുഷ്യർ അഥവാ നല്ല മനുഷ്യരാണ് കൂടുതലും. അങ്ങനെ അല്ലായിരുന്നുവെങ്കിൽ നാട്ടിൽ വീടുകളെക്കാളേറെ ജയിലുകൾ ഉണ്ടായിരുന്നേനെ. എങ്കിലും നല്ല മനുഷ്യരുടെ ഭവനങ്ങൾ മാത്രമല്ല കൊലപാതകവും ബലാത്സംഗവുമൊക്കെ ചെയ്യുന്ന കൊടും കുറ്റവാളികളുടെ ജയിലുകളും യാഥാർത്ഥ്യമാണ്.

ഈ ലോകത്തിൽ നന്മ മാത്രമല്ല, തിന്മയുമുണ്ട്. പ്രകാശം മാത്രമല്ല അന്ധകാരവുമുണ്ട് എങ്കിൽ ഈശ്വരൻ മാത്രമല്ല പിശാചുമുണ്ട്. നന്മയുടെ മൂർത്തിയെ ഈശ്വരനെന്നും തിന്മയുടെ മൂർത്തിയെ പിശാചെന്നും വിളിക്കാം. പരോപകാരം നന്മയുടെയും പരോപദ്രവം തിന്മയുടെയും ലക്ഷണമാണ്. അന്യർക്ക് ഉപകാരം ചെയ്യുന്നതിൽ അന്യരുടെ ദുഃഖ നിവാരണത്തിൽ സന്തോഷിക്കുന്ന മനസ്സിന്നുടമയാണ് ഈശ്വരൻ എങ്കിൽ, അന്യരെ ദ്രോഹിക്കുന്നതിൽ അന്യരുടെ ദുഃഖഹേതുവാകുന്നതിൽ ആനന്ദിക്കുന്ന മനസ്സിനുടമയാണ് പിശാച്. "ഭൂമിയിൽ തീ ഇടുവാൻ ഞാൻ വന്നിരിക്കുന്നു; അതു ഇപ്പോഴേ കത്തിയെങ്കിൽ കൊള്ളായിരുന്നു എന്നല്ലാതെ ഞാൻ മറ്റെന്തു ഇച്ഛിക്കേണ്ടു?"[112] എന്ന യേശുവിന്റെ ഒരൊറ്റ വചനം പോരെ യേശു തിന്മയുടെ മൂർത്തിയാണെന്ന് മനസിലാക്കുവാൻ?

ലോകമെങ്ങും യേശുവിനെ കുറിച്ച് ചുവരെഴുത്തുകൾ, ബൈബിൾ ഉദ്ധരണികൾ കാണാൻ കഴിയും ഉദാഹരണം യേശു പറയുന്നു 'നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുവിൻ'[113] എന്നാൽ ലോകത്തെവിടെയെങ്കിലും യേശുവിന്റെ മേല്പറഞ്ഞ 'ഞാൻ വന്നിരിക്കുന്നത് ഭൂമിയിൽ തീയിടാനാണ്' എന്ന വചനം ചുവരെഴുതി നിങ്ങൾ കണ്ടിട്ടുണ്ടോ? ഇതും യേശുവിന്റെ വചനം തന്നെയാണ്. 90% ചീഞ്ഞു പുഴുത്ത ഒരു പഴം ഭംഗിയായി പൊതിഞ്ഞ് അതിന്റെ ചീവില്ലാത്ത 10% മാത്രം വെളിയിൽ കാട്ടി വില്ക്കാൻ നോക്കുന്നതു പോലെ നികൃഷ്ടമാണ് ക്രിസ്ത്യൻസഭകളുടെ ഈ പ്രവൃത്തി.

യേശു വന്നിരിക്കുന്നത് ഭൂമിയിൽ തീയിടാനാണ് ഭൂമി ഇപ്പോഴേ കത്തിയെരിഞ്ഞിരുന്നെങ്കിൽ എന്നതിനേക്കാൾ വലിയ മറ്റെന്താഗ്രഹമാണ് തനിക്കുള്ളത് എന്നാണ് യേശു ചോദിക്കുന്നത്. ഭൂമി മനുഷ്യരുടെ മാത്രം വാസസ്ഥലമാണോ? ഭൂമിയെ ആശ്രയിച്ചു മനുഷ്യരെകൂടാതെ പക്ഷിമൃഗാദികളും മറ്റനവധി ജീവജാലങ്ങളും കഴിയുന്നുണ്ട്. ഭൂമി കത്തിച്ചാമ്പലായാൽ എത്രയെത്ര ലക്ഷക്കണക്കിന് ജീവജാലങ്ങൾ നശിക്കും. യേശുവിന്റെ ആഗ്രഹം ഭൂമി കത്തിച്ചാമ്പലാക്കി അതിലെ സകല നിവാസികളെയും ചുട്ടെരിക്കുക എന്നതാണ്. അതായത് യേശു വെറുക്കുന്നത് മനുഷ്യരെ മാത്രമല്ല ഭൂമിയിലെ സകലചരാചരങ്ങളെയുമാണ്. ഇങ്ങനെ

---

112. ലൂക്കോസ് 12:49
113. മത്തായി 22:39

യുള്ള യേശുവിനെ ലോകരക്ഷകൻ എന്ന് വിളിക്കുന്നതിൽപരം ഒരു വിഡ്ഢിത്തം മനുഷ്യർക്ക് മറ്റെന്തുവരാനാണ്?

യേശു തന്റെ പൊതുപ്രവർത്തനം ആരംഭിക്കുമ്പോൾ അവന് ഏതാണ്ട് 30 നോട് അടുത്തു പ്രായം ഉണ്ടായിരുന്നു എന്ന് സൂചിപ്പിച്ചുവല്ലോ. ഏതാണ്ട് മൂന്നരവർഷക്കാലമായിരുന്നു യേശുവിന്റെ പൊതുപ്രവർത്തനം. വിചിത്രം എന്നു പറയട്ടെ യേശുവിന്റെ പൊതുപ്രവർത്തനം ആരംഭിക്കുന്നതും ഇസ്രായേലിൽ അനേകം മനുഷ്യർക്ക് പിശാചുബാധ ഉണ്ടാകുന്നതും ഒരേ സമയത്തായിരുന്നു! രണ്ട് കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കേണ്ടതായിട്ടുണ്ട്.

### ബൈബിളിലെ പിശാചും യഹോവയും

ഒന്നാമതായി ക്രിസ്ത്യൻ വിശ്വാസപ്രകാരം ക്രിസ്ത്യൻ ദൈവത്തിനോട് അനുസരണക്കേടു കാട്ടിയ മാലാഖമാരാണ് പിശാചുക്കൾ ആയിത്തീർന്നത്. ‘സ്വന്തം നില മറന്ന് തങ്ങളുടെതായ വാസസ്ഥാനം ഉപേക്ഷിച്ചു കളഞ്ഞ ദൂതന്മാരെ അവിടുന്ന് മഹാദിനത്തിലെ വിധിവരെ നിത്യബന്ധനത്തിൽ അന്ധകാരത്തിൽ സൂക്ഷിച്ചിരിക്കുന്നു എന്ന് ഓർക്കുക’.[114] മഹാദിനത്തിലെ വിധി വരെ എന്നാൽ ലോകാവസാനത്തിലെ അന്ത്യവിധിനാളാണ് ഉദ്ദേശിക്കുന്നത്. പിശാചുക്കളെ പാതാളത്തിൽ അന്ധകാരത്തിൽ നിത്യബന്ധനത്തിൽ ആക്കിയിരിക്കുന്നത് ആകട്ടെ സർവ്വശക്തൻ എന്ന് ബൈബിൾ വിളിക്കുകയും ക്രിസ്ത്യാനികൾ വിശ്വസിക്കുകയും ചെയ്യുന്ന യഹോവയും. സർവ്വശക്തൻ പാതാളത്തിൽ അന്ത്യവിധിനാളുവരെ ബന്ധനത്തിൽ ആക്കിയിരിക്കുന്നു എന്നു പറയപ്പെടുന്ന പിശാചുക്കൾ എങ്ങനെയാണ് യേശുവിന്റെ പൊതുപ്രവർത്തനസമയത്ത് ഇസ്രായേലിൽ വന്നുചേർന്നത്? രണ്ടു വസ്തുതകളിലേക്ക് മുകളിൽ സൂചിപ്പിച്ച വചനം വിരൽ ചൂണ്ടുന്നുണ്ട്. ഒന്ന്, പിശാചുക്കളെ ആരും നിത്യബന്ധനത്തിൽ ആക്കിയിട്ടില്ല. രണ്ട്, യഹോവ സർവശക്തൻ എന്ന ബൈബിൾപ്രഖ്യാപനവും ക്രിസ്ത്യൻവിശ്വാസവും തെറ്റാണ്.

### യേശുവിനു മുമ്പ് ഇസ്രായേലിൽ പിശാചിനെ കാണാനില്ല!

ഇനി ചർച്ചതുടരാൻ ഈ ബൈബിൾവിവരണം നമുക്കൊന്നു ശ്രദ്ധിക്കേണ്ടതുണ്ട്: ‘പിശാചുബാധിതനായ ഒരു ഊമനെ അവർ അവന്റെ അടുക്കൽ കൊണ്ടുവന്നു. അവൻ പിശാചിനെ പുറത്താക്കിയപ്പോൾ ആ ഊമൻ സംസാരിച്ചു. ജനങ്ങൾ അത്ഭുതപ്പെട്ടു പറഞ്ഞു ഇതുപോലൊരു സംഭവം ഇസ്രായേലിൽ ഒരിക്കലും കണ്ടിട്ടില്ല’.[115]

ഇതുപോലൊരു സംഭവം ഇസ്രായേലിൽ ഒരിക്കലും കണ്ടിട്ടില്ല എന്ന് തദ്ദേശവാസികൾ പറയുന്നത് സൂചിപ്പിക്കുന്നത് യേശു തങ്ങളുടെ ഇടയിലേക്കു വരുന്നതിനു മുന്നേ ഇസ്രായേലിൽ ആർക്കും പിശാച്

---

114. യൂദ 1:6
115. മത്തായി 9:33

ബാധ ഉണ്ടായിരുന്നില്ല എന്നാണ്. യേശു സംസാരശേഷി ഇല്ലാതിരുന്ന ഒരു മനുഷ്യന് സംസാരശേഷി നൽകുകയല്ല മറിച്ച് പിശാചു ബാധയാൽ സംസാരിക്കാൻ കഴിയാതെ പോയ ഒരുവനിൽ നിന്ന് പിശാചിനെ പുറത്താക്കുകയാണ് ഉണ്ടായത്. പിശാച് പുറത്തുപോയപ്പോൾ സ്വാഭാവികമായും അയാൾക്ക് പഴയതുപോലെ സംസാരിക്കാൻ സാധിച്ചു.

പിശാചിനെ ബൈബിൾ 'അശുദ്ധാത്മാവ്' എന്നും വിളിക്കുന്നുണ്ട്. അശുദ്ധാത്മാക്കൾക്ക് ശരീരമില്ല അതുകൊണ്ടുതന്നെ അശുദ്ധാത്മാവ് ഒരു മനുഷ്യന്റെ ഉള്ളിൽ പ്രവേശിക്കുന്നതും പുറത്ത് പോകുന്നതും ദൃഷ്ടി ഗോചരമാവില്ല. ലക്ഷണംകൊണ്ട് മാത്രമേ പിശാച് ബാധ തിരിച്ചറിയാനാവൂ.

പനി ബാധിച്ചു കിടപ്പിലായ പത്രോസിന്റെ അമ്മായിയമ്മയെ യേശു സുഖപ്പെടുത്തുന്ന ഒരു രംഗമുണ്ട് ബൈബിളിൽ 'അവൻ അവളുടെ അടുത്തെത്തി പനിയെ ശകാരിച്ചു അത് അവളെ വിട്ടു മാറി'[116] എന്നാണ് എഴുതിയിരിക്കുന്നത്. ശരീരത്തിന് രോഗബാധയുണ്ടാകുമ്പോൾ ശരീരം സ്വീകരിക്കുന്ന ഒരു പ്രതിരോധസംവിധാനമാണ് പനി. യേശു ശകാരിച്ച ഉടനെ പനി വിട്ടുമാറാൻ പനിക്ക് കണ്ണും കാതും ഒന്നും ഇല്ല.

സത്യത്തിൽ അവിടെ സംഭവിച്ചത് ഇതാണ്; പത്രോസിന്റെ അമ്മായിയമ്മയ്ക്ക് പിശാചുബാധയുണ്ടായി. പിശാചുബാധയേക്കാൾ വലിയ രോഗബാധ ഉണ്ടോ? പിശാചുബാധിച്ച പത്രോസിന്റെ അമ്മായിയമ്മ പനി വന്നു കിടപ്പിലായി. യേശുവന്നു പിശാചിനെ ശകാരിച്ചു പുറത്താക്കി പിശാചു പോയപ്പോൾ പിശാചുബാധയാൽ വന്ന പനിയും അവളെ വിട്ടു മാറി. ഇതൊന്നുമറിയാതെ പത്രോസും മറ്റ് അപ്പോസ്തലന്മാരും യേശു മനുഷ്യരുടെ രോഗങ്ങൾ ഒക്കെ ഒരൊറ്റവാക്കിൽ ഇല്ലാതാക്കാൻ കഴിയുന്ന ദൈവപുത്രൻ ആണെന്നു തെറ്റിദ്ധരിച്ചു. അന്ധർക്കു കാഴ്ച ശക്തിയും ബധിരർക്ക് കേൾവിശക്തിയും മറ്റും നൽകാൻ കഴിയുന്ന ദൈവപുത്രനാണ് താനെന്നു വരുത്തിത്തീർക്കേണ്ടത് യേശുവിന്റെ ആവശ്യമായിരുന്നു. ഇസ്രായേലിലെ മനുഷ്യരുടെ പിശാചുബാധയുടെ ഏക ഗുണഭോക്താവും യേശു മാത്രമാണ്.

ഒരു മനുഷ്യനുപോലും പിശാചുബാധയുള്ളതായി പഴയനിയമത്തിൽ രേഖപ്പെടുത്തിയിട്ടില്ല അതായത് യേശുവിനു മുൻപ് ഇസ്രായേലിൽ പിശാച് ബാധിച്ച ഒരു മനുഷ്യൻ പോലും ഉണ്ടായിരുന്നില്ല. എന്നാൽ യേശുവിന്റെ പൊതുപ്രവർത്തനകാലഘട്ടത്തിലാകട്ടെ ഇസ്രായേലിൽ ഒത്തിരി മനുഷ്യർക്ക് പിശാചുബാധ. വിചിത്രമെന്നുപറയട്ടെ യേശുവിന്റെ കുരിശുമരണത്തിനു ശേഷവും അന്നാട്ടിൽ പിശാചുബാധയും ഉണ്ടാകുന്നില്ല!

**പിശാചിനുമാത്രം പരിചിതനായ ദൈവപുത്രൻ!**

മറ്റൊരു ശ്രദ്ധേയമായ വസ്തുത എന്തെന്നാൽ യേശു പുറത്താക്കു

116. ലൂക്കോസ് 4:39

ന്ന പിശാചുക്കൾ ഒന്നും ചുമ്മാ പുറത്തു പോകുന്നില്ല; മറിച്ച്, യേശു ദൈവപുത്രനാണ് എന്ന് അലറി വിളിച്ചു കൊണ്ടാണ് പുറത്തേക്കു പോകുന്നത്!

'വൈകുന്നേരം ആയപ്പോൾ വിവിധ രോഗങ്ങളാൽ കഷ്ടപ്പെട്ടിരുന്നവരെയെല്ലാം അവർ അവന്റെ അടുത്ത് കൊണ്ടുവന്നു. ഓരോരുത്തരുടെയും മേൽ കൈവെച്ചുകൊണ്ട് അവൻ അവരെ സുഖപ്പെടുത്തി. നീ ദൈവപുത്രനാണ് എന്ന് ഉറക്കെ വിളിച്ചുകൊണ്ട് അനേകരിൽ നിന്ന് പിശാചുക്കൾ വിട്ടുപോയി.'[117] വൈകുന്നേരം ആയപ്പോൾ പിശാചു ബാധിച്ചവരൊക്കെ യേശുവിന്റെ ചുറ്റും കൂടി അവൻ അനേകരെ സുഖപ്പെടുത്തി ഒത്തിരി ആളുകളിൽനിന്ന് യേശു ദൈവപുത്രനാണ് എന്ന് ഉറക്കെ വിളിച്ചുപറഞ്ഞുകൊണ്ട് പിശാചുക്കൾ പുറത്തുപോയി. അവരാരും തന്നെ രോഗബാധിതർ ആയിരുന്നില്ല മറിച്ച് പിശാചുബാധയുള്ള മനുഷ്യരായിരുന്നു. പിശാചുക്കളെ പുറത്താക്കുന്നതോടുകൂടി അന്ധൻ കാണുകയും ബധിരൻ കേൾക്കുകയും ഊമൻ സംസാരിക്കാനും തുടങ്ങി. സത്യത്തിൽ പിശാചുബാധ ഒഴിപ്പിക്കുന്നതിനെയാണു രോഗശാന്തിശുശ്രൂഷയായി ബൈബിൾ ചിത്രീകരിക്കുന്നത്.

യേശു പിശാചുക്കളെ പുറത്താക്കുമ്പോൾ എന്തിനാണ് അവറ്റകൾ നീ ദൈവപുത്രനാണ് എന്ന് ഉറക്കെ വിളിച്ചുപറയുന്നത്? നിങ്ങൾ ഒരു മനുഷ്യനാണ് യേശുവിന്റെ സ്ഥാനത്ത് നിങ്ങളാണ് പിശാചുക്കളെ പുറത്താക്കുന്നത് എന്നു സങ്കൽപ്പിക്കുക. അങ്ങനെയാണെങ്കിൽ നിങ്ങൾ പിശാചുക്കളെ പുറത്താക്കുമ്പോൾ അവറ്റകൾ നിങ്ങൾ മനുഷ്യനാണ് എന്ന് ഉറക്കെ വിളിച്ചുപറയുമോ? അങ്ങനെ പറയേണ്ട ആവശ്യം എന്താണ്? യേശുവും പിശാചുക്കളും തമ്മിൽ ഉണ്ടായ ഒരു ഗൂഢാലോചനയുടെ പരിണിതഫലമല്ലേ ഇസ്രായേലിൽ അരങ്ങേറിയ ഇത്തരം നാടകീയരംഗങ്ങൾ? നിങ്ങളോടു പുറത്തുപോകാൻ പറയും, അപ്പോൾ നിങ്ങൾ പുറത്തുപോകണം, പോകുമ്പോൾ നീ ദൈവപുത്രനാണ് എന്ന് ഉറക്കെ വിളിച്ചുകൊണ്ട് പുറത്തുപോകണം, എന്ന് യേശു പിശാചുക്കളെ ചട്ടം കെട്ടിയിരുന്നു എന്ന് തോന്നും പിശാചുക്കളുടെ യാന്ത്രികമായ പ്രവൃത്തി കണ്ടാൽ!

### യേശു പറയുന്നതുമാത്രം കേൾക്കുന്ന പിശാച്!

ഇവിടെ മറ്റൊരു വസ്തുത, യേശു പുറത്തുപോകാൻ പറയുമ്പോൾ മാത്രമാണ് പിശാചുക്കൾ അനുസരിക്കുന്നത്. യേശുവിന്റെ അപ്പോസ്തലന്മാരെ പിശാചുക്കൾ അനുസരിക്കുന്നില്ല! 'പിറ്റേദിവസം അവർ മലയിൽനിന്ന് ഇറങ്ങി വന്നപ്പോൾ വലിയ ഒരു ജനക്കൂട്ടം അവന്റെ അടുത്തു വന്നു. ജനക്കൂട്ടത്തിൽ നിന്ന് ഒരുവൻ വിളിച്ചുപറഞ്ഞു. ഗുരോ, എന്റെ മകനെ കടാക്ഷിക്കണമെന്ന് നിന്നോട് ഞാൻ അപേക്ഷിക്കുന്നു. അവൻ എന്റെ ഏക മകനാണ്. അവനെ ഒരു അശുദ്ധാത്മാവ് പിടികൂടു

117. ലൂക്കാസ് 4:40-41

ന്നു. അപ്പോൾ അവൻ പെട്ടെന്ന് നിലവിളിക്കുന്നു, നുരയുംപതയും പുറപ്പെടുന്നതുവരെ അത് അവനെ ഞെരുക്കി പീഡിപ്പിക്കുകയും ചെയ്യു ന്നു. അത് അവനെ വിട്ടുമാറുന്നുമില്ല. അതിനെ പുറത്താക്കാൻ ഞാൻ നിന്റെ ശിഷ്യന്മാരോട് അപേക്ഷിച്ചു. എന്നാൽ അവർക്ക് സാധിച്ചില്ല.'[118]

ഈ സംഭവത്തിന്റെ പശ്ചാത്തലം ബോധ്യപ്പെടുത്തുവാൻ ഇതി നു മുമ്പുണ്ടായ ഒരു സംഭവത്തെ കുറിച്ച് ചുരുക്കിപ്പറയാം. പത്രോസ്, യോഹന്നാൻ, യാക്കോബ് എന്നീ മൂന്ന് അപ്പോസ്തലന്മാരെ മാത്രം കൂട്ടിക്കൊണ്ട് യേശു ഒരു മലയിലേക്കു പ്രാർത്ഥിക്കാൻ കയറിപ്പോയി എന്നു പറയുന്നുണ്ട്.[119] പിറ്റേദിവസം അവർ മലയിൽനിന്ന് ഇറങ്ങി വരു മ്പോഴാണ് ഒരു ജനക്കൂട്ടം യേശുവിന്റെ അടുത്തു വരുന്നതും ജനക്കൂ ട്ടത്തിൽ നിന്ന് ഒരുവൻ എന്റെ മകനെ കടാക്ഷിക്കണമെന്ന് യേശു വിനോട് അപേക്ഷിക്കുന്നതും.

യേശുവിന്റെ ശിഷ്യന്മാരോട് അയാൾ സഹായാഭ്യർത്ഥന നടത്തി. എങ്കിലും അവരെക്കൊണ്ട് തന്റെ മകനെ ബാധിച്ചിരിക്കുന്ന പിശാചിനെ പുറത്താക്കാൻ സാധിച്ചില്ല എന്നാണു പറയുന്നത്. ഇവിടെ വലിയൊരു പ്രശ്നമുണ്ട്. 'യേശു യേശുവിന്റെ പന്ത്രണ്ട് അപ്പോസ്തലന്മാരെയും വിളിച്ച് സകല പിശാചുക്കളുടെയും മേൽ അപ്പോസ്തലന്മാർക്ക് അധി കാരവും ശക്തിയും കൊടുത്തു[120] എന്ന് ബൈബിൾ പറയുന്നുണ്ട്. യേശു മലയിലേക്ക് കൂട്ടിക്കൊണ്ടുപോയത് 12 അപ്പോസ്തലന്മാരിൽ മൂന്ന് പേരെ മാത്രമാണ് ബാക്കി 9 അപ്പോസ്തലന്മാരും താഴെ ഉണ്ട ല്ലോ അവർ വിചാരിച്ചിട്ട് എന്തുകൊണ്ട് പിശാചുക്കളെ പുറത്താക്കാൻ കഴിഞ്ഞില്ല?

**അപ്പോസ്തലൻമാരിലും പിശാചുബാധ!**

മറ്റൊരു വൈരുദ്ധ്യം യേശു 12 പേരെയും വിളിച്ച് സകല പിശാചു ക്കളുടെയുംമേൽ അവർക്ക് അധികാരവും ശക്തിയും കൊടുത്തു എന്ന് ബൈബിൾ പറയുന്നത് സത്യമാണെങ്കിൽ ഈ 12 അപ്പോസ്തല ന്മാർക്കും ഒരിക്കലും പിശാചുബാധയുണ്ടാകാൻ പാടില്ലല്ലോ? എന്നാൽ യേശു സകല പിശാചുക്കളുടെയും മേൽ അധികാരവും ശക്തിയും അപ്പോസ്തലന്മാർക്കു നല്കി എന്ന് ബൈബിൾ പറയുന്നതിനു ശേ ഷവും 12 പേരിൽ 2 പേർക്ക് പത്രോസിനും ഇസ്കറിയാത്തിന്റെ പുത്ര നായ യൂദാസിനും പിശാചുബാധയുണ്ടായതായി ബൈബിൾ തന്നെ പറയുന്നുണ്ട്: 'യേശു തിരിഞ്ഞ് പത്രോസിനോട് പറഞ്ഞു സാത്താനേ, എന്റെ മുമ്പിൽ നിന്ന് പോകൂ, നീ എനിക്ക് പ്രതിബന്ധമാണ്.[121] 'അവ സാന അത്താഴസമയത്ത് യേശു അപ്പക്കഷണം മുക്കി ശിമയോൻ ഇ

118. ലൂക്കാസ് 9: 38–40
119. ലൂക്കോസ് 9:28
120. ലൂക്കാസ് 9:1
121. മത്തായി 16:23

സ്കറിയാത്തയുടെ മകൻ യൂദാസിന് കൊടുത്തു അപ്പക്കഷണം സ്വീകരിച്ചതിനെതുടർന്ന് സാത്താൻ അവനിൽ പ്രവേശിച്ചു.' [122]

യേശു യേശുവിന്റെ 12 അപ്പോസ്തലന്മാരെയും വിളിച്ച് സകല പിശാചുക്കളുടെയും മേൽ അപ്പോസ്തലന്മാർക്ക് അധികാരവും ശക്തിയും കൊടുത്തു എന്ന് ബൈബിൾ പറയുന്നതു സത്യമാണെങ്കിൽ യൂദാസും പത്രോസും 12 പേരിൽപെട്ടവരായതിനാൽ അവർക്ക് പിശാച് ബാധയുണ്ടാവുക എന്നത് അസാധ്യമല്ലേ? പിന്നെങ്ങനെ ഇതു സംഭവിച്ചു?

മേല്പറഞ്ഞ വൈരുദ്ധ്യങ്ങൾ സൂചിപ്പിക്കുന്നത് യേശു 12 പേരെയും വിളിച്ച് സകലപിശാചുക്കളുടെയും മേൽ അവർക്ക് അധികാരവും ശക്തിയും കൊടുത്തു എന്ന് ബൈബിൾ പറയുന്നത് കള്ളമാണെന്നല്ലേ?

**ക്രൂരമായ പിശാചുസങ്കല്പത്തിലെ അബദ്ധങ്ങൾ**

ഇനി ഒരു മനുഷ്യനെ വിട്ടൊഴിഞ്ഞു പോകുന്ന പിശാചിന്റെ തുടർനടപടികൾ എന്തൊക്കെയാണെന്ന് യേശു പറയുന്നതു ശ്രദ്ധിക്കുക. 'അശുദ്ധാത്മാവ് ഒരു മനുഷ്യനെ വിട്ടുപോകുമ്പോൾ അത് ആശ്വാസം തേടി വരണ്ട സ്ഥലങ്ങളിലൂടെ അലഞ്ഞു നടക്കുന്നു. എന്നാൽ കണ്ടെത്തുന്നില്ല. അപ്പോൾ അതു പറയുന്നു: ഞാൻ ഇറങ്ങിപ്പോന്ന എന്റെ ഭവനത്തിലേക്ക് തിരിച്ചു ചെല്ലും. അത് മടങ്ങിവരുമ്പോൾ ആ സ്ഥലം ആളൊഴിഞ്ഞു അടിച്ചുവാരി സജ്ജീകരിക്കപ്പെട്ടു കാണുന്നു. അപ്പോൾ അതു പുറപ്പെട്ടുചെന്ന് തന്നെക്കാൾ ദുഷ്ടരായ ഏഴ് ആത്മാക്കളെ കൂടി തന്നോടു കൊണ്ടുവരികയും അവിടെ പ്രവേശിച്ചു വാസമുറപ്പിക്കുകയും ചെയ്യുന്നു. അങ്ങനെ ആ മനുഷ്യന്റെ അവസാനത്തെ സ്ഥിതി ആദ്യത്തേതിനേക്കാൾ ശോചനീയമായിത്തീരുന്നു. ഈ ദുഷിച്ച തലമുറയ്ക്കും ഇതുതന്നെയായിരിക്കും അനുഭവം." [123]

ഒരു അശുദ്ധാത്മാവിനെ അഥവാ പിശാചിനെ യേശു ഒരു മനുഷ്യനിൽ നിന്ന് പുറത്താക്കുമ്പോൾ അയാളുടെ അവസാനത്തെ സ്ഥിതി ആദ്യത്തേതിനേക്കാൾ ശോചനീയമായിരിക്കും എന്ന് യേശുവിനറിയാം, എങ്കിൽ പിന്നെ അശുദ്ധാത്മാവിനെ പുറത്താക്കാതിരിക്കുകയല്ലേ ഭേദം? ശസ്ത്രക്രിയ ചെയ്താൽ രോഗി മരിക്കും എന്നറിയുന്ന വൈദ്യൻ ശസ്ത്രക്രിയയ്ക്ക് മുതിരാതിരിക്കുകയല്ലേ വേണ്ടത്? ഈ ദുഷിച്ച തലമുറയ്ക്കും ഇതുതന്നെയായിരിക്കും അനുഭവം എന്ന് യേശു പറയുന്നതിൽ യേശുവിന്റെ ഉള്ളിലെ ആഗ്രഹമല്ലേ പ്രതിഫലിക്കുന്നത്? ആരോ പറഞ്ഞതുപോലെ ഹൃദയത്തിന്റെ നിറവിൽ നിന്നാണല്ലോ വായ സംസാരിക്കുന്നത്?

---

122.യോഹന്നാൻ 16:26-27

123. മത്തായി 12:43-45

പിശാചുക്കളെ സംബന്ധിക്കുന്ന മൂന്ന് ബൈബിൾവചനങ്ങൾ താഴെ കുറിക്കുന്നു:

1. "അവർ (പിശാചുക്കൾ) അട്ടഹസിച്ചു പറഞ്ഞു: ദൈവപുത്രാ, നീ എന്തിന് ഞങ്ങളുടെ കാര്യത്തിൽ ഇടപെടുന്നു? സമയത്തിനു മുമ്പ് ഞങ്ങളെ പീഡിപ്പിക്കാൻ നീ ഇവിടെ വന്നിരിക്കുകയാണോ?"[124]

2. 'സ്വന്തം നില മറന്ന് തങ്ങളുടെതായ വാസസ്ഥാനം ഉപേക്ഷിച്ചു കളഞ്ഞ ദൂതന്മാരെ അവിടുന്ന് മഹാദിനത്തിലെ വിധിവരെ നിത്യബന്ധനത്തിൽ അന്ധകാരത്തിൽ സൂക്ഷിച്ചിരിക്കുന്നു എന്ന് ഓർക്കുക'.[125]

3. 'അശുദ്ധാത്മാക്കളും അവനെ കാണുമ്പോൾ ഒക്കെയും അവന്റെ മുമ്പിൽ വീണു: നീ ദൈവപുത്രൻ എന്നു നിലവിളിച്ചു പറയും.'[126]

ഒരു വചനം പറയുന്നത് മഹാദിനത്തിലെ വിധിവരെ പിശാചുക്കളെ അന്ധകാരത്തിൽ സൂക്ഷിച്ചിരിക്കുകയാണ് എന്നത്രേ. മറ്റൊരു വചനം പറയുന്നത് സമയത്തിനുമുമ്പ്, അതായത് മഹാവിധിദിനത്തിനു മുമ്പ് ഞങ്ങളെ പീഡിപ്പിക്കാൻ നീ വന്നിരിക്കുകയാണോ എന്നും.

പിശാചുക്കളും യേശുവും തമ്മിലുള്ള സംഭാഷണം താഴെ അന്ധകാരത്തിൽ അഥവാ പാതാളത്തിൽവെച്ച് ആയിരുന്നുവെങ്കിൽ ഇതിൽ യാതൊരു പൊരുത്തക്കേടും ഉണ്ടാവുമായിരുന്നില്ല. എന്നാൽ പ്രസ്തുതസംഭാഷണം നടന്നു എന്നു ബൈബിൾ പറയുന്നത് ഗലീലികടലിനു കിഴക്കുള്ള ദെക്കപൊലീസ് എന്ന പ്രദേശത്ത് വച്ചാണ് — അതായത് ഭൂമിയുടെ പ്രതലത്തിൽ വച്ച്. പരസ്പരവൈരുദ്ധ്യം കടന്നുവരുന്നത് അവിടെയാണ്. സർവ്വശക്തനായ ദൈവം എന്ന് ബൈബിൾ പറയുന്ന യേശുവിന്റെ പിതാവ് നിത്യബന്ധനത്തിൽ അന്ധകാരത്തിൽ സൂക്ഷിച്ചിരിക്കുന്ന പിശാചുക്കൾക്ക് എങ്ങനെയാണ് സ്വതന്ത്രമായി ദെക്കപൊലീസ് പ്രദേശത്ത് നടമാടാൻ കഴിഞ്ഞത്? ഇതിനർത്ഥം ഒന്നുകിൽ പിശാചുക്കളെ നിത്യബന്ധനത്തിൽ അന്ധകാരത്തിൽ സൂക്ഷിച്ചിരിക്കുന്നുവെന്നു ബൈബിൾ പറയുന്നതു കള്ളമാണ്; അല്ലെങ്കിൽ യഹോവയാണ് സർവ്വശക്തനായ ദൈവം എന്ന് ബൈബിൾ പറയുന്നത് കള്ളം. എന്തായാലും രണ്ടും ഒരേസമയം സത്യമാവുക എന്നത് അസാധ്യമായ കാര്യമാണ്.

ഞങ്ങളെ പീഡിപ്പിക്കാൻ നീ ഇവിടെ വന്നിരിക്കുകയാണോ എന്ന പിശാചുക്കളുടെ ചോദ്യത്തിന്റെ ധ്വനി യേശുവിന് പിശാചുക്കളെ പീഡിപ്പിക്കുവാനുള്ള കഴിവും പ്രാപ്തിയും ഉണ്ടെന്നു തന്നെയാണ്.

പിശാചുക്കളെ പീഡിപ്പിക്കാൻ യേശുവിന് കഴിയും എന്ന ബോധ്യം പിശാചുക്കൾക്കുണ്ടെങ്കിൽ എന്തിനാണ് അവർ യേശുവിനെ അങ്ങോട്ടു

124. മത്തായി 8:29

125. യൂദ 1:6

126. മാർക്കോസ്3:11

പോയി കാണുന്നത്? നമ്മെ പീഡിപ്പിക്കാൻ കഴിയുന്ന ജീവികളിൽനിന്ന് നാം അകന്നിരിക്കുവാനല്ലേ ആഗ്രഹിക്കുക? എന്നാൽ ഇവിടെ ആകട്ടെ യേശു പ്രദേശത്ത് എത്തിയ വിവരമറിഞ്ഞ് പിശാചുക്കൾ യേശുവിനെ അങ്ങോട്ടു ചെന്ന് കാണുകയാണ് ചെയ്യുന്നത്. ഇത് വളരെ വിചിത്രമായിരിക്കുന്നു!

പിശാചുക്കളുടെ സംഭാഷണശകലത്തിൽ നിന്ന് ഇതിന്റെ പൊരുൾ ഗ്രഹിക്കാൻ കഴിയും. പിശാചുക്കൾ യേശുവിനെ സംബോധന ചെയ്യുന്നത് തന്നെ 'ദൈവപുത്രാ' എന്നാണ്. പിശാചുക്കൾ യേശുവിനെ ദൈവപുത്രാ എന്ന് വിളിക്കുമ്പോൾ യേശുവിന്റെ കൂടെ 12 ശിഷ്യന്മാരും ഉണ്ട്. പിശാചുക്കൾ യേശുവിനെ കാണുമ്പോൾ ഒക്കെയും നീ ദൈവപുത്രൻ എന്ന നിലവിളിച്ചു പറയും എന്നാണ് ബൈബിൾ പറയുന്നത്. എന്നാൽ ഇതു സത്യമല്ല. യേശുവിന്റെ കൂടെ ശിഷ്യന്മാർ ഉള്ളപ്പോൾ മാത്രമാണ് യേശുവും പിശാചുക്കളുമായി കണ്ടുമുട്ടുന്നത്. അതായത് യേശു ശിഷ്യന്മാരോടൊപ്പം ഉള്ളപ്പോൾ മാത്രം പിശാചുക്കളോട് യേശുവിന്റെ മുന്നിൽ വന്ന് മുട്ടുകുത്തി നിന്ന് നീ ദൈവപുത്രൻ ആണെന്ന് ഉറക്കെ നിലവിളിച്ചു പറയുക എന്ന് ആരോ മുൻകൂട്ടി നിശ്ചയിച്ചിരുന്നത് പോലെ! ആടിനെ പട്ടിയാക്കുന്ന കഥ കേട്ടിട്ടില്ലേ? അതുതന്നെയാണ് 2000 വർഷങ്ങൾക്കു മുൻപ് ഇസ്രായേലിൽ അരങ്ങേറിയത്.

യേശു തനിച്ചിരിക്കുമ്പോൾ ഒരിക്കൽപോലും പിശാചുക്കൾ നീ ദൈവപുത്രനാണ് എന്ന് യേശുവിനോട് പറയുന്നില്ല. മറിച്ച്, 'നീ ദൈവപുത്രൻ ആണെങ്കിൽ ഈ കല്ലുകളോട് അപ്പമാകാൻ പറയുക' എന്ന് യേശുവിനെ വെല്ലുവിളിക്കുകയാണ് ചെയ്യുന്നത്.[127]

യേശു ശിഷ്യന്മാരോട് കൂടെ ഇരിക്കുമ്പോൾ യേശു ദൈവപുത്രനാണ് എന്ന് പറയുന്ന പിശാചുക്കൾ ഒരുവശത്ത്, മറുവശത്ത് യേശു തനിച്ചിരിക്കുമ്പോൾ നീ ദൈവപുത്രൻ ആണെങ്കിൽ അത് തെളിയിക്കുക എന്നു പറഞ്ഞ് വെല്ലുവിളിക്കുന്ന പിശാച്. യേശുവിന്റെ പീഡാനുഭവവും കുരിശുമരണവും ഇഷ്ടപ്പെടാത്ത പത്രോസിനെ ബാധിച്ച പിശാച് ഒരുവശത്ത്, മറുവശത്ത് യേശുവിന്റെ പീഡാനുഭവത്തിനും കുരിശുമരണത്തിനും വഴിയൊരുക്കുവാൻ യഹൂദരെയും റോമാക്കാരെയും വിളിച്ചുകൊണ്ടു വരുന്ന യൂദാസിനെ ബാധിച്ച പിശാച്. വൈരുദ്ധ്യങ്ങൾക്ക് മേൽ വൈരുദ്ധ്യം. ഇതിൽനിന്ന് 2000 വർഷങ്ങൾക്കുമുന്നേ സത്യത്തിൽ ഇസ്രായേലിൽ എന്താണ് സംഭവിച്ചതെന്ന് എങ്ങനെ തിരിച്ചറിയും?

'കണ്ണാൽ പാർപ്പതും പൊയ്, കാതാൽ കേട്പതും പൊയ്, തീരെ വിസാരിപ്പതേ മെയ്' — (കണ്ണാൽ കാണുന്നത് തെറ്റാകാം, കാതാൽ കേട്ടതും തെറ്റാകാം, ആഴത്തിലറിഞ്ഞതേ സത്യമാകൂ) എന്ന തമിഴ് പഴമൊഴി അനുസ്മരിച്ചുകൊണ്ട് തുടരുന്നു.

അടുത്തതായി യേശുവും പിശാചും തമ്മിലുള്ള ഒരു കൂടിക്കാഴ്ച

127. മത്തായി 4:3

വിശകലനം ചെയ്യാം. "അവർ (യേശുവും 12 അപ്പോസ്തലന്മാരും) കടലിന്റെ മറുകരയിൽ ഗെരസേനറുടെ നാട്ടിലെത്തി. അവൻ (യേശു) വഞ്ചിയിൽനിന്ന് ഇറങ്ങിയ ഉടനെ, അശുദ്ധാത്മാവു ബാധിച്ച ഒരുവൻ ശവകുടീരങ്ങൾക്കിടയിൽനിന്ന് എതിരേ വന്നു."[128] "അകലെവച്ചുതന്നെ അവൻ യേശുവിനെക്കണ്ട്, ഓടിവന്ന് അവനെ പ്രണമിച്ചു. ഉച്ചത്തിൽ നിലവിളിച്ചുകൊണ്ട് അവൻ പറഞ്ഞു: മഹോന്നതനായ ദൈവത്തിന്റെ പുത്രാ, യേശുവേ, അങ്ങ് എന്റെ കാര്യത്തിൽ എന്തിന് ഇടപെടുന്നു? ദൈവത്തെക്കൊണ്ട് ആണയിട്ട് ഞാൻ അങ്ങയോട് അപേക്ഷിക്കുന്നു: അങ്ങ് എന്നെ പീഡിപ്പിക്കരുതേ!" [129]

പിശാചുക്കൾ യേശു ശിഷ്യന്മാരോടൊത്ത് തങ്ങളുടെ പ്രദേശത്ത് വന്നതറിഞ്ഞയുടനെ യേശുവിന്റെയും ശിഷ്യന്മാരുടെയും അടുക്കലേക്ക് ഓടിവരുന്നു; ശിഷ്യന്മാരുടെ മുന്നിൽ വെച്ച് യേശുവിനെ ദൈവപുത്രാ എന്ന് വിളിക്കുന്നു, പ്രണമിക്കുന്നു. ദൈവത്തെക്കൊണ്ടു ആണയിടുന്നു എന്ന് പറയുന്ന പിശാചുക്കളെയും ഈ സംഭവത്തിൽ കാണാം. നാല് സുവിശേഷലേഖനങ്ങളിൽ പത്രോസും യേശുവിന്റെ അപ്പോസ്തലഗണത്തിൽപെടാത്ത നഥനെയലും മാത്രമാണ് യേശുവിനെ 'ദൈവപുത്രൻ' എന്നു വിളിക്കുന്നത്. പിന്നെ സകല പിശാചുക്കളും യേശുവിനെ കാണുന്ന മാത്രയിൽ ഓടിവന്നു 'ദൈവപുത്രാ' എന്ന് അലമുറയിട്ടു വിളിക്കുന്നുണ്ട്. ഇതിൽ വിചിത്രമെന്തെന്നാൽ 'പിശാചിൽ സത്യമില്ല. കള്ളം പറയുമ്പോൾ, സ്വന്തം സ്വഭാവമനുസരിച്ചുതന്നെയാണ് അവൻ സംസാരിക്കുന്നത്. കാരണം, അവൻ നുണയനും നുണയുടെ പിതാവുമാണ്' എന്ന് യേശു പറയുന്നുണ്ട്.[130] പിശാച് നുണയനും നുണയുടെ പിതാവുമാണ് പിശാചിൽ സത്യമില്ല പക്ഷെ അതേ പിശാച് യേശു ദൈവപുത്രനാണെന്ന് പറയുന്നത് മാത്രം സത്യം, അല്ലേ?

പിശാചിൽ സത്യമില്ല എന്ന് യേശു പറഞ്ഞത് സത്യമാണെങ്കിൽ യേശു ദൈവപുത്രനാണെന്നു പിശാചുക്കൾ പറഞ്ഞതു കള്ളമാണ്. ഇനി യേശുവിനെ എങ്ങിനെയെങ്കിലും ദൈവപുത്രനായി കാണാനുള്ള വ്യഗ്രതയിൽ പിശാചുക്കൾ യേശു ദൈവപുത്രനാണെന്ന് പറഞ്ഞത് സത്യമാണെന്ന് വിശ്വാസികൾ വാദിച്ചാൽ പിശാചിൽ സത്യമില്ല എന്ന് പറഞ്ഞ യേശു നുണയനാകും. എങ്കിൽ പിന്നെ നുണയനായ യേശുവിലുള്ള വിശ്വാസം ഉപേക്ഷിച്ച് സത്യം പറയുന്ന പിശാചിനെ ആരാധിക്കുകയാവില്ലേ ക്രിസ്ത്യാനികൾക്കു കൂടുതൽ നന്ന്?

അങ്ങ് എന്നെ പീഡിപ്പിക്കരുതേ എന്ന് യേശുവിനോടപേക്ഷിച്ച പിശാചുമായി യേശുവിന്റെ തുടർന്നുള്ള സംഭാഷണം ഒന്ന് പരിശോധിക്കാം. 'നിന്റെ പേരെന്താണ്? യേശു ചോദിച്ചു. അവൻ പറഞ്ഞു: എന്റെ പേര് ലെഗിയോൺ; ഞങ്ങൾ അനേകം പേരുണ്ട്".[131]

---

128. മാർക്കോസ് 5:1–2
129. മാർക്കോസ് 5:6–7
130. യോഹന്നാൻ 8:44

സത്യത്തിൽ യേശുവിന്റെ ചോദ്യത്തിന് പിശാച് വ്യക്തമായ മറുപടി നൽകുന്നില്ല. നിന്റെ പേരെന്താണ് എന്നാണ് യേശു ചോദിച്ചത് അല്ലാതെ നിങ്ങൾ എത്ര പേരുണ്ട് എന്നല്ല. പേര് പറയാതെ legion എന്നാണ് പിശാച് മറുപടി പറഞ്ഞത്. Legion എന്നാൽ സൈന്യദളം എന്നാണർത്ഥം. ഒത്തിരിപേർ ചേർന്നതിന്റെ പര്യായപദമാണ് legion. Legion എന്ന് പറഞ്ഞപ്പോഴെ യേശുവിനു കാര്യം പിടികിട്ടികാണും എങ്കിലും ഒന്നുകൂടി സ്പഷ്ടമാക്കാനാണ് ഞങ്ങൾ ഒത്തിരിപേരുണ്ട് എന്ന് പറഞ്ഞത്.

യേശു പേരു ചോദിച്ചിട്ട് പേരുപോലും പറയാൻ കൂട്ടാക്കാത്ത പിശാചുക്കൾ യേശു തങ്ങളെ പീഡിപ്പിക്കുമെന്നു ഭയന്നിരുന്നു എന്ന് ബൈബിൾ പറയുന്നത് യുക്തിക്ക് നിരക്കുന്നതല്ല. പിശാചുക്കൾ യേശു തങ്ങളെ പീഡിപ്പിക്കുമെന്ന് ഭയന്നിരുന്നുവെങ്കിൽ യേശു തങ്ങളുടെ പ്രദേശത്തു വന്ന വിവരം അറിഞ്ഞ ക്ഷണം അവർ ആ പ്രദേശത്തു നിന്നും പലായനം ചെയ്തേനെ. എന്നാൽ ഇവിടെ അതിന്ന് കടകവിരുദ്ധമായാണ് പിശാചുക്കൾ പ്രവർത്തിക്കുന്നത്. എപ്പോഴൊക്കെ അവർ യേശുവിനെ പന്ത്രണ്ടു അപ്പോസ്തലന്മാരുമായി കാണുന്നുണ്ടോ അപ്പോഴൊക്കെ യേശുവിന്റെ മുന്നിൽ ചെന്ന് യേശു 'ദൈവപുത്രാ' എന്ന് അലമുറയിടുകയാണ് ചെയ്യുന്നത്. പിശാചുക്കൾ യേശുവിനെ ഭയപ്പെടുന്നില്ലയെന്നും പിശാചുക്കളുടെ ഉദ്ദേശം യേശുവിന്റെ ശിഷ്യന്മാരുടെ മുന്നിൽ യേശുവിനെ ദൈവപുത്രാ എന്ന് വിളിക്കുക മാത്രമാണെന്നുമാണ് ഇതിൽ നിന്നും മനസിലാകുന്നത്.

അപ്പോസ്തലന്മാർ യേശു ദൈവപുത്രനാണെന്നു വിശ്വസിച്ചാൽ മാത്രമേ യേശുവിന്റെ വാക്കു കേട്ട് അവർ സകല മനുഷ്യരെയും പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ മാമോദീസ മുക്കാൻ വീടു വിട്ടിറങ്ങുകയുള്ളൂ.[132] അങ്ങനെ അവർ വീട് വിട്ടിറങ്ങിയാലേ അവർ കൊല്ലപ്പെടൂ. അവർ കൊല്ലപ്പെട്ടാലേ അവരെ രക്തസാക്ഷികളായി ചിത്രീകരിച്ച് അവരുടെ ശവത്തിനുമേൽ പള്ളികൾ പണിത് ക്രിസ്തുമതം സ്ഥാപിക്കാൻ കഴിയൂ. തന്നെ മനുഷ്യരുടെ മുന്നിൽ ദൈവപുത്രനാക്കാൻ അകമഴിഞ്ഞ സഹായങ്ങൾ ചെയ്ത പിശാചുക്കളെ യേശു അങ്ങോട്ടും സഹായിക്കുമായിരുന്നു എന്ന് അടുത്ത വചനം വെളിവാക്കുന്നുണ്ട്:

'ഞങ്ങളെ ആ പന്നിക്കൂട്ടത്തിലേക്കയയ്ക്കുക, ഞങ്ങൾ അവയിൽ പ്രവേശിച്ചുകൊള്ളട്ടെ എന്ന് അവർ അപേക്ഷിച്ചു. അവൻ അനുവാദം നല്കി. അശുദ്ധാത്മാക്കൾ പുറത്തുവന്ന്, പന്നിക്കൂട്ടത്തിൽ പ്രവേശിച്ചു. ഏകദേശം രണ്ടായിരം പന്നികളുണ്ടായിരുന്നു. അവ കിഴുക്കാംതൂക്കായ തീരത്തിലൂടെ പാഞ്ഞുചെന്ന് കടലിൽ മുങ്ങിച്ചത്തു.'[133]

131. മാർക്കോസ് 5:9
132. മത്തായി 28:20
133. മാർക്കോസ് 5:12-13

അല്ലേലും ഒരു പാലമിട്ടാൽ അങ്ങോട്ടും ഇങ്ങോട്ടും എന്നാണല്ലോ. യേശുവിനെ ദൈവപുത്രനാക്കാൻ സഹായിക്കുന്ന പിശാചുക്കളുടെ, മൃഗങ്ങളെ ശ്വാസം മുട്ടിച്ചു കൊല്ലുക എന്ന ആഗ്രഹം നിറവേറാനുള്ള അനുവാദം യേശുവും നൽകുന്നുണ്ട്. യേശുവിന്റെ അനുവാദമില്ലാതെ പിശാചുക്കൾക്കു പന്നികളുടെ ഉള്ളിൽ പ്രവേശിക്കാൻ കഴിയില്ല എന്ന ല്ലേ പന്നികളുടെ ഉള്ളിൽ പ്രവേശിക്കാൻ തങ്ങളെ അനുവദിക്കുക എന്ന് പിശാചുക്കൾ പറയുന്നതിൽ നിന്നും വ്യക്തമാകുന്നത്? പന്നികളുടെ ഉള്ളിൽ പ്രവേശിക്കാൻ ഈ പിശാചുക്കൾക്ക് യേശുവിന്റെ അനുവാദം ആവശ്യമുണ്ടെങ്കിൽ അവർ തത്സമയം കുടികൊള്ളുന്ന മനുഷ്യന്റെ ഉള്ളിൽ പ്രവേശിച്ചതും യേശുവിന്റെ അനുവാദത്തോടു കൂടിയാവില്ലേ?

**ദൈവപുത്രനും പിശാചും കളിച്ച തെരുവുനാടകം!**

കലിയും കലിയുടെ സൈന്യവും ചേർന്നുള്ള നാടകമാണ് 2000 വർഷങ്ങൾക്കു മുന്നേ ഇസ്രായേലിൽ അരങ്ങേറിയത് എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. എന്തായാലും തങ്ങളുടെ പ്രദേശത്ത് യേശുവിന്റെ ആഗമനവും പന്നികളുടെ കൂട്ടക്കൊലയും പ്രദേശവാസികളെ ചൊടിപ്പിച്ചു: 'പിശാചുബാധിതനും പന്നികൾക്കും സംഭവിച്ചതു കണ്ടവർ അക്കാര്യങ്ങൾ ജനങ്ങളോടു പറഞ്ഞു. തങ്ങളുടെ പ്രദേശം വിട്ടു പോകണമെന്ന് അവർ യേശുവിനോട് അപേക്ഷിച്ചു. അവർ വഞ്ചിയിൽ കയറാൻ തുടങ്ങിയപ്പോൾ, പിശാചുബാധിച്ചിരുന്ന മനുഷ്യൻ അവനോടു കൂടെ പോകുന്നതിന് അനുവാദം ചോദിച്ചു. എന്നാൽ, യേശു അനുവദിച്ചില്ല. അവൻ പറഞ്ഞു: നീ വീട്ടിൽ സ്വന്തക്കാരുടെ അടുത്തേക്കു പോവുക. കർത്താവു നിനക്കുവേണ്ടി എന്തെല്ലാം പ്രവർത്തിച്ചുവെന്നും എങ്ങനെ നിന്നോടു കരുണ കാണിച്ചുവെന്നും അവരെ അറിയിക്കുക. അവൻ പോയി, യേശു തനിക്കുവേണ്ടി എന്തെല്ലാം ചെയ്തെന്ന് ദെക്കാപ്പോളിസിൽ പ്രഘോഷിക്കാൻ തുടങ്ങി. ജനങ്ങൾ അദ്ഭുതപ്പെട്ടു.' [134]

നോക്കൂ, പിശാചുബാധിച്ച മനുഷ്യൻ യേശുവിനോടുകൂടി പോകുന്നതിന് അനുവാദം ചോദിച്ചു. പക്ഷേ യേശു അനുവദിച്ചില്ല! അല്പം മുന്നേ പിശാചുക്കൾ പന്നിക്കൂട്ടത്തിലേക്കു പ്രവേശിക്കാൻ അനുവദിക്കണമെന്ന് പറഞ്ഞപ്പോൾ അവറ്റകളുടെ ആഗ്രഹം അനുവദിച്ച യേശുവാണ് ഇവിടെ ഒരു മനുഷ്യൻ യേശുവിനെ പിന്തുടരണം എന്ന് ആഗ്രഹം പ്രകടിപ്പിക്കുമ്പോൾ അതിനനുവദിക്കാത്തതെന്നോർക്കണം. കാരണമില്ലാതെ കാര്യമുണ്ടാകുന്നില്ല എന്ന് നമുക്കറിയാം. യേശു ഒരുവൻ തന്നെ പിന്തുടരാൻ ആഗ്രഹം പ്രകടിപ്പിച്ചിട്ടും അനുവദിക്കാതിരുന്നതിനും തീർച്ചയായും ഒരു കാരണമുണ്ടാവും അക്കാരണത്തിലേക്ക് കടക്കും മുന്നേ മറ്റൊരു കാര്യം സൂചിപ്പിക്കേണ്ടതുണ്ട് എന്ന് കരുതുന്നു.

---

134. മാർക്കോസ് 5:16-20

ഒരിക്കൽ ഒരു മനുഷ്യൻ യേശുവിനോട്, 'കർത്താവേ, എന്റെ പിതാവിന്റെ ജഡം സംസ്കരിച്ചു വരാൻ എന്നെ അനുവദിക്കേണമേ' എന്ന് അപേക്ഷിച്ചപ്പോൾ യേശു അയാളോടു പറഞ്ഞത് 'നീ എന്നെ അനുഗമിക്കുക, മരിച്ചവർ തങ്ങളുടെ മരിച്ചവരെ സംസ്കരിക്കട്ടെ'[135] എന്നാണ്. മനുഷ്യരെ സംബന്ധിച്ചിടത്തോളം യേശുവിനെ അനുഗമിക്കുക എന്നത് സ്വന്തം പിതാവിന്റെ ജഡത്തിന് അന്ത്യോപചാരമർപ്പിക്കുന്നതിനേക്കാൾ പരമപ്രധാനമാണ് എന്നതാണ് ഈ വചനത്തിന്റെ പൊരുൾ. ക്രിസ്ത്യാനിയെന്നാൽ യേശുവിന്റെ അനുയായി, യേശുവിന്റെ പാത പിന്തുടരുന്നവനാണ് യഥാർത്ഥ ക്രിസ്ത്യാനി.

കുറച്ചുകൂടി വ്യക്തമായി പറഞ്ഞാൽ പറുദീസയുടെ കിഴക്കുഭാഗത്ത് ഏദൻതോട്ടം എന്നൊരു തോട്ടമുണ്ട് അതിന്റെ നടുവിൽ നിത്യജീവന്റെ ഫലങ്ങൾ നൽകുന്ന ഒരു വൃക്ഷവും ഉണ്ട്. പറുദീസയിൽ അഥവാ സ്വർഗ്ഗരാജ്യത്തിൽ പോയി നിത്യജീവന്റെ കനി തിന്നാതെ ക്രിസ്ത്യാനിക്ക് നിത്യജീവൻ ഉണ്ടാവില്ല. യേശു ദൈവപുത്രൻ ആണെന്ന് വിശ്വസിക്കുക തന്റെ കുരിശുമെടുത്ത് യേശുവിനെ പിന്തുടരുക എന്നതു മാത്രമാണ് സ്വർഗ്ഗരാജ്യത്തിലേക്ക് പ്രവേശിക്കാനുള്ള ഏക മാർഗം. അപ്പോൾ പിന്നെ പിതാവിന്റെ ജഡം സംസ്കരിക്കാൻ അനുവദിക്കണമേ എന്ന് ഒരുവൻ പറഞ്ഞപ്പോൾ യേശു അത് അനുവദിക്കാതെ തന്നെ പിന്തുടരുക എന്നു പറയുന്നതിൽ അപാകതയൊന്നും ഇല്ലല്ലോ എന്നതാണ് ക്രിസ്ത്യൻപക്ഷം.

എങ്കിൽ ആയിരക്കണക്കിന് പിശാചുക്കൾ 'തൽക്കാലത്തേക്ക്' കൂടൊഴിഞ്ഞു പോയ ആ ദെക്കപൊലീസുകാരൻ മനുഷ്യൻ യേശുവിനെ അനുഗമിക്കാൻ തന്നെ അനുവദിക്കണമേ എന്ന് അപേക്ഷിച്ചപ്പോൾ യേശു അയാളെ തന്നെ പിന്തുടരുവാൻ അനുവദിക്കേണ്ടതല്ലേ?

യേശു വന്നിരിക്കുന്നത് മനുഷ്യരെ സ്വർഗ്ഗത്തിൽ കൊണ്ടുപോകാനല്ല മറിച്ച് ക്രിസ്തുമതം സ്ഥാപിക്കുവാനാണ് എന്ന സത്യത്തിലേക്കാണ് ഈ വൈരുദ്ധ്യം വിരൽചൂണ്ടുന്നത്.

ഗലീലികടൽതീരത്തെ പട്ടണങ്ങളിലൊക്കെ പ്രസംഗിച്ച് അവിടുത്തെ മീൻപിടുത്തക്കാരെയൊക്കെ മാമോദിസ മുക്കി ക്രിസ്ത്യാനികളാക്കി മാറ്റി ക്രിസ്തുമതത്തിന് അടിത്തറ ഇടുക എന്നതായിരുന്നു യേശുവിന്റെ ലക്ഷ്യം.

"അവൻ പറഞ്ഞു: നമുക്ക് അടുത്ത പട്ടണങ്ങളിലേക്കു പോകാം. അവിടെയും എനിക്കു പ്രസംഗിക്കേണ്ടിയിരിക്കുന്നു. അതിനാണു ഞാൻ വന്നിരിക്കുന്നത്. സിനഗോഗുകളിൽ പ്രസംഗിച്ചുകൊണ്ടും പിശാചുക്കളെ പുറത്താക്കിക്കൊണ്ടും അവൻ ഗലീലിയിലുടനീളം സഞ്ചരിച്ചു."[136] യേശു വന്നിരിക്കുന്നത് ഗലീലിയിലെ പട്ടണങ്ങളിൽ ഉടനീളം ക്രിസ്തു

135. മത്തായി 8:22
136. മാർക്കോസ് 1:39

മതപ്രചരണം നടത്താനാണ്. അങ്ങിനെ സഞ്ചരിച്ചു സഞ്ചരിച്ച് യേശുവും ശിഷ്യന്മാരും ഗലീലി കടലിന്റെ മറുകരയിൽ ദെക്കപൊലീസ് പ്രദേശത്തെ ഗെരസേനറുടെ നാട്ടിലെത്തി. യേശു ആ പ്രദേശത്ത് സുവിശേഷവേലയിറക്കുന്നതിനുമുന്നേ യേശു പുറത്താക്കിയ പിശാചുക്കൾ അവിടെ ആയിരകണക്കിന് പന്നികളെ കൊല്ലുവാൻ ഇടയാകുന്നു. ഇതു കണ്ട നാട്ടുകാർ യേശുവിനോട് തങ്ങളുടെ പ്രദേശം വിട്ടുപോകണമെന്ന് പറയുന്നു. ഗത്യന്തരമില്ലാതെ വന്ന കാര്യം സാധിക്കാതെ യേശു തിരിച്ചു പുറപ്പെടാൻ തയ്യാറാകുന്നു. അവർ വഞ്ചിയിൽ കയറാൻ തുടങ്ങിയപ്പോൾ, പിശാചുബാധിച്ചിരുന്ന അന്നാട്ടുകാരൻ മനുഷ്യൻ യേശുവിനോടുകൂടെ പോകുന്നതിന് അനുവാദം ചോദിക്കുന്നു. കൗശലത്തിനു കൈയും കാലും മുളച്ചവനായ യേശു അവനെ പിന്തുടരാൻ അനുവദിക്കുന്നില്ല മറിച്ച് നീ വീട്ടിൽ സ്വന്തക്കാരുടെ അടുത്തേക്കു പോവുക. കർത്താവു നിനക്കുവേണ്ടി എന്തെല്ലാം പ്രവർത്തിച്ചുവെന്നും എങ്ങനെ നിന്നോടു കരുണ കാണിച്ചുവെന്നും അവരെ അറിയിക്കുക എന്ന് പറയുന്നു.

അടുത്ത വചനം ശ്രദ്ധിക്കുക: 'അവൻ പോയി, യേശു തനിക്കു വേണ്ടി എന്തെല്ലാം ചെയ്തെന്ന് ദെക്കാപ്പോളിസിൽ പ്രഘോഷിക്കാൻ തുടങ്ങി. ജനങ്ങൾ അദ്ഭുതപ്പെട്ടു. 'അങ്ങനെ യേശു ചെയ്യാൻ ആഗ്രഹിച്ചിരുന്ന കാര്യം അതായത് ദെക്കാപൊലീസിലെ സുവിശേഷവേല അവനിലൂടെ യേശു സാധിച്ചെടുക്കുന്നു. നാട്ടുകാർ യേശുവിനെ അവരുടെ നാട്ടിൽ തുടരാൻ അനുവദിച്ചിരുന്നുവെങ്കിൽ യേശു അയാളോട് തന്നെ പിന്തുടരുവാൻ അങ്ങോട്ട് ആവശ്യപ്പെട്ടേനെ!

മുകളിൽ പറഞ്ഞ "സിനഗോഗുകളിൽ പ്രസംഗിച്ചുകൊണ്ടും പിശാചുക്കളെ പുറത്താക്കിക്കൊണ്ടും അവൻ ഗലീലിയിലുടനീളം സഞ്ചരിച്ചു." എന്ന ബൈബിൾ വചനത്തിൽ നിന്നും ഒത്തിരി കാര്യങ്ങൾ മനസിലാക്കാവുന്നതാണ്.

യേശു ഗലീലിയിൽ എവിടൊക്കെ സഞ്ചരിച്ചുവോ അവിടൊക്കെ യേശുവിനെയും കാത്ത് പിശാചുക്കൾ നില്പുണ്ടായിരുന്നുവെന്നും, യേശുവും 12 ശിഷ്യന്മാരും കടന്നു ചെന്ന സിനഗോഗിൽ, സഞ്ചരിച്ച വഴികളിൽ, പ്രവേശിച്ച വീടുകളിൽ, എല്ലായിടത്തും പിശാചുക്കളുടെ സാന്നിധ്യമുണ്ടായിരുന്നുവെന്നും, 'ശിഷ്യന്മാരോടൊത്ത്' യേശുവിനെ കണ്ടമാത്രയിൽ പിശാചു ബാധിച്ച മനുഷ്യർ യേശുവിന്റെ മുന്നിൽ ചെന്ന് മുട്ടുകുത്തി ദൈവപുത്രനായ ക്രിസ്തുവേ എന്ന് അലറി വിളിക്കാറുണ്ടായിരുന്നുവെന്നും, പിശാച് ബാധിച്ചു പ്രത്യക്ഷത്തിൽ ബധിരരും മൂകരും അന്ധരുമൊക്കെയായിതീർന്ന മനുഷ്യരിൽ നിന്നും യേശു പിശാചിനെ പുറത്താക്കിയിരുന്നുവെന്നും, പിശാച് ഒഴിഞ്ഞുപോകുന്നതോടുകൂടി ആ മനുഷ്യർക്ക് നഷ്ടപെട്ട കാഴ്ചയും കേൾവിയുമൊക്കെ തിരികെ ലഭിച്ചിരുന്നുവെന്നും, ദൈവപുത്രനായതുകൊണ്ട് യേശു ഏതോ ദിവ്യശക്തിയാൽ മനുഷ്യരെ സുഖപ്പെടുത്തുകയാണെന്ന് എല്ലാറ്റിനും ദൃക്സാക്ഷികളായ അപ്പോസ്തലന്മാർ തെറ്റിദ്ധരിച്ചുവെന്നും

അഥവാ ശിഷ്യന്മാരെ സമർത്ഥമായി തെറ്റിദ്ധരിപ്പിക്കുവാൻ യേശുവിനു കഴിഞ്ഞിരുന്നുവെന്നും, ഇത് കാലക്രമേണ ശിഷ്യന്മാരിൽ യേശു ദൈവപുത്രനാണെന്ന വിശ്വാസം രൂഢമൂലമാവാൻ ഹേതുവായെന്നും, അങ്ങിനെ യേശു ദൈവപുത്രനാണെന്ന് തെറ്റിദ്ധരിച്ച അവർ ലോകത്തിന്റെ നാനാഭാഗത്തുംപോയി യേശു ദൈവപുത്രനാണെന്ന് പ്രസംഗിക്കുകയും ഒത്തിരി മനുഷ്യരെ മാമോദീസ മുക്കി ക്രിസ്ത്യാനികൾ ആക്കിത്തീർത്തുവെന്നും, ആ പ്രക്രിയയിൽ ശിഷ്യന്മാരൊക്കെ ലോകത്തിന്റെ വിവിധയിടങ്ങളിൽ വെച്ച് ദാരുണമായി കൊല്ലപ്പെടുകയുണ്ടായിയെന്നും മനസിലാക്കാവുന്നതാണ്.

ഒന്നാലോചിച്ചാൽ യേശുവിനു മുൻപും പിൻപും ധാരാളം ഗുരുശിഷ്യപരമ്പരകൾ ഉണ്ടായിട്ടുണ്ട്. ഭാരതത്തിൽ എത്രയെത്ര ഗുരുശിഷ്യപരമ്പരകൾ? ശ്രീമദ് ആദി ശങ്കരാചാര്യന്റെ ശിഷ്യപരമ്പര ഇന്നുമുണ്ട്. എന്തുകൊണ്ട് ലോകരക്ഷകൻ എന്ന് ക്രിസ്ത്യാനികൾ വിശ്വസിക്കുന്ന യേശുവിനും ശിഷ്യന്മാർക്കും മാത്രം ദാരുണാന്ത്യം?

യേശുവും പിശാചുക്കളും എന്നത് പടത്തലവനും പടയാളികളും പോലെയാണ് എന്നത് കൂടുതൽ വ്യക്തമാകുന്ന ഒരു സംഭവം ബൈബിളിൽ ഉണ്ട്:

"യേശു കഫർണാമിൽ പ്രവേശിച്ചപ്പോൾ ഒരു ശതാധിപൻ അവന്റെ അടുക്കൽ വന്ന് യാചിച്ചു: കർത്താവേ, എന്റെ ഭൃത്യൻ തളർവാതം പിടിപെട്ട് കഠിനവേദന അനുഭവിച്ച്, വീട്ടിൽ കിടക്കുന്നു. യേശു അവനോടു പറഞ്ഞു: ഞാൻ വന്ന് അവനെ സുഖപ്പെടുത്താം. അപ്പോൾ ശതാധിപൻ പ്രതിവചിച്ചു: കർത്താവേ, നീ എന്റെ ഭവനത്തിൽ പ്രവേശിക്കാൻ ഞാൻ യോഗ്യനല്ല. നീ ഒരു വാക്ക് ഉച്ചരിച്ചാൽ മാത്രം മതി, എന്റെ ഭൃത്യൻ സുഖപ്പെടും. ഞാനും അധികാരത്തിനു കീഴ്പ്പെട്ടവനാണ്. എന്റെ കീഴിലും പടയാളികളുണ്ട്. ഒരുവനോടു പോകുക എന്നു പറയുമ്പോൾ അവൻ പോകുന്നു. അപരനോടു വരുക എന്നുപറയുമ്പോൾ അവൻ വരുന്നു. എന്റെ ദാസനോട് ഇതു ചെയ്യുക എന്നുപറയുമ്പോൾ അവൻ അതു ചെയ്യുന്നു. യേശു ഇതുകേട്ട് ആശ്ചര്യപ്പെട്ട്, തന്നെ അനുഗമിച്ചിരുന്നവരോടു പറഞ്ഞു: സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ഇതുപോലുള്ള വിശ്വാസം ഇസ്രായേലിൽ ഒരുവനിൽ പോലും ഞാൻ കണ്ടിട്ടില്ല!" [137]

യേശു തന്റെ പടയാളികളായ പിശാചുക്കളോടു പോകുക എന്ന് പറഞ്ഞാൽ മതി അവറ്റകൾ പോയിക്കോളും എന്നല്ലേ ശതാധിപൻ പറയുന്നത്?

ബൈബിളിൽ ഉടനീളം കാണുന്നതും അത് തന്നെയല്ലേ? തളർവാതവും മുടന്തും അന്ധതയും ബധിരതയും മൂകതയും എന്തിനേറെ പനി പോലും ശാസിച്ചല്ലേ യേശു മാറ്റുന്നത്? യേശു പിശാചുക്കളെ ശാസി

137. മത്തായി 8:5-10

ക്കുന്നതും കാണാം യേശു രോഗികളെ സുഖപ്പെടുത്തുന്നതും കാണാം. യേശു സുഖപ്പെടുത്തി എന്ന് പറയുന്ന രോഗികളുടെ ഉള്ളിൽ പിശാച് ഉണ്ടായിരുന്നു എന്ന് സൂചിപ്പിക്കുന്ന ചില ബൈബിൾവചനങ്ങൾ താഴെ കുറിക്കാം: 'അവർ പൊയ്ക്കഴിഞ്ഞപ്പോൾ പിശാചുബാധിതനായ ഒരു ഊമനെ ജനങ്ങൾ അവന്റെയടുക്കൽ കൊണ്ടുവന്നു. അവൻ പിശാചിനെ പുറത്താക്കിയപ്പോൾ ആ ഊമൻ സംസാരിച്ചു.'[138]

യേശു പിശാചിനെ പുറത്താക്കിയപ്പോഴാണ് ആ ഊമൻ സംസാരിച്ചത് അതായതു അയാൾ ഊമൻ അല്ലായിരുന്നു മറിച്ച് അയാളെ ബാധിച്ച പിശാച് അയാളെ സംസാരിക്കാൻ അനുവദിക്കുന്നില്ലായിരുന്നു. യേശു വരുന്നു പിശാചിനെ പുറത്താക്കുന്നു ഊമൻ സംസാരിക്കുന്നു അത്ഭുതസിദ്ധികളുള്ള വ്യക്തിയെന്ന കീർത്തി യേശുവിന്. പിശാചുക്കളും യേശുവും തമ്മിലുള്ള കൂട്ടുകച്ചവടമല്ലേ സത്യത്തിൽ അവിടെ നടന്നത്?

'യേശു അവനെ ശാസിച്ചു. പിശാച് അവനെ വിട്ടുപോയി. തത്ക്ഷണം ബാലൻ സുഖംപ്രാപിച്ചു.'[139]

ബാലന് അസുഖമൊന്നുമുണ്ടായിരുന്നില്ല പിശാചുബാധയായിരുന്നു ബാലന്റെ ഏക അസുഖം. പിശാചു പോയപ്പോൾ ബാലനു സൗഖ്യമായി ബാലനെ സുഖപ്പെടുത്തിയ പേരും പെരുമയും യേശുവിന്.

'വിവിധ രോഗങ്ങൾ ബാധിച്ചിരുന്ന വളരെപ്പേരെ അവൻ സുഖപ്പെടുത്തി. അനേകം പിശാചുക്കളെ പുറത്താക്കി.'[140]

'ഞാൻ ഇന്നും നാളെയും പിശാചുക്കളെ പുറത്താക്കുകയും രോഗശാന്തി നല്കുകയും ചെയ്യും.'[141]

പിശാചുബാധയാൽ വിവിധരോഗങ്ങൾ ബാധിച്ചിരുന്ന അനേകം പേരെ യേശു സുഖപ്പെടുത്തി, എങ്ങനെ സുഖപ്പെടുത്തി? പിശാചുക്കളോടു 'കടക്കു പുറത്ത്' എന്ന് പറഞ്ഞു; തൽക്ഷണം അവറ്റകൾ യേശുവും പിശാചുക്കളും മുൻകൂട്ടി നിശ്ചയിച്ചിരുന്ന പ്രകാരം പുറത്തുപോയി. പിശാച് പുറത്തുപോയപ്പോൾ ഊമൻ സംസാരിച്ചതുപോലെ അനേകരുടെ പനിയും അന്ധതയും ബധിരതയും തളർവാതവും മൂകതയുമൊക്കെ പോയി. അങ്ങനെ പിശാചുക്കളുടെ സഹകരണത്താൽ യേശുവിന് കൂടുതൽ കൂടുതൽ ദൈവികപരിവേഷം കൈവരികയും ചെയ്തു.

### പിശാചിന്റെ വ്യക്തിത്വഭേദങ്ങൾ

ബൈബിളിൽ പലവിധത്തിൽ പെരുമാറുന്ന ഒത്തിരി പിശാചുക്കളുണ്ട്. നമുക്ക് അവറ്റകളുടെ സ്വഭാവം ഒന്ന് പഠിക്കാൻ ശ്രമിക്കാം. യേശു

---

138. മത്തായി 9:32-33
139. മത്തായി 17:18
140. മാർക്കോസ് 1:34
141. ലൂക്കോസ് 13:32

വിനെ പരീക്ഷിച്ചു എന്ന് ബൈബിൾ പറയുന്ന പിശാച്, പത്രോസിനെ ബാധിച്ച പിശാച്, യൂദാസിന് അപ്പം നൽകിയപ്പോൾ യൂദാസിന്റെ ഉള്ളിൽ കടന്ന പിശാച്, യേശു പോകുന്നിടത്തൊക്കെ കാത്തുനിന്ന് യേശുവിന് ഓശാന പാടുന്ന പിശാചുക്കൾ.

യേശുവിനെ പരീക്ഷിച്ചു എന്നു പറയുന്ന പിശാച് യേശുവിനെ വണങ്ങുന്നില്ല; യേശു ദൈവപുത്രൻ ആണെന്ന് വിളിച്ചു കൂവുന്നില്ല; മറിച്ച് നീ ദൈവപുത്രൻ ആണെങ്കിൽ ഈ കല്ലുകളോട് അപ്പമാകാൻ പറയുക എന്ന് യേശുവിനെ വീണ്ടും വീണ്ടും വെല്ലുവിളിക്കുകയാണ് ചെയ്യുന്നത്. അതായത് പ്രസ്തുത പിശാചിന് യേശു ദൈവപുത്രനല്ല എന്ന് നല്ല ബോധ്യമുണ്ടെന്നു സാരം.

യേശു പത്രോസിനോട് തനിക്ക് ജെറുസലേമിലേക്കു പോകണമെന്നും താൻ വധിക്കപ്പെടും എന്നുമൊക്കെ പറയുമ്പോൾ പത്രോസ് യേശുവിനെ മാറ്റിനിർത്തി ഇതൊരിക്കലും നിനക്ക് സംഭവിക്കാതിരിക്കട്ടെ എന്നു പറയുന്നതു കേട്ട് യേശു പത്രോസിനോട്, 'സാത്താനേ എന്റെ മുമ്പിൽ നിന്ന് പോകൂ' എന്നു പറയുന്നുണ്ട്. ഇതിനർത്ഥം അവിടെ യേശു പത്രോസിൽ പിശാചു പ്രവേശിച്ചുവെന്ന് തിരിച്ചറിഞ്ഞു എന്നാണ്. എന്നാൽ ഈ പിശാച് യേശു വധിക്കപ്പെടുന്നത് ഇഷ്ടമല്ലാത്ത യേശുവിന്റെ കുരിശുമരണത്തിന് മാർഗ്ഗതടസ്സം സൃഷ്ടിക്കുന്ന പിശാചാണെന്നാണ് യേശു പറയുന്നത്.

എന്നാൽ യൂദാസിനെ ബാധിച്ച പിശാചിന്റെ സ്വഭാവം ഇതിനു കടകവിരുദ്ധമാണ്. യേശുവിനെ പിടികൂടാൻ യഹൂദരെ കൊണ്ടുവരുന്നത് യൂദാസിന്റെ ഉള്ളിലുള്ള പിശാചാണ്. അതായത് പത്രോസിന്റെ ഉള്ളിലുള്ള പിശാചിന്റെ നേർവിപരീത സ്വഭാവമുള്ള പിശാചാണ് യൂദാസിന്റെ ഉള്ളിൽ ഉണ്ടായിരുന്നത്.

പത്രോസിന്റെ ഉള്ളിലെ പിശാച് യേശു വധിക്കപ്പെടുന്നതിന് മാർഗ്ഗതടസ്സം സൃഷ്ടിക്കാൻ ശ്രമിക്കുമ്പോൾ യൂദാസിന്റെ ഉള്ളിലുള്ള പിശാച് യേശു വധിക്കപ്പെടാൻ യഹൂദരെ കൂട്ടിക്കൊണ്ടുവരുന്നു. പത്രോസിന്റെ ഉള്ളിലുള്ള പിശാച് യേശുവിന്റെ ഇംഗിതത്തിനു വഴങ്ങാത്ത പിശാചും യൂദാസിന്റെ ഉള്ളിൽ ഉണ്ടായിരുന്ന പിശാച് യേശുവിന്റെ ഇംഗിതപ്രകാരം പ്രവർത്തിക്കുന്ന പിശാചും! സകല പിശാചുക്കളുടെയും മേൽ യേശുവിന് ശക്തിയും അധികാരവും ഇല്ല എന്ന സത്യത്തിലേക്കാണ് ഈ വൈരുദ്ധ്യം വിരൽ ചൂണ്ടുന്നത്.

പിശാചുക്കളെ താഴെ അന്ധകാരത്തിൽ അന്ത്യവിധിദിനം വരെ ചങ്ങലക്കിട്ടിരിക്കുന്നു എന്നു പറയുന്ന ബൈബിൾ തന്നെയാണ് പിശാചുക്കൾ യേശു പോകുന്നിടത്തൊക്കെ കാത്തുനിന്ന് യേശുവിനെ ദൈവപുത്രൻ എന്ന് വിളിച്ചു വാഴ്ത്തുകയായിരുന്നു എന്നു പറയുന്നത്. അതേ പിശാചുക്കളുടെ സഹകരണത്താലാണ് അന്ധന് കാഴ്ചശക്തിയും ബധിരന് കേൾവിശക്തിയുമൊക്കെ നൽകാൻ യേശുവിന് കഴിഞ്ഞതും

തദ്ദേശവാസികളുടെയിടയിൽ ദിവ്യൻ ചമയാൻ കഴിഞ്ഞതും. യേശു പുറത്താക്കുന്ന പിശാചുക്കൾ ഒക്കെ തങ്ങൾ ഏത് ഗൃഹത്തിൽ നിന്നുമാണോ പുറത്തേക്കു പോയത് അതേ ഗൃഹത്തിൽതന്നെ പൂർവ്വാധികം ശക്തിയോടെ തിരിച്ചുപ്രവേശിക്കുമെന്നും പിശാച് ബാധിച്ച മനുഷ്യന്റെ ഒടുവിലത്തെ അവസ്ഥ ആദ്യത്തേതിനേക്കാൾ മോശമായിരിക്കും എന്നും ഈ ദുഷിച്ച തലമുറയുടെ അവസ്ഥയും അതു തന്നെയായിരിക്കുമെന്ന് ശാപവാക്കുകളുതിർക്കുന്നതും യേശു തന്നെയാണ്. ഫലത്തിൽ പിശാചുബാധകൊണ്ടും ബാധയൊഴിപ്പിക്കൽ കൊണ്ടും നേട്ടമുണ്ടായത് യേശുവിനും പിശാചുക്കൾക്കും മാത്രമാണ്. യേശു പ്രവർത്തിച്ച ഇത്തരം അനേകം അത്ഭുതങ്ങൾ ഉണ്ട് അവ ഓരോന്നും എണ്ണിയെണ്ണി പറയുക എന്നത് കടലിലെ മീനുകളെ എണ്ണി തിട്ടപ്പെടുത്തുന്നതിലും ദുഷ്കരമായ കാര്യമായതിനാൽ തല്ക്കാലം ഇവിടെ നിർത്തുന്നു.

■

# 7. സുവിശേഷങ്ങൾ രചിച്ചത് നാലു ശിഷ്യന്മാരോ?

**ബൈ**ബിൾ പറയുന്ന നുണകളും ബൈബിളിൽ യേശു പറയുന്ന നുണകളും ധാരാളം വിവരിച്ചുകഴിഞ്ഞു. ഈ നുണകളുടെയെല്ലാം പിന്നിൽ ആരാണ്? വാതോരാതെ നുണകൾ പറയുന്ന ആ നുണയൻ ആരാണ് എന്നതാണ് ഈ അദ്ധ്യായത്തിന്റെ ചർച്ചാവിഷയം.

മത്തായി, മാർക്കോസ്, ലൂക്കോസ്, യോഹന്നാൻ ഈ നാല് പേരുകളിലാണ് യേശുവിന്റെ ജീവചരിത്രം രേഖപ്പെടുത്തിക്കാണുന്നതെങ്കിലും അവയിലെ വൈരുദ്ധ്യങ്ങളുടെ അതിപ്രസരം ഈ ഗ്രന്ഥങ്ങൾ എഴുതിയത് സത്യത്തിൽ ഇവർ തന്നെയാണോ എന്ന സംശയത്തിന് ആക്കം കൂട്ടുന്നു!

**നാലു സുവിശേഷരചയിതാക്കൾ**

ആദ്യം ആരായിരുന്നു മത്തായി മാർക്കോസ്, ലൂക്കോസ്, യോഹന്നാൻ എന്ന് നോക്കാം. മത്തായിയും യോഹന്നാനും യേശുവിന്റെ തിരഞ്ഞെടുക്കപ്പെട്ട 12 ശിഷ്യന്മാരിൽ അഥവാ അപ്പോസ്തലന്മാരിൽപെട്ടവരായിരുന്നു എന്നാണ് ക്രിസ്ത്യൻവിശ്വാസം. മാർക്കോസ് യേശുവിന്റെ അപോസ്തലഗണത്തിൽ പെടുന്നയാളല്ല. അയാൾ പത്രോസിന്റെയും പൗലോസിന്റെയും ശിഷ്യനായിരുന്നു എന്നാണത്രെ ക്രിസ്ത്യൻ വിശ്വാസം. ഉറപ്പില്ലാത്ത തെളിവൊന്നുമില്ലാത്ത കാര്യത്തെയാണല്ലോ പൊതുവെ വിശ്വാസമെന്നു പറയുന്നത്. ലൂക്കോസ് ഒരു വൈദ്യൻ ആയിരുന്നുവെന്നും അയാൾ പൗലോസിന്റെ സ്നേഹിതൻ ആയിരുന്നുവെന്നും കരുതപ്പെടുന്നു.

മത്തായിയും യോഹന്നാനും യേശുവിന്റെ 12 അപോസ്തലന്മാരിൽ ഉൾപെട്ടവരായതുകൊണ്ടു സംഭവിച്ച കാര്യങ്ങൾക്കെല്ലാം അവർ ദൃക്സാക്ഷികൾ ആയിരുന്നിരിക്കണം, എങ്കിൽ അവരുടെ വൃത്താന്തത്തിൽ യാതൊരു വൈരുദ്ധ്യങ്ങളും കടന്നുകൂടാൻ പാടില്ലാത്തതാകുന്നു. എന്നാൽ രണ്ടുപേരുടെയും വിവരണങ്ങളിൽ ആദിമധ്യാന്തം വൈരുദ്ധ്യങ്ങളാണ് എന്നതാണു സത്യം!

**സ്നാപകചരിതത്തിലെ അന്തർവൈരുദ്ധ്യങ്ങൾ**

ചില ഉദാഹരണങ്ങൾ താഴെ കുറിക്കാം. താഴെ ചൂണ്ടിക്കാട്ടുന്ന

വൈരുദ്ധ്യത്തിൽ യോഹന്നാൻ എന്ന പേര് ആവർത്തിക്കപ്പെട്ടിട്ടുണ്ട്. ഒന്ന് യേശുവിന്റെ 12 അപോസ്തലന്മാരിൽപെട്ടയാളും മറ്റൊന്ന് സ്നാപകയോഹന്നാനുമാണ്. രണ്ടു പേർക്കും ഒരേ നാമമാകയാൽ വായനക്കാരനിൽ ഇത് ആശയക്കുഴപ്പമുണ്ടാക്കാൻ സാധ്യതയുള്ളതുകൊണ്ട് ഇതു മുൻകൂട്ടി വ്യക്തമാക്കി എന്നേയുള്ളൂ.

'(സ്നാപക) യോഹന്നാൻ ബന്ധനസ്ഥനായെന്നു കേട്ടപ്പോൾ യേശു ഗലീലിയിലേക്കു പിൻവാങ്ങി'[142] എന്നു പറയുന്നുണ്ട്. അങ്ങനെ ഗലീലികടൽത്തീരത്തുകൂടെ യേശു നടക്കുമ്പോഴാണ് പത്രോസിനെയും അയാളുടെ സഹോദരൻ അന്ത്രയോസിനെയും കാണുന്നതും, അവരോട്, 'എന്റെ പിന്നാലെ വരൂ, ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കാം എന്നു പറയുന്നതും, അവർ യേശുവിനെ പിന്തുടരുന്നതും, അങ്ങനെ യേശുവിന് തന്റെ ആദ്യ ശിഷ്യന്മാരെ കിട്ടുന്നതും. അതായത് മത്തായിയുടെ 'സുവിശേഷ' പ്രകാരം യേശുവിന് തന്റെ ആദ്യ ശിഷ്യന്മാരെ കിട്ടുന്നതിനു മുന്നേ സ്നാപകയോഹന്നാൻ ബന്ധനസ്ഥനാക്കപ്പെട്ടിരുന്നു.

എന്നാൽ ഇതിനു കടകവിരുദ്ധമാണ് യോഹന്നാന്റെ വൃത്താന്തം. "ഇതിനുശേഷം യേശുവും ശിഷ്യന്മാരും യൂദാദേശത്തേക്കു പോയി. അവിടെ അവൻ അവരോടൊത്തു താമസിച്ച് സ്നാനം നല്കി. സാലിമിനടുത്തുള്ള ഏനോനിൽ വെള്ളം ധാരാളമുണ്ടായിരുന്നതിനാൽ അവിടെ യോഹന്നാനും സ്നാനം നല്കിയിരുന്നു. ആളുകൾ അവന്റെ അടുത്തുവന്ന് സ്നാനം സ്വീകരിച്ചിരുന്നു. യോഹന്നാൻ ഇനിയും കാരാഗൃഹത്തിലടയ്ക്കപ്പെട്ടിരുന്നില്ല' എന്നാണ് യോഹന്നാന്റെ പുസ്തകം 3:22-24 ൽ രേഖപ്പെടുത്തിയിട്ടുള്ളത്. യേശുവും ശിഷ്യന്മാരും സ്നാനം നൽകുന്നു തൊട്ടടുത്ത് സ്നാപകയോഹന്നാനും സ്നാനം നൽകുന്നു മാത്രമല്ല യേശുവും ശിഷ്യന്മാരും സ്നാനം നൽകുന്നത് കണ്ട് 'സ്നാപകയോഹന്നാന്റെ ശിഷ്യന്മാർ സ്നാപക'യോഹന്നാനെ സമീപിച്ചു പറഞ്ഞു: 'ഗുരോ, ജോർദ്ദാന്റെ അക്കരെ നിന്നോടു കൂടിയുണ്ടായിരുന്നവൻ, നീ ആരെപ്പറ്റി സാക്ഷ്യപ്പെടുത്തിയോ അവൻ, ഇതാ, ഇവിടെ സ്നാനം നല്കുന്നു. എല്ലാവരും അവന്റെ അടുത്തേക്കു പോവുകയാണ്.'[143] എന്നും പറയുന്നുണ്ട്.

ഇത് പക്ഷെ മത്തായിയുടെ വൃത്താന്തപ്രകാരം അസംഭവ്യമാണ് കാരണം മത്തായിയുടെ പുസ്തകപ്രകാരം യേശുവിന് തന്റെ ആദ്യകാല ശിഷ്യന്മാരെ കിട്ടുന്നതിന് മുന്നെ സ്നാപകയോഹന്നാൻ ബന്ധനസ്ഥനായിരുന്നു മാത്രമല്ല ഹേറോദോസ് രാജാവിന്റെ കല്പനപ്രകാരം കാരാഗൃഹത്തിൽ വെച്ച് തന്നെ സ്നാപകയോഹന്നാന്റെ ശിരച്ഛേദവും ചെയ്യപ്പെട്ടിരുന്നു. അപ്പോൾ യേശുവും ശിഷ്യന്മാരും സാലിമിനടുത്തു

142. മത്തായി 4:12
143. യോഹന്നാൻ 3:26

ള്ള ഐനോനിൽ സ്നാപനം നടത്തുമ്പോൾ സ്നാപകയോഹന്നാനും തൊട്ടടുത്ത് സ്നാനം നടത്തി എന്ന് യോഹന്നാന്റെ സുവിശേഷത്തിൽ പറയുന്നത് കള്ളമല്ലേ?

ഒരു കള്ളം പറഞ്ഞിട്ട് അത് സത്യമാണെന്നു വരുത്തിത്തീർക്കാൻ പെരുങ്കള്ളന് നൂറു കള്ളങ്ങൾ പറയേണ്ടിവരും. പക്ഷെ, അവൻ പറയുന്ന നൂറു കള്ളങ്ങളിൽ ഏതേലും ഒരു കാര്യം കള്ളമാണെന്നു തെളിഞ്ഞാൽ അതോടൊപ്പം മറ്റെല്ലാ കള്ളങ്ങളും ചീട്ടുകൊട്ടാരം പോലെ തകർന്നു വീഴും. ഒരു കള്ളം പറഞ്ഞിട്ട് അതു മറച്ചുപിടിക്കാൻ ബൈബിൾ പറയുന്ന മറ്റൊരു കള്ളമാണ് "യോഹന്നാൻ ഇനിയും കാരാഗൃഹത്തിലടയ്ക്കപ്പെട്ടിരുന്നില്ല" എന്ന യോഹന്നാന്റെ പുസ്തകത്തിലെ 3:ൽ 24ആം വാക്യത്തിലെ കള്ളം.

സ്നാപകയോഹന്നാൻ ബന്ധനസ്ഥനായിരുന്നു എന്ന് മത്തായിയുടെ പുസ്തകം 4: 12-ാം വാക്യത്തിൽ നാം കണ്ടു. എന്നാൽ യോഹന്നാൻ 3:24-ൽ പറയുന്നത് സ്നാപകയോഹന്നാൻ ഇനിയും കാരാഗൃഹത്തിൽ അടക്കപ്പെട്ടിരുന്നില്ല എന്നാണ്. അതായത് അയാൾ ബന്ധനസ്ഥനാക്കപ്പെട്ടിരുന്നു, പക്ഷെ കാരാഗൃഹത്തിൽ അടക്കപ്പെട്ടിരുന്നില്ല എന്ന്. കാരാഗൃഹത്തിൽ അടക്കാനല്ലെങ്കിൽ പിന്നെ സ്നാപകയോഹന്നാനെ ബന്ധനസ്ഥനാക്കിയത് എന്തിനാണ്? ആരാണ്?

'ഹേറോദേസ് യോഹന്നാനെ ബന്ധിച്ചു കാരാഗൃഹത്തിൽ അടച്ചിരുന്നു'വെന്നും പിന്നീട് ഒരു പ്രത്യേക സാഹചര്യത്തിൽ ഹേറോദേസ് 'കാരാഗൃഹത്തിൽ ആളയച്ചു യോഹന്നാന്റെ തല വെട്ടിയെടുത്തു' എന്നുമൊക്കെ സ്നാപകയോഹന്നാന് സംഭവിച്ചതെന്തെന്ന് മത്തായിയുടെ പുസ്തകം 14-ാം അദ്ധ്യായം 3 മുതൽ 10 വരെ വാക്യങ്ങളിൽ വ്യക്തമായി എഴുതിയിട്ടുണ്ട്. ഇനി തലയില്ലാത്ത സ്നാപകയോഹന്നാനാണ് ഐനോനിൽ സ്നാപനം നടത്തിയത് എന്ന് വിശ്വാസികൾ പറയുമോ എന്നു മാത്രമേ സംശയിക്കേണ്ടൂ!

മുകളിൽ ചൂണ്ടിക്കാണിച്ച വൈരുദ്ധ്യത്തിൽ നിന്നും ചില കാര്യങ്ങൾ കൂടി ഗ്രഹിക്കാവുന്നതാണ്. അതായത് യോഹന്നാന്റെ പേരിലുള്ള സുവിശേഷമെഴുതിയത് ആരുമായിക്കൊള്ളട്ടെ, മത്തായിയുടെ പുസ്തകത്തിൽ സ്നാപകയോഹന്നാൻ ബന്ധനസ്ഥനായിരുന്നു എന്നെഴുതിയിട്ടുണ്ടെന്ന് അയാൾ ബോധവാനാണ്.

മത്തായിയുടെ പുസ്തകം 14-ാം അദ്ധ്യായത്തിൽ സ്നാപകയോഹന്നാന്റെ തല ഹേറോദോസ് വെട്ടുന്ന കഥയുണ്ട്. എന്നാൽ യോഹന്നാന്റെ പേരിലുള്ള പുസ്തകത്തിൽ അക്കഥ ഒഴിവാക്കിയിരിക്കുന്നു, ഇത് ബോധപൂർവ്വമാണ്. യോഹന്നാന്റെ തലവെട്ടിയ കഥ എഴുതുകയും അതോടൊപ്പം യേശുവും ശിഷ്യന്മാരും സ്നാപകയോഹന്നാനും ഒരേ സമയത്ത് സ്നാനം നൽകിയിരുന്നു എന്നും എഴുതിയാൽ വൈരുദ്ധ്യം സുതാര്യമാവും എന്ന തിരിച്ചറിവാണ് യോഹന്നാന്റെ സുവിശേഷത്തിൽ അക്കഥ ഒഴിവാക്കിയതിന് കാരണം.

**ലൂക്കോസിന്റെ മുഖവുര – ഒരു മുൻകൂർ ജാമ്യം**

അടുത്ത വിഷയം ലൂക്കോസിന്റെ പേരിലുള്ള സുവിശേഷത്തിൽ നിന്നാണ്. കള്ളങ്ങൾക്ക് മീതെ കള്ളങ്ങൾ കൊണ്ട് കെട്ടിപ്പടുത്ത ഒരു ഗ്രന്ഥത്തെ സുവിശേഷം എന്ന് വിളിക്കുന്നത് ഉചിതമല്ല എന്നറിയാം. പുതിയ നിയമത്തിലെ മത്തായി-മാർക്കോസ്-ലൂക്കോസ്-യോഹന്നാൻ എന്നീ പേരുകളിൽ അറിയപ്പെടുന്ന ആദ്യ നാല് പുസ്തകങ്ങളെയാണ് ക്രിസ്ത്യാനികൾ പൊതുവെ 'ഗോസ്പൽ' എന്നും 'ഗുഡ് ന്യൂസ്' അഥവാ സുവിശേഷം എന്നും വിളിക്കുന്നതെന്ന് ഒട്ടുമിക്ക ആളുകൾക്കും അറിയാവുന്നതാണല്ലോ. അതുകൊണ്ടു മാത്രമാണ് ഈ നാല് പുസ്തകങ്ങളെ ചേർത്ത് സൂചിപ്പിക്കുന്ന സുവിശേഷം എന്ന പദം ഉപയോഗിക്കുന്നത് അല്ലാതെ ഇത് സുവിശേഷമാണെന്ന തെറ്റിദ്ധാരണയൊന്നും ഇതെഴുതുന്നയാൾക്കില്ല.

ലൂക്കായുടെ പേരിലുള്ള സുവിശേഷം ആരംഭിക്കുന്നത് ഇപ്രകാരമാണ്: 'നമ്മുടെ ഇടയിൽ നിറവേറിയ കാര്യങ്ങളുടെ വിവരണം എഴുതാൻ അനേകം പേർ പരിശ്രമിച്ചിട്ടുണ്ടല്ലോ. അതാകട്ടെ ആദിമുതല് തന്നെ വചനത്തിന്റെ ദൃക്സാക്ഷികളും ശുശ്രൂഷകന്മാരും ആയിരുന്നവർ നമുക്ക് ഏല്പിച്ചു തന്നിട്ടുള്ളതനുസരിച്ചാണ്. അല്ലയോ, ശ്രേഷ്ഠനായ തെയോഫിലോസ്, എല്ലാ കാര്യങ്ങളും പ്രാരംഭം മുതല്ക്കേ സൂക്ഷ്മമായി പരിശോധിച്ചതിനുശേഷം എല്ലാം ക്രമമായി നിനക്കെഴുതുന്നത് ഉചിതമാണെന്ന് എനിക്കും തോന്നി." [144]

നമ്മുടെ ഇടയിൽ നിറവേറിയ കാര്യങ്ങളുടെ വിവരണം അതായത് യേശുവിന്റെ ജീവചരിത്രം എഴുതാൻ അനേകം പേർ — മത്തായിയും മാർക്കോസും കൂട്ടരും — ശ്രമിച്ചിട്ടുണ്ടെന്ന് ലൂക്കോസിനറിയാം. ആദി മുതൽ തന്നെ വചനത്തിന്റെ ശുശ്രൂഷകർ ആയിരുന്നവർ എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത് യേശുവിന്റെ കൂടെ ഉണ്ടായിരുന്ന 12 അപോസ്തലന്മാരെയായിരിക്കണം. അവരാണല്ലോ എല്ലാറ്റിനും ദൃക്സാക്ഷികളും അങ്ങനെ ദൃക്സാക്ഷികളായ അപോസ്തലന്മാരിൽ നിന്നും ശേഖരിച്ച വിവരങ്ങൾ എല്ലാം സൂക്ഷ്മമായി പരിശോധിച്ചതിനു ശേഷം എല്ലാം ക്രമമായി തെയോഫിലോസ് എന്ന തന്റെ ചങ്ങാതിയെ അറിയിക്കാൻ എഴുതുന്ന ലേഖനമാണ് തന്റെ സുവിശേഷം എന്ന് പറഞ്ഞുകൊണ്ടാണ് ലൂക്കോസ് എഴുത്ത് ആരംഭിക്കുന്നത് തന്നെ.

ഇത്തരമൊരു മുഖവുര വായിക്കുമ്പോൾ ഏതൊരുവനിലും ഉളവാകുന്ന പ്രതീതി ധാരാളം ഗവേഷണങ്ങൾ നടത്തിയ ഒരു മനുഷ്യൻ എഴുതുന്ന സത്യസന്ധമായ വിവരണമാണിതെന്നാണ്. എന്നാൽ സത്യമതാണോ? നാം കാണുന്നതിനും കേൾക്കുന്നതിനുമൊക്കെയപ്പുറത്ത് കാണാമറയത്ത് ഇരിക്കുന്നതും അന്വേഷിച്ചന്വേഷിച്ച് നാം തേടി കണ്ടെത്തുന്നതു മാത്രമാണ് സത്യം. വരികളിലല്ല, വരികൾക്കിടയിലാണ്

144. ലൂക്കോസ് 1:1–3

സത്യം. ലൂക്കോസിന്റെ ദൃക്സാക്ഷിവിവരണത്തിന്റെ ചില ഏടുകൾ നമുക്കൊന്ന് ഇഴകീറി പരിശോധിക്കാം.

**യേശുവിന്റെ ജനനകാലം: നാലും നാലു കഥകൾ!**

ലൂക്കോസിന്റെ പുസ്തകപ്രകാരം 'ശിശുവിന്റെ പരിച്ഛേദനത്തിനുള്ള എട്ടാംദിവസം ആയപ്പോൾ, അവൻ ഗർഭത്തിൽ ഉരുവാകുന്നതിനു മുമ്പ്, ദൂതൻ നിർദേശിച്ചിരുന്ന, യേശു എന്ന പേര് അവനു നല്കി. മോശയുടെ നിയമമനുസരിച്ച്, ശുദ്ധീകരണത്തിനുള്ള ദിവസങ്ങൾ പൂർത്തിയായപ്പോൾ, അവർ (ജോസെഫും മറിയയും) അവനെ കർത്താവിനു സമർപ്പിക്കാൻ ജറുസലെമിലേക്കു കൊണ്ടുപോയി[145] 'ലേവ്യരുടെ പുസ്തകം 12-ാം അദ്ധ്യായം 4-ാം വാക്യപ്രകാരം നാല്പതാം ദിവസമാണ് ശുദ്ധീകരണത്തിനുള്ള ദിവസങ്ങൾ പൂർത്തിയാകുന്നത്. അതായത് 40 ദിവസമായപ്പോൾ ജോസെഫും മറിയയും ശിശുവായിരുന്ന യേശുവിനെയും കൊണ്ട് ജറുസലേമിൽ വന്നു അവനെ കർത്താവിനു സമർപ്പിച്ചു എന്നാണ് പറയുന്നത്. എന്നാൽ മത്തായിയുടെ പുസ്തകപ്രകാരം ഇത് ശുദ്ധ അസംബന്ധമാണ്. കാരണം മത്തായിയുടെ പുസ്തകപ്രകാരം യേശു ജനിച്ചയുടനെ യേശുവിനെ കാണാനും കാഴ്ചവസ്തുക്കൾ അർപ്പിക്കാനും കിഴക്കുനിന്നും ജ്ഞാനികൾ വരുന്നുണ്ട്. അവരിലൂടെ യേശു ജനിച്ച വിവരമറിഞ്ഞ ഹേറോദോസ് അന്നാട്ടിലെ സകല ശിശുക്കളെയും വധിക്കാൻ ഉത്തരവിടുന്നുണ്ട്. അതിനെത്തുടർന്ന് യേശുവിനെ രക്ഷിക്കാൻ 'കർത്താവിന്റെ ദൂതൻ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ടു ജോസഫിനോടു പറഞ്ഞു: എഴുന്നേറ്റ് ശിശുവിനെയും അമ്മയെയും കൂട്ടി ഈജിപ്തിലേക്കു പലായനം ചെയ്യുക. ഞാൻ പറയുന്നതുവരെ അവിടെ താമസിക്കുക. ഹേറോദേസ് ശിശുവിനെ വധിക്കാൻ വേണ്ടി ഉടനെ അന്വേഷണം തുടങ്ങും. അവൻ ഉണർന്ന്, ശിശുവിനെയും അമ്മയെയും കൂട്ടി, ആ രാത്രിതന്നെ ഈജിപ്തിലേക്കുപോയി; ഹേറോദേസിന്റെ മരണം വരെ അവിടെ വസിച്ചു.'[146]

ജോസെഫും മറിയയും യേശുവുമായി താമസിച്ചത് ഈജിപ്തിൽ എവിടെയാണെന്നു പറയുന്നില്ല. അലക്സാൻഡ്രിയയിൽ ആണെങ്കിൽ ബെത്ലഹേമിൽ നിന്നും ഏതാണ്ട് 1000 കിലോമീറ്റർ ദൂരമുണ്ട്. കെയ്റോയിലാണെങ്കിൽ ഏതാണ്ട് 700 കിലോമീറ്ററും. ഈജിപ്തിൽ എവിടെയായിരുന്നാലും മാസങ്ങൾ വേണ്ടിവരും ജോസഫിനും മറിയയ്ക്കും നവജാതശിശുവായ യേശുവുമായി ബെത്ലഹേമിൽ നിന്നും ഈജിപ്തിലേക്കു പോകാനും പിന്നെ അവിടെനിന്നും തിരിച്ചുവരാനും. മാത്രമല്ല ഹേറോദോസ് മരിക്കുന്നതുവരെ അവർ ഈജിപ്തിൽ താമസിച്ചുവെന്നാണ് മത്തായി പറയുന്നത്. എന്തായാലും അവർ ഈജിപ്തിലെത്തി, എത്ര നാൾ കഴിഞ്ഞാണ് ഹേറോദോസ് മരിച്ചതെന്ന് ബൈബിൾ

145. ലൂക്കോസ് 2:21-22
146. മത്തായി 2:13-15

പറയുന്നില്ല. തിരിച്ചു വന്നാലല്ലേ 40 ദിവസം മാത്രം പ്രായമുള്ള യേശുവിനെ ശുദ്ധീകരണത്തിനായി ജറുസലേമിൽ കൊണ്ടുവരാനൊക്കൂ. അതായത് മത്തായിയുടെ പുസ്തകത്തിൽ എഴുതിയിരിക്കുന്നതിന് കടകവിരുദ്ധമായാണ് ലൂക്കോസിന്റെ പുസ്തകത്തിൽ എഴുതിയിരിക്കുന്നത്, ഇവിടെ കള്ളം പറയുന്നത് മത്തായിയുടെ പുസ്തകമാണോ അതോ ലൂക്കോസിന്റെ പുസ്തകമാണോ അതോ രണ്ടു പുസ്തകങ്ങളും കള്ളം പറയുകയാണോ എന്ന ചോദ്യം മാത്രമേ അവശേഷിക്കുന്നുള്ളൂ.

'ഹേറോദേസിന്റെ മരണത്തിനുശേഷം ഈജിപ്തിൽ കർത്താവിന്റെ ദൂതൻ ജോസഫിനു സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ടു പറഞ്ഞു. എഴുന്നേറ്റ് ശിശുവിനെയും അമ്മയെയും കൂട്ടി, ഇസ്രായേൽ ദേശത്തേക്കു മടങ്ങുക; ശിശുവിനെ വധിക്കാൻ ശ്രമിച്ചവർ മരിച്ചുകഴിഞ്ഞു. അവൻ എഴുന്നേറ്റ്, ശിശുവിനെയും അമ്മയെയുംകൂട്ടി, ഇസ്രായേൽ ദേശത്തേക്കു പുറപ്പെട്ടു. മകൻ അർക്കലാവോസാണ് പിതാവായ ഹേറോദേസിന്റെ സ്ഥാനത്ത് യൂദയായിൽ ഭരിക്കുന്നതെന്നു കേട്ടപ്പോൾ അവിടേക്കു പോകാൻ ജോസഫിനു ഭയമായി. സ്വപ്നത്തിൽ ലഭിച്ച മുന്നറിയിപ്പനുസരിച്ച് അവൻ ഗലീലിപ്രദേശത്തേക്കു പോയി. അവൻ നസറായൻ എന്നു വിളിക്കപ്പെടും എന്നു പ്രവാചകൻ വഴി അരുളിച്ചെയ്യപ്പെട്ടതു നിവൃത്തിയാകുവാൻ, നസ്രത്ത് എന്ന പട്ടണത്തിൽ അവൻ ചെന്നു പാർത്തു.' [147]

ആദ്യമേ തന്നെ ഒരു കാര്യം പറഞ്ഞുകൊള്ളട്ടെ 'അവൻ നസറായൻ എന്നു വിളിക്കപ്പെടും എന്നു പ്രവാചകൻ വഴി അരുളിച്ചെയ്യപ്പെട്ടതു നിവൃത്തിയാകുവാൻ, നസ്രത്ത് എന്ന പട്ടണത്തിൽ അവൻ ചെന്നുപാർത്തു.' എന്നെഴുതിയിരിക്കുന്നത് പച്ചക്കള്ളമാണ് കാരണം പഴയനിയമത്തിൽ ഒരിടത്തും അങ്ങനൊരു പ്രവചനം ഇല്ല!

ഹെറോദോസിന്റെ മരണത്തിനുശേഷം യേശുവിനെയും മറിയയെയും കൂട്ടി ജോസെഫ് ഇസ്രായേലിലേക്ക് മടങ്ങുന്നു എന്നാൽ ഹെറോദോസിന്റെ മകനായ അർക്കലാവോസ് യൂദാദേശം ഭരിക്കുന്നു എന്നറിഞ്ഞ ജോസെഫ് ബെത്ലെഹെമിൽ നിന്നും ഏതാണ്ട് 150 കിലോമീറ്റർ ദൂരെയുള്ള ഗലീലിയിലെ നസ്രേത്തിൽ പോയി പാർത്തു എന്നാണ് മത്തായിയുടെ പുസ്തകം രണ്ടാം അദ്ധ്യായത്തിൽ പറയുന്നത്. അതായത് മറിയയും ജോസെഫും ഇതിനു മുന്നേ നസറേത്തിൽ താമസിച്ചിട്ടേയില്ല. അവർ സാഹചര്യത്തിന്റെ സമ്മർദ്ദം കൊണ്ട് നസ്രേത്തിൽ പോയി താമസിച്ചതാണെന്നാണ് മത്തായി പറയുന്നത്.

എന്നാൽ ലൂക്കോസിന്റെ പുസ്തകപ്രകാരം യേശു ജനിക്കുന്നതിനു മുന്നേ, എന്തിനേറെ യേശുവിനെ മറിയ ഗർഭം ധരിക്കുന്നതിനു മുന്നേ, മറിയ താമസിച്ചിരുന്നത് ഗലീലിയിലെ നസ്രേത്തിലാണ്! 'ഗബ്രിയേൽ ദൂതൻ ഗലീലിയിൽ നസറത്ത് എന്ന പട്ടണത്തിൽ, ദാവീദിന്റെ വംശത്തിൽപ്പെട്ട ജോസഫ് എന്നുപേരായ പുരുഷനുമായി വിവാഹനിശ്ചയം

---

147. മത്തായി 2:19–23

ചെയ്തിരുന്ന കന്യകയുടെ അടുത്തേക്ക്, ദൈവത്താൽ അയയ്ക്കപ്പെട്ടു. അവളുടെ പേര് മറിയം എന്നായിരുന്നു.'[148]

മാത്രമല്ല ലൂക്കോസിന്റെ പുസ്തകപ്രകാരം മറിയ പൂർണഗർഭിണിയായിരുന്ന സമയത്തും മറിയയും ജോസെഫും ജീവിച്ചിരുന്നത് ഗലീലിയിലെ നസ്രേത്ത് എന്ന പട്ടണത്തിലായിരുന്നു. പിന്നീട് അഗസ്റ്റസ് സീസറിന്റെ കല്പനപ്രകാരം പേരെഴുതുവാനാണ് അവർ യൂദാദേശത്തുള്ള ബെത്‌ലഹേം എന്ന സ്ഥലത്തേക്ക് വരുന്നതും അവിടെ വെച്ച് യേശുവിനെ പ്രസവിക്കുന്നതും: 'പേരെഴുതിക്കാനായി ഗലീലിയിലെ പട്ടണമായ നസറത്തില് നിന്നു യൂദയായിൽ ദാവീദിന്റെ പട്ടണമായ ബെത്‌ലഹെമിലേക്ക് ഗർഭിണിയായ ഭാര്യ മറിയത്തോടുകൂടെപോയി. അവിടെയായിരിക്കുമ്പോൾ അവൾക്കു പ്രസവസമയമടുത്തു. അവൾ തന്റെ കടിഞ്ഞൂൽപുത്രനെ പ്രസവിച്ചു.'[149]

ലൂക്കോസിന്റെ പുസ്തകപ്രകാരം അവർ യേശു ജനിച്ചതിനുശേഷം തിരിച്ചു അവരുടെ പട്ടണമായ നസ്രേത്തിലേക്കു പോകുന്നു, ശേഷം 40 ദിവസങ്ങൾ കഴിയുമ്പോൾ ശുദ്ധീകരണത്തിനായി യേശുവിനെ ജറുസലേമിൽ കൊണ്ടുവരുന്നു. 'കർത്താവിന്റെ നിയമപ്രകാരം എല്ലാം നിവർത്തിച്ചശേഷം അവർ സ്വനഗരമായ ഗലീലിയിലെ നസറത്തിലേക്കു മടങ്ങി.'[150]

ലൂക്കോസിന്റെ സുവിശേഷത്തിൽ യേശു ജനിക്കുമ്പോൾ കിഴക്ക് നിന്ന് അവനെ കാണാൻ ജ്ഞാനികൾ വരുന്ന വിശേഷം ഇല്ല. അതുകൊണ്ടുതന്നെ ഹേറോദോസ് ശിശുക്കളെ കൊല്ലാൻ ഉത്തരവിടുന്നില്ല. മറിയയ്ക്കും ജോസഫിനും യേശുവിനെയും കൊണ്ട് ഇസ്രായേൽ വിട്ട് ഈജിപ്തിലേക്കു പലായനം ചെയ്യേണ്ടിവരുന്നില്ല. ഹെരോദോസിന്റെ മരണംവരെ ഈജിപ്തിൽ തുടരേണ്ടി വരുന്നില്ല. ലൂക്കോസിന്റെ 'സുവിശേഷ'പ്രകാരം യേശുവും മറിയയും യോസേഫും യൂദാ ദേശത്തുണ്ട്. കേവലം 40 ദിവസം മാത്രം പ്രായമുള്ള യേശുവുമായി ജോസെഫും മറിയയും ഹേറോദേസിന്റെ മൂക്കിന്റെ തുമ്പത്ത് ജെറുസലേമിൽ തന്നെ ഉണ്ടായിരുന്നു എന്നാണ് ലൂക്കോസിന്റെ വിശേഷം. എന്നാൽ മത്തായിയുടെ പുസ്തകപ്രകാരം മറിയയും ജോസഫും 40 ദിവസം പ്രായമുള്ള യേശുവും ഒന്നുകിൽ ഈജിപ്തിലാണ് അല്ലെങ്കിൽ ഈജിപ്തുദേശത്തേക്കുള്ള യാത്രാമധ്യേയാണ്.

യേശുവിന്റെ ജനനകഥ വിവരിച്ചിട്ടുള്ളത് മത്തായിയുടെ പേരിലുള്ള സുവിശേഷത്തിലും ലൂക്കോസിന്റെ പേരിലുള്ള സുവിശേഷത്തിലും മാത്രമാണ്. മറ്റു രണ്ട് സുവിശേഷക്കാർ, അതായത് മാർക്കോസും യോഹന്നാനും യേശുവിന്റെ ജനനകഥയെ കുറിച്ച് യാതൊന്നും പരാമർശിക്കുന്നില്ല. എന്നാൽ യേശുവിന്റെ ജനനകഥ പറയുന്ന മത്തായിയും

148. ലൂക്കോസ് 1:26-27
149. ലൂക്കോസ് 2:5-6

ലൂക്കോസും അടിമുടി പരസ്പരവിരുദ്ധവും ഇതിൽനിന്ന് യേശുവിന്റെ ജനനം എപ്രകാരമായിരുന്നു എന്ന് ആർക്കെങ്കിലും നിരൂപിക്കുവാൻ കഴിയുമോ?

**നാലു സുവിശേഷങ്ങളുടെ ചരിത്രപശ്ചാത്തലം**

മത്തായിയുടെ സുവിശേഷത്തിലെ യേശുവിന്റെ ജനനകഥ മാത്രം വായിക്കുന്ന ഒരുവന് അതിൽ വൈരുദ്ധ്യങ്ങൾ കാണാനാവില്ല അതു പോലെ തന്നെ യേശുവിന്റെ ജനനകഥ ലൂക്കോസിന്റെ സുവിശേഷം മാത്രം വായിക്കുന്ന ഒരുവന് അതിലും വൈരുദ്ധ്യം കാണാനാവില്ല. എന്നാൽ രണ്ടു പുസ്തകങ്ങളും ചേർത്തുവെച്ചു വായിക്കുമ്പോൾ അതിൽ വൈരുദ്ധ്യങ്ങൾ അല്ലാതെ മറ്റൊന്നും കാണാനാവില്ല.

വർഷങ്ങൾക്കുമുന്നേ സ്വിറ്റ്സർലൻഡിലെ ബാസൽ എന്ന സ്ഥല ത്താണ് ബൈബിൾ പുതിയനിയമഗ്രന്ഥങ്ങൾ ഗ്രീക്ക് ഭാഷയിൽ ആദ്യ മായി അച്ചടിച്ച് പ്രസിദ്ധീകരിച്ചത്. പുതിയനിയമത്തിലെ ഗ്രന്ഥങ്ങൾ ഒക്കെ അതിനുമുമ്പേ ഉണ്ടായിരുന്നുവെങ്കിലും എല്ലാം ചേർത്ത് വെച്ച് അച്ചടിച്ച് പ്രസിദ്ധീകരിച്ചിട്ട് 510 വർഷങ്ങളേ ആയിട്ടുള്ളൂ അതിനുമുമ്പ് പുതിയനിയമഗ്രന്ഥങ്ങൾ പുരോഹിതവർഗ്ഗത്തിന്റെ കൈയിൽ മാത്രമാ ണ് ലഭ്യമായിരുന്നത്. അവരാകട്ടെ സത്യം അറിഞ്ഞാലും ഒരിക്കലും അത് വെളിപ്പെടുത്തുകയുമില്ല. ഇരിക്കുന്ന കൊമ്പ് മുറിക്കരുതല്ലോ.

യേശുവിന്റെ അരുമശിഷ്യനായിരുന്ന പത്രോസിന്റെ കൂട്ടാളികൾ ആയിരുന്നു ലൂക്കോസും മാർക്കോസും എന്നാണ് പറയപ്പെടുന്നത്. ഇവർ പത്രോസിൽ നിന്ന് ശേഖരിച്ച് തയ്യാറാക്കിയതാണ് മാർക്കോസി ന്റെയും ലൂക്കോസിന്റെയും പേരിൽ ഇന്ന് നാം കാണുന്ന ഗ്രന്ഥങ്ങൾ എന്നാണ് ക്രിസ്ത്യാനികൾക്കിടയിൽ പൊതുവേയുള്ള ധാരണ. എന്നാൽ ഈ ധാരണ അവരുടെ തെറ്റിദ്ധാരണ മാത്രമാണെന്നുള്ളതി ന്ന് മാർക്കോസിലും ലൂക്കോസിലും രേഖപ്പെടുത്തിയിട്ടുള്ള പത്രോസി നെയും യേശുവിനെയും സംബന്ധിക്കുന്ന ഒരു ചെറിയ കഥ തന്നെ മ തിയായ തെളിവാണ്.

**എത്ര തവണ കൂവി, പത്രോസിന്റെ കോഴി ?**

മാർക്കോസിന്റെ പേരിലുള്ള സുവിശേഷത്തിൽ പതിനാലാം അധ്യാ യത്തിലും ലൂക്കോസ് ഇരുപത്തിരണ്ടാം അധ്യായത്തിലും ഈ കഥ രേഖപ്പെടുത്തിയിട്ടുണ്ട്. ആദ്യം കഥാസന്ദർഭം പറയാം. അവസാന അ ത്താഴസമയത്ത് യേശു ശിഷ്യന്മാരുടെ കാലു കഴുകുന്ന ഒരു രംഗമുണ്ട്. അവിടെ ഓരോരുത്തരുടെയായി കാലു കഴുകി യേശു പത്രോസിന്റെ അടുക്കലെത്തും അപ്പോൾ പത്രോസ് യേശുവിനെ തടയുന്നു അതിനെ തുടർന്ന് പത്രോസ് യേശുവിനോട് നിനക്കു വേണ്ടി മരിക്കാനും ഞാൻ തയ്യാറാണ് എന്ന് പറയുന്നു. അപ്പോൾ യേശു പത്രോസിനോട് പറയു ന്ന ഒരു വചനമുണ്ട് അത് ലൂക്കോസിന്റെ പുസ്തകപ്രകാരം ഇപ്രകാ രമാണ്: “പത്രോസേ, ഞാൻ നിന്നോടു പറയുന്നു, നീ എന്നെ അറിയു

കയില്ല എന്നു മൂന്നു പ്രാവശ്യം നിഷേധിച്ചു പറയുന്നതിനു മുമ്പ് ഇന്നു കോഴി കൂവുകയില്ല."[151] എന്നാൽ മാർക്കോസിന്റെ സുവിശേഷത്തിൽ ഇതേ സന്ദർഭത്തിൽ യേശു പത്രോസിനോട് പറയുന്നത് 'ഇന്ന് രാത്രി കോഴി രണ്ടുപ്രാവശ്യം കൂവുന്നതിനു മുമ്പ് നീയെന്നെ മൂന്നുപ്രാവശ്യം നിഷേധിച്ചു പറയും'[152] എന്നാണ്.

അതായത് ലൂക്കോസിന്റെ പുസ്തകപ്രകാരം പത്രോസ് യേശുവിനെ മൂന്നുപ്രാവശ്യം നിഷേധിച്ചു പറയുന്നത് വരെ കോഴി കൂവാൻ പാടുള്ളതല്ല. അഥവാ പത്രോസ് യേശുവിനെ മൂന്ന് പ്രാവശ്യം നിഷേധിച്ചു പറഞ്ഞതിനുശേഷം മാത്രമേ കോഴി കൂവുകയുള്ളൂ. എന്നാൽ മാർക്കോസിന്റെ പുസ്തകപ്രകാരം പത്രോസ് യേശുവിനെ മൂന്നുപ്രാവശ്യം നിഷേധിച്ചു പറയുന്നതിനുമുമ്പ് കോഴി രണ്ടുപ്രാവശ്യം കൂവണം. ഇനി മാർക്കോസിന്റെ സുവിശേഷത്തിൽ ഈ സംഭവം എപ്രകാരമാണ് ഉരുത്തിരിയുന്നതെന്ന് നോക്കാം: "പത്രൊസ് താഴെ നടുമുറ്റത്തു ഇരിക്കുമ്പോൾ മഹാപുരോഹിതന്റെ ബാല്യക്കാരത്തികളിൽ ഒരുത്തി വന്നു, പത്രൊസ് തീ കായുന്നതു കണ്ടു അവനെ നോക്കി: നീയും ആ നസറായനായ യേശുവിനോടുകൂടെ ആയിരുന്നു എന്നു പറഞ്ഞു. നീ പറയുന്നതു തിരിയുന്നില്ല, ബോദ്ധ്യമാകുന്നതുമില്ല എന്നിങ്ങനെ അവൻ തള്ളിപ്പറഞ്ഞു; പടിപ്പുരയിലേക്കു പുറപ്പെട്ടപ്പോൾ കോഴികൂകി.

ആ ബാല്യക്കാരത്തി അവനെ പിന്നെയും കണ്ടു സമീപത്തു നില്ക്കുന്നവരോടു: ഇവൻ ആ കൂട്ടരിൽ ഉള്ളവൻ തന്നേ എന്നു പറഞ്ഞു തുടങ്ങി. അവൻ പിന്നെയും തള്ളിപ്പറഞ്ഞു. കുറേനേരം കഴിഞ്ഞിട്ട് അരികെ നിന്നവർ പത്രൊസിനോടു: നീ ആ കൂട്ടരിൽ ഉള്ളവൻ സത്യം; ഗലീലക്കാരനല്ലോ എന്നു പറഞ്ഞു. നിങ്ങൾ പറയുന്ന മനുഷ്യനെ ഞാൻ അറിയുന്നില്ല എന്നു അവൻ പ്രാകുവാനും ആണയിടുവാനും തുടങ്ങി. ഉടനെ കോഴി രണ്ടാമതും കൂകി; കോഴി രണ്ടുവട്ടം കൂകുംമുമ്പെ നീ മൂന്നുവട്ടം എന്നെ തള്ളിപ്പറയും എന്നു യേശു തന്നോടു പറഞ്ഞ വാക്കു പത്രൊസ് ഓർത്തു അതിനെക്കുറിച്ചു വിചാരിച്ചു കരഞ്ഞു."[153]

നോക്കുക മർക്കോസിന്റെ പുസ്തകത്തിൽ യേശു കോഴിയോട് പത്രോസ് മൂന്ന് തവണ തള്ളിപ്പറയുന്നതിന് മുന്നേ രണ്ടുതവണ കൂവാൻ പറഞ്ഞിട്ടുള്ളത് കൊണ്ട് പത്രോസ് യേശുവിനെ ആദ്യം തള്ളിപ്പറയുമ്പോൾ കോഴി ഒന്ന് കൂവുന്നുണ്ട്. രണ്ടാമത് തള്ളിപ്പറയുമ്പോൾ കൂവുന്നില്ല മൂന്നാമത് തള്ളിപ്പറയുമ്പോൾ കൃത്യമായി കൂവുന്നു. കാരണം മർക്കോസിന്റെ പുസ്തകത്തിലെ കോഴിക്കറിയാം മർക്കോസിന്റെ

150. ലൂക്കോസ് 2:39
151. ലൂക്കോസ് 22:34
152. മാർക്കോസ് 14:30
153. മാർക്കോസ് 14:66-72

പുസ്തകത്തിൽ കോഴി രണ്ടുതവണ കൂവുമെന്നാണ് യേശു പറഞ്ഞിരിക്കുന്നതെന്ന്. എത്ര നല്ല ചൊല്ലുവിളിയുള്ള കോഴി! അല്ലേ?

ദോഷം പറയരുതല്ലോ, മാർക്കോസിന്റെ പുസ്തകത്തിലുള്ള കോഴിയെക്കാളും അനുസരണയുള്ള മുന്തിയയിനം കോഴിയാണ് ലൂക്കോസിന്റെ പുസ്തകത്തിൽ നമുക്ക് കാണാൻ കഴിയുക. ലൂക്കോസിന്റെ പുസ്തകത്തിൽ പത്രോസ് മൂന്നുപ്രാവശ്യം തള്ളിപ്പറയുന്നതുവരെ കോഴി കൂവില്ല എന്നാണ് യേശു പറഞ്ഞിട്ടുള്ളത് അപ്രകാരം തന്നെ ലൂക്കോസിന്റെ പുസ്തകത്തിലെ നല്ല കോഴി പത്രോസ് മൂന്നുപ്രാവശ്യം തള്ളിപ്പറയുന്നതുവരെ കാത്തിരുന്നതിനുശേഷം മാത്രമാണ് കൂവുന്നത്: 'അവർ നടുമുറ്റത്തിന്റെ മദ്ധ്യേ തീ കത്തിച്ചു ഒന്നിച്ചിരുന്നപ്പോൾ പത്രോസും അവരുടെ ഇടയിൽ ഇരുന്നു.

അവൻ തീവെട്ടത്തിന്നടുക്കെ ഇരിക്കുന്നതു ഒരു ബാല്യക്കാരത്തി കണ്ടു അവനെ ഉറ്റു നോക്കി: ഇവനും അവനോടുകൂടെ ആയിരുന്നു എന്നു പറഞ്ഞു. അവനോ; സ്ത്രീയേ, ഞാൻ അവനെ അറിയുന്നില്ല എന്നു തള്ളിപ്പറഞ്ഞു. കുറഞ്ഞോന്നു കഴിഞ്ഞിട്ടു മറ്റൊരുവൻ അവനെ കണ്ടു: നീയും അവരുടെ കൂട്ടത്തിലുള്ളവൻ എന്നു പറഞ്ഞു; പത്രോസോ: മനുഷ്യാ, ഞാൻ അല്ല എന്നു പറഞ്ഞു. ഏകദേശം ഒരു മണിനേരം കഴിഞ്ഞാറെ വേറൊരുവൻ: ഇവനും അവനോടുകൂടെ ആയിരുന്നു സത്യം; ഇവൻ ഗലീലക്കാരനല്ലോ എന്നു നിഷ്കർഷിച്ചു പറഞ്ഞു.

മനുഷ്യാ, നീ പറയുന്നതു എനിക്കു തിരിയുന്നില്ല എന്നു പത്രോസ് പറഞ്ഞു. അവൻ സംസാരിക്കുമ്പോൾ തന്നേ പെട്ടെന്നു കോഴികൂകി.

അപ്പോൾ കർത്താവു തിരിഞ്ഞു പത്രൊസിനെ ഒന്നു നോക്കി: "ഇന്നു കോഴി കൂകും മുമ്പെ നീ മൂന്നുവട്ടം എന്നെ തള്ളിപ്പറയും" എന്നു കർത്താവു തന്നോടു പറഞ്ഞ വാക്കു പത്രോസു ഓർത്തു. പുറത്തിറങ്ങി അതിദുഃഖത്തോടെ കരഞ്ഞു." [154]

കോഴി കൂവുന്നതിൽ മാത്രമല്ല. പത്രോസിന്റെ ഓർമ്മകളിലും വൈരുദ്ധ്യമുണ്ട്. മാർക്കോസിന്റെ പുസ്തകപ്രകാരം പത്രോസ് യേശുവിനെ മൂന്നാം പ്രാവശ്യം തള്ളിപ്പറയുമ്പോൾ കോഴി രണ്ടാം പ്രാവശ്യം കൂവുന്നു അത് കേട്ട് 'കോഴി രണ്ടുപ്രാവശ്യം കൂവുന്നതിനു മുമ്പ് നീ മൂന്നുപ്രാവശ്യം എന്നെ നിഷേധിക്കുമെന്ന് യേശു പറഞ്ഞ വാക്ക് അപ്പോൾ പത്രോസ് ഓർമിച്ചു' എന്നാണ് എഴുതിപിടിപ്പിച്ചിരിക്കുന്നത്.

എന്നാൽ ലൂക്കോസിന്റെ പുസ്തകത്തിൽ പത്രോസ് ഓർക്കുന്ന വാക്കുകളും ആ വാക്കുകൾ ഓർക്കുവാൻ ഇടയാക്കിയ കാരണവും മറ്റൊന്നാണ്. പത്രോസ് മൂന്നാമതും യേശുവിനെ തള്ളിപ്പറയുന്നു അപ്പോൾ 'യേശു തിരിഞ്ഞു പത്രോസിനെ ഒന്ന് നോക്കി' ഇന്ന് കോഴി കൂകും മുമ്പേ നീ മൂന്നുവട്ടം എന്നെ തള്ളിപ്പറയും എന്ന് കർത്താവ് തന്നോട് പറഞ്ഞ വാക്ക് പത്രോസ് അപ്പോൾ ഓർത്തു.'

154. ലൂക്കോസ് 22:55–62

ഇങ്ങനെ വൈരുദ്ധ്യങ്ങൾക്കുമേൽ വൈരുദ്ധ്യങ്ങൾ നുണകൾക്കുമേൽ നുണകൾ കുത്തിനിറച്ചുണ്ടാക്കിയ പുസ്തകം 'സത്യവേദപുസ്തകം' എന്നു പറഞ്ഞു കൊണ്ടുനടക്കുന്ന ക്രിസ്ത്യാനികൾ സത്യത്തിൽ നമ്മുടെ അഭിനവ രാഷ്ട്രീയക്കാരേക്കാൾ തൊലിക്കട്ടി ഉള്ളവരാണ് എന്നു പറഞ്ഞാൽ അതിൽ തെല്ലും അതിശയോക്തിയില്ല.

**ഗത്സമെനി തോട്ടത്തിലെ അന്ത്യപ്രാർത്ഥന : മറ്റൊരു കള്ളക്കഥ**

യേശുവിന്റെ മരണത്തിനു ഏതാനും മണിക്കൂറുകൾക്കുമുന്നേ ജെറുസലേമിൽ ഗെത്സമെനി എന്നൊരു സ്ഥലത്തിലെ തോട്ടത്തിൽ വെച്ച് ഒരു പ്രാർത്ഥന നടത്തിയെന്ന് പറയുന്നുണ്ട്. മത്തായി, മാർക്കോസ് ലൂക്കോസ് എന്ന പേരുകളിലുള്ള പുസ്തകങ്ങളിൽ ഈ പ്രാർത്ഥനയെ കുറിച്ച് എഴുതിയിട്ടുണ്ട്. മത്തായിയുടെയും മാർക്കോസിന്റെയും പേരിലുള്ള പുസ്തകങ്ങളിൽ ഉൾപെടുത്തിയിട്ടില്ലാത്ത ചില കാര്യങ്ങൾ ദൃക്സാക്ഷിവിവരണക്കാരൻ ലൂക്കോസിന്റെ പേരിലുള്ള പുസ്തകത്തിൽ കാണുന്നുണ്ട് നമുക്ക് അക്കാര്യങ്ങളിലേക്ക് ഒന്നെത്തിനോക്കാം.

മത്തായിയുടെ വിവരണത്തിൽ നിന്നും നമുക്ക് ആരംഭിക്കാം:

"അനന്തരം യേശു അവരോടൊത്ത് ഗത്സേമനി എന്ന സ്ഥലത്തെത്തി. അവൻ ശിഷ്യന്മരോടു പറഞ്ഞു: ഞാൻ പോയി പ്രാർഥിക്കുവോളം നിങ്ങൾ ഇവിടെ ഇരിക്കുക. അവൻ പത്രോസിനെയും സെബദിയുടെ ഇരുപുത്രന്മാരെയും കൂടെക്കൊണ്ടുപോയി, ദുഃഖിക്കാനും അസ്വസ്ഥനാകാനും തുടങ്ങി. അവൻ അവരോടു പറഞ്ഞു: തീവ്രദുഃഖത്താൽ ഞാൻ മരണത്തോളം എത്തിയിരിക്കുന്നു. നിങ്ങൾ എന്നോടൊത്ത് ഉണർന്നിരിക്കുക. അവൻ അല്പദൂരം മുന്നോട്ടു ചെന്ന് കമിഴ്ന്നുവീണു പ്രാർഥിച്ചു: 'എന്റെ പിതാവേ, സാധ്യമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്നകന്നുപോകട്ടെ! എങ്കിലും എന്റെ ഹിതം പോലെയല്ല; അവിടുത്തെ ഹിതംപോലെയാകട്ടെ!' അനന്തരം അവൻ ശിഷ്യന്മാരുടെ അടുത്തേക്കു വന്നു. അപ്പോൾ അവർ ഉറങ്ങുന്നതു കണ്ടു. അവൻ പത്രോസിനോടു ചോദിച്ചു: എന്നോടു കൂടെ ഒരു മണിക്കൂർ ഉണർന്നിരിക്കാൻ നിങ്ങൾക്കു കഴിഞ്ഞില്ലേ? പ്രലോഭനത്തിൽ അകപ്പെടാതിരിക്കാൻ നിങ്ങൾ ഉണർന്നിരുന്നു പ്രാർഥിക്കുവിൻ; ആത്മാവു സന്നദ്ധമെങ്കിലും ശരീരം ബലഹീനമാണ്. രണ്ടാം പ്രാവശ്യവും അവൻ പോയി പ്രാർത്ഥിച്ചു: 'എന്റെ പിതാവേ, ഞാൻ കുടിക്കാതെ ഇതു കടന്നുപോകയില്ലെങ്കിൽ അങ്ങയുടെ ഹിതം നിറവേറട്ടെ!' അവൻ വീണ്ടും വന്നപ്പോൾ അവർ ഉറങ്ങുന്നതു കണ്ടു. അവരുടെ കണ്ണുകൾ നിദ്രാഭാരമുള്ളവയായിരുന്നു. അവൻ അവരെ വിട്ടു മൂന്നാം പ്രാവശ്യവും പോയി അതേ പ്രാർത്ഥന ആവർത്തിച്ചു. പിന്നെ അവൻ ശിഷ്യന്മാരുടെ അടുത്തുവന്നു പറഞ്ഞു: നിങ്ങൾ ഇപ്പോഴും ഉറങ്ങി വിശ്രമിക്കുന്നുവോ? ഇതാ, സമയം അടുത്തിരിക്കുന്നു. മനുഷ്യപുത്രൻ പാപികളുടെ കൈകളിൽ ഏല്പിക്കപ്പെടുവാൻ."[155]

155. മത്തായി 26:36-45

യേശു മൂന്ന് തവണ അതേ പ്രാർത്ഥന ആവർത്തിച്ചു എന്നാണ് മത്തായി പറയുന്നത്. യേശു മൂന്ന് തവണ ആവർത്തിച്ച ആ പ്രാർത്ഥന എന്തായിരുന്നു? 'എന്റെ പിതാവേ, സാധ്യമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്നകന്നുപോകട്ടെ. എങ്കിലും എന്റെ ഹിതംപോലെയല്ല; അവിടുത്തെ ഹിതംപോലെയാകട്ടെ.' എന്നതായിരുന്നു ആ പ്രാർത്ഥന.

**യേശുവിന്റെ പ്രാർത്ഥന – ചില ദൈവശാസ്ത്രപ്രശ്നങ്ങൾ**

പ്രാർത്ഥന എന്ന വാക്കുകൊണ്ട് ഇവിടെ അർത്ഥമാക്കുന്നത് ഈശ്വരന്റെ മുന്നിൽ വെക്കുന്ന അപേക്ഷ എന്നാണ്. ഒരു വ്യക്തി തന്റെ ആവശ്യം അല്ലെങ്കിൽ ആഗ്രഹം നടത്തിത്തരണേ എന്ന് ഈശ്വരനോട് നടത്തുന്ന അപേക്ഷയാണ് പ്രാർത്ഥന. ഇവിടെ യേശുവിന്റെ ആവശ്യം അല്ലെങ്കിൽ ആഗ്രഹം എന്താണ്? കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽനിന്നും അകന്നു പോകട്ടെ എന്നതാണ്. അതായത് യേശുവിന്റെ പീഡാനുഭവവും കുരിശുമരണവും യേശുവിൽ നിന്നകന്നുപോകണം. അതായത് യേശു തന്നെ കൊലയ്ക്കു കൊടുക്കരുതേ എന്ന് തന്റെ പിതാവിനോട് അപേക്ഷിക്കുന്നതാണ് ഈ പ്രാർത്ഥന. എന്നാൽ എന്നെ കൊല്ലരുതേ എന്ന് പറഞ്ഞു യേശു നാവു വായിലേക്കിടുന്നതിന് മുന്നേ തന്നെ എങ്കിലും എന്റെ ഹിതം പോലെയല്ല അങ്ങയുടെ ഹിതം പോലെയാകട്ടെ എന്നും പറയുന്നുണ്ട്.

യേശുവിന്റെ പിതാവിന്റെ ആഗ്രഹം എന്താണ്? യേശു മരിക്കണമെന്നല്ലേ യേശുവിന്റെ പിതാവിന്റെ ആഗ്രഹം? യേശുവിന്റെ പ്രാർത്ഥനയിലെ അവസാനഭാഗമെന്താണ്? പിതാവിന്റെ ആഗ്രഹം നിറവേറട്ടെ അതായത് യേശു പീഡനകൾ അനുഭവിച്ചു കുരിശിൽ മരിക്കട്ടെ. യേശുവിന്റെ ആഗ്രഹവും അതാണല്ലോ. അപ്പോൾ പിന്നെ ഇതിൽ എവിടെയാണ് പ്രാർത്ഥന അഥവാ ഈശ്വരന്റെ മുന്നിൽ വെക്കുന്ന അപേക്ഷ? ഈശ്വരന്റെ ആഗ്രഹം പോലെ നടക്കട്ടെ എന്ന് ആരെങ്കിലും അമ്പലത്തിൽ പോയി ഭഗവാന്റെ മുന്നിൽ തൊഴുതുനിന്ന് പറയുമോ? അത് ഭക്തൻ പറഞ്ഞില്ലെങ്കിലും ഭഗവാന്റെ ഹിതമല്ലേ നടക്കൂ. ഭഗവാന്റെ ഹിതം നിറവേറട്ടെ എന്ന് പറയുന്നതല്ല പ്രാർത്ഥന, ഭക്തന്റെ ഹിതം നിറവേറട്ടെ എന്ന് ഭക്തൻ ഈശ്വരന്റെ മുന്നിൽ സമർപ്പിക്കുന്ന വിനീതമായ അഭ്യർത്ഥനയാണ് പ്രാർത്ഥന. എന്റെ ഹിതമല്ല പിതാവിന്റെ ഹിതം നിറവേറട്ടെ എന്ന് യേശു പറയുന്നതോടുകൂടി പ്രാർത്ഥന ഇല്ലാതാവുകയാണ് ഉണ്ടായത്.

ഇനി യേശു ആരോടാണ് പ്രാർത്ഥിക്കുന്നത്? യേശു പ്രാർത്ഥിക്കുന്നത് യേശുവിന്റെ പിതാവിനോടാണ്. 'ഞാനും പിതാവും ഒന്നാണ്'[156] എന്നും 'എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു.'[157] എന്നും, 'ഞാൻ പിതാവിലും പിതാവ് എന്നിലും ആണെന്നു നീ വിശ്വസിക്കു

156. യോഹന്നാൻ 10:30
157. യോഹന്നാൻ 14:9

ന്നില്ലേ'[158] എന്നും പറഞ്ഞ യേശു എന്റെ പിതാവേ എന്ന് പറഞ്ഞു പ്രാർത്ഥിക്കുന്നത് ആരോടാണ്? യേശുവും പിതാവും ഒന്നാണെങ്കിൽ പിതാവേ ഈ പാനപാത്രം എന്നിൽ നിന്നും ഒഴിഞ്ഞുപോകട്ടെ എന്ന് യേശു പ്രാർത്ഥിക്കുന്നത് കള്ളമല്ലേ? പിതാവേ, എന്റെ ഹിതമല്ല അവിടുത്തെ ഹിതം നിറവേറട്ടെ എന്ന് പറയണമെങ്കിൽ രണ്ടു വ്യത്യസ്ത മനസ്സുകളുള്ള വ്യത്യസ്ത ആഗ്രഹങ്ങളുള്ള രണ്ടു വ്യത്യസ്ത വ്യക്തിത്വങ്ങൾ ഉണ്ടാവേണ്ടേ? അതായത് യേശുവും യേശുവിന്റെ പിതാവും രണ്ട് വ്യത്യസ്ത വ്യക്തികൾ ആവേണ്ടേ? അങ്ങിനെ അവർ രണ്ടുപേരും രണ്ടു വ്യത്യസ്ത വിചാരവികാരങ്ങളുള്ള വ്യക്തികളാണെങ്കിൽ ഞാനും എന്റെ പിതാവും ഒന്നാണ് എന്ന് യേശു പറഞ്ഞത് കള്ളമാണ്. യേശു ഞാനും എന്റെ പിതാവും ഒന്നാണെന്നു പറഞ്ഞത് സത്യമാണെങ്കിൽ എന്റെ പിതാവേ, ഈ പാനപാത്രം എന്നിൽ നിന്ന് അകന്നു പോകട്ടെ എന്ന പ്രാർത്ഥന കള്ളമാണ്, രണ്ടും ഒരേ സമയം സത്യമാവുക സാധ്യമല്ല.

പിതാവേ, എന്റെ ഹിതമല്ല നിന്റെ ഹിതം നിറവേറട്ടെ എന്നാണല്ലോ യേശു പറഞ്ഞത് അതായത് കഴിയുമെങ്കിൽ കുരിശുമരണം ഒഴിവാക്കി തരണേ എന്ന്. അതായത് യേശുവിന് മരിക്കാൻ ആഗ്രഹമില്ലായിരുന്നു എന്ന്. യേശു മരിക്കണമെന്നത് യേശുവിന്റെ പിതാവിന്റെ ഹിതമായിരുന്നു. യേശു കുരിശുമരണം ഒഴിവാക്കി തരണമേ എന്ന് പ്രാർത്ഥിക്കുമ്പോൾ യേശുവിന്റെ ഹിതം പിതാവിന്റെ ഹിതത്തിനു വിപരീതമാണെന്ന് യേശു പറഞ്ഞുകഴിഞ്ഞു എങ്കിൽ പിന്നെ എന്തിനാണ് ഉടനെ തന്നെ എന്റെ ഹിതമല്ല, നിന്റെ ഹിതം നിറവേറട്ടെ എന്ന് പറഞ്ഞത്?

ഒരിക്കൽ യേശുവിനെ കാണാൻ "അവന്റെ അമ്മയും സഹോദരന്മാരും വന്നു പുറത്തുനിന്നുകൊണ്ട് അവനെ വിളിക്കാൻ ആളയച്ചു. ജനക്കൂട്ടം അവനു ചുറ്റും ഇരിക്കുകയായിരുന്നു. അവർ പറഞ്ഞു: നിന്റെ അമ്മയും സഹോദരന്മാരും സഹോദരിമാരും നിന്നെക്കാണാൻ പുറത്തു നില്ക്കുന്നു. അവൻ ചോദിച്ചു: ആരാണ് എന്റെ അമ്മയും സഹോദരങ്ങളും? ചുറ്റും ഇരിക്കുന്നവരെ നോക്കിക്കൊണ്ട് അവൻ പറഞ്ഞു: ഇതാ, എന്റെ അമ്മയും എന്റെ സഹോദരങ്ങളും! ദൈവത്തിന്റെ ഹിതം നിർവഹിക്കുന്നവനാരോ അവനാണ് എന്റെ സഹോദരനും സഹോദരിയും അമ്മയും."[159] സ്വന്തം അമ്മയും സഹോദരങ്ങളും കാണാൻ വന്നിട്ട് അവരെ ഒന്ന് കാണാൻ കൂട്ടാക്കാതെ ഇപ്രകാരം പറഞ്ഞ യേശു മരണത്തിന് ഏതാനും മണിക്കൂറുകൾക്കു മുൻപ് പിതാവിന്റെ ഹിതമായ കുരിശുമരണമല്ല ആഗ്രഹിച്ചത്; മറിച്ച് കഴിയുമെങ്കിൽ ഈ പാനപാത്രം അതായത് കുരിശുമരണം ഒന്ന് ഒഴിവാക്കി തരണമേ എന്നാണ് ആഗ്രഹിച്ചത്!

158. യോഹന്നാൻ 14:10
159. മാർക്കോസ് 3:31-35

എന്തിനേറെ പറയുന്നു " എന്റെ ദൈവമേ, എന്റെ ദൈവമേ, എന്തുകൊണ്ട് നീ എന്നെ ഉപേക്ഷിച്ചു"[160] എന്ന യേശുവിന്റെ മരണമൊഴി പോലും വ്യക്തമാക്കുന്നത് മരണത്തിനു തൊട്ടു മുൻപ് പോലും യേശുവിന് യേശുവിന്റെ പിതാവിന്റെ ഹിതം നിറവേറ്റാൻ ആഗ്രഹമില്ലായിരുന്നു എന്നാണ്. അങ്ങിനെയുള്ള യേശുവാണ് അമ്മയും സഹോദരങ്ങളും യേശുവിന്റെ പിതാവിന്റെ ഹിതം നിറവേറ്റുന്നില്ല എന്ന പ്രതിഷേധം അറിയിച്ചുകൊണ്ട് അവരെ കാണാൻ വിസമ്മതിക്കുന്നത് എന്നോർക്കണം. മാത്രമല്ല മാതാപിതാക്കളെ ബഹുമാനിക്കുക എന്ന പത്തുകല്പനയിലെ കല്പന ചൂണ്ടിക്കാട്ടി അന്യരെ ഉപദേശിക്കുന്ന യേശുവാണ് തന്നെ കാണാൻ വന്ന സ്വന്തം അമ്മയോട് യാതൊരു ബഹുമാനവും കാട്ടാതെ അവരെ അപമാനിച്ചയക്കുന്നത്. യേശുവിന്റെ 'അമ്മ യേശുവിന്റെ പിതാവിന്റെ ഹിതം അനുസരിച്ച് പ്രവർത്തിക്കുന്നവളല്ല അതുകൊണ്ട് അവളെന്റെ അമ്മയല്ല എന്നാണ് യേശുവിന്റെ വാക്കുകളിലെ ധ്വനി. എന്നാൽ ബൈബിൾപ്രകാരം യേശുവിന്റെ പിതാവിന്റെ ആഗ്രഹപ്രകാരം യേശുവിന്റെ പിതാവയച്ച ദൂതൻ ഗബ്രിയേൽ പറഞ്ഞ വാക്കുകൾകേട്ട് 'ഇതാ, കർത്താവിന്റെ ദാസി! നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ!'[161] എന്ന് മറിയ പറഞ്ഞതിനാലാണ് യേശുവിന്റെ ജനനം പോലും സംഭവിച്ചത്. ആ മറിയ യേശുവിനെ കാണാൻ വന്നപ്പോഴാണ് ഇവൾ പിതാവിന്റെ ഹിതം നിറവേറ്റുന്നവളല്ല ഇവൾ എന്റെ അമ്മയല്ല, എന്റെ അമ്മയും എന്റെ സഹോദരങ്ങളും ഈ കൂടിയിരിക്കുന്ന ജനക്കൂട്ടത്തിലെ സ്ത്രീപുരുഷന്മാരാണ് എന്ന് പറഞ്ഞു ജനങ്ങളെ കൈയിലെടുക്കാൻ ശ്രമിക്കുന്നത്. മതം സ്ഥാപിക്കാനുള്ള വ്യഗ്രതയിൽ യാതൊരു ലജ്ജയുമില്ലാതെ സ്വന്തം അമ്മയെ പോലും തള്ളിപ്പറയുന്ന ലോകരക്ഷകനും അവന്റെ വിശ്വാസികളും, ഹാ കഷ്ടം!

**പ്രാർത്ഥനാനാടകം – വീണ്ടും വൈരുദ്ധ്യങ്ങൾ!**

ഗെത്സമെനിയിൽ യേശു അരങ്ങേറിയ പ്രാർത്ഥനാനാടകത്തെക്കുറിച്ച് ചില രസകരമായ കാര്യങ്ങളിലേക്ക് കൂടി വായനക്കാരന്റെ ശ്രദ്ധക്ഷണിക്കുകയാണ്.

യേശു തന്റെ അവസാന നാടകത്തിനു കാണികളായി തന്റെ അപ്പോസ്തലന്മാരിൽ പത്രോസിനെയും യാക്കോബിനെയും യോഹന്നാനെയും മാത്രമാണ് കൊണ്ടുപോകുന്നത്. ആദ്യത്തെ തവണ പ്രാർത്ഥിച്ചിട്ട് 'ശിഷ്യന്മാരുടെ അടുത്തേക്കുവന്നു. അപ്പോൾ അവർ ഉറങ്ങുന്നതു കണ്ടു. അവൻ പത്രോസിനോടു ചോദിച്ചു: എന്നോടുകൂടെ ഒരു മണിക്കൂർ ഉണർന്നിരിക്കാൻ നിങ്ങൾക്കു കഴിഞ്ഞില്ലേ?'[162] അതിനുശേഷം 'രണ്ടാം പ്രാവശ്യവും അവൻ പോയി പ്രാർത്ഥിച്ചു'[163] 'അവൻ വീണ്ടും

160. മത്തായി 27:46
161. ലൂക്കോസ് 1:38
162. മത്തായി 26:40
163. മത്തായി 26:42

വന്നപ്പോൾ അവർ (കാണികൾ) ഉറങ്ങുന്നതു കണ്ടു'[164] 'അവൻ അവരെവിട്ടു മൂന്നാം പ്രാവശ്യവും പോയി അതേ പ്രാർത്ഥന ആവർത്തിച്ചു.'[165] മൂന്ന് തവണയും ഒരേ വാക്കുകൾ ആവർത്തിച്ചു യേശു പ്രാർത്ഥിച്ചു എന്നാണല്ലോ പറയുന്നത്. അതായതു ആദ്യത്തെ തവണ യേശു എന്റെ പിതാവേ കഴിയുമെങ്കിൽ എന്നെ കൊല്ലരുതേ പക്ഷെ എന്റെ ഹിതമല്ല വേണമെങ്കിൽ എന്നെ കൊന്നോളൂ എന്ന് പ്രാർത്ഥിച്ചു പിന്നീട് രണ്ടാമതും മൂന്നാമതും ഒരേ വാക്കുകൾ അതായതു എന്നെ കൊല്ലരുതേ കൊന്നോളൂ എന്ന് പ്രാർത്ഥിച്ചു അത്രെ! അതായത് യേശു പ്രാർത്ഥിച്ചത് ഇപ്രകാരമാണ് പിതാവേ എന്നെ കൊല്ലരുത് എന്നെ കൊന്നോളൂ, കൊല്ലരുത് കൊന്നോളൂ, കൊല്ലരുത് കൊന്നോളൂ! ഇങ്ങനെ നിമിഷങ്ങൾക്കുള്ളിൽ പ്രാർത്ഥനമാറ്റിമാറ്റി പറഞ്ഞാൽ യേശുവിന്റെ പിതാവ് യേശുവിനെ കൊന്നില്ലെങ്കിലല്ലേ അതിശയിക്കേണ്ടൂ?

### ലൂക്കോസിന്റെ ദൃക്സാക്ഷിവചനത്തിലെ പൊളികൾ

മറ്റൊരു വലിയ പ്രശ്നം, യേശു ഓരോ പ്രാവശ്യവും പോയി അതിഭീകരമായ ഭാവാഭിനയം കാഴ്ച്ചവെച്ചതും അതിനിടെ പറഞ്ഞ വാക്കുകളും ഒന്നുംതന്നെ മൂന്ന് കാണികളും കാണുകയോ കേൾക്കുകയോ ഉണ്ടായില്ല അതുകൊണ്ടാണല്ലോ യേശുവിനു ഒരു ഭ്രാന്തനെപ്പോലെ വീണ്ടും വീണ്ടും ഒരേ വാക്കുകൾ ആവർത്തിച്ചു പ്രാർത്ഥിക്കേണ്ടിവന്നത്. ലൂക്കോസ് പറയുന്നത് ലൂക്കോസിന്റെ സുവിശേഷം ദൃക്സാക്ഷികളോട് ചോദിച്ചറിഞ്ഞ കാര്യങ്ങൾ സസൂക്ഷം പരിശോധിച്ചതിനു ശേഷം തയ്യാറാക്കിയതാണെന്നാണ്. ദൃക്സാക്ഷികൾ മൂന്നുപേരും നല്ല ഉറക്കത്തിലും ആയിരുന്നു എന്നും പറയുന്നുണ്ട്. അപ്പോൾ പിന്നെ യേശു പ്രാർത്ഥിച്ച വാക്കുകൾ ലൂക്കോസിന്റെ പേരിലുള്ള ഗ്രന്ഥത്തിൽ എങ്ങനെ വന്നു? ഏതു ദൃക്സാക്ഷിയാണ് ലൂക്കാസിന് യേശു പ്രാർത്ഥിച്ച വാക്കുകൾ പറഞ്ഞു കൊടുത്തത്?

ദൃക്സാക്ഷിവിവരണക്കാരൻ ലൂക്കാസിന്റെ പുസ്തകത്തിൽ മത്തായിയുടെയും മാർക്കോസിന്റെയും പേരിലുള്ള പുസ്തകത്തിൽ ഇല്ലാത്ത ചില കാര്യങ്ങൾ കൂടി പറയുന്നുണ്ട് 'അവൻ അവരിൽ നിന്ന് ഒരു കല്ലേറു ദൂരം മാറി മുട്ടിന്മേൽ വീണു പ്രാർത്ഥിച്ചു: പിതാവേ, അങ്ങേക്ക് ഇഷ്ടമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്ന് അകറ്റണമേ. എങ്കിലും, എന്റെ ഹിതമല്ല അവിടുത്തെ ഹിതം നിറവേറട്ടെ! അപ്പോൾ അവനെ ശക്തിപ്പെടുത്താൻ സ്വർഗത്തിൽനിന്ന് ഒരു ദൂതൻ പ്രത്യക്ഷപ്പെട്ടു. അവൻ തീവ്രവേദനയിൽ മുഴുകി കൂടുതൽ തീക്ഷ്ണമായി പ്രാർഥിച്ചു. അവന്റെ വിയർപ്പ് രക്തത്തുള്ളികൾ പോലെ നിലത്തുവീണു. അവൻ പ്രാർത്ഥന കഴിഞ്ഞ് എഴുന്നേറ്റ് ശിഷ്യന്മാരുടെ അടുത്തു വന്നപ്പോൾ അവർ വ്യസനം നിമിത്തം തളർന്ന് ഉറങ്ങുന്നതു കണ്ടു'[166]

164. മത്തായി 26:43
165. മത്തായി 26:44
166. ലൂക്കോസ് 22:41–45

യേശുവിനെ ആശ്വസിപ്പിക്കുവാൻ ഒരു ദൂതൻ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വന്നത് കാണികളായ മൂന്ന് ശിഷ്യന്മാരും കണ്ടിട്ടില്ലല്ലോ. ഒന്നാലോചിച്ചു നോക്കൂ, കൺമുന്നിൽ സ്വർഗ്ഗത്തിൽ നിന്ന് ലക്ഷണമൊത്തൊരു മാലാഖ ഇറങ്ങിവരുന്ന കാഴ്ച കാണുന്ന ആർക്കെങ്കിലും പോത്തുപോലെ കിടന്നുറങ്ങാൻ കഴിയുമോ? യേശു പ്രാർത്ഥിക്കുമ്പോഴാണ് സ്വർഗത്തിൽ നിന്നും ദൂതൻ ഭൂമിയിൽ വന്നിറങ്ങിയത്. ഇത്രയൊക്കെ സംഭവിച്ചിട്ടും കാണികൾ കൈയടിക്കാതെ നിശബ്ദരായി ഇരിക്കുന്നത് കൊണ്ടാവണം യേശു അവരുടെ അടുത്തേക്ക് പോയി നോക്കിയത്! അപ്പോൾ അവർ ഉറങ്ങുന്നതാണ് യേശു കാണുന്നത്. ദൂതൻ വന്നിറങ്ങിയത് അവർ കണ്ടില്ല എന്നുറപ്പായില്ലേ? അപ്പോൾ പിന്നെ ദൃക്സാക്ഷിവിവരണം നൽകുന്ന ലൂക്കോസിന്റെ പേരിലുള്ള പുസ്തകത്തിൽ ഈ വിവരം എങ്ങിനെ വന്നു ഏതു ദൃക്സാക്ഷി പറഞ്ഞു?

യേശു പ്രാർത്ഥിക്കുമ്പോൾ യേശുവിന്റെ 'വിയർപ്പ് രക്തത്തുള്ളികൾ പോലെ നിലത്തുവീണു' എന്നാണ് ലൂക്കോസ് പറയുന്നത്. വ്യാഴാഴ്ച അർദ്ധരാത്രിനേരം കാണികളിൽ നിന്നും ഒരു കല്ലേറ് ദൂരം അകലെ മാറി നിന്നാണ് യേശു പ്രാർത്ഥിക്കുന്നത്. ഇനി അഥവാ ശിഷ്യന്മാർ ഉണർന്നിരുന്നാലും അത്രയും ദൂരത്തുള്ള യേശുവിന്റെ വിയർപ്പ് രക്തത്തുള്ളികൾപോലെ നിലത്തു വീഴുന്നത് അർദ്ധരാത്രിനേരം ശിഷ്യന്മാർ കാണുന്നതെങ്ങനെ? ശിഷ്യന്മാർ കണ്ടാലല്ലേ അത് ദൃക്സാക്ഷിവിവരണക്കാരൻ ലൂക്കോസിനോട് പറയാനും അയാൾക്ക് രേഖപ്പെടുത്തുവാനും കഴിയൂ?

അപ്പോൾ ഇതിൽ നിന്നുമൊക്കെ മനസിലാക്കേണ്ടത് ഒന്ന് മാത്രം. ഇത് ദൃക്സാക്ഷിവിവരണമല്ല കാരണം ഇതിൽ എഴുതിയിരിക്കുന്നത് മുഴുവനും കള്ളങ്ങളാണ്. എഴുതിയത് മത്തായിയും മാർക്കോസും ലൂക്കോസും യോഹന്നാനുമല്ല. ഈ നാല് പുസ്തകങ്ങൾ ആരെയാണോ മഹത്വീകരിക്കുന്നത് അയാൾ തന്നെയാണ് ഇതിന്റെ രചയിതാവും. ഈ ഒരു വസ്തുത തെളിയിക്കുവാൻ വേറെ അനേകം തെളിവുകളുണ്ട് എങ്കിലും വിസ്താരഭയത്താൽ ഈ വിഷയത്തെ സംബന്ധിക്കുന്ന മറ്റൊരു കാര്യവും കൂടി ചർച്ച ചെയ്തിട്ട് ഈ അദ്ധ്യായത്തിന് വിരാമമിടാൻ ആഗ്രഹിക്കുകയാണ്.

**ആ ഉയിർത്തെഴുന്നേൽപ്പു കണ്ടവർ? – മറ്റൊരു വ്യാജകഥ**

യേശു ഉയിർത്തെഴുന്നേറ്റു എന്ന് പറയുന്ന ഞായറാഴ്ച സംഭവിച്ച ചില കാര്യങ്ങൾ യേശുവിന്റെ ശിഷ്യന്മാരും ദൃക്സാക്ഷികളെന്നും കരുതപ്പെടുന്ന മത്തായിയുടെയും യോഹന്നാന്റെയും പേരുകളിലുള്ള പുസ്തകങ്ങളിൽ എങ്ങിനെയാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്നു നോക്കാം.

'സാബത്തിനുശേഷം ആഴ്ചയുടെ ഒന്നാം ദിവസം രാവിലെ മഗ്ദലനമറിയവും മറ്റേ മറിയവും ശവകുടീരം സന്ദർശിക്കാൻ വന്നു. അപ്പോൾ വലിയ ഒരു ഭൂകമ്പം ഉണ്ടായി. കർത്താവിന്റെ ദൂതൻ സ്വർഗ

ത്തിൽ നിന്നിറങ്ങിവന്ന്, കല്ലുരുട്ടിമാറ്റി, അതിന്മേൽ ഇരുന്നു. അവന്റെ രൂപം മിന്നൽപ്പിണരുപോലെ ആയിരുന്നു, വസ്ത്രം മഞ്ഞുപോലെ വെളുത്തതും. അവനെക്കുറിച്ചുള്ള ഭയം നിമിത്തം കാവല്ക്കാർ വിറപൂണ്ട് മരിച്ചവരെപ്പോലെയായി. ദൂതൻ സ്ത്രീകളോടു പറഞ്ഞു: ഭയപ്പെടേണ്ടാ; ക്രൂശിക്കപ്പെട്ട യേശുവിനെയാണു നിങ്ങൾ അന്വേഷിക്കുന്നതെന്ന് എനിക്കറിയാം. അവൻ ഇവിടെയില്ല; താൻ അരുളിച്ചെയ്തതുപോലെ അവൻ ഉയിർപ്പിക്കപ്പെട്ടു. അവൻ കിടന്ന സ്ഥലം വന്നുകാണുവിൻ. വേഗം പോയി അവന്റെ ശിഷ്യന്മാരോട്, അവൻ മരിച്ചവരുടെയിടയിൽനിന്ന് ഉയിർപ്പിക്കപ്പെട്ടെന്നും നിങ്ങൾക്കു മുമ്പേ ഗലീലിയിലേക്കുപോകുന്നെന്നും അവിടെവച്ച് നിങ്ങൾ അവനെ കാണുമെന്നും പറയുവിൻ. ഇതാ, ഇക്കാര്യം ഞാൻ നിങ്ങളോടു പറഞ്ഞിരിക്കുന്നു. അവർ കല്ലറവിട്ട് ഭയത്തോടും വലിയ സന്തോഷത്തോടും കൂടെ ശിഷ്യന്മാരെ വിവരം അറിയിക്കാൻ ഓടി. അപ്പോൾ യേശു എതിരേ വന്ന് അവരെ അഭിവാദനം ചെയ്തു. അവർ അവനെ സമീപിച്ച് പാദങ്ങളിൽ കെട്ടിപ്പിടിച്ച് ആരാധിച്ചു. യേശു അവരോട് പറഞ്ഞു: ഭയപ്പെടേണ്ടാ; നിങ്ങൾ ചെന്ന് എന്റെ സഹോദരന്മാരോടു ഗലീലിയിലേക്കു പോകണമെന്നും അവിടെ അവർ എന്നെ കാണുമെന്നും പറയുക.' [167]

ആഴ്ചയുടെ ഒന്നാം ദിവസം രാവിലെ മഗ്ദലനമറിയവും മറ്റേ മറിയയും യേശുവിന്റെ ശവകുടീരം സന്ദർശിക്കാൻ ഗോൽഗോത്തയിലേക്ക്, തലയോട്ടിയുടെ ഇടത്തിലേക്ക് പോയത്രെ, ശവകുടീരം സന്ദർശിക്കാൻ പോകാൻ അവിടെ എന്താണുള്ളത്? യേശുവിന്റെ ശവത്തിൽ യഹൂദ ആചാരപ്രകാരം സുഗന്ധദ്രവ്യങ്ങൾ പൂശി തുണികൾകൊണ്ട് കെട്ടി പൊതിഞ്ഞാണ് യേശുവിന്റെ രണ്ടു രഹസ്യശിഷ്യന്മാരായ അരിമദ്ധ്യാക്കാരൻ ജോസെഫും നിക്കോദമോസും വെള്ളിയാഴ്ച രാത്രി കല്ലറയിൽ കൊണ്ട് വെച്ചത്.

അവർ യേശുവിന്റെ ശവത്തിൽ സുഗന്ധദ്രവ്യങ്ങൾ പൂശുമ്പോഴും വെക്കുമ്പോഴും ഈ രണ്ടു സ്ത്രീകളും അതായത് മഗ്ദലനക്കാരി മറിയവും മറ്റേ മറിയവും എല്ലാറ്റിനും ദൃക്സാക്ഷികളായി ഗോൽഗോത്തായിൽ തന്നെയുണ്ടായിരുന്നു. 'പാറയില് വെട്ടിയുണ്ടാക്കിയ തന്റെ പുതിയ കല്ലറയിൽ സംസ്കരിച്ചു. കല്ലറയുടെ വാതില്ക്കൽ ഒരു വലിയ കല്ലുരുട്ടിവച്ചിട്ട് അവൻ പോയി. മഗ്ദലേനമറിയവും മറ്റേ മറിയവും ശവകുടീരത്തിനഭിമുഖമായി അവിടെ ഇരുന്നിരുന്നു'[168] അങ്ങനെയുള്ളപ്പോൾ ഈ സ്ത്രീകൾ കല്ലറ സന്ദർശിക്കാൻ ഞായറാഴ്ച്ച ഗോൽഗോത്തായിലേക്ക് പോകേണ്ട ആവശ്യമെന്താണ്?

കല്ലറ സന്ദർശിക്കാൻ വന്ന രണ്ട് മറിയകൾ അവിടെ കണ്ട കാഴ്ച എന്താണ്? അവർ കല്ലറയിങ്കൽ എത്തുമ്പോൾ അവിടെ ഒരു ഭൂകമ്പം ഉണ്ടാകുന്നു. സ്വർഗ്ഗത്തിൽ നിന്ന് ഒരു മാലാഖ ഇറങ്ങി വരുന്നു, കല്ലു

167. മത്തായി 28:1–10
168. മത്തായി 27:60–61

രുട്ടി മാറ്റുന്നു, കല്ലിന്മേൽ കയറിയിരിക്കുന്നു, അവരോട് സംസാരിക്കുന്നു. മാലാഖയെ കണ്ട് ഭടന്മാർ ഭയന്ന് മരിച്ചതു പോലെ നിശ്ചലരാകുന്നു.

ഭീകരനായ മാലാഖയെ കണ്ട് ഭടന്മാർ (പുരുഷന്മാർ) പേടിച്ച് മരിച്ചത് പോലെയായി. പക്ഷേ രണ്ട് സ്ത്രീകൾ പേടിച്ചു മരിച്ചതുപോലെയായി എന്ന് പറയുന്നില്ല. അതായത് രാത്രി മുഴുവൻ തലയോട്ടിയുടെ ഇടത്തിൽ ഉറക്കം ഒഴിച്ച് കാവലിരുന്ന പുരുഷന്മാരായ ഭടന്മാരെക്കാളും ധൈര്യമുണ്ടായിരുന്നു ഞായറാഴ്ച രാവിലെ കല്ലറ സന്ദർശിക്കാൻ വന്ന മറിയകൾക്ക് എന്നു സാരം!

യേശുവിന്റെ കല്ലറയ്ക്ക് റോമൻപടയാളികൾ കാവൽ നിൽപ്പുണ്ടായിരുന്നു എന്ന് മത്തായിയുടെ പുസ്തകത്തിൽ മാത്രമാണ് പറയുന്നത്. സൂക്ഷ്മമായി പരിശോധിക്കുമ്പോൾ ഈ പ്രസ്താവന കള്ളമാണെന്ന് തെളിയുന്നുണ്ട്.

"യജമാനനേ, ആ ചതിയൻ ജീവനോടിരിക്കുമ്പോൾ: മൂന്നുനാൾ കഴിഞ്ഞിട്ടു ഞാൻ ഉയിർത്തെഴുന്നേല്ക്കും എന്നു പറഞ്ഞപ്രകാരം ഞങ്ങൾക്കു ഓർമ്മ വന്നു. അതുകൊണ്ട് അവന്റെ ശിഷ്യന്മാർ ചെന്നു അവനെ മോഷ്ടിച്ചിട്ടു, അവൻ മരിച്ചവരുടെ ഇടയിൽ നിന്നു ഉയിർത്തെഴുന്നേറ്റു എന്നു ജനത്തോടു പറകയും ഒടുവിലത്തെ ചതിവു മുമ്പിലത്തേതിലും വിഷമമായിത്തീരുകയും ചെയ്യാതിരിക്കേണ്ടതിന്നു മൂന്നാം നാൾവരെ കല്ലറ ഉറപ്പാക്കുവാൻ കല്പിക്ക എന്നുപറഞ്ഞു. പീലാത്തൊസ് അവരോടു: കാവൽക്കൂട്ടത്തെ തരാം; പോയി നിങ്ങളാൽ ആകുന്നിടത്തോളം ഉറപ്പുവരുത്തുവിൻ എന്നു പറഞ്ഞു. അവർ ചെന്നു കല്ലിന്നു മുദ്രവെച്ചു. കാവൽക്കൂട്ടത്തെ നിറുത്തി കല്ലറ ഉറപ്പാക്കി"[169]

ആ ചതിയൻ അതായത് യേശു ജീവനോടിരിക്കുമ്പോൾ മൂന്ന് നാൾ കഴിഞ്ഞിട്ട് ഉയിർത്തെഴുന്നേൽക്കും എന്ന് പറഞ്ഞതായി ഞങ്ങൾ ഓർക്കുന്നു അതുകൊണ്ട് യേശുവിന്റെ ശിഷ്യന്മാർ ചെന്ന് യേശുവിന്റെ ജഢം മോഷ്ടിച്ചിട്ട് യേശു ഉയിർത്തെഴുന്നേറ്റു എന്ന കള്ളം പ്രചരിപ്പിക്കുവാനിടയുണ്ട് ആയതിനാൽ മൂന്ന് ദിവസത്തേക്ക് കല്ലറയ്ക്ക് കാവൽ വേണമെന്ന് യഹൂദപ്രമാണികൾ റോമൻ അധികൃതരോട് അഭ്യർത്ഥിക്കുന്നു. അതിനെത്തുടർന്ന് യഹൂദർ റോമൻ ഭടന്മാരുമായി ചെന്ന് കല്ലറ മുദ്രവെച്ച് കല്ലറയ്ക്കു മുന്നിൽ ഭടന്മാരെ കാവൽനിർത്തി എന്നാണ് മത്തായിയുടെ പുസ്തകം പറയുന്നത്. യേശു മൂന്നാംനാൾ ഉയിർത്തെഴുന്നേൽക്കും എന്ന് പറഞ്ഞിട്ടുണ്ട് എന്ന് പറയുന്നത് വാസ്തവമാണ്. പക്ഷേ യേശു അങ്ങനെ പറഞ്ഞത് യേശുവിനെ അംഗീകരിക്കാത്ത, യേശുവിനെ എതിർക്കുകയും വെറുക്കുകയും ചെയ്ത യഹൂദപ്രമാണികളോടല്ല മറിച്ച് യേശുവിനെ വിശ്വസിച്ച് യേശുവിനു വേണ്ടി സ്വജീവൻ തന്നെ നൽകിയ യേശുവിന്റെ അപോസ്തലന്മാരോടായിരുന്നു.

---

169. മത്തായി 27: 63-66

അവരോട് യേശു താൻ മൂന്നാം നാൾ ഉയിർത്തെഴുന്നേൽക്കുമെന്ന് പറഞ്ഞിരുന്നുവെങ്കിലും അവർ അത് വിശ്വസിച്ചിരുന്നില്ല എന്നും ബൈബിൾ പറയുന്നുണ്ട്: 'യേശു മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേൽക്കേണ്ടവനാകുന്നു എന്ന തിരുവെഴുത്ത് അവർ അതുവരെ അറിഞ്ഞില്ല.'[170] ഈ വചനം ഞായറാഴ്ച രാവിലെ യേശുവിന്റെ കല്ലറയിങ്കൽ വന്ന് തിരിച്ചു പോകുന്ന യോഹന്നാനെയും പത്രോസിനെയും കുറിച്ചാണ്. യോഹന്നാൻ എന്ന യേശു 'സ്നേഹിച്ചിരുന്ന' ശിഷ്യനും ശിഷ്യന്മാരുടെ തലവനായിരുന്ന പത്രോസും യേശുവിന്റെ മരണശേഷവും യേശു മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേൽക്കേണ്ടവൻ ആകുന്നു എന്നറിഞ്ഞിരുന്നില്ല എന്നാണ് ഇതിനർത്ഥം.

യേശു തന്റെ അപ്പോസ്തോലന്മാരോട് താൻ കൊല്ലപ്പെടുമെന്നും മൂന്നാം നാൾ ഉയിർത്തെഴുന്നേൽക്കുമെന്നും പറയുമ്പോൾ പത്രോസ് യേശുവിനെ എതിർക്കുന്നതായി പറഞ്ഞിട്ടുണ്ട്. പക്ഷെ പത്രോസ് എതിർത്തത് യേശു ഉയിർത്തെഴുന്നേൽക്കും എന്നു പറഞ്ഞതിനെയല്ല, മറിച്ച് യേശു വധിക്കപ്പെടണം എന്ന് പറഞ്ഞതിനെയാണ്: 'മനുഷ്യപുത്രൻ പലതും സഹിക്കയും മൂപ്പന്മാരും മഹാപുരോഹിതന്മാരും ശാസ്ത്രിമാരും അവനെ തള്ളിക്കളഞ്ഞു കൊല്ലുകയും മൂന്നു നാൾ കഴിഞ്ഞിട്ടു അവൻ ഉയിർത്തെഴുന്നേൽക്കയും വേണം എന്നു അവരെ ഉപദേശിച്ചു തുടങ്ങി. അവൻ ഈ വാക്കു തുറന്നു പറഞ്ഞു. അപ്പോൾ പത്രോസ് അവനെ വേറിട്ടു കൊണ്ടുപോയി ശാസിച്ചു തുടങ്ങി'[171]

യേശു ഉയിർത്തെഴുന്നേറ്റു എന്ന് പറയുന്ന ഞായറാഴ്ച രാവിലെ പോലും പത്രോസിനും യോഹന്നാനും യേശു ഉയിർത്തെഴുന്നേൽക്കണമെന്ന് അറിയില്ലായിരുന്നു എന്ന ബൈബിൾവചനവും, 'പത്രോസ് നിന്റെ ചിന്ത മാനുഷികമാണ്' എന്ന യേശുവിന്റെ മറുപടിയും യേശുവിന്റെ ശിഷ്യന്മാർ ആരും തന്നെ യേശു മരിച്ചു മൂന്നാംനാൾ വരുമെന്ന് പറഞ്ഞത് വിശ്വസിച്ചിരുന്നില്ല എന്നാണ് സൂചിപ്പിക്കുന്നത്.

ഒന്നാലോചിച്ചു നോക്കൂ, നിങ്ങൾക്ക് വളരെ അടുത്തറിയാവുന്ന ഒരാൾ താൻ ഒരിടത്തേക്ക് പോവുകയാണെന്നും അവിടെ വെച്ചു താൻ കൊല്ലപ്പെടുമെന്നും എന്നാൽ മൂന്നാം നാൾ മരിച്ചവരിൽ നിന്നും ഉയിർത്തെഴുന്നേൽക്കുമെന്നും നിങ്ങളോടു പറയുന്നുവെന്നു കരുതുക. അയാൾ കൊല്ലപ്പെടുമെന്ന പ്രവചനം വിശ്വാസയോഗ്യമാണ്. കാരണം മനുഷ്യർ കൊല്ലപ്പെടുന്നത് അന്നും ഇന്നും സംഭവ്യമാണ്. എന്നാൽ അയാൾ മൂന്നാം നാൾ ഉയിർത്തെഴുന്നേൽക്കുമെന്ന് നിങ്ങളോട് പറഞ്ഞാൽ അത് നിങ്ങൾ ഗൗരവമായെടുക്കുമോ? ഇല്ലേയില്ല. മരിച്ചവർ ആരും തിരിയെ വരില്ല എന്ന യാഥാർത്ഥ്യബോധമാണ് അതൊരു ജല്പനമായി മാത്രം കണക്കാക്കുവാൻ നിങ്ങളെ പ്രേരിപ്പിക്കുന്ന ഘടകം.

170. യോഹന്നാൻ 20:9
171. മാർക്കോസ് 8-31-32

അപ്പോൾ യേശുവിന്റെ അപ്പോസ്തോലന്മാരോടു മാത്രം യേശു പറഞ്ഞ കാര്യം അപ്പോസ്തോലന്മാർ പോലും വിശ്വസിച്ചിരുന്നില്ല എന്ന് ബൈബിൾ പറയുന്ന കാര്യം യഹൂദപ്രമാണിമാർ എങ്ങിനെയാണെറിയുക? അവർ അക്കാര്യം അറിഞ്ഞാൽ മാത്രമല്ലേ ചതിയൻ യേശു മൂന്നാം നാൾ ഉയിർത്തെഴുന്നേൽക്കുമെന്ന് പറഞ്ഞുവെന്നും പറഞ്ഞ് അവർ റോമൻ അധികൃതരോട് കല്ലറയ്ക്കു കാവൽ നിർത്താൻ അഭ്യർത്ഥിക്കാൻ തരമുള്ളൂ. ആയതിനാൽ യഹൂദപ്രമാണികൾ റോമാക്കാരോട് കല്ലറയ്ക്ക് കാവൽ നിർത്താൻ അഭ്യർത്ഥിച്ചു എന്ന് മത്തായിയുടെ പേരിലുള്ള പുസ്തകത്തിൽ ഇരുപത്തിയേഴാം അധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന കാര്യം കള്ളമാണെന്നു തെളിയുന്നു.

ഇനി മത്തായിയുടെ പുസ്തകപ്രകാരം മറിയകൾ ഞായറാഴ്ച രാവിലെ ഗോൽഗോത്തായിൽ കണ്ട കാഴ്ചയുടെ ബാക്കി ഭാഗം കൂടി ഒന്ന് വിശകലനം ചെയ്യാം.

കല്ലുരുട്ടി മാറ്റി കല്ലിൻമേൽ ഇരുന്ന ദൂതൻ മറിയകളോട് യേശു കല്ലറയിൽ ഇല്ലായെന്നും ഉയിർപ്പിക്കപ്പെട്ടുവെന്നും യേശു അവർക്കു മുമ്പേ (ജറുസലേമിൽ നിന്നും 150 കിലോമീറ്റർദൂരെയുള്ള) ഗലീലിയിലേക്കു പോകുന്നുവെന്നും ഗലീലിയിൽ വെച്ച് നിങ്ങൾ യേശുവിനെ കാണുമെന്നും പറയുവിൻ എന്ന് പറഞ്ഞുവത്രെ. മരിച്ചവരിൽ നിന്നും ഉയിർത്തെഴുന്നേറ്റു എന്ന് പറയുന്ന ഞായറാഴ്ച്ച യേശു ശിഷ്യന്മാരെ കാണുന്നത് ഗലീലിയിൽ വെച്ചല്ല മറിച്ച് ജറുസലേമിൽ വെച്ചാണെന്നാണ് ലൂക്കോസ് പറയുന്നത്: “അവർ അപ്പോൾത്തന്നെ എഴുന്നേറ്റ് ജറുസലെമിലേക്കു തിരിച്ചുപോയി; അവിടെ കൂടിയിരുന്ന പതിനൊന്നു പേരെയും അവരോടൊപ്പം ഉണ്ടായിരുന്നവരെയും കണ്ടു. കർത്താവു സത്യമായും ഉയിർത്തെഴുന്നേറ്റു; ശിമയോനു പ്രത്യക്ഷപ്പെട്ടു എന്ന് അവർ പറഞ്ഞുകൊണ്ടിരിക്കുകയായിരുന്നു. വഴിയിൽവച്ചു സംഭവിച്ചതും അപ്പം മുറിക്കുമ്പോൾ തങ്ങൾ അവനെ തിരിച്ചറിഞ്ഞതും അവരും വിവരിച്ചു. അവർ ഇതു പറഞ്ഞുകൊണ്ടിരിക്കുമ്പോൾ യേശു അവരുടെ മധ്യേ പ്രത്യക്ഷനായി.”[172] യേശു അവർക്കു മുമ്പേ ഗലീലിയിലേക്ക് പോകുന്നുവെന്നും ഗലീലിയിൽ വെച്ച് അവർ യേശുവിനെ കാണുമെന്നും സ്വർഗത്തിൽ നിന്നറങ്ങി വന്ന ദൂതൻ പറഞ്ഞതും കള്ളം!

ദൂതന്റെ പക്കൽ നിന്നും സന്ദേശം ലഭിച്ച മറിയകൾ അതീവ സന്തോഷത്തോടുകൂടി ശിഷ്യന്മാരെ വിവരമറിയിക്കാൻ ഓടി പോകുന്ന വഴിയിൽ യേശുവിനെ കണ്ട് യേശുവിന്റെ പാദങ്ങളിൽ മറിയകൾ കെട്ടിപ്പിടിച്ച് ആരാധിച്ചു എന്നാണ് മത്തായിയുടെ സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

**ഉയിർത്തെഴുന്നേറ്റിട്ടു ചെയ്തത് — തമ്മിൽച്ചേരാത്ത കഥകൾ !**

ഇനി, യേശു ഉയിർത്തെഴുന്നേറ്റു എന്നു പറയപ്പെടുന്ന ദിവസം

172. ലൂക്കോസ്24:33–36

ഞായറാഴ്ച രാവിലെ എന്താണ് സംഭവിച്ചത് എന്ന് യോഹന്നാന്റെ സുവിശേഷം പറയുന്ന കാര്യങ്ങളിലേക്ക് ഒന്ന് കണ്ണോടിക്കാം.

'ആഴ്ചവട്ടത്തിൽ ഒന്നാം നാൾ മഗ്ദലക്കാരത്തി മറിയ രാവിലെ ഇരുട്ടുള്ളപ്പോൾ തന്നെ കല്ലറെക്കൽ ചെന്നു കല്ലറവായ്ക്കൽ നിന്നു കല്ലു നീങ്ങിയിരിക്കുന്നതു കണ്ടു. അവൾ ഓടി ശിമോൻ പത്രൊസിന്റെയും യേശുവിനു പ്രിയനായ മറ്റെ ശിഷ്യന്റെയും അടുക്കൽ ചെന്നു:'[173]

യോഹന്നാന്റെ തിരുവെഴുത്ത് പ്രകാരം മഗ്ദലനമറിയം മാത്രമാണ് കല്ലറയിലേക്ക് പോയത്. അവൾ കല്ലറയിങ്കൽ എത്തിയപ്പോൾ കല്ലറയുടെ കവാടം മൂടിയിരുന്ന കല്ല് ഉരുട്ടി മാറ്റിയിരിക്കുന്നതായി കണ്ടു. മത്തായിയുടെ തിരുവെഴുത്തിൽ പറയുന്നതുപോലെ അവൾ കല്ലറയിങ്കൽ ചെന്നപ്പോൾ അവിടെ ഭൂകമ്പം ഉണ്ടായില്ല, കല്ലറയുടെ കവാടത്തിൽ ഭടന്മാർ ഉണ്ടായിരുന്നില്ല, സ്വർഗ്ഗത്തിൽനിന്ന് ഒരു മാലാഖയും ഇറങ്ങിവന്ന് മറിയയോട് 'യേശു ഗലീലിലേക്കു പോയി, നിങ്ങൾ ഗലീലിലേക്ക് പോകൂ, അവിടെവച്ച് അവൻ നിങ്ങളെ കാണും, എന്ന് ആരും അവളോട് പറഞ്ഞുമില്ല. യോഹന്നാന്റെ പുസ്തകപ്രകാരം മറിയം ഓടിച്ചെല്ലുന്നത് യേശു സ്നേഹിച്ചിരുന്ന ശിഷ്യനായ യോഹന്നാന്റെയും പത്രോസിന്റെയും അടുക്കലേക്കാണ് എന്നിട്ട് 'കർത്താവിനെ കല്ലറയിൽ നിന്നു എടുത്തുകൊണ്ടുപോയി; അവനെ എവിടെ വെച്ചു എന്നു ഞങ്ങൾ അറിയുന്നില്ല എന്നു അവരോടു പറഞ്ഞു.' [174]

മത്തായിയുടെ പുസ്തകത്തിൽ കല്ലറയിൽ നിന്നും ദൂതന്റെ സന്ദേശം ഏറ്റുവാങ്ങി ശിഷ്യന്മാരുടെ അടുക്കലേക്ക് മഗ്ദലനമറിയവും മറ്റേ മറിയവും പോകുന്ന വഴിയിൽ യേശുവിനെ കാണുകയും യേശുവിന്റെ കാലിൽ കെട്ടിപ്പിടിച്ച് യേശുവിനെ ആരാധിക്കുകയും യേശുവിനെ വഴിയിൽ കണ്ട വിവരം ശിഷ്യന്മാരെ അറിയിക്കുവാനുമാണ് മഗ്ദലനമറിയവും മറ്റേ മറിയവും കൂടി ശിഷ്യന്മാരുടെ അടുക്കലേക്ക് ഓടിച്ചെന്നത്. എന്നാൽ യോഹന്നാന്റെ പുസ്തകത്തിൽ മഗ്ദലനമറിയം ശിഷ്യന്മാരുടെ അടുക്കലേക്കു ഓടുന്നത് യേശുവിനെ കല്ലറയിൽ നിന്ന് എടുത്തുകൊണ്ടുപോയി എവിടെ വെച്ചു എന്ന് ഞങ്ങൾക്കറിയില്ല എന്ന് പറയുവാനാണ്.

യോഹന്നാന്റെ പുസ്തകപ്രകാരം കല്ലറയിൽ വന്നതിനുശേഷം ശിഷ്യന്മാരുടെ അടുക്കലേക്ക് ഓടുന്ന വഴിയിൽ മഗ്ദലനമറിയം യേശുവിനെ കാണുന്നുമില്ല, യേശുവിന്റെ കാലിൽ കെട്ടിപിടിച്ചു ആരാധിക്കുന്നുമില്ല.

മഗ്ദലനമറിയം കല്ലറയിൽ എത്തിയപ്പോൾ കല്ലറയുടെ കവാടം മൂടിയിരുന്ന കല്ല് ഉരുട്ടി മാറ്റിയിരിക്കുന്നതായി കണ്ടു എന്നും പറയുന്നുണ്ട്. കല്ലറയ്ക്കുള്ളിൽ കടന്ന് യേശുവിന്റെ ജഡം കല്ലറയിൽ തന്നെ

173. യോഹന്നാൻ 20:1–2
174. യോഹന്നാൻ 20:3

ഉണ്ടോ എന്ന് പരിശോധിച്ചതായി പറയുന്നില്ല. കല്ലറയ്ക്കുള്ളിൽ കടക്കാത്ത മഗ്ദലനമറിയം യേശുവിന്റെ ജഡം ഉള്ളിൽ ഇല്ല എന്നും ആരോ ചിലർ ജഡം എടുത്തുകൊണ്ടുപോയി എന്നും എങ്ങനെ മനസ്സിലാക്കി?

യഹൂദ ആചാരപ്രകാരം യേശുവിന്റെ ജഡത്തിൽ സുഗന്ധദ്രവ്യങ്ങൾ പൂശുവാനാണ് മറിയ കല്ലറയിലേക്കു പോയത് എന്ന് മാർക്കോസിന്റെ പുസ്തകത്തിൽ പറയുന്നുണ്ട്. യേശുവിനെ ആരാധിച്ചിരുന്ന ഏക സ്ത്രീ ആയിരുന്നില്ല മഗ്ദലനമറിയം. മഗ്ദലനയെപോലെ തന്നെ യേശുവിനെ ആരാധിച്ചിരുന്ന ധാരാളം സ്ത്രീകൾ ഗലീലിയിൽ നിന്ന് യേശുവിനെ പിന്തുടർന്ന് യേശുവിന്റെ കുരിശുമരണസമയത്ത് ഗോൽഗോത്തായിൽ സന്നിഹിതരായിരുന്നു. അവരിൽ ആരെങ്കിലും മഗ്ദലനമറിയത്തെപോലെ യേശുവിന്റെ ജഡത്തിൽ സുഗന്ധദ്രവ്യങ്ങൾ പൂശാൻ മഗ്ദലനമറിയത്തിനു മുന്നേ കല്ലറയിൽ വന്നിരുന്നുവെങ്കിലോ? കല്ലറയുടെ കവാടം മൂടിയിരിക്കുന്ന കല്ലുരുട്ടി മാറ്റാതെ അവർക്കും കല്ലറയിൽ പ്രവേശിക്കാൻ കഴിയില്ല എന്നിരിക്കെ കല്ലറയുടെ ഉള്ളിൽ കടന്ന് യേശുവിന്റെ ജഡം അവിടെയില്ല എന്നുറപ്പു വരുത്താതെ ആരോ ചിലർ യേശുവിന്റെ ജഡം എടുത്തുകൊണ്ടുപോയി എന്ന് മഗ്ദലന മറിയം പറഞ്ഞത് എന്തിന്റെ അടിസ്ഥാനത്തിലാണ്?

വിചിത്രമെന്നു പറയട്ടെ മഗ്ദലനമറിയത്തിന്റെ വാക്കുകൾ കേട്ട് കല്ലറയിലേക്ക് ഓടിച്ചെന്ന യോഹന്നാനും പത്രോസും യേശുവിന്റെ ജഡം കല്ലറയിൽ കാണുന്നുമില്ല. ‘അങ്ങനെ ശിഷ്യന്മാർ വീട്ടിലേക്കു മടങ്ങിപ്പോയി. എന്നാൽ മറിയ കല്ലറക്കൽ പുറത്തു കരഞ്ഞുകൊണ്ടു നിന്നു. കരയുന്നിടയിൽ അവൾ കല്ലറയിൽ കുനിഞ്ഞുനോക്കി. യേശുവിന്റെ ശരീരം കിടന്നിരുന്ന ഇടത്തു വെള്ളവസ്ത്രം ധരിച്ച രണ്ടു ദൂതന്മാർ ഒരുത്തൻ തലെക്കലും ഒരുത്തൻ കാൽക്കലും ഇരിക്കുന്നതു കണ്ടു.’[175]

മത്തായിയുടെ സുവിശേഷത്തിൽ മാലാഖമാരെ കണ്ടതിനു ശേഷമാണ് മറിയ ശിഷ്യന്മാരെ കാണുന്നത്. എന്നാൽ യോഹന്നാന്റെ സുവിശേഷപ്രകാരം മറിയ ശിഷ്യന്മാരെ വിവരമറിയിച്ചതിനു ശേഷമാണ് മാലാഖമാരെ കാണുന്നത്. മത്തായിയുടെ സുവിശേഷത്തിൽ പറയുന്നതുപോലെ സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്ന് കല്ലുരുട്ടി മാറ്റി കല്ലിന്മേൽ ഇരിക്കുന്ന മാലാഖയെ അല്ല അവൾ കണ്ടത്. പിന്നെയോ അവൾ കണ്ടത് ഗുഹയ്ക്കകത്ത് യേശുവിന്റെ ജഡം കിടത്തിയിരുന്ന ഭാഗത്ത് ഇരിക്കുന്ന രണ്ട് മാലാഖമാരെയാണ്! ചുരുക്കിപ്പറഞ്ഞാൽ ഈ ‘സുവിശേഷ’ വിവരണങ്ങളിൽ സത്യത്തിന്റെ കണിക പോലുമില്ല.

ഇനി, യേശു ഉയിർത്തെഴുന്നേറ്റു എന്ന് പറയപ്പെടുന്ന ദിവസം ഞായറാഴ്ച രാവിലെ എന്താണ് സംഭവിച്ചതെന്ന് യോഹന്നാന്റെ സുവിശേഷം പറയുന്ന മറ്റ് ചില വൈരുദ്ധ്യങ്ങളിലേക്ക് കൂടി ഒന്ന് കണ്ണോടിക്കാം.

---

175. യോഹന്നാൻ 20:10-12

'ആഴ്ചവട്ടത്തിൽ ഒന്നാം നാൾ മഗ്ദലക്കാരത്തി മറിയ രാവിലെ ഇരുട്ടുള്ളപ്പോൾ തന്നേ കല്ലറയ്ക്കൽ ചെന്നു കല്ലറവായ്ക്കൽ നിന്നു കല്ലു നീങ്ങിയിരിക്കുന്നതു കണ്ടു. അവൾ ഓടി ശിമോൻ പത്രൊസിന്റെയും യേശുവിനു പ്രിയനായ മറ്റെ ശിഷ്യന്റെയും അടുക്കൽ ചെന്നു.'[176]

യോഹന്നാന്റെ തിരുവെഴുത്തുപ്രകാരം മഗ്ദലനമറിയം മാത്രമാണ് കല്ലറയിലേക്കു പോയത്. മത്തായിയുടെ തിരുവെഴുത്തിൽ പറയുന്നതുപോലെ മറ്റേ മറിയം പോയിട്ടില്ല അല്ലെങ്കിൽ മാർക്കോയുടെ തിരുവെഴുത്തിൽ പറയുന്നതുപോലെ മറ്റേ മറിയവും സലോമിയും പോയിട്ടില്ല. അതുമല്ലെങ്കിൽ ദൃക്സാക്ഷിവിവരണക്കാരൻ ലൂക്കോസിന്റെ തിരുവെഴുത്തിൽ പറയുന്നതു പോലെ മറ്റേ മറിയവും സലോമിയും യോവാന്നയും യാക്കോബിന്റെ അമ്മയായ മറിയവും അവരുടെകൂടെയുണ്ടായിരുന്ന മറ്റു സ്ത്രീകളുമൊന്നും പോയിട്ടില്ല. യോഹന്നാന്റെ പുസ്തകത്തിൽ അതിരാവിലെ ഇരുട്ടായിരിക്കുമ്പോൾ കല്ലറയിലേക്കു പോയത് മഗ്ദലനകാരി മറിയം മാത്രമായിരുന്നു.

അവൾ കല്ലറയിങ്കൽ എത്തിയപ്പോൾ കല്ലറയുടെ കവാടം മൂടിയിരുന്ന കല്ല് ഉരുട്ടി മാറ്റിയിരിക്കുന്നതായി കണ്ടു. മത്തായിയുടെ തിരുവെഴുത്തിൽ പറയുന്നതുപോലെ അവൾ കല്ലറയിങ്കൽ ചെന്നപ്പോൾ അവിടെ ഭൂകമ്പം ഉണ്ടായില്ല. കല്ലറയുടെ കവാടത്തിൽ ഭടന്മാർ ഉണ്ടായിരുന്നില്ല. സ്വർഗ്ഗത്തിൽനിന്ന് ഒരു മാലാഖയും ഇറങ്ങിവന്ന് മറിയയോട് യേശു ഗലീലിലേക്ക് പോയി നിങ്ങൾ ഗലീലിലേക്ക് പോകൂ അവിടെ വച്ച് അവൻ നിങ്ങളെ കാണും എന്ന് അവളോട് പറഞ്ഞതുമില്ല.

മറ്റൊരു പ്രശ്നം, യോഹന്നാന്റെ പുസ്തകപ്രകാരം ഞായറാഴ്ച രാവിലെ കല്ലറയിലേക്ക് പോയത് മഗ്ദലനമറിയം എന്ന ഒരേയൊരു സ്ത്രീ മാത്രമാണ്, കല്ലറയിൽ നിന്ന് ഓടി ശിഷ്യന്മാരുടെ അടുക്കൽ ചെന്നതും മഗ്ദലനമറിയം മാത്രമാണ്. എന്നാൽ അവൾ ശിഷ്യന്മാരോടു സംസാരിക്കുമ്പോൾ "എനിക്കറിയില്ല" എന്നല്ല, മറിച്ച് "ഞങ്ങൾക്കറിയില്ല" എന്നാണ് പറയുന്നത്. അതായത് യോഹന്നാന്റെ സുവിശേഷം വിരചിച്ച മഹാന് മറ്റു സുവിശേഷകരുടെ പുസ്തകത്തിൽ ഒന്നിലധികം പേർ കല്ലറയിലേക്ക് പോയി എന്നാണ് എഴുതിയിരിക്കുന്നത് എന്നറിയാം. അതുകൊണ്ടാണ് എനിക്കറിയില്ല എന്ന് പറയേണ്ടിടത്ത് ഞങ്ങൾക്കറിയില്ല എന്ന് അബദ്ധത്തിൽ എഴുതിപ്പോയത്!

മേൽപ്പറഞ്ഞ വചനങ്ങളിൽ ധാരാളം പൊരുത്തക്കേടുകൾ ഇനിയും വേറെയുണ്ട്. ഇങ്ങനെ ഈ നാലു ഗ്രന്ഥങ്ങളിലും പറഞ്ഞിട്ടുള്ള കള്ളങ്ങളുടെ കണക്കെടുപ്പ് നടത്തുക എന്നത് വാനിലെ താരകങ്ങളെ എണ്ണിത്തിട്ടപ്പെടുത്തുന്നതിനേക്കാൾ ദുഷ്കരമായ പ്രയത്നമാണെന്ന് ബോധ്യമുള്ളതിനാൽ എല്ലാ വൈരുദ്ധ്യങ്ങളും ചൂണ്ടിക്കാണിക്കുവാൻ മുതിരുന്നില്ല.

176. യോഹന്നാൻ 20:1–2

**ശിഷ്യരല്ല സുവിശേഷരചയിതാക്കൾ**

മത്തായി, മാർക്കോസ്, ലൂക്കോസ്, യോഹന്നാൻ ഇവരാണ് യേശുവിന്റെ ജീവചരിത്രം എഴുതിയിരുന്നതെങ്കിൽ ഈ പുസ്തകങ്ങളിൽ ഒരൊറ്റ കള്ളം പോലും എഴുതപ്പെടില്ലായിരുന്നു. ഇതിൽ മത്തായിയും യോഹന്നാനും യേശുവിന്റെ അപ്പോസ്തലന്മാരിൽപെടുന്നവർ. മാർക്കോസും ലൂക്കോസും 12 അപ്പോസ്തലന്മാരിൽപെടാത്ത യേശുവിന്റെ അനുയായികൾ. മാർക്കോസും ലൂക്കോസും ജീവിച്ചതും ജീവത്യാഗം ചെയ്തതും യേശുവിനുവേണ്ടിയും യേശുവിന്റെ ക്രിസ്തുമതപ്രചരണത്തിന് വേണ്ടിയും. മാർക്കോസ് ഈജിപ്തിലെ അലക്സാൻഡ്രിയയിൽ വെച്ചും ലൂക്കോസ് ഗ്രീസിൽ വച്ചും സുവിശേഷപ്രചരണത്തിനിടയിൽ കൊല്ലപ്പെട്ടു എന്നാണു ചരിത്രം.

നാല് സുവിശേഷ എഴുത്തുകാരും യേശുവിന്റെ ശിഷ്യന്മാരും തങ്ങളുടെ മരണംവരെ യേശു ദൈവപുത്രൻ ആണെന്നും രക്ഷകൻ ആണെന്നും വിശ്വസിച്ചിരുന്നവർ. എന്നിട്ടും അവർ എഴുതി എന്നു പറയപ്പെടുന്ന യേശുവിന്റെ ജീവചരിത്രത്തിൽ എങ്ങനെ അടിമുടി വൈരുദ്ധ്യങ്ങൾ കടന്നുകൂടി എന്ന ചോദ്യത്തിന് ഈ പുസ്തകങ്ങൾ എഴുതിയത് അവരല്ല എന്നതു മാത്രമാണ് മറുപടി. അപ്പോൾ പിന്നെ ആരാണ് ഇവയൊക്കെ എഴുതിയത് എന്ന ചോദ്യം അവശേഷിക്കുന്നു. നാലു പുസ്തകങ്ങളിലെയും വിവരണം ഒന്ന് മറ്റൊന്നിന് വിരുദ്ധമാണെങ്കിലും ഒരു കാര്യത്തിൽ മാത്രം നാലു പുസ്തകങ്ങളും സമവായത്തിൽ എത്തുന്നുണ്ട് അത് യേശു ദൈവപുത്രൻ ആണെന്ന കാര്യമാണ്. നാലു പുസ്തകങ്ങളുടെയും പൊതുവായ ലക്ഷ്യം യേശുവിനെ ദൈവപുത്രനായി ഉയർത്തിക്കാട്ടുക എന്നതാണ്.

ആയതിനാൽ ഈ നാലു പുസ്തകങ്ങളുടെയും ഗുണഭോക്താവ് യേശുവാണ്. ഈ പുസ്തകങ്ങളിലെ നുണകൾ എഴുതിയിരിക്കുന്നത് ആരായിരുന്നാലും ഒരു പ്രത്യേക തരം സ്വഭാവമുള്ളയാളാണ്. Malignant rebellion എന്ന രണ്ട് ഇംഗ്ലീഷ് ഭാഷാപദങ്ങളാണ് ഈ ലേഖകന്റെ ഗുരു യേശുവിന്റെ സ്വഭാവത്തെകുറിച്ച് സംസാരിക്കുമ്പോൾ ഉപയോഗിച്ചിരുന്നത്.

Malignant cancerഎന്ന് കേട്ടിട്ടുണ്ടാവുമല്ലോ വളരെ വേഗത്തിൽ വർധിച്ചുവരുന്ന നിയന്ത്രണാതീതമായ അർബുദത്തെയാണ് Malignant cancer എന്ന് പറയുന്നത്. ഇവിടെ വളരെ വേഗത്തിൽ വർധിച്ചുവരുന്ന rebellion എന്നാണ് പറയുന്നത്. rebellion എന്നാൽ വിപ്ലവം എന്ന അർത്ഥത്തിലല്ല. മറിച്ച് self rebellion തന്റെ അഭിപ്രായങ്ങളെ താൻ തന്നെ എതിർക്കുന്ന സ്വഭാവം എന്നതാണ് അർത്ഥമാക്കുന്നത്. ബൈബിൾ രചയിതാവ് ഒരു കാര്യം പറയുന്നു, എന്നിട്ട് ആ കാര്യത്തിന് വിരുദ്ധമായി മറ്റൊരു കാര്യം പറയുന്നു. മഗ്ദലേന മാത്രമാണ് പോയതെന്ന് പറയുക, എന്നിട്ടു മറ്റൊരു പുസ്തകത്തിൽ അല്ല മഗ്ദലേനയും മറ്റേ മറിയവും കൂടിയാണ് പോയതെന്ന് പറയുക, തൊട്ടടുത്ത പുസ്തക

ത്തിൽ മഗ്ദലേനയും മറ്റേ മറിയവും സലോമിയും ഉണ്ടായിരുന്നു എന്ന് പരസ്പരവിരുദ്ധമായി പറയുക, എന്നിട്ടു വീണ്ടും അല്ല മഗ്ദലേനയുംസലോമിയും യോവന്നായും പിന്നെ വേറെ ചിലരും കൂടിയുണ്ടായിരുന്നു എന്ന് പറഞ്ഞു ആശയ കുഴപ്പം ഉണ്ടാക്കുക.

Self rebellious ആയ, മനോനില തെറ്റിയ ഒരുവനാണ് ഈ പുസ്തകങ്ങളുടെയെല്ലാം പിന്നിൽ. അല്ലാതെ ഇത് മത്തായിയും മാർക്കോസും ലൂക്കോസും യോഹന്നാനുമൊന്നും എഴുതിയതല്ല എന്നാണ് പറയുന്നതിന്റെ രത്നച്ചുരുക്കം. ബൈബിൾ എഴുതിയത് self rebellious ആയ, വികലമായ മനസുള്ള ഒരു സത്വമാണ് എന്നതിന് ഒരു തെളിവ് കൂടി സമർപ്പിക്കാം.

ഉയിർത്തെഴുന്നേൽപ്പു നാടകത്തിനു ശേഷം യേശു പത്രോസിനോട് പറയുന്ന ഒരു വചനമുണ്ട്, അതിപ്രകാരമാണ്: 'സത്യം സത്യമായി ഞാൻ നിന്നോടു പറയുന്നു, ചെറുപ്പമായിരുന്നപ്പോൾ നീ സ്വയം അര മുറുക്കുകയും ഇഷ്ടമുള്ളിടത്തേക്കു പോവുകയും ചെയ്തിരുന്നു. എന്നാൽ, പ്രായമാകുമ്പോൾ നീ നിന്റെ കൈകൾ നീട്ടുകയും മറ്റൊരുവൻ നിന്റെ അര മുറുക്കുകയും നീ ആഗ്രഹിക്കാത്തിടത്തേക്കു നിന്നെ കൊണ്ടുപോവുകയും ചെയ്യും'[177]

'ചെറുപ്പമായിരുന്നപ്പോൾ നീ സ്വയം അരമുറുക്കുകയും' എന്നാണ് ആദ്യം പറയുന്നത് അതിനർത്ഥം പത്രോസ് തത്സമയം ചെറുപ്പമല്ല എന്നാണ് കാരണം ചെറുപ്പമായിരുന്നപ്പോൾ എന്നത് ഭൂതകാലമാണ് എന്നാൽ അതിനോടു ചേർന്ന് യേശു പറയുന്ന വാക്കുകൾ എന്താണ്? 'പ്രായമാകുമ്പോൾ നീ നിന്റെ കൈകൾ നീട്ടുകയും' പ്രായമാകുമ്പോൾ എന്നത് ഭാവിയാണ് അതായത് തത്സമയം പത്രോസ് വൃദ്ധനല്ലെന്നും ചെറുപ്പമാണെന്നുമാണ് അർത്ഥമാക്കുന്നത്. പത്രോസ് ചെറുപ്പമല്ലെന്നും വൃദ്ധനാണെന്നും പത്രോസ് വൃദ്ധനല്ല ചെറുപ്പമാണെന്നും ഒറ്റ ശ്വാസത്തിൽ പറയുന്നത് യേശുവാണ്. യേശുവിന്റെ സംസാരശൈലിയും ബൈബിളിന്റെ രചനാശൈലിയും മേല്പറഞ്ഞതുപോലെ പരസ്പര വൈരുദ്ധ്യങ്ങൾ മാത്രം പ്രകടമാക്കുന്നതാണ്.

**വേദമോ, വൈരുദ്ധ്യങ്ങളുടെ കഥാപുസ്തകമോ?**

ബൈബിളിൽ യേശു പറയുന്ന വചനങ്ങളും ബൈബിൾ പറയുന്ന കഥകളും എല്ലാം പരസ്പരവിരുദ്ധങ്ങളാണ്. 'consistency of inconsistency' (സ്ഥിരമായ അസ്ഥിരത) എന്നാണ് എന്റെ ഗുരു, ബൈബിളിന്റെ അഥവാ യേശുവിന്റെ ഇത്തരം വിചിത്രപ്രവണതയെ വിശേഷിപ്പിച്ചിരുന്നത്. ഈ ഗ്രന്ഥത്തിൽ അതിനു ധാരാളം ഉദാഹരണങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വായനക്കാരുടെ ശ്രദ്ധയിലേക്കായി ഒന്ന് രണ്ടു കാര്യങ്ങൾ കൂടി പറഞ്ഞുകൊണ്ട് ഈ അദ്ധ്യായം അവസാനിപ്പിക്കാം.

177. യോഹന്നാൻ 21:18

ഒരുവൻ വിശന്നു വലഞ്ഞിരിക്കുന്ന ഒരു സാധു മനുഷ്യന് ഒരു നേരത്തെ ആഹാരം നൽകുന്നുവെന്നു കരുതുക എന്നാൽ ആ സൽകർമ്മം ചെയ്ത നാൾ മുതൽ എപ്പോഴെല്ലാം അയാളെ കാണുന്നുവോ അപ്പോഴെല്ലാം അയാളോട് 'അന്ന് നീ വിശന്നു വലഞ്ഞിരുന്നപ്പോൾ നിനക്ക് ഭക്ഷണം വാങ്ങിതന്ന അന്നദാതാവാണ് ഞാൻ' എന്ന് പറഞ്ഞു അല്പത്തരം കാട്ടുന്ന ഒരുവനെ കുറിച്ച് എന്തായിരിക്കും നിങ്ങളുടെ അഭിപ്രായം? എന്തായാലും അത്തരമൊരു വൃത്തികെട്ട സ്വഭാവം കാട്ടുന്ന ഒരുവനെ ദൈവമെന്ന് വിളിക്കാനാവില്ലലോ? എന്നാൽ ഇത് തന്നെയാണ് ക്രിസ്ത്യാനികൾ പിതാവായ ദൈവമെന്ന് വിളിക്കുന്ന യഹോവയുടെ സ്വഭാവം!

ഈജിപ്തിൽ അടിമകളായി കഴിഞ്ഞിരുന്ന യഹൂദജനത്തെ അടിമഭവനത്തിൽ നിന്നും യഹോവ മോചിപ്പിച്ചു, തേനും പാലും ഒഴുകുന്ന കാനാൻദേശത്തു കൊണ്ടുപോയി പാർപ്പിച്ചു എന്ന കഥയാണല്ലോ പഴയനിയമത്തിലെ ഏറ്റവും വലിയ കഥ. എന്നാൽ യഹോവ ഈ കഥ എത്ര തവണ യഹൂദരെ ഓർമ്മപ്പെടുത്തുന്നുണ്ട് എന്ന് നിങ്ങൾക്കറിയാമോ? ആവർത്തനപുസ്തകത്തിൽ മാത്രം 5 തവണ ഓർമ്മപെടുത്തുന്നുണ്ട് ഉദാഹരണം ആവർത്തന പുസ്തകം 24:18 'നീ ഈജിപ്തിൽ അടിമയായിരുന്നുവെന്നും നിന്റെ ദൈവമായ കർത്താവു നിന്നെ അവിടെനിന്നുമോചിപ്പിച്ചുവെന്നും ഓർക്കണം.'

ഒരുപകാരം ചെയ്തിട്ട് അത് വീണ്ടും വീണ്ടും വിളിച്ചുപറയുന്നത് അല്പത്തരമല്ലേ? ഒന്നും രണ്ടും തവണയൊന്നുമല്ല 50 ലേറെ തവണയാണ് ബൈബിളിലുടനീളം യഹോവ താൻ ചെയ്ത ഉപകാരം വിളിച്ചു കൂവുന്നത്. സത്യത്തിൽ യഹോവ യഹൂദരെ അടിമഭവനത്തിൽ നിന്നും മോചിപ്പിച്ച കാര്യം വീണ്ടും വീണ്ടും ഓർമ്മപ്പെടുത്തി അവരെ വൈകാരികമായി കീഴ്പ്പെടുത്തി, അവന്റെ അടിമകളാക്കി മാറ്റുകയല്ലേ ഉണ്ടായത്?

കാര്യം പഴയനിയമത്തിൽ യഹൂദർ ഈജിപ്തിൽ അടിമകളായിരുന്നു എന്ന് പലതവണ പറയുന്നുണ്ടെങ്കിലും പുതിയനിയമം ഇതിനു വിരുദ്ധമായാണു പറയുന്നത്: 'അവർ (യഹൂദർ) അവനോടു (യേശുവിനോട്) പറഞ്ഞു : ഞങ്ങൾ അബ്രഹാമിന്റെ സന്തതികളാണ്. ഞങ്ങൾ ഒരിക്കലും ആരുടെയും അടിമകളായിരുന്നിട്ടില്ല'[178] അതെ, അബ്രഹാമിന്റെ സന്തതികളായ യഹൂദർ ഒരിക്കലും ആരുടേയും അടിമകളായിരുന്നിട്ടില്ല എന്നാണ് പുതിയനിയമം പറയുന്നത്. അബ്രഹാമിന് ഏതാണ്ട് 500 വർഷങ്ങൾക്കുശേഷമാണു മോസസ് ജനിക്കുന്നത്. അബ്രഹാമിന്റെ സന്തതികളായ യഹൂദർ ആരുടെയും അടിമകളായി ഇരുന്നിട്ടില്ല എന്ന് പറയുമ്പോൾ മോസസിന്റെ കാലഘട്ടത്തിലും യഹൂദർ ആരുടെയും അടിമകളായിരുന്നില്ല എന്നല്ലേ പറയുന്നത്? അബ്രഹാമിന്റെ

178. യോഹന്നാൻ 8:33

കാലം മുതൽക്കേ തങ്ങൾ ആരുടേയും അടിമകളായിരുന്നിട്ടില്ല എന്ന യഹൂദരുടെ പ്രസ്താവനയോട് യേശു വിയോജിക്കുന്നുമില്ല.

അതായത് യഹൂദരെ അടിമഭവനമായ ഈജിപ്തിൽ നിന്നും രക്ഷപ്പെടുത്തിയെന്നു പഴയനിയമം പറയുന്ന കഥകളെല്ലാം കള്ളമാണെന്നാണ് പുതിയ നിയമത്തിൽ യഹൂദർ പറയുന്നത്. ബൈബിളിന്റെ രചനാശൈലി ഇപ്പോൾ ബോധ്യമായോ? ബൈബിൾ പറയുന്ന കാര്യങ്ങളെ ബൈബിൾ തന്നെ നിഷേധിക്കുന്നതാണ് ബൈബിൾ രചനാശൈലി!

ഇനി മറ്റൊരു ബൈബിൾവൈരുദ്ധ്യ കഥ പറയാം. മത്തായിയുടെ പുസ്തകപ്രകാരം യേശുവിനെ ഒറ്റികൊടുത്തു എന്ന് പറയുന്ന 'യൂദാസ് യേശു ശിക്ഷയ്ക്കു വിധിക്കപ്പെട്ടു എന്നറിഞ്ഞപ്പോൾ പശ്ചാത്തപിച്ച് ആ മുപ്പതു വെള്ളിനാണയങ്ങൾ പ്രധാന പുരോഹിതന്മാരെയും പ്രമാണിമാരെയും ഏല്പിച്ചുകൊണ്ടു പറഞ്ഞു: നിഷ്കളങ്ക രക്തത്തെ ഒറ്റിക്കൊടുത്ത് ഞാൻ പാപം ചെയ്തിരിക്കുന്നു. അവർ അവനോടു പറഞ്ഞു: അതിനു ഞങ്ങൾക്കെന്ത്? അതു നിന്റെ കാര്യമാണ്. വെള്ളിനാണയങ്ങൾ ദേവാലയത്തിലേക്കു വലിച്ചെറിഞ്ഞിട്ട് യൂദാസ് പോയി കെട്ടി ഞാന്നു ചത്തു.'[179] എന്നാണ് പറയുന്നത്. യൂദാസ് കെട്ടിത്തൂങ്ങി 'മരിച്ചു' എന്ന് പറയേണ്ടിടത്ത് യൂദാസ് 'ചത്തു' എന്നാണ് പറഞ്ഞിരിക്കുന്നത്. ചത്തു എന്ന് പറയുന്നത് പൊതുവെ മൃഗങ്ങളെയാണ്. ശത്രുക്കളെ സ്നേഹിക്കുക എന്ന് പറയുന്ന ബൈബിളാണ് യേശുവിനെ ഒറ്റിക്കൊടുത്ത യൂദാസ് ചത്തു എന്ന് പറയുന്നതെന്നോർക്കണം!

എന്നാൽ ലൂക്കോസിന്റെ രണ്ടാം ലേഖനം (ഇതിനെ അപോസ്തല പ്രവർത്തനങ്ങൾ  എന്നും വിളിക്കാറുണ്ട്) പറയുന്നത്  'സഹോദരരേ, യേശുവിനെ പിടിക്കാൻ വന്നവർക്കു നേതൃത്വം നല്കിയ യൂദാസിനെക്കുറിച്ചു ദാവീദുവഴി പരിശുദ്ധാത്മാവ് അരുളിച്ചെയ്ത വചനം പൂർത്തിയാകേണ്ടിയിരുന്നു. അവൻ നമ്മിലൊരുവനായി എണ്ണപ്പെടുകയും ഈ ശുശ്രൂഷയിൽ അവനു ഭാഗഭാഗിത്വം ലഭിക്കുകയും ചെയ്തിരുന്നു. എന്നാൽ, അവൻ തന്റെ ദുഷ്കർമ്മത്തിന്റെ പ്രതിഫലംകൊണ്ട് ഒരു പറമ്പുവാങ്ങി. അവൻ തലകുത്തി വീണു; ഉദരം പിളർന്ന് അവന്റെ കുടലെല്ലാം പുറത്തു ചാടി'[180] എന്നാണ്.

മത്തായിയുടെ സുവിശേഷം യൂദാസ് യേശുവിനെ ഒറ്റിക്കൊടുത്തതിന് തനിക്ക് പ്രതിഫലമായി കിട്ടിയ 30 വെള്ളി നാണയങ്ങൾ ദേവാലയത്തിലേക്ക് വലിച്ചെറിഞ്ഞിട്ടിട്ട് പോയി കെട്ടിത്തൂങ്ങി ചത്തു എന്ന് പറയുമ്പോൾ ദൃക്സാക്ഷി വിവരണക്കാരൻ ലൂക്കോസിന്റെ പേരിലുള്ള പുസ്തകം പറയുന്നത് യൂദാസ് 30 വെള്ളിനാണയങ്ങൾ കൊണ്ട് തന്റെ ദുഷ്കർമ്മത്തിന്റെ പ്രതിഫലം കൊണ്ട് ഒരു പറമ്പ് വാങ്ങി അവൻ

179. മത്തായി 27:3-5
180. അപ്പസ്തോല പ്രവർത്തനങ്ങൾ 1:17-18

തലകുത്തി വീണു ഉദരം പിളർന്ന് അവന്റെ കുടൽ എല്ലാം പുറത്തു ചാടി എന്നാണ്.

കെട്ടിത്തൂങ്ങി മരിച്ച ഒരുവൻ തലകുത്തി വീണു എന്ന് നിങ്ങൾ കേട്ടിട്ടുണ്ടോ? കെട്ടിത്തൂങ്ങി മരിക്കുന്നതിനു മുന്നേ 30 വെള്ളിനാണ യങ്ങൾ വലിച്ചെറിഞ്ഞു കളഞ്ഞ യൂദാസ് അതേ വെള്ളിനാണയങ്ങൾ കൊണ്ട് പറമ്പ് വാങ്ങി എന്ന് പറഞ്ഞാൽ അത് വിശ്വസിക്കാൻ മാത്രം മണ്ടന്മാരാണോ മനുഷ്യർ? ഇനി എല്ലാം പോട്ടെ, തലകുത്തി വീണ ഒരുവൻ ഉദരം പിളർന്നു പുറത്തുചാടി എന്നു പറയുന്നത് ശുദ്ധ ഭോഷ്ക ല്ലേ? തലകുത്തിവീഴുന്നവന്റെ തലച്ചോറല്ലേ പുറത്തുചാടേണ്ടത്? ഇനി യൂദാസിന്റെ കുടൽ അയാളുടെ തലയ്ക്കകത്തായിരുന്നു എന്ന് ക്രിസ്ത്യാനികൾ പറയാതിരുന്നാൽ ഭാഗ്യം!

മത്തായിയുടെ സുവിശേഷം ലൂക്കോസിന്റെ സുവിശേഷം കള്ള മാണെന്നും, ലൂക്കോസിന്റെ സുവിശേഷം മത്തായിയുടെ സുവിശേഷം കള്ളമാണെന്നുമാണ് ഇവിടെ പറയുന്നത്. ഈ വൈരുദ്ധ്യങ്ങളെല്ലാം വിരൽചൂണ്ടുന്നത് ഒരേ ദിശയിലേക്കാണ്. ഈ പുസ്തകങ്ങളെല്ലാം എഴുതിയത് മത്തായിയും ലൂക്കോസും യോഹന്നാനും മാർക്കോസും ഒന്നുമല്ല എന്ന സത്യത്തിലേക്ക്. The bible book is the self-expression of the mind of Lucifer/പിശാചിന്റെ മനസ്സിന്റെ ആത്മാവിഷ്ക്കാരമാണ് ബൈബിൾ പുസ്തകം എന്നാണ് ഈയുള്ളവന്റെ ഗുരു പറഞ്ഞതായി കേട്ടിട്ടുള്ളത്. ആലോചിച്ചാൽ അതു തന്നെയാണ് സത്യവും!

■

# 8. യൂദാസ്: വഞ്ചകനോ വഞ്ചിതനോ?

യൂദാസ് എന്ന പേര് വഞ്ചനയുടെ പര്യായപദമായി മാറിയിട്ട് കാലമേറെയായി. ബൈബിൾ യൂദാസിനെ വഞ്ചകനായി ചിത്രീകരിക്കുന്നതാണ് ഇതിനു കാരണം. സത്യത്തിൽ യൂദാസ് യേശുവിനെ വഞ്ചിച്ചിട്ടുണ്ടോ? വഞ്ചനയ്ക്ക് കൈയ്യുംകാലും മുളച്ച, വഞ്ചനയുടെ മൂർത്തിയായ യേശുവിനെ ആർക്കാണ് വഞ്ചിക്കാൻ കഴിയുക? എന്തായാലും യോഹന്നാന്റെ പേരിലുള്ള പുസ്തകം പതിമൂന്നാം അദ്ധ്യായത്തിലെ അക്കഥ നമുക്കൊന്ന് പരിശോധിച്ചു നോക്കാം.

'ഈ ലോകംവിട്ട് പിതാവിന്റെ സന്നിധിയിലേക്കു പോകാനുള്ള സമയമായി എന്ന് പെസഹാത്തിരുനാളിനു മുമ്പ് യേശു അറിഞ്ഞു. ലോകത്തിൽ തനിക്കു സ്വന്തമായുള്ളവരെ അവൻ സ്നേഹിച്ചു; അവസാനംവരെ സ്നേഹിച്ചു. അത്താഴസമയത്ത് പിശാച് ശിമയോന്റെ പുത്രനായ യൂദാസ് സ്കറിയോത്തായുടെ മനസ്സിൽ യേശുവിനെ ഒറ്റിക്കൊടുക്കുവാൻ തോന്നിച്ചു.'[181]

ഈ ലോകം വിട്ട് പിതാവിന്റെ സന്നിധിയിലേക്കു പോകാനുള്ള സമയമായി എന്ന് പെസഹാത്തിരുനാളിനു മുമ്പ് യേശു അറിഞ്ഞു എന്ന് പറയുന്നുണ്ട്. എന്നാൽ എങ്ങിനെയറിഞ്ഞു എന്ന് പറയുന്നില്ല. ഒന്നാമതായിട്ട് യേശുവും പിതാവും എന്ന് രണ്ടു വ്യക്തിത്വങ്ങളില്ല യേശുവും പിതാവും ഒന്നാണ് എന്നും യേശു പിതാവിന്റെയുള്ളിലും പിതാവ് യേശുവിന്റെയുള്ളിലുമാണെന്നും ഇക്കാലമത്രയും ഞാൻ നിങ്ങളോടുകൂടെയായിരുന്നിട്ടും പീലിപ്പോസേ, നീ എന്നെ അറിയുന്നില്ലേ? എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു. പിന്നെ, പിതാവിനെ ഞങ്ങൾക്കു കാണിച്ചുതരുക എന്നു നീ പറയുന്നതെങ്ങനെ? എന്ന് ചോദിക്കുന്നത് യേശു തന്നെയാണ്. യേശുവിന്റെ പ്രസ്തുത വാക്കുകൾ സത്യമായി കണക്കാക്കിയാൽ യേശു തന്റെ (ഇല്ലാത്ത) പിതാവിന്റെ സന്നിധിയിലേക്ക് പോകാനുള്ള സമയമായി എന്ന് ബൈബിൾ പറയുന്നത് എങ്ങിനെ സത്യമാകും?

യേശുവിന്റെ കുരിശുമരണത്തിനുള്ള സമയമായി എന്ന് യേശു പെസഹാതിരുന്നാളിന് മുൻപേ അറിഞ്ഞു എന്നാണ് പറയേണ്ടിയിരുന്നത്. പക്ഷെ പിതാവിന്റെ സന്നിധിയിലേക്കു പോകാനുള്ള സമയമായി എന്ന്

181. യോഹന്നാൻ 13:1–2

യേശു അറിഞ്ഞിരുന്നു എന്നാണ് പറഞ്ഞിരിക്കുന്നത്. ഇത് വായനക്കാരന്റെ മനസ്സിൽ യേശുവിന് ദൈവികപരിവേഷം നൽകാനുള്ള കുതന്ത്രം മാത്രമാണെന്ന് മനസിലാക്കാം.

പെസഹാത്തിരുനാൾ കഴിയന്നതോടുകൂടി യേശുവിന്റെ അറസ്റ്റും കുരിശുമരണവും സംഭവിക്കുന്നുണ്ട്, പെസഹാതിരുന്നാളിന് മുമ്പ് മരിക്കാനുള്ള സമയമായി എന്ന് യേശു അറിഞ്ഞിരുന്നു. അതെ, യേശുവിന്റെ മരണത്തിന് മുന്നോടിയായി ചില ഒരുക്കങ്ങളുടെ ആവശ്യമുണ്ടായിരുന്നു. ആ ആവശ്യങ്ങൾ എല്ലാം പൂർത്തിയായി എന്ന് യേശുവിനു അറിവ് ലഭിച്ചു. അങ്ങനെയാണ് മരണനാടകം അരങ്ങേറുവാനുള്ള സമയമായി എന്ന് യേശുവിന് മനസിലായത്. ആ ആവശ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് പരിശോധിക്കാം.

മരിക്കാൻ എളുപ്പമാണ്; ജീവിക്കാനാണ് പ്രയാസം. ഒരുവൻ മരിക്കാൻ തീരുമാനിച്ചാൽ അവന്റെ മുന്നിൽ ഒത്തിരി മാർഗ്ഗങ്ങളുണ്ട് – കെട്ടിത്തൂങ്ങി മരിക്കാം, ദേഹത്ത് മാരകമായ മുറിവുണ്ടാക്കി രക്തം വാർന്നു മരിക്കാം; അങ്ങിനെ ഒത്തിരിയൊത്തിരി മാർഗ്ഗങ്ങളുണ്ട്. പക്ഷെ യേശുവിനു ചുമ്മാതങ്ങു മരിച്ചാൽ പോരല്ലോ. യഹൂദരുടെ ആവശ്യപ്രകാരം റോമാക്കാരാൽ കുരിശിൽ തറക്കപ്പെട്ട് മരിക്കണം. എങ്കിലല്ലേ പിൽക്കാലത്ത് ക്രിസ്ത്യാനികൾക്ക് ഇക്കാരണം പറഞ്ഞു ലോകം മുഴുവനും യഹൂദരെ കൊന്നൊടുക്കാനാവൂ.

'ഇതാ ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്'[182] എന്ന് പറഞ്ഞുകൊണ്ടാണ് യേശുവിന്റെ മുൻഗാമിയുമായിരുന്ന സ്നാപകയോഹന്നാൻ യേശുവിനെ തന്റെ ശിഷ്യന്മാർക്കു പരിചയപ്പെടുത്തുന്നത്. യേശുവിന്റെ കുരിശുമരണത്തോടു കൂടിയാണ് ലോകത്തിന്റെ പാപങ്ങൾ എല്ലാം നീങ്ങിയത് എന്ന ക്രിസ്ത്യൻവിശ്വാസത്തിന്റെ അടിസ്ഥാനം ഈ വചനമാണ്.

യേശു സ്വർഗ്ഗത്തിൽ നിന്നും ഭൂമിയിലേക്ക് വന്നത് അഥവാ പിതാവായ ദൈവം യേശുവിനെ ഭൂമിയിലേക്കയച്ചത് പാപികളായ മനുഷ്യർക്കു വേണ്ടി സ്വയം തന്റെ ജീവൻ ബലിയർപ്പിക്കുവാനാണ്. മനുഷ്യരോടുള്ള ദൈവത്തിന്റെയും ദൈവപുത്രന്റെയും മഹത്തരമായ സ്നേഹമാണ് ഇതിൽ പ്രതിഫലിക്കുന്നത് എന്നൊക്കെയാണ് ക്രിസ്ത്യാനികളെ അവരുടെ പുരോഹിതവർഗ്ഗം പഠിപ്പിച്ചു വെച്ചിരിക്കുന്നത്. എന്നാൽ എന്റെ ദൈവമേ, എന്റെ ദൈവമേ, എന്തുകൊണ്ടു നീ എന്നെ ഉപേക്ഷിച്ചു?' എന്ന കുരിശിൽ തറയ്ക്കപ്പെട്ട യേശുവിന്റെ മരണമൊഴിയിൽ നിന്നും വ്യക്തമാകുന്നത് തന്റെ മരണത്തിനു തൊട്ടു മുൻപ്, അവസാന നിമിഷംവരെയും യേശുവിന് മരിക്കാൻ താല്പര്യമില്ലായിരുന്നുവെന്നാണ്.

182. യോഹന്നാൻ1:29

എങ്കിലും യേശുവിന്റെ മരണം സംഭവിക്കാതെ ലോകത്തെ പാപങ്ങളിൽ നിന്നും രക്ഷിക്കാൻ മരിച്ച യേശുക്രിസ്തുവാണ് താനെന്ന് ശിഷ്യന്മാരെ തെറ്റിദ്ധരിപ്പിക്കാതെ എങ്ങിനെ ക്രിസ്തുമതം സ്ഥാപിക്കും? ക്രിസ്തുമതമില്ലാതെ എങ്ങനെ മനുഷ്യരുടെ ഇടയിൽ ഭിന്നിപ്പുണ്ടാകും? ഭിന്നിപ്പില്ലാതെ എങ്ങനെ മനുഷ്യർ തമ്മിൽ കലഹിക്കും? മനുഷ്യർ തമ്മിൽ കലഹിച്ചില്ലെങ്കിൽ കലഹപ്രിയനായ കലിക്ക് എവിടെ ആനന്ദലബ്ധി?

ഇനി മരണത്തിനു മുന്നേ യേശു നടത്തിയ ഒരുക്കങ്ങൾ എന്തൊക്കെയായിരുന്നുവെന്ന് നോക്കാം.

യേശു യഹൂദരാൽ കൊല്ലപ്പെടണമെങ്കിൽ യഹൂദർ അത്ര കണ്ട് പ്രകോപിതരാകണം. എങ്കിൽ മാത്രമേ യേശുവിന്റെ മരണം യഹൂദർ ആഗ്രഹിക്കൂ. യേശു യഹൂദരെയും യഹൂദപ്രമാണികളെയും ഒത്തിരി തവണ പ്രകോപിപ്പിക്കുന്നുണ്ട്. ഫരിസേയർ എന്നും നിയമജ്ഞരെന്നും യേശു സംബോധന ചെയ്യുന്നത് മതഗ്രന്ഥം അനുശാസിക്കുന്നത് പോലെ ജീവിക്കാൻ യഹൂദരെ ഉപദേശിക്കുന്ന യഹൂദരിലെ പ്രമാണികളെയാണ്.

'അണലിസന്തതികളേ! ദുഷ്ടരായിരിക്കെ, നല്ല കാര്യങ്ങൾ പറയാൻ നിങ്ങൾക്കെങ്ങനെ കഴിയും?'[183] യഹൂദരെ അണലിസന്തതികളെന്നും ദുഷ്ടരെന്നുമാണ് യേശു വിളിക്കുന്നത്.

"കപടനാട്യക്കാരായ നിയമജ്ഞരേ, ഫരിസേയരേ, നിങ്ങൾക്കു ദുരിതം! നിങ്ങൾ വെള്ളയടിച്ച കുഴിമാടങ്ങൾക്കു സദൃശരാണ്"[184]

"അന്ധരും മൂഢരുമായവരേ"[185]

"സർപ്പങ്ങളേ, അണലിസന്തതികളേ, നരകവിധിയിൽ നിന്നൊഴിഞ്ഞുമാറാൻ നിങ്ങൾക്കെങ്ങനെ കഴിയും"[186]

"നിങ്ങൾ നിങ്ങളുടെ പിതാവായ പിശാചിൽനിന്ന് ഉള്ളവരാണ്."[187]

യഹൂദരെ, ഇങ്ങനെ ചീത്തവിളിക്കുന്ന യേശുവാണ് 'ഞാൻ ശാന്തശീലനും വിനീതഹൃദയനും'[188] ആണെന്ന് അവകാശപ്പെടുന്നതെന്നും ഓർക്കുക! മാത്രമല്ല ഫരിസേയരെ മൂഢരേ എന്ന് വിളിച്ചധിക്ഷേപിക്കുന്ന യേശുവാണ് സഹോദരനെ 'മൂഢാ എന്നു പറഞ്ഞാലോ അഗ്നിനരകത്തിനുയോഗ്യനാകും.'[189] എന്ന് ക്രിസ്ത്യാനികളെ ഉപദേശിക്കുന്നതെന്നോർക്കണം!

183. മത്തായി 12:34
184. മത്തായി 23:27
185. മത്തായി 23:17
186. മത്തായി 23:33
187. യോഹന്നാൻ 8:44
188. മത്തായി 11:29
189. മത്തായി 5:22

യേശു ഉപമകളിലൂടെ സംസാരിച്ച് യഹൂദപ്രമാണികളായ ഫരിസേയരെ അങ്ങേയറ്റം പ്രകോപിപ്പിക്കുമായിരുന്നു എന്നതിന് ഉത്തമോദാഹരണമാണ് മുന്തിരിത്തോട്ടത്തിലെ കൃഷിക്കാരുടെ ഉപമ:

'ഒരു വീട്ടുടമസ്ഥൻ ഒരു മുന്തിരിത്തോട്ടം നട്ടുപിടിപ്പിച്ചു. അതിനു ചുറ്റുംവേലികെട്ടി. അതിൽ ഒരു മുന്തിരിച്ചക്കു സ്ഥാപിക്കുകയും ഗോപുരം നിർമിക്കുകയും ചെയ്തു. അനന്തരം അതു കൃഷിക്കാരെ ഏല്പിച്ചിട്ട് അവൻ പോയി. വിളവെടുപ്പുകാലം വന്നപ്പോൾ അവൻ പഴങ്ങൾ ശേഖരിക്കാൻ ഭൃത്യന്മാരെ കൃഷിക്കാരുടെ അടുത്തേക്കയച്ചു. എന്നാൽ, കൃഷിക്കാർ ഭൃത്യന്മാരിൽ ഒരുവനെ പിടിച്ച് അടിക്കുകയും മറ്റൊരുവനെ കൊല്ലുകയും വേറൊരുവനെ കല്ലെറിയുകയും ചെയ്തു. വീണ്ടും അവൻ ആദ്യത്തേതിൽ കൂടുതൽ ഭൃത്യന്മാരെ അയച്ചു. അവരോടും കൃഷിക്കാർ അപ്രകാരം തന്നെ പ്രവർത്തിച്ചു. പിന്നീട് അവൻ, എന്റെ പുത്രനെ അവർ ബഹുമാനിക്കും എന്നുപറഞ്ഞ് സ്വപുത്രനെത്തന്നെ അവരുടെ അടുക്കലേക്കയച്ചു. അവനെ കണ്ടപ്പോൾ കൃഷിക്കാർ പരസ്പരം പറഞ്ഞു: ഇവനാണ് അവകാശി; വരുവിൻ നമുക്കിവനെ കൊന്ന് അവകാശം കരസ്ഥമാക്കാം. അവർ അവനെ പിടിച്ച് മുന്തിരിത്തോട്ടത്തിനുവെളിയിലേക്കെറിഞ്ഞു കൊന്നുകളഞ്ഞു. അങ്ങനെയെങ്കിൽ മുന്തിരിത്തോട്ടത്തിന്റെ ഉടമസ്ഥൻ വരുമ്പോൾ അവൻ ആ കൃഷിക്കാരോട് എന്തുചെയ്യും? അവർ പറഞ്ഞു: അവൻ ആ ദുഷ്ടരെ നിഷ്ഠുരമായി നശിപ്പിക്കുകയും യഥാകാലം ഫലംകൊടുക്കുന്ന മറ്റു കൃഷിക്കാരെ മുന്തിരിത്തോട്ടം ഏല്പിക്കുകയും ചെയ്യും. യേശു അവരോടു ചോദിച്ചു: പണിക്കാർ ഉപേക്ഷിച്ചുകളഞ്ഞ കല്ലുതന്നെ മൂലക്കല്ലായിത്തീർന്നു. ഇതു കർത്താവിന്റെ പ്രവൃത്തിയാണ്. നമ്മുടെ ദൃഷ്ടികൾക്ക് ഇത് അദ്ഭുതകരമായിരിക്കുന്നു എന്നു വിശുദ്ധലിഖിതത്തിൽ നിങ്ങൾ വായിച്ചിട്ടില്ലേ? അതുകൊണ്ടു ഞാൻ നിങ്ങളോടു പറയുന്നു, ദൈവരാജ്യം നിങ്ങളിൽ നിന്ന് എടുത്തു ഫലം പുറപ്പെടുവിക്കുന്ന ജനതയ്ക്കു നല്കപ്പെടും. ഈ കല്ലിൽ വീഴുന്നവൻ തകർന്നു പോകും. ഇത് ആരുടെമേൽ വീഴുന്നുവോ, അവനെ അതു ധൂളിയാക്കും. പ്രധാന പുരോഹിതന്മാരും ഫരിസേയരും അവന്റെ ഉപമകൾ കേട്ടപ്പോൾ, അവൻ തങ്ങളെപ്പറ്റിയാണു സംസാരിക്കുന്നതെന്നു മനസ്സിലാക്കി." [190]

ഈ ഉപമയിൽ പറയുന്ന മുന്തിരിത്തോട്ടത്തിന്റെ ഉടമസ്ഥൻ ബൈബിൾദൈവം യഹോവയും, തോട്ടം ഇസ്രായേലും, കൃഷിക്കാർ യേശു പ്രകോപിപ്പിക്കുവാൻ ശ്രമിക്കുന്ന യഹൂദപ്രമാണികളും, പഴങ്ങൾ ശേഖരിക്കാൻ അയക്കപ്പെട്ട ഭൃത്യന്മാർ ബൈബിളിലെ പ്രവാചകന്മാരുമാണ്. കൃഷിക്കാർ ഉടമസ്ഥനാൽ അയക്കപ്പെട്ട ഭൃത്യന്മാരെ അഥവാ പ്രവാചകരെയൊക്കെ കൊന്നൊടുക്കി എന്ന് പറഞ്ഞു യേശു കുറ്റപ്പെടുത്തുന്നത് യഹൂദപ്രമാണികളെയാണ് അഥവാ ഫരിസേയരെ.

---

190. മത്തായി 21:33-45

പിന്നീട് അവൻ മുന്തിരിത്തോട്ടത്തിന്റെ ഉടമസ്ഥൻ അതായത് ബൈബിൾദൈവം, എന്റെ പുത്രനെ അവർ ബഹുമാനിക്കും എന്നുപറഞ്ഞ് സ്വപുത്രനായ യേശുവിനെ അവരുടെ അടുക്കലേക്കയച്ചു. അവർ അവനെയും കൊന്നുകളഞ്ഞു. അതായത് ദൈവം അയച്ച ദൈവപുത്രനായ യേശുവിനെയും അവർ കൊന്നു കളഞ്ഞു. യേശു ഇപ്രകാരം പറയുമ്പോൾ യേശുവിനെ യഹൂദർ കൊന്നിട്ടില്ല എന്നോർക്കുക. യേശു ഇവിടെ പറയുന്നത് യേശുവിന്റെ ആഗ്രഹമാണ്, പദ്ധതിയാണ് എന്ന് മനസിലാക്കുക. ലോകാവസാനകാലത്ത് തോട്ടത്തിന്റെ ഉടമസ്ഥൻ യേശുവിന്റെ പിതാവായ ബൈബിൾദൈവം വരുമ്പോൾ അവൻ ദുഷ്ടനായ യഹൂദപ്രമാണികളെയൊക്കെ നശിപ്പിക്കും എന്ന ഭീഷണിയോടെയാണ് യേശു ഉപമ അവസാനിപ്പിക്കുന്നത്. പ്രധാന പുരോഹിതന്മാരും ഫരിസേയരും അവന്റെ ഉപമകൾ കേട്ടപ്പോൾ, അവൻ തങ്ങളെപ്പറ്റിയാണു സംസാരിക്കുന്നതെന്നു മനസ്സിലാക്കി എന്ന് പറയുന്നതിൽ നിന്നും യേശുവിന്റെ ഉപമ ഫരിസേയരെ പ്രകോപിപ്പിക്കുവാനുള്ള കൗശലം മാത്രമായിരുന്നുവെന്ന് വ്യക്തമല്ലേ?

ഇത്രയും പറഞ്ഞത് വാക്കാലുള്ള പ്രകോപനമാണ്. വാക്കാലുള്ള പ്രകോപനം എത്ര രൂക്ഷമായിരുന്നാലും കൊല്ലാനുള്ള വെറുപ്പ് ജനിപ്പിക്കാൻ അതിനു കഴിഞ്ഞെന്നു വരില്ല. യേശുവിന്റെ ഗൂഢപദ്ധതി പ്രകാരം യഹൂദരുടെ കൈകൊണ്ട് തന്റെ മരണം സംഭവിക്കുക എന്നത് യേശുവിന്റെ ആവശ്യമാണ്. അതിന് നാവുകൊണ്ടുള്ള പ്രകോപനം മാത്രം മതിയാവില്ല എന്ന് യേശുവിനറിയാം.

യേശു തന്റെ പ്രവൃത്തിയാൽ യഹൂദരെ എങ്ങിനെയാണ് പ്രകോപിപ്പിച്ചതെന്ന് പരിശോധിക്കാം.

യഹൂദരെ സംബന്ധിച്ചിടത്തോളം പഴയനിയമത്തിലെ പത്തു കല്പനകൾ വളരെ പ്രധാനപ്പെട്ടതാണ്. അതിൽ സാബത്തിൽ ഒരു വേലയും ചെയ്യരുത് എന്ന് പറഞ്ഞിട്ടുണ്ട്: 'സാബത്തു വിശുദ്ധദിനമായി ആചരിക്കണമെന്ന് ഓർമ്മിക്കുക. ആറു ദിവസം അധ്വാനിക്കുക, എല്ലാ ജോലികളും ചെയ്യുക. എന്നാൽ ഏഴാംദിവസം നിന്റെ ദൈവമായ കർത്താവിന്റെ സാബത്താണ്. അന്ന് നീയോ നിന്റെ  മകനോ മകളോ ദാസനോ ദാസിയോ നിന്റെ  മൃഗങ്ങളോ നിന്നോടൊത്തു വസിക്കുന്ന പരദേശിയോ ഒരു വേലയും ചെയ്യരുത്'[191] യേശുവാകട്ടെ യഹൂദരെ പ്രകോപിപ്പിക്കുവാൻ ഒത്തിരി തവണ മനഃപൂർവ്വം സാബത്ത് ലംഘിക്കുന്നുണ്ട്:

'യേശു സാബത്തിൽ രോഗം സുഖപ്പെടുത്തിയതിൽ കോപിച്ച് സിനഗോഗധികാരി ജനങ്ങളോടു പറഞ്ഞു: ജോലി ചെയ്യാവുന്ന ആറു ദിവസങ്ങൾ ഉണ്ട്. ആ ദിവസങ്ങളിൽ വന്ന് രോഗശാന്തി നേടിക്കൊള്ളുക; സാബത്തുദിവസം പാടില്ല. അപ്പോൾ കർത്താവു പറഞ്ഞു: കപ

191. പുറപ്പാട് 20:8–10

ടനാട്യക്കാരേ, നിങ്ങൾ ഓരോരുത്തരും സാബത്തിൽ കാളയെയോ കഴുതയെയോ തൊഴുത്തിൽ നിന്നഴിച്ച് വെള്ളം കുടിപ്പിക്കാൻ കൊണ്ടുപോകുന്നില്ലേ?'[192]

ലക്ഷക്കണക്കിന് യഹൂദരുമായി മോശ ഈജിപ്തുദേശത്തുനിന്ന് പലായനം ചെയ്യുന്ന കഥയിൽ ഒരു ദാരുണസംഭവം അരങ്ങേറുന്നുണ്ട്. 'ഇസ്രായേൽജനം മരുഭൂമിയിൽ കഴിഞ്ഞിരുന്ന കാലത്ത് ഒരാൾ സാബത്തുനാളിൽ വിറകു ശേഖരിച്ചു. അതു കണ്ടവർ അവനെ സമൂഹത്തിന്റെ മുമ്പിൽ മോശയുടെയും അഹറോന്റെയും അടുത്തു കൊണ്ടുവന്നു. എന്തുചെയ്യണമെന്നു വ്യക്തമാകാതിരുന്നതുമൂലം അവർ അവനെ തടവിൽ വച്ചു. അപ്പോൾ കർത്താവു മോശയോട് അരുളിച്ചെയ്തു: ആ മനുഷ്യൻ വധിക്കപ്പെടണം. പാളയത്തിനു പുറത്തുവച്ച് ജനം ഒന്നുചേർന്ന് അവനെ കല്ലെറിയട്ടെ. കർത്താവു കല്പിച്ചതുപോലെ ജനം പാളയത്തിനുവെളിയിൽ വച്ച് അവനെ കല്ലെറിഞ്ഞു കൊന്നു.'[193]

സാബത്തുദിവസം ജോലി ചെയ്യാൻ പാടില്ലെന്നു പറഞ്ഞ യഹൂദനെ 'കപടനാട്യക്കാരാ' എന്ന് വിളിക്കാൻ യേശുവിനു എന്ത് ധാർമ്മികതയാണുള്ളത്? യേശുവും യേശുവിന്റെ പിതാവും ഒന്നാണെന്നല്ലേ യേശു പറയുന്നത്? എങ്കിൽ സാബത്തുദിവസം വിറകുശേഖരിച്ച ഒരു സാധുമനുഷ്യനെ കല്ലെറിഞ്ഞു കൊല്ലാൻ യഹൂദരോട് കല്പിച്ച യഹോവയെയല്ലേ യേശു ആദ്യം കപടനാട്യക്കാരൻ എന്ന് വിളിക്കേണ്ടത്? 'ആദ്യം സ്വയം സുഖപ്പെടുത്തുക' എന്ന യേശുവിന്റെ വാക്കുകൾ യേശു കണ്ണാടി നോക്കി പറയുന്നതാവും ഉത്തമം. മോശയ്ക്കോ യഹൂദ ജനത്തിനോ ആ മനുഷ്യനെ കൊല്ലാൻ ആഗ്രഹമുണ്ടായിരുന്നില്ല. യഹോവയുടെ കല്പനപ്രകാരമാണ് അവർ അയാളെ പാളയത്തിനുവെളിയിൽ കൊണ്ടുപോയി കല്ലെറിഞ്ഞു കൊല്ലുന്നത്. അയാൾ വിദേശിയാണ് സാബത്ത് നിയമം എന്നൊരു നിയമം ഉണ്ടെന്നുപോലും അയാൾക്ക് അറിയില്ല. ഒരു തെറ്റും ചെയ്യാത്ത ഒരു മനുഷ്യനെ കല്ലെറിഞ്ഞു കൊല്ലാൻ കല്പിക്കുന്ന യഹോവയാണോ നീതിമാനും കരുണാമയനുമായ ദൈവം?

ഇനി സാബത്ത് ലംഘനവുമായി ബന്ധപ്പെട്ട മറ്റൊരു സംഭവത്തിലേക്ക് ഒന്നെത്തി നോക്കാം:

'യേശു അവനോടു പറഞ്ഞു: എഴുന്നേറ്റു കിടക്കയെടുത്തു നടക്കുക. അവൻ തത്ക്ഷണം സുഖം പ്രാപിച്ച് കിടക്കയെടുത്തു നടന്നു. അന്ന് സാബത്ത് ആയിരുന്നു. അതിനാൽ, സുഖംപ്രാപിച്ച ആ മനുഷ്യനോടു യഹൂദർ പറഞ്ഞു: ഇന്നു സാബത്താകയാൽ കിടക്ക ചുമക്കുന്നത് നിഷിദ്ധമാണ്. അവൻ മറുപടി പറഞ്ഞു: എന്നെ സുഖപ്പെടുത്തിയവൻ നിന്റെ കിടക്കയെടുത്തു നടക്കുക എന്ന് എന്നോടു പറഞ്ഞു. അപ്പോൾ അവർ

192. ലൂക്കോസ് 13:14-15
193. സംഖ്യാപുസ്തകം 15:32-36

ചോദിച്ചു: കിടക്കയെടുത്തു നടക്കുക എന്ന് നിന്നോടു പറഞ്ഞവൻ ആരാണ്? അവിടെ ഉണ്ടായിരുന്ന ജനക്കൂട്ടത്തിൽ യേശു മറഞ്ഞുകഴിഞ്ഞിരുന്നതിനാൽ അവൻ ആരാണെന്നു സുഖം പ്രാപിച്ചവൻ അറിഞ്ഞിരുന്നില്ല. പിന്നീട് യേശു ദേവാലയത്തിൽ വെച്ച് അവനെ കണ്ടപ്പോൾ പറഞ്ഞു: ഇതാ, നീ സൗഖ്യം പ്രാപിച്ചിരിക്കുന്നു. കൂടുതൽ മോശമായതൊന്നും സംഭവിക്കാതിരിക്കാൻ മേലിൽ പാപം ചെയ്യരുത്. അവൻ പോയി, യേശുവാണു തന്നെ സുഖപ്പെടുത്തിയതെന്ന് യഹൂദരെ അറിയിച്ചു. സാബത്തിൽ ഇപ്രകാരം പ്രവർത്തിച്ചതിനാൽ യഹൂദർ യേശുവിനെ ദ്വേഷിച്ചു. യേശു അവരോടു പറഞ്ഞു: എന്റെ പിതാവ് ഇപ്പോഴും പ്രവർത്തനനിരതനാണ്; ഞാനും പ്രവർത്തിക്കുന്നു. ഇതു മൂലം അവനെ വധിക്കാൻ യഹൂദർ കൂടുതലായി പരിശ്രമിച്ചു. കാരണം, അവൻ സാബത്തു ലംഘിക്കുക മാത്രമല്ല തന്നെത്തന്നെ ദൈവതുല്യനാക്കിക്കൊണ്ട് ദൈവത്തെ തന്റെ പിതാവെന്നു വിളിക്കുകയും ചെയ്തു.'[194]

സാബത്തുദിവസം വിദേശി വിറകു പെറുക്കിയതിനു കല്ലെറിഞ്ഞു കൊല്ലാൻ കല്പിച്ച ദൈവത്തിന്റെ പുത്രൻ യഹൂദനെകൊണ്ട് സാബത്തിൽ കിടക്ക എടുപ്പിച്ചിട്ട് യഹൂദരാൽ പിടിക്കപ്പെടാതിരിക്കാൻ അവിടെ ഉണ്ടായിരുന്ന ജനക്കൂട്ടത്തിനിടയിൽ മറയുന്നു. പിന്നീട് യഹൂദർ പോയിക്കഴിഞ്ഞപ്പോൾ അയാളെ തിരഞ്ഞു കണ്ടുപിടിച്ചു ഞാനാണ് നിന്നോട് കിടക്ക എടുത്തു നടക്കാൻ പറഞ്ഞ നസ്രായനായ യേശു എന്ന് അറിയിക്കുന്നു അയാൾ അത് യഹൂദരെ അറിയിക്കുന്നു സാബത്തിൽ ഇപ്രകാരം പ്രവർത്തിച്ചതിനാൽ യഹൂദർ യേശുവിനെ ദ്വേഷിക്കുന്നു. യഹൂദരെ കൂടുതൽ പ്രകോപിപ്പിക്കാൻ താൻ ദൈവത്തിന്റെ പുത്രനാണെന്ന് അവരെ അറിയിക്കുന്നു. ഇതുമൂലം യേശുവിനെ വധിക്കാൻ യഹൂദർ കൂടുതലായി പരിശ്രമിക്കുന്നു.

യേശുവിനെ യഹൂദർ വധിക്കുക എന്നത് യേശുവിന്റെ ആവശ്യമാണ്. അത് പക്ഷെ കൗശലപൂർവ്വം യഹൂദരുടെ ആവശ്യമാക്കിതീർത്ത യേശു ഒടുവിൽ യൂദാസ് മുഖേന പിടികൊടുക്കുന്നു. യേശുവിനെ കുരിശിൽ തറക്കുമ്പോൾ 'പിതാവേ, അവരോടു ക്ഷമിക്കണമേ; അവർ ചെയ്യുന്നതെന്തെന്ന് അവർ അറിയുന്നില്ല'[195] എന്ന് യേശു പറയുന്നതിന്റെ പൊരുൾ ഇപ്പോൾ മനസിലായോ? യഹൂദർ കരുതിയത് യേശുവിനെ കുരിശിൽ തറച്ചു കൊല്ലുന്നതോടുകൂടി യേശുവിനെ കൊണ്ടുള്ള ഉപദ്രവം തീർന്നു എന്നാണ് പക്ഷെ സത്യത്തിൽ യഹൂദരുടെ കഷ്ടകാലം തുടങ്ങിയത് യേശുവിന്റെ കുരിശുമരണനാടകത്തിനു ശേഷമാണ്. ഈ ലേഖകന്റെ ഗുരു ഇടയ്ക്കിടെ evil genius എന്ന് യേശുവിനെ സംബോധന ചെയ്തിരുന്നത് വെറുതെയല്ല.

---

194. യോഹന്നാൻ 5:8-18
195. ലൂക്കോസ് 23:34

'ഫരിസേയരിൽ ചിലർ പറഞ്ഞു: ഈ മനുഷ്യൻ ദൈവത്തിൽ നിന്നുള്ളവനല്ല. എന്തെന്നാൽ, അവൻ സാബത്ത് ആചരിക്കുന്നില്ല.'[196]

യഹൂദർ യേശുവിനെ വെറുക്കുവാനുള്ള ഒരു കാരണം യേശുവിന്റെ സാബത്ത് ലംഘനം തന്നെയായിരുന്നു. 'ഇതുമൂലം അവനെ വധിക്കാൻ യഹൂദർ കൂടുതലായി പരിശ്രമിച്ചു. കാരണം, അവൻ സാബത്തു ലംഘിക്കുക മാത്രമല്ല തന്നെത്തന്നെ ദൈവതുല്യനാക്കിക്കൊണ്ട് ദൈവത്തെ തന്റെ പിതാവെന്നു വിളിക്കുകയും ചെയ്തു.[197] 'തന്റെ പിതാവ് ദൈവമാണെന്നും താൻ ക്രിസ്തുവാണെന്നുമുള്ള യേശുവിന്റെ അവകാശവാദമായിരുന്നു യഹൂദരെ കൂടുതൽ ചൊടിപ്പിച്ചത്.

ആരാണ് ക്രിസ്തു? 'ക്രിസ്തു' എന്നത് ഗ്രീക്കുഭാഷയിലെ ഒരു പദമാണ് സത്യത്തിൽ അതിനു പശ്ചിമേഷ്യയിലെ ഇസ്രായേല്യരുടെ ഹീബ്രുഭാഷയുമായോ യേശു സംസാരിച്ചിരുന്ന അരേമിയഭാഷയുമായോ യാതൊരു ബന്ധവുമില്ല. ഗ്രീക്ക് ഒരു ഇൻഡോ-യൂറോപ്പ്യൻ ഭാഷയാണ്. ഇൻഡോയൂറോപ്യൻ ഭാഷകൾ നൂറുകണക്കിനുണ്ട്, എന്നാൽ അറബിക്, ഹീബ്രു, അരേമിയ തുടങ്ങിയ സെമിറ്റിക്ക്ഭാഷകൾ ഇൻഡോയൂറോപ്യൻ ഭാഷകളുടെ ശ്രേണിയിൽ വരുന്നതല്ല.

ക്രിസ്തു എന്നത് ഗ്രീക്കുഭാഷയിലെ ഒരു പദമായതിനാലും യഹൂദമതഗ്രന്ഥങ്ങൾ അഥവാ ബൈബിൾ പഴയനിയമപുസ്തകങ്ങൾ ഹീബ്രുഭാഷയിൽ ഉള്ളതായതിനാലും ക്രിസ്തു എന്ന പദം പഴയനിയമത്തിൽ എങ്ങുമില്ല. ക്രിസ്തോസ് എന്ന ഗ്രീക്കുപദത്തിന്റെ ആംഗലേയമാണ് ക്രിസ്തു. ക്രിസ്തോസ് എന്നാൽ അഭിഷിക്തൻ എന്നാണർത്ഥം യഹൂദരുടെ രക്ഷകനായ രാജാവ്, ദൈവത്തിന്റെ അഭിഷിക്തൻ ബേത്‌ലഹേമിൽ നിന്നും വരുമെന്ന് യഹൂദർ പ്രതീക്ഷിച്ചിരുന്നതിന് കാരണം താഴെ പറയുന്ന പ്രവചനമാണ്:

'ബേത്‌ലഹേം- എഫ്രാത്താ, യൂദാഭവനങ്ങളിൽ നീ ചെറുതാണെങ്കിലും ഇസ്രായേലിനെ ഭരിക്കേണ്ടവൻ എനിക്കായി നിന്നിൽനിന്നു പുറപ്പെടും; അവൻ പണ്ടേ, യുഗങ്ങൾക്കു മുമ്പേ, ഉള്ളവനാണ്.'[198]

യേശുവിന് ഏതാണ്ട് 800 വർഷങ്ങൾ മുന്നേ ജീവിച്ചിരുന്ന ആളാണ് മിക്കാപ്രവാചകൻ.യേശുവിന്റെ കാലഘട്ടത്തിൽ യഹൂദർ കഴിഞ്ഞിരുന്നത് റോമാസാമ്രാജ്യത്തിൻ കീഴിലായിരുന്നു. 'സീസറല്ലാതെ ഞങ്ങൾക്കു വേറെ രാജാവില്ല'[199] എന്ന യഹൂദരുടെ പ്രഖ്യാപനം തന്നെ അതിനുള്ള മതിയായ തെളിവാണ്.

റോമാസാമ്രാജ്യത്തിൻ കീഴിൽ കഴിഞ്ഞിരുന്ന യഹൂദർ ബെത്‌ലഹേമിൽനിന്നും ദൈവത്തിന്റെ അഭിഷിക്തൻ വരുമെന്നും തങ്ങളുടെ

---

196. യോഹന്നാൻ 9:16
197. യോഹന്നാൻ 5:18
198. മിക്കാ 5:2
199. യോഹന്നാൻ 19:15

രാജാവാകുമെന്നും പ്രതീക്ഷിച്ചിരുന്നു:[200] 'ഇസ്രായേലിനെ മോചിപ്പിക്കാനുള്ളവൻ ഇവനാണ് എന്നു ഞങ്ങൾ പ്രതീക്ഷിച്ചിരുന്നു.' എന്ന് യഹൂദർ പറയുന്നത് യേശുവിനോട് തന്നെയാണ്.

എന്നാൽ ഇസ്രയേലിന്റെ രാജാവാകാനുള്ളവൻ ബെത്‌ലഹേമിൽ നിന്നു വരുമെന്നാണ് മിക്കാപ്രവാചകൻ പറഞ്ഞിട്ടുള്ളത് യേശുവാകട്ടെ ബെത്‌ലഹേമിൽ നിന്നും 150 കിലോമീറ്റർ ദൂരെയുള്ള വിജാതീയരുടെ ഗലീലിയിലെ പട്ടണമായ നസ്രത്തുനിന്നുമാണ് വരുന്നത് 'നസ്രായനായ യേശു' എന്നാണ് യഹൂദർ യേശുവിനെ വിളിച്ചിരുന്നത്. ഗലീലിയിലെമീൻപിടുത്തക്കാർക്ക് പഴയനിയമത്തിൽ എന്താണ് എഴുതിയിരിക്കുന്നതെന്ന് അറിഞ്ഞുകൂട. അതുകൊണ്ടാണ് യേശു മീൻപിടുത്തക്കാരെ ശിഷ്യന്മാരാക്കിയതും പഴയനിയമത്തിൽ എഴുതിയിട്ടുള്ള കാര്യങ്ങൾ അറിയുന്ന ഫരിസേയരും നിയമജ്ഞരും യേശുവിനെ എതിർത്തതും.

പിശാചുബാധയാൽ അസുഖബാധിതരായി കാണപ്പെട്ടിരുന്ന മനുഷ്യരിൽ നിന്നും പിശാചുക്കളെ പുറത്താക്കി അതിലൂടെ ഗലീലിയിലെ മീൻപിടുത്തക്കാരുടെ വിശ്വാസം നേടിയെടുത്ത് അവരുമായി യൂദാദേശത്തു വന്ന് നസ്രായനായ യേശുവാണ് ദൈവത്തിന്റെ അഭിഷിക്തനായ രാജാവ്, മിശിഹാ (അഥവാ ക്രിസ്തു) താനാണെന്ന് അവരെക്കൊണ്ട് പറയിപ്പിച്ച്, യഹൂദരെ പ്രകോപിപ്പിച്ച് യേശു തന്റെ മരണത്തിനുള്ള ഗൂഢപദ്ധതി ആസൂത്രണം ചെയ്തു നടപ്പിലാക്കി. ഗലീലിയിലെ നസ്രത്തിൽനിന്നും വരുന്ന യേശു എങ്ങനെയാണ് ബെത്‌ലഹേമിൽ നിന്നും വരുമെന്ന് മിക്കാപ്രവാചകൻ പ്രവചിക്കുകയും, തങ്ങൾ പ്രതീക്ഷിക്കുകയും ചെയ്യുന്ന തങ്ങളുടെ രാജാവായ മിശിഹാ അഥവാ ക്രിസ്തു ആകുന്നതെന്ന് യഹൂദർ ഒത്തിരി തവണ വിയോജിപ്പ് രേഖപ്പെടുത്തുന്നത് സുവിശേഷഗ്രന്ഥങ്ങളിൽ ഉടനീളം കാണാം: 'മറ്റു ചിലർ പറഞ്ഞു: ഇവൻ ക്രിസ്തുവാണ്. എന്നാൽ, വേറെ ചിലർ ചോദിച്ചു: ക്രിസ്തു ഗലീലിയിൽ നിന്നാണോ വരുക? ക്രിസ്തു ദാവീദിന്റെ സന്താനപരമ്പരയിൽ നിന്നാണെന്നും ദാവീദിന്റെ ഗ്രാമമായ ബേത്‌ലെഹെമില്‌നിന്ന് അവൻ വരുമെന്നുമല്ലേ വിശുദ്ധലിഖിതം പറയുന്നത്? അങ്ങനെ അവനെക്കുറിച്ചു ജനങ്ങൾക്കിടയിൽ ഭിന്നതയുണ്ടായി.'[201]

"അവർ മറുപടി പറഞ്ഞു: നീയും ഗലീലിയിൽ നിന്നാണോ? പരിശോധിച്ചു നോക്കൂ, ഒരു പ്രവാചകനും ഗലീലിയിൽ നിന്നു വരുന്നില്ല എന്ന് അപ്പോൾ മനസ്സിലാകും."[202]

"പീലിപ്പോസ് നഥാനയേലിനെ കണ്ട് അവനോടു പറഞ്ഞു: മോശയുടെ നിയമത്തിലും പ്രവാചകഗ്രന്ഥങ്ങളിലും ആരെപ്പറ്റി എഴുതിയിരിക്കുന്നുവോ അവനെ ജോസഫിന്റെ മകൻ, നസറത്തിൽ നിന്നുള്ള യേശു

---

200. ലൂക്കോസ് 24:21
201. യോഹന്നാൻ 7:41-43
202.യോഹന്നാൻ 7:52

വിനെ - ഞങ്ങൾ കണ്ടു. നഥാനയേൽ ചോദിച്ചു: നസ്രേത്തിലിൽ നിന്ന് എന്തെങ്കിലും നന്മ ഉണ്ടാകുമോ?"[203]

യേശു ബെത്‌ലഹേമിൽ നിന്നും വരാതെ നസ്രേത്തിൽ നിന്നും വന്നതുകൊണ്ടാണ് യഹൂദർ തങ്ങൾ കാത്തിരിക്കുന്ന രാജാവ്, ദൈവത്തിന്റെ അഭിഷക്തനായ മിശിഹാ യേശുവാണെന്ന് വിശ്വസിക്കാതിരുന്നതിന്റെ പ്രധാന കാരണം.

യേശു പിറന്നത് ബെത്‌ലഹേമിൽ ആണെന്ന് മത്തായിയുടെയും ലൂക്കായുടെയും പേരിലുള്ള പുസ്തകങ്ങളിൽ പറയുന്നുണ്ടല്ലോ എന്നാണ് ക്രിസ്ത്യാനികൾ ഇതിനു പറയുന്ന എതിർവാദം. യേശു നസ്രേത്തിൽ നിന്നും വന്ന് ബെത്‌ലെഹെമിൽ നിന്നും യഹൂദർ പ്രതീക്ഷിക്കുന്ന മിശിഹാ താനാണെന്നു പറയുമ്പോൾ യേശുവിന്റെ കൈയ്യിൽ മത്തായിയും ലൂക്കായും എഴുതി എന്ന് പറയപ്പെടുന്ന പുസ്തകങ്ങൾ ഉണ്ടായിരുന്നില്ല. അവ രചിക്കപ്പെട്ടത് യേശുവിന്റെ മരണത്തിനു ശേഷമാണ്. അപ്പോൾ പിന്നെ യേശു ജനിച്ചത് ബെത്‌ലഹേമിൽ ആണെന്ന് യഹൂദർക്ക് എങ്ങിനെ മനസിലാകും! ഒന്നുകിൽ യേശു അവരോടു താൻ ജനിച്ചത് ബെത്‌ലഹേമിൽ ആണെന്നു പറയണം. യേശു യഹൂദരോട് താൻ ജനിച്ചത് ബെത്‌ലഹേമിൽ ആണെന്ന് പറയുന്ന ഒരു വചനം ബൈബിളിൽ ഒരിടത്തുമില്ലതാനും. അല്ലെങ്കിൽ യേശുവിനെ പ്രസവിച്ച മറിയ ജീവനോടുണ്ടായിരുന്നല്ലോ. യേശു ജനിച്ചത് സത്യത്തിൽ ബെത്‌ലഹേമിൽ ആയിരുന്നുവെന്ന് മറിയയെ കൊണ്ട് പറയിപ്പിക്കാമായിരുന്നു. അതും ചെയ്തില്ല. എന്നാൽ നസ്രേത്തിൽ നിന്നും വരുന്ന നീ എങ്ങനെയാണ് ഞങ്ങൾ ബെത്‌ലഹേമിൽ നിന്നും പ്രതീക്ഷിക്കുന്ന ക്രിസ്തുവാകുന്നതെന്ന് യഹൂദർ ഒത്തിരി തവണ ചോദിച്ചപ്പോഴും യേശു താൻ ജനിച്ചത് ബെത്‌ലഹേമിൽ ആണെന്നു പറയുന്നില്ല.

എന്തുകൊണ്ട് പറയുന്നില്ല എന്നു ചോദിച്ചാൽ യേശുവിന്റെ ലക്ഷ്യം താൻ ക്രിസ്തുവാണെന്നു ഭൂരിപക്ഷം യഹൂദർ വിശ്വസിക്കണമെന്നതല്ല. മറിച്ച് താൻ കള്ളനാണെന്നും വഞ്ചകനാണെന്നും വ്യാജ ക്രിസ്തുവാണെന്നും അവർ ധരിക്കുകയും ആ ധാരണ ഒടുവിൽ തന്റെ കുരിശുമരണത്തിൽ കലാശിക്കുകയുമാണ്. അങ്ങനെ സംഭവിച്ചാൽ മാത്രമേ യേശുവിനു ക്രിസ്തുമതം സ്ഥാപിക്കാൻ കഴിയുകയുള്ളൂ.

മറിച്ച് യേശു ക്രിസ്തുവാണെന്ന് യഹൂദർ വിശ്വസിച്ചാൽ കാര്യങ്ങൾ കൂടുതൽ അവതാളത്തിൽ ആകുകയേയുള്ളൂ. യേശു ജനിച്ചത് ബെത്‌ലഹേമിൽ ആണെന്നു പറഞ്ഞതുകൊണ്ട് മാത്രം യേശു ക്രിസ്തുവാകില്ല. ബെത്‌ലഹേമിൽ വേറെയും ധാരാളം യഹൂദർ ജനിച്ചിട്ടുണ്ട്. ക്രിസ്തുവാകണമെങ്കിൽ ഇസ്രായേലിനെ റോമാസാമ്രാജ്യത്തിൽ നിന്നും മോചിപ്പിച്ച് യഹൂദരുടെ രാജാവാകണം. 2000 വർഷങ്ങൾക്ക് മുൻപുള്ള റോമാസാമ്രാജ്യം വാണിരുന്ന ടൈബീരിയസ് സീസർ എന്ന

203. യോഹന്നാൻ 1:45-46

റോമൻ ചക്രവർത്തിയായിരുന്നു. യേശുവും പന്ത്രണ്ടു ശിഷ്യന്മാരും കൂടി റോമാസാമ്രാജ്യത്തിന്റെ ഭരണത്തിൻ കീഴിൽ നിന്നും ഇസ്രയേലിനെ മോചിപ്പിക്കുക എന്നത് അസാധ്യമായ കാര്യമായിരുന്നു.

യഹൂദരെ പ്രകോപിപിച്ച് അവരുടെ കൈകളാൽ തന്റെ മരണം ഉറപ്പു വരുത്താൻ യേശു വേറെയും ചില കാര്യങ്ങൾ ചെയ്തിരുന്നു: 'യേശു ദേവാലയത്തിൽ പ്രവേശിച്ച് അവിടെ ക്രയവിക്രയം ചെയ്തുകൊണ്ടിരുന്നവരെയെല്ലാം പുറത്താക്കി. നാണയമാറ്റക്കാരുടെ മേശകളും പ്രാവുവില്പനക്കാരുടെ ഇരിപ്പിടങ്ങളും അവൻ തട്ടിമറിച്ചിട്ടു. അവൻ അവരോടു പറഞ്ഞു: എന്റെ ഭവനം പ്രാർത്ഥനാലയം എന്നു വിളിക്കപ്പെടും എന്ന് എഴുതപ്പെട്ടിരുന്നു. നിങ്ങളോ അതു കവർച്ചക്കാരുടെ ഗുഹയാക്കുന്നു."[204]

യഹൂദരുടെ സുനഗോഗിൽ പ്രാവുവില്പനക്കാർ ഉണ്ടാകാൻ കാരണം യഹോവയുടെ അഥവാ യേശുവിന്റെ തന്നെ കല്പനകളാണ്. പാപപരിഹാരബലിയായി യഹോവയ്ക്കു പ്രാവുകളെ ബലിയർപ്പിക്കണമെന്നു പഴയനിയമം പറയുന്നുണ്ട്: 'ഇവയിൽ ഏതെങ്കിലും കാര്യത്തിൽ ഒരുവൻ കുറ്റക്കാരനാണെങ്കിൽ അവൻ തന്റെ പാപം ഏറ്റുപറയണം. അവൻ ഒരു പെൺ ചെമ്മരിയാടിനെയോ പെൺകോലാടിനെയോ കർത്താവിനു പാപപരിഹാരബലിയായി അർപ്പിക്കണം. പുരോഹിതൻ അവനുവേണ്ടി പാപപരിഹാരം ചെയ്യുകയും വേണം. ആട്ടിൻകുട്ടിയെ നല്കാൻ കഴിവില്ലെങ്കിൽ അവന്റെ പാപത്തിനു പരിഹാരമായി രണ്ടു ചെങ്ങാലികളെയോ രണ്ടു പ്രാവിൻകുഞ്ഞുങ്ങളെയോ കർത്താവിന്റെ മുൻപിൽ കൊണ്ടുവരണം; ഒന്നു പാപപരിഹാരബലിക്കും മറ്റേതുദഹനബലിക്കും. അവയെ പുരോഹിതന്റെ അടുക്കൽ കൊണ്ടുവരണം. പുരോഹിതൻ ആദ്യം പാപപരിഹാരബലിക്കുള്ളതിനെ അർപ്പിക്കണം; അതിന്റെ കഴുത്തു പിരിച്ചൊടിക്കണം; തല വേർപെടുത്തരുത്. ബലിയർപ്പിച്ച പക്ഷിയുടെ കുറെ രക്തമെടുത്ത് പുരോഹിതൻ ബലിപീഠത്തിന്റെ പാർശ്വത്തിൽ തളിക്കണം. ശേഷിച്ച രക്തം ബലിപീഠത്തിന്റെ ചുവട്ടിൽ ഒഴുക്കിക്കളയണം. ഇതു പാപപരിഹാരബലിയാണ്. രണ്ടാമത്തേതിനെ വിധിപ്രകാരം ദഹനബലിയായി സമർപ്പിക്കണം. പുരോഹിതൻ അവനുവേണ്ടി പാപപരിഹാരം ചെയ്യണം. അപ്പോൾ കുറ്റം ക്ഷമിക്കപ്പെടും." [205]

മനുഷ്യർ പാപം ചെയ്താൽ മിണ്ടാപ്രാണികളായ പ്രാവിനെ കൊന്നു യഹോവയ്ക്കു പാപപരിഹാര ബലിയായർപ്പിച്ചാൽ മനുഷ്യരുടെ പാപങ്ങൾ ദൈവം പൊറുത്തുതരുമെന്നാണ് ബൈബിൾ തിരുവെഴുത്ത് നമ്മെ ഉദ്ബോധിപ്പിക്കുന്നത്. ഇന്നും ഇത്തരം പ്രാകൃതമായ വിശ്വാസങ്ങൾ യഹൂദർ വച്ചുപുലർത്തുന്നുണ്ടോ എന്നറിയില്ല! മിണ്ടാപ്രാണിക

204. മത്തായി 21:12-13
205. ലേവ്യർ 5:5-10

ളായ പ്രാവുകളുടെ കഴുത്തു പിരിച്ചൊടിച്ചുകൊന്നാൽ മനുഷ്യരുടെ പാപങ്ങളൊക്കെ പൊറുത്തു നൽകുന്ന യഹോവയും യേശുവും ഒന്ന് തന്നെയാണെന്നാണ് യേശു പറയുന്നത്. ബലിയർപ്പിക്കാനായി കൊണ്ടു വരുന്ന പ്രാവുകളുടെ 'ചിറകുകളിൽ പിടിച്ച് വലിച്ചുകീറണം. എന്നാൽ, രണ്ടായി വേർപെടുത്തരുത്. പുരോഹിതൻ അതിനെ ബലിപീഠത്തിൽ തീയുടെ മുകളിലുള്ള വിറകിനുമീതേ വച്ചു ദഹിപ്പിക്കണം. അതൊരു ദഹനബലിയാണ്. അഗ്നിയിലുള്ള ബലിയും കർത്താവിനു പ്രീതികര മായ സൗരഭ്യവും.'[206] പ്രാവിനെ വലിച്ചു കീറി ബലിപീഠത്തിലെ തീയിൽ ചുട്ടു ദഹിപ്പിക്കണം അപ്പോൾ അതിന്റെ മാംസം കത്തിയെരിയുന്ന ദുർഗന്ധം തനിക്ക് പ്രീതികരമായ സൗരഭ്യം ആണെന്നാണ് ബൈബിൾ ദൈവം പറയുന്നത്! ഈ ബൈബിൾ ദൈവത്തിന്റെ പുത്രനാണ് താനെ ന്നാണ് യേശു പറയുന്നത് എന്നോർക്കുക. പ്രാണികളോട് യാതൊരു കരുണയുമില്ലാത്ത ഈ നിഷ്ഠൂരന്റെ പുത്രനാണ് യേശു എന്നാണ് യേശു വിന്റെ അവകാശവാദം. അതോടൊപ്പം തന്നെ 'ഞാൻ ശാന്തശീലനും വിനീതഹൃദയനുമാണെന്ന'[207] അവകാശവാദമുന്നയിക്കുന്നതാണ് അ സഹനീയം. രണ്ടും ഒരാൾ തന്നെ പറയുകയും 'ചീത്തവൃക്ഷത്തിൽ നല്ല ഫലം ഉണ്ടാവുകയില്ല'[208] എന്നും യേശു പറയുന്നിടത്താണ് യേശു വിന്റെ അവകാശവാദങ്ങളുടെ പൊള്ളത്തരം മറനീക്കി പുറത്തു വരു ന്നത്.

അങ്ങനെ യഹോവയ്ക്കു പ്രീതികരമായ പാപപരിഹാരബലിയാ യി അർപ്പിക്കാനുള്ള പ്രാവുകളെയാണ് അവർ സുനഗോഗിൽ ക്രയവി ക്രയം ചെയ്തുകൊണ്ടിരുന്നത്.

യേശു എല്ലാ സാബത്ത് ദിവസവും യഹൂദരുടെ സുനഗോഗിൽ പ്രസംഗിച്ചിരുന്നു 'അവൻ യൂദയായിലെ സിനഗോഗുകളിൽ പ്രസംഗി ച്ചുകൊണ്ടിരുന്നു.'[209] എന്നും 'യേശു അവരുടെ സിനഗോഗുകളിൽ പഠി പ്പിച്ചും രാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചും എല്ലാ രോഗങ്ങളും വ്യാധികളും സുഖപ്പെടുത്തിയും എല്ലാ നഗരങ്ങളിലും ഗ്രാമങ്ങളിലും ചുറ്റി സഞ്ചരിച്ചു.'[210] എന്നും ബൈബിൾ പറയുന്നുണ്ട്.

മത്തായിയുടെ പുസ്തകപ്രകാരം യേശു സിനഗോഗിൽ പ്രവേശി ച്ച് അവിടെ ക്രയവിക്രയം ചെയ്തുകൊണ്ടിരുന്നവരെയെല്ലാം പുറത്താ ക്കുന്നതും നാണയമാറ്റക്കാരുടെ മേശകളും പ്രാവുവില്പനക്കാരുടെ ഇരിപ്പിടങ്ങളും തട്ടിമറിച്ചിടുന്നതും യേശുവിന്റെ കുരിശുമരണത്തിനു ഏതാനും ദിവസങ്ങൾക്ക് മുൻപാണ്. യേശു യഹൂദരുടെ സുനഗോഗി ലെ സ്ഥിരം സന്ദർശകനായിരുന്നുവെങ്കിൽ യേശു യഹൂദരെ സുന

206. ലേവ്യർ 1:17
207. മത്തായി 11:29
208. ലൂക്കോസ് 6:43
209. ലൂക്കോസ് 4:46
210. ലൂക്കോസ് 9:35

ഗോഗിൽ പഠിപ്പിക്കാൻ പോയ ആദ്യ ദിവസംതന്നെ സുനഗോഗിൽ പ്രാവുകളെ ക്രയവിക്രയം ചെയ്യുന്നവരെ കണ്ടു കാണണമല്ലോ? എങ്കിൽ എന്തുകൊണ്ട് അവരെ അന്നേരം ആട്ടിപായിച്ചില്ല എന്നൊരു ചോദ്യമില്ലേ? അതിന്റെ കാരണം യേശു ഗലീലിയിലെ മീൻപിടുത്തക്കാരും വേശ്യകളുമായി യഹൂദരുടെ സുനഗോഗിൽ കടന്ന് അവിടെ അക്രമാസക്തമായി പെരുമാറിയപ്പോൾ യഹൂദരുടെ പ്രതികരണം എന്തായിരുന്നുവെന്ന്, പരിശോധിച്ചാൽ മനസിലാകുന്നതാണ്.

"ഇതുകേട്ടപ്പോൾ പ്രധാന പുരോഹിതന്മാരും നിയമജ്ഞരും അവനെ നശിപ്പിക്കാൻ മാർഗ്ഗം അന്വേഷിച്ചു;"[211] "ഇത് കേട്ടപ്പോൾ" എന്നതു കൊണ്ടർത്ഥമാക്കുന്നത് യേശു സിനഗോഗിൽ കാട്ടിയ അതിക്രമത്തെക്കുറിച്ച് കേട്ടപ്പോൾ പുരോഹിതന്മാരരും നിയമജ്ഞരും അവനെ നശിപ്പിക്കാൻ മാർഗ്ഗം അന്വേഷിച്ചു എന്നാണ്.

അതായത് തന്റെ മരണത്തിനു മുമ്പുള്ള എല്ലാ തയ്യാറെടുപ്പുകളും പൂർത്തിയാക്കി കഴിഞ്ഞപ്പോഴാണ് യേശു യഹൂദരുടെ സുനഗോഗിലെ സ്ഥിരം സന്ദർശകനായിരുന്നുവെങ്കിലും യഹൂദരെ ഒന്നുകൂടി പ്രകോപിപ്പിക്കുവാൻ ശിഷ്യന്മാരുമായി ചേർന്ന് അവരുടെ സിനഗോഗിൽ കടന്നു അതിക്രമം കാട്ടിയത്. സിനഗോഗിൽ അതിക്രമം കാട്ടിയ വിവരം കൂടി കേട്ടപ്പോൾ, പ്രധാന പുരോഹിതന്മാരും നിയമജ്ഞരും യേശുവിനെ കൊല്ലാൻ തീരുമാനിക്കുകയാണുണ്ടായത്. ഇതെല്ലാം പക്ഷെ യേശുവിന്റെ പദ്ധതി ആയിരുന്നുവെന്നു യഹൂദർ അറിഞ്ഞില്ല. ഇവിടെ ബുദ്ധിമാൻ യേശുവും വിഡ്ഢികളാക്കപ്പെട്ടത് യഹൂദരുമായിരുന്നു.

യേശു തന്റെ ആദ്യ സിനഗോഗ് സന്ദർശനത്തിൽ തന്നെ അതിക്രമം കാട്ടിയിരുന്നുവെങ്കിൽ യേശുവിന്റെ കുരിശുമരണം അന്നേരം തന്നെ, മുപ്പത് വയസ്സ് പ്രായമുള്ളപ്പോൾ തന്നെ നടന്നേനെ. അതായത് അരിമദ്ധ്യാക്കാരൻ ജോസഫിന്റെ പുതിയ കല്ലറ പണിതുതീരുന്നതിനു മുൻപേ യേശുവിന്റെ മരണം സംഭവിച്ചേനെ അങ്ങനെ സംഭവിച്ചിരുന്നെങ്കിൽ യേശുവിന്റെ ജഡം കഴുകന്മാർ കൊത്തിത്തിന്നു തീർത്തേനെ. യേശുവിന്റെ മരണനാടകത്തിന് മുന്നോടിയായി യേശു നടത്തിയ ഏറ്റവും വലിയ ഒരുക്കമാണ് തലയോട്ടിയുടെ ഇടത്തിൽ അരിമദ്ധ്യാക്കാരൻ ജോസഫ് പണിത ആരെയും സംസ്കരിച്ചിട്ടില്ലാത്ത ആ പുത്തൻ കല്ലറ! കല്ലറയുടെ പണി പൂർത്തിയാകാതെ യേശുവിനു യഹൂദർക്ക് പിടികൊടുക്കാനാവില്ല. ഉയിർത്തെഴുന്നേൽപ്പ് നാടകത്തിൽ കല്ലറയുടെ പങ്ക് വളരെ വലുതാണ്.

'ഈ ലോകം വിട്ട് പിതാവിന്റെ സന്നിധിയിലേക്കു പോകാനുള്ള സമയമായി എന്ന് പെസഹാത്തിരുനാളിനു മുമ്പ് യേശു അറിഞ്ഞു" എന്ന് എഴുതിയിരിക്കുന്നതിന്റെ പൊരുൾ ഗോല്ഗോത്തായിലെ ആരെ

211. മാർക്കോസ് 11:18

യും അതുവരെ സംസ്കരിച്ചിട്ടില്ലാത്ത രഹസ്യകല്ലറയുടെ പണിപൂർത്തിയായെന്ന് അരിമദ്യക്കാരൻ ജോസഫ് മുഖേന അറിവ് ലഭിച്ചുവെന്ന് പെസഹത്തിരുനാളിനു മുൻപേ യേശു അറിഞ്ഞു എന്നതാണ്.

യേശുവിനെ സംബന്ധിച്ചിടത്തോളം ഇനി ഒരു കാര്യം കൂടി മാത്രമേ ചെയ്യേണ്ടതായിട്ടുള്ളൂ. തന്റെ ശിഷ്യന്മാരിൽ ഒരാളെ വിട്ട് യഹൂദരെ കൂട്ടിക്കൊണ്ടുവന്ന് യേശുവിനെ ബന്ധനസ്ഥൻ ആക്കുക എന്ന കാര്യം. യേശു ബന്ധനസ്ഥൻ ആകുന്നതിന് ഏതാണ്ട് നാലുമണിക്കൂറുകൾക്ക് മുൻപാണ് യേശു അക്കാര്യവും നടപ്പിലാക്കുന്നത്. ആ ജോലി ചെയ്യാൻ യേശുവിന് തന്റെ ശിഷ്യന്മാരിൽ ആരെ വേണമെങ്കിലും ഏർപ്പാടാക്കാം എന്നിരിക്കെ എന്തുകൊണ്ട് യൂദാസ് ഇസ്ക്കറിയാത്തിനെ തന്നെ തെരഞ്ഞെടുത്തു എന്ന് ചോദിച്ചാൽ, അതിനു കാരണം യേശു തെരഞ്ഞെടുത്ത 12 ശിഷ്യന്മാരിൽ യേശുവിലുള്ള വിശ്വാസം നഷ്ടപ്പെട്ടു തുടങ്ങിയ ശിഷ്യനായിരുന്നു യൂദാസ് എന്നതാണ്.

യേശുവിൽ യൂദാസിനുണ്ടായിരുന്ന വിശ്വാസം നഷ്ടപ്പെടാൻ ഇടയാക്കിയ സംഭവം ജെറുസലേമിനടുത്തുള്ള ബഥനിയ എന്ന ഇടത്തിലാണ് അരങ്ങേറിയത്: 'മറിയം വിലയേറിയതും ശുദ്ധവുമായ ഒരു കുപ്പി നാർദിനൻ സുഗന്ധതൈലമെടുത്ത് യേശുവിന്റെ പാദങ്ങളിൽ പൂശുകയും തന്റെ തലമുടികൊണ്ട് അവന്റെ പാദങ്ങൾ തുടയ്ക്കുകയും ചെയ്തു. തൈലത്തിന്റെ പരിമളംകൊണ്ടു വീടു നിറഞ്ഞു. അവന്റെ ശിഷ്യന്മാരിലൊരുവനും അവനെ ഒറ്റിക്കൊടുക്കാനിരുന്നവനുമായ യൂദാസ് സ്കറിയോത്താ പറഞ്ഞു എന്തുകൊണ്ട് ഈ തൈലം മുന്നൂറു ദിനാറയ്ക്കു വിറ്റു ദരിദ്രർക്കു കൊടുത്തില്ല?"[212] യേശുവിന്റെ വാക്കിലും പ്രവൃത്തിയിലുമുള്ള പൊരുത്തക്കേട് വെളിപ്പെടുത്തിയ ഈ സംഭവമാണ് യൂദാസിന് യേശുവിലുള്ള വിശ്വാസം ഇല്ലാതാവാൻ ഇടയാക്കിയത്.

'അത്താഴസമയത്ത് പിശാച് ശിമയോന്റെ പുത്രനായ യൂദാസ് സ്കറിയോത്തായുടെ മനസ്സിൽ യേശുവിനെ ഒറ്റിക്കൊടുക്കുവാൻ തോന്നിച്ചു'[213] എന്നാണ് പറയുന്നത്. എന്നാൽ ലൂക്കോസിൽ പറയുന്നത് അവസാന അത്താഴദിവസത്തിനു നാളുകൾക്കുമുന്നേ യൂദാസിൽ സാത്താൻ പ്രവേശിച്ചിരുന്നു എന്നാണ്: 'പന്ത്രണ്ടുപേരിൽ ഒരുവനും സ്കറിയോത്താ എന്നു വിളിക്കപ്പെടുന്നവനുമായ യൂദാസിൽ സാത്താൻ പ്രവേശിച്ചു. അവൻ പുരോഹിതപ്രമുഖന്മാരെയും സേനാധിപന്മാരെയും സമീപിച്ച് എങ്ങനെയാണ് യേശുവിനെ അവർക്ക് ഒറ്റിക്കൊടുക്കേണ്ടത് എന്ന് ആലോചിച്ചു.'[214]

അത്താഴസമയത്ത് യേശു പറഞ്ഞു 'സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങളിൽ ഒരുവൻ എന്നെ ഒറ്റിക്കൊടുക്കും.

---

212. യോഹന്നാൻ 12:3–5
213. യോഹന്നാൻ 13:2
214. ലൂക്കോസ് 22:3–4

അവൻ ആരെപ്പറ്റി പറയുന്നു എന്നറിയാതെ ശിഷ്യന്മാർ ആകുലചിത്തരായി പരസ്പരം നോക്കി ശിഷ്യന്മാരിൽ യേശു സ്നേഹിച്ചിരുന്നവൻ അവന്റെ വക്ഷസ്സിലേക്കു ചാരിക്കിടന്നിരുന്നു. ശിമയോൻ പത്രോസ് അവനോട് ആംഗ്യം കാണിച്ചു പറഞ്ഞു: അവൻ ആരെപ്പറ്റി പറയുന്നു എന്നു ചോദിക്കുക. യേശുവിന്റെ വക്ഷസ്സിൽ ചേർന്നു കിടന്നുകൊണ്ട് അവൻ ചോദിച്ചു: കർത്താവേ, ആരാണത്?'[215]

യൂദാസ് എന്നെ ഒറ്റികൊടുക്കുമെന്നല്ല, നിങ്ങളിൽ ഒരുവൻ എന്നെ ഒറ്റിക്കൊടുക്കും എന്നാണ് യേശു പറയുന്നത്, എന്തിനാണ് എന്നെ ഒറ്റിക്കൊടുക്കും എന്ന് പറയുന്നത്? ആർക്കു ഒറ്റിക്കൊടുക്കും എന്നാണ് യേശു പറയുന്നത്? എന്നെല്ലാം നിരവധി ചോദ്യങ്ങളുണ്ട്.

യഹൂദർ യേശുവിനെ ബന്ധനസ്ഥനാക്കാൻ വരുന്നത് റോമൻ അധികൃതരുമായിട്ടാണ്. ആദ്യം കൊണ്ടുപോയത് യഹൂദരുടെ കോടതിയായ മുഖ്യപുരോഹിതന്മാരുടെ ന്യായാധിപസംഘത്തിന്റെ അടുക്കലേക്കാണ്. അവിടെ യേശുവിനെ അവർ കുറ്റവിചാരണ ചെയ്യുന്നുണ്ട്. യേശു കോടതിയെയും നിയമത്തെയും ഭയന്ന് ഒളിവിൽ ഇരിക്കുന്നത് കൊണ്ടല്ലേ മറ്റൊരാൾക്ക് യേശുവിനെ അധികൃതർക്ക് കാട്ടികൊടുക്കേണ്ടി വരുന്നത്? കുറ്റംചെയ്യാത്ത ഒരുവനെ ആർക്കെങ്കിലും അധികൃതർക്ക് കാട്ടികൊടുക്കുവാനോ ബന്ധനസ്ഥനാക്കുവാനോ ന്യായാധിപസംഘത്തിന്റെ മുന്നിൽ കൊണ്ടുചെന്നു നിർത്താനോ കഴിയുമോ? അപ്പോൾ യേശുവിനെ ഒറ്റിക്കൊടുക്കും എന്ന് പറയുന്നത് തന്നെ യേശു കുറ്റക്കാരൻ ആയതുകൊണ്ടാണ്.

നിങ്ങളിൽ ഒരുവൻ എന്നെ ഒറ്റിക്കൊടുക്കും എന്നു പറഞ്ഞതു കേട്ട് ശിഷ്യന്മാർ ആകുലചിത്തരായി പരസ്പരം നോക്കി എന്നാണ് എഴുതിയിരിക്കുന്നത്. അതിനർത്ഥം യൂദാസും ആകുലചിത്തനായി പരസ്പരം നോക്കിയെന്നാണ്. അതായത് ആ നിമിഷം വരെയും യേശുവിനെ ഒറ്റികൊടുക്കുവാൻ യൂദാസിന് യാതൊരു ചിന്തയും ഇല്ലായിരുന്നുവെന്ന്.

ശിഷ്യന്മാരിൽ യേശു സ്നേഹിച്ചിരുന്നവൻ, അതായത് യോഹന്നാൻ യേശുവിന്റെ മാറിൽ ചാഞ്ഞു കിടക്കുന്നതുകണ്ട് പത്രോസ് അയാളോട് ആംഗ്യഭാഷയിൽ യേശു ആരെപറ്റി പറയുന്നുവെന്ന് ചോദിക്കുന്നു. പത്രോസിന്റെ ആംഗ്യഭാഷയിലുള്ള ആവശ്യം മനസിലാക്കിയ യോഹന്നാൻ യേശുവിന്റെ മാറിലേക്ക് ചേർന്ന് കിടന്നുകൊണ്ട് യേശുവിനോടു ആരാണത് എന്ന് ചോദിക്കുന്നു. യോഹന്നാൻ യേശുവിന്റെ മാറിൽ കിടക്കുന്നതു കൊണ്ടും പത്രോസ് നിശബ്ദമായി ആംഗ്യഭാഷയിൽ ചോദിച്ചത് കൊണ്ടും യോഹന്നാൻ യേശുവിനോടു ആരാണത് എന്ന് ചോദിച്ചത് അക്കൂട്ടത്തിലുണ്ടായിരുന്ന ആരും കേൾക്കാനിടയില്ല. അതായത് യേശുവും യോഹന്നാനും തമ്മിലുള്ള രഹസ്യ സംഭാഷണം യൂദാസും അറിഞ്ഞിട്ടില്ല.

215. യോഹന്നാൻ 13:21–25

ശേഷം യേശു തന്റെ മാറിൽ ചാഞ്ഞു കിടക്കുന്ന യോഹന്നാനോട് 'അപ്പക്കഷണം മുക്കി ഞാൻ ആർക്കു കൊടുക്കുന്നുവോ അവൻ തന്നെ. അവൻ അപ്പക്കഷണം മുക്കി ശിമയോൻ സ്കറിയോത്തായുടെ മകൻ യൂദാസിനു കൊടുത്തു. അപ്പക്കഷണം സ്വീകരിച്ചതിനെത്തുടർന്ന് സാത്താൻ അവനിൽ പ്രവേശിച്ചു. യേശു അവനോടു പറഞ്ഞു: നീ ചെയ്യാനിരിക്കുന്നതു വേഗം ചെയ്യുക. എന്നാൽ, ഭക്ഷണത്തിനിരുന്ന വരിൽ ആരും അവൻ ഇത് എന്തിനു പറഞ്ഞുവെന്ന് അറിഞ്ഞില്ല'[216]

യേശു തന്റെ മാറിൽ ചാരികിടന്നുകൊണ്ടു അപ്പക്കഷ്ണം മുക്കി ഞാൻ ആർക്കുകൊടുക്കുന്നുവോ അവൻ തന്നെ എന്ന് യോഹന്നാനോട് പറഞ്ഞതും യോഹന്നാൻ ഒഴികെ ഭക്ഷണത്തിനിരുന്നവരിൽ ആരും തന്നെ കേട്ടിട്ടില്ല. പത്രോസും കേട്ടിട്ടില്ല കാരണം പത്രോസ് കേട്ടിരു ന്നുവെങ്കിൽ യേശു യൂദാസിനോട് നീ ചെയ്യാനിരിക്കുന്നത് വേഗം പോ യി ചെയ്യൂ എന്ന് പറഞ്ഞതിന്റെ പൊരുൾ പത്രോസ് അറിയുമായിരുന്നു. എന്നാൽ, ഭക്ഷണത്തിനിരുന്നവരിൽ ആരും അവൻ ഇത് എന്തിനു പറ ഞ്ഞുവെന്ന് അറിഞ്ഞില്ല എന്നാണ് എഴുതിയിരിക്കുന്നത്.

അതായത് യേശു യൂദാസിനോട് നീ ചെയ്യാനിരിക്കുന്ന വേഗം പോ യി ചെയ്യൂ എന്ന് പറഞ്ഞത് ഭക്ഷണത്തിനിരുന്നവരിൽ എല്ലാവരും കേട്ടു. പക്ഷെ അവരാരും തന്നെ അവൻ ഇത് എന്തിനു പറഞ്ഞു എന്ന് അറി ഞ്ഞില്ല. ഈ വാചകം സൂചിപ്പിക്കുന്നത് പത്രോസും യോഹന്നാനും യേശുവും തമ്മിൽ നടത്തിയ രഹസ്യസംഭാഷണം ഭക്ഷണത്തിനിരുന്ന വരിൽ ആരും അറിഞ്ഞിരുന്നില്ല എന്നാണ്, മുഖ്യമായി യൂദാസ് അറി ഞ്ഞിരുന്നില്ല എന്ന്.

യൂദാസിന്റെ അടുക്കലേക്ക് അപ്പക്കഷണവുമായി നടന്നു നീങ്ങുന്ന യേശുവിനെ കാണുന്ന യൂദാസ്, യേശു തനിക്ക് അപ്പക്കഷണം തരുന്നത് ആ പ്രവൃത്തിയിലൂടെ താനാണ് ഒറ്റുകാരൻ എന്ന് യോഹന്നാനെ അറി യിക്കുകയാണന്നറിയുന്നില്ല. കാരണം അയാൾ യോഹന്നാനും യേശു വും തമ്മിലുള്ള രഹസ്യസംഭാഷണം കേട്ടിട്ടില്ല. ഞാൻ ഈ അപ്പക്കഷെ ണം മുക്കി ആർക്കുകൊടുക്കുന്നുവോ അവൻ തന്നെയാണ് ഒറ്റുകാരൻ എന്ന് യോഹന്നാനോട് പറഞ്ഞത് യൂദാസ് കേട്ടിരുന്നുവെങ്കിൽ ഒരി ക്കലും അയാൾ യേശു നൽകിയ അപ്പക്കഷണം സ്വീകരിക്കില്ലായിരുന്നു. അപ്പോൾ ഇവിടെ ആര് ആരെയാണ് വഞ്ചിക്കുന്നത്? വഞ്ചകൻ യേശു വല്ലേ? വഞ്ചിക്കപ്പെടുന്നത് യൂദാസല്ലേ?

യേശു നൽകിയ അപ്പക്കഷണം യൂദാസ് സ്വീകരിച്ചതിൽ നിന്ന് യേശുവും യോഹന്നാനും തമ്മിലുള്ള രഹസ്യസംഭാഷണത്തെ കുറിച്ച് യൂദാസ് അജ്ഞനാണെന്ന കാര്യം വെളിവാകുന്നു. യേശു അപ്പക്കഷെ ണവുമായി യൂദാസിന്റെ അടുക്കലേക്കു വരുമ്പോൾ അയാൾ ഓർത്തിട്ടു

216. യോഹന്നാൻ 13:26–28

ണ്ടാവുക "ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ നൽകുന്ന അപ്പം എന്റെ ശരീരമാണ്"[217] എന്ന യേശുവിന്റെ വചനം ആവും.

യേശു നൽകിയ അപ്പം സ്വീകരിച്ചതിനെതുടർന്ന് യൂദാസിൽ പിശാചുബാധ ഉണ്ടാകുന്നു പിന്നീട് യേശു നീ ചെയ്യാനിരിക്കുന്നത് വേഗം പോയി ചെയ്യൂ എന്ന് പറയുന്നത് യൂദാസിന്റെ ഉള്ളിൽ പ്രവേശിച്ച പിശാചിനോടാണ് യൂദാസിനോടല്ല. യേശുവിന്റെ ആജ്ഞാനുവർത്തിയായ പിശാച് യേശു കൽപ്പിച്ചതുപോലെ പോയി യഹൂദരെ കൊണ്ടുവരുന്നു, യേശുവിനെ ബന്ധനസ്ഥനാക്കുന്നു.

യേശുവിനെ ബന്ധിക്കാൻ യഹൂദരെ കൂട്ടിക്കൊണ്ടുവരാൻ യൂദാസ് പുറപ്പെടുമ്പോൾ യേശു ഇരിക്കുന്നത് അവസാന അത്താഴം കഴിച്ച മാളികയിലെ വലിയ മുറിയിലാണ്. എന്നാൽ അല്പനേരം കഴിയുമ്പോൾ യേശു ശിഷ്യന്മാരോട് വരൂ നമുക്ക് ഇവിടെനിന്ന് പോകാം എന്ന് പറയുന്നുണ്ട്. അതിനെ തുടർന്ന് ശിഷ്യന്മാരെയും കൂട്ടി യേശു ജെറുസലേമിൽ തന്നെയുള്ള ഗെത്സമേനി തോട്ടത്തിൽ പോകുന്നുണ്ട്. അവിടെവച്ചാണ് യേശുവിനെ യഹൂദർ ബന്ധനസ്ഥൻ ആക്കുന്നത്. യൂദാസ് യഹൂദരെ കൊണ്ടുവരുവാൻ പുറപ്പെട്ടപ്പോൾ യേശു ഇരുന്ന ഇടത്തിൽ അല്ല യേശുവിനെ ബന്ധനസ്ഥൻ ആക്കുന്നത്. പാതിരാനേരത്ത് യേശു അവസാന അത്താഴം കഴിച്ചിരുന്ന മാളികമുറിയിൽ നിന്ന് ഗെത്സമേനി തോട്ടത്തിലേക്ക് എന്തിനുപോയെന്നും യൂദാസ് അത് എങ്ങിനെയറിഞ്ഞുവെന്നും ചോദ്യമുണ്ട്. ഇതിൽ രണ്ടാമത്തെ ചോദ്യത്തിന് ബൈബിൾ നൽകുന്ന മറുപടി 'അവനെ ഒറ്റിക്കൊടുത്ത യൂദാസിനും ആ സ്ഥലം അറിയാമായിരുന്നു കാരണം യേശു പലപ്പോഴും ശിഷ്യന്മാരോട് കൂടെ അവിടെ സമ്മേളിക്കാറുണ്ടായിരുന്നു'[218] എന്നാണ്. ഈ പ്രസ്താവന വാസ്തവ വിരുദ്ധമാണ്. കാരണം ബൈബിൾ പറയുന്നത് ഗലീലിയിലെ പട്ടണങ്ങളിലും ഗ്രാമങ്ങളിലും യേശു ചുറ്റി സഞ്ചരിച്ചു സുവിശേഷം പ്രസംഗിച്ചു എന്നാണ്. ജെറുസലേമിൽ നിന്ന് നൂറുകണക്കിന് കിലോമീറ്റർ അകലെയാണ് ഗലീലി.

യേശുവും ശിഷ്യന്മാരും ജെറുസലേമിൽ വരാറുണ്ടായിരുന്നു. പക്ഷേ, അപ്പോഴൊക്കെ വൈകുന്നേരം ആകുമ്പോൾ യേശു ശിഷ്യന്മാരെയും കൂട്ടി ജെറുസലേമിനടുത്തുള്ള ബദനിയായിൽ ലാസറിന്റെയും വേശ്യയായ മറിയയുടെയും മാർത്തയുടെയും വീട്ടിലാണ് അന്തിയുറങ്ങിയിരുന്നത്. രാത്രികാലങ്ങളിൽ ശിഷ്യന്മാരുമായി ജെറുസലേമിലെ തോട്ടത്തിൽ യേശു ഒരിക്കലും പോയിട്ടില്ല. അഥവാ പോയിട്ടുണ്ടെങ്കിൽ തന്നെ അത് പകൽസമയത്ത് ആവാനാണ് സാധ്യത. 2000 വർഷങ്ങൾക്കു മുന്നേ ഇന്നുള്ളതുപോലെ തെരുവുവിളക്കുകളോ നിശാജീവിതമോ ഉണ്ടായിരുന്നില്ല എന്നതാണ് വസ്തുത.

217. യോഹന്നാൻ 6:51
218. യോഹന്നാൻ 18:2

യഹൂദരെയും കൂട്ടി യേശുവിനെ ബന്ധനസ്ഥനാക്കുവാൻ പാതിരാ നേരത്ത് യൂദാസ് ഗെത്സമേനിതോട്ടത്തിൽ വന്നതിന്റെ കാരണം യൂദാസിൽ പിശാചുബാധ ഉണ്ടായിരുന്നതാണ്. പിശാചുക്കളും യേശുവും തമ്മിൽ മനുഷ്യർക്കു മനസ്സിലാക്കാൻ കഴിയാത്തവിധം ഒരു ആശയ വിനിമയസംവിധാനം ഉണ്ടായിരുന്നു എന്നാണ് ഇത് നൽകുന്ന സൂചന!

ഇനി ആദ്യത്തെ ചോദ്യത്തിന്റെ അതായത് എന്തിനാണ് തന്നെ കാട്ടികൊടുക്കുവാൻ ആളെക്കൊണ്ടുവരാൻ യൂദാസിനെ പറഞ്ഞയച്ചിട്ട് ശിഷ്യന്മാരുമായി അവസാന അത്താഴം കഴിച്ച മാളികയിലെ വലിയ മുറിയിൽ നിന്ന് യേശു ഗെത്സമേനി തോട്ടത്തിലേക്ക് പോയത് എന്ന ചോദ്യം.

അതിന്റെ കാരണം അറിയുക എന്നത് വളരെ ലളിതമായ കാര്യമാണ്. യേശു ശിഷ്യന്മാരുമൊത്ത് ഗെത്സമേനിയിൽ തന്നെ തുടർന്നിരുന്നുവെങ്കിൽ എന്ത് സംഭവിക്കുമായിരുന്നു എന്ന് ഒന്ന് ഭാവനയിലൂടെ കാണാൻ ശ്രമിക്കുകയേ വേണ്ടൂ. യേശു അവസാന അത്താഴം കഴിച്ച മുറിയിൽ തന്നെ ശിഷ്യന്മാരും ഒത്തു തുടർന്നിരുന്നുവെങ്കിൽ യേശുവിന്റെ അറസ്റ്റ് അവസാന അത്താഴം കഴിച്ച മാളികമുറിയിൽ വച്ച് നടന്നേനെ. അങ്ങനെ സംഭവിച്ചിരുന്നിരുന്നെങ്കിൽ ശിഷ്യന്മാരും പിടിക്കപ്പെട്ടേനെ. എന്നാൽ ഗെത്സമേനിതോട്ടം പോലൊരു തുറസ്സായ സ്ഥലം ആയതുകൊണ്ട് യേശു പിടിക്കപ്പെട്ടപ്പോൾ ശിഷ്യന്മാർക്ക് ഓടി രക്ഷപ്പെടുവാനും തിരിച്ച് അവസാന അത്താഴം കഴിച്ച ജെറുസലേമിലുള്ള അതേ മാളികമുറിയിൽ സമ്മേളിക്കുവാനും യഹൂദരിൽ നിന്ന് ആഴ്ചകളോളം മറഞ്ഞിരിക്കുവാനും കഴിഞ്ഞു.

■

# 9. ഇങ്ങനെയോ, ഒരു ദൈവപുത്രന്റെ ജനനം?

## അവിശുദ്ധാത്മാവിന്റെ അവിഹിതഇടപെടൽ

**എ**ന്താണ് സത്യം എന്ന് ചോദിച്ചാൽ സജ്ജനങ്ങളിൽ സാധുവായതെന്നും ഏറ്റവും നല്ല ഭാഷ ഏതാണെന്നു ചോദിച്ചാൽ ഏറ്റവും സംസ്കാരസമ്പന്നരായ മനുഷ്യർ ആരാണോ അവർ സംസാരിക്കുന്ന ഭാഷയെന്നും ഏറ്റവും ഭാഗ്യവാനായ ഭർത്താവ് ആരാണെന്നു ചോദിച്ചാൽ ഏറ്റവും പതിവ്രതയായ ഭാര്യയുള്ളവൻ എന്നും ഈ ലോകത്തിൽ ഒരുവന് കിട്ടാവുന്നതിൽ ഏറ്റവും വലിയ വരദാനമെന്താണെന്ന് ചോദിച്ചാൽ നല്ല അച്ഛനും അമ്മയും എന്നും മറുപടി പറയുക.

യേശു പറയുന്നത് യേശുവും യേശുവിന്റെ പിതാവും ഒരാൾ തന്നെയാണെന്നാണ് അതുകൊണ്ടുതന്നെ യേശുവിനെ മനുഷ്യഗണത്തിൽ പെടുത്താനാവില്ല. എങ്കിലും ഒരുവന്റെ ജനനം അവൻ ഏതു തരക്കാരനാണെന്ന് നമുക്കു കാട്ടിത്തരും.

'യേശുക്രിസ്തുവിന്റെ ജനനം ഇപ്രകാരമായിരുന്നു: അവന്റെ മാതാവായ മറിയവും ജോസഫും തമ്മിലുള്ള വിവാഹനിശ്ചയം കഴിഞ്ഞിരിക്കെ, അവർ സഹവസിക്കുന്നതിനുമുമ്പ് അവൾ പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി കാണപ്പെട്ടു.'[219]

യേശുവിന്റെ മാതാവായ മറിയയും ജോസഫുമായി വിവാഹനിശ്ചയം നടത്തുന്നു എന്നാൽ അവർ സഹവസിക്കും മുൻപ് മറിയ ഗർഭിണിയായത്രേ! പിന്നെയോ അവൾ ഗർഭിണിയായത് അവളുമായി വിവാഹനിശ്ചയം ചെയ്ത പുരുഷനിൽ നിന്നല്ല. അയാളിൽ നിന്നന്യനായ ഒരാത്മാവിൽ നിന്നും ഗർഭിണിയായി കാണപ്പെട്ടു എന്നാണെഴുതിയിരിക്കുന്നത്. ഒരു സ്ത്രീ ഗർഭിണിയായി കാണപ്പെടണമെങ്കിൽ അവൾ കുറഞ്ഞത് 5-6 മാസമെങ്കിലും ഗർഭിണിയായിരിക്കണം. എങ്കിലേ അവളുടെ ഉദരം വലുതായി പുറമെ ഗർഭിണിയായി കാണപ്പെടൂ.

ജോസഫിന്റെ പ്രതിശ്രുതവധു മറിയയെ പരിശുദ്ധാത്മാവ് ഗർഭിണിയാക്കുന്നതിനു മുന്നേ ജോസഫിന്റെ സമ്മതം വാങ്ങിയിരുന്നില്ല. മറ്റൊരാൾക്ക് വിവാഹം ഉറപ്പിച്ച ഒരുവളെ അയാളുടെ അറിവോ സമ്മ

219. മത്തായി 1:18

തമോ കൂടാതെ ഗർഭിണിയാക്കുന്ന ഒരു ആത്മാവ് പരിശുദ്ധാത്മാവ് എന്ന വിശേഷണത്തിനർഹനാണോ? തികച്ചും അവിശുദ്ധമായ ഒരു കാര്യം ചെയ്തിട്ട് അതു ചെയ്തത് പരിശുദ്ധാത്മാവാണെന്ന് പറഞ്ഞാൽ അംഗീകരിക്കാനാവുമോ?

പരിശുദ്ധാത്മാവെന്നു വിളിക്കപ്പെടുന്ന അശുദ്ധാത്മാവ് മറിയയെ ഗർഭിണിയാക്കിയത് ജോസഫുമായുള്ള അവളുടെ വിവാഹസമ്മതത്തിന് ശേഷമാണെന്നു പറയുന്നുണ്ട്. ജോസഫും മറിയയും സഹവസിക്കും മുൻപാണെന്നും പറയുന്നുണ്ട്. അതായത് വിവാഹസമ്മതത്തിനു ശേഷം, എന്നാൽ വിവാഹത്തിനു മുൻപ്. വിവാഹത്തിന് എത്ര നാൾ മുൻപ്? വിവാഹത്തിന്റെ തലേനാളാണോ മറിയയെ ഗർഭിണിയാക്കിയത്? അതോ ഒരാഴ്ച മുൻപാണോ? അതോ ഒരു മാസം മുൻപാണോ? അതോ മാസങ്ങൾക്കു മുൻപാണോ? — ഈ ചോദ്യങ്ങൾക്ക് യാതൊരു വ്യക്തതയും ബൈബിൾ നൽകുന്നില്ല.

ഉദാഹരണത്തിന് മറിയയും ജോസഫും തമ്മിലുള്ള വിവാഹത്തിന് 3 മാസങ്ങൾക്കു മുൻപ് മറിയയെ ഗർഭിണിയാക്കിയിരുന്നുവെങ്കിൽ മറിയ അവളുടെ വിവാഹത്തിന് 6 മാസങ്ങൾക്കു ശേഷം പ്രസവിച്ചേനെ. മറിയ വിവാഹത്തിന് 6 മാസങ്ങൾക്കു ശേഷം പ്രസവിച്ചിരുന്നുവെങ്കിൽ നാട്ടുകാർ മറിയ വിവാഹത്തിന് മുന്നേ ഗർഭിണിയായിരുന്നുവെന്ന് മനസിലാക്കിയേനെ. അങ്ങനെ അവർ മനസിലാക്കിയിരുന്നുവെങ്കിൽ 'ഇവൻ ജോസഫിന്റെ പുത്രനല്ലേ?'[220] എന്ന് നാട്ടുകാർ വിളിക്കുന്നതെങ്ങിനെ? നസ്രേത്ത് നിവാസികളുടെയൊക്കെ ധാരണ യേശുവിന്റെ പിതാവ് മറിയയുടെ ഭർത്താവായിരുന്ന ജോസഫാണെന്നായിരുന്നു. അവൾ വിവാഹത്തിനു മുന്നേ ഗർഭിണിയായവൾ ആയിരുന്നെന്ന് നാട്ടുകാർക്കറിയില്ലായിരുന്നു. മറിയയെ ഗർഭിണിയാക്കിയത് ജോസഫുമായുള്ള വിവാഹത്തിനോടടുത്ത ദിനങ്ങളിൽ ആയിരുന്നുവെന്നാണ് ഇത് നൽകുന്ന സൂചന.

അപ്പോഴും ജോസഫുമായുള്ള സഹവാസത്തിനു എത്ര നാൾ മുന്നേ എന്നു വ്യക്തമല്ല. വിവാഹത്തിന് ഒന്നോ രണ്ടോ ദിവസങ്ങളോ ആഴ്ചകളോ മുന്നെയാണ് ജോസഫിന്റെ ഭാവിവധുവിനെ ആത്മാവ് ഗർഭിണിയാക്കിയതെങ്കിൽ ജോസഫും മറിയയും തമ്മിലുള്ള വിവാഹ ദിവസം മറിയ താൻ ഗർഭിണിയാണെന്ന് സ്വയം തിരിഞ്ഞറിഞ്ഞിട്ടുണ്ടാവില്ല.

ഇക്കാലത്തുള്ള ശാസ്ത്രവളർച്ച അക്കാലത്തുണ്ടായിരുന്നില്ല. 2000 വർഷം മുന്നേ ഒരു സ്ത്രീ താൻ ഗർഭിണിയാണെന്ന് തിരിച്ചറിയുന്നത് അവളുടെ മാസമുറ തെറ്റുമ്പോഴാണ്. ജോസഫുമായുള്ള വിവാഹത്തിന് ഒന്നോ രണ്ടോ ദിവസങ്ങൾക്കു മുന്നെയോ രണ്ടോ മൂന്നോ ആഴ്ചകൾക്കു മുന്നെയോ ആണ് മറിയ ഗർഭിണിയാക്കപ്പെട്ടതെങ്കിൽ അവൾ

220. ലൂക്കോസ് 4:22

താൻ ഗർഭിണിയാണെന്ന് തിരിച്ചറിയുന്നതിനു മുന്നേ ജോസഫുമായു ള്ള കല്യാണവും സഹവാസവും തുടങ്ങിയിട്ടുണ്ടാവും. അങ്ങിനെ അവൾ സഹവാസം തുടങ്ങിയതിനു ശേഷമാണ് അവളുടെ മാസമുറ തെറ്റുന്നതെങ്കിൽ അവളുടെ ഉദരത്തിൽ വളരുന്ന കുഞ്ഞിന്റെ അച്ഛൻ ജോസഫല്ല എന്ന് അവൾക്കെങ്ങിനെ നിശ്ചയിക്കാനാവും?

അവൾ ജോസഫുമായി സഹവാസം തുടങ്ങുന്നതിനു മുന്നേ ത ന്നെ ഗർഭിണിയാക്കപ്പെട്ടിരുന്നുവെങ്കിൽകൂടി കുട്ടിയുടെ പിതാവ് ജോ സഫാണെന്നു അവൾ കരുതാനിടയുണ്ട് എന്നാണ് മനസിലാക്കേണ്ടത്.

**നീതിമാനായ ജോസഫിന്റെ തീരുമാനം**

'ദൈവപുത്രന്റെ' ജനനകഥയിലെ അടുത്ത വചനം പരിശോധി ക്കാം: 'അവളുടെ ഭർത്താവായ ജോസഫ് നീതിമാനാകയാലും അവളെ അപമാനിതയാക്കാൻ ഇഷ്ടപ്പെടായ്കയാലും അവളെ രഹസ്യമായി ഉ പേക്ഷിക്കാൻ തീരുമാനിച്ചു.'[221]

ജോസഫ് മറിയയെ വിവാഹം കഴിക്കുന്നതിനു മുന്നേ മറിയ പരിശു ദ്ധാത്മാവിനാൽ ഗർഭിണിയായി കാണപ്പെട്ടു എന്നാണ് ആദ്യം പറഞ്ഞ ത് എന്നാൽ അടുത്ത വചനം ആദ്യ വചനത്തിനു കടകവിരുദ്ധമായി പറയുന്നത്, അവളുടെ ഭർത്താവായ ജോസഫ് അവളെ രഹസ്യമായി ഉപേക്ഷിക്കാൻ തീരുമാനിച്ചു എന്നാണ്. ഒന്നാലോചിച്ചു നോക്കൂ വിവാ ഹനിശ്ചയം കഴിഞ്ഞ് വിവാഹനാൾ എണ്ണിക്കഴിയുന്ന ഒരു മനുഷ്യൻ പൊടുന്നനെ അയാളുടെ പ്രതിശ്രുതവധു അയാളറിയാതെ ഗർഭിണിയാ യി എന്ന് മനസിലാക്കുന്നു. ആ വാർത്ത അയാൾക്ക് എത്രമാത്രം ഹൃദ യഭേദകമായിരിക്കും? അങ്ങനെ താൻ വഞ്ചിക്കപ്പെട്ടു എന്നറിയുന്ന ജോ സഫ് മറിയയെ വിവാഹം കഴിക്കുമോ? നിശ്ചയിച്ച വിവാഹം റദ്ദാക്കു കയല്ലേ ഉള്ളൂ? അപ്പോൾ ജോസഫ് മറിയയെ ഉപേക്ഷിക്കാൻ തീരുമാ നിച്ചു എന്നെഴുതിയിരിക്കുന്നത് കള്ളമല്ലേ?

മറിയയെ ഉപേക്ഷിക്കാൻ തീരുമാനിച്ച ജോസഫ് നീതിമാനായി രുന്നു എന്ന് ബൈബിൾ പറയുന്നുണ്ട് അതിനർത്ഥം 'പരിശുദ്ധാത്മാ വും' മറിയയും ജോസഫിനോട് ചെയ്തത് നീതികേടായിരുന്നു എന്ന ല്ലേ?

ഒരു മനുഷ്യൻ വിവാഹം കഴിക്കുന്നത് അയാൾക്കൊരു കുടുംബം ഉണ്ടാവാനല്ലേ? കുടുംബമാകുന്ന ഭവനം പണിയാനുള്ള ആദ്യത്തെ കല്ലാണ് വിവാഹം. ഒരുവൻ വിവാഹം കഴിച്ചതു കൊണ്ട് മാത്രം കുടും ബമുണ്ടാവില്ല. കുടുംബമുണ്ടാവണമെങ്കിൽ ഒരു കുഞ്ഞുകൂടി പിറക്ക ണം. ഭാര്യഭർത്താക്കന്മാരെ ദമ്പതികൾ എന്നാണ് വിളിക്കുക. അവർ അച്ഛനും അമ്മയുമാകുമ്പോഴാണ് കുടുംബമുണ്ടാവുന്നത്. ഒരു കുടും ബത്തിൽ മുത്തശ്ശൻ, മുത്തശ്ശി, അമ്മാവൻ, അമ്മായി അങ്ങനെ ഒത്തിരി

---

221. മത്തായി 1:19

അംഗങ്ങൾ വേറെയുമുണ്ടാകും. പക്ഷെ, ഒരു കുടുംബം എന്ന് വിളിക്കപ്പെടാനുള്ള ഏറ്റവും കുറഞ്ഞ അംഗസംഖ്യ മൂന്നാണ്. ജോസഫിന്റെ ഭാര്യയെ 'പരിശുദ്ധാത്മാവ്' ഗർഭിണിയാക്കിയിട്ടാണ് ജോസഫിന് നൽകുന്നത് അപ്പോൾ മറിയ പ്രസവിക്കുന്ന കുഞ്ഞിന്റെ പിതാവ് ജോസഫ് അല്ലാതിരിക്കെ അതെങ്ങിനെ ജോസഫിന്റെ കുടുംബമാവും?

ജോസഫ് മറിയയെ രഹസ്യമായി ഉപേക്ഷിക്കുവാൻ തീരുമാനിച്ചു എന്നു പറയുന്നതിന്റെ അർത്ഥമെന്താണ്? നിങ്ങൾ നാലാളറിയെ വിവാഹം ചെയ്ത നിങ്ങളുടെ ഭാര്യയെ എങ്ങനെയാണ് നിങ്ങൾക്ക് രഹസ്യമായി ഉപേക്ഷിക്കാൻ സാധിക്കുക? യഹൂദരുടെ നിയമപ്രകാരം ഭാര്യയെ ഉപേക്ഷിക്കുന്നതിനു മുന്നേ ജോസഫ് അവൾക്കു ഉപേക്ഷാ പത്രം എഴുതി കൊടുക്കണം.[222] അപ്പോൾ പിന്നെ രഹസ്യമായി ഉപേക്ഷിക്കുന്നതെങ്ങനെയാണ്?

**അന്നത്തെ യഹൂദകുടുംബനിയമങ്ങൾ**

അപ്പോൾ താഴെ പറയുന്നതാണ് അതിന്റെ പൊരുൾ: ജോസഫ് അവളെ ഉപേക്ഷിക്കാൻ തീരുമാനിച്ചു എന്നല്ല, മറിച്ച് അവളെ അപമാനിതയാക്കാൻ ഇഷ്ടപ്പെടായ്കയാൽ അവളെ രഹസ്യമായി ഉപേക്ഷിക്കാൻ തീരുമാനിച്ചു എന്നാണ് എഴുതിയിരിക്കുന്നത്, ഈ വചനത്തിന്റെ അർത്ഥം മനസിലാവണമെങ്കിൽ കാരുണ്യവാനെന്നും നീതിമാനുമെന്നും ക്രിസ്ത്യാനികൾ വിളിക്കുന്ന അവരുടെ ദൈവം കുടുംബബന്ധങ്ങളുടെ കടയ്ക്കൽ കത്തിവെക്കാൻ മനുഷ്യർക്ക് നൽകിയ വിവാഹമോചനനിയമം എന്താണെന്ന് ആദ്യം അറിയണം:

'ഒരുവൻ വിവാഹിതനായതിനുശേഷം ഭാര്യയിൽ എന്തെങ്കിലും തെറ്റുകണ്ട് അവന് അവളോട് ഇഷ്ടമില്ലാതായാൽ, ഉപേക്ഷാപത്രം കൊടുത്ത് അവളെ വീട്ടിൽ നിന്നു പറഞ്ഞയയ്ക്കട്ടെ.'[223] അതായതു നിങ്ങൾക്ക് നിങ്ങളുടെ ഭാര്യയിൽ അഥവാ നിങ്ങളുടെ കുഞ്ഞുങ്ങളുടെ അമ്മയിൽ 'എന്തെങ്കിലും' തെറ്റ് കണ്ട് അവളോട് ഇഷ്ടമില്ലാതായാൽ അവളെ ഉപേക്ഷിക്കട്ടെ. അതായതു വീട്ടിൽ നിന്നും പുറത്താക്കട്ടെ. പക്ഷെ പുറത്താക്കുന്നതിനു മുന്നേ വിവാഹമോചനപത്രം എഴുതി കൊടുത്തിട്ടുണ്ടാവണം എന്ന് മാത്രം. ഇങ്ങനെയൊരു പൈശാചികനിയമം നൽകുന്നവനെ നീതിമാനെന്നും കരുണാമയനെന്നും ഒക്കെ വിളിക്കുന്ന വിശ്വാസികളുടെ മനോനില സത്യത്തിൽ പരിശോധിക്കേണ്ടത് തന്നെയല്ലേ?

എന്തായാലും ജോസഫ് മറിയയെ സമൂഹത്തിന്റെ മുന്നിൽ അപമാനിതയാക്കാതെ രഹസ്യമായി ഉപേക്ഷിക്കാം എന്നു പറഞ്ഞതിന്റെ പൊരുൾ ഇത്രമാത്രം, അവൾ വിവാഹത്തിനു മുന്നേ ഗർഭിണിയായിരുന്നുവെന്ന യഥാർത്ഥ കാര്യം വെളിപ്പെടുത്താതെ അവളോടുള്ള ഇഷ്ടക്കേടിനു ഉപേക്ഷാപത്രത്തിൽ മറിയ ഉറക്കത്തിൽ കൂർക്കം വലി

222. ആവർത്തനപുസ്തകം 24:1
223. ആവർത്തനപുസ്തകം 24:1

ക്കുന്നുവെന്നോ ഭക്ഷണം കഴിക്കുന്ന നേരത്ത് നഖം വെട്ടിയെന്നോ മറ്റെന്തങ്കിലും നിസ്സാരമായ കാരണം എഴുതി ഉപേക്ഷിക്കാൻ തീരുമാനിച്ചു എന്നാണ് അർത്ഥമാക്കുന്നത്. എന്തെങ്കിലും തെറ്റ് ചൂണ്ടികാണിച്ച്, സ്വന്തം ഭാര്യയെ ഉപേക്ഷിക്കുന്നത് യഹൂദർക്ക് നിയമാനുസൃതവുമാണല്ലോ.

**സ്ത്രീകളിൽ അനുഗ്രഹിക്കപ്പെട്ടവൾ**

മറിയയെ ഗർഭിണിയാക്കിയ അശുദ്ധാത്മാവ് അവളെ ഗർഭിണിയാക്കുന്നതിനു മുന്നേ ജോസഫിന്റെ സമ്മതം വാങ്ങുകയോ അയാളെ ആ വിവരം മുൻകൂട്ടി അറിയിക്കുകയോ ചെയ്യുന്നില്ല. ജോസഫ് മറിയയെ ഉപേക്ഷിക്കാൻ തീരുമാനിച്ചു എന്നതിനർത്ഥം മറിയ ജോസഫിനെ വിവാഹം ചെയ്തിരുന്നു എന്നാണല്ലോ, അതായത് വിവാഹത്തിന് ശേഷമാണ് ജോസഫ് മറിയയുടെ അവിഹിതഗർഭത്തെക്കുറിച്ചും തന്റെ ഭാര്യയെ ഗർഭിണിയാക്കിയ ആത്മാവിനെക്കുറിച്ചും അറിയുന്നത്. അങ്ങനെയാണ് ദൈവപുത്രന്റെ മാതാവിന്റെ ഗർഭധാരണം സംഭവിച്ചതെങ്കിൽ തീർച്ചയായും മറിയ ജോസഫിനെ വഞ്ചിച്ചു കഴിഞ്ഞു. കാരണം വിവാഹത്തിനു മുന്നേ ജോസഫിന്റെ അറിവോ സമ്മതമോ കൂടാതെ അവൾ ഗർഭിണിയായി. ആ വിവരം ജോസഫിൽ നിന്നും രഹസ്യമാക്കിവെച്ചു കൊണ്ട് അവൾ ജോസഫുമായുള്ള വിവാഹവും നടത്തി. ഒരു സ്ത്രീ വഞ്ചകിയാണെന്നതിന് ഇതിൽപരം തെളിവെന്ത് വേണം?

ജോസഫുമായി വിവാഹസമ്മതം നടത്തുകയും ജോസഫിന്റെ അറിവോ സമ്മതമോ കൂടാതെ മറ്റൊരുവനിൽ നിന്നും ഗർഭിണിയാകുകയും ചെയ്തിട്ട് ആ വിവരം പൂർണമായി ജോസഫിൽ നിന്നും മറച്ചുവെച്ച മറിയയെ 'വഞ്ചകി' എന്ന് അക്ഷരം തെറ്റാതെ വിളിക്കാം. മറിയയുടെ ആ കൊടിയ വഞ്ചനയുടെ ഫലമായി പിറന്ന ജാരസന്തതിയായ യേശുവാണ് ലോകരക്ഷകൻ എന്ന് പറയുന്നത് മനുഷ്യകുലത്തിന് തന്നെ അപമാനകരമാണ് എന്നും പറയാതെ വയ്യ.

മഹാവഞ്ചകിയായ മറിയയെ "സ്ത്രീകളിൽ അനുഗ്രഹിക്കപ്പെട്ടവൾ" എന്ന് എലിസബത്ത് സംബോധന ചെയ്യുന്നത് എന്തൊരു വിരോധാഭാസമാണെന്നോർക്കണം! സ്ത്രീകളിൽ ഏറ്റവും നികൃഷ്ടയായവളെ ഏറ്റവും അനുഗ്രഹീതയെന്നും അവളുടെ ജാരസന്തതിയെ ദൈവപുത്രനെന്നും ലോകരക്ഷകനെന്നും ഉയർത്തികാട്ടുന്ന ബൈബിൾ വിശുദ്ധ ഗ്രന്ഥമാണെന്ന ക്രിസ്ത്യാനികളുടെ അന്ധവിശ്വാസം ഇല്ലാതാവാനാണ് ഇക്കാര്യങ്ങളൊക്കെ ഈവിധം വ്യക്തമാക്കുന്നത്.

ബ്രാഹ്മം മുതൽ പൈശാചം വരെ വിവാഹം 8 വിധമുണ്ടെന്നു സനാതനധർമ്മം, എന്നാൽ ഇവയിലോരോന്നിലും സ്ത്രീ കന്യകയാവണം എന്ന നിഷ്കർഷയുണ്ട്. ഒരു പുരുഷൻ ഒരു കന്യകയുടെ കരം ഗ്രഹിക്കുന്നതാണ് വിവാഹം. രണ്ട് ജീവൻ പവിത്രമായ കർമ്മത്തിലൂടെ മരണം വേർപ്പെടുത്തുന്നത് വരെ കൂട്ടിച്ചേർക്കുന്നതാണ് വിവാഹം. മറിയ ഗർഭി

ണിയായിരിക്കെ അവളിൽ രണ്ട് ജീവനുണ്ട്. അപ്പോൾ ജോസഫിനു അവളെ വിവാഹം കഴിക്കാനാവില്ല. ആയതിനാൽ ജോസഫും മറിയയും തമ്മിൽ നടന്നത് വിവാഹമല്ല.

മറിയ പ്രസവിച്ചതിനു ശേഷം നാട്ടുകാരെ അറിയിക്കാൻ ഒരു ചടങ്ങ് നടത്താം. പക്ഷേ ജോസഫിന്റെയും മറിയയുടെയും കാര്യത്തിൽ സംഭവിച്ചതങ്ങിനെയല്ല ഗർഭിണിയായ മറിയയെ ജോസഫ് വിവാഹം കഴിച്ചു എന്നാണ് ബൈബിൾ പറയുന്നത്. ആയതുകൊണ്ട് തന്നെ അത് വിവാഹമായി കണക്കാക്കാനാവില്ല. അവിടെ നടന്നത് വഞ്ചനയാണ്. യേശുവിന്റെ പിതാവും അഥവാ യേശുവും മറിയയും ചേർന്നു നടത്തിയ വഞ്ചന. ദൈവപുത്രന്റെ വിശുദ്ധ പിറവിയുടെ കഥ പറയുന്ന മത്തായിയുടെ പുസ്തകത്തിലെ അടുത്ത വചനം മുടിനാരിഴ കീറി പരിശോധിക്കാം: 'അവൻ ഇതേക്കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കെ, കർത്താവിന്റെ ദൂതൻ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് അവനോടു പറഞ്ഞു: ദാവീദിന്റെ പുത്രനായ ജോസഫ്, മറിയത്തെ ഭാര്യയായി സ്വീകരിക്കാൻ നീ ശങ്കിക്കേണ്ടാ. അവൾ ഗർഭം ധരിച്ചിരിക്കുന്നത് പരിശുദ്ധാത്മാവിൽ നിന്നാണ്.' [225]

ജോസഫ് ഇതേക്കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കെ, അതായത് ജോസഫ് മറിയയെ രഹസ്യമായി ഉപേക്ഷിക്കാൻ തീരുമാനിച്ചു. അതിന്റെ സാധ്യതകളെക്കുറിച്ച് ആലോചിച്ചു കൊണ്ടിരിക്കെ കർത്താവിന്റെ ദൂതൻ സ്വപ്നത്തിൽ ജോസഫിന് പ്രത്യക്ഷപ്പെട്ട് അയാളോട് ജോസഫേ 'മറിയയെ ഭാര്യയായി സ്വീകരിക്കാൻ നീ ശങ്കിക്കേണ്ട' എന്ന് പറഞ്ഞുവത്രെ! ഇവിടെ മറിയയെ ഭാര്യയായി സ്വീകരിക്കാൻ ശങ്കിക്കേണ്ട എന്നാണ് പറയുന്നത്. മറിയയെ ജോസഫ് ഭാര്യയായി സ്വീകരിക്കാൻ ശങ്കിച്ചു എന്നല്ല മറിയയെ രഹസ്യമായി ഉപേക്ഷിക്കാൻ തീരുമാനിച്ചു എന്നാണ് ഇതിനു മുൻപുള്ള വാക്യം പറഞ്ഞത്. അതിനർത്ഥം മറിയ ജോസഫിന്റെ ഭാര്യയായി കഴിഞ്ഞിരുന്നു എന്നാണ്. പക്ഷേ അശുദ്ധാത്മാവിന്റെ ദല്ലാൾ ജോസഫിനോട് പറയുന്നത് അവളെ ഭാര്യയാക്കാൻ ശങ്കിക്കേണ്ട എന്നാണ് ഇത് സൂചിപ്പിക്കുന്നത് മറിയ അതുവരെ ജോസഫിന്റെ ഭാര്യ ആയിട്ടില്ല എന്നാണ്.

ചുരുക്കിപ്പറഞ്ഞാൽ ദൈവപുത്രന്റെ ജനനകഥ ഒന്നാമത്തെ വാക്യം സത്യമായി പരിഗണിച്ചാൽ രണ്ടാമത്തെ വാക്യം കള്ളമാകും, രണ്ടാമത്തെ വാക്യം സത്യമായി കണക്കിലെടുത്താൽ മൂന്നാമത്തെ വാക്യം അസത്യമാവും. എങ്ങനുണ്ട് 240 കോടി ക്രിസ്ത്യാനികൾ ദൈവപുത്രൻ എന്ന് വിശ്വസിക്കുന്ന യേശുവിന്റെ ജനനകഥ?

**ഗബ്രിയേൽമാലാഖയുടെ ഇരട്ടത്താപ്പ് !**

മറ്റൊരു വിചിത്രമായ വസ്തുത ലൂക്കോസിന്റെ പുസ്തകം ഒന്നാം

224. ലൂക്കോസ് 1:42
225. മത്തായി 1:20

അദ്ധ്യായത്തിൽ മറിയയെ ഗർഭിണിയാക്കുന്നതിനു മുന്നേ അശുദ്ധാത്മാവിന്റെ ദൂതൻ ഗബ്രിയേൽമാലാഖ അവളെ സന്ദർശിക്കുന്നുണ്ട്; സ്വപ്നത്തിൽ അല്ല നേരിട്ട്! എന്നാൽ പുരുഷനായ ജോസഫിനെ വിവരമറിയിക്കുന്നത് അയാളുടെ പ്രതിശ്രുതവധുവായ മറിയയെ ഗർഭിണിയാക്കിയതിനുശേഷം മാത്രമാണ്. എന്നു മാത്രമല്ല ഗർഭിണിയായ വിവരം അയാൾ മനസ്സിലാക്കുകയും അവളെ ഉപേക്ഷിക്കാൻ അയാൾ തീരുമാനിക്കുകയും ചെയ്ത സാഹചര്യത്തിലാണ് അയാളുടെ സ്വപ്നത്തിൽ വന്ന് (നേരിട്ടല്ല) മറിയയെ ഗർഭിണിയാക്കിയത് 'പരിശുദ്ധാത്മാ'വാണെന്ന് അറിയിക്കുന്നത്.

ഇത് സൂചിപ്പിക്കുന്നത്, ജോസഫിന്, മറിയ വിവാഹത്തിന് മുന്നേ ഗർഭിണിയായിരുന്നു എന്നറിയില്ലായിരുന്നുവെങ്കിൽ, 'പരിശുദ്ധാത്മാ'വാണ് യേശുവിന്റെ പിതാവെന്ന് അയാൾ സ്വപ്നത്തിൽപോലും അറിയില്ലായിരുന്നു എന്നാണ്. കാരണം അയാളുടെ ഭാര്യയുടെ അവിഹിതഗർഭത്തിന് ഉത്തരവാദി ആരാണെന്ന് അയാളുടെ ഭാര്യയെ ഗർഭിണിയാക്കിയവൻ ഒരു ദൂതൻ വഴി അയാളെ അറിയിക്കുന്നത് അയാൾ മറിയയെ ഉപേക്ഷിക്കാൻ തീരുമാനിച്ച സാഹചര്യത്തിൽ മാത്രമാണ്. ഇതിൽ നിന്നു മനസ്സിലാകുന്നത്, ദൂതന്റെ ലക്ഷ്യം ജോസഫ് അവളുടെ അവിഹിതഗർഭത്തിന്റെ ഉത്തരവാദി ആരാണെന്ന് അറിയുക എന്നതായിരുന്നില്ല. മറിച്ച്, ജോസഫ് അവളെ ഉപേക്ഷിക്കുന്നതു തടയുകയായിരുന്നുവെന്നാണ്.

**ദിവ്യജനനകഥയുടെ ഗൂഢലക്ഷ്യം മറ്റൊന്ന്!**

ജോസഫ് മറിയയെ ഉപേക്ഷിച്ചാൽ യേശു, ചൂണ്ടിക്കാണിക്കാൻ ഒരു പിതാവില്ലാത്തവനായി തീരും. അങ്ങനെയുള്ള ഒരുവന്റെ വാക്കുകൾക്ക് വലിയ വിലയൊന്നും ആരും കൽപ്പിക്കില്ല എന്ന് മറിയയെ ഗർഭിണിയാക്കിയ പരമകൗശലക്കാരനറിയാം. മാത്രമല്ല ജോസഫിന്റെ പുത്രൻ ആയതുകൊണ്ടാണല്ലോ യഹൂദർ 'ദാവീദിന്റെ പുത്രന് ഹോസാന' എന്ന് ആർത്തു വിളിച്ചത്. ദാവീദിന്റെ വംശത്തിൽ പിറന്നാൽ മാത്രമേ മിശിഹാ ആവുകയുള്ളൂ എന്നാണല്ലോ പ്രവചനം. അപ്പോൾ ജോസഫ് മറിയയെ ഉപേക്ഷിച്ചു കഴിഞ്ഞാൽ പദ്ധതി മൊത്തം പാളിപ്പോകും.

ബൈബിൾദൈവം യഹോവ ആയിരക്കണക്കിന് വർഷം കാത്തിരുന്നു കിട്ടിയ കനിയാണ് മറിയ. 'അന്യപുരുഷനുമായി വിവാഹവാഗ്ദാനം നടത്തിയ ഒരു കന്യകയെ പട്ടണത്തിൽവച്ച് ഒരുവൻ കാണുകയും അവളുമായി ശയിക്കുകയും ചെയ്താൽ, ഇരുവരെയും പട്ടണ വാതിൽക്കൽ കൊണ്ടു പോയി കല്ലെറിഞ്ഞു കൊല്ലണം'[226] എന്നതാണ് 'പരമകാരുണികനായ' യഹോവയുടെ നിയമം. ജോസഫ് മറിയയെ യഥാർത്ഥ കാരണം പറഞ്ഞുപേക്ഷിച്ചാൽ യേശുവിനെ പ്രസവിക്കുന്നതിനു മുന്നേ മറിയയെ യഹൂദനിയമം അനുസരിച്ച് വ്യഭിചാരിണിയായി മുദ്രകുത്തി

226. ആവർത്തനപുസ്തകം 22:23

യഹൂദർ കല്ലെറിഞ്ഞു കൊല്ലും. ആയതിനാൽ പദ്ധതിയുടെ സൂത്രധാരനെ സംബന്ധിച്ചിടത്തോളം ജോസഫ് മറിയയെ ഉപേക്ഷിക്കാതിരിക്കേണ്ടതും മറിയയെ നാട്ടുകാർ കല്ലെറിഞ്ഞു കൊല്ലാതിരിക്കേണ്ടതും പരമപ്രധാനമാണ്.

**സാമാന്യസദാചാരംപോലും അറിയാത്ത യഹോവ!**

യഹോവയുടെ ആത്മാവിനെയാണല്ലോ പരിശുദ്ധാത്മാവ് എന്ന് ബൈബിൾ സംബോധന ചെയ്യുന്നത്. അതേ ആത്മാവു തന്നെയാണ് ജോസഫിന്റെ ഭാര്യ മറിയയെ ജോസഫ് അറിയാതെ ഗർഭിണിയാക്കിയതും. ഒരു പുരുഷനും ആയി വിവാഹവാഗ്ദാനം ചെയ്തിട്ട് അയാൾ അറിയാതെ മറ്റൊരുവനുമായി ശയിച്ച സ്ത്രീയെയും അവളുടെ ജാരനെയും കല്ലെറിഞ്ഞു കൊല്ലണം എന്നതാണ് യഹോവ യഹൂദർക്ക് നൽകുന്ന നിയമം. ഈ നിയമപ്രകാരം യഹൂദർ ആദ്യം കല്ലെറിഞ്ഞു കൊല്ലേണ്ടത് അവർ ദൈവമെന്നു കരുതുന്ന യഹോവയെ തന്നെയല്ലേ? യഹോവ ആത്മാവായതുകൊണ്ട് യഹോവയെ കല്ലെറിഞ്ഞു കൊല്ലുന്ന കാര്യം അത്ര എളുപ്പമല്ല. പക്ഷേ പ്രസ്തുത നിയമപ്രകാരം മറിയ കല്ലെറിഞ്ഞു കൊല്ലപ്പെടേണ്ടവളല്ലേ? മറിയയെ കല്ലെറിഞ്ഞു കൊല്ലാനും എന്തിനേറെ അവളെ ഉപേക്ഷിക്കാൻ പോലും യഹോവ ജോസഫിനെ അനുവദിക്കുന്നില്ല. ഇതെന്ത് അന്യായമാണെന്നു ചിന്തിക്കുക. നിയമം നൽകിയവൻ തന്നെ സ്വന്തം കാര്യം വന്നപ്പോൾ നിയമം നടപ്പാക്കുന്നതിന് വിഘാതമാവുന്നു!

ജോസഫ് കണ്ട ഒരു സ്വപ്നമാണ് യേശു ദൈവപുത്രൻ ആണെന്നതിനുള്ള തെളിവെന്ന്, ഏതാണ്ട് 150 വർഷങ്ങൾക്കു മുന്നേ ജീവിച്ചിരുന്ന പ്രശസ്ത അമേരിക്കൻ പ്രാസംഗികനും നിരീശ്വരവാദിയുമായിരുന്ന റോബർട്ട് ഗ്രീൻ ഇങ്കർസോൾ ക്രിസ്തുമതത്തെ പരിഹസിച്ചു കൊണ്ട് പറഞ്ഞതായി വായിച്ചിട്ടുണ്ട്.

ജോസഫിന്റെ ഭാര്യ ജോസഫ് വിവാഹം കഴിക്കുന്നതിനു മുന്നേ ഗർഭിണിയായിരുന്നുവെന്ന് ജോസഫിനും ജോസഫിന്റെ ഭാര്യയ്ക്കും അറിയില്ലായിരുന്നു എന്നും ബൈബിൾവാക്യങ്ങൾ ഉദ്ധരിച്ചുകൊണ്ട് വാദിക്കാവുന്നതാണ്.

ഒന്നാമതായി, യേശു താൻ ജോസഫിന്റെ പുത്രൻ അല്ല ദൈവപുത്രനാണ് എന്ന അവകാശവാദം ഉയർത്തുമ്പോൾ ജോസഫ് ജീവനോടില്ല അഥവാ ജോസഫിന്റെ മരണശേഷം മാത്രമാണ് യേശു താൻ ദൈവപുത്രനാണ് എന്ന ആശയം പ്രചരിപ്പിച്ചുകൊണ്ട് പരസ്യജീവിതം തുടങ്ങുന്നത്: 'പരസ്യജീവിതം തുടങ്ങുമ്പോൾ യേശുവിന് ഏകദേശം മുപ്പത് വയസ്സ് പ്രായമായിരുന്നു' എന്നാണ് പറയുന്നത്.

30 വയസ്സുള്ള യേശുവിന്റെ കൂടെ പിന്നങ്ങോട്ട് യേശുവിന്റെ കുരിശുമരണംവരെയും മറിയയും യേശുവിന്റെ സഹോദരങ്ങളും മാത്രമേയുള്ളൂ, ജോസഫില്ല. അതിനാൽ ജോസഫ് മരിച്ചു കഴിഞ്ഞിരുന്നു എ

ന്ന് അനുമാനിക്കാവുന്നതേയുള്ളൂ. എന്തുകൊണ്ട് ജോസഫുള്ളപ്പോൾ യേശു തന്റെ പിതാവ് ജോസഫല്ല, ദൈവമാണെന്നു പറയുന്നില്ല? എന്ന് ചോദിച്ചാൽ 12 വയസ്സുകാരനായ, ബാലനായ യേശു മറിയയോട് ഞാൻ എന്റെ പിതാവിന്റെ ഭവനത്തിൽ ആയിരിക്കണമെന്ന് നിനക്കറിഞ്ഞുകൂടേ?[227] എന്ന് ചോദിക്കുന്നുണ്ടല്ലോ എന്നാവും ക്രിസ്ത്യൻവാദം. എന്നാൽ ഇവിടെയും വലിയൊരു പ്രശ്നമുണ്ട് നമുക്ക് ആ കഥയിലേക്ക് ഒന്നെത്തിനോക്കാം .

ലൂക്കോസിന്റെ പുസ്തകം രണ്ടാം അദ്ധ്യായത്തിൽ മറിയയും ജോസഫും യേശുവുമായി ജെറുസലേമിൽ തിരുനാളിനു പോയ കഥ പറയുന്നുണ്ട് 'തിരുനാൾ കഴിഞ്ഞ് അവർ മടങ്ങിപ്പോന്നു എന്നാൽ ബാലനായ യേശു ജെറുസലേമിൽ തങ്ങി. മാതാപിതാക്കന്മാർ അത് അറിഞ്ഞില്ല. മൂന്നു ദിവസങ്ങൾക്കു ശേഷം അവർ അവനെ ദേവാലയത്തിൽ കണ്ടെത്തി. അവനെ കണ്ടപ്പോൾ മാതാപിതാക്കൾ വിസ്മയിച്ചു. അവന്റെ അമ്മ അവനോട് പറഞ്ഞു: 'മകനേ, നീ ഞങ്ങളോട് ചെയ്തതെന്ത്? നിന്റെ പിതാവും ഞാനും ഉത്കണ്ഠയോടെ നിന്നെ അന്വേഷിക്കുകയായിരുന്നു.' അവൻ അവരോട് ചോദിച്ചു: നിങ്ങൾ എന്തിനാണ് എന്നെ അന്വേഷിച്ചത്? ഞാൻ എന്റെ പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതനായി ഇരിക്കേണ്ടതാണെന്ന് നിങ്ങൾ അറിയുന്നില്ലേ? അവൻ തങ്ങളോട് പറഞ്ഞത് എന്തെന്ന് അവർ ഗ്രഹിച്ചില്ല'[228] – ഇതാണാ ബൈബിൾവിവരണം.

'നിന്റെ പിതാവും ഞാനും ഉത്കണ്ഠയോടെ നിന്നെ അന്വേഷിക്കുകയായിരുന്നു' എന്ന് തന്റെ ഭർത്താവായ ജോസഫിനോടൊപ്പം നിന്നുകൊണ്ട് യേശുവിനോടു ചോദിക്കുന്നത് മറിയയാണ്. അതിന് യേശു നൽകുന്ന മറുപടി, 'നിങ്ങൾ എന്തിനാണ് എന്നെ അന്വേഷിച്ചത് ഞാൻ എന്റെ പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതനായിരിക്കേണ്ടതാണെന്ന് നിങ്ങൾ അറിയുന്നില്ലേ' എന്നാണ്. അതായത് എന്റെ പിതാവ് ജോസഫ് അല്ല യഹോവ ആണെന്നും അവന്റെ കാര്യത്തിൽ ഞാൻ വ്യാപൃതനായിരിക്കണം എന്നും നീ അറിയുന്നില്ലേ എന്നാണ് 'ബാലനായ' യേശു മറിയയോട് തിരിച്ചു ചോദിക്കുന്നത്? അടുത്ത വാക്യം ശ്രദ്ധിക്കുക. യേശു തങ്ങളോട് പറഞ്ഞത് എന്തെന്ന് മറിയയും ജോസഫും ഗ്രഹിച്ചില്ല. അതായത് യേശു തന്റെ പിതാവ് ജോസഫല്ല യഹോവയാണെന്ന് പറഞ്ഞതിന്റെ ദൈവികവും താത്ത്വികവുമായ പൊരുൾ ജോസഫിനും മറിയക്കും മനസ്സിലായില്ല എന്നു സാരം.

യേശുവിനെ ഗർഭം ധരിക്കുന്നതിനു മുന്നേ കർത്താവിന്റെ മാലാഖ മറിയയുടെ മുന്നിൽ പ്രത്യക്ഷപ്പെട്ടു. മറിയ യേശുവിനെ ഗർഭം ധരിച്ചതിനുശേഷം കർത്താവിന്റെ മാലാഖ ജോസഫിന് സ്വപ്നത്തിൽ

227. ലൂക്കോസ് 2:49
228. ലൂക്കോസ് 2:43, 46, 48-50

പ്രത്യക്ഷപ്പെട്ടു. ഇതെല്ലാം പോരാത്തതിന് മറിയ യേശുവിനെ പ്രസവിക്കുന്നത് വരെ ജോസഫ് അവളുമായി ശാരീരികബന്ധത്തിൽ ഏർപ്പെട്ടില്ല. [229]

ഇത്രയൊക്കെ ചെയ്തുകൂട്ടിയ മറിയയ്ക്കും, ത്യാഗങ്ങൾ സഹിച്ച ജോസഫിനും, തന്റെ പിതാവ് ജോസഫല്ല എന്നു യേശു പറഞ്ഞതിന്റെ അർത്ഥം മനസ്സിലായില്ല എന്നു ബൈബിൾ പറയുമ്പോൾ, അതിനർത്ഥമെന്താണ്? മുകളിൽ പറഞ്ഞ സംഭവങ്ങൾ, അതായത് കർത്താവിന്റെ മാലാഖ മറിയയുടെ മുന്നിൽ പ്രത്യക്ഷപ്പെട്ടു എന്നു പറഞ്ഞതും, ജോസഫിന് സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ടു എന്ന് പറഞ്ഞതും, യേശുവിനെ പ്രസവിക്കുന്നത് വരെ ജോസഫ് മറിയയുമായി ശാരീരികബന്ധത്തിൽ ഏർപ്പെട്ടിട്ടില്ല എന്ന് പറയുന്നതും ഒക്കെ നടന്നിട്ടില്ലാത്ത സംഭവങ്ങളാണ് എന്നു മാത്രമല്ലേ?

'സ്ത്രീകളിൽ അനുഗ്രഹിക്കപ്പെട്ടവൾ' എന്ന് ബൈബിൾ വിളിക്കുകയും ക്രിസ്ത്യാനികൾ ഏറ്റുപാടുന്നവളുമായ മറിയയോട് നീ യഹോവയുടെ പുത്രന്റെ മാതാവാകണം എന്നു പറയുമ്പോൾ മറിയ ജോസഫിന്റെ പ്രതിശ്രുതവധുവായിരുന്നു എന്നാണ് ബൈബിൾ പറയുന്നത്. തദവസരത്തിൽ മറിയം ദൂതനോടു പറയുന്നത് ഞാൻ ഇതുവരെ പുരുഷനെ അറിയുന്നില്ലല്ലോ എന്നാണ്. അല്ലാതെ ഞാൻ ജോസഫിന്റെ പ്രതിശ്രുതവധുവാണ്, ആദ്യം എന്റെ പ്രതിശ്രുതവരനായ ജോസഫിനെ ഇക്കാര്യം അറിയിക്കൂ, അദ്ദേഹത്തെ വഞ്ചിക്കാൻ ഞാൻ തയ്യാറല്ല എന്നല്ല പറയുന്നത്. ക്രിസ്ത്യാനികൾ മാതൃകാസ്ത്രീയായി കണക്കാക്കുന്ന മറിയ എന്ന കഥാപാത്രത്തെ ബൈബിൾ വരച്ചു കാട്ടുന്നത് കുലീനയായ, ഭാവശുദ്ധിയുള്ള സ്ത്രീരത്നമായല്ല മറിച്ച് തന്റെ ഭാവി വരനായ പുരുഷന് പുല്ലുവില പോലും കൽപ്പിക്കാത്ത തന്നിഷ്ടകാരിയായ സ്വഭാവഗുണമില്ലാത്തവളായാണ്.

■

229. മത്തായി 1:25

# 10. ദാവീദുപുത്രന്റെ വംശമഹിമ പഴയനിയമത്തിൽ

'**അ**ബ്രഹാമിന്റെ പുത്രനായ ദാവീദിന്റെ പുത്രൻ യേശുക്രിസ്തുവിന്റെ വംശാവലിഗ്രന്ഥം.' എന്ന് പറഞ്ഞു കൊണ്ടാണ് പുതിയനിയമം ആരം ഭിക്കുന്നത് തന്നെ. ഇപ്പറയുന്നതു കേട്ടാൽ അബ്രഹാമും ദാവീദും വ ലിയ മഹാന്മാരായിരുന്നു എന്ന് തോന്നും. സൂര്യവംശത്തിൽ പിറന്ന രഘുവംശത്തിൽ പിറന്ന രാജാ ശ്രീരാമചന്ദ്രൻ എന്നൊക്കെ സനാത നധർമ്മം പറയുന്നതുപോലെ തോന്നും അബ്രാഹത്തിന്റെ പുത്രനായ ദാവീദിന്റെ പുത്രൻ യേശുക്രിസ്തു എന്ന് പറയുന്നത് കേട്ടാൽ. മാത്ര മല്ല ദാവീദിന്റെയും മറ്റു ബഹുമാന്യരുടെയും കാമക്കൂത്തുകൾക്കും മറ്റു തെമ്മാടിത്തരങ്ങൾക്കും കുടപിടിച്ചുകൊടുക്കുന്ന 'ഏകദൈവ' ത്തെയുമാണ് നമുക്ക് ബൈബിളിൽ കാണാനാകുക. ആ തിരുവെഴുത്ത് സാക്ഷാത്കരിക്കാൻ വന്ന യേശുവിൽനിന്ന് അപ്പോൾ പുതിയ നന്മ യൊന്നും നാം പ്രതീക്ഷിക്കേണ്ടല്ലോ? ഇക്കാര്യം, അതായത് അധാർമ്മി കതയ്ക്ക് ഒരു മറവുമില്ലാത്ത ദൈവശാസ്ത്ര പരിസരം തിരിച്ചറിയാ നാണ് ഈ അധ്യായത്തിൽ ശ്രമിക്കുന്നത്.

സത്യത്തിന്റെ മുഖം വികൃതമാണെന്നു പണ്ടാരോ പറഞ്ഞത് പോ ലെയാണ് യഹോവയുടെയും അബ്രഹാമിന്റെയും ദാവീദിന്റെയും പഴ യനിയമ കഥകൾ. ശവം കീറിമുറിച്ച് പോസ്റ്റ്മോർട്ടം ചെയ്യുന്ന ഡോക്ട റുടെ നിസ്സംഗതയോടുകൂടി അബ്രഹാമിന്റെയും ദാവീദിന്റെയും മ്ലേച്ഛ കഥകൾ ഒന്നു പരിശോധിക്കാം.

### ഭാര്യയെ വിറ്റുജീവിച്ച അബ്രഹാം!

'കർത്താവ് അബ്രഹാമിനോട് അരുളിച്ചെയ്തു: നിന്റെ ദേശത്തെ യും ബന്ധുക്കളെയും പിതൃഭവനത്തെയും വിട്ട്, ഞാൻ കാണിച്ചുതരു ന്ന നാട്ടിലേക്കു പോവുക.'[230] അങ്ങിനെ അബ്രഹാം യാത്രചെയ്തു ചെയ്ത് 'നെഗെബിനു നേരേയാത്ര തുടർന്നു. അവിടെ ഒരു ക്ഷാമമു ണ്ടായി. കടുത്ത ക്ഷാമമായിരുന്നതിനാൽ ഈജിപ്തിൽ പോയി പാർ ക്കാമെന്നു കരുതി അബ്രഹാം അങ്ങോട്ടു തിരിച്ചു.' [231]

230. ഉല്പത്തി 12:1
231. ഉല്പത്തി 12:9-10

അബ്രഹാം ഈജിപ്തിൽ ആയിരിക്കെ അവിടെ വെച്ച് ഒരു സംഭവമുണ്ടായി. ഈജിപ്തുരാജാവായിരുന്ന ഫറവോന്റെ സേവകന്മാർ അബ്രഹാമിന്റെ ഭാര്യ സാറയെ 'കണ്ടപ്പോൾ ഫറവോയുടെ സേവകൻമാർ അവളെപ്പറ്റി ഫറവോയോടു പുകഴ്ത്തിപ്പറഞ്ഞു. അവൾ ഫറവോയുടെ കൊട്ടാരത്തിലേക്ക് ആനയിക്കപ്പെട്ടു. ഫറവോ അവളെപ്രതി അബ്രാമിനോടു നന്നായി പെരുമാറി. അവന് ആടുകൾ, കാളകൾ, കഴുതകൾ, ഒട്ടകങ്ങൾ, വേലക്കാർ, വേലക്കാരികൾ എന്നിവ ലഭിച്ചു. പക്ഷേ, അബ്രഹാമിന്റെ ഭാര്യ സാറായെ പ്രതി കർത്താവ് ഫറവോയെയും കുടുംബത്തെയും മഹാമാരികളാൽ പീഡിപ്പിച്ചു. തൻമൂലം ഫറവോ അബ്രഹാമിനെ വിളിച്ചു പറഞ്ഞു: നീ ഈ ചെയ്തത് എന്താണ്? അവൾ നിന്റെ ഭാര്യയാണെന്ന് എന്നോടു പറയാതിരുന്നത് എന്തുകൊണ്ട്? അവൾ സഹോദരിയാണ് എന്നു നീ പറഞ്ഞതെന്തിന്? അതുകൊണ്ടല്ലേ ഞാനവളെ ഭാര്യയായി സ്വീകരിച്ചത്? ഇതാ നിന്റെ ഭാര്യ. അവളെയും കൊണ്ട് സ്ഥലം വിടുക. ഫറവോ തന്റെ ആൾക്കാർക്ക് അബ്രഹാമിനെക്കുറിച്ചു കൽപന കൊടുത്തു. അവർ അവനെയും ഭാര്യയെയും അവന്റെ വസ്തുവകകളോടുകൂടെ യാത്രയാക്കി.'[232]

അബ്രഹാമിനെ അടിച്ചവശനാക്കിയിട്ടിട്ട് അയാളുടെ ഭാര്യ സാറായെ പിടിച്ചുകെട്ടി ഫറവോന്റെ കൊട്ടാരത്തിലേക്കു കൊണ്ടുപോയി എന്നല്ല എഴുതിയിരിക്കുന്നത്. മറിച്ച്, അബ്രഹാമിന്റെ ഭാര്യ സാറ ഫറവോന്റെ കൊട്ടാരത്തിലേക്കു ആനയിക്കപ്പെട്ടു എന്നാണെഴുതിയിരിക്കുന്നത്. അതായതു സാറായെ രാജാവിന് കാഴ്ചവെക്കാൻ അബ്രഹാമിന് യാതൊരു എതിർപ്പുമുണ്ടായിരുന്നില്ലായെന്ന്! അതായത് അബ്രഹാമിന്റെ ഭാര്യയെ രാജാവിന്റെ സേവകർ കൊണ്ടുപോകുമ്പോൾ അവൾ എന്നെ കൊണ്ടുപോകരുതേ എന്റെ ചാരിത്ര്യം നശിപ്പിക്കരുതേ എന്നൊന്നും കേണില്ല എന്ന്. ഈജിപ്തിലേക്കു വരുന്ന വഴിയിൽ അബ്രഹാം സാറായോട് പറയുന്നത് 'നീ മൂലം എനിക്കാപത്തുണ്ടാകാതിരിക്കാൻ, നിന്നെ പ്രതി അവർ എന്റെ ജീവൻ രക്ഷിക്കാൻ വേണ്ടി, നീ എന്റെ സഹോദരിയാണെന്നു പറയണം.'[233] അതായത് തന്റെ ഭാര്യയുടെ മാനത്തിനെക്കാളും സ്വന്തം ജീവനു വില കല്പിച്ചിരുന്ന മാതൃകാപുരുഷനായിരുന്നു അബ്രഹാമെന്നാണ് ബൈബിൾ പറയുന്നത്. ഭാര്യയെ സഹോദരിയാണെന്ന് പറഞ്ഞു അന്യന് കാഴ്ചവെച്ചിട്ടാണേലും ഏതു പ്രതിസന്ധിഘട്ടത്തിലും സ്വന്തം തടി രക്ഷിക്കണമെന്നാണ് അബ്രഹാമിന്റെ കഥയിലൂടെ ബൈബിൾ നൽകുന്ന മഹത്തായ ഗുണപാഠം!

ധനമോഹിയായ അബ്രഹാം അയാളുടെ ഭാര്യയെ രാജാവിന് കൂട്ടികൊടുത്ത് ധനം സമ്പാദിച്ചു, സ്വഭാവശുദ്ധിയില്ലാത്ത അയാളുടെ ഭാര്യ സാറ യാതൊരു വൈമനസ്യവുമില്ലാതെ അയാളെ ഉപേക്ഷിച്ച് രാജാവിന്റെ കൂടെ പൊറുതി തുടങ്ങി. ഫറവോ അവളെപ്രതി അതായത് അ

232. ഉല്പത്തി 12:15–20
233. ഉല്പത്തി 12:13

ബ്രഹാമിന്റെ ഭാര്യ സാറയെപ്രതി അബ്രഹാമിനോടു നന്നായി പെരുമാറി. അവന് ആടുകൾ, കാളകൾ, കഴുതകൾ, ഒട്ടകങ്ങൾ, വേലക്കാർ, വേലക്കാരികൾ എന്നിവ ലഭിച്ചു. എന്തായാലും ക്ഷാമബാധിത പ്രദേശമായ നെഗെബിൽ നിന്നും ഉടുതുണിക്ക് മറുതുണിയില്ലാതെ ഈജിപ്തിൽ വന്ന അബ്രഹാമും സാറായും ഈജിപ്തിൽ നിന്നും നെഗെബിലേക്ക് മടങ്ങി പോകുന്നത് ധനികരായിട്ടാണ്. ആ ധനമൊക്കെ അബ്രഹാം സമ്പാദിച്ചത് അയാളുടെ ഭാര്യ സാറായുടെ അരക്കെട്ടിന്റെ ബലം കൊണ്ടായിരുന്നുവെന്നു മാത്രം!

അബ്രഹാമും സാറായും ചെയ്തത് തിന്മ തന്നെ. എന്നാൽ നീതിമാനായ ക്രിസ്ത്യൻദൈവം യഹോവ പീഡിപ്പിക്കുന്നതാകട്ടെ ഫറവോനെയും അയാളുടെ കുടുംബത്തെയും: 'അബ്രാമിന്റെ ഭാര്യ സാറായെ പ്രതി കർത്താവ് ഫറവോയെയും കുടുംബത്തെയും മഹാമാരികളാൽ പീഡിപ്പിച്ചു.'[234] സത്യത്തിൽ പീഡനത്തിന്റെ കാര്യത്തിൽ അബ്രഹാമിനെയും സാറായെയും കടത്തിവെട്ടിയില്ലേ യഹോവ? അബ്രഹാം സാറായെ അന്യർക്ക് കൂട്ടികൊടുത്തു പീഡിപ്പിക്കുമ്പോൾ യഹോവ ഫറവോന്റെ ബന്ധുക്കളെ മഹാമാരികളാൽ പീഡിപ്പിക്കുന്നു! എന്തൊരു ദൈവം തമ്പുരാനാണിത്?

സത്യത്തിൽ അബ്രഹാമിന്റെയും സാറായുടെയും ഈ കഥയിൽ എന്ത് നന്മയാണുള്ളത്? അബ്രഹാമിന്റെ പീഡനകഥകൾ പറയാൻ തുടങ്ങിയാൽ ഒത്തിരിയുണ്ട് എങ്കിലും ഒന്നു രണ്ടു കാര്യങ്ങൾ കൂടി പറഞ്ഞിട്ട് യേശുവിന്റെ മറ്റൊരു പിതാമഹനായ ദാവീദിന്റെ കഥയിലേക്കു കടക്കാം.

'അബ്രഹാമിനു ഭാര്യ സാറയിയിൽ കുട്ടികളുണ്ടായില്ല. അവൾക്കു ഹാഗാർ എന്നുപേരുള്ള ഒരു ഈജിപ്തുകാരി ദാസി ഉണ്ടായിരുന്നു. സാറാ അബ്രഹാമിനോടു പറഞ്ഞു: മക്കളുണ്ടാവാൻ ദൈവം എനിക്കു വരം തന്നിട്ടില്ല. നിങ്ങൾ എന്റെ ദാസിയെ പ്രാപിക്കുക. ഒരു പക്ഷേ അവൾമൂലം എനിക്കു കുഞ്ഞുങ്ങളുണ്ടായേക്കാം. അബ്രഹാം സാറായുടെ വാക്ക് അനുസരിച്ചു.'[235]

അബ്രഹാമിന് ഭാര്യ സാറയിൽ കുട്ടികളുണ്ടായില്ല. ഉടനെ അവൾ അബ്രഹാമിനെ വിളിച്ചു അബ്രഹാം സാറയുടെ മുന്നിൽ ചെന്ന് പഞ്ചപുച്ഛമടക്കി നിന്നു. ഉടൻ സാറാ അബ്രഹാമിനോട് നിങ്ങൾ പണ്ട് എന്നെ ഈജിപ്തിലെ രാജാവിന് കാഴ്ചവെച്ചപ്പോൾ നിങ്ങൾക്ക് ആടുകൾ, കാളകൾ, കഴുതകൾ, ഒട്ടകങ്ങൾ ഇവയോടൊപ്പം വേലക്കാരികളെയും രാജാവ് തന്നില്ലേ അതിൽ ഒരു വേലക്കാരിയെ പ്രാപിച്ചോളൂ എന്ന് പറയുന്നു. അബ്രഹാം സാറയുടെ കല്പന സന്തോഷപൂർവ്വം അനുസരിക്കുന്നു, വേലക്കാരിയെ പ്രാപിക്കുന്നു അഥവാ ബലാൽസംഗം ചെയ്യു

234. ഉല്പത്തി 12:17
235. ഉല്പത്തി 16:1-2

ന്നു. ഹാഗാർ എന്നാണത്രെ ആ വേലക്കാരിയുടെ പേര്. അബ്രഹാമിന് ഇഷ്ടമുള്ളപ്പോഴൊക്കെ വേലക്കാരിയെ പ്രാപിക്കാം എന്നാണെങ്കിൽ ഈ സ്ത്രീയെ അബ്രഹാമിന്റെ വേലക്കാരി എന്നതിലുപരി അബ്രഹാമിന്റെ 'ലൈംഗിക അടിമ' എന്ന് പറയുന്നതാവില്ലേ കൂടുതൽ ശരി?

അബ്രഹാമിന് രണ്ടു മക്കളാണ് ഇസ്മയിലും ഇസഹാക്കും. അബ്രഹാം തന്റെ ലൈംഗിക അടിമ ഹാഗാറിനെ ബലാത്സംഗം ചെയ്തു പിറന്ന ഇസ്മായിൽ ആണ് അബ്രഹാമിന്റെ മൂത്ത പുത്രൻ. ഇസ്ലാം സ്ഥാപിച്ച മുഹമ്മദ്, ഇസ്മായിലിന്റെ വംശപരമ്പരയിൽ പിറന്നവനാണ് എന്നാണ് ഇസ്ലാമിക വിശ്വാസം. ഇസ്മായിലിൽ നിന്നും ഇസ്ലാമും ഇസഹാക്കിൽ നിന്നും യഹൂദമതവും പിന്നീട് യേശു യഹൂദമതത്തെ പിളർത്തിയപ്പോൾ ക്രിസ്തുമതവും ഉണ്ടായി.

അബ്രഹാമിന്റെ വീരകഥകൾ തുടരുന്നു ...

'അബ്രഹാം അവളെ പ്രാപിക്കുകയും അവൾ ഗർഭം ധരിക്കുകയും ചെയ്തു. താൻ ഗർഭിണിയാണെന്നറിഞ്ഞപ്പോൾ യജമാനത്തിയെ അവൾ നിന്ദയോടെ വീക്ഷിച്ചു. സാറാ അബ്രാമിനോടു പറഞ്ഞു: എന്റെ ദുരിതത്തിനു നിങ്ങളാണു കാരണക്കാരൻ. ഞാനാണ് എന്റെ ദാസിയെ നിങ്ങളുടെ ആശ്ലേഷത്തിനു വിട്ടുതന്നത്. പക്ഷേ, താൻ ഗർഭിണിയാണെന്നു കണ്ടപ്പോൾ അവൾക്ക് ഞാൻ നിന്ദ്യയായി. എനിക്കും നിങ്ങൾക്കും മധ്യേ കർത്താവു തന്നെ വിധിയാളനാവട്ടെ! അബ്രഹാം പറഞ്ഞു: നിന്റെ ദാസി ഇപ്പോഴും നിന്റെ കീഴിലാണ്. നിന്റെ ഇഷ്ടംപോലെ അവളോടു പെരുമാറിക്കൊള്ളുക. സാറാ അവളോടു ക്രൂരമായിപ്പെരുമാറാൻ തുടങ്ങി. അപ്പോൾ അവൾ സാറായെ വിട്ട് ഓടിപ്പോയി.'[236]

അബ്രഹാം ഹാഗാറിനെ വിവാഹം കഴിച്ചു അവൾ ഗർഭിണിയായി എന്നല്ല, മറിച്ച് അബ്രഹാം ഹാഗാറിനെ പ്രാപിച്ചു അവൾ ഗർഭിണിയായി എന്നാണ് എഴുതിയിരിക്കുന്നത്. ഒരുവന് തന്റെ സ്വഭാര്യയിൽ കുഞ്ഞുങ്ങൾ ഇല്ലെങ്കിൽ വീട്ടിലെ വേലക്കാരിയെ ബലാത്സംഗം ചെയ്തു അവളെ ഗർഭിണിയാക്കി കുഞ്ഞിനെ നേടുന്നതിൽ യാതൊരു അപാകതയും ഇല്ല എന്ന വിധത്തിലാണ് 'തിരുവചനം' കാര്യങ്ങൾ പറഞ്ഞുപോകുന്നത്!

വീട്ടിലെ വേലക്കാരികളായ സ്ത്രീകളുടെ മാനത്തിന് യാതൊരു വിലയും കൽപ്പിക്കാത്ത ഈ മാന്യദേഹമാണ് യഹൂദരുടെയും ക്രിസ്ത്യാനികളുടെയും മുസ്ലീങ്ങളുടെയും മാതൃകാപുരുഷനായ അബ്രഹാം എന്ന വസ്തുത കണക്കിലെടുക്കുമ്പോൾ സെമിറ്റിക് മതക്കാരുടെ സദാചാരബോധം അഥവാ ധാർമികമൂല്യച്യുതി എവിടെ എത്തിനിൽക്കുന്നുവെന്ന് ഊഹിക്കാവുന്നതേയുള്ളൂ.

ഹാഗാർ ഗർഭിണിയായപ്പോൾ ഹാഗാറിന് സാറ നിന്ദ്യ ആയതാണോ; അതോ, ഹാഗാർ ഗർഭിണിയായപ്പോൾ സാറക്ക് അസൂയ ഉണ്ടാ

236. ഉല്പത്തി 16:4-6

യതാണോ? എന്തായാലും സാറ അവളുടെ ഭർത്താവായ അബ്രാഹാമിനെ വിളിച്ച് അയാളോട് പരാതി പറഞ്ഞു. അതുകേട്ട അബ്രഹാം സാറായോട് അവൾ വെറും വേലക്കാരി അടിമയാണ് അവളോട് നീ എന്ത് ക്രൂരത വേണമെങ്കിലും കാട്ടിക്കോളൂ എന്ന് പറഞ്ഞു. അങ്ങനെ സാറ ഗർഭിണിയായ ഹാഗാറിനോട് ക്രൂരമായി പെരുമാറുകയും അവൾ അബ്രഹാമിനെയും സാറായെയും ഉപേക്ഷിച്ച് മരുഭൂമിയിലേക്ക് ഓടിപ്പോവുകയും ചെയ്തു. ഗർഭിണിയായ ഹാഗാർ എന്ന സ്ത്രീ വീടുവിട്ട് മരുഭൂമിയിലേക്ക് ഓടിപ്പോകണമെങ്കിൽ അവളോട് എത്രമാത്രം ക്രൂരമായി സാറായും അബ്രഹാമും പെരുമാറിയിട്ടുണ്ടാവണം?

കുട്ടികളില്ലാത്ത സാറ ഭർത്താവിനോട് തന്റെ വേലക്കാരികളിൽ ഒരുവളെ ബലാത്സംഗം ചെയ്തു അതിലൂടെ തനിക്കൊരു കുട്ടിയെ നൽകാൻ കൽപ്പിക്കുന്നു. നട്ടെല്ലില്ലാത്ത ഭർത്താവ് അബ്രഹാം ഭാര്യയുടെ കൽപ്പന ശിരസ്സാവഹിച്ചു വേലക്കാരിയെ ബലാത്സംഗം ചെയ്യുന്നു. വേലക്കാരി ഗർഭിണിയാകുന്നു. ഗർഭിണിയായ വേലക്കാരിയെ കണ്ടപ്പോൾ സാറയ്ക്ക് അവളോട് അസൂയ തോന്നുന്നു. അവളോട് അതിക്രൂരമായി പെരുമാറി അവൾ വീടുവിട്ടു ഓടാൻ ഇടയാക്കുന്നു. വീടുവിട്ട് മരുഭൂമിയിലേക്ക് ഓടിപ്പോയ അവളെ തിരഞ്ഞു സാറയോ അബ്രഹാമോ പോകുന്നില്ല. സ്നേഹം, അനുകമ്പം, ദയ, കാരുണ്യം, സഹാനുഭൂതി തുടങ്ങിയ മൃദുലവികാരങ്ങൾ എന്തെന്നുപോലും അറിയാത്തവരായിരുന്നു അബ്രഹാമും സാറയും. ഇന്ന് ലോകത്തിൽ ലക്ഷക്കണക്കിന് കുഞ്ഞുങ്ങൾക്ക് മാതാപിതാക്കൾ ഇടുന്ന പേരാണ് സാറയും അബ്രഹാമും. സത്യത്തിൽ സാറായിയുടെയും അബ്രഹാമിന്റെയും സ്വരൂപം അവരുണ്ടോ അറിയുന്നു?

അബ്രഹാമിന് 86 വയസ്സുള്ളപ്പോഴാണ് ഹാഗാർ ഇസ്മായിലിനെ പ്രസവിക്കുന്നത്. അബ്രഹാമിന് നൂറു വയസ് പ്രായമുള്ളപ്പോൾ സാറയ്ക്കു തൊണ്ണൂറു വയസ്സാണു പ്രായം. പുതിയനിയമത്തിൽ വൃദ്ധനായ സക്കറിയായുടെ വൃദ്ധയായ ഭാര്യ എലിസബത്തിനെ ഗർഭിണിയാക്കാൻ വരുന്നത് പോലെ യഹോവ നൂറു വയസ്സുള്ള അബ്രഹാമിന്റെ തൊണ്ണൂറു വയസ്സുള്ള ഭാര്യ സാറയെ ഗർഭിണിയാക്കാൻ വരുന്നുണ്ട് 'അപ്പോൾ അബ്രാഹം കമിഴ്ന്നുവീണു ചിരിച്ചുകൊണ്ട് ആത്മഗതംചെയ്തു: നൂറു വയസ്സു തികഞ്ഞവനു കുഞ്ഞുജനിക്കുമോ? തൊണ്ണൂറെത്തിയ സാറാ ഇനി പ്രസവിക്കുമോ?'[237] എന്ന് എഴുതിയിട്ടുണ്ട്. അതിനുശേഷം സാറ ഒരു കുഞ്ഞിനേയും പ്രസവിക്കുന്നുണ്ട്; അവന്റെ പേരാണ് ഇസഹാക്ക്.

സ്വവർഗ്ഗരതിക്കാരുടെ പട്ടണമായ സൊദോം ഗൊമോറയുടെ കഥയും ആ പട്ടണങ്ങളുടെ നാശവും ഇതിനുശേഷം ഉല്പത്തിപ്പുസ്തകം പത്തൊൻപതാം അദ്ധ്യായത്തിലാണ്. 20 -ാം അദ്ധ്യായത്തിൽ അബ്രഹാം വീണ്ടും സഹോദരിയാണെന്ന് പറഞ്ഞു ഭാര്യ സാറയെ അബിമലെ

237. ഉല്പത്തി 17:17

ക് രാജാവിന് കൂട്ടികൊടുക്കുന്നുണ്ട്: 'തന്റെ ഭാര്യ സാറായെക്കുറിച്ച്, അവൾ എന്റെ സഹോദരിയാണ് എന്നത്രേ അവൻ പറഞ്ഞിരുന്നത്. ഗരാറിലെ രാജാവായ അബിമലെക്ക് സാറായെ ആളയച്ചു വരുത്തുകയും സ്വന്തമാക്കുകയും ചെയ്തു. ദൈവം രാത്രി സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് അബിമലെക്കിനോടു പറഞ്ഞു: നീ സ്വന്തമാക്കിയിരിക്കുന്ന സ്ത്രീ നിമിത്തം നീ ഇതാ പിണമായിത്തീരുവാൻ പോകുന്നു. കാരണം, അവൾ ഒരുവന്റെ ഭാര്യയാണ്. അബിമലെക്ക് അവളെ സമീപിച്ചിട്ടില്ലായിരുന്നു. അവൻ ചോദിച്ചു: കർത്താവേ, നിരപരാധനെ അങ്ങു വധിക്കുമോ? അവൾ എന്റെ സഹോദരിയാണ് എന്ന് അവൻ തന്നെയല്ലേ എന്നോടുപറഞ്ഞത്? അവൻ എന്റെ സഹോദരനാണ് എന്ന് അവളും പറഞ്ഞു. നിർമലഹൃദയത്തോടും കറയറ്റ കൈകളോടും കൂടെയാണു ഞാൻ ഇതു ചെയ്തത്.'[238]

അബ്രഹാമിന്റെ ഭാര്യ സാറ 90 വയസ്സ് പിന്നിട്ട വൃദ്ധയായിട്ടും അവൾ തന്റെ ഭാര്യയാണെന്ന സത്യം മറച്ചു വെച്ച് സഹോദരിയാണെന്ന് പറഞ്ഞു അന്യർക്ക് സ്വന്തമാക്കാൻ നൽകിയിരുന്നു എന്നല്ലേ ബൈബിൾ പറയുന്നത്?!

## ദാവീദിന്റെ പരദാരാപഹരണം

'പിടിച്ചതിനേക്കാൾ വലുതാണ് അളയിലുള്ളത്' എന്നൊരു ചൊല്ലില്ലേ? അതുപോലെ അബ്രഹാം നീചനെങ്കിൽ ദാവീദ് പരമനീചനായിരുന്നു എന്ന് വേണം പറയാൻ. ദാവീദിന്റെ ഒത്തിരി ക്രൂരകഥകളുണ്ട് അതിൽനിന്നും തിരഞ്ഞെടുത്ത (2 സാമുവേൽ പതിനൊന്നാം അദ്ധ്യായം ഒന്നാം വാക്യം മുതൽ പന്ത്രണ്ടാം അദ്ധ്യായം ഇരുപത്തിനാലാം വാക്യം വരെയുള്ള ബൈബിൾ വചനങ്ങളിലെ) ഒരു കഥ ചുരുക്കിയാണ് പ്രതിപാദിക്കുന്നത്.

ഒരിക്കൽ ദാവീദിന്റെ സൈന്യം അമ്മോന്യരുമായി യുദ്ധത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കുമ്പോൾ ദാവീദ് യുദ്ധത്തിന് പോകാതെ 'ജറുസലേമിൽ താമസിച്ചു. ഒരു ദിവസം സായാഹ്നത്തിൽ ദാവീദ് കിടക്കയിൽ നിന്നെഴുന്നേറ്റ് കൊട്ടാരത്തിന്റെ മട്ടുപ്പാവിൽ ഉലാത്തുമ്പോൾ ഒരു സ്ത്രീ കുളിക്കുന്നതുകണ്ടു. അവൾ അതീവസുന്ദരിയായിരുന്നു. ദാവീദ് ആളയച്ച് അവൾ ആരെന്ന് അന്വേഷിച്ചു. എലിയാമിന്റെ മകളും ഹിത്യനായ ഊറിയായുടെ ഭാര്യയുമായ ബത്ഷെബായാണ് അവൾ എന്ന് അറിഞ്ഞു'[239]

സൈന്യം യുദ്ധത്തിലേർപ്പെട്ടുകൊണ്ടിരിക്കുമ്പോൾ രാജാവ് ശത്രുസൈന്യവുമായി യുദ്ധം ചെയ്തുകൊണ്ടിരിക്കുന്ന തന്റെ ഭടന്റെ ഭാര്യ കുളിക്കുന്നത് കണ്ടാസ്വദിക്കുന്നു. ഈ ആഭാസന്റെ 'ദാവീദ്' എന്ന

238. ഉല്പത്തി 20:2-5
239. 2സാമുവേൽ 11:1-3

പേരാണ് ക്രിസ്ത്യാനികളും മുസ്ലിങ്ങളും യഹൂദരും തങ്ങളുടെ കുഞ്ഞുങ്ങൾക്കിടുന്നതെന്നോർക്കണം.

ദാവീദിന്റെ വീരഗാഥ തുടരുന്നു: 'അവളെ കൂട്ടിക്കൊണ്ടുവരാൻ ദാവീദ് ആളയച്ചു. അവൾ വന്നപ്പോൾ അവൻ അവളെ പ്രാപിച്ചു. അവൾ ഋതുസ്നാനം കഴിഞ്ഞിരുന്നതേയുള്ളു. അവൾ വീട്ടിലേക്കു മടങ്ങിപ്പോയി. അവൾ ഗർഭം ധരിച്ചു. അവൾ ആളയച്ച് ദാവീദിനെ വിവരമറിയിച്ചു. അപ്പോൾ ദാവീദ് യോവാബിന് ഒരു സന്ദേശം കൊടുത്തയച്ചു: ഹിത്യനായ ഊറിയായെ എന്റെ അടുക്കലേക്ക് അയയ്ക്കുക. യോവാബ് ഊറിയായെ അങ്ങോട്ടയച്ചു. ഊറിയാ വന്നപ്പോൾ ദാവീദ് യോവാബിന്റെയും പടയാളികളുടെയും ക്ഷേമവും യുദ്ധവർത്തമാനവും അന്വേഷിച്ചു. പിന്നെ ദാവീദ് ഊറിയായോടു പറഞ്ഞു നീ വീട്ടിൽപോയി അൽപം വിശ്രമിക്കുക. ഊറിയാ കൊട്ടാരത്തിൽ നിന്നു പോയി. രാജാവ് അവനൊരു സമ്മാനവും കൊടുത്തയച്ചു. എന്നാൽ, ഊറിയാ വീട്ടിൽ പോയില്ല. കൊട്ടാരംകാവൽക്കാരോടൊപ്പം പടിപ്പുരയിൽ കിടന്നുറങ്ങി. ഊറിയാ വീട്ടിൽ പോയില്ലെന്നു ദാവീദ് അറിഞ്ഞു. 'നീ യാത്ര കഴിഞ്ഞു വരുകയല്ലേ? വീട്ടിലേക്കു പോകാത്തതെന്ത്?'– ദാവീദ് ഊറിയായോടു ചോദിച്ചു. ഇസ്രായേലും യൂദായും യുദ്ധരംഗത്താണ്; പേടകവും അവരോടൊപ്പമുണ്ട്. എന്റെ യജമാനനായ യോവാബും അങ്ങയുടെ സേവകരും വെളിമ്പ്രദേശത്തു താവളമടിച്ചിരിക്കുന്നു. അങ്ങനെയിരിക്കേ, വീട്ടിൽച്ചെന്ന് തിന്നുകുടിച്ചു ഭാര്യയുമായി രമിക്കാൻ എനിക്ക് എങ്ങനെ കഴിയും? അങ്ങാണേ, എനിക്കതു സാധ്യമല്ല," – ഊറിയാ പറഞ്ഞു.[240]

ഊറിയയുടെ ഭാര്യ ബെത്ശേബയെ കൂട്ടികൊണ്ടു വരാൻ ദാവീദ് ആളയച്ചു. അവളാകട്ടെ യാതൊരു എതിർപ്പും പ്രകടിപ്പിക്കാതെ സന്തോഷമായി ദാവീദിന്റെ അന്തപുരത്തിലേക്കു പോയി. അയാളോടൊപ്പം ശയിച്ചു. ഭർത്താവിനെ വഞ്ചിക്കാൻ അവൾക്കും തന്റെ ഭടനെ വഞ്ചിക്കാൻ രാജാവിനും യാതൊരു കൂസലുമില്ല. ഇവിടെ ദാവീദും ദാവീദിന്റെ കൂടെ ശയിച്ച ഊറിയയുടെ ഭാര്യയും തെറ്റുകാരാണ് എന്നതിൽ യാതൊരു സംശയവുമില്ല.

അവൾ ഗർഭിണിയാണെന്നറിഞ്ഞ ദാവീദ് അയാളുടെ കുഞ്ഞിന്റെ പിതൃത്വം ഊറിയയിൽ ആരോപിക്കാം എന്ന കൗശലത്തിലാണ് ഊറിയയെ തിരികെ വിളിപ്പിച്ചത്. എന്നാൽ ഊറിയ വീട്ടിൽ പോകാതെ കാവൽക്കാരോടൊപ്പം പടിപ്പുരയിൽ തന്നെ കിടന്നുറങ്ങിയപ്പോഴാണ് ദാവീദിന്റെ കണക്കുകൂട്ടലുകൾ തെറ്റിയത്. ഊറിയാ വീട്ടിൽ പോയില്ലെന്നു ദാവീദ് അറിഞ്ഞപ്പോൾ നീ യാത്ര കഴിഞ്ഞു വരുകയല്ലേ? വീട്ടിലേക്കു പോകാത്തതെന്ത്? എന്ന് ദാവീദ് ഊറിയായോടു ചോദിച്ചത് ഊറിയ ഒരിക്കലെങ്കിലും വീട്ടിലേക്കു പോകാനും ദാവീദിനാൽ ഗർഭിണിയായ ഊറിയയുടെ ഭാര്യ ബെത്ശേബയുമായി ഊറിയ ഒരു പ്രാവശ്യമെ

240. 2സാമുവേൽ 11: 4–11

ങ്കിലും ശയിക്കുവാനും വേണ്ടിയാണ്. അങ്ങനെ സംഭവിച്ചാൽ ദാവീദിന്റെ കുഞ്ഞിന്റെ അച്ഛൻ ഊറിയ ആണെന്നല്ലേ നാട്ടുകാരും ഊറിയയും കരുതുകയുള്ളൂ. മറിയ പ്രസവിച്ച യേശുവിന്റെ അച്ഛൻ യോസേപ്പാണെന്നു നാട്ടുകാരും യോസേപ്പും കരുതിയതു പോലെ.

ദാവീദ് പ്രയോഗിച്ച അതെ കൗശലം തന്നെയാണ് യഹോവ മറിയയുടെ വിഷയത്തിലും പ്രയോഗിച്ചത്. ദാവീദ് പരാജയപ്പെട്ടു യഹോവ വിജയിച്ചു വ്യത്യാസം അത്രമാത്രം. ദാവീദിന് പക്ഷെ ഒരു 'പ്ലാൻ ബി' ഉണ്ടായിരുന്നു അതിലേക്ക് വരുന്നതിനു മുന്നേ മറ്റ് ചില കാര്യങ്ങൾ കൂടി സൂചിപ്പിച്ചു കൊള്ളട്ടെ.

മറ്റു ഭടന്മാരൊക്കെ യുദ്ധമുഖത്തുള്ളപ്പോൾ തിന്നുകുടിച്ചു ഭാര്യയുമായി രമിക്കാൻ എനിക്ക് എങ്ങനെ കഴിയും? എനിക്കതു സാധ്യമല്ല എന്ന ഒറ്റ വാചകം മതി ഊറിയ നന്ദിയുള്ള, ആത്മാർത്ഥതയുള്ള, ധർമിഷ്ഠനായ ഒരു ഭടനാണെന്ന് മനസിലാക്കുവാൻ. എന്നാൽ യാതൊരു ആത്മാർത്ഥതയുമില്ലാത്ത ആഭാസനായ തന്റെ രാജാവിനോടാണ് അയാൾ സംസാരിക്കുന്നത് എന്നയാൾക്കറിയില്ലായിരുന്നു!

ദാവീദിന്റെ നിർബന്ധത്തിനു വഴങ്ങി ഊറിയ അയാളുടെ വീട്ടിൽ പോയി ബെത്ഷേബയുമായി ശയിച്ചത് കൊണ്ടും പ്രശ്നം പൂർണ്ണമായി തീരുന്നില്ല. കാരണം ചില കുട്ടികൾ അവരുടെ അച്ഛന്റെ തനി പകർപ്പായി ആയിരിക്കും ജനിക്കുക. ഊറിയയുടെ ഭാര്യ ബെത്ഷേബാ പ്രസവിക്കുന്ന കുട്ടി ആണാണെങ്കിൽ അവനു ദാവീദിന്റെ മുഖച്ഛായ ആണ് ഉള്ളതെങ്കിൽ ഊറിയയും നാട്ടുകാരും കുഞ്ഞിന്റെ അച്ഛൻ ദാവീദ് ആണെന്ന് മനസ്സിലാക്കില്ലേ? ഈ പ്രശ്നം കണക്കിലെടുത്താൽ ദാവീദിന്റെ മുന്നിൽ രണ്ടു മാർഗ്ഗങ്ങളെ ഉള്ളൂ.

ഒന്ന്, ഊറിയയുടെ ഗർഭിണിയായ ഭാര്യ ബെത്ഷേബയെ കൊല്ലുക. ഇന്നുള്ളതുപോലെ പോസ്റ്റുമോർട്ടം/മൃതദേഹപരിശോധന അന്നുണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ അവൾ കൊല്ലപ്പെട്ടാൽ അവളുടെ ഉദരത്തിൽ ഏതാനും ആഴ്ചകൾ മാത്രം പ്രായമുള്ള ഒരു ഭ്രൂണം വളരുന്നുണ്ടായിരുന്നു എന്ന് ആരും അറിയാനും പോകുന്നില്ല. രണ്ടാമത്തെ മാർഗ്ഗം ഊറിയായെ എത്രയും വേഗം കൊലപ്പെടുത്തി അയാളുടെ വിധവയെ ഭാര്യയാക്കുക. ദാവീദ് സ്വീകരിച്ചത് രണ്ടാമത്തെ മാർഗ്ഗമായിരുന്നു. ദാവീദ് എന്തുകൊണ്ട് ആദ്യം സൂചിപ്പിച്ച മാർഗ്ഗം അതായത് ബെത്ശേബയെ ഇല്ലാതാക്കി പ്രശ്നം പരിഹരിച്ചില്ല എന്ന് ചിന്തിച്ചാൽ അതിന് പല കാരണങ്ങളും ഉണ്ടാവാം.

ദാവീദ് മോഹിച്ച സ്ത്രീയാണ് അവൾ. ഒരുപക്ഷേ അയാൾ അവളെ ഇനിയും പ്രാപിക്കാൻ ആഗ്രഹിക്കുന്നുണ്ടായിരിക്കാം. അവളെ കൊന്നുകളഞ്ഞാൽ അത് സാധിക്കില്ലല്ലോ. മാത്രമല്ല ഒരു കാരണവുമില്ലാതെ തന്റെ പ്രജയെ, അതും ഒരു സ്ത്രീയെ ചുമ്മാതങ്ങ് കൊല്ലാൻ പറ്റു

241. 2സാമുവേൽ 11:14-17

മോ? ഊറിയയുടെ കാര്യം അങ്ങനെയല്ല അയാൾ ദാവീദിന്റെ ഭടനാണ് ദാവീദിന്റെ സൈന്യം ആകട്ടെ യുദ്ധമുഖത്തും അങ്ങനെയുള്ള ഒരാളെ കൊല്ലാൻ താരതമ്യേന വളരെ എളുപ്പമാണ്.

"രാവിലെ ദാവീദ് ഊറിയായുടെ കൈവശം യോവാബിന് ഒരു എഴുത്തു കൊടുത്തയച്ചു. അവൻ ഇങ്ങനെ എഴുതി: ഉഗ്രയുദ്ധം നടക്കുന്നിടത്ത് ഊറിയായെ മുന്നണിയിൽ നിർത്തുക; പിന്നെ അവൻ വെട്ടേറ്റു മരിക്കേണ്ടതിന് അവനെവിട്ടു പിൻവാങ്ങുക. യോവാബ് നഗരം വളയവേ ശത്രുക്കൾക്കു ശക്തിയുള്ള ഒരു സ്ഥാനത്ത് ഊറിയായെ നിർത്തി. ശത്രുസൈന്യം യോവാബിനോടു യുദ്ധം ചെയ്തു. ദാവീദിന്റെ പടയാളികളിൽ ചിലർ കൊല്ലപ്പെട്ടു. ഊറിയായും വധിക്കപ്പെട്ടു."[241]

'ഭർത്താവ് മരിച്ചെന്നുകേട്ടപ്പോൾ ഊറിയായുടെ ഭാര്യ അവനെച്ചൊല്ലി വിലപിച്ചു. വിലാപകാലം കഴിഞ്ഞപ്പോൾ ദാവീദ് അവളെ കൊട്ടാരത്തിൽ വരുത്തി. അവൾ അവനു ഭാര്യയായി. അവൾ ഒരു പുത്രനെ പ്രസവിച്ചു. പക്ഷേ ദാവീദിന്റെ പ്രവൃത്തി കർത്താവിന് അനിഷ്ടമായി.'[242]

ഊറിയ സത്യസന്ധനായ സേവകൻ ആണെന്നും രാജാവ് സൈന്യാധിപന് നൽകുന്ന സന്ദേശം സത്യസന്ധനായ ഊറിയ ഒരിക്കലും വായിക്കില്ല എന്നും നീചനായ ദാവീദിന് അറിയാമായിരുന്നു അതുകൊണ്ടാണ് ഉറിയായെ കൊല്ലാൻ ദാവീദ് ഒരുക്കിയ കെണി ഊറിയയുടെ കൈവശം തന്നെ കൊടുത്തയച്ചത്. അയാൾ ആ സന്ദേശം വായിച്ചിരുന്നുവെങ്കിൽ ദാവീദിന്റെ കെണി മനസ്സിലാക്കുകയും ഒരുപക്ഷേ മരണത്തിൽ നിന്ന് രക്ഷപ്പെടുകയും ചെയ്തേനെ. എന്നിരുന്നാലും രാജാവ് എന്തിനാണ് തന്നെ കൊല്ലാൻ തീരുമാനിച്ചതെന്ന് അയാൾക്ക് അറിയാൻ കഴിയില്ലായിരുന്നു. ദാവീദ് കൽപ്പിച്ചതുപോലെ യോവാബ് പ്രവർത്തിച്ചു, ഊറിയ വധിക്കപ്പെട്ടു.

ഭർത്താവ് മരിച്ചെന്ന് കേട്ടപ്പോൾ ഊറിയയുടെ ഭാര്യ ബെത്ശേബ ഊറിയയെ ചൊല്ലി വിലപിച്ചു എന്ന് എഴുതിയിട്ടുണ്ട്. ഭർത്താവിനെ ചതിച്ച് അന്യപുരുഷന്റെ കൂടെ ശയിച്ച് ഗർഭിണിയായവളുടെ വിലാപത്തെ പെൺപട്ടിയുടെ ഓരിയിടലിനോട് പോലും താരതമ്യം ചെയ്യാനാവില്ല. അവളുടെ നിഷ്കളങ്കനായ ഭർത്താവ് മരിക്കാൻ കാരണമായത് കുലടയായ അവളുടെ വ്യഭിചാരം തന്നെയാണ് എന്നിട്ട് നാട്ടുകാരെ കാണിക്കാൻ അന്യന്റെ അവിഹിതഗർഭവും പേറിക്കൊണ്ട് ബെത്ഷേബയുടെ വിലാപം വെറും മുതലക്കണ്ണീരാണ്.

**നീതിബോധം തൊട്ടുതീണ്ടാത്ത യഹോവ!**

ഊറിയയെ നിഷ്കരുണം കൊന്ന് ദാവീദ് അയാളുടെ ഭാര്യയെ സ്വന്തമാക്കി. ദാവീദിന്റെ കൂടെ പൊറുതി തുടങ്ങിയതിനു ശേഷം തന്റെ ഭർത്താവിന്റെ മരണത്തിനിടയാക്കിയ തന്റെ വ്യഭിചാരത്തിന്റെ സന്തതിയെ ആ കുലട പ്രസവിച്ചു. മസാലപ്പടങ്ങളുടെ അവസാനരംഗത്തിൽ

242. 2സാമുവേൽ 11:26-27

എല്ലാം കഴിയുമ്പോൾ പോലീസ് വരുന്നതു പോലെ ദാവീദിന്റെ പ്രവൃത്തി കർത്താവിനു അനിഷ്ടമായി എന്ന് പറഞ്ഞു കൊണ്ട് യഹോവയുടെ തെറിവിളിയോടു കൂടിയ രംഗപ്രവേശം:

'ഇസ്രായേലിന്റെ ദൈവമായ കർത്താവ് അരുളിച്ചെയ്യുന്നു: ഞാൻ നിന്നെ ഇസ്രായേലിന്റെ രാജാവായി അഭിഷേകം ചെയ്തു സാവൂളിൽ നിന്ന് നിന്നെ രക്ഷിച്ചു. നിന്റെ യജമാനന്റെ ഭവനം നിനക്ക് നൽകി, അവന്റെ ഭാര്യമാരെയും നിനക്കു തന്നു. നിന്നെ ഇസ്രയേലിന്റെയും യൂദായുടെയും രാജാവാക്കി. ഇതുകൊണ്ടു തൃപ്തിയായില്ലെങ്കിൽ ഇനിയും അധികം നൽകുമായിരുന്നു. പിന്നെ, എന്തുകൊണ്ട് എന്നെ അനുസരിക്കാതെ എന്റെ മുൻപാകെ ഈ തിന്മ ചെയ്തു? അമ്മോനിയരുടെ വാളുകൊണ്ട് ഹിത്യനായ ഊറിയയയെ നീ കൊല്ലിച്ചു. അവന്റെ ഭാര്യയെ നീ അപഹരിച്ചു. എന്നെ നിരസിച്ച് ഹിത്യനായ ഊറിയയുടെ ഭാര്യയെ നീ സ്വന്തമാക്കിയത് കൊണ്ട് നിന്റെ ഭവനത്തിൽ നിന്ന് വാൾ ഒഴിയുകയില്ല. കർത്താവ് അരുളി ചെയ്യുന്നു, നിന്റെ സ്വന്തം ഭവനത്തിൽ നിന്ന് തന്നെ നിനക്ക് ഞാൻ ഉപദ്രവമുണ്ടാക്കും. നിന്റെ കൺമുമ്പിൽ വെച്ച് ഞാൻ നിന്റെ ഭാര്യമാരെ അന്യനു കൊടുക്കും. പട്ടാപ്പകൽ അവൻ അവരോടൊത്ത് ശയിക്കും. നീ ഇത് രഹസ്യമായി ചെയ്തു; ഞാനിത് ഇസ്രായേലിന്റെ മുഴുവൻ മുൻപിൽ വെച്ച് പട്ടാപ്പകൽ ചെയ്യിക്കും.'[243]

ദാവീദിന് യഹോവ അന്യന്റെ ഭവനവും ഭാര്യമാരെയും നൽകി എന്നാണ് യഹോവ പറയുന്നത്. അന്യന്റെ ഭാര്യമാരെ ദാവീദിന് നൽകിയ യഹോവയ്ക്ക് ദാവീദ് ഊറിയയുടെ ഭാര്യയെ സ്വന്തമാക്കിയതിൽ അനിഷ്ടം ഉണ്ടാകേണ്ട കാര്യം എന്താണ്? യഹോവ വലിയതോതിൽ ചെയ്തത് ദാവീദ് തന്നാൽ കഴിയുന്നതുപോലെ ചെറിയതോതിൽ ചെയ്തു. യഹോവ ദാവീദിനെ വിമർശിക്കുന്നത് വല്ലപ്പോഴും മാത്രം പുകവലിക്കുന്ന ഒരുവനെ നിരന്തര പുകവലിക്കാരൻ വിമർശിക്കുന്നത് പോലെയാണ്. ദാവീദ് അന്യന്റെ ഭാര്യയെ പ്രാപിച്ചത് തിന്മ എന്ന് പറയുന്ന യഹോവ തന്നെയല്ലേ നിന്റെ യജമാനന്റെ ഭാര്യമാരെ നിനക്ക് ഞാൻ തന്നു എന്ന് പറയുന്നത്? ദാവീദ് ചെയ്താൽ തിന്മ, യഹോവ ചെയ്താൽ നന്മ എന്നാണോ ക്രിസ്ത്യാനികൾ മനസിലാക്കി വെച്ചിരിക്കുന്നത്?

ഭഗവാൻ ശിവന് 'വേദമര്യാദാപാലകൻ' എന്നൊരു പേരുണ്ട്. വേദം ഭഗവദ് വാണിയാണ്. എങ്കിലും വേദം അനുശാസിക്കുന്ന മര്യാദകൾ ഭഗവാൻ ഒരിക്കലും തെറ്റാതെ പാലിക്കുന്നവനായതുകൊണ്ടാണ് ഭഗവാന് ഈ പേര് സിദ്ധിച്ചത്.

ദാവീദും ഊറിയായുടെ ഭാര്യയും വ്യഭിചരിച്ചു. അതിന് ഒരു തെറ്റും ചെയ്യാത്ത ദാവീദിന്റെ മറ്റു ഭാര്യമാരെ അന്യർക്ക് കൂട്ടി കൊടുക്കുന്നതും അവർ പട്ടാപ്പകൽ അന്യരുമായി ശയിക്കാൻ ഇട വരുത്തുന്നതും എന്ത് പൈശാചികനീതിയാണ്? യഹോവ ദൈവത്തെപോലെയല്ല മറി

243. 2സാമൂവൽ 12:7–12

ച്ച് സമനിലതെറ്റിയ ഒരു മനോരോഗിയെപോലെയാണ് ഇവിടെ പെരുമാറുന്നത്. യഹോവ നീതിമാനായ ദൈവം ആയിരുന്നുവെങ്കിൽ ശിക്ഷിക്കേണ്ടത് തെറ്റ് ചെയ്ത ദാവീദിനെയും ഉറിയയുടെ ഭാര്യയെയും അല്ലേ?

'ഊറിയയുടെ ഭാര്യ പ്രസവിച്ച ദാവീദിന്റെ കുഞ്ഞിന് കർത്താവിന്റെ പ്രഹരം ഏറ്റു. അതിന് രോഗം പിടിപെട്ടു.' 'ഏഴാം ദിവസം കുഞ്ഞു മരിച്ചു.' [244]

ദാവീദിന്റെ കുഞ്ഞിന് കർത്താവിന്റെ പ്രഹരമേറ്റ് അതിന് രോഗം പിടിപെട്ടു ഏഴാം ദിവസം കുഞ്ഞു മരിച്ചു. ഒരു ശിശുവിനെ തല്ലികൊല്ലുന്നവൻ എത്ര കഠിനകഠോരഹൃദയനായിരിക്കണം? നവജാതശിശുവിനെ നിഷ്കരുണം തല്ലിക്കൊന്ന യഹോവയുടെ പൈശാചികസ്വരൂപം യഹോവയെ കരുണാമയനായ ദൈവം എന്ന് വിളിക്കുന്ന ക്രിസ്താനികളുണ്ടോ അറിയുന്നു? ഊറിയയുടെ വ്യഭിചാരിണിയായ ഭാര്യയെ ശിക്ഷിക്കുന്നില്ല അവളോട് കോപിക്കുന്നുപോലുമില്ല. ശിക്ഷ മുഴുവനും ഒരു തെറ്റും ചെയ്യാത്ത ശിശുവിന്!

ദാവീദിന് ബെത്ഷേബ എന്ന വ്യഭിചാരിണിയിൽ പിന്നീട് കുഞ്ഞു പിറക്കുന്നുണ്ട് അവനാണ് ബൈബിളിലെ മറ്റൊരു വീരകഥാപാത്രമായ സോളമൻ! ദാവീദിന് അയാളുടെ മറ്റൊരു ഭാര്യയായ മാക്കായിൽ പിറന്ന അബ്സലോം ഒടുവിൽ സ്വന്തം പിതാവായ ദാവീദിന്റെ ഭാര്യമാരുമായി ശയിക്കുന്ന ഒരു രംഗമുണ്ട് പരിശുദ്ധ ബൈബിളിൽ: 'അവർ അബ്സലോമിന് കൊട്ടാരത്തിനു മുകളിൽ ഒരു കൂടാരം ഒരുക്കി അവിടെ ഇസ്രായേൽക്കാർ കാണുകെ അബ്സലോം തന്റെ പിതാവിന്റെ ഉപനാരികളെ പ്രാപിച്ചു.'[245]

ബൈബിൾ പരിശുദ്ധമായ ഒരു പുസ്തകമല്ല മറിച്ച് പ്രായപൂർത്തിയായവർക്കു മാത്രം വായിക്കാവുന്ന ഒരു പുസ്തകമാണെന്നു ഇതിനോടകം തന്നെ മനസിലായി കാണുമല്ലോ. എങ്കിലും ഈ പൈശാചിക കഥകൂടി ഒന്ന് കേൾക്കൂ.

അമ്മോന്യരുടെ വാളുകൊണ്ട് ഊറിയായെ കൊല്ലിച്ചു എന്ന് പറയുന്നുണ്ടല്ലോ. പ്രസ്തുത അമ്മോന്യരുടെ ജനനകഥ ബൈബിളിൽ പറഞ്ഞിട്ടുണ്ട്. അബ്രഹാമിന്റെ സഹോദരനായ ഹാരാന്റെ പുത്രനായ ലോത്തിന് രണ്ട് പെൺമക്കൾ ആണുള്ളത്. ഇതിൽ ഇളയവളുടെ മകനാണ് ബെന്യാമീൻ. ഇദ്ദേഹമാണ് അമ്മോന്യവംശജരുടെ പിതാവ്.

ലോത്തും കുടുംബവും, അതായത് ലോത്തും ഭാര്യയും അയാളുടെ രണ്ട് പെൺമക്കളും (ലോത്തിന്റെ ഭാര്യയുടെയോ പെൺമക്കളുടെയോ പേരുകൾ ബൈബിൾ വെളിപ്പെടുത്തുന്നില്ല) ഇവർ സോദോം നിവാസികളായിരുന്നു.

---

244. 2സാമുവൽ 12: 15,17
245. 2സാമുവൽ 16:22

അക്കാലത്ത് സോദോം, ഗോമോറ എന്നീ രണ്ട് പട്ടണങ്ങളിലെ ചെറുപ്പക്കാരും വൃദ്ധരുമായ സകല മനുഷ്യരും സ്വവർഗരതിക്കാരായിരുന്നു എന്നും അതിനാൽ യഹോവ ആകാശത്തു നിന്നും അഗ്നിയും ഗന്ധകവും വരുത്തി വൃക്ഷലതാദികളടക്കം ഈ രണ്ടു പട്ടണങ്ങളെയും കത്തിച്ചു ചാമ്പലാക്കി എന്നുമാണ് ബൈബിൾ പറയുന്നത്: 'കർത്താവ് ആകാശത്തിൽ നിന്നു സോദോമിലും ഗൊമോറായിലും അഗ്നിയും ഗന്ധകവും വർഷിച്ചു. ആ പട്ടണങ്ങളെയും താഴ്വരകളെയും അവയിലെ നിവാസികളെയും സസ്യലതാദികളെയും അവിടുന്നു നാമാവശേഷമാക്കി'[246]

സകല മനുഷ്യരും സ്വവർഗരതിക്കാരായ ഒരു നാട്ടിൽ എങ്ങനെയാണ് കുട്ടികൾ പിറക്കുക? സോദോം ഗോമോറായിലെ സകല മനുഷ്യരും സ്വവർഗ്ഗരതികളായിരുന്നുവെങ്കിൽ സ്വവർഗ്ഗരതിയിലൂടെ കുഞ്ഞുങ്ങൾ പിറക്കില്ല എന്ന കാരണത്താൽ ആ പട്ടണങ്ങളിൽ എന്തായാലും കാലക്രമേണ മനുഷ്യർ അന്യംനിന്നുപോയേനെയല്ലോ? അങ്ങനെയുള്ളപ്പോൾ യഹോവയ്ക്ക് ധൃതികൂട്ടി ഗന്ധകവും അഗ്നിയും വർഷിച്ച് സൊദോം ഗോമോറ നിവാസികളെ കൊല്ലേണ്ട കാര്യമെന്താണ്? യഹോവയുടെ കഥകളിൽ ചോദ്യമില്ലല്ലോ!

അന്നാട്ടിലെ മനുഷ്യരുടെ സ്വവർഗ്ഗരതി യഹോവ മരണശിക്ഷ നൽകേണ്ട തിന്മയായാണ് കണ്ടിരുന്നതെങ്കിൽ ആ തിന്മ ചെയ്തിരുന്ന മനുഷ്യരെ മാത്രം കൊന്നാൽ പോരായിരുന്നോ വൃക്ഷലതാദികളടക്കം സകല നിവാസികളേയും കത്തിച്ചു ചാമ്പലാക്കിയത് എന്തിനാണ്? ഇതുപോലെ ബൈബിൾദൈവം സമനില തെറ്റിയപോലെ പെരുമാറുന്ന ഒത്തിരി സംഭവങ്ങൾ ബൈബിളിൽ ഉള്ളതിൽ വിസ്താരഭയത്താൽ ചിലതു മാത്രമാണ് അയാൾ ഇവിടെ വെളിപ്പെടുത്തുന്നത്.

സോദോം ഗോമോറ നിവാസികളൊക്കെ സ്വവർഗരതിക്കാരായതിനാൽ യഹോവ ആ പട്ടണങ്ങൾ കത്തിച്ചാമ്പലാക്കുവാൻ തീരുമാനിച്ചു. എന്നാൽ അവിടെ അബ്രഹാമിന്റെ സഹോദരപുത്രനായ ലോത്തും അയാളുടെ കുടുംബവും കഴിഞ്ഞിരുന്നതിനാൽ സോദോമിൽ നിന്ന് രക്ഷപ്പെടാൻ ലോത്തിനു മുന്നറിയിപ്പു നൽകാൻ യഹോവ രണ്ടു ദൂതന്മാരെ ലോത്തിന്റെ അടുക്കലേക്കയച്ചു: 'വൈകുന്നേരം ആയപ്പോൾ ആ രണ്ടു ദൂതന്മാർ സോദോമിൽ ചെന്നു. ലോത്ത് നഗരവാതിൽക്കൽ ഇരിക്കുകയായിരുന്നു'[247]

അങ്ങനെ ആ രണ്ട് ദൂതന്മാരെയും കൊണ്ട് ലോത്ത് തന്റെ വീട്ടിലേക്കു പോകുന്നു എന്നാൽ 'അവർ കിടക്കും മുമ്പേ സോദോം നഗരത്തിന്റെ എല്ലാ ഭാഗത്തിൽ നിന്നു യുവാക്കന്മാർ മുതൽ വൃദ്ധന്മാർ വരെയുള്ള എല്ലാവരും വന്നു വീട് വളഞ്ഞു. അവർ ലോത്തിനെ വിളിച്ചുപറ

246. ഉല്പത്തി 19:24–25
247. ഉല്പത്തി 19: 1

ഞ്ഞു. രാത്രി നിന്റെ അടുക്കൽ വന്നവർ എവിടെ? ഞങ്ങൾക്ക് അവരുമായി സുഖഭോഗങ്ങളിൽ ഏർപ്പെടേണ്ടതിന് അവരെ പുറത്തുകൊണ്ടുവരിക. ലോത്ത് പുറത്തിറങ്ങി കതകടച്ചിട്ട് അവരുടെ അടുത്തേക്ക് ചെന്നു അവൻ പറഞ്ഞു: സഹോദരേ, ഇത്തരം മ്ലേച്ഛത കാട്ടരുതെന്ന് ഞാൻ നിങ്ങളോട് യാചിക്കുന്നു. പുരുഷസ്പർശമേൽക്കാത്ത രണ്ട് പെൺകുട്ടികൾ എനിക്കുണ്ട്. അവരെ നിങ്ങൾക്ക് വിട്ടു തരാം ഇഷ്ടംപോലെ അവരോട് ചെയ്തുകൊള്ളുക.'[248]

ഒരു ഭർത്താവ് എങ്ങനെ ആയിക്കൂടാ? ഒരു പിതാവ് എങ്ങനെ ആയിക്കൂടാ എന്നതിനുദാഹരണമാണ് അബ്രഹാം എന്ന് മുമ്പു പറഞ്ഞില്ലേ? അബ്രഹാമിനെപോലെ തന്നെ ഒരു പിതാവ് എങ്ങനെ ആയിക്കൂടാ എന്നതിന് ഉദാഹരണമാണ് സ്വവർഗരതിമൂർച്ച അടക്കാനാവാതെ ലോത്തിന്റെ വീട് വളഞ്ഞവരോട് 'പുരുഷസ്പർശമേൽക്കാത്ത രണ്ട് പെൺകുട്ടികൾ എനിക്കുണ്ട് അവരെ നിങ്ങൾക്ക് വിട്ടു തരാം. ഇഷ്ടംപോലെ അവരോട് ചെയ്തു കൊള്ളുക' എന്നു പറയുന്ന അബ്രഹാമിന്റെ അനന്തരവനായ ലോത്തും.

യഹോവയ്ക്ക് അല്പമെങ്കിലും നെറി ഉണ്ടായിരുന്നുവെങ്കിൽ സൊദോം നിവാസികളെ കൊല്ലുന്നതിനു മുന്നേ ആദ്യം കൊല്ലേണ്ടത് സ്വന്തം പെൺകുട്ടികളെ സ്വവർഗ്ഗരതിക്കാർക്ക് കൂട്ടിക്കൊടുക്കുന്ന ലോത്തിനെ ആയിരുന്നില്ലേ? യാതൊരു കുറ്റവും ചെയ്യാത്തവരെയും താരതമ്യേന ചെറിയ കുറ്റം ചെയ്യുന്നവരെയും കത്തിച്ചു ചാമ്പലാക്കുകയും എന്നാൽ അബ്രഹാമിനെയും ദാവീദിനെയും പോലെ മഹാപരാധം ചെയ്യുന്നവരെ വളർത്തുകയും ചെയ്യുന്നതാണ് യഹോവയുടെ തലതിരിഞ്ഞ നീതിബോധം.

### ഭാരതീയജനതയുടെ വ്യത്യസ്തത

4000 വർഷങ്ങൾക്കു മുന്നേ ജീവിച്ചിരുന്നയാളാണ് അബ്രഹാം എന്നാണ് സെമിറ്റിക് മതക്കാർ വിശ്വസിക്കുന്നത്. 4000 വർഷങ്ങൾക്കു മുന്നേ ഈ ഭൂമിയിൽ സോദോം എന്നൊരു പട്ടണം ഉണ്ടായിരുന്നു എന്നും അവിടെ ജീവിച്ചിരുന്ന സകല മനുഷ്യരും സ്വവർഗരതിക്കാരായിരുന്നു എന്നും പറഞ്ഞാൽ അത് എങ്ങനെ വിശ്വസിക്കാനാവും?

ഇന്ന് ഭാരതത്തിൽ അങ്ങോളം ഇങ്ങോളം രാഷ്ട്രീയക്കാരുടെയും സർക്കാർ ഉദ്യോഗസ്ഥന്മാരുടെയും തട്ടിപ്പും വെട്ടിപ്പും ആണ്. എന്നാൽ നൂറ്റാണ്ടുകൾക്ക് മുൻപ് ജീവിച്ചിരുന്ന ഭാരതീയരുടെ ധാർമികനിലവാരത്തെക്കുറിച്ച് ചരിത്രകാരന്മാർ പറയുന്നത് അങ്ങിനെയല്ല.

2400 വർഷം മുന്നേ ജീവിച്ചിരുന്ന ഗ്രീക്ക് ചരിത്രകാരനായിരുന്ന മെഗസ്തെനെസ് ഭാരതത്തെകുറിച്ച് പറയുന്നത് ഇപ്രകാരമാണ്: 'ശൗര്യത്തിൽ അവർ മറ്റ് എല്ലാ ഏഷ്യക്കാരെയും മറികടന്നു. അവരുടെ വാതിലുകൾക്ക് പൂട്ടുകൾ ആവശ്യമില്ലായിരുന്നു. എല്ലാറ്റിനുമുപരി, ഒരു

248. ഉല്പത്തി 19:4–8

ഇന്ത്യക്കാരനും കള്ളം പറയുന്നതായി ഒരിടത്തും അറിയപ്പെടുന്നില്ല.'

ഏതാണ്ട് 700 വർഷങ്ങൾക്ക് മുന്നേ ജീവിച്ചിരുന്നിരുന്ന വെനീസിലെ വ്യാപാരി മാർക്കോപോളോയുടെ നിരീക്ഷണവും ശ്രദ്ധേയമാണ്: 'വിദേശസഞ്ചാരികളോട് വിശ്വസ്തത പുലർത്തുന്ന, ഒരിക്കലും അവരെ വഞ്ചിക്കാത്ത, സത്യസന്ധരും, ദയയുള്ളവരും, വിശ്വസ്തരുമായ വ്യാപാരികളാണവർ" എന്ന് ഗുജറാത്ത് തീരം കടക്കുമ്പോൾ പോളോ ഗുജറാത്തി ജനതയെ പ്രശംസിച്ചു.

ഫ്രഞ്ച് കത്തോലിക്കാ മിഷനറി പ്രവർത്തകനായിരുന്ന Abbé J. A. Dubois Hindu Manners, Customs and Ceremonies അബ്ബെ ജെ.എ. ഡുബോയിസ്, എഴുതിയ ഹിന്ദു മര്യാദകൾ, ആചാരങ്ങൾ, ചടങ്ങുകൾ, എന്ന പുസ്തകവും 200 വർഷം മുന്നേയുള്ള ഭാരതീയ സംസ്കാര ഔന്നത്യം ഉയർത്തിക്കാട്ടുന്നുണ്ട് പേജ് 99,199,504 കാണുക: "ഈജിപ്ഷ്യന്മാരുടെയോ ജൂതന്മാരുടെയോ ചരിത്രത്തിൽ, ഹിന്ദുക്കൾക്ക് മുമ്പ് ഈ ആളുകൾ ഒരു രാഷ്ട്രമായി നിലനിന്നിരുന്നുവെന്ന് കാണിക്കാൻ ഒന്നുമില്ല. ഹിന്ദുമതത്തിന്റെ സിദ്ധാന്തങ്ങളുടെയും ആചാരങ്ങളുടെയും പ്രത്യേകത, അനുകരണം ആസ്വദിക്കുന്ന എന്തിനോടും ഹിന്ദുക്കൾക്കുള്ള ശക്തമായ വിരോധം, പുരാതനതയുടെ ഇരുട്ടിൽ നഷ്ടപ്പെട്ട ഒരു കാലഘട്ടത്തിൽ ഉത്ഭവിച്ച ആശയങ്ങളിൽ അവർ മുറുകെ പിടിക്കുന്ന അചഞ്ചലമായ ദൃഢത; ഇതെല്ലാം ഹിന്ദുക്കൾ മറ്റ് രാജ്യങ്ങളിൽ നിന്ന് ഒന്നും കടമെടുത്തിട്ടില്ലെന്ന് എനിക്ക് ആത്മവിശ്വാസം നൽകുന്നു. ഹിന്ദുക്കളുമായി ബന്ധപ്പെട്ട എല്ലാറ്റിലും മൗലികതയും സ്വാതന്ത്ര്യവും മുദ്രകുത്തപ്പെട്ടിരിക്കുന്നു. ഹിന്ദുമതവ്യവസ്ഥ അതിന്റെ അടിത്തറയിൽ തന്നെ സ്വയമേവയുള്ളതാണ് (അതിന്റേതായ തരത്തിലുള്ളത്) —ഒരു ഹിന്ദുസ്ത്രീക്ക് എവിടെയും ഒറ്റയ്ക്ക് പോകാം, ഏറ്റവും തിരക്കേറിയ സ്ഥലങ്ങളിൽ പോലും, അലസമായി ഇരിക്കുന്നവരുടെ ധിക്കാരപരമായ നോട്ടങ്ങളെയും തമാശകളെയും അവൾ ഒരിക്കലും ഭയപ്പെടേണ്ടതില്ല. ഇത് എനിക്ക് ശരിക്കും ശ്രദ്ധേയമായി തോന്നുന്നു... സ്ത്രീകൾ മാത്രം താമസിക്കുന്ന ഒരു വീട് ഒരു സങ്കേതമാണ്, യാത്ര ചെയ്യുമ്പോൾ പുരുഷന്മാർ മുന്നിൽ നടക്കുന്നു, സ്ത്രീകൾ കുറച്ചുദൂരം പിന്നിൽ പിന്തുടരുന്നു. അവർ ഒരു നദിയിലേക്ക് കടക്കേണ്ടി വന്നാൽ സ്ത്രീകൾ അവരുടെ വസ്ത്രങ്ങൾ അരയ്ക്ക് മുകളിൽ മുറുകെ പിടിക്കുന്നു, ഈ നഗ്നാവസ്ഥയിൽ അവർ അവരുടെ യാത്രാ കൂട്ടാളികളുടെ അടുത്തേക്ക് അടുക്കുകയും, ഒഴുക്കിന്റെ ശക്തിയെ ചെറുക്കാൻ പിന്നിൽ ഒരു സഹായഹസ്തം നീട്ടാൻ അനുവദിക്കുകയും ചെയ്യുന്നു; എന്നാൽ ഈ സാഹചര്യങ്ങളിൽ ആരും ഒരു അവിവേകം ചെയ്യുന്നത് നിങ്ങൾ ഒരിക്കലും കാണില്ല. ഞാൻ പലപ്പോഴും സാധാരണ വിശ്രമകേന്ദ്രങ്ങളിലൊന്നിൽ രാത്രി ചെലവഴിച്ചിട്ടുണ്ട്, അവിടെ താമസിക്കുന്ന പുരുഷന്മാരും സ്ത്രീകളും എല്ലാവരും എങ്ങനെയെങ്കിലും ഒരുമിച്ച് കിടന്നിരുന്നു; എന്നാൽ രാത്രിയുടെ ശാന്തതയെ അസഭ്യം പറഞ്ഞോ വാക്കുകൊണ്ടോ ശല്യ

പ്പെടുത്തുന്ന ആരെയും ഞാൻ ഇതുവരെ അറിഞ്ഞിട്ടില്ല, കേട്ടിട്ടുമില്ല. ... [പേജ്.340]// ... സ്ത്രീകൾ മുഖം മൂടുന്ന ആചാരം ഇന്ത്യയിൽ ഒരിക്കലും അനുഷ്ഠിക്കപ്പെട്ടിട്ടില്ല ... [പേജ്.341]. ... ഹിന്ദു സ്ത്രീകൾക്ക് പൊതുവെ മൃദുവും നേരായതുമായ മനോഹരമായ കറുത്ത മുടിയുണ്ട്. [പേജ് 342] സ്വർണ്ണാഭരണങ്ങൾ ഹിന്ദുക്കൾ ഒരിക്കലും കാലിൽ ധരിക്കാറില്ല എന്നത് ശ്രദ്ധേയമാണ്, കാരണം അത് ഒരു പവിത്രമായ ലോഹമാണ്, അതുവഴി അത് മലിനമാകും.

—അബ്ബെ ജെ. എ. ഡുബോയിസ്, ഹിന്ദു മര്യാദകൾ, ആചാരങ്ങൾ, ചടങ്ങുകൾപേജ് 340-42/ പേജ് 3-4

മുകളിൽ സൂചിപ്പിച്ച ഭാരതത്തിന്റെ നേർവിപരീതദിശയിൽ സഞ്ചരിക്കുന്ന ഭാരതമാണ് ഇന്നുള്ളത്. ഇന്ന് അഴിമതിയും തട്ടിപ്പു വെട്ടിപ്പും സാർവത്രികമാണ്. ഇതെല്ലാം ഇവിടെ സൂചിപ്പിച്ചത് കാലം മാറുന്ന മുറയ്ക്ക് കലിയുഗത്തിൽ മനുഷ്യർ ധാർമ്മികമായി അധഃപതനത്തിലേക്കാണ് പൊയ്കൊണ്ടിരിക്കുന്നതെന്ന് ബോധ്യപ്പെടുത്തുവാനാണ്. സത്യത്തിൽ നൂറ്റാണ്ടുകൾക്കു മുൻപ് ജീവിച്ചിരുന്ന നമ്മുടെ പൂർവികർ നമ്മെക്കാളും ധാർമ്മികമൂല്യങ്ങൾ മുറുകെപ്പിടിച്ചിരുന്നവരായിരുന്നു. അപ്പോൾപിന്നെ 4000 വർഷങ്ങൾക്കു മുൻപേ ഈ ഭൂമിയിലെ രണ്ടു പട്ടണങ്ങളിലെ മനുഷ്യർ മുഴുവനും സ്വവർഗ്ഗരതിക്കാരായിരുന്നുവെന്ന് ബൈബിൾ പറയുന്നത് വസ്തുതാവിരുദ്ധമല്ലേ?

## മ്ലേച്ഛസങ്കല്പങ്ങളുടെ പൂന്തോട്ടമായ ബൈബിൾ!

ലോത്തിന്റെ കഥ തുടരുന്നത് കാണുക: 'സോവാറിൽ പാർക്കാൻ ലോത്തിനു ഭയമായിരുന്നു. അതുകൊണ്ട് അവൻ തന്റെ രണ്ടു പെൺമക്കളോടുകൂടെ അവിടെനിന്നു പുറത്തു കടന്ന് മലയിൽ ഒരു ഗുഹയ്ക്കുള്ളിൽ പാർത്തു. മൂത്തവൾ ഇളയവളോടു പറഞ്ഞു: നമ്മുടെ പിതാവിനു പ്രായമായി. ലോകനടപ്പനുസരിച്ചു നമ്മോടു സംഗമിക്കുവാൻ ഭൂമിയിൽ വേറൊരു പുരുഷനുമില്ല. അപ്പനെ വീഞ്ഞുകുടിപ്പിച്ച് നമുക്ക് അവനോടൊന്നിച്ചു ശയിക്കാം; അങ്ങനെ അപ്പന്റെ സന്താനപരമ്പര നിലനിർത്താം. അന്നുരാത്രി പിതാവിനെ അവർ വീഞ്ഞു കുടിപ്പിച്ചു; മൂത്തവൾ പിതാവിന്റെ കൂടെ ശയിച്ചു. അവൾ വന്നുകിടന്നതോ, എഴുന്നേറ്റുപോയതോ അവൻ അറിഞ്ഞില്ല. പിറ്റേന്നു മൂത്തവൾ ഇളയവളോടുപറഞ്ഞു: ഞാൻ ഇന്നലെ അപ്പനോടൊന്നിച്ചു ശയിച്ചു. ഇന്നും നമുക്കവനെ വീഞ്ഞുകുടിപ്പിക്കാം. ഇന്നു നീ പോയി അവനോടുകൂടെ ശയിക്കുക. അങ്ങനെ അപ്പന്റെ സന്താനപരമ്പര നമുക്കു നിലനിർത്താം."[249]

ലൈംഗികബന്ധത്തിൽ ഏർപ്പെടാൻ ചുറ്റുവട്ടത്തൊന്നും പുരുഷന്മാരില്ലെങ്കിൽ സ്ത്രീക്ക് സ്വന്തം പിതാവിനെ തന്നെ വീഞ്ഞ് കുടിപ്പിച്ച് ഉന്മത്തൻ ആക്കി അയാളുമായി ലൈംഗികബന്ധത്തിൽ ഏർപ്പെടാം എന്നതല്ലേ ബൈബിൾ വായനക്കാർക്ക് നൽകുന്ന ഉത്ബോധനം?

249. ഉല്പത്തി 19:30-36

പിതാവിന്റെ വംശം നിലനിർത്താനാണ് ലോത്തിന്റെ മക്കൾ സ്വന്തം പിതാവുമായി ശാരീരികബന്ധത്തിൽ ഏർപ്പെട്ടത് എന്ന ന്യായീകരണം അങ്ങേയറ്റം മ്ലേച്ഛമാണ്. സ്വന്തം പിതാവുമായി ശാരീരിക ബന്ധത്തിൽ ഏർപ്പെട്ട് പിതാവിന്റെ വംശം നിലനിർത്തുന്നതിനേക്കാൾ എന്തുകൊണ്ടും നല്ലത് ലോത്തിന്റെ വംശം അയാളോട് കൂടി ഇല്ലാതാകുന്നതാണ്. കള്ളുകുടിച്ച് സ്വന്തം മക്കളുമായി ശാരീരികബന്ധത്തിൽ ഏർപ്പെട്ട ലോത്തിനെ 'അവൾ വന്ന് കിടന്നതോ എഴുന്നേറ്റു പോയതോ അയാളറിഞ്ഞില്ല' എന്ന് പറഞ്ഞുകൊണ്ട് അശേഷം ലജ്ജയില്ലാതെ ബൈബിൾ വെള്ളപൂശാൻ ശ്രമിക്കുന്നുണ്ട്.

പെൺകുട്ടികൾ ഗർഭിണികളായി എന്ന് പറയുന്നതിനർത്ഥം ലോത്തിനു സ്ഖലനം ഉണ്ടായി എന്നാണ്. മകൾ വന്ന് കൂടെ കിടന്നതും എഴുന്നേറ്റുപോയതും ലോത്ത് അറിഞ്ഞിട്ടില്ല എന്ന് പറഞ്ഞാൽ അതിനർത്ഥം അയാൾ മദ്യപിച്ചു ബോധരഹിതനായി ഉറങ്ങുകയായിരുന്നു എന്നാണ്. അങ്ങനെയുള്ള ഒരാൾക്ക് എങ്ങിനെ ബീജസ്ഖലനമുണ്ടാകാനാണ്?

ഇത്തരമൊരു മ്ലേച്ഛത ലോത്തിന്റെ മക്കൾക്ക് പ്രവർത്തിക്കേണ്ടി വന്നത് തങ്ങളുടെ പിതാവിന്റെ വംശം നിലനിർത്താനാണ് എന്ന് പറഞ്ഞു വെള്ളപൂശാനുള്ള ഉദ്യമവും പാഴാണ്. പിതാവിന്റെ വംശം നിലനിർത്താനാണെങ്കിൽ രണ്ട് പെൺകുട്ടികളിൽ ഒരാൾ മാത്രം ഗർഭിണിയായാൽ പോരേ? മൂത്തവൾ പോയതിനു ശേഷം ഇളയവളും പിതാവുമായി ബന്ധപ്പെടാൻ പോയത് എന്തിനാണ്? പെൺകുട്ടികൾക്ക് ലൈംഗിക ബന്ധത്തിൽ ഏർപ്പെടാൻ ചുറ്റുവട്ടത്ത് പുരുഷന്മാർ ആരുമില്ലെങ്കിൽ സ്വന്തം പിതാവിനെ തന്നെ കള്ളുകുടിപ്പിച്ച് പിതാവുമായി ലൈംഗിക ബന്ധത്തിൽ ഏർപ്പെടുക എന്നതാണോ പരിശുദ്ധ ബൈബിളിലെ ഈ പരമമ്ലേച്ഛകഥ നൽകുന്ന സന്ദേശം?

## പരിശുദ്ധപിതാവിന്റെ അവിശുദ്ധവചനങ്ങൾ

ഇനി പരിശുദ്ധ ബൈബിളിലെ തിരഞ്ഞെടുത്ത ചില വചനങ്ങൾ വായനക്കാരുടെ ശ്രദ്ധയിലേക്കായി താഴെ ഉദ്ധരിക്കുകയാണ്. അത് വായിച്ചതിന് ശേഷം ബൈബിൾ പരിശുദ്ധമാണോ പൈശാചമാണോ എന്ന് സ്വയം തീരുമാനിക്കുക.

ബൈബിളിന് മനുഷ്യകുഞ്ഞുങ്ങളോടുള്ള അതിരുകടന്ന സ്നേഹം വിളിച്ചോതുന്ന വാക്യം: 'നിന്റെ കുഞ്ഞുങ്ങളെ പിടിച്ചു പാറമേൽ അടിച്ചുകളയുന്നവൻ ഭാഗ്യവാൻ.'[250]

സ്ത്രീകളെയും കുഞ്ഞുങ്ങളെയും കൊല്ലാൻ കല്പിക്കുന്ന കരുണാമയനായ ബൈബിൾദൈവം: 'അതിനാൽ സകല ആൺകുഞ്ഞുങ്ങളെയും പുരുഷനെ അറിഞ്ഞ സ്ത്രീകളെയും വധിക്കുക. എന്നാൽ,

250. സങ്കീർത്തനങ്ങൾ 137:9

പുരുഷനെ അറിഞ്ഞിട്ടില്ലാത്ത പെൺകുട്ടികളെ നിങ്ങൾക്കായി ജീവനോടെ സൂക്ഷിച്ചുകൊള്ളുക.'[251]

മനുഷ്യരെ അടിമകളാക്കാൻ കല്പിക്കുന്ന ദൈവം: 'നിങ്ങളുടെയിടയിൽ വസിക്കുന്ന വിദേശികളിൽ നിന്നും, നിങ്ങളുടെ ദേശത്തുവച്ച് അവരുടെ കുടുംബങ്ങളിൽ ജനിച്ചവരിൽനിന്നും നിങ്ങൾക്കു ദാസരെ വാങ്ങാം. അവർ നിങ്ങളുടെ അവകാശമായിരിക്കും. നിങ്ങൾക്കുശേഷം നിങ്ങളുടെ മക്കൾക്കു നിത്യമായി അവകാശമാക്കാൻ അവരിൽനിന്നു നിങ്ങൾക്ക് അടിമകളെ സ്വീകരിക്കാം."[252]

അടിമത്തം അംഗീകരിക്കുകയും അടിമകളെ തല്ലിക്കൊല്ലാൻ പറയുകയും ചെയ്യുന്ന കരുണാമയനായ ദൈവം: 'ഒരുവൻ തന്റെ ദാസനെയോ ദാസിയെയോ വടികൊണ്ടടിക്കുകയും അടി കൊണ്ടയാൾ അവന്റെയടുക്കൽതന്നെ വീണു മരിക്കുകയും ചെയ്താൽ അവൻ ശിക്ഷിക്കപ്പെടണം. എന്നാൽ, അടികൊണ്ട ആൾ ഒന്നോ രണ്ടോ ദിവസംകൂടി ജീവിക്കുന്നെങ്കിൽ അടിച്ചവൻ ശിക്ഷിക്കപ്പെടരുത്. കാരണം, അടിമ അവന്റെ സ്വത്താണ്.'[253]

കർത്താവിന്റെ ക്രോധത്താൽ മനുഷ്യമാംസം ഭക്ഷിക്കേണ്ടി വരുന്ന ജനം: 'സൈന്യങ്ങളുടെ കർത്താവിന്റെ ക്രോധത്താൽ ദേശം കത്തിയെരിയുന്നു; ജനം അഗ്നിയിൽ വിറകെന്നപോലെയാണ്. ഒരുവനും സഹോദരനെ വെറുതെ വിടുന്നില്ല. ഒരുവൻ വലത്തുവശത്തുനിന്ന് കവർന്നു തിന്നുന്നു, എന്നാൽ വിശപ്പു ശമിക്കുന്നില്ല. ഇടത്തുവശത്തുനിന്ന് പിടിച്ചു വിഴുങ്ങുന്നു, എന്നാൽ തൃപ്തിയാകുന്നില്ല. ഓരോരുത്തനും അപരന്റെ മാംസം ഭക്ഷിക്കുന്നു.'[254]

സൈന്യങ്ങളുടെ കർത്താവിന്റെ രോഷപ്രകടനം: 'കാണുന്നവനെയെല്ലാം കുത്തിപ്പിളരും; പിടികിട്ടുന്നവനെയെല്ലാം വാളിനിരയാക്കും. അവരുടെ ശിശുക്കളെ അവരുടെ മുൻപിൽവച്ചുതന്നെ നിലത്തടിച്ചു ചിതറിക്കും. അവരുടെ ഭവനങ്ങൾ കൊള്ളയടിക്കപ്പെടും. അവരുടെ ഭാര്യമാർ അവമാനിതരാകും.' [255]

മനുഷ്യരെ നായ്ക്കളെ വിട്ട് പിച്ചിച്ചീന്തുന്ന കരുണാമയനായ ദൈവം: 'കർത്താവ് അരുളിച്ചെയ്യുന്നു: നാലുതരം വിനാശകരെ ഞാൻ അവരുടെമേൽ അയയ്ക്കും. വധിക്കാൻ വാൾ, പിച്ചിച്ചീന്താൻ നായ്ക്കൾ, കടിച്ചുകീറാനും നശിപ്പിക്കാനും ആകാശപ്പറവകളും ഭൂമിയിലെ ഹിംസ്രജന്തുക്കളും' [256]

251. സംഖ്യ 31:17-18
252. ലേവ്യർ 25:45-46
253. പുറപ്പാട് 21:20-21
254. ഏശയ്യാ 9:19-20
255. ഏശയ 13:15-16
256. ജെറമിയ 15:3

മനുഷ്യരെ വാളിനു വെട്ടിക്കൊന്ന് അതുകണ്ട് കൈകൊട്ടുന്ന സൈക്കോ ദൈവം 'മനുഷ്യപുത്രാ, നീ പ്രവചിക്കുക. കൈകൊട്ടുക; സംഹാരഖഡ്ഗം വീണ്ടും വീണ്ടും അവരുടെമേൽ പതിക്കട്ടെ. അവർക്കു ചുറ്റും ചുഴറ്റുന്ന കൊലവാളാണിത്. അവരുടെ ധൈര്യം കെടുത്തുന്നതിനും അനേകർ നിപതിക്കുന്നതിനും വേണ്ടി ഓരോ കവാടത്തിലും ഞാൻ സ്ഥാപിച്ചിരിക്കുന്ന വാളാണത്. ഇടിവാൾപോലെ തിളങ്ങുന്നതിന് മിനുക്കിയതും സംഹാരത്തിനായി മൂർച്ചകൂട്ടിയതും ആണ് അത്. ഇടത്തോട്ടോ, വലത്തോട്ടോ, നിന്റെ വായ്ത്തല എങ്ങോട്ടു തിരിയുന്നുവോ അങ്ങോട്ടു വെട്ടുക. ഞാനും കൈകൊട്ടും. എന്റെ ക്രോധത്തിനു തൃപ്തി വരുത്തും. കർത്താവായ ഞാൻ പറഞ്ഞിരിക്കുന്നു.'[257]

പരിശുദ്ധനായ സെമിറ്റിക്ക് ദൈവത്തിന്റെ മറ്റൊരു മൊഴിമുത്ത്: 'കഴുതകളുടേതുപോലെയുള്ള ലിംഗവും കുതിരകളുടേതുപോലുള്ള ബീജസ്രവണവുമുള്ള തന്റെ ജാരൻമാരെ അവൾ അമിതമായി കാമിച്ചു. ഈജിപ്തുകാർ മാറിടത്തിലമർത്തുകയും ഇളംസ്തനങ്ങളെ ലാളിക്കുകയും ചെയ്ത നിന്റെ യൗവനത്തിലെ വിഷയലമ്പടത്വം നീ കൊതിച്ചു. അതിനാൽ ഒഹോലിബാ, ദൈവമായ കർത്താവ് അരുളിച്ചെയ്യുന്നു: നീ വെറുത്ത നിന്റെ കാമുകൻമാരെ ഞാൻ നിനക്കെതിരെ ഇളക്കിവിടും. എല്ലാവശങ്ങളിലും നിന്ന് അവരെ ഞാൻ കൊണ്ടുവരും.'[258]

ഇത്തരം അനവധി പൈശാചവചനങ്ങളാൽ സമ്പുഷ്ടമാണ് പഴയനിയമം. എന്നിരുന്നാലും ഇതൊക്കെ ചൂണ്ടിക്കാട്ടുമ്പോൾ ഗത്യന്തരമില്ലാതെ ചില ക്രിസ്ത്യാനികൾ ഈയ്യിടെ ഞങ്ങൾ വിശ്വസിക്കുന്നത് യഹോവയിലല്ല യേശുവിലാണ് എന്ന് പറയുകയുണ്ടായി! എന്നാൽ പൈശാചികതയുടെ കാര്യത്തിൽ പുതിയനിയമം പഴയ നിയമത്തെ കടത്തിവെട്ടും എന്നതാണ് സത്യം: "നിങ്ങൾ അന്യോന്യം സ്നേഹിപ്പിൻ"[259], 'ശത്രുക്കളെ സ്നേഹിപ്പിൻ'[260], എന്നെല്ലാം പറയുന്ന യേശു തന്നെയാണ് 'എന്നാൽ ഞാൻ തങ്ങൾക്കു രാജാവായിരിക്കുന്നതു സമ്മതമില്ലാത്ത ശത്രുക്കളായവരെ ഇവിടെ കൊണ്ടുവന്നു എന്റെ മുമ്പിൽ വെച്ചു കൊന്നുകളവിൻ"[261] എന്നു പറയുന്നതും!

മരിച്ചു സ്വർഗ്ഗത്തിൽ ചെന്ന് ദൈവത്തിന്റെ മഹാവിരുന്നിന് പങ്കെടുക്കാൻ ആഗ്രഹിക്കുന്ന ക്രിസ്ത്യാനികൾ മഹാവിരുന്നിന് അവരുടെ ദൈവം വിളമ്പുന്ന വിഭവങ്ങൾ എന്തൊക്കെയാണെന്ന് അറിയാത്തവരാവാനാണ് സാധ്യത. കാരണം മഹാവിരുന്നിന് വിളമ്പുന്ന വിഭവങ്ങൾ എന്തൊക്കെയാണെന്നറിയുന്ന നിമിഷം അങ്ങനൊരു സ്വർഗ്ഗവും വേണ്ട, മഹാവിരുന്നും വേണ്ട, ദൈവവും വേണ്ട എന്ന് പറഞ്ഞുകൊണ്ട് അവർ

257. എസക്കിയേൽ 21:14-17
258. എസക്കിയേൽ 23:20-22
259. യോഹന്നാൻ 13:34
260. ലൂക്കോസ് 6:27
261. ലൂക്കോസ് 19:27

ഓടിയിരിക്കും: 'ദൈവത്തിന്റെ മഹാവിരുന്നിനു വരുവിൻ. രാജാക്കൻമാർ, സൈന്യാധിപൻമാർ, ശക്തൻമാർ എന്നിവരുടെയും, കുതിരകളുടെയും അവയുടെ പുറത്തിരിക്കുന്നവരുടെയും, സ്വതന്ത്രരും അടിമകളും ചെറിയവരും വലിയവരും ആയ[262] എല്ലാവരുടെയും മാംസം ഭക്ഷിക്കുന്നതിന് ഒന്നിച്ചുകൂടുവിൻ.'

ചെറിയവരും വലിയവരുമായ എല്ലാവരുടെയും മാംസം എന്ന് പറയുമ്പോൾ ശിശുക്കൾ മുതൽ വൃദ്ധന്മാർ വരെയുള്ള സകലരുടെയും മാംസമാണ് വിളമ്പുന്നത്. ഇംഗ്ലീഷ് The Weymouth New Testament ബൈബിളിൽ 'the flesh of all mankind' എന്നും The new living translation of all humanity' എന്നും എഴുതിയിട്ടുണ്ട്.

■

262. വെളിപാട് 19:17-18

# 11. ഉയിർത്തെഴുന്നേൽപ്പ് എന്ന നാടകം

മരിച്ചവരാരും നാളിതുവരെ തിരിച്ചു വന്നിട്ടില്ല; എന്നാൽ യേശു അസാധ്യമായ ആ കാര്യം നിർവഹിച്ചു എന്നാണ് ബൈബിൾ അവകാശവാദം! ഈ അവകാശവാദത്തെ നമുക്കൊന്നു ഇഴകീറി പരിശോധിക്കാം. മത്തായി മാർക്കോസ്, ലൂക്കോസ്, യോഹന്നാൻ എന്നീ നാലു പേരുകളിൽ ഉള്ള പുസ്തകങ്ങളിലും യേശുവിന്റെ ഉയർത്തെഴുന്നേൽപ്പിനെ കുറിച്ച് രേഖപ്പെടുത്തിയിട്ടുണ്ട്. മാർക്കോസും ലൂക്കോസും യേശുവിന്റെ അപ്പോസ്തോലഗണത്തിൽ പെടുന്നവരല്ലാത്തതുകൊണ്ടും മത്തായിയുടെ വിവരണം ഒത്തിരി അതിശയോക്തി നിറഞ്ഞതായതുകൊണ്ടും യേശു സ്നേഹിച്ചിരുന്ന ശിഷ്യൻ എന്നു പറയപ്പെടുന്ന യോഹന്നാന്റെ സുവിശേഷത്തിന് മുൻഗണന നൽകിയാവും വിശകലനം.

മരിച്ച ഒരുവൻ ജീവനോടെ വീണ്ടും വരിക എന്നു പറയുന്നത് അയാളുടെ രണ്ടാം പിറവിയാണ്. യേശുവിന്റെ ആദ്യപിറവിക്ക് കാരണമായത് മറിയയും ജോസഫും ആയിരുന്നുവെങ്കിൽ അവന്റെ രണ്ടാം പിറവിയുടെ കഥയിലും മറിയയും ജോസഫും തന്നെയാണ് കേന്ദ്രകഥാപാത്രങ്ങൾ എന്നത് ശ്രദ്ധേയമാണ്.

യേശുവിനെ പ്രസവിച്ച ജോസഫിന്റെ ഭാര്യ മറിയയെ സ്ത്രീകളിൽ അനുഗ്രഹിക്കപ്പെട്ടവൾ എന്നാണ് ബൈബിൾ വിശേഷിപ്പിക്കുന്നതെങ്കിൽ യേശുവിന്റെ രണ്ടാം പിറവി അഥവാ ഉയർത്തെഴുന്നേൽപ്പ് നാടകത്തിലെ കേന്ദ്രകഥാപാത്രമായ മഗ്ദലനക്കാരി മറിയ ഒത്തിരി പിശാചുക്കൾ ബാധിച്ച സ്ത്രീയായിരുന്നുവെന്നാണ് ബൈബിൾ പറയുന്നത്: 'ആഴ്ചയുടെ ഒന്നാം ദിവസം രാവിലെ ഉയിർത്തെഴുന്നേറ്റതിനുശേഷം, യേശു ആദ്യം മഗ്ദലേനമറിയത്തിനു പ്രത്യക്ഷപ്പെട്ടു. ഇവളിൽ നിന്നാണ് അവൻ ഏഴു പിശാചുക്കളെ പുറത്താക്കിയത്.' [263]

സാധാരണയായി അവിവാഹിതയായ ഒരു സ്ത്രീയുടെ പേരിന്റെ കൂടെ അവളുടെ പിതാവിന്റെ പേരും വിവാഹിതയായ സ്ത്രീയുടെ പേരിന്റെ കൂടെ ഭർത്താവിന്റെ പേരും ആണ് കാണപ്പെടുക എന്നാൽ വേശ്യാസ്ത്രീകളുടെ പേരിന്റെ കൂടെ സ്ഥലപ്പേരാണ് കാണുക. — തോപ്പുംപടി സുഹറ, തമ്മനം മേരി എന്നപോലെ. വേശ്യകൾ ആരോടും തങ്ങളുടെ ബന്ധുജനങ്ങളുടെ പേര് വെളിപ്പെടുത്താൻ ആഗ്രഹിക്കു

263. മാർക്കോസ് 16:9.

കയില്ല. താനോ നശിച്ചു, ഇനി തന്റെ ബന്ധുജനങ്ങളും അപകീർത്തിപ്പെടരുതെന്ന് അവർ ആഗ്രഹിക്കുന്നത് കൊണ്ടാകാം ഇങ്ങനെ പെരുമാറുന്നത്. സ്ഥലപ്പേരിൽ അറിയപ്പെട്ടിരുന്ന മഗ്ദലനകാരി മറിയവും വേശ്യ ആയിരുന്നു എന്നു വേണം അനുമാനിക്കാൻ. അവൾ വേശ്യ മാത്രമായിരുന്നില്ല. പിന്നെയോ ഒന്നിലേറെ പിശാചു ബാധിച്ച സ്ത്രീയും ആയിരുന്നു.

ഇവിടെ പ്രസക്തമായ കാര്യം മറ്റൊന്നാണ്; ഒരാളുടെ മാതാവ് ജീവനോടിരിക്കെ അയാളുടെ മരണം സംഭവിക്കുന്നുവെന്നു കരുതുക. എങ്കിൽ അയാളുടെ മരണത്തിൽ ഏറ്റവും ദുഃഖിക്കുന്നത് അയാളെ നൊന്തു പ്രസവിച്ച അയാളുടെ മാതാവു തന്നെയാവില്ലേ? ഇനി ഈശ്വരാനുഗ്രഹത്താൽ രണ്ടു ദിവസങ്ങൾക്കു ശേഷം അയാൾ വീണ്ടും ജീവനോടെ ഉയർത്തെഴുന്നേൽക്കുന്നു എന്നിരിക്കട്ടെ. എങ്കിൽ ഉയർത്തെഴുന്നേറ്റ അയാൾ ആദ്യം കാണാൻ ആഗ്രഹിക്കുക ആരെയാവും? തന്റെ മരണത്തിൽ ഏറെ ദുഃഖിതയായ തന്റെ മാതാവിനെ ആയിരിക്കില്ലേ? എന്നാൽ യേശു ഉയർത്തെഴുന്നേറ്റതിനുശേഷം ആദ്യം പ്രത്യക്ഷപ്പെട്ടു എന്ന് ബൈബിൾ പറയുന്നത് അനേകം പിശാചുക്കൾ ബാധിച്ച വേശ്യ സ്ത്രീ മഗ്ദലനക്കാരി മറിയയുടെ മുന്നിലാണ്. യേശുവിന്റെ ഈ പ്രവൃത്തി നൽകുന്ന സന്ദേശം എന്താണ്?

അന്നാട്ടിലെ വേശ്യയെക്കാളും നിലവാരം കുറഞ്ഞ സ്ത്രീയായാണ് യേശു തന്റെ മാതാവിനെ കണ്ടത് എന്നാണോ, അതോ സ്വന്തം അമ്മയേക്കാൾ ഒരു പുത്രൻ ആദരിക്കേണ്ടത് വേശ്യാസ്ത്രീകളെയാണെന്നാണോ? യേശുവിനെ ഗുരുവായി കണക്കാക്കുന്ന യേശുവിന്റെ അനുയായികളായ ക്രിസ്ത്യാനികളും യേശു കാട്ടിത്തന്ന ഈ നവവിപ്ലവപാത പിന്തുടരണമെന്നാണോ?

നല്ലവനായ ഗുരോ എന്ന് യേശുവിനെ വിളിച്ച യഹൂദനോട് 'നീ എന്തിനു എന്നെ നല്ലവൻ എന്ന് വിളിക്കുന്നു, നല്ലവരായി ആരുമില്ല',"[264] എന്നാണ് യേശു പറഞ്ഞത്. അല്ലാതെ 'നീ എന്തിനു എന്നെ ഗുരു എന്ന് വിളിക്കുന്നു' എന്നല്ല ചോദിച്ചത്. അതായത് യേശു ഗുരുവാണ്, പക്ഷെ നല്ലവനല്ല എന്നാണതർത്ഥമാക്കുന്നത്. മരിച്ച് രണ്ടാമതു വന്നിട്ട് പെറ്റമ്മയുടെ മുന്നിൽ ആദ്യം പ്രത്യക്ഷപ്പെടാതെ സ്ഥലത്തെ വേശ്യയുടെ മുന്നിൽ പ്രത്യക്ഷപ്പെട്ട യേശു എങ്ങിനെ നല്ലവനാകും?

യേശുവിനു നല്ലവനാകാൻ വയ്യ പക്ഷെ ഗുരുവാകണം. യേശു പറയുന്നത് 'എന്നാൽ, നിങ്ങൾ റബ്ബീ (ഗുരു) എന്നു വിളിക്കപ്പെടരുത്. എന്തെന്നാൽ നിങ്ങൾക്ക് ഒരു ഗുരുവേയുള്ളൂ. നിങ്ങളെല്ലാം സഹോദരൻമാരാണ്. ഭൂമിയിൽ ആരെയും നിങ്ങൾ പിതാവെന്നു വിളിക്കരുത്. എന്തെന്നാൽ, നിങ്ങൾക്ക് ഒരു പിതാവേയുള്ളൂ – സ്വർഗസ്ഥനായ പിതാ

264. ലൂക്കോസ് 18:18–19

വ്. നിങ്ങൾ നേതാക്കൻമാർ എന്നും വിളിക്കപ്പെടരുത്. എന്തെന്നാൽ, ക്രിസ്തുവാണ് നിങ്ങളുടെ ഏക നേതാവ്.'[265]

തനിക്കു ചൂണ്ടിക്കാണിക്കാൻ ഒരു പിതാവില്ലായിരുന്നു എന്ന് കരുതി ഭൂമിയിൽ ഒരു മനുഷ്യനെയും നിങ്ങൾ പിതാവെന്ന് വിളിക്കരുത് എന്ന് മറ്റുള്ളവരോട് യേശു പറയുന്നത് അക്ഷന്തവ്യമായ തെറ്റല്ലേ? ഭൂമിയിൽ ഒരു മനുഷ്യനെയും പിതാവെന്നു വിളിക്കരുതെന്ന് യേശു പറയുന്നു. എന്തെന്നാൽ നിങ്ങൾക്ക് ഒരു പിതാവേയുള്ളൂ - സ്വർഗസ്ഥനായ പിതാവ് എന്നും പറയുന്നുണ്ട്. എന്നാൽ പുതിയനിയമം ആരംഭിക്കുന്നതു തന്നെ "അബ്രാഹത്തിന്റെ പുത്രനായ ദാവീദിന്റെ പുത്രൻ യേശു ക്രിസ്തുവിന്റെ വംശാവലിഗ്രന്ഥം" എന്ന് പറഞ്ഞു കൊണ്ടാണ്. അബ്രാഹത്തിന്റെ പുത്രൻ എന്ന് പറയുമ്പോൾ അബ്രാഹം യേശുവിന്റെ പിതാവായില്ലേ? ദാവീദിന്റെ പുത്രൻ എന്നു പറയുമ്പോൾ ദാവീദ് യേശുവിന്റെ പിതാവായില്ലേ?

പുതിയനിയമം അവസാനഗ്രന്ഥം അവസാന അദ്ധ്യായത്തിൽ 'യേശുവായ ഞാൻ സഭകളെക്കുറിച്ച് നിങ്ങൾക്കു സാക്ഷ്യപ്പെടുത്തുന്നതിനുവേണ്ടി എന്റെ ദൂതനെ അയച്ചു. ഞാൻ ദാവീദിന്റെ വേരും സന്തതിയുമാണ്'[266] എന്ന് യേശു പറയുന്നുണ്ട്. യേശു ദാവീദിന്റെ സന്തതിയാണ് എന്ന് പറയുമ്പോൾ ദാവീദ് യേശുവിന്റെ പിതാവായില്ലേ?

ഊറിയയുടെ ഭാര്യ ബെത്ഷേബാക്ക് അവിഹിതഗർഭമുണ്ടാക്കി ഒടുവിൽ അത് ഊറിയ കണ്ടുപിടിക്കുമെന്നു ഭയന്ന് അയാളെ നിഷ്ക്കരുണം കൊന്നു തള്ളിയ ദാവീദാണോ യേശു ഉദ്ദേശിച്ച സ്വർഗ്ഗസ്ഥനായ പിതാവ്?

യേശുവിനെ പ്രസവിച്ചത് മറിയയാണ്. ജോസഫ് മറിയയുടെ ഭർത്താവായിരുന്നു. പക്ഷേ യേശുവിന്റെ പിതാവായിരുന്നില്ല. സ്വന്തം പിതാവല്ലാത്ത ഒരുവനെ പിതാവെന്നു വിളിച്ചു വളർന്ന യേശു മറ്റുള്ളവരോട് ഭൂമിയിൽ ആരെയും പിതാവെന്ന് വിളിക്കരുതെന്ന് കല്പിക്കുന്നത് സത്യത്തിൽ ധാർഷ്ട്യത്തിന്റെ അങ്ങേയറ്റമല്ലേ?

'അനന്തരം അവൻ ദൈവരാജ്യം പ്രസംഗിച്ചും സുവിശേഷിച്ചും കൊണ്ടു പട്ടണംതോറും സഞ്ചരിച്ചു. അവനോടുകൂടെ പന്തിരുവരും അവൻ ദുരാത്മാക്കളെയും വ്യാധികളെയും നീക്കി സൌഖ്യം വരുത്തിയ ചില സ്ത്രീകളും ഏഴു ഭൂതങ്ങൾ വിട്ടുപോയ മഗ്ദലക്കാരത്തി മറിയയും ഹെരോദാവിന്റെ കാര്യവിചാരകനായ കൂസയുടെ ഭാര്യ യോവന്നയും സൂസന്നയും തങ്ങളുടെ വസ്തുവകകൊണ്ടു അവർക്കു ശുശ്രൂഷ ചെയ്തു പോന്ന മറ്റു പല സ്ത്രീകളും ഉണ്ടായിരുന്നു.' യേശുവിന്റെയും അപ്പോസ്തലന്മാരുടെയും കൂടി ചുറ്റിയടിച്ചുനടന്നിരുന്ന സ്ത്രീകളിൽ മുകളിൽ സൂചിപ്പിച്ച യോവന്ന, സൂസന്ന, മറിയ എന്നിവർ കൂടാതെ

---

265. മത്തായി 23:8-10
266. വെളിപാട് പുസ്തകം 22:16

മറ്റു പല സ്ത്രീകളും ഉണ്ടായിരുന്നു.[267] അവർ തങ്ങളുടെ വസ്തുവക കൊണ്ട് യേശുവിനും അപ്പോസ്തോലന്മാർക്കും ശുശ്രൂഷ ചെയ്തിരുന്നു എന്നും പറയുന്നുണ്ട്. എന്തായിരിക്കും മഗ്ദലേന മറിയയെപോലുള്ള സ്ത്രീകളുടെ വസ്തുവക കൊണ്ടുള്ള ശുശ്രൂഷ എന്നത് വായനക്കാരന്റെ മനോധർമ്മത്തിനു വിടുന്നു! അതേതുതരം ശുശ്രൂഷ ആയിരുന്നാലും ധാരാളം സ്ത്രീകളുമായിട്ടായിരുന്നു യേശുവിന്റെയും അപോസ്തലന്മാരുടെയും ഊരുതെണ്ടൽ. മാത്രമല്ല, കണ്ടവന്റെ ഭാര്യമാരും രാവും പകലും ലോകരക്ഷകന്റെ കൂടെയുണ്ടായിരുന്നു. ഇങ്ങിനെ രാവും പകലും പല പ്രായത്തിലുള്ള സ്ത്രീകളാൽ നല്ലതുപോലെ ശുശ്രൂഷിക്കപ്പെട്ടിരുന്ന യേശുവാണ് 'മനുഷ്യപുത്രൻ വന്നിരിക്കുന്നത്, ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാനും സ്വന്തം ജീവൻ അനേകർക്കു വേണ്ടി മോചനദ്രവ്യമായി നൽകാനുമത്രേ.'[268] എന്ന് യാതൊരു മനഃസാക്ഷിക്കുത്തുമില്ലാതെ ഗീർവാണമടിക്കുന്നതെന്നോർക്കണം. യേശു എന്തുകൊണ്ട് കല്യാണം കഴിച്ചില്ല എന്ന് ചോദിച്ചാൽ ഒരു ചായകുടിക്കാൻ ആരേലും ചായക്കട വിലക്കു വാങ്ങുമോ എന്നാവും ഒരുപക്ഷെ യേശുവിന്റെ മറുപടി. കാരണം യേശുവിനെ ശുശ്രൂഷിക്കാൻ പല പ്രായത്തിലുള്ള സ്ത്രീകൾ സദാസമയവും യേശുവിനോടൊപ്പമുണ്ടായിരുന്നു.

വീടും കുടുംബവും ഭർത്താക്കന്മാരേയും ഉപേക്ഷിച്ച് അന്യപുരുഷന്മാരുടെ കൂടെ രാവും പകലും ഊരുതെണ്ടി നടന്നിരുന്ന ഈ മഹിളാരത്നങ്ങളാണ് യേശുവിന്റെ ഉയർത്തെഴുന്നേൽപ്പു നാടകത്തിന് നാന്ദി കുറിക്കാൻ ആ ഞായറാഴ്ച് അതിരാവിലെ യേശുവിന്റെ ജഡം മറവു ചെയ്തിരുന്ന കല്ലറയിലേക്കു വരുന്നത്.

കല്ലറയുടെ പ്രവേശനകവാടം മൂടിയിരുന്ന കല്ല് ആരോ ഉരുട്ടിമാറ്റിയതായി കണ്ട മഗ്ദലേനക്കാരി മറിയ കല്ലറയ്ക്കുള്ളിൽ കടക്കാതെ തന്നെ കല്ലറയ്ക്കുള്ളിൽ യേശുവിന്റെ ജഡമില്ല എന്നു തീർച്ചപ്പെടുത്തുന്നു. 'അവൾ ഓടി ശിമോൻ പത്രൊസിന്റെയും യേശുവിന്നു പ്രിയനായ മറ്റെ ശിഷ്യന്റെയും അടുക്കൽ ചെന്നു: കർത്താവിനെ കല്ലറയിൽ നിന്നു എടുത്തു കൊണ്ടുപോയി; അവനെ എവിടെ വെച്ചു എന്നു ഞങ്ങൾ അറിയുന്നില്ല എന്നു അവരോടു പറഞ്ഞു'[269] തൽക്ഷണം പത്രോസും യേശു സ്നേഹിച്ചിരുന്ന ശിഷ്യനും കല്ലറ സ്ഥിതി ചെയ്യുന്ന ഗോല്ഗോത്തയിലേക്ക് ഓടുന്നു. അവർ രണ്ടാളും അകത്തു കടന്നു നോക്കുമ്പോൾ 'ശീലകൾ കിടക്കുന്നതും അവന്റെ തലയിൽ ചുറ്റിയിരുന്ന റൂമാൽ ശീലകളോടുകൂടെ കിടക്കാതെ വേറിട്ടു ഒരിടത്തു ചുരുട്ടി വെച്ചിരിക്കുന്നതും'[270] കാണുന്നു. അവർ രണ്ടുപേരും തിരിയെ പോകുന്നു.

---

267. ലൂക്കോസ് 8:1–3
268. മാർക്കോസ് 10:45
269. യോഹന്നാൻ 20:2
270. യോഹന്നാൻ 20:7

അപ്പോസ്തലന്മാർ മടങ്ങിപോയതിനുശേഷവും മറിയ കല്ലറയുടെ കവാടത്തിൽ തന്നെ നിന്നു അപ്പോൾ പൊടുന്നനെ അവൾ കല്ലറയ്ക്കുള്ളിൽ 'യേശുവിന്റെ ശരീരം കിടന്നിരുന്ന ഇടത്തു വെള്ളവസ്ത്രം ധരിച്ച രണ്ടു ദൂതന്മാർ, ഒരുത്തൻ തലക്കലും ഒരുത്തൻ കാൽക്കലും ഇരിക്കുന്നതു കണ്ടു.'[271] അവരോടു അവൾ സംസാരിച്ചുകൊണ്ടിരിക്കെ 'അവൾ പിന്നോക്കം തിരിഞ്ഞു, യേശു നില്ക്കുന്നതു കണ്ടു; യേശു എന്നു അറിഞ്ഞില്ല താനും. യേശു അവളോടു: സ്ത്രീയേ, നീ കരയുന്നത് എന്തിന്? ആരെ തിരയുന്നു എന്നു ചോദിച്ചു. അവൻ തോട്ടക്കാരൻ എന്നു നിരൂപിച്ചിട്ടു അവൾ: യജമാനനേ, നീ അവനെ എടുത്തുകൊണ്ടു പോയി എങ്കിൽ അവനെ എവിടെ വെച്ചു എന്നു പറഞ്ഞുതരിക; ഞാൻ അവനെ എടുത്തുകൊണ്ടുപൊയ്ക്കൊള്ളാം എന്നു അവനോടു പറഞ്ഞു. യേശു അവളോടു: മറിയേ, എന്നു പറഞ്ഞു. അവൾ തിരിഞ്ഞു എബ്രായഭാഷയിൽ: റബ്ബൂനീ എന്നു പറഞ്ഞു; അതിന്നു ഗുരു എന്നർത്ഥം. യേശു അവളോടു: എന്നെ തൊടരുതു; ഞാൻ ഇതുവരെ പിതാവിന്റെ അടുക്കൽ കയറിപ്പോയില്ല; എങ്കിലും നീ എന്റെ സഹോദരന്മാരുടെ അടുക്കൽ ചെന്നു: എന്റെ പിതാവും നിങ്ങളുടെ പിതാവും എന്റെ ദൈവവും നിങ്ങളുടെ ദൈവവുമായവന്റെ അടുക്കൽ ഞാൻ കയറിപ്പോകുന്നു എന്നു അവരോടു പറക' എന്നു പറഞ്ഞു. മഗ്ദലനക്കാരത്തി മറിയ വന്നു താൻ കർത്താവിനെ കണ്ടു എന്നും അവൻ ഇങ്ങനെ തന്നോടു പറഞ്ഞു എന്നും ശിഷ്യന്മാരോടു അറിയിച്ചു.'[272]

മരണം എന്നാൽ ജീവാത്മാവും മനസ്സുമായി ശരീരത്തിനുള്ള ബന്ധം വേർപ്പെടുക എന്നുകൂടി അർത്ഥമുണ്ട്. വെള്ളിയാഴ്ച ഉച്ചയ്ക്ക് കുരിശിൽ തറയ്ക്കപ്പെട്ട് മരിച്ച യേശു ഞായറാഴ്ച രാവിലെ പ്രത്യക്ഷപ്പെടുന്നത് മഗ്ദലനമറിയം  എന്ന പിശാച് ബാധിച്ച സ്ത്രീയുടെ മുന്നിലാണ്. മാത്രമല്ല യേശു അവളോട് സംസാരിക്കുകയും ചെയ്യുന്നുണ്ട് എന്നാൽ അവൾ യേശുവിനെ തിരിച്ചറിയുന്നില്ല. യേശുവിന്റെ കൂടെ രാവും പകലും സഞ്ചരിച്ച സ്ത്രീ പൊടുന്നനെ യേശുവിനെ തിരിച്ചറിയുന്നില്ല എന്നു പറഞ്ഞാൽ എന്താണർത്ഥം? അതിന് ഒരു അർത്ഥമേയുള്ളൂ അവൾക്ക് സുപരിചിതമായ രൂപത്തിലും ഭാവത്തിലും അല്ല യേശു അവളുടെ മുന്നിൽ പ്രത്യക്ഷനായത്. ഇവിടെ യേശു അവളുമായി സംസാരിക്കുന്നുണ്ട്. എന്നിട്ടും അവൾക്ക് യേശുവിനെ തിരിച്ചറിയാൻ കഴിയുന്നില്ലയെങ്കിൽ രൂപത്തിലും ഭാവത്തിലും മാത്രമല്ല സ്വരത്തിലും യേശു വ്യത്യാസം വരുത്തിയിരുന്നു എന്നാണ് മനസ്സിലാകുന്നത്.

യേശു മരിച്ചതിനുശേഷം ജീവനോടെ ഉയർത്തെഴുന്നേറ്റു വരുന്നു, താൻ മരണത്തെ തോൽപ്പിച്ചിരിക്കുന്നു, ഇതാ ജീവനോടെ വീണ്ടും വന്നിരിക്കുന്നു എന്ന് തെളിയിക്കുവാൻ മറിയത്തിനു മുന്നിൽ പ്രത്യക്ഷപ്പെടുന്നു. അപ്പോൾ എന്തിനാണ് സ്വരൂപവ്യത്യാസം വരുത്തുന്നത്?

271. യോഹന്നാൻ 20:12
272. യോഹന്നാൻ 20:14-18

മറിയയ്ക്ക് സുപരിചിതമായ രൂപഭാവത്തിൽ പ്രത്യക്ഷപ്പെടാഞ്ഞത് എന്തുകൊണ്ട് എന്നത് വളരെ ഗൗരവമർഹിക്കുന്ന ചോദ്യമല്ലേ?

അതിന് പല കാരണങ്ങളുണ്ട്. ഗോൽഗോത്തായിലെ പത്രോസിന്റെയും യോഹന്നാന്റെയും സാന്നിദ്ധ്യമാണ് ഒരു കാരണം. അവർ കല്ലറ സന്ദർശിച്ചതിനു ശേഷം തിരിച്ചു പോകുന്നതേയുള്ളു. യേശുവിന്റെ ജഡം മറവു ചെയ്ത കല്ലറ ഒരു തോട്ടത്തിനുള്ളിലാണ്[273] യേശു മറിയയുടെ മുന്നിൽ പ്രത്യക്ഷപ്പെടുന്നതാകട്ടെ തോട്ടക്കാരന്റെ വേഷത്തിലും. മറിയ ഇവിടെ ഒരു തോട്ടക്കാരൻ നിൽക്കുന്നു എന്നു പറഞ്ഞ് പത്രോസിനെയും യോഹന്നാനെയും തിരിയെ വിളിക്കില്ല. എന്നാൽ യേശു മഗ്ദലനക്കാരി മറിയയുടെ മുന്നിൽ അവൾക്ക് സുപരിചിതമായ വേഷത്തിൽ പ്രത്യക്ഷപ്പെട്ടിരുന്നുവെങ്കിൽ, പത്രോസും യോഹന്നാനും അപ്പോൾ മറിയയിൽ നിന്നും വിളിപ്പാടകലെയായിരുന്നുവെങ്കിൽ, അവൾ അവരെ തിരിച്ചുവിളിക്കാൻ ഇടയുണ്ട്. അതൊഴിവാക്കാനാണ് യേശു തോട്ടക്കാരന്റെ വേഷത്തിൽ വന്നത്.

നിമിഷങ്ങൾ പിന്നിടും തോറും മഗ്ദലനക്കാരിയും ശിഷ്യന്മാരും തമ്മിലുള്ള അകലം വർദ്ധിച്ചുകൊണ്ടേയിരിക്കും. മഗ്ദലനക്കാരി ഗോൽഗോത്തയിൽ നിന്നു പോകാനും പാടില്ല പത്രോസിനെയും യോഹന്നാനെയും അവൾ തിരിച്ചു വിളിക്കാനും പാടില്ല, യേശുവിന്റെ ആവശ്യം ഇതായിരുന്നു. എന്നാൽ യേശു അവളുമായി സംസാരിച്ചുകൊണ്ടിരിക്കെ പത്രോസും യോഹന്നാനും മഗ്ദലനക്കാരിയുടെ ശ്രവണപരിധിക്കു അപ്പുറത്തായി. കൗശലക്കാരനായ യേശു അക്കാര്യം ഉറപ്പുവരുത്തിയതിനു ശേഷം ആണ് മഗ്ദലനക്കാരിക്ക് പരിചിതമായ രൂപഭാവത്തിൽ പ്രത്യക്ഷപ്പെടുന്നതും പരിചിതമായ സ്വരത്തിൽ മറിയേ എന്നു വിളിക്കുന്നതും.

മഗ്ദലനക്കാരി കല്ലറയ്ക്കു മുന്നിൽ 'കരഞ്ഞുകൊണ്ടിരിക്കുമ്പോൾ കുനിഞ്ഞു കല്ലറയിലേക്കു നോക്കി. അപ്പോൾ യേശുവിന്റെ ശവം കിടന്നിരുന്ന ഇടത്തു വെള്ളവസ്ത്രം ധരിച്ച രണ്ടു ദൂതന്മാരെ അവൾ കണ്ടുവെന്നു പറയുന്നുണ്ട്. 'അവർ അവളോടു ചോദിച്ചു: സ്ത്രീയേ, എന്തിനാണു നീ കരയുന്നത്? അവൾ പറഞ്ഞു: എന്റെ കർത്താവിനെ അവർ എടുത്തുകൊണ്ടുപോയി; അവർ അവനെ എവിടെയാണു വച്ചിരിക്കുന്നത് എന്ന് എനിക്കറിഞ്ഞുകൂടാ'[274] എന്നവൾ മറുപടിയും നൽകുന്നുണ്ട്. ഇതേ ചോദ്യം തന്നെയാണ് യേശുവും മറിയയോട് ചോദിക്കുന്നത് 3 പേര് ഒരാളോട് ഒരേ ചോദ്യം തന്നെ ചോദിക്കുന്നു— 'സ്ത്രീയെ നീ എന്തിനാണ് കരയുന്നത്?' എന്നാൽ ഈ മൂന്നുപേർക്കും മറിയ കരയുന്നതെന്തിനാണെന്ന് നല്ലതു പോലറിയാം. അതായത് ചോദ്യത്തിന്റെ ഉത്തരം അറിയാനുള്ള ചോദ്യമല്ല. പിന്നെയോ, ചുമ്മാ നേര

273. യോഹന്നാൻ 21:41
274. യോഹന്നാൻ 20:13

ബോക്കിന് വേണ്ടി ചോദിച്ച ചോദ്യമായിരുന്നു അത്. അല്പം സമയം പാഴാക്കാനും അതിലൂടെ പത്രോസും യോഹന്നാനും മറിയ വിളിച്ചാലും വിളി കേൾക്കാനിടയില്ലാത്തത്ര അകലത്തിലാവാനും എന്ന് പറഞ്ഞത് അതുകൊണ്ടാണ്.

കുറ്റവാളിയെ കണ്ടുപിടിക്കുന്ന കുറ്റാന്വേഷകൻ അയാളുടെ നാൾവഴികളിൽ കുറ്റവാളിയുടെ മനഃശാസ്ത്രവും മനസിലാക്കും. യേശുവിന്റെ സ്വഭാവം നല്ലതുപോലെ അറിയാവുന്നതു കൊണ്ട് പറയുകയാണ് നേരമ്പോക്ക് പറയുന്നവനല്ല യേശു. യേശു ചെയ്യുന്നതിനും പറയുന്നതിനും എപ്പോഴും കാരണങ്ങളുണ്ടാവും ഒന്നിലേറെ കാരണങ്ങൾ.

യേശുവിന്റെ ജീവചരിത്രം നാല് ശിഷ്യന്മാർ എഴുതിയതാണ് ഗോസ്പൽ അഥവാ സുവിശേഷങ്ങൾ എന്നാണ് പറയാറ്. ഇതിൽ ഒരിടത്ത് മാത്രം സ്വന്തം സഹോദരി ബഥനിക്കാരി മറിയയെ വേശ്യാവൃത്തിക്കു വിട്ട് ജീവിക്കുന്ന ലാസറിന്റെ ശവകുടീരത്തിനു മുന്നിൽ യേശു കരയുന്നതായി എഴുതിയിട്ടുണ്ട്.[275] എന്നാൽ മത്തായി, മാർക്കോസ്, ലൂക്കോസ് യോഹന്നാൻ എന്നീ പേരുകളിലുള്ള നാല് 'സുവിശേഷ'ങ്ങളിൽ ഒരിടത്തും യേശു ചിരിച്ചതായോ ഒരു ചെറു മന്ദസ്മിതം ചെയ്തതായോ എഴുതിയിട്ടില്ല!

യേശുവിനു ചിരിക്കാനാവില്ല. മനസ്സിൽ അല്പമെങ്കിലും നന്മയുള്ളവർക്കേ ചിരിക്കാൻ കഴിയൂ. നല്ലവനായ ഗുരു എന്ന് ഒരുവൻ യേശുവിനെ വിളിച്ചപ്പോൾ നീ എന്തിനെന്നേ നല്ലവൻ എന്ന് വിളിക്കുന്നു നല്ലവരായി ആരുമില്ല എന്ന് പറഞ്ഞവനാണ് യേശു. ഭൂമി മുഴുവൻ കത്തിയെരിയുവോളം ഞാൻ എത്രമാത്രം ഞെരുങ്ങുന്നു[276] എന്ന് പറഞ്ഞവനാണ് യേശു അങ്ങനെയുള്ള ഒരുവന് എങ്ങനെ ചിരിക്കാൻ കഴിയും?

തന്റെ കൺമുമ്പിൽ നിൽക്കുന്നത് രണ്ട് ദിവസം മുന്നേ കുരിശിൽ ചോര വാർന്നൊലിച്ചു മരിച്ച യേശുവാണെന്ന് മറിയ തിരിച്ചറിയുന്നു. നിങ്ങളുടെ കൺമുമ്പിൽ വെച്ച് മരിച്ചുപോയ ഒരുവൻ രണ്ട് ദിവസം കഴിഞ്ഞ് നിങ്ങൾക്ക് മുന്നിൽ പ്രത്യക്ഷനായാൽ നിങ്ങളുടെ ആദ്യ പ്രതികരണം എന്തായിരിക്കും? അയാൾ ജീവനോടെ വന്നതാണോ അതോ നിങ്ങളുടെ കൺമുമ്പിൽ നിൽക്കുന്നത് ഭൂതമാണോ, മായയാണോ എന്ന് തിരിച്ചറിയാൻ അയാളെ തൊട്ടു നോക്കാൻ ആവില്ലേ നിങ്ങൾ ശ്രമിക്കുക? എങ്കിൽ മഗ്ദലനകാരിയും അതുതന്നെയല്ലേ ചെയ്യാൻ ശ്രമിക്കുക? അതുകൊണ്ടാണ് യേശു എന്നെ തൊടരുത് എന്ന് അവളോട് പറഞ്ഞത്.

എന്നാൽ യേശു പറഞ്ഞത് എന്നെ തൊടരുത് എന്ന് മാത്രമല്ല പിന്നെയോ 'എന്നെ തൊടരുത്, ഞാൻ ഇതുവരെ പിതാവിന്റെ അടുക്കൽ

275. യോഹന്നാൻ 11:35
276. ലൂക്കോസ് 12:49-50

കയറി പോയില്ല' എന്നാണ്. ഭാര്യയെ തൊടാൻ പോകുന്ന ഭർത്താവി നോട് ഭാര്യ 'എന്നെ തൊടരുത്, ഞാൻ ഇതുവരെ കുളിച്ചിട്ടില്ല' എന്നു പറഞ്ഞാൽ അതിനർത്ഥം 'എന്നെ തൊടരുത്' എന്നല്ല, കുളി കഴിഞ്ഞ തിനുശേഷം എന്നെ തൊടാം എന്നാണ്. അതുപോലെ യേശു പറഞ്ഞ തിനർത്ഥം 'മറിയേ, നീ എന്നെ തൊടരുത്' എന്നല്ല 'ഞാനിതുവരെ പിതാവിന്റെ അടുക്കൽ പോയിട്ടില്ല പിതാവിന്റെ അടുക്കൽ പോയതി നുശേഷം നിനക്ക് എന്നെ തൊടാം' എന്നാണ്.

പിതാവ് എവിടെയാണ്? സ്വർഗ്ഗത്തിൽ. മറിയ എവിടെയാണ്? ഭൂമി യിൽ. അപ്പോൾ പിന്നെ പിതാവിന്റെ അടുക്കലേക്കു കയറിപ്പോയ യേശു വിനെ മറിയ എങ്ങനെ തൊടാനാണ്? മാത്രമല്ല എന്നെ തൊടരുത് ഞാൻ പിതാവിന്റെ അടുക്കലേക്ക് ഇതുവരെ കയറി പോയിട്ടില്ല എന്ന് യേശു പറയുന്നത് യേശുവിന്റെ മറ്റൊരു വചനത്തിന്റെ നേർവിപരീത മാണ്. യേശുവിനോടൊപ്പം ക്രൂശിതനായ ഒരു വിശ്വാസിയോട് വെള്ളി യാഴ്ച ഉച്ചയ്ക്ക്, മരണത്തിനു തൊട്ടുമുമ്പ് യേശു പറയുന്നത് 'സത്യ മായും ഞാൻ നിന്നോട് പറയുന്നു ഇന്ന് നീ എന്നോട് കൂടി പറുദീസ യിൽ ആയിരിക്കും' [277] എന്നാണ്. ഈ വചനപ്രകാരം യേശു വെള്ളിയാ ഴ്ച ദിവസം തന്നെ യേശുവിന്റെ പിതാവിന്റെ വാസസ്ഥലമായ പറുദീ സയിലേക്കു പോയിട്ടുണ്ട്. അതായത് മറിയയോട് എന്നെ തൊടരുത് ഞാൻ ഇതുവരെ പിതാവിന്റെ അടുക്കൽ കയറി പോയിട്ടില്ല എന്ന് പറ ഞ്ഞത് കള്ളമാണ്.

അപ്പോൾ എന്നെ തൊടരുത് എന്ന് യേശു മറിയയോട് പറഞ്ഞ തിന്റെ യഥാർത്ഥ കാരണം എന്താണ്?

യഥാർത്ഥ കാരണം ഞായറാഴ്ച രാവിലെ മറിയയുടെ മുന്നിൽ പ്രത്യക്ഷപ്പെട്ടത് യേശു അല്ല, മറിച്ച് യേശുവിന്റെ ഭൂതമാണ് എന്നതാണ്.

മറിയ യേശുവിനെ തൊടാൻ കൈനീട്ടിയാൽ യേശുവിന്റെ ഉയർ ത്തെഴുന്നേൽപ്പുനാടകം ചീട്ടുകൊട്ടാരംപോലെ തകർന്നുവീഴുമെന്ന് യേ ശുവിനറിയാം.

ഒരു സ്ത്രീയായ മറിയയോട് യേശുവിന് എന്നെ തൊടരുത് എന്ന് പറയാം. എന്നാൽ പത്രോസും യോഹന്നാനും പുരുഷന്മാരാണ്. അവ രോട് എന്നെ തൊടരുതെന്ന് പറഞ്ഞാൽ അവർ സംശയിക്കില്ലേ? അതു കൊണ്ട് കൂടിയാണ് അവരെ ഒഴിവാക്കി മറിയയുടെ മുന്നിൽ യേശു ആദ്യം പ്രത്യക്ഷപ്പെട്ടത്.

മരിച്ചതിനു ശേഷം യേശു ആദ്യമായി പറയുന്ന വചനം സ്വർഗ്ഗസ്ഥ നായ പിതാവിന്റെയടുക്കലേക്കു പോകുന്നതുവരെ തന്നെ തൊടാൻ പാടില്ല എന്നാണ്. യേശുവിന്റെ സ്വർഗ്ഗാരോഹണം എന്ന് ബൈബിൾ പറയുന്നത് യേശുവിന്റെ പീഡാനുഭവത്തിന് നാൽപതു ദിവസം കഴി ഞ്ഞിട്ടാണ് എന്നാണ്: 'പീഡാനുഭവത്തിനുശേഷം നാൽപതു ദിവസ

277. ലൂക്കോസ് 23:43

ത്തേക്ക് യേശു അവരുടെയിടയിൽ പ്രത്യക്ഷനായി ദൈവരാജ്യത്തെക്കുറിച്ചു പഠിപ്പിച്ചു.'[278] ഇതിനു ശേഷമാണു സ്വർഗ്ഗാരോഹണം 'ഇതു പറഞ്ഞു കഴിഞ്ഞപ്പോൾ, അവർ നോക്കി നിൽക്കേ, അവൻ ഉന്നതങ്ങളിലേക്ക് സംവഹിക്കപ്പെട്ടു; ഒരു മേഘംവന്ന് അവനെ അവരുടെ ദൃഷ്ടിയിൽനിന്നു മറച്ചു."[279]

എന്നെ തൊടരുതെന്നു മറിയയോട് പറഞ്ഞ യേശു അവളോട് മറ്റൊരു കാര്യവും പറഞ്ഞിരുന്നു: "എങ്കിലും നീ എന്റെ സഹോദരന്മാരുടെ അടുക്കൽ ചെന്ന്: 'എന്റെ പിതാവും നിങ്ങളുടെ പിതാവും എന്റെ ദൈവവും നിങ്ങളുടെ ദൈവവുമായവന്റെ അടുക്കൽ ഞാൻ കയറിപ്പോകുന്നു' എന്നു അവരോടു പറക" മറിയയെ ഇങ്ങനെ പറഞ്ഞയച്ച യേശു പക്ഷെ പിതാവിന്റെ അടുക്കലേക്ക് പോയി എന്ന് ബൈബിൾ പറയുന്നത് ഉയർത്തെഴുന്നേറ്റതിനും ആഴ്ചകൾക്കു ശേഷമാണ്. ഇതിനിടെ യേശു ശിഷ്യന്മാരെ കാണുകയുമുണ്ടായി. മറിയയുടെ പക്കൽ ശിഷ്യന്മാർക്കുള്ള സന്ദേശം നല്കിയയച്ചതിനു ഏതാനും മണിക്കൂറുകൾക്കു ശേഷം യേശു ശിഷ്യന്മാരുടെ മുന്നിൽ പ്രത്യക്ഷപ്പെടുന്നുമുണ്ട്.

മഗ്ദലനക്കാരി മറിയയുടെ മുന്നിൽ പ്രത്യക്ഷപ്പെടുന്നതിന് ഏതാനും നിമിഷങ്ങൾക്കു മുന്നേ പത്രോസും യോഹന്നാനും അതേയിടത്ത് ഉണ്ടായിരുന്നതല്ലേ? അവർ വന്നു കല്ലറയ്ക്കുള്ളിൽ നോക്കിയപ്പോൾ യേശുവിന്റെ ജഡം അവിടെയുണ്ടായിരുന്നില്ല. അതായതു യേശു ഉയർത്തെഴുന്നേറ്റിരുന്നു. അപ്പോൾ പത്രോസിന്റെയും യോഹന്നാന്റെയും മുന്നിൽ പ്രത്യക്ഷനായി സന്ദേശം അവരെ നേരിട്ടറിയിക്കാമായിരുന്നല്ലോ, എന്തുകൊണ്ട് അങ്ങനെ പ്രവർത്തിച്ചില്ല.?

ഈ ചോദ്യത്തിന്റെ ഉത്തരത്തിലേക്ക് അടുത്ത ബൈബിൾവചനം വെളിച്ചം വീശും: 'മഗ്ദലക്കാരത്തി മറിയ വന്നു താൻ കർത്താവിനെ കണ്ടു എന്നും അവൻ ഇങ്ങനെ തന്നോടു പറഞ്ഞു എന്നും ശിഷ്യന്മാരോടു അറിയിച്ചു.' യേശു താൻ പിതാവിന്റെയടുക്കലേക്കു കയറിപ്പോകുന്നു എന്ന് ശിഷ്യന്മാരെ അറിയിക്കുക എന്നാണ് മഗ്ദലേനയോട് പറഞ്ഞത്. എന്നാൽ അവൾ അത് മാത്രമായിരിക്കുമോ ശിഷ്യന്മാരോട് പറഞ്ഞിട്ടുണ്ടാവുക? എന്നെ തൊടരുത് ഞാൻ പിതാവിന്റെ അടുക്കലേക്കു ഇതുവരെ കയറിപോയിട്ടില്ല എന്നും യേശു അവളോട് പറഞ്ഞു എന്ന് പറഞ്ഞിട്ടുണ്ടാവില്ലേ?

ഇവിടെയാണ് യേശുവിന്റെ കൗശലം തിരിച്ചറിയേണ്ടത്. യേശു മഗ്ദലേനയുടെ പക്കൽ ശിഷ്യന്മാർക്ക് നൽകിയ സന്ദേശം യേശു പിതാവിന്റെയടുക്കലേക്കു കയറിപോകുന്നു എന്നതായിരുന്നില്ല മറിച്ച് പിതാവിന്റെയടുക്കലേക്കു പോകുന്നതു വരെ എന്നെ തൊടരുത് എന്നതായിരുന്നു. ഇനി ഈ സന്ദേശം ശിഷ്യന്മാർക്കു കൈമാറിയോ സന്ദേശം

278. അപ്പോസ്തലപ്രവർത്തനങ്ങൾ1:3
279. അപ്പോസ്തലപ്രവർത്തനങ്ങൾ1:9

കൈമാറിയപ്പോൾ ശിഷ്യന്മാരുടെ പ്രതികരണം എന്തായിരുന്നു എന്നൊക്കെ അറിയാനും യേശുവിനു വളരെ എളുപ്പമാണ്. അദൃശ്യനായി മറിയയെ പിന്തുടരുക മാത്രമേ വേണ്ടൂ. അത് തന്നെയാവണം യേശു ചെയ്തതും.

കുരിശുമരണത്തിനു ശേഷമുള്ള യേശുവിന് ഏതു രൂപത്തിലും ഭാവത്തിലും എവിടെ വേണമെങ്കിലും എപ്പോൾ വേണമെങ്കിലും പ്രത്യക്ഷനാകാനും അപ്രത്യക്ഷനാകാനും കഴിയും എന്നത് ബൈബിളിൽ നിന്ന് തന്നെ വ്യക്തമാണ് ആദ്യം 'യേശുവിന്റെ ശരീരം കിടന്നിരുന്ന ഇടത്തു വെള്ളവസ്ത്രം ധരിച്ച രണ്ടു ദൂതന്മാരെ' മറിയ കാണുന്നു അവരോടു സംസാരിച്ചുകൊണ്ടിരിക്കെ 'ഇതു പറഞ്ഞിട്ടു അവൾ പിന്നോക്കം തിരിഞ്ഞു, യേശു നില്ക്കുന്നതു കണ്ടു; യേശു എന്നു അറിഞ്ഞില്ല താനും' അവൾ പിന്നോക്കം തിരിയുന്നതോടു കൂടി അവൾ മുൻപ് സംസാരിച്ചിരുന്ന ദൂതന്മാർ അപ്രത്യക്ഷരായി പിന്നോക്കം തിരിയുമ്പോൾ അവൾ കാണുന്നത് യേശുവിനെയാണ്. പക്ഷെ അവൾ കരുതിയത് അത് തോട്ടക്കാരനാണെന്നാണ്. തോട്ടക്കാരന്റെ വേഷത്തിൽ വന്ന യേശുവിനോടു സംസാരിച്ചു കൊണ്ടിരിക്കെ 'യേശു അവളോടു മറിയേ, എന്നു വിളിച്ചു. അവൾ തിരിഞ്ഞ് എബ്രായഭാഷയിൽ: റബ്ബൂനി എന്നു പറഞ്ഞു.'

ആദ്യം അവൾ കല്ലറയ്ക്കു വെളിയിൽ നിന്നുകൊണ്ട് അകത്തേക്ക് നോക്കുമ്പോഴാണ് രണ്ടു ദൂതന്മാരെ കല്ലറയ്ക്കുളിൽ കണ്ടത്. ഇപ്പോൾ മറിയം നില്കുന്നത് കല്ലറയ്ക്ക് അഭിമുഖമായി. അവരോടു സംസാരിച്ചുകൊണ്ടിരിക്കെ അവൾ പിന്നോക്കം തിരിഞ്ഞു നോക്കുന്നു. അതായത് ഇപ്പോൾ അവൾ നില്ക്കുന്നത് കല്ലറയ്ക്കു മുന്നിൽ. എന്നാൽ നോക്കുന്നത് കല്ലറയ്ക്ക് പരാങ്മുഖമായി പിൻതിരിഞ്ഞാണ് നോക്കുന്നത്. അതായത് കല്ലറ സ്ഥിതിചെയ്യുന്ന തോട്ടത്തിന് അഭിമുഖമായി. അപ്പോഴാണ് തോട്ടക്കാരന്റെ വേഷത്തിൽ വന്ന യേശുവിനെ കാണുന്നത്. അയാളോട് സംസാരിച്ചുകൊണ്ടിരിക്കെയാണ് അവൾ 'മറിയേ' എന്ന വിളി കേൾക്കുന്നത് ആ വിളി കേൾക്കുമ്പോൾ അവൾ വീണ്ടും തിരിഞ്ഞു എന്നു പറയുന്നുണ്ട്. അതായത് ഇപ്പോൾ അവൾ വീണ്ടും കല്ലറയ്ക്ക് അഭിമുഖമായാണു നില്കുന്നത്.

അപ്പോഴാണ് മറിയ യേശുവിനെ അവൾക്ക് സുപരിചിതമായ രൂപത്തിൽ കാണുന്നതും തൊടാൻ ശ്രമിക്കുന്നതും യേശു കള്ളം പറഞ്ഞുകൊണ്ട് അവളുടെ ശ്രമം തടയുന്നതും. അവൾ തിരിഞ്ഞു നോക്കുമ്പോൾ കല്ലറയ്ക്കുള്ളിൽ യേശുവിനെ കണ്ടു എന്നു പറയുമ്പോൾ അതിനർത്ഥം തൊട്ടുമുൻപ് അവളോട് സാംസാരിച്ചിരുന്ന തോട്ടക്കാരനും അപ്രത്യക്ഷനായി എന്നാണ്. അതായതു യേശുവിനു നിമിഷനേരം കൊണ്ട് തന്റെ രൂപഭാവങ്ങളും സ്വരവും മാറ്റാൻ കഴിയുന്നു എന്നും മുന്നിലും പിന്നിലുമൊക്കെ പ്രത്യക്ഷനാകാനും അപ്രത്യക്ഷനാകാനും കഴിയുന്നു എന്നുമാണ്.

യേശുവിന്റെ കുരിശുമരണത്തിനു ശേഷം ശിഷ്യന്മാരുടെ മുന്നിൽ പ്രത്യക്ഷപ്പെട്ടത് യേശുവിന്റെ ഭൂതമായിരുന്നുവെങ്കിൽ ശിഷ്യന്മാർ കല്ലറയിൽ യേശുവിന്റെ ജഡം കാണേണ്ടതായിരുന്നില്ലേ? പക്ഷെ ശിഷ്യന്മാർ കല്ലറയിൽ ചെന്നപ്പോൾ ജഡം അവിടെയുണ്ടായിരുന്നില്ലല്ലോ? അപ്പോൾ യേശുവിന്റെ ജഡത്തിനെന്ത് സംഭവിച്ചുവെന്നു മനസിലാക്കാൻ ശ്രമിക്കണം.

രണ്ടു സാധ്യതകളാണുള്ളത്: ഒന്ന് ജഡം ആരോ ഭസ്മമാക്കി. രണ്ട്, ബൈബിൾ പറയുന്നതുപോലെ അഥവാ ക്രിസ്ത്യാനികൾ വിശ്വസിക്കുന്നത് പോലെ 'ഞായറാഴ്ച രാവിലെ യേശു ഉയർത്തെഴുന്നേറ്റു.'[280] ഇതിൽ രണ്ടാമത്തെ സാധ്യത പരിശോധിച്ചു നോക്കാം. അതിനുമുന്നേ യേശു ശിഷ്യന്മാരുടെ മുന്നിൽ ഞായറാഴ്ച അർദ്ധരാത്രി പ്രത്യക്ഷപ്പെടുന്നത് എങ്ങനെയാണെന്നു നോക്കുക: 'ആഴ്ചയുടെ ആദ്യദിവസമായ അന്നു വൈകിട്ട് ശിഷ്യൻമാർ യഹൂദരെ ഭയന്ന് കതകടച്ചിരിക്കെ, യേശു വന്ന് അവരുടെ മധ്യേ നിന്ന് അവരോടു പറഞ്ഞു: നിങ്ങൾക്കു സമാധാനം!" [281]

ശിഷ്യന്മാർ ഭയന്ന് കതകടച്ചിരിക്കെ യേശു അവരുടെ മധ്യേ വന്നു നിന്നു എന്നാണ് എഴുതിയിരിക്കുന്നത്. അല്ലാതെ യേശു കതകിൽ മുട്ടി വിളിച്ചു, ശിഷ്യന്മാർ കതകു തുറന്നു, യേശു മുറിയിൽ കടന്നു എന്നല്ല. അതായതു അടച്ചിട്ടിരിക്കുന്ന കതകു തുറക്കാതെ യേശുവിന് ഉള്ളിൽ പ്രവേശിക്കാൻ കഴിഞ്ഞു എന്ന്! കുരിശുമരണനു ശേഷം ശിഷ്യന്മാരുടെ മുന്നിൽ പ്രത്യക്ഷനായ യേശുവിന് നീളവും വീതിയും മാത്രമേ ഉണ്ടായിരുന്നുള്ളൂ, കനമില്ലായിരുന്നു എന്നാണ് ഇതു നൽകുന്ന സൂചന. കതകടച്ച് മുറിയുടെയകത്ത് കതകു തുറക്കാതെ പ്രവേശിക്കാൻ കഴിയുമെങ്കിൽ ഗോല്ഗോത്തായിൽ അരിമധ്യക്കാരൻ ജോസഫ് പാറ ചെത്തിയുണ്ടാക്കിയ ഗുഹക്കുള്ളിൽ നിന്ന് പ്രവേശനകവാടം നീക്കം ചെയ്യാതെ പുറത്തു വരാനും യേശുവിനു കഴിയും. എന്നാൽ അതിരാവിലെ മഗ്ദലനമറിയം 'ശവകുടീരത്തിന്റെ സമീപത്തേക്കു വന്നു. ശവകുടീരത്തിന്റെ കല്ലു മാറ്റപ്പെട്ടിരിക്കുന്നതായി അവൾ കണ്ടു.'[282] എന്നാണ് എഴുതിയിരിക്കുന്നത്.

ആ കല്ല് മാറ്റിയത് അകത്തു നിന്നും യേശുവല്ല പുറത്തു നിന്നും മറ്റാരോ ആണെന്നാണ് ഇതിനർത്ഥം. എന്തിനാണ് കല്ലുരുട്ടിമാറ്റിയത്? അകത്തു കടക്കാൻ. അകത്ത് എന്താണുള്ളത്? യേശുവിന്റെ ജഡം. അകത്തു കടക്കുന്നത് എന്തിനു വേണ്ടിയാണ്? യേശുവിന്റെ ജഡം അകത്തിട്ട് തന്നെ കത്തിച്ചാമ്പലാക്കി യേശു ഉടലോടെ ഉയർത്തെഴുന്നേറ്റു എന്ന് വരുത്തി തീർക്കാൻ അല്ലാതെന്തിന്?

---

280. മാർക്കോസ് 16:9
281. യോഹന്നാൻ 20:19
282. യോഹന്നാൻ 20:1

അകത്തുകടന്ന് ഇത്രയൊക്കെ ചെയ്യാൻ വിരുതുള്ളവന് ജഡം കത്തി ചാമ്പലാക്കി പുറത്തു കടന്നപ്പോൾ എന്തുകൊണ്ട് കല്ല് പൂർവ്വ സ്ഥാനത്ത് വെക്കാതെ പ്രവേശകവാടം തുറന്നിട്ടു കൊണ്ട് ഗോല്ഗോത്തായിൽ നിന്നും പിൻവാങ്ങിയില്ല എന്നാണ് ചിന്തിക്കുന്നതെങ്കിൽ അതിനു കാരണം പറയാം. യേശുവിന്റെ ജഡം കത്തിച്ചു ചാമ്പലാക്കിയത് ഏതാനും പേർ മാത്രം നില്ക്കാൻ വലുപ്പമുള്ള ഒരു ഗുഹയ്ക്കുള്ളിൽ ആണ്. അത്തരമൊരു ഇടുങ്ങിയ സ്ഥലത്തു ഒരു ജഡം കത്തിച്ചാൽ അതിന്റെ ദുർഗന്ധം ദിവസങ്ങളോളം അതിനുള്ളിൽ തന്നെ നിൽക്കും. പ്രവേശനകവാടം തുറന്നിടുന്നതിലൂടെ കാറ്റോട്ടം ഉണ്ടാകുന്നതിനാൽ ആ സാധ്യതയും ഇല്ലാതായി.

ഇനി ആരാണ് കല്ലറയ്ക്കകത്തു കടന്ന് ജഡം നശിപ്പിച്ചത്? പിശാച് ബാധിച്ച യേശുവിന്റെ ശിഷ്യന്മാർ അല്ലാതാര്? അത് ആണാവാം പെണ്ണാവാം. "ജോസഫ് ശരീരമെടുത്ത് ശുചിയായ ഒരു തുണിയിൽ പൊതിഞ്ഞ് പാറയിൽവെട്ടിയുണ്ടാക്കിയ തന്റെ പുതിയ കല്ലറയിൽ സംസ്കരിച്ചു. കല്ലറയുടെ വാതിൽക്കൽ ഒരു വലിയ കല്ലുരുട്ടിവച്ചിട്ട് അവൻ പോയി. മഗ്ദലനമറിയവും മറ്റേ മറിയവും ശവകുടീരത്തിനഭിമുഖമായി അവിടെ ഇരുന്നിരുന്നു."[283]

യേശുവിന്റെ മരണവും കഴിഞ്ഞു ജഡവും മറവുചെയ്തു പശുവും ചത്തു മോരിലെ പുളിയും തീർന്നു പിന്നെയും പിശാച് ബാധിച്ച മഗ്ദലേനക്കാരി മറിയയും മറ്റേ മറിയയും ഗോല്ഗോത്തായിൽ തന്നെയിരിക്കുന്നത് എന്തിനാണ്? ഈ രണ്ടു മറിയകൾ ചേർന്നാവാം യേശുവിന്റെ ജഡം കത്തിച്ചു ചാമ്പലാക്കിയത്.

യേശുവിന്റെ ജഡം കത്തിച്ചു ചാമ്പലാക്കിയിട്ട് യേശുവിൽ വിശ്വസിച്ചാൽ അന്ത്യവിധിനാളിൽ സ്വർഗ്ഗത്തിൽ പോകാനാവും എന്നു കരുതി സ്വന്തം ബന്ധുജനങ്ങളുടെ ജഡം കുഴിച്ചുമൂടി കാത്തിരിക്കുന്ന മനുഷ്യരുടെ അവസ്ഥയുണ്ടല്ലോ അതാണ് ഈ ലോകത്തിലെ ഏറ്റവും വലിയ ദുരവസ്ഥ!

ഒന്നു രണ്ടു കാര്യങ്ങൾ കൂടി വ്യക്തമാക്കിയിട്ട് ഈ അദ്ധ്യായം ചുരുക്കുന്നതാണ്. പറയാനൊത്തിരിയൊത്തിരി കാര്യങ്ങൾ വേറെയുമുണ്ട്. അതൊക്കെ കാലമനുവദിച്ചാൽ തീർച്ചയായും പിന്നീടൊരിക്കൽ പറയുന്നതായിരിക്കും.

യേശു മറിയയോട് താൻ പിതാവിന്റെയടുക്കലേക്ക് കയറിപോകുന്നു എന്ന് ശിഷ്യരോടു പോയി പറയാൻ പറഞ്ഞതിനു ശേഷം പിതാവിന്റെയടുക്കലേക്കു പോയോ? എങ്കിൽ യേശുവിന്റെ പിതാവിരിക്കുന്നത് സ്വർഗ്ഗത്തിലല്ല, ജെറുസലേമിന് ഏതാണ്ട് 11 കിലോമീറ്റർ അകലെയുള്ള എമ്മാവൂസ്സ് എന്ന സ്ഥലത്താണെന്നു പറയേണ്ടീവരും. കാര

283. മത്തായി 27:59-61

ണം പിതാവിന്റെയടുക്കലേക്ക് കയറി പോകുന്നു എന്ന് പറഞ്ഞ യേശു പോയത് അങ്ങോട്ടാണ്.

'ആ ദിവസം തന്നെ അവരിൽ രണ്ടുപേർ ജറുസലെമിൽനിന്ന് ഏകദേശം അറുപതു സ്താദിയ അകലെയുള്ള എമ്മാവൂസ് ഗ്രാമത്തിലേക്കു പോവുകയായിരുന്നു. ഈ സംഭവങ്ങളെക്കുറിച്ചെല്ലാം അവർ സംസാരിച്ചുകൊണ്ടിരുന്നു. അവർ സംസാരിക്കുകയും വാദിക്കുകയും ചെയ്തു കൊണ്ടുപോകുമ്പോൾ യേശുവും അടുത്തെത്തി അവരോടൊപ്പംയാത്ര ചെയ്തു. എന്നാൽ, അവനെ തിരിച്ചറിയാൻ കഴിയാത്തവിധം അവരുടെ കണ്ണുകൾ മൂടപ്പെട്ടിരുന്നു.'[284]

അറുപതു സ്താദിയ എന്നാൽ 11-12 കിലോമീറ്റർ. ജറുസലേമിൽ നിന്നും രണ്ടുപേർ എപ്പോഴാണ് എമ്മാവൂസിലേക്ക് പുറപ്പെട്ടതെന്ന് പറഞ്ഞിട്ടില്ല. പക്ഷെ എമ്മാവൂസിൽ അവർ നടന്നെത്തിയത് എപ്പോഴാണെന്നു പറഞ്ഞിട്ടുണ്ട്. അതിൽ നിന്നും അവർ യാത്രതിരിച്ച സമയം അനുമാനിക്കാം: 'അവർ എത്തേണ്ടിയിരുന്ന ഗ്രാമത്തോടടുത്തു. അവനാകട്ടെയാത്ര തുടരുകയാണെന്നു ഭാവിച്ചു. അവർ അവനെ നിർബന്ധിച്ചു കൊണ്ടു പറഞ്ഞു: ഞങ്ങളോടുകൂടെ താമസിക്കുക. നേരം വൈകുന്നു; പകൽ അസ്തമിക്കാറായി. അവൻ അവരോടുകൂടെ താമസിക്കുവാൻ കയറി.'[285] അവർ എമ്മാവൂസിൽ എത്തിയപ്പോൾ നേരം വൈകിത്തുടങ്ങി. അതായത് അവർ പുറപ്പെട്ടത് ഉച്ചയ്ക്ക് ശേഷമാണെന്ന് അനുമാനിക്കാം. അതായത് അവർ പുറപ്പെട്ടത് ഉച്ചയ്ക്ക് രണ്ടു മണിക്കോ മൂന്നു മണിക്കോ ആണെങ്കിൽ എമ്മാവൂസിൽ എത്തിയപ്പോൾ 5-6 മണിയായി കാണണം. കാരണം 12 കിലോമീറ്റർ സാധാരണ വേഗതയിൽ തരണം ചെയ്യാൻ ഏതാണ്ട് 3 മണിക്കൂർ എടുക്കും.

പിതാവിന്റെയടുക്കലേക്ക് അതായത് പറുദീസായിലേക്ക് താൻ കയറിപോകുന്നു എന്നു പറഞ്ഞ യേശു സത്യത്തിൽ ശിഷ്യന്മാർ ഒളിവിൽ കഴിഞ്ഞിരുന്ന വ്യാഴാഴ്ച രാത്രി ശിഷ്യന്മാരോടൊത്ത് യേശു അവസാന അത്താഴം കഴിച്ച മാളികമുറിയിൽ നിന്നും രണ്ടു പേർ പുറത്തേക്കു പോകുന്നതും കാത്തു നിൽക്കുകയാണുണ്ടായത്. എന്തിനാണ് യേശു ഇങ്ങനെ ഒന്ന് പറയുകയും മറ്റൊന്നു പ്രവർത്തിക്കുകയും ചെയ്യുന്നത്? എന്ന് ചോദിച്ചാൽ കാരണം ഇല്ലാതെ കാര്യം ഉണ്ടാകുന്നില്ല എന്നാണ് നമുക്ക് മറുപടി പറയുവാൻ കഴിയുക.

യേശുവും ആ രണ്ടുപേരും തമ്മിലുണ്ടായ സംഭാഷണം ഒന്ന് വിശകലനം ചെയ്യാം. അതിനു മുന്നേ യേശുവും ആ രണ്ടു ശിഷ്യന്മാരുമായി സംസാരിച്ചുകൊണ്ടിരിക്കെ യേശുവിനെ തിരിച്ചറിയാൻ അവർക്കു കഴിഞ്ഞിരുന്നില്ല എന്നാണ് ബൈബിൾ പറയുന്നത്: "അവനെ തിരിച്ചറിയാൻ കഴിയാത്തവിധം അവരുടെ കണ്ണുകൾ മൂടപ്പെട്ടിരുന്നു"[286]

284. ലൂക്കോസ് 24:13-16
285. ലൂക്കോസ് 24:28-29
286. ലൂക്കോസ് 24:16

ക്ലെയോപാസ്സിനും പേര് വെളിപ്പെടുത്തിയിട്ടില്ലാത്ത മറ്റേ ശിഷ്യനും യേശുവിനെ അറിയാം. അവരുടെ കണ്ണുകൾ മൂടപ്പെട്ടിരുന്നതിനാലാണ് അവർക്കു യേശുവിനെ തിരിച്ചറിയാൻ കഴിയാതെ പോയത് എന്നാണ് ബൈബിൾ പറയുന്നത്.

അവരുടെ കണ്ണുകൾ മൂടപ്പെട്ടിരുന്നുവെങ്കിൽ അവരെങ്ങനെ 12 കിലോമീറ്റർ താണ്ടി കൃത്യമായി ലക്ഷ്യസ്ഥാനത്തെത്തി? അതെന്തുമായിക്കൊള്ളട്ടെ കണ്ണുകൾ മൂടപ്പെട്ടിരുന്നുവെങ്കിലും യേശു അവരുമായി സംസാരിക്കുന്നുണ്ടല്ലോ? യേശുവിനെ അവർ ശബ്ദം കൊണ്ടു തിരിച്ചറിയേണ്ടതല്ലേ? അവരുടെ കാതുകളും മൂടപ്പെട്ടിരുന്നുവോ? അപ്പോൾ പിന്നെ യേശു മൂന്നു മണിക്കൂർ നേരം സംസാരിച്ചത് കാതു മൂടപ്പെട്ടിരുന്ന ബധിരന്മാരുമായിട്ടായിരുന്നോ? എന്തോ, ഒന്നും അങ്ങട് ശരിയാകുന്നില്ല! 'ക്ളെയൊപ്പാവ് എന്നു പേരുള്ളവൻ; യെരൂശലേമിലെ പരദേശികളിൽ നീ മാത്രം ഈ നാളുകളിൽ അവിടെ സംഭവിച്ച കാര്യം അറിയാതിരിക്കുന്നുവോ എന്നു ഉത്തരം പറഞ്ഞു.'[287]

യേശു അവരുടെ മുന്നിൽ പ്രത്യക്ഷപ്പെട്ടത് ഒരു പരദേശിയുടെ രൂപഭാവത്തിലാണ് എന്ന് ഈ സംഭാഷണശകലത്തിൽനിന്നും വ്യക്തമാണ്. അവരുടെ കണ്ണുകൾ മൂടപ്പെട്ടിരുന്നില്ല എന്നും അവർ യേശുവിനെ കണ്ടിരുന്നു എന്നും കണ്ടിട്ടും മനസിലാകാതെ പോയതിനു കാരണം യേശു അവർക്കു സുപരിചിതമായ രൂപഭാവത്തിൽ വരാതെ അവർക്കു തികച്ചും അപരിചിതമായ ഒരു പരദേശിയുടെ രൂപത്തിൽ വന്നത് കൊണ്ടാണെന്നും വ്യക്തമാകുന്നു. മഗ്ദലനമറിയയുടെ മുന്നിൽ അരങ്ങേറിയ അതേ നാടകമാണ് യേശു ഇവിടെയും അരങ്ങേറുന്നത്.

കുരിശുമരണത്തിനു ശേഷം എന്തിനാണ് യേശു ഇങ്ങനെ ഒളിച്ചുകളി നടത്തുന്നത് എന്നു ചോദിച്ചാൽ കാരണം സ്പഷ്ടമാണ്. സാധാരണ ഗതിയിൽ മുന്നേപ്പിന്നെ പരിചയമില്ലാത്ത ഒരാളെ സ്പർശിക്കുവാൻ ആരും മുതിരില്ല. എന്നാൽ രണ്ടു ദിവസം മുൻപേ മരിച്ചുപോയ ആളാണു മുന്നിൽ നില്കുന്നതെങ്കിൽ ആദ്യം ചെയ്യുക വന്നിരിക്കുന്നത് അയാളുടെ ഭൂതമല്ല എന്ന് ഉറപ്പുവരുത്താൻ അയാളെ തൊട്ട് തൊട്ടു നോക്കുകയായിരിക്കും. അതൊഴിവാക്കാനാണ് യേശു ശിഷ്യന്മാർക്ക് സുപരിചിതമായ വേഷത്തിൽ വരാതെ അപരിചിതമായ വേഷത്തിൽ വന്നത്.

ക്ലെയോപാസിനോടും മറ്റേ ശിഷ്യനോടും യേശു മണിക്കൂറുകളോളം സംസാരിക്കുന്നത് എന്താണ് എന്നു ശ്രദ്ധിക്കുക: 'ക്രിസ്തു ഇങ്ങനെ കഷ്ടം അനുഭവിച്ചിട്ടു തന്റെ മഹത്വത്തിൽ കടക്കേണ്ടതല്ലയോ" എന്നു പറഞ്ഞു. മോശെ തുടങ്ങി സകലപ്രവാചകന്മാരിൽ നിന്നും എല്ലാ തിരുവെഴുത്തുകളിലും തന്നെക്കുറിച്ചുള്ളതു അവർക്കു വ്യാഖ്യാനിച്ചു കൊടുത്തു.'[288]

287. ലൂക്കോസ് 24:18
288. ലൂക്കോസ് 24:26-27

ക്രിസ്തു പഴയനിയമത്തെ വ്യാഖ്യാനിച്ചു 'ഇങ്ങനെ കഷ്ടം അനുഭവിച്ചിട്ടു തന്റെ മഹത്വത്തിൽ കടക്കേണ്ടതല്ലയോ' എന്ന് പറയാൻ ക്രിസ്തു എന്നൊരു പദമേ പഴയനിയമത്തിൽ ഇല്ലല്ലോ? വ്യാഖ്യാനിച്ച് ആടിനെ പട്ടിയാക്കുക എന്നത് വ്യാഖ്യാതാവിന്റെ മിടുക്കു പോലിരിക്കും. വ്യാഖ്യാനിക്കുന്നത് കൗശലം എന്ന വാക്കിന് കൈയും കാലും മുളച്ച സാക്ഷാൽ കലിയാകുമ്പോൾ കാര്യങ്ങൾ കുറച്ചു കൂടി എളുപ്പമാണ്. സകല പ്രവാചകന്മാരിലും യേശുവിനെ കുറിച്ചുള്ളത് വ്യാഖ്യാനിച്ചു കൊടുത്തു എന്നാണ് പറയുന്നത്.

പഴയനിയമത്തിലെ സകല പ്രവാചകരും യേശുവിനെ കുറിച്ച് എഴുതിയിട്ടുണ്ട് എന്നാണ് ഇതിന്റെ ധ്വനി. ബൈബിൾ പഴയനിയമ ഗ്രന്ഥങ്ങൾ ഗ്രീക്ക് ഭാഷയിലേക്ക് തർജ്ജമ (Septuagint) ചെയ്തപ്പോൾ മിശിഹ എന്ന വാക്ക് ക്രിസ്തോസ് എന്ന ഗ്രീക്കുപദമായി മാറുകയാണുണ്ടായത് അത് ആംഗലേയവത്കരിച്ചുണ്ടായതാണ് ക്രൈസ്റ്റ്. അതാണ് മലയാളത്തിൽ ക്രിസ്തു എന്നു പറയുന്നത്. മിശിഹ എന്നാൽ അഭിഷിക്തൻ എന്നാണർത്ഥം. ഹീബ്രൂഗ്രന്ഥങ്ങളിൽ അഥവാ ബൈബിൾ പഴയനിയമപുസ്തകങ്ങളിൽ ഈ പദം ഒരു ഭാവിരക്ഷകനെയല്ല, മറിച്ച് ഔദ്യോഗികമായി അഭിഷേകം ചെയ്യപ്പെട്ട രാജാക്കന്മാരെയും മുഖ്യപുരോഹിതന്മാരെയുമാണ് സൂചിപ്പിക്കുന്നത്. സത്യമിങ്ങനെയിരിക്കെ യേശു തന്നെക്കുറിച്ച് പഴയനിയമത്തിലെ എല്ലാ പ്രവാചകരും എഴുതിയിട്ടുണ്ടെന്നും അതൊക്കെ വ്യാഖ്യാനിച്ചു കൊടുത്തു എന്നും പറയുന്നത് എത്ര സത്യവിരുദ്ധമായ പ്രസ്താവനയാണ്!

യേശു പഴയനിയമത്തിലെ വചനങ്ങൾ ഉദ്ധരിച്ചു അവ തെറ്റായി വ്യാഖ്യാനിച്ചു അതൊക്കെ തന്നെക്കുറിച്ചുള്ള പ്രവചനങ്ങൾ ആയിരുന്നുവെന്നു ക്ലെയോപാസിനോടും മറ്റേ ശിഷ്യനോടും മൂന്ന് മണിക്കൂർ നേരം വാതോരാതെ കള്ളം പറഞ്ഞ് അവരെ മസ്തിഷ്കപ്രക്ഷാളനം ചെയ്തു എന്നു പറയുന്നതാണ് സത്യം. മസ്തിഷ്കപ്രക്ഷാളനത്തിനൊടുവിൽ അവർ എമ്മാവൂസിൽ എത്തി.

അവിടെ വെച്ച് യേശു പരദേശിയുടെ രൂപത്തിൽ നിന്ന് അവർക്ക് സുപരിചിതമായ രൂപത്തിലേക്കു മാറി. അപ്പോൾ അവർ യേശുവിനെ തിരിച്ചറിഞ്ഞു. മുൻപ് സൂചിപ്പിച്ചതുപോലെ രണ്ടു ദിവസം മുന്നേ തങ്ങളുടെ കണ്മുന്നിൽ വെച്ചു മരണമടഞ്ഞ ഒരുവൻ പെട്ടെന്ന് മുന്നിൽ പ്രത്യക്ഷനായാൽ തീർച്ചയായും കണ്മുന്നിൽ നില്കുന്നത് ജീവനുള്ള ആളാണോ ഭൂതമാണോ എന്ന് തിരിച്ചറിയാൻ തൊട്ടു നോക്കാനിടയുണ്ട്. യേശുവിനെയാകട്ടെ ആർക്കും തൊടാനും കഴിയില്ല! ഇത്തരമൊരു സാഹചര്യത്തിൽ യേശുവിന് ചെയ്യാൻ കഴിയുന്നത് ഒന്ന് മാത്രം: 'അവർ അവനെ തിരിച്ചറിഞ്ഞു. പക്ഷേ, അവൻ അവരുടെ മുമ്പിൽനിന്ന് അപ്രത്യക്ഷനായി.'[289]

289. ലൂക്കോസ് 24:31

ഞായറാഴ്ച അതിരാവിലെ മഗ്ദലേനക്കാരി മറിയയുടെ മുന്നിൽ പ്രത്യക്ഷപ്പെട്ട് ഇതാ ഞാൻ പിതാവിന്റെയടുക്കലേക്കു കയറിപോകുന്നു എന്ന് പറഞ്ഞു പോയ യേശു പിന്നീട് മറ്റു ശിഷ്യന്മാരുടെ കൂടെ എമ്മാവൂസിലേക്ക് നടന്നു (അതോ നീന്തിപ്പോയോ). എമ്മാവൂസൊക്കെ ചുറ്റിയടിച്ചു ഞായറാഴ്ച പാതിരാ നേരത്താണ് തന്റെ അപ്പോസ്തലന്മാരുടെ മുന്നിൽ പ്രത്യക്ഷപ്പെടുന്നത്. അതും 'അവന്റെ കൈകളിൽ ആണികളുടെ പഴുതുകൾ ഞാൻ കാണുകയും അവയിൽ എന്റെ വിരൽ ഇടുകയും അവന്റെ പാർശ്വത്തിൽ എന്റെ കൈ വയ്ക്കുകയും ചെയ്തല്ലാതെ ഞാൻ വിശ്വസിക്കുകയില്ല.'[290] എന്ന് ശഠിച്ച തോമസ് അപ്പോസ്തലൻ ഇല്ലാത്ത നേരം നോക്കി!

എമ്മാവൂസിലേക്കു പോയ ശിഷ്യന്മാർ തങ്ങളുടെ കൂടെ ഇത്രയും നേരം ഉണ്ടായിരുന്നത് പരദേശിയല്ല യേശുവായിരുന്നെന്ന് തിരിച്ചറിഞ്ഞ നിമിഷം തന്നെ തിരിച്ചു ജെറുസലേമിലേക്ക് പോയി: 'അവർ അപ്പോൾത്തന്നെ എഴുന്നേറ്റ് ജറുസലെമിലേക്കു തിരിച്ചുപോയി; അവിടെ കൂടിയിരുന്ന പതിനൊന്നുപേരെയും അവരോടൊപ്പമുണ്ടായിരുന്നവരെയും കണ്ടു.'[291] എമ്മാവൂസിലേക്കുള്ള വഴിയിൽ അവർ യേശുവിനെ കണ്ടതും യേശു പഴയനിയമം വ്യാഖ്യാനിച്ചതും അതേപടി അപ്പോസ്തലന്മാർക്ക് വിവരിച്ചു കൊടുത്തു അങ്ങനെ അപ്പോസ്തലന്മാരും മസ്തിഷ്കപ്രക്ഷാളനത്തിനു വിധേയരായി: 'വഴിയിൽവച്ചു സംഭവിച്ചതും അപ്പം മുറിക്കുമ്പോൾ തങ്ങൾ അവനെ തിരിച്ചറിഞ്ഞതും അവരും വിവരിച്ചു.'[292] ഇതൊക്കെ സംഭവിക്കുമ്പോൾ യേശു എവിടെയായിരുന്നു എന്ന് ചിന്തിച്ചിട്ടുണ്ടോ? യേശു അവിടെ തന്നെയുണ്ട്. അവരുടെയിടയിൽ അദൃശ്യനായി. എന്തുകൊണ്ട് പ്രത്യക്ഷനാകുന്നില്ല എന്ന് ചോദിച്ചാൽ അതിനു കാരണം തോമസിന്റെ സാന്നിധ്യമാണെന്ന് വ്യക്തമാണ്. തോമസ് പുറത്തേക്കു പോയ നിമിഷത്തിൽ യേശുവിനെ തൊടാതെ തന്നെ വിശ്വസിക്കാൻ സന്നദ്ധരായ മറ്റു അപ്പോസ്തലന്മാരുടെ മുന്നിൽ അല്പനേരത്തേക്ക് യേശു പ്രത്യക്ഷനാകുന്നു. തോമസ് തിരിച്ചു വരുന്നതിനു മുന്നേ യേശു വീണ്ടും അപ്രത്യക്ഷനാകുന്നുമുണ്ട്.

'പന്ത്രണ്ടുപേരിലൊരുവനും ദിദിമോസ് എന്നു വിളിക്കപ്പെടുന്നവനുമായ തോമസ് യേശു വന്നപ്പോൾ അവരോടുകൂടെ ഉണ്ടായിരുന്നില്ല. അതുകൊണ്ടു മറ്റു ശിഷ്യൻമാർ അവനോടു പറഞ്ഞു: "ഞങ്ങൾ കർത്താവിനെ കണ്ടു. എന്നാൽ, അവൻ പറഞ്ഞു: അവന്റെ കൈകളിൽ ആണികളുടെ പഴുതുകൾ ഞാൻ കാണുകയും അവയിൽ എന്റെ വിരൽ ഇടുകയും അവന്റെ പാർശ്വത്തിൽ എന്റെ കൈ വയ്ക്കുകയും ചെയ്തല്ലാതെ ഞാൻ വിശ്വസിക്കുകയില്ല." എട്ടു ദിവസങ്ങൾക്കു ശേഷം വീണ്ടും അവന്റെ ശിഷ്യൻമാർ വീട്ടിൽ ആയിരുന്നപ്പോൾ തോമസും

290. യോഹന്നാൻ 20:25
291. ലൂക്കോസ് 24:33
292. ലൂക്കോസ് 24:35

അവരോടുകൂടെയുണ്ടായിരുന്നു. വാതിലുകൾ അടച്ചിരുന്നു. യേശു വന്ന് അവരുടെ മധ്യത്തിൽ നിന്നുകൊണ്ടു പറഞ്ഞു: 'നിങ്ങൾക്കു സമാധാനം!' അവൻ തോമസിനോടു പറഞ്ഞു: നിന്റെ വിരൽ ഇവിടെ കൊണ്ടുവരുക; എന്റെ കൈകൾ കാണുക; 'നിന്റെ കൈ നീട്ടി എന്റെ പാർശ്വത്തിൽ വയ്ക്കുക. അവിശ്വാസിയാകാതെ വിശ്വാസിയായിരിക്കുക.' തോമസ് പറഞ്ഞു: എന്റെ കർത്താവേ, എന്റെ ദൈവമേ! യേശു അവനോടു പറഞ്ഞു: നീ എന്നെ കണ്ടതുകൊണ്ടു വിശ്വസിച്ചു; കാണാതെ തന്നെ വിശ്വസിക്കുന്നവർ ഭാഗ്യവാൻമാർ!'[293]

തോമസിനോട് എന്നെ തൊടുക എന്ന് യേശു പറയുന്നുണ്ട് പക്ഷെ മറിയയോട് എന്നെ തൊടരുത് എന്തുകൊണ്ടെന്നാൽ ഞാൻ ഇതുവരെയും എന്റെ പിതാവിന്റെയടുക്കലേക്കു കയറിപോയിട്ടില്ല എന്നാണ് പറയുന്നത്. യേശു പിതാവിന്റെയടുക്കലേക്കു കയറി പോകുന്നത് നാൽപതു ദിവസങ്ങൾ കഴിഞ്ഞിട്ടാണെന്നാണ് ബൈബിൾ പറയുന്നത്.

അപ്പോൾ എട്ടാം ദിവസം തോമസിനോട് എന്നെ തൊടൂ എന്ന് പറയുമ്പോൾ മഗ്ദലേനക്കാരി മറിയയോട് ഞായറാഴ്ച പറഞ്ഞത് കള്ളമാവില്ലേ എന്ന് ഒരിക്കൽ മോർമൺ സഭക്കാരുമായുള്ള സംവാദത്തിനിടയിൽ (അമേരിക്കയിലെ ന്യൂയോർക്കിൽ 200 വർഷങ്ങൾക്കു മുന്നേ മുളച്ചു പൊന്തിയ ഒരു ക്രിസ്ത്യൻസഭയാണ് Mormons) ചോദിക്കുകയുണ്ടായി. അപ്പോൾ ഗത്യന്തരമില്ലാതെ അവർ പറഞ്ഞ മറുപടി എട്ടു ദിവസം കഴിഞ്ഞിട്ടല്ലേ തോമസിനോട് തൊടാൻ പറഞ്ഞത് അതിനിടയിൽ യേശു പിതാവിന്റെയടുക്കൽ കയറിപോയിട്ടു തിരിച്ചുവന്നതാവാമല്ലോ എന്നാണ്. ഈ മറുപടിയിൽ ഒരു വലിയ പ്രശ്നമുണ്ട്. യേശു സ്വർഗത്തിൽ നിന്നും ഒരിക്കൽ ഭൂമിയിൽ വന്നു; പിന്നീട് സ്വർഗ്ഗത്തിലേക്ക് പോയി, ഇനി രണ്ടാം വരവ് അന്ത്യവിധിനാളിലാണ് എന്നതാണ് ക്രിസ്ത്യൻ വിശ്വാസം. യേശു ഉയർത്തെഴുന്നേറ്റു എട്ടു ദിവസത്തിനിടെ സ്വർഗ്ഗത്തിലേക്കുപോയി തിരിച്ചുവന്നതാണെങ്കിൽ യേശുവിന്റെ രണ്ടാം വരവ് കഴിഞ്ഞിരിക്കുന്നു. പക്ഷെ Mormons അടക്കം ലോകത്തിലെ സകല ക്രിസ്ത്യാനികളും ഇന്നും യേശുവിന്റെ രണ്ടാം വരവും കാത്തിരിക്കുകയാണ് എന്നതാണ് സത്യം.

■

293. യോഹന്നാൻ 20:24–29

# 12. ദൈവപുത്രനോ, കലഹപ്രിയനായ കലിയോ?

യേശു സമാധാനത്തിന്റെ രാജകുമാരൻ ആണെന്നാണ് ക്രിസ്ത്യാനികൾ വിശ്വസിക്കുന്നതും ഉദ്ഘോഷിക്കുന്നതും. എന്നാൽ ഇങ്ങനെ വിശ്വസിക്കുന്നവർക്കും ഉദ്ഘോഷിക്കുന്നവർക്കും ബൈബിൾ അറിയില്ല എന്നതാണ് സത്യം, കാരണം യേശു പറയുന്നത് 'ഭൂമിയിൽ തീ ഇടുവാൻ ഞാൻ വന്നിരിക്കുന്നു. അത് ഇപ്പോഴേ കത്തിയെങ്കിൽ കൊള്ളാമായിരുന്നു എന്നല്ലാതെ ഞാൻ മറ്റെന്ത് ഇച്ഛിക്കേണ്ടൂ? എങ്കിലും എനിക്ക് ഒരു സ്നാനം ഏൽപ്പാനുണ്ട് അത് കഴിയുവോളം ഞാൻ എത്ര ഞെരുങ്ങുന്നു. ഭൂമിയിൽ സമാധാനം നൽകുവാൻ ഞാൻ വന്നിരിക്കുന്നു എന്ന് തോന്നുന്നുവോ? അല്ല ഛിദ്രം വരുത്തുവാൻ അത്രേ എന്ന് ഞാൻ നിങ്ങളോട് പറയുന്നു'[294] എന്നാണ്. ക്രിസ്ത്യൻവിശ്വാസവും യേശുവിന്റെ ആഗമനോദ്ദേശവും തമ്മിൽ യാതൊരു ബന്ധവുമില്ലെന്ന് ഇപ്പോൾ മനസിലായിക്കാണുമല്ലോ?

ഭൂമിയിൽ സമാധാനം നൽകുവാൻ ഞാൻ വന്നിരിക്കുന്നു എന്ന് നിങ്ങൾക്കു തോന്നുന്നുണ്ടോ എന്നാണ് യേശു വിശ്വാസികളോടു ചോദിക്കുന്നത്. സമാധാനമല്ല ഭൂമിയിൽ തീയിടുവാൻ അത്രേ താൻ വന്നിരിക്കുന്നത് എന്നാണ് യേശുവിന്റെ പ്രഖ്യാപനം. ഭൂമി കത്തിയെരിയണമെങ്കിൽ മനുഷ്യർ തമ്മിൽ യുദ്ധങ്ങൾ ഉണ്ടാവണം. മനുഷ്യരുടെ ഇടയിൽ ഭിന്നിപ്പുണ്ടാക്കിയാൽ മാത്രമേ കലഹം ഉണ്ടാകു. അഭിപ്രായൈക്യമുള്ളിടത്ത് കലഹമില്ല, അഭിപ്രായഭിന്നതയുള്ളിടത്താണ് കലഹം.

മനുഷ്യരെ തമ്മിലടിപ്പിക്കാൻ മനുഷ്യരുടെയിടയിൽ ഭിന്നിപ്പുണ്ടാക്കുവാൻ കലഹപ്രിയനായ കലി ആവിഷ്കരിച്ച പദ്ധതി എന്താണെന്ന് സെമിറ്റിക്ക് മതഗ്രന്ഥങ്ങളായ ബൈബിളും ഖുറാനും വായിക്കുന്ന ഏതൊരാൾക്കും ബോധ്യമാവുന്നതാണ്. ഒരു ദൈവവും തമ്മിലടിക്കുന്ന മൂന്നു മതക്കാരും — ഇതാണ് യഹൂദമതം, ക്രിസ്തുമതം, ഇസ്ലാം!

അറബിനാട്ടിലെ മെക്കായിൽ വെച്ച് ദൈവദൂതനായ ഗബ്രിയേൽ മുഹമ്മദിന് ദർശനം നൽകി എന്നാണ് ഇസ്ലാമികവിശ്വാസം. മുഹമ്മദീയരുടെ ആരംഭം ഇവിടെ നിന്നാണ്. ഗബ്രിയേൽ മുഹമ്മദിനോട് പറ

294. ലൂക്കോസ് 12:49–51

ഞ്ഞുകൊടുത്ത കാര്യങ്ങൾ പിൽക്കാലത്ത് മുഹമ്മദ് തന്റെ ശിഷ്യന്മാരോട് പറഞ്ഞു കൊടുത്തു. തുടർന്ന് മുഹമ്മദിന്റെ ശിഷ്യന്മാർ എഴുതിയതാണ് ഇന്ന് കാണുന്ന ഖുർആൻ. മുഹമ്മദിന് മുന്നേ ഖുർആൻ എന്ന മതഗ്രന്ഥം ഇല്ല, മുഹമ്മദീയരുമില്ല.

യേശുവിനെ പ്രസവിച്ച യഹൂദസ്ത്രീയായ മറിയയെ ഗബ്രിയേൽ ദൂതൻ കാണുന്നതിൽ നിന്നാണ് ക്രിസ്തുമതത്തിന്റെ ആരംഭം.

'അവിടെ യഹോവയുടെ ദൂതൻ ഒരു മുൾപടർപ്പിന്റെ നടുവിൽ നിന്ന് അഗ്നിജ്വാലയിൽ അവന് (മോശയ്ക്ക്) പ്രത്യക്ഷമായി'[295] മോശയുടെ മുന്നിൽ യഹോവയുടെ ഒരു ദൂതൻ പ്രത്യക്ഷപ്പെടുന്നതിനു ശേഷമാണ് മോശെ പഴയനിയമത്തിലെ ആദ്യ അഞ്ചു പുസ്തകങ്ങൾ എഴുതുന്നതും യഹൂദമതം ആരംഭിക്കുന്നതും.

ഗബ്രിയേൽ ദൈവദൂതൻ ആയിരുന്നുവെങ്കിൽ അയാളുടെ വാക്കുകൾ ശാന്തിയുടെയും സമാധാനത്തിന്റെയും സത്യവാക്കുകൾ ആകുമായിരുന്നു. ദൈവദൂതൻ എന്ന് യഹൂദരും ക്രിസ്ത്യാനികളും മുസ്ലീങ്ങളും ഒരുപോലെ വിശ്വസിക്കുന്ന ഗബ്രിയേൽ പക്ഷേ പരസ്പരവിരുദ്ധമായാണ് സംസാരിക്കുന്നത്. പരസ്പരവിരുദ്ധമായ സംസാരം കളവിന്റെ ലക്ഷണമാണ്.

മറിയയോട് നീ ഒരു പുത്രനെ പ്രസവിക്കും അവൻ അത്യുന്നതന്റെ പുത്രൻ എന്ന് വിളിക്കപ്പെടുമെന്നു[296] പറയുന്ന ഗബ്രിയേൽ ഏതാണ്ട് 600 വർഷങ്ങൾക്കു ശേഷം മുഹമ്മദിനോടു പറയുന്നത് 'അതത്രെ മറിയമിന്റെ മകനായ ഈസ (യേശു) അവർ ഏതൊരു വിഷയത്തിൽ തർക്കിച്ചു കൊണ്ടിരിക്കുന്നുവോ അതിനെപ്പറ്റിയുള്ള യഥാർത്ഥമായ വാക്കത്രേ ഇത്. ഒരു സന്താനത്തെ സ്വീകരിക്കുക എന്നത് അല്ലാഹുവിനു ഉണ്ടാകാവുന്നതല്ല.'[297] എന്നും അള്ളാഹു 'സന്താനത്തെ സ്വീകരിച്ചിട്ടില്ലാത്തവനും ആധിപത്യത്തിൽ പങ്കാളിയില്ലാത്തവനും നിത്യതയിൽ നിന്ന് രക്ഷിക്കാൻ ഒരു രക്ഷകൻ ആവശ്യമില്ലാത്തവനുമായ അല്ലാഹുവിന് സ്തുതി എന്ന് നീ പറയുകയും അവനെ ശരിയാവണ്ണം മഹത്വപ്പെടുത്തുകയും ചെയ്യുക'[298] എന്നുമാണ്. ക്രിസ്ത്യാനികളും മുസ്ലിങ്ങളും ദൈവദൂതൻ എന്ന് വിശ്വസിക്കുന്ന ഗബ്രിയേൽ ക്രിസ്ത്യാനികൾക്കും മുസ്ലിങ്ങൾക്കുമിടയിൽ മതപരമായ അഭിപ്രായഭിന്നത ഉണ്ടാക്കുന്നതെങ്ങിനെയാണെന്ന് വ്യക്തമായില്ലേ?

മുകളിലുദ്ധരിച്ച ബൈബിൾവചനത്തിൽ നിന്നും ഖുർആനിലെ രണ്ട് വചനങ്ങളിൽ നിന്നും എങ്ങനെയാണ് ഗബ്രിയേൽ മറിയയോടും മുഹമ്മദിനോടും പരസ്പരവിരുദ്ധമായി യേശുവിന്റെ പിതൃത്വത്തെക്കു

---

295. പുറപ്പാട് 3:2
296. ലൂക്കോസ് 1:32-33
297. ഖുർആൻ 19:34-35
298. ഖുർആൻ 17:111

റിച്ച് സംസാരിച്ച് ക്രിസ്ത്യാനികൾക്കും മുസ്ലീങ്ങൾക്കും ഇടയിൽ മാത്ര മല്ല, മനുഷ്യർക്കിടയിൽത്തന്നെ ഭിന്നിപ്പു സൃഷ്ടിച്ചതെന്ന് സുവ്യക്ത മായില്ലേ?

മറിയയോട് യേശു ദൈവപുത്രനാണെന്നും മുഹമ്മദിനോട് ദൈവ ത്തിന് പുത്രന്മാരില്ലയെന്നും പറഞ്ഞു പരസ്പരവിരുദ്ധങ്ങളായ രണ്ടു മതങ്ങൾ സൃഷ്ടിച്ചത് ദൈവദൂതനാണോ പിശാചിന്റെ ദൂതനാണോ എ ന്ന് ക്രിസ്ത്യാനികളും മുസ്ലിങ്ങളും ചിന്തിക്കണം. പരസ്പരം കലഹി ക്കുന്നത് അവസാനിപ്പിക്കണം.

ബൈബിളും ഖുറാനും വിശ്വാസികളെ സത്യവിശ്വാസികൾ എന്നാ ണ് വിളിക്കുന്നത് എന്നാൽ രണ്ടുപേരുടെയും വിശ്വാസങ്ങൾ പരസ്പര വിരുദ്ധങ്ങളാണ്. ഭൂമി ചതുരാകൃതിയാണെന്നും അല്ല, ത്രികോണാകൃ തിയാണെന്നും പരസ്പരവിരുദ്ധമായി രണ്ടുകൂട്ടർ വിശ്വസിക്കുന്നു എന്ന് കരുതുക. ബാല്യത്തിൽ തന്നെ പരസ്പരവിരുദ്ധങ്ങളായ ഈ വിശ്വാ സങ്ങൾ ഇരുകൂട്ടരുടെയും മസ്തിഷ്കത്തിലേക്ക് അവരുടെ മാതാപിതാ ക്കളും പുരോഹിതവർഗ്ഗവും കടത്തിവിടുന്നു എന്ന് കരുതുക. നിഷ്കള ങ്കമായ പ്രായത്തിൽ അവരിൽ രൂഢമൂലമായ അന്ധവിശ്വാസങ്ങളോടു കൂടി അവർ വളരുന്നു. ഇതു തന്നെ ക്രിസ്ത്യാനിയും മുസ്ലിമും.

മനുഷ്യരെ തമ്മിലടിപ്പിക്കുവാൻ കലിയുണ്ടാക്കിയ സെമിറ്റിക്ക് മത ഗ്രന്ഥങ്ങളിൽ നിന്നും യഹൂദ-ക്രിസ്ത്യൻ-ഇസ്ളാംമതങ്ങളിൽനിന്നും അകന്നിരിക്കുക മാത്രമാണ് രക്ഷ. ചില രോഗങ്ങൾക്ക് ചികിത്സയില്ല പക്ഷെ രോഗബാധ വരാതെ ജീവിക്കുവാൻ കഴിയും. പിശാചുക്കളെ കൊല്ലാൻ കഴിയില്ല; പക്ഷെ പിശാചുബാധയുണ്ടാവാതെ ജീവിക്കുവാൻ കഴിയും.

യഹൂദരോടും ക്രിസ്ത്യാനികളോടും മുസ്ലിങ്ങളോടും ആദമിന്റെ ഭാര്യയുടെ പേര് എന്താണെന്നു ചോദിക്കുമ്പോൾ അവർ ഒരേ സ്വര ത്തിൽ 'ഹവ്വ' എന്ന് മറുപടി പറയും. ആദമിന്റെയും ഹവ്വയുടെയും മക്കളുടെ പേര് എന്താണെന്നു ചോദിക്കൂ 'കയീനും ആബേലും' എന്ന് മറുപടി പറയും. ഇസ്മയിലിന്റെയും ഇസഹാക്കിന്റെയും പിതാവ് ആ രാണെന്ന് ചോദിക്കൂ അബ്രഹാമെന്ന് ഒരേ സ്വരത്തിൽ അവർ മറുപടി പറയും. എന്നാൽ യേശുവിന്റെ പിതാവ് ആരാണെന്നു ചോദിച്ചാൽ യഹൂദരും ക്രിസ്ത്യാനികളും മുസ്ലീങ്ങളും ഭിന്നസ്വരത്തിൽ ആയിരി ക്കും മറുപടി പറയുക. ക്രിസ്ത്യാനികൾ യേശു ദൈവപുത്രൻ ആണെ ന്നും മുസ്ലീങ്ങൾ യേശു ദൈവപുത്രൻ അല്ല ദൈവത്തിനു പുത്രന്മാരില്ല എന്നും യേശു ഒരു പ്രവാചകൻ മാത്രമാണെന്നും മറുപടി പറയും. യഹൂദരോട് ചോദിച്ചാൽ യേശു ദൈവപുത്രനും അല്ല പ്രവാചകനും അല്ല കള്ളനും വഞ്ചകനും ആയിരുന്നു എന്നും പറയും.

യഹൂദർ ഒരിക്കലും യേശു ദൈവപുത്രൻ ആണെന്നോ പ്രവാചക നാണെന്നോ അംഗീകരിക്കുകയില്ല. മുസ്ലിങ്ങൾ ഒരിക്കലും യേശു ദൈ വപുത്രൻ ആണെന്ന് അംഗീകരിക്കുകയില്ല പക്ഷേ യേശു പ്രവാചക

നാണെന്ന് വിശ്വസിക്കും. യഹൂദർക്ക് ഇത് രണ്ടുമല്ലാത്ത മൂന്നാമതൊരു നിലപാടാണ് ഉള്ളത്. ഇവിടെ യഹൂദരുടെയും ക്രിസ്ത്യാനികളുടെയും മുസ്ലീങ്ങളുടെയും ഇടയിലുള്ള മതപരമായ അഭിപ്രായഭിന്നതയ്ക്കു മൂല കാരണം യേശുവല്ലാതെ മറ്റാരുമല്ല.

ഒരു കൂട്ടർ അതായത് ക്രിസ്ത്യാനികൾ യേശു ദൈവപുത്രൻ ആ ണെന്ന് ഉറച്ചു വിശ്വസിക്കുമ്പോൾ യേശു ദൈവപുത്രൻ അല്ല എന്ന് ഉ റച്ചു വിശ്വസിക്കുന്ന കൂട്ടരാണ് മുസ്ലീങ്ങളും യഹൂദരും.

ഒരേ വ്യക്തിയെ സംബന്ധിച്ച് ഭിന്നങ്ങളായ പരസ്പരവിരുദ്ധങ്ങ ളായ വിശ്വാസങ്ങൾ. ഇത് തന്നെയാണ് യഹൂദരും ക്രിസ്ത്യാനികളും മുസ്ലിങ്ങളും നിത്യം കലഹിച്ചുകൊണ്ടേയിരിക്കുന്നതിന്റെ മൂലകാരണം.

യേശുവിന് ശേഷം 2000 സംവത്സരങ്ങൾ കഴിഞ്ഞപ്പോൾ അമേരി ക്കയിലെ പ്രസിദ്ധമായ 'ടൈം മാസിക' അവരുടെ സംവത്സര പതിപ്പ് ഇറക്കി. അതിന്റെ പുറം ചട്ടയിലെ ചർച്ചാവിഷയം ഇപ്രകാരമായിരുന്നു: who is Jesus? ആരാണ് യേശു? നൂറുവർഷത്തിലേറെ കാലമായി നില നിൽക്കുന്ന ടൈം മാസിക ആരാണ് യേശു എന്ന വിഷയം 17 തവണ ചർച്ച ചെയ്തിട്ടുണ്ട് എന്നാണ് പറയുന്നത്. എന്നിട്ടും നാളിതുവരെ യേശു ആരാണ് എന്ന ചോദ്യത്തിന് ഉത്തരം കണ്ടെത്താൻ അവർക്ക് കഴിഞ്ഞിട്ടില്ല എന്നതാണ് സത്യം.

യേശു ആരാണ് എന്നറിയണമെങ്കിൽ യേശുവിന്റെ ആഗമനോദ്ദേ ശം എന്താണെന്നറിയണം. യേശു പറയുന്നത് ഞാൻ വന്നിരിക്കുന്നത് ഭൂമിയിൽ സമാധാനം സ്ഥാപിക്കാൻ ആണെന്ന് നിങ്ങൾ ധരിക്കരുത് സമാധാനമല്ല മറിച്ച് ഭിന്നിപ്പ് എന്ന് ഞാൻ നിങ്ങളോട് പറയുന്നു എന്നാ ണ്. ലൂക്കായുടെ പുസ്തകം പന്ത്രണ്ടാം അധ്യായം 51 വാക്യത്തിൽ പ റയുന്ന ഈ വചനം John Knox version എന്ന ഇംഗ്ലീഷ് ബൈബിളിൽ എഴുതിയിരിക്കുന്നത് ഇപ്രകാരമാണ്: Do you think that I have come to bring peace on the earth? No, believe me, not peace, but dissension.'

Dissension എന്നാൽ Religious nonconfirmity അഥവാ മതപരമായ അഭിപ്രായഭിന്നത എന്നാണർത്ഥം. ഞാൻ വന്നിരിക്കുന്നത് സമാധാനം സ്ഥാപിക്കുവാൻ ആണെന്നു ധരിക്കരുത്. സമാധാനം അല്ല മതപര മായ അഭിപ്രായഭിന്നത ഉണ്ടാക്കുവാൻ അത്രേ ഞാൻ വന്നിരിക്കുന്നത് എന്നാണ് യേശു പറയുന്നത്. സമാധാനസ്ഥാപകൻമാർ ദൈവപുത്ര ന്മാർ എന്ന് വിളിക്കപ്പെടും[299] എന്നു പറയുന്ന യേശു തന്നെയാണ് ഞാൻ വന്നിരിക്കുന്നത് സമാധാനം സ്ഥാപിക്കാൻ ആണെന്ന് ധരിക്ക രുത് സമാധാനമല്ല മതപരമായ അഭിപ്രായഭിന്നതയത്രെ എന്ന് പറയു ന്നതും യേശു തന്നെ. യേശു ദൈവപുത്രൻ അല്ല എന്നതിന് ഇതില്പ രം തെളിവെന്താണു വേണ്ടത്?

299. മത്തായി 5:9

3500 വർഷങ്ങൾക്കു മുന്നേ മോശെ എന്ന ഒരു കൊലപാതകിയിലൂടെ യഹൂദമതം ആരംഭിക്കുന്നു. ഏതാണ്ട് ഏഴ് നൂറ്റാണ്ടുകൾക്കു ശേഷം മീഖ പ്രവാചകനിലൂടെ യഹൂദരുടെ രക്ഷയ്ക്കായ് ഒരു രാജാവ് ബെത് ലഹേമിൽനിന്നും വരുമെന്ന് പറഞ്ഞു യഹൂദർക്ക് യഹോവ പ്രതീക്ഷ നൽകുന്നു.

റോമാ സാമ്രാജ്യത്തിൻ കീഴിൽ കഴിഞ്ഞിരുന്ന യഹൂദരെ അവരുടെ കീഴിൽ നിന്നും മോചിപ്പിച്ച് യഹൂദർക്ക് ഇസ്രായേൽ രാജ്യം പുനസ്ഥാപിച്ചു നൽകാൻ വന്ന രാജാവാണ് താനെന്ന് യഹൂദരിൽ ചെറിയൊരു വിഭാഗത്തെ തെറ്റിദ്ധരിപ്പിക്കുന്നു.

എന്നാൽ യൂദാദേശത്തെ ബെത്‌ലഹേമിൽ നിന്ന് വരുമെന്ന് മീഖാ പ്രവാചകൻ പറയുന്ന യേശു വന്നതാകട്ടെ നൂറുകണക്കിന് കിലോമീറ്ററുകൾക്ക് അപ്പുറത്തുള്ള വിജാതീയരുടെ ഗലീലിയിലെ നസ്രേത്തിൽ നിന്നും. പ്രവാചകൻ പ്രവചിച്ചിരുന്ന യഹൂദർ പ്രതീക്ഷിച്ചിരുന്ന യഹൂദരുടെ മോചകൻ/രക്ഷകൻ/രാജാവ് ബത്‌ലഹേമിൽ നിന്നും വരുമെന്നാണ് അവർ വിശ്വസിച്ചിരുന്നത്. അക്കാരണത്താൽ തന്നെ തങ്ങൾ പ്രതീക്ഷിച്ചിരുന്ന രാജാവ് യേശുവാണെന്ന് അംഗീകരിക്കാൻ ഭൂരിപക്ഷ യഹൂദർ തയ്യാറായില്ല.

യേശുവിന്റെ ഉദ്ദേശം എല്ലാ യഹൂദരും താൻ അവരുടെ മോചകനായ രാജാവാണ് എന്നു വിശ്വസിക്കുക എന്നതായിരുന്നില്ല. പിന്നെയോ, യഹൂദരുടെ ഇടയിൽ ഭിന്നിപ്പുണ്ടാക്കി കലക്കവെള്ളത്തിൽ മീൻ പിടിക്കുക എന്നതായിരുന്നു. അക്കാലത്ത് ഇസ്രായേലിൽ ഉണ്ടായിരുന്ന സകല യഹൂദരും യേശുവിൽ വിശ്വസിക്കുന്നതുകൊണ്ട് യേശു യഹൂദരുടെ രാജാവാകുന്നില്ല. യഹൂദരുടെ രാജാവാകണമെങ്കിൽ യഹൂദരെ റോമാസാമ്രാജ്യത്തിനു കീഴിൽനിന്ന് മോചിപ്പിച്ച് യഹൂദർക്കായി ഒരു രാജ്യം സ്ഥാപിച്ച് അതിന്റെ രാജാവാകണം. യേശുവും ഏതാനും മീൻപിടുത്തക്കാരും കൂടി കൂട്ടിയാൽ കൂടുന്ന കാര്യമായിരുന്നില്ല അത്.

യേശുവിന്റെ ലക്ഷ്യം യഹൂദരിൽ ഭിന്നിപ്പുണ്ടാക്കി ക്രിസ്തുമതം ഉണ്ടാക്കിയെടുക്കുക എന്നതായിരുന്നു. അതിന് യഹൂദർ യേശുവിൽ വിശ്വസിക്കാതിരിക്കുകയും വിശ്വസിക്കുകയും ചെയ്യണം. അതായത് യേശുവിൽ വിശ്വസിക്കാത്ത യഹൂദരും ഉണ്ടാവണം വിശ്വസിക്കുന്ന യഹൂദരും ഉണ്ടാവണം. യഹൂദരുടെ മതഗ്രന്ഥത്തിലാണ് യഹൂദരുടെ രാജാവ് ബെത്‌ലഹേമിൽനിന്നു വരും എന്ന് എഴുതിയിട്ടുള്ളത്.

മുൻപ് സൂചിപ്പിച്ചതു പോലെ മതഗ്രന്ഥമറിയുന്ന യഹൂദരെയാണ് ബൈബിൾ ഫരിസേയർ എന്ന് വിളിക്കുന്നത്. അവർ യഹൂദരിലെ പൗരോഹിത്യവർഗ്ഗവും മതഗ്രന്ഥപഠനത്തിനായി ജീവിതം സമർപ്പിച്ചവരും ആണ്. യഹൂദരുടെ രാജാവായ ക്രിസ്തുവാണ് അഥവാ മിശിഹായാണ് യേശു എന്ന യേശുവിന്റെ അവകാശവാദം എതിർത്തത് ഫരിസേരാണ്. യേശുവിന്റെ ശിഷ്യന്മാരിൽ സിംഹഭാഗവും ഗലീലി ക

ടൽത്തീരത്തെ മീൻപിടുത്തക്കാരായിരുന്നു. അവർക്ക് ആകട്ടെ യഹൂദമതഗ്രന്ഥങ്ങളിൽ എഴുതിയിരിക്കുന്ന കാര്യത്തെക്കുറിച്ച് വായിച്ചറിവില്ല. ശാബത്തിൽ അഥവാ ശനിയാഴ്ചകളിൽ യഹൂദരുടെ ആരാധനാലയമായ സിനഗോഗിൽ വായിച്ചു കേട്ടിട്ടുള്ള അറിവ് മാത്രമേയുള്ളൂ.

നസ്രായനായ യേശുവിന്, ബത്ലഹേമിൽ നിന്ന് വരുമെന്ന് പ്രവാചകൻ പറഞ്ഞിട്ടുള്ള രാജാവ് ക്രിസ്തുവാണ് താനെന്ന് പറഞ്ഞു ഗലീലി കടൽത്തീരത്തെ മീൻപിടുത്തക്കാരെ എളുപ്പത്തിൽ കബളിപ്പിക്കാൻ കഴിഞ്ഞത് അതുകൊണ്ടാണ്.

പിശാചുക്കളുടെ സഹകരണത്താൽ ഉള്ള അത്ഭുതപ്രവൃത്തികളും പോകുന്നിടത്തൊക്കെ അപരിചിതരായ ആളുകൾ യേശുവിന്റെ മുൻപിൽ ശിഷ്യന്മാരെ സാക്ഷിയാക്കി ഇവൻ ദൈവപുത്രനായ ക്രിസ്തു എന്നു വിളിക്കുകയും ചെയ്തതോടുകൂടി ശിഷ്യന്മാർ യേശു തന്നെയാണ് ദൈവപുത്രൻ എന്ന് പാടെ വിശ്വസിച്ചു. ആ വിശ്വാസമാണ് പിന്നീട് അവർക്കുള്ള മരണവാറണ്ടായി തീർന്നത്.

സ്വന്തം ശിഷ്യന്മാരെ ചതിച്ചുകൊന്ന് അവരുടെ ശവകുടീരത്തിനു മുകളിൽ പള്ളികൾ പണിത് ക്രിസ്തുമതം സൃഷ്ടിച്ചവനാണ് യേശു. ഓരോരുത്തരായി മരിച്ചുവീഴുമ്പോഴും ശിഷ്യന്മാർ വിശ്വസിച്ചിരുന്നത് യേശു അവരോട് അവസാനമായി പറഞ്ഞ വാക്കുകളാണ്. അതായത് ഞാൻ തിരിച്ചു വരുവോളം യോഹന്നാൻ ജീവനോടിരിക്കണം എന്ന് ഞാൻ ആഗ്രഹിക്കുന്നു എന്ന വാചകം. ഈ ഒരൊറ്റ വാഗ്ദാനത്തിന്റെ പിൻബലത്തിൽ അവർ ഓരോരുത്തരായി യേശു ദൈവപുത്രനും ലോകരക്ഷകനും ആണെന്ന് ലോകം മുഴുവനും പ്രചരിപ്പിച്ച് ചാട്ടവാറും വാളും കുന്തമുനയും കല്ലേറും എന്ന് വേണ്ട സകല പീഡനങ്ങളും യേശു എന്ന മഹാവഞ്ചകനു വേണ്ടി സഹിച്ച് മരിച്ച് രക്തസാക്ഷികളായി ക്രിസ്തുമതം സ്ഥാപിതമായി.

ഓരോ വിശ്വാസിയും മരിച്ചുവീഴുമ്പോൾ അവസാനമായി യേശുവേ രക്ഷിക്കണേ എന്ന് പറയും. അപ്പോഴാണ് യേശു പല്ലും നഖവും ഒക്കെ പുറത്തുചാടിച്ച് തന്റെ സ്വരൂപത്തിൽ അവർക്കു മുന്നിൽ പ്രത്യക്ഷനാവുക. അപ്പോഴേക്കും അവർക്ക് ശരീരവുമായുള്ള ബന്ധം നഷ്ടപ്പെട്ടിട്ടുണ്ടായിരിക്കും.

ശരീരവും മനസ്സുമായുള്ള ബന്ധം വേർപ്പെടുമ്പോൾ മനസ്സിൽ ഏതൊരു ചിന്തയാണോ സ്ഥിതി ചെയ്യുന്നത് ആ ചിന്തയുമായി മനസ്സ് ഒന്നായിത്തീരും എന്ന സനാതനധർമ്മ പ്രമാണമനുസരിച്ച് യേശുവിൽ വിശ്വസിക്കുന്നവർ മരണസമയത്ത് യേശുവേ രക്ഷിക്കണേ എന്ന് പറയുന്നതിലൂടെ യേശുവിനെക്കുറിച്ചുള്ള ചിന്തയിൽ അവർ യേശുവുമായി ഒന്നായി പാതാളലോകങ്ങളിൽ എത്തിപ്പെടും.

യോഹന്നാന്റെ പുസ്തകത്തിൽ അവസാന അധ്യായത്തിൽ യേശുവിന്റെ ശിഷ്യന്മാരുടെ തലവനായ പത്രോസിനോട് പത്രോസേ “നീ

വൃദ്ധനാവുമ്പോൾ നീ പോകാൻ ഇഷ്ടപ്പെടാത്ത ഇടത്തേക്ക് നിന്നെ കൊണ്ടുപോകും" എന്ന് യേശു പറഞ്ഞതിന്റെ പൊരുൾ ഇതാണ്.

വിശ്വാസവഞ്ചനയുടെ നീറുന്നവേദന നല്ലതുപോലെയറിയാവുന്നവരാണ് നാമെല്ലാം. യേശുവിന്റെ വിശ്വാസവഞ്ചനയിൽ മരിച്ചു മണ്ണടിഞ്ഞു പോയ പത്രോസിന്റെയും പൗലോസിന്റെയും മറ്റു കോടിക്കണക്കിനു ജീവന്മാരുടെയും വേദന തൊട്ടറിയാൻ കഴിയുന്നുണ്ട്. അവരുടെ ആ വേദനയാണ് ഇത്തരമൊരു ഗ്രന്ഥമെഴുതാൻ ലേഖകനുള്ള അയാളുടെ പ്രചോദനം.

യേശു തല്ലുകൊള്ളാൻ തിരഞ്ഞെടുത്ത 12 അപ്പോസ്തലന്മാരെക്കാളും ഏറെ തല്ലു കൊണ്ട യേശുവിന്റെ അടിമയായിരുന്നു യേശുവിലുള്ള വിശ്വാസത്തിൽ ഉന്മത്തനായിതീർന്ന പൗലോസ്. അയാൾ യേശുവിനു വേണ്ടി അനുഭവിച്ച പീഡനങ്ങളുടെ വിവരണവും ബൈബിളിൽ ഉണ്ട്: 'അവർ ക്രിസ്തുവിന്റെ ദാസൻമാരാണോ? ഉന്മത്തനെപ്പോലെ ഞാനും പറയുന്നു, ഞാൻ കുറെക്കൂടെ മെച്ചപ്പെട്ട ദാസനാണ്. അവരെക്കാൾ വളരെയേറെ ഞാൻ അധ്വാനിച്ചു; വളരെക്കൂടുതൽ കാരാഗൃഹവാസമനുഭവിച്ചു; എണ്ണമറ്റവിധം പ്രഹരമേറ്റു; പലതവണ മരണവക്ത്രത്തിലകപ്പെട്ടു. അഞ്ചുപ്രാവശ്യം യഹൂദരുടെ കൈകളിൽനിന്ന് ഒന്നു കുറയെ നാൽപത് അടിവീതം ഞാൻ കൊണ്ടു. മൂന്നുപ്രാവശ്യം വടി കൊണ്ട് അടിക്കപ്പെട്ടു. ഒരിക്കൽ കല്ലേറിയപ്പെട്ടു. മൂന്നു പ്രാവശ്യം കപ്പലപകടത്തിൽപെട്ടു. ഒരു രാത്രിയും ഒരു പകലും കടലിൽ ഒഴുകിനടന്നു. തുടരെത്തുടരെയുള്ള യാത്രകൾക്കിടയിൽ, നദികളിൽവച്ചും കൊള്ളക്കാരിൽനിന്നും സ്വന്തക്കാരിൽനിന്നും വിജാതീയരിൽനിന്നും എനിക്ക് അപകടങ്ങളുണ്ടായി. നഗരത്തിൽവച്ചും വിജനപ്രദേശത്തുവച്ചും കടലിൽവച്ചും അപകടങ്ങളിൽ അകപ്പെട്ടു. വ്യാജസഹോദരരിൽനിന്നുള്ള അപകടങ്ങൾക്കും ഞാൻ അധീനനായി. കഠിനാധ്വാനത്തിലും വിഷമസന്ധികളിലും നിരവധി രാത്രികളിലെ ജാഗരണത്തിലും വിശപ്പിലും ദാഹത്തിലും പലപ്പോഴും ഉപവാസത്തിലും തണുപ്പിലും നഗ്നതയിലും ഞാൻ ജീവിച്ചു.'[300]

പൗലോസ് വിശ്വസിച്ചിരുന്നത് യേശു സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങി വരുമെന്നും പൗലോസും കൂട്ടരും ഉടലോടെ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെടും എന്നുമായിരുന്നു: 'കർത്താവ് സ്വർഗത്തിൽനിന്ന് ഇറങ്ങിവരുകയും ക്രിസ്തുവിൽ മരണമടഞ്ഞവർ ആദ്യം ഉയിർത്തെഴുന്നേൽക്കുകയും ചെയ്യും. അപ്പോൾ ജീവിച്ചിരിക്കുന്നവരായി നമ്മിൽ അവശേഷിക്കുന്നവർ ആകാശത്തിൽ കർത്താവിനെ എതിരേൽക്കാനായി അവരോടൊപ്പം മേഘങ്ങളിൽ സംവഹിക്കപ്പെടും. അങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ആയിരിക്കുകയുംചെയ്യും.'[301]

300. 2കൊരിന്ത്യർസ് 11:23-27
301. 1തെസലോനിക്കാ 4:16-17

പൗലോസിന്റെ മരണം കഴിഞ്ഞു ആയിരകണക്കിന് വർഷങ്ങൾ പിന്നിട്ടു യേശുമാത്രം വന്നില്ല എങ്കിലും ക്രിസ്ത്യാനികൾ യേശു ഇന്ന് വരും നാളെ വരും, ക്രിസ്തുവിൽ മരണമടഞ്ഞവർ ഉയിർത്തെഴുന്നേൽക്കുകയും ചെയ്യും എന്ന് വിശ്വസിച്ചുകൊണ്ട് തങ്ങളുടെ ബന്ധുജനങ്ങളെ കുഴിച്ചിട്ട് ഇന്നും കാത്തിരിക്കുന്നതുണ്ടല്ലോ? അതുതന്നെയാണ് സത്യത്തിൽ ലോകത്തിലെ ഏറ്റവും വലിയ അത്ഭുതവും വിഡ്ഢിത്തവും!

യഹൂദരും ക്രിസ്ത്യാനികളും മുസ്ലീങ്ങളും വിശ്വസിക്കുന്നത് ആദമിനെയും ഹവ്വയെയും സൃഷ്ടിച്ചു എന്നുപറയുന്ന ബൈബിൾദൈവത്തിൽ ആണെങ്കിലും അവർക്കിടയിൽ പലകാര്യങ്ങളിലും വ്യക്തമായ ഭിന്നതയുണ്ട്. ആ ഭിന്നത സൃഷ്ടിക്കുന്നത് അവർ പരിശുദ്ധഗ്രന്ഥം എന്ന് കരുതുന്ന അവരുടെ മതഗ്രന്ഥങ്ങളായ ബൈബിളും ഖുർആനും തന്നെയാണ്.

യഹൂദർക്കും ക്രിസ്ത്യാനികൾക്കും മുസ്ലീങ്ങൾക്കും ഇടയിലുള്ള പ്രധാന അഭിപ്രായവ്യത്യാസം യേശുവിന്റെ പിതൃത്വം തന്നെയാണെന്ന് പറഞ്ഞുവല്ലോ. ഇനി മറ്റു ചില ഭിന്നതകൾ കൂടി വ്യക്തമാക്കാം. യഹൂദർ ശനിയാഴ്ച ദിവസമാണ് ആഴ്ചയിലെ അവധിദിവസമായി കണക്കാക്കുന്നത്. ഇതിനെ ശാബത്തുദിവസം എന്നാണ് അവർ വിളിക്കുന്നത്.

ക്രിസ്ത്യാനികൾ ശാബത്ത് ആചരിക്കുന്നില്ല. ക്രിസ്തുമതത്തിലേക്ക് വരുമ്പോൾ യേശു ഉയർത്തെഴുന്നേറ്റു എന്നു പറയുന്ന ഞായറാഴ്ച ദിവസമാണ് അവധിദിവസം. ഇസ്ലാം ആകട്ടെ ശനിയും ഞായറും അവഗണിച്ച് വെള്ളിയാഴ്ച്ചയാണ് ആഴ്ചയിലെ അവധിദിവസമായി കണക്കാക്കുന്നത്.

ഇനി വിവാഹത്തെ സംബന്ധിച്ച നിയമങ്ങൾ പരിശോധിക്കാം. യഹൂദർക്ക് എത്ര തവണ വേണമെങ്കിലും വിവാഹം കഴിക്കാം വിവാഹമോചനവും ചെയ്യാം അതിന് പ്രത്യേകിച്ച് കാരണമെന്നും ആവശ്യമില്ല. യഹൂദന്റെ ഭാര്യയിൽ അഥവാ അവന്റെ കുട്ടികളുടെ മാതാവിൽ അവന് എന്തെങ്കിലും ഇഷ്ടക്കേട് തോന്നിയാൽ അവളെ വിവാഹമോചനം ചെയ്യാം എന്നാണ് "നീതിമാനായ" യഹോവ കല്പിച്ചിരിക്കുന്നത്.[302]

യഹോവയുടെ നിയമമനുസരിച്ച് യഹൂദർക്ക് എത്ര തവണ വേണമെങ്കിലും വിവാഹമോചനം ചെയ്യാം. വിവാഹമോചനം ചെയ്യപ്പെട്ട സ്ത്രീക്ക് എത്ര തവണ വേണമെങ്കിലും വീണ്ടും വിവാഹവും കഴിക്കാം. പക്ഷേ അവളെ ആദ്യം വിവാഹം കഴിച്ച പുരുഷന്റെ അടുക്കലേക്ക് അവൾ തിരികെ പോകുന്നത് മാത്രമാണ് യേശുവിന്റെ പിതാവ് ക്രിസ്ത്യാനികളുടെ പരിശുദ്ധനായ ദൈവം മ്ലേച്ഛമായി കാണുന്നത്.

302. ആവർത്തനപുസ്തകം 24:1-3

യേശുവിന്റെ ആഗ്രഹം യഹൂദർക്കിടയിൽ ഭിന്നത ഉണ്ടാക്കുക എന്നതാണല്ലോ അതുകൊണ്ട് യേശു തന്റെ പിതാവിന്റെ നിയമം പാടെ തിരുത്തി. യേശുവിന്റെ പുതിയനിയമമനുസരിച്ച് സ്ത്രീ പരപുരുഷ സംഗമം നടത്തിയാൽ മാത്രമേ അവളെ വിവാഹമോചനം ചെയ്യാൻ പാടുള്ളൂ. മാത്രമല്ല വിവാഹമോചനം ചെയ്യപ്പെട്ട ഒരു സ്ത്രീയെ വിവാഹം കഴിക്കുന്നത് പാപമാണെന്നാണ് യേശു മത്തായിയുടെ പുസ്തകം അഞ്ചാം അധ്യായം 32-ാം വാകൃത്തിൽ പറയുന്നത് എന്നാൽ അഞ്ചാം അദ്ധ്യായം 17-18 വാകൃങ്ങളിൽ പറയുന്നത് 'നിയമത്തെയോ പ്രവാചകന്മാരെയോ അസാധുവാക്കാൻ ആണ് ഞാൻ വന്നത് എന്ന് നിങ്ങൾ വിചാരിക്കരുത്. അസാധുവാക്കുവാനല്ല, പൂർത്തിയാക്കുവാനാണു ഞാൻ വന്നത്. ആകാശവും ഭൂമിയും കടന്നുപോകും വരെ സമസ്തവും നിവൃത്തിയാവുവോളം നിയമത്തിൽ നിന്ന് വള്ളിയോ പുള്ളിയോ മാറുകയില്ല എന്ന് സത്യമായും ഞാൻ നിങ്ങളോട് പറയുന്നു.' എന്നാണ്.

നിയമത്തിൽ നിന്ന് വള്ളിയോ പുള്ളിയോ മാറ്റുകയില്ല എന്ന് സത്യം ചെയ്തു പറഞ്ഞിട്ട് ഞൊടിയിടയ്ക്കുള്ളിൽ വിവാഹ നിയമം മൊത്തത്തിൽ യേശു പൊളിച്ചെഴുതി.

മനുഷ്യരുടെ വിവാഹനിയമങ്ങൾ, ഭക്ഷണരീതി, വിശേഷദിവസങ്ങൾ ഇത്യാദി കാര്യങ്ങളിൽ മതങ്ങൾക്കുള്ള സ്വാധീനം വലുതാണ്. ലോകത്തിലെ മനുഷ്യർക്കൊക്കെ ഒരൊറ്റ മതമാണ് ഉള്ളതെങ്കിൽ മനുഷ്യർ തമ്മിൽ കലഹം ഉണ്ടാവില്ല. കലഹപ്രിയനായ കലിയുടെ മോഹം മനുഷ്യർ വ്യത്യസ്തങ്ങളും പരസ്പരവിരുദ്ധങ്ങളും ആയ മതങ്ങളെ പിന്തുടർന്ന് പരസ്പരം കലഹിച്ച് ഒടുങ്ങണം എന്നതാണ്. വ്യത്യസ്ത മതങ്ങൾ ഉണ്ടാവണമെങ്കിൽ വ്യത്യസ്ത മതനിയമങ്ങൾ ഉണ്ടായേ തീരൂ. അതിനായി കലഹപ്രിയനായ കലി സൃഷ്ടിച്ച മൂന്ന് മതങ്ങളാണ് യഹൂദമതം, ക്രിസ്തുമതം, ഇസ്ലാം!

ഇനി യഹൂദ-ക്രിസ്ത്യൻ-ഇസ്ലാംമതക്കാരുടെ ഭക്ഷണകാര്യത്തിൽ വരുത്തിയിട്ടുള്ള ഭിന്നിപ്പ് എങ്ങനെയാണെന്നു നോക്കാം. യഹൂദരെ സംബന്ധിച്ചിടത്തോളം പാദം വിഭജിച്ചിരിക്കുന്നതും ഇരട്ടക്കുളമ്പുള്ളതും അയവിറക്കുന്നതുമായ മൃഗങ്ങൾ ഭക്ഷ്യയോഗ്യമാണ്. ഒട്ടകവും മുയലും അയവിറക്കുന്നതെങ്കിലും ഇരട്ടകുളമ്പുള്ളതല്ല അതുകൊണ്ട് യഹൂദർക്ക് അവ ഭക്ഷ്യയോഗ്യമല്ല. പന്നി ഇരട്ട കുളമ്പുള്ളതെങ്കിലും അത് അയവിറക്കുന്നില്ല അതുകൊണ്ട് അത് യഹൂദർക്ക് ഭക്ഷ്യയോഗ്യമല്ല.

ക്രിസ്തുമതത്തിലേക്കു വരികയാണെങ്കിൽ ആദ്യകാല ക്രിസ്ത്യാനികൾ ആയിരുന്ന പത്രോസും യോഹന്നാനും ഒക്കെ യഹൂദർ ആയിരുന്നു എന്ന് അറിയാമല്ലോ. ഇതിൽ പത്രോസ് ഒരിക്കൽ വിശന്നു തളർന്ന് ഉറങ്ങുമ്പോൾ അയാൾക്ക് ഒരു ദിവ്യാനുഭൂതി ഉണ്ടായി അത്രേ, അതിപ്രകാരമായിരുന്നു:

"സ്വർഗ്ഗം തുറന്നിരിക്കുന്നതും വലിയ വിരിപ്പുപോലുള്ള ഒരു പാത്രം നാല് കോണിലും പിടിച്ച് ഭൂമിയിലേക്ക് ഇറക്കപ്പെടുന്നതും അവൻ കണ്ടു. ഭൂമിയിലെ എല്ലാത്തരം നാൽക്കാലികളും ഇഴജന്തുക്കളും ആകാശപ്പറവകളും അതിൽ ഉണ്ടായിരുന്നു. ഒരു സ്വരവും അവൻ കേട്ടു– 'പത്രോസേ എഴുന്നേൽക്കുക, നീ ഇവയെ കൊന്നു ഭക്ഷിക്കുക.'[303]

ഒട്ടകത്തിനെയും പന്നിയേയും മുയലിനെയും മാത്രമല്ല സകല നാൽക്കാലികളെയും കൊന്നുതിന്നാനാണ് പത്രോസിനോടും അതിലൂടെ ക്രിസ്ത്യാനികളോടും ബൈബിൾ കൽപ്പിക്കുന്നത്. പത്രോസ് കണ്ടത് സ്വർഗം തുറക്കപ്പെടുന്നതാണോ, നരകം തുറക്കപ്പെടുന്നതാണോ എന്ന കാര്യത്തിൽ മാത്രമേ സംശയമുള്ളൂ. സ്വർഗ്ഗം തുറക്കപ്പെടുന്നതും സ്വർഗ്ഗത്തിൽ നിന്ന് ഭൂമിയിലെ മനുഷ്യരോട് സകല നാൽക്കാലികളെയും ഇഴജന്തുക്കളെയും ആകാശപ്പറവകളെയും കൊന്നുതിന്നാൻ പറഞ്ഞു എന്നു പറയുന്നത് സങ്കൽപ്പിക്കാൻ പോലും കഴിയാത്ത കാര്യമാണ്.

ഭൂമിയിലെ മൃഗങ്ങളെയും ഇഴജന്തുക്കളെയും ആകാശപ്പറവകളെയും കൊല്ലരുത്. 'അഹിംസാ പരമോ ധർമ്മ' എന്നേ യഥാർത്ഥ സൃഷ്ടാവ് പറയൂ.

സകല നാൽക്കാലികളെയും ഇഴജന്തുക്കളെയും ആകാശപറവകളെയും കൊന്നുതിന്നാനുള്ള കൽപ്പന സ്വർഗ്ഗത്തിൽനിന്ന് വന്നതാണെങ്കിൽ ഇത് യഹോവയുടെ കല്പന ആയിരിക്കണമല്ലോ. ഭൂമിയിലെ സകല മൃഗങ്ങളെയും ഇഴജന്തുക്കളെയും ആകാശപ്പറവകളെയും സൃഷ്ടിച്ചത് യഹോവയല്ല എന്നത് ഈ ഒരൊറ്റ വചനത്തിൽ നിന്ന് തന്നെ സ്പഷ്ടമാണ്.

ഇത്തരം പൈശാചവചനങ്ങൾ കുത്തിനിറച്ച ബൈബിൾ അതിന്റെ പുറംചട്ടയിൽ പരിശുദ്ധ ഗ്രന്ഥം എന്ന് എഴുതിയാണ് ഹിന്ദുക്കളെ മതം മാറ്റുവാൻ ഹിന്ദുഭവനങ്ങളിലേക്ക് കൊണ്ടുവരുന്നത്.

ആകാശത്തിലെ സകല പറവകളെയും കൊന്നു തിന്നാൻ പറയുമ്പോൾ കുഞ്ഞാറ്റകിളിയെപോലും കൊന്നുതിന്നാനാണ് കാരുണ്യവാനായ സെമിറ്റിക്ക് ദൈവം മനുഷ്യനെ പ്രേരിപ്പിക്കുന്നത്. അഹിംസാ പരമോ ധർമ്മ എന്ന് പഠിപ്പിക്കുന്ന സനാതനധർമ്മമെവിടെ കുഞ്ഞാറ്റകിളികളെയും പാമ്പിനെയും പട്ടിയെയും പൂച്ചയേയും പോലും കൊന്നു തിന്നാൻ പറയുന്ന ബൈബിൾ എവിടെ?

ഇസ്ലാമിലേക്കു വരുമ്പോൾ പന്നിയും ഇഴജന്തുക്കളും മുസ്ലീങ്ങൾ തിന്നാൻ പാടുള്ളതല്ല. എന്നാൽ മുയലിനെയും ഒട്ടകത്തെയും ഒക്കെ അവർക്ക് തിന്നാം. യഹൂദരുടെയും ക്രിസ്ത്യാനികളുടെയും മുസ്ലീങ്ങളുടെയും ഭക്ഷണക്രമത്തിൽ പോലും ഭിന്നിപ്പ് ഉണ്ടാക്കി എങ്ങനെയാ

303. അപ്പസ്തോല പ്രവർത്തനങ്ങൾ 10:11–13

ണ് ബൈബിളും ഖുറാനും അവരെ വിഘടിച്ച് നിർത്തുന്നത് എന്ന് മനസിലാക്കുക.

യേശു ദൈവപുത്രൻ ആണെന്നു വിശ്വസിച്ചാൽ മാത്രമേ സ്വർഗ്ഗത്തിൽ പോകാൻ കഴിയൂ എന്ന് ക്രിസ്ത്യാനികളും അല്ലാഹു ഏകനാണെന്നും അല്ലാഹുവിന് പുത്രനില്ലായെന്നും വിശ്വസിച്ചാൽ മാത്രമേ സ്വർഗ്ഗത്തിൽ പോകാൻ കഴിയൂ എന്ന് വിശ്വസിക്കുന്ന മുസ്ലിങ്ങളും തമ്മിലുള്ള യുദ്ധമാണ് കഴിഞ്ഞ 1400 വർഷങ്ങളായുള്ള സെമിറ്റിക്ക് ചരിത്രം. യേശു ദൈവപുത്രൻ ആണെങ്കിൽ എന്താ അല്ലെങ്കിൽ എന്താ? മനുഷ്യർ പരസ്പരം കലഹിക്കാതെ സമാധാനത്തോടു കൂടി ജീവിക്കുക എന്നതല്ലേ പ്രധാനം?

യേശുവെന്ന ഒരു നാമത്തെ ദൂരെക്കളഞ്ഞാൽ 250 കോടിയോളം വരുന്ന യേശുവിശ്വാസികൾക്കും 200 കോടിയോളം വരുന്ന അള്ളാഹു വിശ്വാസികൾക്കും മൊത്തം 450 കോടിമനുഷ്യർക്കും സമാധാനമായി സാഹോദര്യത്തോടെ ഇവിടെ ഈ സുന്ദര സുരഭിലഭൂമിയിൽ ജീവിച്ചു മരിക്കാൻ കഴിയുമെങ്കിൽ യേശു എന്ന നാമത്തെ ഉപേക്ഷിക്കുന്നത് തന്നെയല്ലേ അഭികാമ്യം?

ഏതാണ്ട് 200 വർഷത്തോളം നീണ്ടു നിന്ന കുരിശുയുദ്ധത്തിൽ മാത്രം 90 ലക്ഷം ക്രിസ്ത്യാനികളും മുസ്ലിങ്ങളും മരണമടഞ്ഞു എന്നാണ് ചരിത്രകാരന്മാർ പറയുന്നത്. യേശു എന്ന ഒരു നാമത്തിന് വേണ്ടി എത്ര കോടി മനുഷ്യർ ഇനിയും അൽപായുസ്സായി ഒടുങ്ങണമൂഴിയിൽ? നൂറ്റാണ്ടുകളായി സംവത്സരങ്ങളായി മനുഷ്യർ തമ്മിലടിച്ചു മരിക്കുന്നത് ഇസ്രായേലിൽ ഒരു യഹൂദസ്ത്രീ അവിഹിതഗർഭം ധരിച്ച് പിറന്ന ഒരുവന്റെ പേരിലാണെന്നത് എത്ര വേദനാജനകമാണെന്നോർക്കണം?

സ്വർഗ്ഗനരകങ്ങളുടെ വിശേഷം പറഞ്ഞാൽ അത് ശവപ്പെട്ടി പോലെയാണ്. വാങ്ങുന്നവൻ അതുപയോഗിക്കുന്നില്ല, ഉപയോഗിക്കുന്നവൻ അത് വാങ്ങുന്നുമില്ല! എന്നതുപേലെ സ്വർഗ്ഗം സ്വർഗ്ഗം എന്ന് പറഞ്ഞു പണിയെടുക്കാതെ ആളുകളെ പറ്റിച്ചു ജീവിക്കുന്നവർ അങ്ങോട്ട് പോകുന്നുമില്ല, ഇനി ആരേലും അങ്ങോട്ട് പോയിട്ടുണ്ടെങ്കിൽ അവർക്കൊട്ട് ഭൂമിയിൽ വന്ന് സ്വർഗ്ഗവും നരകവുമുണ്ടെന്ന് സാക്ഷ്യപ്പെടുത്താനും കഴിയുന്നില്ല!

യേശു ദൈവപുത്രനെന്നു വിശ്വസിച്ചാൽ മരണാനന്തരം സ്വർഗ്ഗത്തിൽ പോകുമെന്ന് ക്രിസ്ത്യാനികളും, യേശു ദൈവപുത്രനെന്ന് വിശ്വസിച്ചാൽ അഥവാ അല്ലാഹുവിനു പുത്രനുണ്ടെന്ന് വിശ്വസിച്ചാൽ നരകത്തിൽ പോകുമെന്ന് മുസ്ലിങ്ങളും വിശ്വസിക്കുന്നു. രണ്ടു കൂട്ടരും തങ്ങളെ സ്വയം സത്യവിശ്വാസികൾ എന്നാണ് വിളിക്കുന്നത്.

ഉറപ്പുള്ളത്, തെളിവുള്ളത് എന്താണോ അതാണ് സത്യം, ഉറപ്പില്ലാത്തത്, തെളിവില്ലാത്തത് എന്തോ അത് വിശ്വാസവും. ഭൂമി ഉരുണ്ടാണിരിക്കുന്നതെന്നത് സത്യം. ഭൂമി പരന്നതാണെന്ന് പണ്ടുള്ളോർ കരുതിയ

ത് വിശ്വാസം. യുക്തിക്ക് നിരക്കുന്നത് യുക്തി ചെലുത്തുമ്പോൾ തകർന്നു വീഴാത്തത് സത്യം, യുക്തിരഹിതമായത് വിശ്വാസം.

ഭൂമിയിലെ സകല മൃഗങ്ങളെയും ഉരഗങ്ങളെയും പക്ഷികളെയും കൊന്നു തിന്നാൻ മനുഷ്യനോട് പറയുന്നവനെ കരുണാമയനായ ദൈവമെന്നു വിളിക്കുന്നത് വിശ്വാസം.

അഹിംസാ പരമോ ധർമ്മ — ഏറ്റവും പരമമായ ധർമ്മം മൃഗങ്ങളും ഉരഗങ്ങളും പക്ഷികളുമൊക്കെ അടങ്ങുന്ന പ്രാണികളെ സന്തോഷമായി ജീവിക്കാൻ അനുവദിക്കുന്നതാണെന്ന് മനുഷ്യരോട് പറയുന്ന സനാതനധർമ്മം സത്യം.

സ്വർഗ്ഗനരകങ്ങൾ ഉണ്ടോ എന്നത് ഇന്നും ഒരു തർക്കവിഷയമാണ്. ഇനി അഥവാ സ്വർഗ്ഗനരകങ്ങൾ ഉണ്ടെങ്കിൽ അവിടെ നമ്മെ കൊണ്ടെത്തിക്കുന്നത് നമ്മുടെ വിശ്വാസമല്ല മറിച്ച് നമ്മുടെ പ്രവൃത്തികളാണ് അഥവാ കർമ്മമാണ് എന്ന് പറയുന്നതാണ് യുക്തിസഹം. സ്വർഗ്ഗവും നരകവും എന്നത് സുഖദുഃഖങ്ങളുടെ പര്യായപദങ്ങളാണ്. സുഖദുഃഖങ്ങൾ സത്കർമ്മ ദുഷ്കർമ്മ ഫലങ്ങളും. പ്രാണികൾക്ക് ഉപകാരം ചെയ്യുന്നത് സത്കർമ്മവും പ്രാണികളെ ഉപദ്രവിക്കുന്നത് ദുഷ്കർമ്മവും. സത്കർമ്മത്തിൽ നിന്നും സുഖവും ദുഷ്കർമ്മത്തിൽ നിന്ന് ദുഃഖവും.

നമ്മൾ ഒരു സാധനം വാങ്ങുമ്പോൾ അതിന്മേൽ അത് വിൽക്കുന്ന ഉടമസ്ഥൻ ഒരു വിലയിട്ടിട്ടുണ്ടാവും. നാം നൽകുന്ന വിലയ്ക്ക് അനുയോജ്യമായ പൊരുളാണ് നമുക്ക് ലഭിക്കുക. 2 രൂപ കൊടുത്തിട്ട് ഫെരാരി കാറുവേണമെന്ന് ശഠിച്ചാൽ കിട്ടില്ല. ഫെരാരി കിട്ടണമെങ്കിൽ കോടികൾ മുടക്കുക തന്നെവേണം. 2 രൂപ കൊടുത്തിട്ട് കോടികൾ വിലയുള്ള ഫെരാരി കിട്ടുമെന്ന് വിശ്വസിക്കാം. കാരണം വിശ്വാസത്തിന് യുക്തിയുടെ പിൻബലം ആവശ്യമില്ല. ആർക്കും എന്ത് വേണേലും വിശ്വസിക്കാം. അതുപോലെ തന്നെയാണ് 2000 വർഷങ്ങൾക്കു മുന്നേ ജീവിച്ചിരുന്ന യേശു ദൈവപുത്രനാണെന്ന് വിശ്വസിച്ചാൽ അന്ത്യവിധി നാളിൽ സ്വർഗ്ഗത്തിൽ പോകുമെന്ന് വിശ്വസിക്കുന്നവരുടെ കാര്യവും. അല്ലെങ്കിൽ അല്ലാഹു ഏകദൈവമാണെന്ന് വിശ്വസിച്ചാൽ, അന്യമതസ്ഥരെയും വിഗ്രഹാരാധകരെയും കൊന്നാൽ അന്ത്യവിധിനാളിൽ സ്വർഗ്ഗത്തിൽ പോകുമെന്ന് വിശ്വസിക്കുന്നവരുടെ കാര്യവും.

അങ്ങനെയൊരു സ്വർഗ്ഗവുമില്ല, അന്ത്യവിധിനാളുമില്ല എന്ന് അവർ തിരിച്ചറിഞ്ഞിരുന്നുവെങ്കിൽ ഈയുള്ളവൻ കൃതാർത്ഥനായി.

■

# 13. പിതാവും പുത്രനും അഥവാ ഗുരുവും ശിഷ്യനും

ഋഷിനാഗകുളത്തെ സെന്റ് ആൽബർട്ട് കോളജിൽ കത്തോലിക്കാവിദ്യാർത്ഥികളുടെ പാഠ്യപദ്ധതിയിൽ catechisim എന്നൊരു വിഷയമുണ്ടായിരുന്നു. കത്തോലിക്കാ വിശ്വാസത്തിന്റെ അടിസ്ഥാനപ്രമാണങ്ങൾ, സിദ്ധാന്തങ്ങൾ, ധാർമ്മികമൂല്യങ്ങൾ എന്നിവ കൊച്ചുകുട്ടികളുടെ മസ്തിഷ്കത്തിലേക്കു കടത്തിവിടുന്ന പ്രക്രിയയ്ക്ക് സഭ നൽകിയിരുന്ന ഓമനപ്പേരായിരുന്നു catechisim. കാറ്റെക്കിസത്തിനു വർഷാവസാനം പരീക്ഷയുമുണ്ടായിരുന്നു.

80 വർഷങ്ങൾക്ക് മുന്നേ അത്തരമൊരു പരീക്ഷാവേളയിൽ ചോദ്യപേപ്പർ വാങ്ങി ഉത്തരക്കടലാസിൽ 'ഓം' എന്ന് മാത്രമെഴുതി ഉത്തരക്കടലാസ് തിരിയെ ഏല്പിച്ച ഒരു കുമാരനുണ്ടായിരുന്നു അദ്ദേഹമാണ് അയാളുടെ പിതാവ് ശ്രീ ലിയോ ആന്റണി (പില്കാലത്ത് ഘർവാപസിയായപ്പോൾ ശിവകുമാർ പനക്കലായി).

ഋഷിനാഗകുളത്ത് തന്നെയുള്ള മറ്റൊരു വിദ്യാലത്തിന്റെ (St. Joseph's High School Chatthiyath) പ്രധാന അധ്യാപകനായിരുന്നു അയാളുടെ മുത്തശ്ശനായിരുന്ന ശ്രീ ആന്റണി പനക്കൽ. യേശുവിന്റെ മുഖംമൂടി അനാവരണം ചെയ്തത് അയാളല്ല മറിച്ച് അയാളുടെ പിതാവായ ലിയോ അഥവാ ശിവകുമാറാണ്. അയാൾ തന്റെ പിതാവിന്റെ വദനത്തിൽ നിന്നും കേട്ട കാര്യങ്ങൾ ഓർമ്മയിൽ നിന്നും തത്ത പറയും പോലെ പറയുന്നതാണ് ഈ ഗ്രന്ഥം.

39 വർഷങ്ങൾക്കു മുൻപ് ഒരു സായാഹ്നത്തിൽ ഫോർട്ട്കൊച്ചിയിൽ വീടുകൾതോറും കയറിയിറങ്ങി ബൈബിൾ പ്രഘോഷിച്ചിരുന്ന ജോസഫ് എന്ന് പേരുള്ള ഒരു മനുഷ്യൻ ലിയോ എന്ന് പേരുള്ള അയാളുടെ പിതാവിനെ കാണാൻ വരുന്നു. സാധാരണ പറയാറുള്ളതിനു വിപരീതമായി ഇത്തവണ അയാൾ കൈയിലുള്ള ബൈബിൾ മേശയിലേക്കിട്ടിട്ട് "ഇത് സാത്താന്റെ ഗ്രന്ഥമാണെന്ന് തോന്നുന്നു" എന്ന് പറയുന്നു. അതിനുശേഷം അയാൾ അയാളുടെ വീട്ടിലേക്ക് പോകുന്നു. അന്ന് വൈകുന്നേരം അയാളുടെ പിതാവ് ഇംഗ്ലീഷ് ബൈബിൾ (John Knox Version) തുറന്നിട്ട് ആകസ്മികമായി വായിക്കുന്നതു താഴെ പറയുന്ന വാക്യമാണ്:

"Abel, and on his offering, the Lord looked with favour, but not upon Cain, or his offering; so that Cain was much enraged, and his looks were lowering. But the Lord asked Cain, What does this anger mean, this frowning face of thine?' ഉല്പത്തിപുസ്തകം നാലാം അധ്യായം 4-5-6 എന്നീ മൂന്ന് വാക്യങ്ങളായിരുന്നു അത്. കയീനും ആബേലും യഹോവയ്ക്ക് കാഴ്ചയർപ്പിച്ചു. ഒരാടിനെ കൊന്നു. അതിന്റെ മേദസ്സുള്ള ഭാഗമാണ് ആബേൽ കാഴ്ചവെച്ചത്. കയ്യീൻ ആകട്ടെ ഫലമൂലങ്ങളും. ആബേലിന്റെ കാഴ്ചവസ്തുവിൽ മാംസപ്രിയനായ യഹോവ സംപ്രീതനായി. കയീൻ നൽകിയ ഫലമൂലങ്ങളിൽ അവൻ സംപ്രീതനായുമില്ല. 'so that Cain was much enraged' (ഇക്കാരണത്താൽ കയീൻ വളരെ രോഷാകുലനായി) എന്നാണ് ബൈബിൾ എഴുതിയിരിക്കുന്നത് എന്നാൽ യഹോവ കയീനോട് ചോദിക്കുന്നത് 'But the Lord asked Cain, What does this anger mean?' എന്നാണ്. Rage എന്നാൽ രോഷമെന്നാണർത്ഥമെന്നും anger എന്നത് ക്രോധമാണെന്നും ഇംഗ്ലീഷ് ഭാഷാപണ്ഡിതനായിരുന്ന അദ്ദേഹത്തിനറിയാമായിരുന്നു. അങ്ങിനെ യഹോവ കള്ളം പറയുന്നു എന്ന് അദ്ദേഹം കണ്ടുപിടിക്കുന്നു. ഇവിടെ നിന്നാണ് ആരംഭം.

പിറ്റേന്ന് ജോസഫ് വന്നപ്പോൾ അയാളുടെ പിതാവ് ജോസഫിനോട് നിങ്ങൾ ഇന്നലെ പറഞ്ഞത് സത്യമാണ് ബൈബിൾ എഴുതിയത് സാത്താൻ തന്നെയാണ് എന്ന് പറഞ്ഞു.

ഒരു മനുഷ്യൻ തന്റെ ഗുരുസ്ഥാനത്ത് കാണുന്നത് എപ്പോഴും അയാളുടെ പിതാവിനെ തന്നെയായിരിക്കും. അയാളുടെ കാര്യത്തിലും അത് മറിച്ചായിരുന്നില്ല. അയാളും തന്റെ ഗുരുവും നായകനുമായും കണ്ടിരുന്നത് അയാളുടെ പിതാവിനെ തന്നെയായിരുന്നു. നായകനായി കാണാനുള്ള പ്രധാനകാരണം അദ്ദേഹത്തിന്റെ ബുദ്ധികൂർമ്മത തന്നെയായിരുന്നു.

മനുഷ്യരുടെ ശാസ്ത്രപുരോഗതിയിൽ സാങ്കേതിക സാഹിത്യമേഖലകളിൽ സംഭാവനകൾ നൽകിയ സി.വി. രാമൻ, എ.പി.ജെ അബ്ദുൾ കലാം, ഐസക് ന്യൂട്ടൺ, തിരുവള്ളുവർ തുടങ്ങിയ മഹാന്മാരെ മനുഷ്യർ കൃതജ്ഞതയോടെ സ്മരിക്കും. കായികതാരങ്ങളും അഭിനേതാക്കളുമൊക്കെ പ്രശസ്തരാവുമെങ്കിലും അതവരുടെ ജീവിതകാലത്ത് മാത്രമായിരിക്കും അവരുടെ കാലം കഴിയുന്നതോടുകൂടി അവരുടെ പേരും സാവധാനത്തിൽ വിസ്മൃതിയിലാണ്ടു പോവും. എന്നാൽ തിരുവള്ളുവർ ഐസക് ന്യൂട്ടൻ ഇത്യാദി ആളുകളുടെ സംഭാവനകൾ അമൂല്യമായതിനാൽ അവർ നമ്മുടെ പാഠ്യപദ്ധതിയുടെ ഭാഗമാകും അതുകൊണ്ടുതന്നെ അത്തരം മനുഷ്യരുടെ ഖ്യാതി നൂറ്റാണ്ടുകൾ കടന്നും നിലനിൽക്കും.

മനുഷ്യവംശത്തിന് എന്ത് സംഭാവനയാണോ ഒരുവൻ അയാളുടെ ജീവിതകാലത്തിൽ നൽകുന്നത് അതിനു ആനുപാതികമായാണ് അയാ

ളുടെ പ്രശസ്തിയും നിലനിൽക്കുക. തനിക്കു വേണ്ടിയും തന്റെ കുടുംബത്തിന് വേണ്ടിയും മാത്രം ജീവിക്കുന്നവരാണ് ഭൂരിഭാഗം മനുഷ്യരും. അവരുടെ സ്ഥാനം കാലത്തിന്റെ ചവറ്റുകൊട്ടയിലായിരിക്കും എന്നതാണ് ദുഃഖകരമായ സത്യം. മനുഷ്യർ സ്മരിക്കുന്നത് മനുഷ്യകുലത്തിനു വേണ്ടി ജീവിച്ചവരെ മാത്രമായിരിക്കും. ഒന്നോർത്താൽ അവർ തന്നെയല്ലേ ചിരകാല സ്മരണയ്ക്കർഹർ?

രണ്ടായിരം വർഷങ്ങളായിട്ട് ലോകത്തിലെ സകല മനുഷ്യരെയും താൻ ദൈവപുത്രനാണെന്ന് പറഞ്ഞു കബളിപ്പിച്ചു പരസ്പരം വെറുക്കുകയും കൊല്ലുകയും ചെയ്യുന്ന സെമിറ്റിക്ക് മതങ്ങൾ സൃഷ്ടിച്ചു. ലോകമെമ്പാടും കോടികണക്കിന് നിരപരാധികളായ മനുഷ്യരുടെ ജീവന പഹരിച്ച ലോകത്തെ മൊത്തം ഇന്നും പീഡിപ്പിക്കുന്ന സകലചരാചരങ്ങളുടെയും നിലനിൽപിനുപോലും ഭീഷണിയായി ലോകത്തെ വഴി തെറ്റിക്കുന്ന ഒരു മഹാവഞ്ചകനെ തുറന്നുകാട്ടുന്നതിൽപരം മഹത്തായ സംഭാവന മറ്റെന്താണുള്ളത്? അതിന്റെ പിന്നിൽ ഭാരതീയനായ അയാളുടെ പിതാവാണെന്നതിൽ അയാൾക്കുള്ള സന്തോഷവും അഭിമാനവും പറഞ്ഞറിയിക്കാവുന്നതല്ല! അത് തന്നെയാണ് അയാളുടെ ജന്മസാഫല്യവും. പതിറ്റാണ്ടുകളായി അയാൾ യൂറോപ്പിലാണ് വാസമെങ്കിലും താനൊരു ഭാരതീയൻ എന്നതിൽ അഭിമാനപൂരിതമാണ് അയാളുടെ അന്തരംഗം.

അടുത്ത ഒരു ബൈബിൾ വചനത്തോട് കൂടി ഈ പുസ്തകത്തിനു വിരാമമിടുകയാണ്. ഈശ്വരൻ അനുഗ്രഹിച്ചാൽ ഈ ഗ്രന്ഥത്തിന് തുടർ വാല്യങ്ങളുണ്ടാകും.

ബൈബിളിന്റെ ഏതാണ്ട് അവസാനഭാഗത്ത് അന്തിക്രിസ്തുവിനെ കുറിച്ച് അഥവാ യേശുവിന്റെ ഘാതകനെകുറിച്ച് ബൈബിൾ ഒരു പ്രസ്താവനയിറക്കുന്നുണ്ട്. ‘Here is wisdom. Let him who has understanding calculate the number of the beast, for it is the number of a man: His number is 666.’

മലയാളപരിഭാഷ ‘ഇവിടെയാണ് ജ്ഞാനം ആവശ്യമായിരിക്കുന്നത്. ബുദ്ധിയുള്ളവൻ മൃഗത്തിന്റെ സംഖ്യ കണക്കുകൂട്ടട്ടെ. അത് ഒരു മനുഷ്യന്റെ സംഖ്യയാണ്. ആ സംഖ്യ അറുന്നൂറ്റിയറുപത്തിയാറ്.’

യേശുവിന്റെ എതിരാളിയായ അന്തിക്രിസ്തുവിനെ കുറിച്ച് മാത്രം വിവരിക്കുന്ന അദ്ധ്യായമാണ് വെളിപാടുപുസ്തകത്തിലെ പതിമൂന്നാം അദ്ധ്യായം. യേശു ദൈവപുത്രനാണെങ്കിൽ യേശുവിനെ എതിർക്കുന്ന എതിർ ക്രിസ്തു സാത്താൻ ആയിരിക്കണമല്ലോ ആയതിനാൽ യൂറോപ്പിലെ ക്രിസ്ത്യാനികൾ 13 എന്ന സംഖ്യ ഭാഗ്യഹീനമായ സംഖ്യയായാണ് കണക്കാക്കുന്നത്. 666 എന്നാൽ പിശാചിനെ കുറിക്കുന്ന സംഖ്യയായും.

വെളിപാടുപുസ്തകം 13:18 ഒരു സമസ്യയാണ് ബുദ്ധിയുള്ളവർക്ക്

മനസിലാക്കാൻ കഴിയും എന്ന് പറഞ്ഞുകൊണ്ട് ബൈബിൾ രചയിതാവ് വായനക്കാരനെ വെല്ലുവിളിക്കുകയാണ് ചെയ്യുന്നത്. ആയിരക്കണക്കിന് വർഷങ്ങളായി മനുഷ്യർ ഈ കടങ്കഥയ്ക്കുത്തരം തേടാൻ തുടങ്ങിയിട്ട്. ധാരാളം പുസ്തകങ്ങളും ഈ വിഷയത്തെ ആധാരമാക്കി എഴുതപ്പെട്ടിട്ടുണ്ട്. ആർക്കും നാളിതുവരെ 666 ആരാണെന്നോ എന്താണെന്നോ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്നതാണ് സത്യം.

ഈ വാക്യത്തിലെ രണ്ടു വസ്തുതകൾ നേരാംവണ്ണം മനസിലാക്കിയാൽ മാത്രമേ ഈ സമസ്യയ്ക്കുത്തരം കണ്ടുപിടിക്കാൻ കഴിയൂ. ഒന്ന്, അത് ഒരു മനുഷ്യന്റെ സംഖ്യയാണ് എന്നാണ് പറഞ്ഞിരിക്കുന്നത്.

രണ്ട്, 666 എന്ന് പറയുമ്പോഴും എഴുതുമ്പോഴും നമ്മൾ സത്യത്തിൽ ഒരു സംഖ്യ മാത്രമേ പറയുന്നുള്ളൂ, എഴുതുന്നുള്ളൂ,— 6 എന്ന സംഖ്യ മാത്രം. 666 എന്ന സമസ്യക്കുത്തരം തേടി പോയവർക്കു സംഭവിച്ച അബദ്ധം അവർ തേടിയത് 666 എന്ന സംഖ്യയുള്ള ഒരു മനുഷ്യനെയാണ് 6 എന്ന സംഖ്യയുമായി ബന്ധമുള്ള മനുഷ്യനെയല്ല എന്നതാണ്. അങ്ങിനെ 666 എന്ന സംഖ്യവുമായി ബന്ധമുള്ള മനുഷ്യനെ അവർ അന്വേഷിച്ചത് ബൈബിളിനും വെളിയിലും. 666 എന്ന സംഖ്യയുമായി ബന്ധമുള്ള മനുഷ്യനെ എങ്ങനെ കണ്ടുപിടിക്കാനാണ്?

ഈ സംഖ്യ കുറിക്കുന്നത് ഒരു മനുഷ്യനെയാണ് ബുദ്ധിസാമർഥ്യം ഉള്ളവർ കണ്ടുപിടിക്കട്ടെ എന്ന് പറഞ്ഞു ബൈബിൾ വെല്ലുവിളിക്കുമ്പോൾ അങ്ങിനെയൊരു മനുഷ്യനെ തേടി എങ്ങും പോകേണ്ട അയാൾ ബൈബിളിൽ തന്നെയുണ്ട് എന്നല്ലേ മനസിലാക്കേണ്ടത്?

6 എന്ന സംഖ്യയുമായി ബന്ധമുള്ള ഒരു മനുഷ്യൻ ബൈബിളിൽ ഉണ്ടോ? ഉവ്വ്, ഉത്പത്തിപുസ്തകം 1:31 ൽ ആദമിനെ സൃഷ്ടിച്ചത് ആറാം ദിവസമാണെന്ന് ബൈബിൾ പറയുന്നുണ്ട്: 'താൻ സൃഷ്ടിച്ചതെല്ലാം വളരെ നന്നായിരിക്കുന്നുവെന്നു ദൈവം കണ്ടു. സന്ധ്യയായി, പ്രഭാതമായി - ആറാം ദിവസം'. ഇതിൽ നിന്നും ആദം തന്നെയാണ് ബൈബിൾ ഉദ്ദേശിക്കുന്ന അന്തിക്രിസ്തു എന്ന് മനസിലാക്കാവുന്നതാണ്.

അന്തിക്രിസ്തു യേശുവിന്റെ ശത്രുവാകുമ്പോൾ യേശു അന്തിക്രിസ്തുവിന്റെ ശത്രുവാകുന്നു. മനുഷ്യവംശത്തിന്റെ പിതാവായി ബൈബിൾ പ്രതിനിധീകരിക്കുന്ന ആദമാണ് യേശുവിന്റെ ശത്രുവായ അന്തിക്രിസ്തുവെന്ന് പറയുന്നതിലൂടെ യേശു തന്നെയാണ് മനുഷ്യവംശത്തിന്റെ ശത്രുവെന്ന് ബൈബിൾ പറയാതെ പറയുകയാണ്.

തന്റെ ശത്രു മനുഷ്യനാണെന്നറിഞ്ഞിരുന്നിട്ടും എന്തുകൊണ്ട് ബൈബിൾ അത് വ്യക്തമായി പറയുന്നില്ല എന്ന് ചോദിച്ചാൽ അതിനു കാരണം ബൈബിൾ ഈ വാക്കുകൾ പറയുന്നത് അതേ ശത്രുവിനോടാണ് എന്നതാണ്.

തുടരും....